T631
K13

F. 117

# കൎമ്മഫലം

(ആഖ്യായിക)

ഗ്രന്ഥകൎത്രി:
ബി. കല്യാണി അമ്മ, ബി. ഏ., എൽ. ടി.

പ്രസാധിക:
കെ. ഗോമതി അമ്മ, ബി. ഒ. എൽ.

T 63.1
K 13

2-ാം പതിപ്പ് കോപ്പി 1000

തൃശ്ശിവപേരൂർ
മംഗളോദയം അച്ചുകൂടത്തിൽ
അച്ചടിച്ചതു്.

DHARMARAM COLLEGE LIBRARY, BANGALORE. 1328

1944 ജൂലായ്

പകൎപ്പവകാശം പ്രസാധികയ്ക്കു്.

ഒന്നാംപതിപ്പിന്റെ

# മുഖവുര

'കർമ്മഫലം' എന്ന നാമധേയത്തിൽ പ്രസിദ്ധം ചെയ്യുന്ന ഈ പുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന കഥ സ്വകപോലകല്പിതമാണ്; ഇതിലെ പാത്രങ്ങളും രംഗങ്ങളും എന്റെ മനോരാജ്യത്തിൽ മാത്രം വസിക്കുന്നവരും സ്ഥിതിചെയ്യുന്നവയുമാണ്. എന്നാൽ കഥയ്ക്കു തന്മയത്വം കൊടുക്കുവാൻ വേണ്ടി കഥാപാത്രങ്ങളെ കേരളനിവാസികളാക്കുകയും, രംഗങ്ങളെ കേരളത്തിലെ ചില സങ്കല്പഗ്രാമങ്ങളിൽ സ്ഥാപിക്കുകയും ചെയ്യേണ്ടിവന്നു. കേരളത്തിൽ ജനിച്ചു വളർന്ന് അവിടത്തെ സ്ഥിതിഗതികളോടിടപഴകിയും, അവിടത്തെ ആചാരങ്ങളേയും സമ്പ്രദായങ്ങളേയും ആചരിച്ചും അനുഭവിച്ചും പരിചയിച്ച ഒരാൾക്ക്, സങ്കല്പത്തിലും അവയെ മാത്രമേ തന്മയത്വത്തോടുകൂടെ ചിത്രണം ചെയ്വാൻ സാധിക്കയുള്ളു എന്നതു് തർക്കമററ വസ്തുതയാണല്ലോ. ഏതാണ്ടു മുപ്പത്തഞ്ചു കൊല്ലങ്ങൾക്കപ്പുറം തുടങ്ങി നാളതുവരെ കേരളത്തിൽ ഉണ്ടായിട്ടുള്ള സാമുദായികങ്ങളും, സാമ്പത്തികങ്ങളും, രാഷ്ട്രീയങ്ങളുമായ മാററങ്ങളുടെ പ്രതിദ്ധ്വനി കഥയിലെ സങ്കല്പരംഗങ്ങളായ ഗ്രാമങ്ങളിലും കേൾപ്പിച്ചിട്ടുണ്ട്: ഒടുവിലത്തെ ഒന്നുരണ്ടദ്ധ്യായങ്ങൾ ഈ ഗ്രാമങ്ങളിലെ സമീപസ്ഥമായ സങ്കല്പഭാവിയേയാണ് സൂചിപ്പിക്കുന്നതു്.

മുപ്പത്തഞ്ചു കൊല്ലങ്ങൾക്കു മുമ്പുണ്ടായിരുന്നതിൽനിന്നു് എത്രയോ വ്യത്യസ്തമായ ഒരു കേരളത്തേയാണല്ലൊ നാമിപ്പോൾ കാണുന്നതു്. അനേകം ജനകീയപ്രസ്ഥാനങ്ങളുടേയും ഇതരശക്തികളുടേയും ഫലമായി പലപ്രകാരത്തിൽ അഭിവൃദ്ധി പ്രാപിച്ചു് പുരോഗമനം ചെയ്തുകൊണ്ടിരിക്കുന്ന കേരളത്തിലെ സങ്കല്പകോണിൽ കിടക്കുന്ന പരിവട്ടം എന്ന ഗ്രാമവും ഇത്തരം പ്രസ്ഥാനങ്ങളുടേയും ശക്തികളുടേയും ഫലം അനുഭവിച്ചു പുരോഗതി നേടിക്കൊണ്ടിരിക്കുന്നു. അതി

ദാരുണമായ ചില സാമുദായികാചാരങ്ങളുടെ കാഠിന്യ ത്താൽ കരൾ കലങ്ങി ഒരു മഹാവിപ്ലവംകൊണ്ടേ ഈ സ്ഥിതിക്കു ഗണ്യമായ മാററം വന്നു് ലോകനന്മ ഉണ്ടാവാനിടയുള്ളു എന്ന ശങ്കയോടുകൂടെയാണു് കഥ ആരംഭിക്കുന്നതു്. എന്നാൽ ദീൎഘകാലത്തെ പരിശ്രമത്തിൻേറയും ഗ്രാമീണരുടെ ആത്മാൎത്ഥമായ ദേശാഭിമാനത്തിൻേറയും ഫലമായി ഒരു വിപ്ലവത്തിൻേറ യാതൊരനിഷ്ടഫലങ്ങളും ഉണ്ടാകാതെ സമാധാനപരമായ പന്ഥാവുകളേയും ക്ഷേമോന്മുഖങ്ങളായ പദ്ധതികളേയും പിന്തുടൎന്നു് അവസാനം പരിവട്ടം കേരളത്തിൽ ഒരു മാതൃകാഗ്രാമമായി പരിണമിക്കുന്നു. കക്ഷിമത്സരങ്ങളും വൎഗ്ഗീയസമരങ്ങളും വ്യക്തിവിദ്വേഷങ്ങളും നിമിത്തം യഥാൎത്ഥ കേരളഭൂമിയുടെ മാതൃഹൃദയം ക്ഷതപ്പെട്ടുകൊണ്ടിരിക്കുന്ന ഇക്കാലത്തു് പരിവട്ടംപോലുള്ള ഒരു ഗ്രാമം ഒരു സങ്കല്പചിത്രമായിട്ടേ വരാൻ തരമുള്ളു. പരിവട്ടത്തെ ആദൎശയോഗ്യമായ നിലയിൽ എത്തിച്ചതെന്താണെന്നു പുസ്തകത്തിൽ 14-ാം അദ്ധ്യായത്തിൽ പറഞ്ഞിട്ടുള്ളതു് ഇവിടെ ഉദ്ധരിക്കട്ടെ.

"നാനാജാതിമതസ്ഥരായ ജനങ്ങൾ ഒത്തൊരുമിച്ചു ഭാരതസന്താനങ്ങൾ എന്ന ഏക അഭിധാനം അഭിമാനപൂൎവ്വം സ്വീകരിച്ചു സന്തോഷത്തോടും സംതൃപ്തിയോടും പരസ്പരം സഹായിക്കുവാൻ സന്നദ്ധരായി. പ്രവൃത്തിയുടെ മാഹാത്മ്യം മനസ്സിലാക്കി സവൎണ്ണനും അവൎണ്ണനും, ധനികനും ദരിദ്രനും, അഭ്യസ്തവിദ്യനും അക്ഷരജ്ഞാനവിഹീനനും, സ്ത്രീപുരുഷഭേദമെന്യേ ഏതു പ്രവൃത്തിയിലും തങ്ങളുടെ കായികമാനസികശക്തികളെ വിനിയോഗിക്കാൻ ഒരുക്കമാണെന്നു ബോദ്ധ്യപ്പെടുത്തി."

ഇന്നത്തെ കേരളീയരുടെ മനഃസ്ഥിതിയും മേൽവിവരിച്ച പരിവട്ടത്തുകാരുടേതിനൊപ്പം ആയിത്തീരുന്നപക്ഷം, സാക്ഷാൽ കേരളത്തിനും പ്രശാന്തമായ ഒരന്തരീക്ഷം ലഭിക്കുവാനും കേരളസന്താനങ്ങൾക്കു യോജിപ്പോടും സൌഹാൎദ്ദത്തോടുംകൂടെ കൈകോൎത്തുപിടിച്ചു തങ്ങളുടെ കായികമാനസികശ

ക്തികളെ മാതൃഭൂമിയുടെ അഭിവൃദ്ധിക്കായി വിനിയോഗിക്കു വാനും സാധിക്കകയില്ലേ? അത്തരമൊരു ശോഭനകാലം അ ചിരേണ കേരളത്തിന്നുണ്ടാകണേ എന്നു ഹൃദയപൂൎവ്വം പ്രാൎത്ഥിച്ചുകൊണ്ടു് ഈ ഗ്രന്ഥത്തെ എന്റെ മാതൃഭൂമിയുടെ പു ണ്യപാദങ്ങളിൽ നമസ്കാരപൂൎവ്വം സമൎപ്പിച്ചുകൊള്ളുന്നു.

പുതിയറ, ബി. കല്യാണിഅമ്മ.
കോഴിക്കോട്. 30—1—40.

---

# പ്രസ്താവന

"കൎമ്മഫല"ത്തിന്റെ ഗ്രന്ഥകൎത്ത്രിയായ എന്റെ മാ താവ് കേരളസാഹിത്യലോകത്തിൽ തന്റെ യൌവനകാല ത്തുതന്നെ പ്രവേശിച്ചിട്ടുണ്ടു്. എന്നാൽ 1092-ാംകൊല്ലത്തി ന്നിപ്പുറം കൃത്യാന്തരത്താൽ സാഹിത്യസംബന്ധമായി യാ തൊന്നും ചെയ്വാൻ അവൎക്കു സാധിച്ചില്ല. 1988-ാം കൊല്ലാ രംഭത്തിൽ സൎക്കാരുദ്യോഗത്തിൽനിന്നു പിരിഞ്ഞപ്പോൾത ന്നെ സാഹിത്യവൃത്തിയിൽ ഏൎപ്പെട്ടു തന്റെ വിശ്രമവേളക ളെ വിനിയോഗിക്കുവാൻ തീൎച്ചപ്പെടുത്തി ഈ കഥയെഴുതു വാൻ തയ്യാറായി. കഥയ്ക്കു് ഒരു ഇതിവൃത്തത്തെ നിൎമ്മിച്ചു്, അതിന്നു ഗ്രാമോദ്ധാരണത്തെ പുരസ്കരിച്ചുള്ള ഒരു പിൻതറ യും പരിസരവും നൽകി കഥയുടെ ഒരു സാമാന്യരൂപം എ ന്നെ ഗ്രഹിപ്പിച്ചു. ഇത്തരത്തിൽ ഒരു ആഖ്യായിക കേരളീയ ൎക്കു ഹിതമായിരിക്കുമെന്നു പറഞ്ഞു് ഞാൻ പ്രോത്സാഹിപ്പി ക്കയുണ്ടായി. എന്നാൽ കഴിഞ്ഞ രണ്ടു വൎഷത്തിൽ അധിക സമയവും രോഗാതുരയായി യാതൊരു പ്രവൃത്തിയിലും ഏൎപ്പെ ടാൻ സാധിക്കാതെ വന്നു. ഇടയ്ക്കിടക്കു കിട്ടിയ 'ഒഴിവു'കാല ങ്ങളിൽ കഥ എഴുത്തു തുടൎന്നു്, മൂന്നുമാസം മുമ്പെ ഗ്രന്ഥം പൂ ൎത്തിയാക്കി എന്നെ ഏല്പിച്ചു. സാഹിത്യലോകത്തിൽ ശ്രുതി നേടിയിട്ടുള്ള ഞങ്ങളുടെ ഒരാത്മസുഹൃത്തായ ശ്രീമാൻ പി. ഉണ്ണികൃഷ്ണൻനായർ ഈ ഗ്രന്ഥത്തെ ഒരാവൎത്തി വായിച്ചു ഭാ

ഷാസംബന്ധമായ സ്ഖലിതങ്ങളെ ചൂണ്ടിക്കാണിച്ചുതന്നതിൽ ഞങ്ങൾ അദ്ദേഹത്തോടു കൃതജ്ഞരായിരിക്കുന്നു.

ഗ്രന്ഥകർത്രി ഇതിന്നു മുമ്പും രണ്ടു് ആഖ്യായികകൾ പ്രസിദ്ധീകരിച്ചിട്ടുണ്ടു്; താമരശ്ശേരിയും, വീട്ടിലും പുറത്തും. ഇവയിൽ ആദ്യത്തേതു് അനുകരണവും, രണ്ടാമത്തേതു തർജ്ജമയും ആണു്; എന്നാൽ ഈ ആഖ്യായിക ഒരു സ്വതന്ത്രകൃതിയാണു്. കഥയെപ്പററിയുള്ള ചില കാര്യങ്ങൾ ഗ്രന്ഥകർത്രി തന്നെ തൻെറ മുഖവുരയിൽ പറഞ്ഞിട്ടുള്ളല്ലൊ. ഗ്രാമോദ്ധാരണം, ഹരിജനോദ്ധാരണം എന്നീ കാര്യങ്ങളിൽ പരിവട്ടത്തെ മഹിളാസമാജക്കാർ ചെയ്ത പ്രവൃത്തി ഇക്കാലത്തെ ഗ്രാമങ്ങളിൽ മാത്രമല്ല, നഗരങ്ങളിലും പ്രായോഗികമാണെന്നുള്ള എൻെറ വിനീത അഭിപ്രായത്തെ രേഖപ്പെടുത്തിക്കൊണ്ടു് ഈ പ്രസ്താവനയെ ഉപസംഹരിക്കുന്നു.

എന്നു്,

പുതിയറ,
1—2—40.

കെ. ഗോമതിഅമ്മ,
പ്രസാധിക.

## രണ്ടാംപതിപ്പിൻെറ മുഖവുര

കടലാസ്സിൻെറ ദൌർല്ലഭ്യവും വിലക്കയററവും കാരണമായി 'കർമ്മഫലം' രണ്ടാംപതിപ്പു് തൽക്കാലം അച്ചടിക്കേണ്ടെന്നാണു് ആലോചിച്ചിരുന്നതു്. മദിരാശി സർവ്വകലാശാലക്കാരും തിരുവിതാംകൂർ സർവ്വകലാശാലക്കാരും പാഠ്യപുസ്തകമായി അംഗീകരിച്ചിരിക്കുന്നതുനിമിത്തം വിദ്യാർത്ഥികൾ പുസ്തകമില്ലാതെ ബുദ്ധിമുട്ടാനിടവരുമെന്നു കണ്ടപ്പോൾ രണ്ടാംപതിപ്പു് ഉടനെതന്നെ അച്ചടിക്കയല്ലാതെ നിർവ്വാഹമില്ലെന്നായി. കടലാസ്സ്, അച്ചടിക്കൂലി, ബൈണ്ടിംഗ് ചാർജ്ജ് മുതലായ എല്ലാ ഇനത്തിലും ചെലവു് മൂന്നിരട്ടി അധികരിച്ചിരിക്കുന്നതിനാൽ പുസ്തകത്തിൻെറ വിലയും വർദ്ധിപ്പിക്കേണ്ടിവന്നതിൽ വ്യസനമുണ്ടു്.

ചാലപ്പുറം,
25—7—1944.

കെ. ഗോമതിഅമ്മ,
പ്രസാധിക.

1887

# കൎമ്മഫലം

## അദ്ധ്യായം 1

### മംഗലത്തെ മാഹാത്മ്യം

തുലാമാസം അവസാനിച്ചിട്ടേ ഉള്ളൂ; മഞ്ഞിന്റെ സംശയംപോലുമില്ല. എന്നാലും തന്റെ കഷണ്ടിത്തലയെ സംരക്ഷിക്കാനുള്ള ഉൽക്കണ്ഠയാൽ കട്ടിയേറിയ ഒരു കമ്പിളിശ്ശീലക്കഷണംകൊണ്ടു് ഉത്തമാംഗം മൂടിക്കെട്ടി, ഒരു കുണ്ടൻവടിയും കയ്യിലെടുത്തു്, മംഗലത്തു കോമക്കുറുപ്പു് പ്രഭാതസവാരിക്കു പുറപ്പെട്ടു. തന്റെ ഭവനത്തിന്റെ പിന്നിലുള്ള പറമ്പും പാടങ്ങളും കടന്നു്, ഉഗ്രദൃഷ്ടികളെ ചുററും പതിപ്പിച്ചു സൎവ്വവും പരിശോധിച്ചു തൃപ്തിയടഞ്ഞും, വഴിയിൽവെച്ചു കണ്ടുമുട്ടിയ തന്റെ കുടിയാന്മാരിൽനിന്നും, ആശ്രിതന്മാരിൽനിന്നും ലഭിച്ച വിനീതപ്രണാമങ്ങളെ, അവ തന്റെ അവകാശങ്ങളെന്ന ഭാവത്തിൽ സ്വീകരിച്ചും, സമീപത്തെ കുന്നിൻചരിവിൽ സ്ഥിതിചെയ്തിരുന്ന കുളപ്പുരവീട്ടിന്റെ പരിസരത്തിൽ എത്തി.

കുളവും പുരയും ഉണ്ടായിരുന്നതിനാൽ മേൽപ്പറഞ്ഞ ഗൃഹത്തിനു് ആ പേർ സാൎത്ഥകംതന്നെയായിരുന്നു. തെക്കോട്ടഭിമുഖമായി പണി ചെയ്യിച്ചിരുന്ന ഒരു ചെറുഭവനവും, ചുററും വിശാലമായ ഒരു തോട്ടവും, തോട്ടത്തിന്റെ മദ്ധ്യത്തിൽ കരിങ്കൽപടവുകളോടും, ചുററും കൽമതിലോടുംകൂടിയ ഒരു കുളവും അവിടെ ഉണ്ടായിരുന്നു. വളപ്പിൽ കടന്നു് കുറുപ്പു് കുളത്തിലിറങ്ങി പാദക്ഷാളനം ചെയ്തശേഷം മുകളിൽ കയറി അവിടെ ഇരുഭാഗത്തും നട്ടുപിടിപ്പിച്ചിരുന്ന രണ്ടു ചെന്തെങ്ങുകളുടെ നേൎക്കു കണ്ണയച്ചു. ഈ തെങ്ങുകൾ, രണ്ടുമൂന്നടിയിൽ കൂടുതൽ പൊക്കമുണ്ടായിരുന്നില്ലെങ്കിലും, നല്ലവണ്ണം തഴച്ചു സമൃദ്ധമായി കായ്ച്ചുനിന്നിരുന്നു. അമൃതു നിറച്ചിരുന്ന പൊൻ

കുടങ്ങൾപോലുള്ള ആ ഫലങ്ങളെ നോക്കി കൺകുളുൎപ്പിച്ചു നില്ക്കേ, കുറുപ്പിന്റെ മുഖഭാവം പെട്ടെന്നു മാറി. ഒരു വൃക്ഷത്തിന്റെ സമീപത്തു ചെന്നു് അദ്ദേഹം അതിന്റെ കുലകളെ സൂക്ഷ്മമായി പരിശോധിച്ചു. കോപാവേശത്താൽ അദ്ദേഹത്തിന്റെ മുഖം വിവൎണ്ണമായി, ദേഹം വിറപൂണ്ടു, കണ്ണുകൾ ചുകന്നു, പല്ലുകൾ ഉരുമ്മിയും കൈമുഷ്ടി ചുരുട്ടിയും ഏതാനും നിമിഷം അവിടെ നിന്നശേഷം കോപത്തെ ഒരു വിധത്തിൽ അമൎത്തി. ആ സമയം കുളപ്പുരയുടെ മുമ്പിലുണ്ടായിരുന്ന വരമ്പിൽകൂടെ ധൃതഗതിയായി ഒരാൾ നടന്നുവരുന്നതു കണ്ടു. കുറുപ്പ് തന്റെ കുണ്ടൻവടിയും ചുഴററിക്കൊണ്ടു ഗൃഹത്തിന്റെ ഉമ്മറക്കോലായിൽ കയറി ആയാളുടെ വരവും നോക്കിയിരുന്നു. ആഗതൻ പറമ്പിൽ കടന്ന ഉടനെ കുറുപ്പ് "അച്യുതാ, എടോ അച്യുതാ, എന്റെ വയറു കത്തുന്നു" എന്നു് ഉച്ചത്തിൽ അലറിക്കൊണ്ടു പറഞ്ഞു.

ആഗതൻ—(അച്യുതപ്പണിക്കർ) അയ്യോ, എജമാനു് എന്താണു്? രാവിലെ പ്രാതൽ കഴിക്കാതെ ഇത്ര നേരത്തേ പുറപ്പെട്ടതുകൊണ്ടാണോ—

കോ. കു—പ്രാതൽ കഴിക്കായ്കയല്ല, അതാ നോക്കൂ, എന്റെ ഓമനച്ചെന്തെങ്ങിലെ രണ്ടിളനീർ—

അ. പ—ഈ തണുപ്പുകാലത്തു രാവിലെ ഇളനീരാണോ കഴിച്ചതു്?

കോ. കു—(ചീററിക്കൊണ്ടു്) ഛീ, തെമ്മാടി! കാൎയ്യം മുഴുവൻ കേൾക്കുന്നതിനുമുമ്പു വിഡ്ഢിത്തം വിളമ്പുകയോ!

അ. പ—ക്ഷമിക്കണേ എജമാനേ; അവിടുത്തേയ്ക്കു വയറു കത്തുന്നു എന്നു കേട്ടു് എനിക്കു പരിഭ്രമം തോന്നുന്നു; തല ചുററുന്നു. അവിടത്തെ ആരോഗ്യത്തിനും സുഖത്തിനുംവേണ്ടി സദാ പ്രാൎത്ഥിച്ചും പ്രയത്നിച്ചുംകൊണ്ടിരിക്കുന്ന ഈയുള്ളവനു്......

കോ. കു—കഴുതേ, നിന്റെ പ്രസംഗം മതിയാക്കു്. എന്റെ വയറു കത്തിയാൽ നിനക്കാണോ തലതിരിച്ചൽ! നീ

നിൻെറ പ്രവൃത്തി ശരിയാംവണ്ണം ചെയ്തിരുന്നെങ്കിൽ ഈ
അക്രമം നടക്കുമായിരുന്നോ?

അ. പ — അക്രമമോ എജമാനെ! അയ്യോ, എന്താണ്?

കോ. കു — അതാ നോക്കു; ആ ചെന്തെങ്ങിൻെറ നേക്ക് നിൻെറ കോങ്കണ്ണയയ്ക്കു: ഞാൻ എൻെറ സ്വന്തം കുട്ടിയെപ്പോലെ സ്നേഹിച്ചു വളൎത്തിയ ആ കല്പകവൃക്ഷം — ആ ഓമനവൃക്ഷം — അതിൻെറ ആദ്യത്തെ കായ് — ആ കുലയിലെ രണ്ടു കായ്കളും — ഒന്നല്ല, രണ്ട്, കാണുന്നില്ല. എൻെറ കൺമിഴികൾ രണ്ടും ചൂന്നെടുത്തതുപോലെ തോന്നുന്നു!

അ. പ — അയ്യോ, എന്തക്രമം! ഏതു ദുഷ്ടൻെറ പണിയാണിതു്? ആ പരമദ്രോഹിയെ —

കോ. കു — മതി, മതി, നിൻെറ വീരവാദംകൊണ്ടെന്തു ഫലം? എൻെറ സുഖത്തിനുവേണ്ടി നീ യത്നിക്കുന്നുപോലും! നിൻെറ വയറു നിറയാൻ, നിൻെറ മടിശ്ശീല വീൎപ്പിക്കാൻ, നിൻെറ പത്തായം നിറക്കാൻ. എന്നെ കബളിപ്പിച്ചതൊക്കെ മതി.

അ. പ — എൻെറ പൊന്നെജമാനെ! ഇതാ കിഴക്കോട്ടു തിരിഞ്ഞുനിന്നു സൂൎയ്യഭഗവാനെ നോക്കി സത്യം ചെയ്യുന്നു. ആ ദുഷ്ടനെ കണ്ടുപിടിച്ചു് അവൻെറ രക്തം ചൊരിഞ്ഞല്ലാതെ ഈ അച്ചു ജലപാനം കഴിക്കില്ല. നോക്കട്ടെ ഞാൻ.

ഇങ്ങിനെ ശപഥം ചെയ്തുകൊണ്ട് അച്ചുതപ്പണിക്കർ ചെന്തെങ്ങിൻെറ സമീപത്തേയ്ക്കു പാഞ്ഞു; കുറുപ്പും പിന്നാലെ എത്തി.

കോ. കു — അതാ നോക്കു, കുലയുടെ മുകളിൽനിന്നാണു് അറുത്തെടുത്തിരിക്കുന്നതു്. നിങ്ങൾക്കാൎക്കും കണ്ടാൽ മനസ്സിലാവില്ല. ഞാൻ ദിവസേന വന്നു നോക്കി എണ്ണി നിൎത്തിയിരുന്നതുകൊണ്ടാണു് എനിക്കു കണ്ടുപിടിക്കാൻ കഴിഞ്ഞതു്.

അ. പ — അതേ എജമാനെ, എനിക്കു കണ്ടിട്ടു മനസ്സിലാവുന്നില്ല. തെങ്ങുകയറിക്കട്ടുശീലിച്ചവനേ ഇങ്ങിനെ ചെയ്യാ

നാവുള്ളൂ. ആട്ടെ, ആളെ കണ്ടുപിടിക്കാം. കണിശ്ശന്റെ
വീട്ടിൽ ഇപ്പോൾത്തന്നെ പോകാം. നല്ല സമയവും. 'ശുഭ
സ്യ ശീഘ്രം' എന്നാണല്ലോ പ്രമാണം.

കോ. കു—ഈ കള്ളനെ കണ്ടുപിടിക്കാൻ കണിശ്ശനും പ്രശ്ന
വുമൊന്നും വേണ്ട. എനിക്കുതന്നെ അറിയാം.

അ. പ—എന്നാൽ ഈ നിമിഷം അവനെ പിടിച്ചുകെട്ടി
ക്കൊണ്ടുവരാമല്ലോ. അവന്റെ രക്തം ആ ചെന്തെങ്ങി
ന്റെ ചോട്ടിൽ ചൊരിഞ്ഞിട്ടു കാൎയ്യം! ആരാണെന്നു പറ
കയേ വേണ്ടൂ.

കോ. കു—പുലാവളപ്പിൽ പാൎക്കുന്ന ആ ചാത്തപ്പുലയനല്ലാ
തെ വേറാരുമായിരിക്കയില്ല.

അ. പ—ചാത്തനോ? അവൻ കുറേശ്ശെ സത്യവും മാനവും
ഉള്ള കൂട്ടത്തിലാണെന്നാണ് ഞാൻ ധരിച്ചിരുന്നതു്. മററു
പുലയരുടെ കൂട്ടത്തിൽപോലും അവൻ കൂടിനടക്കാറില്ല.
കള്ളും കുടിക്കില്ലെന്നാണേ കേട്ടിരിക്കുന്നതു്.

കോ. കു—അതുതന്നെ കള്ളലക്ഷണം! കൂട്ടത്തിൽ കൂടിയാൽ
അവന്റെ കള്ളത്തരം വെളിപ്പെട്ടുപോവില്ലേ? കള്ളുകുടി
ച്ചാൽ ഓൎമ്മകേടിൽ വല്ലതും വെളിയിൽ പറഞ്ഞുപോവി
ല്ലേ? അതുമാത്രമോ! അവൻ അവരുടെ കാളിയമ്പലത്തി
ലും തെയ്യന്തുള്ളലിനും മററും പോകാറില്ല. അക്കരെയുള്ള
ശിവങ്കോവിലിലേയ്ക്കു് ഇളനീരും പഴവും മററും വഴിപാടു
കൊടുത്തയയ്ക്കുന്നുണ്ടത്രെ! നമ്മുടെ വെളുത്തേടൻ രാമൻവ
ശം — അവിടത്തെ പൂജക്കാരനാണ് എന്നോടു പറഞ്ഞതു്.
ഒരുവേള വഴിപാടിനുവേണ്ടിയായിരിക്കും ഇളനീർ പറിച്ച
തു്! കട്ട മുതലാണോ വഴിപാടിനു്?

അ. പ—ഹ, എന്തു ധിക്കാരം! സവൎണ്ണരുടെ അമ്പലത്തിൽ
ഒരു പുലയൻ വഴിപാടു കൊടുത്തയക്കുകയോ? എന്നിട്ടു്,
ആ വഴിപാടു് അവിടെ എടുക്കാറുണ്ടോ?

കോ. കു—അതു ചെട്ടികളുടെ അമ്പലമല്ലേ? അവരററയ്ക്കു കാ
ട്ടും മേട്ടുമുണ്ടോ? വഴിപാടു് ആരുകൊടുത്താലും എടുക്കും.

പക്ഷെ അവൎക്കരെ അമ്പലത്തിൽ കടത്തില്ല. ദൂരെ പാത യിൽനിന്നു തൊഴാനനുവദിക്കും. എമ്പ്രാനല്ലെ പൂജ നട ത്തുന്നതു്!

അ. പ — ശരി. വഴിപാടുകൊണ്ടുള്ള ലാഭം അവൎക്കാണല്ലോ.

കോ. കു — ചാത്തന്റെ ഭള്ളു് അതു മാത്രമോ! അവന്റെ രണ്ടു ചെക്കന്മാരില്ലേ? ആ കരുങ്ങന്മാരെ എഴുത്തു പഠിപ്പിക്കുന്നു ണ്ടു്. വലുതായാൽ പെ നാങ്ങിലയക്കണം എന്നൊക്കെയാ ണു വിചാരം.

അ. പ — അവന്റെ മുത്തപ്പൻമുതൽ മംഗലത്തെ കരിക്കാടി കുടിച്ചു കാലംകഴിച്ചവരാണു്. ഇവിടെ മാനമൎയ്യാദയോടെ പാടത്തിൽ പ്ണി എടുത്തു കഴിച്ചാൽ പോരേ? പെനാ ങ്ങിൽ ചെല്ലട്ടെ, കങ്കാണിയുടെ ചൂരൽവടി പുറത്തു തട്ടു മ്പോൾ കാണാം! നന്ദികെട്ട കഴുതകൾ. ആട്ടെ, ഞാനി പ്പോൾത്തന്നെ പോയി ആ ധിക്കാരിയെ വലിച്ചിഴച്ചു കൊണ്ടുവരാം. എജമാനൻ ഇവിടെ ഇരിക്കുമോ?

കോ. കു — വരട്ടെ, ഇപ്പോൾ വേണ്ടാ. എനിക്കു വേഗത്തിൽ വീട്ടിൽ മടങ്ങീട്ടു കാൎയ്യമുണ്ടു്. പക്ഷേ നീ പോയി അവന്റെ ചാളയിലും സമീപത്തും ഒക്കെ പരിശോധിച്ചു് വല്ല തു മ്പും കിട്ടുമോ എന്നു നോക്കു്.

അ. പ — ഇന്നു മഴവരും എനിക്കിതുതന്നെ പണി. കണിശ്ശ നേയും ഒന്നു കണ്ടേയ്ക്കാം.

കോ. കു — സന്ധ്യ മയങ്ങുമ്പോൾ ഞാൻ ഇങ്ങട്ടു വരാം. എ ന്നിട്ടു് അവനെ കൂട്ടിച്ചുകൊണ്ടന്നാൽമതി. അവന്റെ ക ള്ളവും ഭള്ളും ഒക്കെ ഇന്നോടെ തീൎത്തേയ്ക്കാം.

ഇങ്ങിനെ നിശ്ചയിച്ചു് കുറുപ്പും പണിക്കരും കുളപ്പുര വിട്ടു; കുറുപ്പു തന്റെ ഗൃഹത്തിലേയ്ക്കും, പണിക്കർ തന്റെ യജമാനൻ തന്നെ ഭരമേല്പിച്ച കാൎയ്യനിൎവ്വഹണത്തിനുവേണ്ടി പുലാവളപ്പിലേയ്ക്കും തിരിച്ചു.

കോമക്കുറുപ്പു് തെക്കെ മലബാറിലുൾപ്പെട്ട തൃത്താലിപ്പുരം എന്ന പ്രദേശത്തെ ഒരു വലിയ ജന്മിയാണു്. തൃത്താലിപ്പുര

ത്തെ ഭൂസ്വത്തു മുക്കാലും മംഗലത്തു തറവാട്ടുകാരുടെ വകയായിരുന്നു. ഈ തറവാട് തൃത്താലിപ്പുരത്ത് ഒരു രാജകുടുംബം പോലെ പ്രാധാന്യമുള്ളതായിരുന്നു; മംഗലത്തു കുറുപ്പന്മാൎക്ക് ആ പ്രദേശത്തു രാജാധികാരംതന്നെയാണുണ്ടായിരുന്നതും. തൃത്താലിപ്പുരത്തുള്ള സ്വത്തു കൂടാതെ, സമീപത്തും അകലെയുമായി പറമ്പും പാടങ്ങളും കാടുകളും ജന്മാവകാശമുണ്ടായിരുന്നു. പുറമേ ഉത്തരതിരുവിതാംകൂറിൽ ചില ചായത്തോട്ടങ്ങളും റബ്ബർതോട്ടങ്ങളും വാങ്ങി ഏജൻറുമാർ മുഖേന പണി നടത്തിവന്നു. ഇങ്ങിനെ മംഗലത്തുകാൎക്കു പലപ്രകാരത്തിൽ ഉണ്ടായിരുന്ന വരവ്, നാണയപ്രകാരം കണക്കാക്കുന്നപക്ഷം, മാസത്തിൽ മൂവായിരം ഉറുപ്പികയോളം കാണുമെന്നു പറയാം. എന്നാൽ മംഗലത്തു തറവാട് പല ശാഖോപശാഖകളോടുകൂടിയതും, അനേകം അംഗങ്ങളുൾപ്പെട്ടതും ആയിരുന്നതിനാൽ, അവരുടെ വമ്പിച്ച സ്വത്ത് എല്ലാവൎക്കും സുഖമായി നിത്യവൃത്തി കഴിപ്പാനേ കഷ്ടിച്ചു മതിയായിരുന്നുള്ളൂ. തറവാട്ടുസ്വത്തു ഭാഗം ചെയ്യാതെ കുടുംബത്തിൽ മൂപ്പന്റെ ഭരണത്തിൻകീഴിൽ എല്ലാവരും യോജിച്ച് ഏകയോഗക്ഷേമമായി കഴിഞ്ഞുവന്നു. താവാട്ടിൽ കാരണവൎമാത്രം ചെലവുകഴിച്ചു മാസത്തിൽ നൂറുറുപ്പിക സ്വകാൎയ്യോപയോഗത്തിന്നു ലഭിച്ചിരുന്നു.

മംഗലത്തെ സ്ത്രീകളെ നമ്പൂതിരിമാൎക്കു മാത്രമേ വിവാഹംചെയ്തു കൊടുത്തിരുന്നുള്ളൂ. വിവാഹിതകളായ സ്ത്രീകൾ ഭൎത്താക്കന്മാരുടെ ഇല്ലത്തിൽപോയി പാൎക്കുന്നതു അപൂൎവ്വസംഭവങ്ങളായിരുന്നു. സാധാരണയായി നമ്പൂതിരിമാർ തങ്ങളുടെ പരിചാരകരൊന്നിച്ചു ചില നിശ്ചിതസമയങ്ങളിൽ മംഗലത്തുവന്ന്, സംബന്ധക്കാരുടെ താമസത്തിനായി പ്രത്യേകം പണികഴിച്ചു സൌകൎയ്യപ്പെടുത്തിയിരുന്ന മഠങ്ങളിൽ ഒന്നോ രണ്ടോ വാരങ്ങൾ സുഖമായി താമസിച്ച്, മടങ്ങിപ്പോവുകയായിരുന്നു പതിവ്. ബ്രാഹ്മണസംബന്ധം സൽപുത്രോല്പാദനത്തിനുവേണ്ടി മാത്രമാണെന്നാണു മംഗലത്തുകാർ വിശ്വ

സിച്ചിരുന്നതു്. ഭാൎയ്യാമക്കൾക്കു ചില അവസരങ്ങളിൽ 'ഉടു
ക്കാനും തേക്കാനും' കൊടുക്കുന്നതിനുപുറമെ, ഓണം വിഷു
മുതലായ നല്ല നാളുകളിൽ ചില സമ്മാനം നൽകുക മാത്രമേ
ബ്രാഹ്മണഭൎത്താക്കന്മാർ ചെയ്തിരുന്നുള്ളു. വൎദ്ധിച്ചുകൊണ്ടിരുന്ന
സന്തതികളുടെ ചെലവുഭാരം മുഴുവനും തറവാട്ടിൽനിന്നുത
ന്നെ വഹിച്ചു. എല്ലാ അംഗങ്ങൾക്കും ഒന്നിച്ചുപാൎക്കാൻ മംഗ
ലത്തെ വമ്പിച്ച തറവാട്ടുഭവനം മതിയാകാതെവന്നപ്പോൾ,
അവിടത്തെ ഭൂസ്വത്തുകൾ ഉണ്ടായിരുന്ന മററു പ്രദേശങ്ങളി
ലും ഭവനങ്ങൾ നിൎമ്മിച്ചു് പല കുടുംബങ്ങളും ആ ഭവനങ്ങ
ളിൽ പാൎപ്പാക്കി.

മംഗലത്തു പുരുഷന്മാരുടെ ദാമ്പത്യജീവിതവും മേൽപ്പ
റഞ്ഞ പാരമ്പൎയ്യത്തെ ഏതാണ്ടനുകരിച്ചതായിരുന്നു. ഉയൎന്ന
നായർതറവാടുകളിൽ വിവാഹം കഴിച്ചു്, അത്യാവശ്യം ചില
സന്ദൎഭങ്ങളിൽമാത്രം ഭാൎയ്യമാരെ സ്വഗൃഹത്തിലേയ്ക്കു വിരുന്നിനു
കൂട്ടിക്കൊണ്ടുവരുന്ന പതിവേ അവൎക്കും ഉണ്ടായിരുന്നുള്ളു. എ
ന്നാൽ തറവാട്ടിൽ കാരണവരുടെ ഭാൎയ്യയ്ക്കുമാത്രം അവിടെ
വന്നു പാൎക്കുവാനുള്ള ഭാഗ്യം ലഭിച്ചു. കാരണവൎക്കു ഭാൎയ്യാപുത്രു
രൊന്നിച്ചു പാൎക്കാൻ പ്രത്യേകമൊരു പത്തായപ്പുര തന്നെ
ഉണ്ടായിരുന്നു. ഉച്ചക്കൂണുമാത്രം കാരണവർ തറവാട്ടിൽനിന്നു
കഴിച്ചു; മററാവശ്യസൌകൎയ്യങ്ങളൊക്കെ പത്തായപ്പുരയിലും
നിൎവ്വഹിച്ചുവന്നു.

കുറുപ്പന്മാൎക്കു കാരണവസ്ഥാനം ലഭിക്കുന്നതോടുകൂടെ അ
വരുടെ ഭാൎയ്യമാരുടെ ശുക്രദശയും ആരംഭിക്കയായി. ഭാൎയ്യാസ
ന്താനങ്ങൾക്കു പണവും പണ്ടങ്ങളും പറമ്പും വീടും മററും സ
മ്പാദിപ്പാനുള്ള അവസരം അപ്പോഴാണു കിട്ടിവന്നിരുന്നതു്.
കാരണവരുടെ സ്വകാൎയ്യച്ചെലവിനുള്ള നൂറുറുപ്പിക എന്തി
നൊക്കെ മതിയാകും? അപ്പോൾ കുടിയാന്മാരേയും പാട്ടക്കാ
രേയും ഞെക്കിപ്പിഴിഞ്ഞാണു മേൽപ്പറഞ്ഞ കാൎയ്യങ്ങൾ നിൎവ്വ
ഹിക്കുന്നതു്. കാരണവസ്ഥാനം കൈയേൽക്കുന്നതിനുമുമ്പു്
എത്ര ഉദാരശീലനായാലും ശരി, കുടിയാന്മാരുടെ സങ്കടങ്ങളെ

എത്ര സൂക്ഷ്മമായറിഞ്ഞിരുന്നാലുംശരി, അവരുടെ കണ്ണിലുണ്ണിയായിരുന്നാലുംശരി, പത്തായപ്പുരയിൽ സ്ഥാനാരോഹണം കഴിഞ്ഞാൽ മട്ടൊക്കെ മാറി. കുടിയാൻദ്രോഹം പരമ്പരാഗതമായ, ഒഴിച്ചുകൂടാത്ത ഒരാചാരമായിട്ടാണു യഥാസ്ഥിതികരായ കാരണവന്മാർ സ്വീകരിച്ചിരുന്നതു്. കുടുംബത്തിലെ ഉല്പതിഷ്ണുക്കളായ ചില യുവഭാഗിനേയന്മാർ ഇതിൽ പലപ്പോഴും പരിതപിക്കാറുണ്ടായിരുന്നെങ്കിലും, കാരണവരുടെ മരണത്തിന്നു ശേഷം ഭാൎയ്യാമക്കൾ പുറത്തു പോകേണ്ടിവരുമ്പോൾ, വെറുംകൈയോടെ പോകുന്നില്ലെന്നു കാണുന്നതും, മേലാൽ അവർ സ്വന്തം തറവാട്ടുകാരെ ആശ്രയിക്കാതെ സ്വാതന്ത്ര്യമായിക്കഴിഞ്ഞുകൂടുന്നു എന്നു കേൾക്കുന്നതും, തങ്ങൾക്കഭിമാനകരമായിക്കരുതി സമാധാനപ്പെട്ടു.

കോമക്കുറുപ്പ് മംഗലത്തെ കാരണവസ്ഥാനം കൈയേറ്റതു് പത്തൊൻപതാംനൂറ്റാണ്ടിന്റെ അന്തിമദശയിലായിരുന്നു. അപ്പോൾ അദ്ദേഹത്തിന്നു മുപ്പത്താറു വയസ്സേ പ്രായമുണ്ടായിരുന്നുള്ളു. അദ്ദേഹത്തിന്റെ യൌവനവും ആരോഗ്യവും ആലോചിച്ചാൽ ഒരർദ്ധശതാബ്ദകാലം തറവാട്ടുഭരണംചെയ്തു പത്തായപ്പുരയിൽ വാഴാമെന്നുള്ള ആശയ്ക്കു ധാരാളം അവകാശമുണ്ടായിരുന്നു. മാതുലപുത്രിയും, തൃത്താലിപ്പുറത്തുനിന്നു പതിനെട്ടു നാഴിക അകലെയുള്ള പരിവട്ടം ഗ്രാമത്തിലെ പ്ലാവറവീട്ടിലെ സന്തതിയുമായ നാരായണിഅമ്മയേയാണ് അദ്ദേഹം വിവാഹം ചെയ്തിരുന്നതു്. അച്ഛന്റെ ഭരണകാലത്തു മംഗലത്തു താമസിച്ചിരുന്നപ്പോൾതന്നെ നാരായണിഅമ്മ ആ തറവാട്ടിലെ പെൺകിടാങ്ങളുമായി ഇടപഴകി, അവരുടെ സ്നേഹവും വിശ്വാസവും സമ്പാദിച്ചിരുന്നു. കോമക്കുറുപ്പിന്റെ ഭാൎയ്യയെന്ന നിലയിൽ അദ്ദേഹത്തോടൊന്നിച്ചു പത്തായപ്പുരയിൽ പാൎപ്പുറപ്പിച്ചപ്പോഴും, തന്റെ ബാല്യചങ്ങാതികളായിരുന്ന ഭൎത്തൃസഹോദരിമാരോടും ഭാഗിനേയിമാരോടും വളരെ സ്നേഹസൌഹാൎദ്ദത്തോടുകൂടെത്തന്നെ വൎത്തിച്ചു. ഈ കഥ തുടങ്ങുന്ന കാലത്തു് അവൎക്കു ശ്രീദേവി എന്ന

1887.

പത്തു വയസ്സു പ്രായമായ ഒരു പുത്രി മാത്രമേ സന്താനമായുണ്ടായിരുന്നുള്ളു. മംഗലത്തു തറവാട്ടിലെ മിക്ക അംഗങ്ങൾക്കും ശൈശവം മുതല്ക്കു ശ്രീദേവി കണ്ണിലുണ്ണിയായിരുന്നു! ആ ബാലികയുടെ സൌന്ദൎയ്യസൌശീല്യാദികൾ ഏവരേയും ആകൎഷിക്കത്തക്കവയായിരുന്നു. "ദേവിക്കു് എന്റെ മകൻതന്നെ ഭൎത്താവു്", "എന്റെ ഉണ്ണിക്കാണു് ദേവിയോടു് അധികം ചേൎച്ച" എന്നിങ്ങിനെ ചില വിവാഹാലോചനകളും അക്കാലത്തുതന്നെ കുറുപ്പിന്റെ സഹോദരിമാർ നടത്തിത്തുടങ്ങി. "മുലകുടി മാറാത്ത ഈ കുട്ടിക്കു് ഇപ്പോഴേ നിങ്ങൾ വിവാഹമുറപ്പിക്കേണ്ടാ. പ്ലാവറക്കാൎക്കു് എന്നും മംഗലത്തെ ബന്ധമേ പാടുള്ളുവെന്നോ? അവൾ എന്റെ ഏകസന്താനം; അവളുടെ ഹിതമനുസരിച്ചു മാത്രമേ ഞാനും സമ്മതിക്കയുള്ളു." എന്നും മറ്റും പറഞ്ഞു നാരായണിഅമ്മ തന്റെ സ്നേഹിതകളെ കളിയാക്കിയിരുന്നു. കാരണവർ കുറുപ്പാകട്ടെ മകളുടെ വിവാഹകാൎയ്യം അവളുടെ ജനനസമയത്തുതന്നെ മനസ്സിൽ ഉറപ്പിച്ചുകഴിഞ്ഞു. തന്റെ ഭാഗിനേയനും, അടുത്ത കാരണവസ്ഥാനത്തിനവകാശിയുമായ രാഘവക്കുറുപ്പിനെ തന്റെ ജാമാതാവായി അദ്ദേഹം മനസാ സ്വീകരിച്ചു്, അയാളുടെ വിദ്യാഭ്യാസകാൎയ്യത്തിൽ പ്രത്യേകം ശ്രദ്ധ വെയ്ക്കുകയും, കുടുംബഭരണകാൎയ്യങ്ങളിൽ ചെറുപ്പംമുതല്ക്കുതന്നെ അയാളുടെ അഭിപ്രായം ചോദിച്ചറിയുകയും ചിലതിലൊക്കെ അയാളെ ഭാഗഭാക്കാക്കുകയും ചെയ്തുവന്നു.

## അദ്ധ്യായം 2

### ചാത്തനു ലഭിച്ച ശിക്ഷ

സൂൎയ്യാസ്തമനം കഴിഞ്ഞു രണ്ടുമൂന്നു നാഴികയായി. അമാവാസി സമീപിച്ചിരുന്നതുകൊണ്ടു നക്ഷത്രപ്രഭ മാത്രമേ അന്ധകാരപ്പരപ്പിന്റെ നിബിഡതയെ അല്പമെങ്കിലും കുറച്ചിരുന്നു

ള്ളു. കുളപ്പുരയുടെ പരിസരങ്ങളിലെ പറമ്പും പാടങ്ങളും വിജനങ്ങളായിരുന്നു. സമീപത്തു മററു ഗൃഹങ്ങളൊന്നുമില്ലാതിരുന്നതിനാൽ യാതൊരു ശബ്ദവും അവിടെ കേൾപ്പാനുണ്ടായിരുന്നില്ല. ഈ വിജനതയേയും നിശ്ശബ്ദതയേയും ഭഞ്ജിച്ചുകൊണ്ട് കോമക്കുറുപ്പ് തന്റെ കുണ്ടൻവടിയും കുത്തി, വിശ്വസ്താനുചരനായ ചെമ്പൻനായയോടുകൂടി, കുരച്ചും കാക്കിച്ചുതുപ്പിയും കുളപ്പുരയുടെ പടിവാതില്ക്കൽ എത്തി. രാവിലെ പറഞ്ഞേല്പിച്ചപ്രകാരം നേരത്തേതന്നെ അവിടെ എത്തിയിരുന്ന അച്യുതപ്പണിക്കർ, പടിവാതില്ക്കൽ കാവലുണ്ടായിരുന്നു. കുറുപ്പു സമീപിച്ച മാത്രയിൽ, പല്ലു മുപ്പത്തിരണ്ടും പുറമേ കാണിച്ച് ഒരു പച്ചച്ചിരിയാൽ തന്റെ സാമർത്ഥ്യത്തെ സ്വയം അഭിനന്ദിക്കുന്ന വിധത്തിൽ, "എല്ലാം ശരിയാക്കി, ഈ അച്ചുവിന്റെ പക്കൽ ഇനി തെററൊന്നും ഉണ്ടാവില്ല" എന്നു പണിക്കർ പറഞ്ഞു. "ഹും?" എന്നു ചോദ്യരൂപേണ ഒരു ഹുങ്കാരം മുഴക്കിക്കൊണ്ട്, കുറുപ്പ് ചുററും നോക്കി. തന്റെ ഉഗ്രദൃഷ്ടിപാതങ്ങൾക്ക് അവിടെ എങ്ങും ഒന്നും വിഷയീഭവിക്കായ്കയാൽ, "ആ കുറുക്കനെ കൂട്ടിക്കൊണ്ടുവരണ്ടേ?" എന്നു വേറൊരു ശബ്ദം ചീററലോടുകൂടെ അദ്ദേഹത്തിൽനിന്നു പുറപ്പെട്ടു.

അ. പ—കൊണ്ടുവന്നു കഴിഞ്ഞു; അതാ ആ ചെന്തെങ്ങിനോടുതന്നെ ചേർത്തു വരിഞ്ഞു കെട്ടിയിട്ടിരിക്കുന്നു.

കോ. കു—വല്ല തൊണ്ടിയും കിട്ടിയോ?

അ. പ—ആ പ്രദേശമൊക്കെ ഇന്നു മുഴുവൻ ഞാൻതന്നെ നടന്നു തെരഞ്ഞു; ഒന്നും കണ്ടില്ല.

കോ. കു—എന്നിട്ടോ?

അ. പ—ചതുരുപായങ്ങളും പ്രയോഗിച്ചിട്ടും ആ കഴുത കുററം സമ്മതിക്കുന്നുമില്ല.

കോ. കു—കള്ള നായ് എവിടെ? അവൻ എന്റെ മുഖത്തു നോക്കിപ്പറയട്ടെ.

അ. പ — സാക്ഷിയായും ആരേയും കിട്ടിയില്ല. രാഘവക്കുറുപ്പിനോടു ചോദിച്ചാൽ സത്യം തെളിയും എന്നാണ് അവൻ പറയുന്നത്.

കോ. കു — രാഘവനൊ? രാഘവൻ? അവനിവിടെ ഇല്ലല്ലോ. നന്ദപുരത്ത് ഒരു സഭയിൽ പങ്കുകൊള്ളുവാൻ ഇന്നലെ ഉച്ചയ്ക്കുതന്നെ പുറപ്പെട്ടുപോയിരിക്കുന്നു.

അ. പ — ചെറിയ കുറുപ്പും ചില സ്നേഹിതന്മാരുംകൂടെ കളപ്പുരയുടെ ഉമ്മറത്തുനില്ക്കുന്നത് ഇന്നലെ സന്ധ്യയ്ക്ക് അവൻ കണ്ടുപോലും!

കോ. കു — രാഘവൻ ഇളനീർ പറിക്കുവാൻ ഇവിടെ വന്നുവെന്നോ? അതിസാമർത്ഥ്യം നോക്ക്. ഇവൻ സന്ധ്യയ്ക്ക് ഇവിടെ വരാൻ കാരണം? കളവ് രാഘവന്റെ പേരിൽ ചുമത്താനൊ അവൻ ശ്രമിക്കുന്നത്?

അ. പ — ചെറിയ കുറുപ്പിവിടെ ഇല്ലല്ലോ. മടങ്ങിവരുന്നതുവരെ നിക്കക്കള്ളി കിട്ടാൻവേണ്ടി പറയുന്നതായിരിക്കും.

കോ. കു — അതെ, അങ്ങിനെ തന്നെ. കാണട്ടെ ഞാനവനെ! കോലായിൽ പൂട്ടു കിടക്കുന്നുണ്ടാകും. ഒന്നെടുത്തു കത്തിക്കു. എനിക്കവന്റെ മുഖമൊന്നു കാണണം.

ചെന്തെങ്ങോടു ബന്ധിച്ചു നീർത്തിയിരുന്ന ചാത്തനെ കണ്ടപ്പോൾ കുറുപ്പിന്റെ കോപം പതിന്മടങ്ങു വർദ്ധിച്ചു. ദേഹം അരിശംകൊണ്ടു വിറയ്ക്കുവാൻതുടങ്ങി. പിന്നീട് അവിടെ നടന്ന ദാരുണസംഭവങ്ങൾ വായനക്കാർക്ക് ഏതാണ്ടൂഹിക്കാൻ കഴിയുന്നതാണല്ലോ. കുറുപ്പിന്റെ പകവീട്ടുവാനുള്ള തൃഷ്ണയും, പണിക്കരുടെ യജമാനപ്രീതിക്കുവേണ്ടിയുള്ള ആഗ്രഹവും, ഇരുവരുടേയും ഭുജദണ്ഡങ്ങൾ ഉയന്നും താണും ക്ഷീണിച്ചശേഷമെ തൃപ്തിയടഞ്ഞുള്ളു. ഇതിന്നെല്ലാം ഏകദൃക്സാക്ഷിയായിരുന്ന ചെമ്പൻനായ ഈ സമയംമുഴവൻ മുരണ്ടുകൊണ്ടുനിന്നു. മുകളിൽ ആകാശപഥത്തിൽ മിന്നിക്കൊണ്ടിരുന്ന നക്ഷത്രജാലങ്ങളാകട്ടെ, ഈ നിഷ്ഠുരകൃത്യം കണ്ടു സഹിക്കരുതാഞ്ഞെന്നോണം കാർമേഘങ്ങൾക്കുള്ളിൽ മറഞ്ഞൊളിച്ചു. സാധു ചാത്ത

ൺെറ ദൈന്യമേറിയ നിലവിളികൾ വനരോദനങ്ങളായും പരിണമിച്ചു.

*　　*　　*　　*　　*

*　　*　　*　　*　　*

സമയം അദ്ധ്രാത്രികഴിഞ്ഞു. ഇരുട്ടിൻെറ കാഠിന്യവും, നിശ്ശബ്ദതയുടെ ഭയാനകത്വവും ഒരനിഷ്ടസംഭവത്തിൻെറ മുൻഗാമിയായ നിഴലെന്നപോലെ പ്രകൃതിയെ അസ്വസ്ഥയാക്കിത്തീൎത്തു. തൽഫലമായി അവളുടെ ദീൎഘനിശ്വാസങ്ങൾ വൃക്ഷലതാദികളെ ഇടയ്ക്കിടയ്ക്കു ചഞ്ചലപ്പെടുത്തി. എന്നാൽ ചെന്തെങ്ങിൻെറ ചുവട്ടിൽ സ്തബ്ധനായി, ബോധരഹിതനായിക്കിടക്കുന്ന സാധുപുലയൻെറ സമീപത്തു്, നിധി കാക്കുന്ന ഭൂതത്തെപ്പോലെ ഇരുന്നിരുന്ന ബലിഷ്ഠകായനായ ആ വ്യക്തിയുടെ മനസ്സാകുന്ന കരിമ്പാറയെ ഇളക്കുവാൻ പ്രകൃതിയിലെ പ്രചണ്ഡവാതങ്ങൾക്കുപോലും സാധ്യമല്ലെന്നു നിശ്ചയം. ആ സത്വമാകട്ടെ എന്തോ ഒരു ഗൂഢോദ്ദേശനിൎവ്വഹണത്തിനു തരംനോക്കി ദൃഢപ്രതിജ്ഞയോടെ കാത്തിരിക്കയായിരുന്നു.

സമയം അതിൻെറ അനിയന്ത്രിതഗതി തുടൎന്നു. അരുണോദയവേളയെ പ്രഖ്യാപനംചെയ്യുന്ന പൂങ്കോഴികളുടെ കൂജനകാഹളങ്ങൾ നാനാദിക്കിലും മുഴങ്ങി. ക്രമേണ പൂൎവ്വദിങ്മുഖം പ്രസന്നമായിത്തുടങ്ങി. അസ്വസ്ഥയായിരിക്കുന്ന പ്രകൃതിയുടെ താപത്തെ അകററുവാൻവേണ്ടി ഒരു കുളിർകാററും വീശുവാനാരംഭിച്ചു. ശീതളവാതസ്പൎശമേററപ്പോൾ പ്രജ്ഞാരഹിതനായിക്കിടന്ന ചാത്തൻ ഒരു ഞെരങ്ങൽശബ്ദം പുറപ്പെടുവിച്ചുകൊണ്ടു് കൈകാലുകൾ ഇളക്കി; വേദന സഹിക്കാതെ വീണ്ടും അവയെ പൂൎവ്വസ്ഥാനത്തുവെച്ചും, ദീൎഘനിശ്വാസം ചെയ്തും അര മണിക്കൂർ പിന്നെയും കഴിച്ചു. സൂൎയ്യോദയം സമീപിക്കുന്നതു കണ്ടു് അവിടെ ഇരുന്ന ആ സത്വം എഴുന്നേററു കൈകാലുകൾ കുടഞ്ഞു നീട്ടി, "ഇക്കിടപ്പു പന്തിയല്ലല്ലോ, വേഗം ഇവിടെനിന്നു മാററണം" എന്നു പിറുപിറുത്തുകൊണ്ടു്,

കുളത്തിൽ ഇറങ്ങി ഒരു ചിരട്ടയിൽ കുറേ കുളിൎത്ത ജലം എടുത്തുകൊണ്ടുവന്നു ചാത്തനെ വിളിച്ചു. ഈ സമയംകൊണ്ടു ചാത്തൻ ബോധക്ഷയത്തിൽനിന്നുണൎന്നു പരിതസ്ഥിതികൾ കണ്ടറിവാൻ തുടങ്ങിയിരുന്നു. അവൻ വളരെ പ്രയാസപ്പെട്ടു്, വേദന അടക്കിക്കൊണ്ടു കൈകുത്തി എഴുന്നേററിരുന്നു് ചിരട്ടയിലെ വെള്ളം വാങ്ങിക്കുടിച്ചു. ഉമിനീർകൂടെ വററി ഉണങ്ങിയിരുന്ന വായിൽ കുളൎന്നീർ തട്ടിയപ്പോൾ കുറെ ആശ്വാസം ലഭിച്ച ചാത്തനു നാവനക്കുവാൻ സാധിച്ചു. "തമ്പ്രാനെ...... ചാവുമ്മുമ്പു...... ചാള" എന്നിങ്ങിനെ ചിലതു് അവ്യക്തമായുച്ചരിച്ചുകൊണ്ടു കഠിനമായി കരയുവാൻ തുടങ്ങി. "കൊല്ലാതെ വിട്ടതു ഭാഗ്യം, ആട്ടെ എണീറേറാ" എന്നു പറഞ്ഞു കൈനീട്ടി ആ സത്വം അവനെ എണീക്കുവാൻ സഹായിച്ചു. പിന്നെ താങ്ങിയും, നടത്തിയും, വലിച്ചും, ഇഴച്ചും, വല്ലവിധവും അര മണിക്കൂറിന്നിടയ്ക്കു പുലാവളപ്പിൽ അവൻെറ കുടിലിൽ എത്തിച്ചു. കുടിലിൻെറ ഉമ്മറത്തു ദയനീയസ്വരം കേട്ടപ്പോൾ ചാത്തൻെറ പുലയിയും രണ്ടാൺകുട്ടികളും വാതൽ തുറന്നു പുറത്തുവന്നു; ചാത്തൻെറ പാരവശ്യം കണ്ടമ്പരന്നു് അവർ ഉറക്കെ കരഞ്ഞു. "മിണ്ടാതിരിക്കിൻ കോമരങ്ങളെ! നിങ്ങളെ പുലത്താൻ വകയില്ലാഞ്ഞിട്ടല്ലെ നാളികേരം കക്കാൻ പുറപ്പെട്ടതു്? തെങ്ങിൽനിന്നു വീണു് എല്ലു നുറുങ്ങി. ഇനി കിടന്നു കൂക്കിവിളിച്ചു കള്ളി പുറത്താക്കേണ്ട. അകത്തു കൊണ്ടുപോയി കിടത്തിൻ." ഇങ്ങിനെ കഠിനസ്വരത്തിൽ ആജ്ഞാപിച്ചു് അച്യുതപ്പണിക്കർ പിന്നാക്കം തിരിഞ്ഞു വേഗം നടന്നു.

അൎദ്ധപ്രാണനായിരുന്ന ചാത്തനെ പുലയിയും മക്കളുംകൂടെ കുടിലിനുള്ളിൽ കൊണ്ടുകിടത്തി ആവുംവണ്ണം ശുശ്രൂഷിച്ചു. അവൻെറ ദേഹമാസകലം കാണ്മാനുണ്ടായിരുന്ന അടിയുടെ പാടുകളും മുറിവുകളും, അവനെ മൃതപ്രായനാക്കിത്തീൎത്തതു തെങ്ങിൽനിന്നുള്ള വീഴ്ചയല്ലെന്നു വെളിപ്പെടുത്തി. നേരം പുലൎച്ചയായപ്പോഴേയ്ക്കും ചാത്തപ്പുലയൻ നാളികേരം കക്കാൻ കയറിയ തെങ്ങിൽനിന്നു വീണു പരുക്കേററുകിടക്കുന്നു

എന്ന വൎത്തമാനം ആ പ്രദേശത്തൊക്കെ പരന്നു. അവൻെറ കൂട്ടുകാരും അല്ലാത്തവരുമായ പുലയർ പലരും വിവരമറിവാൻ ചാളയിൽ വന്നുചേൎന്നു. അവൻെറ ശരീരം കണ്ടപ്പോൾ തങ്ങൾ കേട്ട വൎത്തമാനം ശരിയല്ലെന്നു് അവൎക്കും വിശ്വാസമായി. പക്ഷെ ചാത്തൻ മംഗലത്തെ ദാസൻ—അവൻെറ ശിക്ഷാരക്ഷാധികാരം മംഗലത്തെ അവകാശം—അവനെപ്പററി മംഗലത്തുനിന്നു പുറപ്പെട്ട വൎത്തമാനം തെററാണെന്നു പറവാൻ ആൎക്കാണധികാരം? പറയുന്നതു് അപ്പടി വിശ്വസിക്കുക, ആജ്ഞാപിക്കുന്നതു് അനിമിഷം അനുസരിക്കുക, ഇവയാണല്ലോ അടിമകളെ നിയന്ത്രിക്കുന്ന നിയമം. വലിയ ജന്മിമാരുടെ ദാസന്മാരായ പുലയൎക്കും, സാക്ഷാൽ അടിമകൾക്കും തമ്മിൽ അക്കാലത്തു് എന്താണു് വ്യത്യാസം? യജമാനന്മാരായ ജന്മികളിൽനിന്നു പുറപ്പെടുന്ന സൈനികാജ്ഞപോലെയുള്ള കല്പനകൾ അവർ ശിരസാ വഹിച്ചില്ലെങ്കിൽ ആജ്ഞാലംഘനക്കുററത്തിനു ശിക്ഷിക്കുവാൻ അധികാരികൾ യജമാനന്മാർ തന്നെ. നാട്ടിലെ കോടതികളെ അഭയം പ്രാപിക്കുവാനൊ, നിയമസഹായത്താൽ രക്ഷ കിട്ടുവാനൊ ദരിദ്രരായ ഈ അധഃകൃതൎക്കു സാധിച്ചിരുന്നതുമില്ല. കുലം, ധനം, ബലം എന്നീ ത്രിശക്തികൾ ലോകത്തെ ഭരിക്കുന്ന കാലത്തു നിഷ്കുലീനത്വം, നിൎദ്ധനത്വം, നിസ്സഹായത്വം എന്നിവയുടെ സ്ഥാനം നരകത്തിലാവാനല്ലേ തരമുള്ളൂ!

വീട്ടുകാരും കൂട്ടുകാരും എത്രതന്നെ ശ്രമിച്ചിട്ടും ചാത്തൻെറ വേദനയെ അല്പമെങ്കിലും ശമിപ്പിക്കുന്നതിനോ അവൻെറ മനസ്സിനെ സമാധാനപ്പെടുത്തുന്നതിനോ കഴിഞ്ഞില്ല. അവൻ ഒരു കീറപ്പായിൽ വെട്ടിമറിച്ചിട്ട മരംപോലെ അനക്കംകൂടാതെ കിടന്നു്, അതിദീനമായി നെടുവീൎപ്പിടുകയും, നിരന്തരമായി കണ്ണുനീർ പൊഴിക്കയും മാത്രമേ ചെയ്തുള്ളൂ. പുലയിയുടേയും കിടാങ്ങളുടേയും ഹൃദയം തകൎന്നുള്ള രോദനം അവൻെറ അവസാനനിമിഷങ്ങളെ ത്വരിപ്പിക്കതന്നെചെയ്തു. നേരം ഉച്ചതിരിഞ്ഞു. സൂൎയ്യൻെറ പ്രതാപം കുറഞ്ഞുവന്നതോ

ടൊപ്പം ചാത്തൻെറ ജീവശ്ശക്തിയും ക്ഷയിച്ചുവന്നു. "രാഘവ......കൊച്ചുമ്പ്രാക്കൾ......ചതിച്ചു.........പകരം കേക്കണേ......" എന്നു മാത്രം വളരെ പ്രയാസപ്പെട്ടും, നാവുഴറിയും തൻെറ കുട്ടികളോട് അസ്പഷ്ടസ്വരത്തിൽ പറഞ്ഞതല്ലാതെ, മറെറാരു വാക്കുപോലും ചാത്തൻെറ വായിൽനിന്ന് ആ ദിവസം പുറപ്പെട്ടില്ല. ആ ചെററക്കുടിലിൻെറ ഇടിഞ്ഞുപൊളിഞ്ഞ ചുമരിൽക്കൂടെ അന്തിമാക്കൻെറ ആരക്തകിരണങ്ങൾ ഉള്ളിൽ പ്രവേശിച്ച് ചാത്തൻെറ നിണമണിഞ്ഞ നെററിത്തടത്തിലും കീറിപ്പൊളിഞ്ഞ മാറിടത്തിലും ചില തങ്കരേഖകൾ വരച്ചു. മംഗളക്കുറികളണിഞ്ഞ ആ ദേഹത്തെ വിട്ടു ചാത്തൻെറ ദേഹി "പഹവാനെ" എന്നുള്ള പുലയിയുടെ ദിവ്യനാമോച്ചാരണം ശ്രവിച്ച് ഈ നരകലോകത്തെ എന്നെന്നേക്കുമായി ത്യജിച്ചു.

ചാത്തൻെറ ശവസംസ്കാരം നടത്തുന്നതിനു വല്ല സഹായവും ചെയ്യേണമെന്ന് അവൻെറ ഒരു കൂട്ടുകാരൻ മംഗലത്തുപോയി അപേക്ഷിച്ചതിന്ന് അവിടെനിന്നു മറുപടിപോലുമുണ്ടായില്ല. അവിടെയുള്ളവരുടെ ദൃഷ്ടിയിൽ കള്ളനായിത്തീന്നവൻെറ ശവദാഹത്തിന് അവർ സഹായിക്കുന്നതു സംഭാവ്യവുമല്ലല്ലോ. എന്നാൽ ചാത്തൻെറ കൂട്ടുകാർ അവമാനത്തിലും മരണത്തിലുംകൂടെ അവനെ മാനിക്കയും സ്നേഹിക്കയും തന്നെചെയ്തു; ജാത്യാചാരപ്രകാരമുള്ള ചടങ്ങുകളോടുകൂടെ അവർ അവനെ സസ്നേഹം സംസ്കരിച്ചു. താൻതന്നെ തൈ നട്ട്, തൻെറ കൈകൾകൊണ്ടു വെള്ളം പകന്നു വളത്തിയ ഒരു തെങ്ങിൽനിന്നു രണ്ടു കായ്കൾ പറിച്ചതു്—അതവൻ ചെയ്തിട്ടുണ്ടെങ്കിൽക്കൂടെ—ഉടമസ്ഥൻെറ അനുവാദം ലഭിച്ചില്ലെങ്കിലുംകൂടെ—മോഷണമാണോ? പട്ടിണികൊണ്ട് ഉദരം നിലവിളിക്കുമ്പോൾ, ദാഹംകൊണ്ടു നാവു വരളുമ്പോൾ, ആ വിളിയെ സമാധാനപ്പെടുത്താൻ, ആ വരൾച്ചയെ തണുപ്പിക്കുവാൻ, സദാചാരവിധിക്കോ, രാജ്യത്തിലെ നിയമങ്ങൾക്കോ കഴിയുന്നതാണോ? നിയമങ്ങൾ രക്ഷി

ക്കവാനുള്ളവയൊ, ശിക്ഷിക്കവാനുള്ളവയൊ? ലോകരുടെ എല്ലാവരുടേയും സുരക്ഷിതജീവിതത്തിനുവേണ്ടി എന്ന പ്രമാണത്തിന്മേൽ നിൎമ്മിച്ചിട്ടുള്ള നിയമങ്ങളെ അധികാരം കരസ്ഥമാകുമ്പോൾ സ്വാൎത്ഥികളായ ബലവാന്മാർ തങ്ങളുടെ രക്ഷക്കം, നിസ്സഹായരായ ദരിദ്രരുടെ ശിക്ഷക്കുംവേണ്ടി ഉപയോഗപ്പെടുത്തുന്നു. ലോകത്തിൽ മുക്കാൽഭാഗത്തും ഈ നയമാണു് ഇപ്പോൾ സ്വീകരിച്ചുകാണുന്നതു്. ഈ ഏൎപ്പാടിനെ ഒരു മഹാവിപ്ലവം തന്നെ ഉടച്ചുവാൎക്കേണ്ടിയിരിക്കുന്നു. ആ പരിവൎത്തനദശ ആസന്നമാവുന്നതുവരെ ലോകത്തിൽ ഭൂരിപക്ഷദുഃഖവും ന്യൂനപക്ഷസുഖവും തുടൎന്നുകൊണ്ടിരിക്കാനേ തരമുള്ളൂ.

## അദ്ധ്യായം 3

### പ്രതികാരം

രാഘവക്കുറുപ്പ് സഭകഴിഞ്ഞു നന്ദപുരത്തുനിന്നു മംഗലത്തു മടങ്ങി എത്തിയപ്പോൾ അവിടെ വലിയ ബഹളംതന്നെ. കാരണവർ പത്തായപ്പുരയിലെ ശയനമുറിയിൽ അവശനായി കിടക്കുന്നു. രാത്രി തണുപ്പിലിറങ്ങി നടക്കുകനിമിത്തം വാതകോപത്താലുണ്ടായ രോഗമാണെന്നു തീരുമാനിച്ചു്, വൈദ്യൻ ചില മരുന്നുകൾ വിധിച്ചു്, അവ തയ്യാറാക്കുവാൻ ശിഷ്യന്മാരെ ഏല്പിക്കുന്നു. കുടുംബജോത്സ്യൻ ജാതകം പരിശോധിച്ചും കവിടിവെച്ചു ഗണിച്ചും കുറുപ്പിൻെറ ആയുസ്സിൽ അതൊരാപൽഘട്ടമാണെന്നു പറഞ്ഞു് തൽപരിഹാരാൎത്ഥം ചില ഹോമങ്ങളും വഴിപാടുകളും നിൎദ്ദേശിക്കുന്നു. രോഗിയെ അന്വേഷിക്കവാൻ എത്തിച്ചേൎന്ന ചില സ്നേഹിതന്മാർ പട്ടണത്തിൽനിന്നു് ഒരു ഡാക്ടരെ വരുത്തി ചികിത്സിക്കേണ്ടതാണെന്നു് ഉപദേശിക്കുന്നു. കുടുംബാംഗങ്ങൾ കുഞ്ഞിതത്തോടുകൂടെ എല്ലാവരുടെ അഭിപ്രായങ്ങളും ഉപദേശങ്ങളും ചെവിക്കൊണ്ടും, രാഘവക്കുറുപ്പിൻെറ വരവിനെ അക്ഷമരായി പ്രതീക്ഷിച്ചും,

ഓരോ കാൎയ്യങ്ങൾ നിൎവ്വഹിച്ചും, അങ്ങും ഇങ്ങും ഓടി നടക്കുന്നു. ഇളമുറക്കാരൻ മടങ്ങിയെത്തിയപ്പോൾ സകല ഭാരവാഹിത്വവും അദ്ദേഹത്തിൽ സമൎപ്പിച്ച്, അവർ ഒരുവിധം സമാധാനപ്പെട്ടു.

രാഘവക്കുറുപ്പ് കാരണവരുടെ കണ്ണിലുണ്ണിയും തറവാട്ടുഭരണവിഷയത്തിൽ അദ്ദേഹത്തിന്റെ വലങ്കൈയ്യുമായിരുന്നു. മംഗലത്തു തറവാട്ടിൽനിന്ന് ഇദംപ്രഥമമായി ഇംഗ്ലീഷ് വിദ്യാഭ്യാസം ലഭിച്ചതു് ഇദ്ദേഹത്തിനായിരുന്നു. നാട്ടുഭാഷാവിദ്യാലയങ്ങളിൽനിന്നു സമ്പാദിച്ച പഠിപ്പിനു പുറമേ കുലഗുരുവായ ഗുരുക്കളിൽനിന്ന് അഭ്യസിച്ച കുറേ സംസ്കൃതവും ജ്യോതിഷവുംകൊണ്ടാണ് അവിടത്തെ അംഗങ്ങൾ അക്കാലംവരെ തൃപ്തിപ്പെട്ടിരുന്നതു്. എന്നാൽ ഒരു കുടുംബവ്യവഹാരം സംബന്ധിച്ച പട്ടണത്തിലെ കോടതിയിൽ പോകേണ്ടിവന്നപ്പോൾ കോമക്കുറുപ്പിനു തന്റെ വക്കീലും ന്യായാധിപതിയുംതമ്മിൽ നടത്തിയ സംഭാഷണം മനസ്സിലാകാതെവന്നതിൽ പരിതാപംതോന്നി; മേലാൽ തന്റെ ഭാഗിനേയന്മാൎക്കെങ്കിലും ഈ ഇളിഭ്യം പററാതിരിക്കുവാൻവേണ്ടി അവരെ സമീപത്തെ പട്ടണങ്ങളിലുള്ള വിദ്യാലയങ്ങളിൽ അയച്ച് ആ ഭാഷ പഠിപ്പിക്കുവാൻ തീൎച്ചപ്പെടുത്തി. രാഘവക്കുറുപ്പ് നന്ദപുരത്തുണ്ടായിരുന്ന ഒരു വിദ്യാലയത്തിലാണ് തന്റെ ഇംഗ്ലീഷ് പഠിപ്പ് നടത്തിയത്. എന്നാൽ തറവാട്ടിലെ ധനദൌൎല്ലഭ്യംനിമിത്തം അദ്ദേഹത്തിനു കോളേജിൽചേൎന്ന് ഉന്നതവിദ്യാഭ്യാസംചെയ്യാൻ സാധിച്ചില്ല. പ്രകൃത്യാ ജ്ഞാനേച്ഛുവും പരിശ്രമശീലനുമായിരുന്ന ആ യുവാവ് വിദ്യാലയം വിട്ടതിന്നുശേഷവും പുസ്തകപാരായണവും പത്രവായനയും മററുംകൊണ്ടു തന്റെ അറിവു വൎദ്ധിപ്പിക്കുവാൻ അനവരതം ശ്രമിച്ചിരുന്നു. തന്റെ ഭവനത്തിൽ ഒരു വായനശാല സ്ഥാപിച്ച് കുടുംബാംഗങ്ങൾക്കും ഗ്രാമക്കാൎക്കും ഗ്രന്ഥവായനക്കുവേണ്ട സൌകൎയ്യമുണ്ടാക്കിക്കൊടുത്തു. അദ്ദേഹത്തിന്റെ ഈ ഉദ്യമത്തിൽ മാതുലനും സന്തോഷിച്ച്, ഗ്രന്ഥങ്ങൾ ശേഖരിക്കുന്നതിന്നും, പത്രങ്ങൾ

മാസികകൾ മുതലായവ വരുത്തുന്നതിനും ചില പ്രത്യേക സഹായങ്ങൾ ചെയ്തുവന്നിരുന്നു.

കുടുംബസ്വത്തു് ന്യായമായവിധത്തിൽ വൎദ്ധിപ്പിക്കുന്നതിനും, ചെലവു ചുരുക്കുന്നതിനും, കുടുംബാംഗങ്ങളുടെ സുഖസൌകൎയ്യങ്ങൾക്കുപകരിക്കുന്നതിന്നും പൎയ്യാപ്തങ്ങളായ ചില കാൎയ്യങ്ങൾ ഭാഗിനേയന്റെ അഭിപ്രായപ്രകാരം മാതുലൻ ചെയ്വാൻ സന്നദ്ധനായി. താലികെട്ടുകല്യാണം, ഋതുശാന്തി, പുലകുളി അടിയന്തരം, പുറന്നാൾസദ്യകൾ മുതലായ ആഘോഷങ്ങൾക്കായി ആണ്ടുതോറും അനാവശ്യമായി ചെയ്തിരുന്ന ചെലവു ചുരുക്കി, ആ അടിയന്തരങ്ങൾ നാമമാത്രമായി നടത്തി, ഈവഴി കിട്ടിയ ലാഭംകൊണ്ടു് കാറ്റും വെളിച്ചവും എല്ലാൻ സൌകൎയ്യമില്ലാതെ പഴയ രീതിയിൽ പണിചെയ്തിരുന്ന കുടുംബഗൃഹങ്ങൾ അഴിച്ചു പണിതു സുഖവാസയോഗ്യമാക്കിത്തീൎത്തു. അമ്പലത്തിൽ വിളക്കു്, ബ്രാഹ്മണഭോജനം, വഴിപാടുകൾ മുതലായവ നിൎത്തൽചെയ്യണമെന്നു ചെറിയ കുറുപ്പു് ഉപദേശിച്ചുവെങ്കിലും ഇക്കാൎയ്യങ്ങളിൽ കുടുംബപാരമ്പൎയ്യം വെടിയാൻ കാരണവൎക്കു സമ്മതമായില്ല. ഈശ്വരപ്രീതിക്കും ബ്രാഹ്മണപ്രീതിക്കുംവേണ്ടി ചെയ്യുന്ന കൎമ്മങ്ങൾക്കു മുടക്കംവരുത്തുന്നതുകൊണ്ടു് കുടുംബശ്രേയസ്സിനു ഹാനിതട്ടുമെന്നു കാരണവർ ഭയപ്പെട്ടു; അതിനാൽ ഈ കൎമ്മങ്ങൾ ചെലവല്പം കുറച്ചു്, തുടൎന്നുപോന്നു.

കുടുംബാംഗങ്ങളുടെ അഭിവൃദ്ധിക്കും സുഖജീവിതത്തിനും ഉപയുക്തങ്ങളായ പരിഷ്കാരങ്ങളിൽ മാത്രമല്ല രാഘവക്കുറുപ്പിന്റെ ശ്രദ്ധ പതിഞ്ഞിരുന്നതു്. അവിടത്തെ കുടിയാന്മാരും ആശ്രിതന്മാരും, ദാസന്മാരും ആയിരുന്നവരുടെ ബുദ്ധിമുട്ടുകളും കഷ്ടതകളും അദ്ദേഹം കണ്ടറിഞ്ഞു. അവരുടെ അദ്ധ്വാനത്തിന്നനുയോജിച്ചതോ, ആവശ്യങ്ങൾക്കു മതിയാകുന്നതോ ആയ പ്രതിഫലം കിട്ടാതെ അവർ ദാരിദ്ര്യപീഡ അനുഭവിക്കുന്നതുകണ്ടു് ആ യുവഹൃദയം ആൎദ്രമായിത്തീൎന്നു. പാട്ടസ്സംഖ്യ കുറയ്ക്കുന്നതിനും, കുടിശ്ശിഖ കിടന്നുപോയ മിച്ചവാരം ഇള

ച്ചുകൊടുക്കുന്നതിനും, ദിവസക്കൂലി നിരക്ക വദ്ധിപ്പിക്കുന്നതിനും കുറുപ്പ് മാതുലനോടപേക്ഷിച്ചു. പക്ഷെ ഇവിടെയും അയാൾക്ക പൂണ്ണവിജയം സിദ്ധിച്ചില്ല.

രാഘവക്കുറുപ്പിൻെറ ലോലഹൃദയത്തെ ഏററവും വേദനപ്പെടുത്തിയതു് അവിടത്തെ പാടങ്ങളിലും പറമ്പുകളിലും പകൽ മുഴവൻ പണിയെടുത്തു് മംഗലത്തെ ദാസന്മാരായി അടിമകളെപ്പോലെ കഴിഞ്ഞിരുന്ന അധഃകൃതരായ പുലയരുടെ അരിഷ്ടജീവിതമായിരുന്നു. സൂൎയ്യോദയംമുതൽ സന്ധ്യവരെ എല്ലുനുറുങ്ങി പണിയെടുത്താൽ അവക്കു കൂലികിട്ടുന്ന നെല്ലു് അവരുടേയും കുടുംബങ്ങളുടേയും ഒരു നേരത്തെ ആഹാരത്തിനു പോലും മതിയായിരുന്നില്ല. ജീവിതത്തിലെ മററാവശ്യങ്ങൾ നിറവേററാൻ വേറെ വരവും അവക്കുണ്ടായിരുന്നില്ല. പണിഇല്ലാത്ത ദിവസങ്ങളിൽ കൂലിയും ഇല്ലല്ലോ. അക്കാലങ്ങളിൽ കൊട്ടയോ, മുറമോ ഉണ്ടാക്കി വിററാൽ കിട്ടുന്ന തുച്ഛസംഖ്യയും, യജമാനന്മാരുടെ ഭവനവളപ്പിൽനിന്നു് ഒരു വിളിപ്പാടുദൂരേ നിന്നു യാചിച്ചാൽ പുലയിസ്ത്രീകിടാങ്ങൾക്കോ തമ്പ്രാട്ടിമാരിൽനിന്നു ലഭിച്ചിരുന്ന പഴങ്കഞ്ഞിയോ പതിർനെല്ലോ ഇവയുംകൊണ്ടു മാത്രമാണു് അവർ ജീവസന്ധാരണംചെയ്തിരുന്നതു്. വയറു് നിറയെ ഭക്ഷിക്കാനോ നഗ്നത മറയ്ക്കുവാനോ വഴിയില്ലാതെ, ജീൎണ്ണിച്ചു പൊളിഞ്ഞ ചാളകളിൽ പാൎത്തു്, കാളകളേയും, പോത്തുകളേയും കഴുകുന്ന കുളങ്ങളിലെ ചളിവെള്ളം കുടിച്ചു് നരകജീവിതം നയിക്കുന്ന ഈ സാധുക്കളുടെ കഷ്ടതകൾ അല്പമെങ്കിലും കുറയ്ക്കുന്നതിനു വല്ലതും ചെയ്യേണ്ടതാണെന്നു് രാഘവക്കുറുപ്പ് പലവുരു മാതുലനോടപേക്ഷിച്ചു. പ്രായംചെന്ന പുലയക്കും പുലയികൾക്കും കൊല്ലത്തിൽ ഈരണ്ടു മുണ്ടും, പണിയില്ലാത്ത ദിവസങ്ങളിൽ കുടുംബമൊന്നിനു നാഴി നെല്ലും വീതം കൊടുക്കുവാൻ കാരണവർ സമ്മതിച്ചു. ഈ സൌജന്യങ്ങൾക്കുപുറമെ പുലയക്കു കുടിനീരെടുക്കുവാൻ പ്രത്യേകമൊരു കിണർ കുഴിച്ചുകൊള്ളുന്നതിനും അനുവദിച്ചു. കിണർ കുഴിക്കൽ രാഘവക്കുറുപ്പിൻെറ മേൽനോട്ടത്തിൽത

ന്നെ നിർവ്വഹിച്ചു. കൂടാതെ മഴക്കാലങ്ങളിൽ ചെറുകിടാങ്ങൾക്കു ധരിക്കുവാനും പുതയ്ക്കുവാനും വേണ്ടി, രാഘവക്കുറുപ്പും തന്റെ ചില മിത്രങ്ങളും കൂടിച്ചേൎന്നു ധനികരുടെ ഗൃഹങ്ങൾതോറും കയറിയിറങ്ങി പഴയ കുപ്പായങ്ങളും, വസ്ത്രങ്ങളും, പുതപ്പുകളും ശേഖരിച്ചുകൊടുത്തു. ഈ അധഃകൃതരുടെ ഉദ്ധാരണത്തിനുവേണ്ടി ചില പദ്ധതികൾ ആ യുവാക്കൾ ആലോചിച്ചു തയ്യാറാക്കിയിരുന്നു. എന്നാൽ അവരുടെ പണക്കുറവും അസ്വതന്ത്രതയും, തറവാട്ടിൽ മൂപ്പന്മാരുടെ യാഥാസ്ഥിതികമനോഭാവവും നിമിത്തം പ്രായോഗികമായി അധികമൊന്നും ചെയ്വാൻ അവൎക്കു സാധിച്ചില്ല. മററു ദിക്കുകളിൽ ഈ വിഷയത്തിൽ ചെയ്തിരുന്ന പരിശ്രമങ്ങളെ നോക്കി മനസ്സിലാക്കിയും, ഇത്തരം കാൎയ്യാലോചനയ്ക്കുള്ള സഭകളിൽ ഹാജരായി നൂതനസമ്പ്രദായങ്ങൾ ഗ്രഹിച്ചും, അവർ അനുകൂലമായ അവസരം പ്രത്യാശയോടു പ്രതീക്ഷിച്ചുകൊണ്ടിരുന്നു. നന്ദപുരത്തു നടന്ന അധഃകൃതോദ്ധാരണസഭയുടെ ഒരു യോഗത്തിൽ പങ്കുകൊണ്ടു മടങ്ങിയെത്തിയപ്പോഴാണ് രാഘവക്കുറുപ്പ് തന്റെ മാതുലനെ രോഗശയ്യാവലംബിയായിക്കണ്ടത്.

അശ്രുധാര കവിഞ്ഞൊഴുകുന്ന കണ്ണുകൾകൊണ്ടാണ് മാതുലൻ തന്റെ പ്രിയ ഭാഗിനേയനെ അഭിവാദ്യം ചെയ്തത്. അമ്മാമൻ പക്ഷവാതബാധിതനാണെന്നും, നാവിളക്കി ഒരൊററ വാക്കെങ്കിലും സംസാരിക്കാൻ ശക്തനല്ലാതെ രാപ്പകൽ കഠിനവേദന അനുഭവിക്കുന്നു എന്നും അറിഞ്ഞ് രാഘവക്കുറുപ്പ് അത്യന്തം പരിതപിച്ചു. അദ്ദേഹത്തിന്റെ തകൎന്ന ഹൃദയത്തിൽനിന്നും പൊങ്ങിവന്ന നിശ്വാസങ്ങൾ ചുററും നിന്ന ബന്ധുജനങ്ങളെ കരയിച്ചു. അവരെല്ലാവരും ഒത്തുചേൎന്നാലോചിച്ച് അഷ്ടവൈദ്യന്മാരിൽ രണ്ടാളെ വരുത്തുവാൻ ഉടൻ തന്നെ ദൂതന്മാരെ അയച്ചു. രണ്ടു വൈദ്യരത്നങ്ങളുടെ വിശിഷ്ട ചികിത്സയുടേയും കുടുംബാംഗങ്ങളുടെ സ്നേഹപൂൎവ്വമായ ശുശ്രൂഷയുടേയും ഫലമായി ഒരു മാസംകൊണ്ടു കാരണവൎക്കു വേദനയിൽനിന്നു മോചനം ലഭിച്ചു. ചികിത്സ തുടൎന്നുകൊ

ണ്ടതന്നെ ഇരുന്നുവെങ്കിലും മൂന്നുമാസം കഴിഞ്ഞശേഷമേ അ ദ്ദേഹത്തിനു കൈകാലുകൾ അല്പമായി ഉപയോഗിക്കുവാനും വ്യക്തമായി സംസാരിക്കുവാനും കഴിഞ്ഞുള്ളു. വടിയുടെ സഹാ യത്തോടെ മുറിയിൽനിന്നു പുറത്തെ കോലായോളം നടക്കു വാനും, ചാരുകസാലയിൽ കിടന്നുകൊണ്ടു സംസാരിക്കുവാനും മാത്രമാണ് ജീവശ്ശേഷത്തിൽ അദ്ദേഹത്തിനു സാധിച്ചത്. അഞ്ചു കൊല്ലത്തോളം ഇങ്ങിനെ പേരിനുമാത്രം കാരണവ സ്ഥാനം ഭരിച്ച്, സകല കാര്യങ്ങളും ഭാഗിനേയനെ പറഞ്ഞു മനസ്സിലാക്കി ഭരമേല്പിച്ച് ഒരുവിധം സംതൃപ്തനായി കോമ ക്കുറുപ്പ് കാലയവനികക്കുള്ളിൽ മറഞ്ഞു.

രാഘവക്കുറുപ്പിന്റെ സമയവും ശ്രദ്ധയും മുഴവൻ മാതു ലന്റെ ശുശ്രൂഷയിലും കുടുംബഭരണത്തിലും വിനിയോഗിക്കേ ണ്ടിവന്നതുനിമിത്തം തന്റെ ജീവിതോദ്ദേശമായിക്കരുതിയ സമുദായസേവനത്തേയും അധഃകൃതോദ്ധാരണത്തേയുംപററി ചിന്തിക്കുവാൻപോലും കുറേനാൾ അദ്ദേഹത്തിനു സാധിച്ചി ല്ല. നന്ദപുരത്തുനിന്നു തിരിച്ചെത്തി ഏകദേശം ഒരു മാസം കഴിഞ്ഞ ശേഷമാണ് കുറുപ്പ് ചാത്തന്റെ മരണവർത്തമാനമ റിവാനിടയായത്. പുലാവളപ്പിൽക്കൂടെ ഒരുനാൾ കടന്നു പോയപ്പോൾ ചാത്തന്റെ ചാള ഒഴിഞ്ഞുകിടക്കുന്നതായിക്ക ണ്ട് കാരണമന്വേഷിച്ചതിൽ, ചാത്തൻ മരിച്ചുപോയതാ യും, മരണശേഷം ഒരാഴ്ച കഴിഞ്ഞ് പുലയിയും കുട്ടികളും അ വിടം വിട്ടതായും, വിവരം ലഭിച്ചു. ചാത്തൻ തെങ്ങിൽനിന്നു വീണു പരുക്കേററു മരിച്ചതാണെന്ന മംഗലത്തെ സംസാരവും, മരണകാരണം മോഷണക്കുററത്തിനു ലഭിച്ച ശിക്ഷയുടെ ഫ ലമാണെന്ന പുറമേയുള്ള രഹസ്യവർത്തമാനവും, കണ്ണാകണ്ണി കയാ ഏതാനുംനാൾക്കുള്ളിൽ അദ്ദേഹം കേട്ടു. ഈ വിവരം അദ്ദേഹത്തെ കോപതാപങ്ങൾക്കധീനനാക്കി. ഈ വിവര ത്തെപ്പററി അമ്മാമനോടു സംസാരിക്കണമെന്നാഗ്രഹമുണ്ടാ യിരുന്നെങ്കിലും, തൽസംബന്ധമായ വാസ്തവമറിയുമ്പോൾ അദ്ദേഹത്തിന് ക്ഷോഭമുണ്ടായേയ്ക്കുമെന്നും, അപ്പോഴത്തെ ആ

രോഗ്യനിലക്കു ക്ഷോഭം ജനിപ്പിക്കുന്നതുചിതമല്ലെന്നും നിശ്ച യിച്ച് രാഘക്കുറുപ്പ് കാൎയ്യസ്ഥനായ അച്യുതപ്പണിക്കരോട് തരംകിട്ടിയപ്പോൾ അതിനെപ്പററി അന്വേഷണംചെയ്തു.

രാഘവക്കുറുപ്പ്—പണിക്കരേ, ചാത്തന്റെ മരണവൎത്തമാനം എന്നെ വല്ലാതെ പീഡിപ്പിക്കുന്നു. മരണകാരണത്തെപ്പ ററി ആളുകൾ രണ്ടുപ്രകാരത്തിൽ സംസാരിക്കുന്നുണ്ടല്ലോ. അമ്മാമന്റെ പേർ ഇതിൽ വലിച്ചിട്ടിരിക്കുന്നതു നമുക്കു തീരെ അഭിമാനകരമല്ല.

അ. പ—ധിക്കാരികളുടെ വായ മൂടാൻ നമുക്കു സാധിക്കുമോ? അവററ എന്തെങ്കിലും പറഞ്ഞു നടക്കട്ടെ, നമുക്കെന്തുചേ തം? അദ്ദേഹം കിടപ്പായിപ്പോയില്ലെങ്കിൽ കാണിച്ചു കൊടുക്കുമായിരുന്നു.

രാ. കു—ആട്ടെ പണിക്കരെന്നോടു സത്യം പറയൂ. കളപ്പുര യിൽവെച്ചു എന്തൊക്കെയാണ് നടന്നത്?

അ. പ—സത്യംതന്നെ പറയാം; ഇവിടുത്തോടു കാൎയ്യം മറച്ചു വെച്ചിട്ടെന്തുഫലം? കളപ്പുരയിലെ ചെന്തെങ്ങിൽനിന്നു അവൻ രണ്ടിളനീർ കട്ടു. അതിന് എജമാനൻ രണ്ടു തല്ലി. ആ സമയം ഞാനും അവിടെ ഉണ്ടായിരുന്നു.

രാ. കു—അവനാണ് ഇളനീർ പറിച്ചതെന്ന് എങ്ങിനെ അ റിഞ്ഞു? അവൻ ഏററു പറഞ്ഞോ?

അ. പ—അവൻ ഏററില്ല; അതുകൊണ്ടാണ് എജമാനന് കോപം കയറിയത്.

രാ. കു—അവൻ ഇളനീർ പറിച്ചത് ആരെങ്കിലും കണ്ടുവോ?

അ. പ—ആരും കണ്ടതായി പറഞ്ഞില്ല. കള്ളന്മാർ മററുള്ള വർ കാണെകയല്ലല്ലോ കക്കുന്നത്. ചെറുപ്പംതന്നേ ഈ പുലയ ക്ക് ഇതല്ലേ തൊഴിൽ! പാരമ്പൎയ്യവും കള്ളപ്പണിതന്നെ.

രാ. കു—പക്ഷെ, ചാത്തനെ എനിക്കു നല്ലപോലെ അറിയാം. അവൻ കളവു ചെയ്യുന്നവനല്ല. ഇക്കാൎയ്യത്തിൽ അവൻ അപരാധിയല്ലെന്ന് എനിക്കു തീൎച്ചപറവാൻ സാധിക്കും.

അ. പ—ചെറിയമ്പ്രാനോട ചോദിച്ചാൽ സത്യമറിയാമെന്ന് അവനും പറകയുണ്ടായി.

രാ. കു—എന്നിട്ടെന്തേ എന്നോട ചോദിക്കുന്നതിനുമുൻപ് അവനെ ശിക്ഷിച്ചത്?

അ. പ—നിക്കക്കള്ളിക്കവേണ്ടി അവൻ അസത്യം പറകയാണെന്നാണ് മൂപ്പർ വിചാരിച്ചത്. തരം കിട്ടിയാൽ അവൻ കടന്നുകളയുമെന്നും അദ്ദേഹം ശങ്കിച്ചു.

രാ. കു—.കടന്നുകളയേണ്ട ആവശ്യമെന്ത്? അവൻ കളവു ചെയ്തു എന്നിരിക്കട്ടെ; എന്നാലും രണ്ടിളനീർ പറിച്ചതിന്റെ ശിക്ഷ എന്തുതന്നെ ആവാം! അതിനെ ഭയപ്പെട്ട് അവൻ കടന്നുകളയേണ്ട കാര്യമുണ്ടോ? അവൻ എത്രയോ നാളായി നമ്മെ ആശ്രയിച്ചും സേവിച്ചും കഴിഞ്ഞു; അതിനിടക്ക അവൻ ഒരൊററക്കളവു ചെയ്തതായി അറിഞ്ഞിട്ടുണ്ടോ?

അ. പ—അവന്റെ പേരിൽ പലപ്പോഴും സംശയം ജനിച്ചിട്ടുണ്ട്. കളവും ചതിവും ഇവററക്ക പാരമ്പര്യമായിട്ടുള്ളതല്ലെ?

രാ. കു—പാരമ്പര്യമായിട്ടുള്ളതാണെങ്കിൽ അത് അവന്റെ പേരിൽ വലിയ അപരാധമാണോ? അങ്ങിനെ ഒരു പാരമ്പര്യമുണ്ടാക്കിത്തീർത്തതാർ? രാപ്പകൽ തങ്ങൾക്കവേണ്ടി എല്ലുമറിഞ്ഞു പണി എടുപ്പിക്കുക, അരവയർ കഞ്ഞിക്കപോലുമുള്ള വക അവൎക്ക കൊടുക്കാതെ, അവരുടെ പ്രയത്നഫലം മുഴുവനും പത്തായങ്ങളിലിട്ടു പൂട്ടി, സ്വന്തം സുഖാനുഭോഗങ്ങളിൽ മാത്രം ശ്രദ്ധാലുക്കളായി യജമാനന്മാർ ജീവിക്കുക; ഈ നയം തുടരുന്നതിന്റെ ഫലമായി ദാസന്മാരെ ചതിയും കളവുംകൊണ്ടു ജീവിക്കുവാൻ നിർബ്ബന്ധിതരാക്കുക; ആരാണിവിടെ അപരാധി? ഇത് ഇന്നും ഇന്നലെയും ഉണ്ടായ കാര്യമല്ല, ചരിത്രപ്രസിദ്ധമായ വാസ്തവം!

അ. പ—ചെറിയെജമാനെ, ചരിത്രവും ശാസ്ത്രവുമൊന്നും ഈയുള്ളവനറിയില്ല. ഇതൊക്കെ എന്നോട പറഞ്ഞിട്ടെന്തു

കാര്യം? ഞാൻ ആരുടെ ഉപ്പും ചോറും തിന്നുന്നുവോ, അവരുടെ ആജ്ഞ നന്നുസരിക്കേണ്ടതല്ലേ?

രാ. കു—തനിക്കു മനസ്സാക്ഷി എന്നൊന്നില്ലേ? അതിൻെറ ആജ്ഞയും അനുസരിക്കണ്ടേ? വെറും സംശയത്തെ അടിസ്ഥാനപ്പെടുത്തി ഒരു നിരപരാധിയെ ശിക്ഷിക്കുവാൻ താൻ അനുവദിച്ചില്ലേ? താനും ആ ശിക്ഷ നൽകുന്നതിൽ ഒരു ഭാഗം വഹിച്ചില്ലേ?

അ. പ—വലിയെജമാനു്, തൻെറ ഒരു പുലയനെ ശിക്ഷിക്കുവാൻ അവിടുത്തെ ഒരു ദാസനായ എൻെറ അനുവാദം വേണോ? ഇവിടുന്നു് എന്തൊക്കെയാണു പറഞ്ഞുകൊണ്ടു വരുന്നതു്?

രാ. കു—തൻെറ അനുവാദംവേണ്ട; തൻെറ അഭിപ്രായമാണു് അമ്മാമൻ എപ്പോഴും സ്വീകരിക്കാറുള്ളതു്. ശുദ്ധനായ അദ്ദേഹത്തെ ബാധിച്ചിട്ടുള്ള ദുർഭൂതമാണു് താൻ. ഞാൻ കുറേനാളായി സൂക്ഷിച്ച കാര്യം ഗ്രഹിച്ചിരിക്കുന്നു. അമ്മാമനെക്കൊണ്ടു കഠിനക്രിയ പ്രവൃത്തിപ്പിക്കുന്നതു താൻ ഒരൊററയാളാണു്. അമ്മായിയുടെ സൽപ്രേരണകൾക്കുപോലും ചെവികൊടുക്കാൻ താൻ അദ്ദേഹത്തെ വിടാറില്ല.

അ. പ—ഇതൊക്കെ വെറും സംശയങ്ങളാണു്. എൻെറ എജമാനൻെറ ആജ്ഞയെ അനുസരിക്കയേ ഞാൻ ചെയ്യാറുള്ളു. എൻെറ പിഴപ്പിനുവേണ്ടി ഞാൻ അതു ചെയ്യുന്നു. കശാപ്പുകാരൻ ആടുമാടുകളെ കൊല്ലുന്നില്ലേ? അവൻെറ ഭക്ഷണത്തിനു വേണ്ടിയല്ലല്ലോ, ധനവാന്മാരുടെ സുഖഭക്ഷണത്തിനു വേണ്ടി അല്ലേ, മിണ്ടാപ്രാണികളെ അവൻ കൊല്ലേണ്ടിവരുന്നതു്? കുററക്കാരെ തൂക്കുമരത്തിൽ കയററിക്കൊല്ലുന്നതിനു നിയമിച്ചിട്ടുള്ള ആരാച്ചാരന്മാരെ, ആരെങ്കിലും കൊലപാതകരായിക്കരുതാറുണ്ടോ? അതുപോലെ എൻെറ ഉപജീവനത്തിനുവേണ്ടി ഞാൻ എജമാനൻെറ കല്പനകൾ നിറവേററുന്നു.

രാ. കു—താൻ ഉപയോഗിച്ച ദൃഷ്ടാന്തങ്ങൾ തനിക്കു യോജിച്ചവയല്ല. കശാപ്പുകാരൻെറ സ്ഥാനമല്ല തനിക്കു ചേൎച്ചയായിരിക്കുന്നതു്, മൃഗജന്തുക്കളെ മനുഷ്യരുടെ ഉദരപൂരണത്തിനുവേണ്ടി കൊല്ലുവാൻ അനുവദിക്കുന്ന ഒരു നിയാമകൻെറതാണു്. ആരാച്ചാരുടെ സ്ഥാനത്തിനു പകരം, കുററക്കാരനല്ലാത്ത ഒരു മനുഷ്യനെ കുററക്കാരനാണെന്നു വാദിച്ചു സ്ഥാപിക്കുന്ന മനസ്സാക്ഷിവഞ്ചകനായ ഒരു വക്കീലിൻെറ നിലയാണു് തനിക്കേററവും യോജിക്കുന്നതു്.

അ. പ—അവിടുന്നു് എന്നെ ഇത്രയൊക്കെ പഴിക്കേണ്ട. ചാത്തൻ മോഷ്ടിച്ചു എന്നു ഞാൻ പറഞ്ഞിട്ടേ ഇല്ല. അവൻ തന്നെയാണു് ഇളനീർ കട്ടതെന്നു കാരണവർ ഉറപ്പിച്ചു പറഞ്ഞു. അവൻെറ പരിഷ്കാരവും ജാതിക്കു ചേരാത്ത നടപടിയും മററും കണ്ടു് കാരണവൎക്കു് അവനോടു ബഹു വെറുപ്പായിരുന്നു.

രാ. കു—അതും തൻെറ ദുൎബ്ബോധനയുടെ ഫലം.

അ. പ—എൻെറ ദുൎബ്ബോധനയുടേതല്ല, അവിടുത്തേയും സ്നേഹിതന്മാരുടെയും പ്രസംഗങ്ങളുടെ ഫലം. പണ്ടേക്കുപണ്ടേയുള്ള ജാതിമൎയ്യാദകളുപേക്ഷിച്ചു് പരിഷ്കാരികളാകാൻ അവരെ ഉത്സാഹിപ്പിച്ചതാർ?

രാ. കു—പരമദരിദ്രരായ ആ സാധുക്കളുടെ കഷ്ടതകളെ കുറയ്ക്കുവാനും മനുഷ്യരായി ജീവിക്കാൻ പ്രേരിപ്പിക്കാനുമാണു് ഞങ്ങൾ പരിശ്രമിക്കുന്നതു്. തനിയ്ക്കു് അതു കണ്ടിട്ടു കണ്ണു കടിക്കുന്നുണ്ടായിരിക്കും.

അ. പ—(കോപം കലൎന്ന സ്വരത്തിൽ) എനിക്കു കണ്ണും മൂക്കുമൊന്നും കടിക്കുന്നില്ല. അവർ നന്നായതുകൊണ്ടു് എനിക്കെന്തു നഷ്ടം? കാരണവരുടെ സന്മനസ്സും എന്നോടുള്ള തൃപ്തിയും നിമിത്തം ഞാനും എൻെറ കുഡുംബവും പുലൎന്നു പോരുന്നു. മോഷണവും ചതിയും മററും എനിക്കു വശമില്ല. അദ്ദേഹം എൻെറ പ്രവൃത്തിക്കു ന്യായമായി പ്രതിഫലം തരുന്നതു വാങ്ങി ഞാൻ തൃപ്തിപ്പെടുന്നു.

രാ. കു—തന്റെ തൃപ്തിയേപ്പററി വളരെയൊന്നും വൎണ്ണിക്കേണ്ട. പൊളിച്ചെഴുത്തുകാലത്തു താൻ കുടിയാന്മാരെ ബുദ്ധിമുട്ടിക്കുന്നതൊന്നും ആരും അറിഞ്ഞിട്ടില്ലെന്നായിരിക്കാം ഭാവം! പണമായിട്ടും പല സാധനങ്ങളായിട്ടും എന്തുമാത്രമാണ് താൻ അവരെ ഞെക്കിപ്പിഴിഞ്ഞെടുക്കുന്നത്! ഇവയൊക്കെ തനിക്കവകാശപ്പെട്ടതാണോ? തന്റെ തൃപ്തിയും സ്വാമിഭക്തിയും മററും തന്നത്താൻ പുകഴ്ത്തിക്കൊള്ളണം.

അ. പ—പൊളിച്ചെഴുത്തു ഭംഗിയായിക്കഴിച്ചാൽ അവർ സന്തോഷിച്ചു തരുന്ന ചെറുസമ്മാനങ്ങൾ ഞാൻ വാങ്ങുന്നത് എജമാനനും അറിഞ്ഞിട്ടുള്ളതാണല്ലോ. എത്രയോ കാലമായി നടന്നുവരുന്ന സമ്പ്രദായമാണിത്!

രാ. കു—പൊളിച്ചെഴുത്തു ഭംഗിയായി നടത്തുന്നതു തന്റെ കടമ. അതിന്നായിട്ടല്ലേ തന്നെ കാൎയ്യസ്ഥനാക്കി വെച്ചിട്ടുള്ളത്? അതിനുള്ള പ്രതിഫലം അമ്മാമൻ തരുന്നുണ്ടുതാനും. പിന്നെ സമ്മാനം വാങ്ങാൻ തനിക്കെന്തവകാശം? സാധു കുടിയാന്മാൎക്ക് അതു കൂടുതൽ ഭാരവും നഷ്ടവുമല്ലേ? പാരമ്പൎയ്യം തന്റെ കാൎയ്യത്തിൽ സാധു, മററുള്ളവരുടെ കാൎയ്യത്തിൽ കുററവും!

അ. പ—ഞാൻ പോകുന്നു. അവിടുത്തോടു വാദിച്ചുജയിക്കാൻ എനിക്കു സാധിക്കില്ല. ചാത്തൻ മരിച്ചതിന് എന്നോടു കോപിച്ചിട്ടു കാൎയ്യമെന്ത്? അവന്റെ ആയുസ്സററപ്പോൾ അവൻ പോയി. അതിന് ഇവിടുത്തേയ്ക്കു വ്യസനിക്കേണ്ട കാരണമുണ്ടോ? കുടുംബമോ ബന്ധുവോ മറേറാ അല്ലല്ലോ.

രാ. കു—ചാത്തന്റെ മരണത്തിൽ ഞാൻ അത്യധികം വ്യസനിക്കതന്നെ ചെയ്യുന്നു. അവൻ സ്വാഭാവികമായി മരിച്ചതല്ലല്ലോ, അവനെ തച്ചുകൊന്നതല്ലേ? ആ കൊലപാതകത്തിൽ തനിക്കും വലിയൊരു പങ്കില്ലേ? മുൻകോപിയെങ്കിലും ശുദ്ധഹൃദയനായ അമ്മാമനെ ഇക്കാൎയ്യത്തിൽ പ്രേരിപ്പിച്ചതു താനല്ലാതെ മററാരുമല്ല. കൊലക്കുററത്തിന്റെ ഫലം തന്നെ ബാധിക്കയില്ലെന്നോ? ചാത്തനും അവനെപ്പോ

ലുള്ള നിരപരാധികളായ അധഃകൃതരുമൊക്കെ എനിക്കു കുടുംബവും ബന്ധുക്കളുംപോലെയാണ്. അവരെ ദ്രോഹിക്കുന്നവർ എന്റെ കണ്ണിൽ അപരാധികൾ; ഞാൻ അവരോടു പകരം ചോദിക്കതന്നെ ചെയ്യും.

അ. പ—എന്നാൽ ആ പകരം ചോദിക്കൽ ആദ്യം സ്വന്തം അമ്മാമനോടു തന്നെയാകട്ടെ.

രാ. കു—തന്നെപ്പോലൊരു ദുർഭൃതത്തിന്റെ ആവേശത്താൽ ചെയ്ത കഠിനകൃത്യത്തിന്റെ പകരം ചോദിക്കൽ പ്രകൃതി തന്നെ നടത്തിയിരിക്കുന്നു. ശരിയായ അപരാധിയെ ഞാനും ശിക്ഷിയ്ക്കും.

അ. പ—ശരി, ശരി. ഈ കാര്യസ്ഥൻപണിയില്ലെങ്കിൽ ഈയുള്ളവനും കുട്ടികളും പട്ടിണി കിടക്കുകയോ കാടു കയറുകയോ ചെയ്യുമോ?

രാ. കു—അതില്ലെന്നെനിക്കറിയാം. രണ്ടുമൂന്നു തലമുറയ്ക്കു സുഖമായി കഴിയാൻ തക്കവണ്ണം താൻ ന്യായമായും അന്യായമായും സമ്പാദിച്ചു വെച്ചിട്ടുണ്ട്. സന്തതികൾക്കനുഭവിക്കാൻ ഇനിയും പാപഭാരം വർദ്ധിപ്പിക്കാതിരിക്കുമല്ലോ. അത്രയെങ്കിലുമാകട്ടെ.

*　　*　　*　　*　　*

രാഘവക്കുറുപ്പ്, കാരണവരുടെ ദേഹാസ്വാസ്ഥ്യംനിമിത്തം അദ്ദേഹത്തിന്റെ ഭരണഭാരം കയ്യേററു നടത്താൻ തുടങ്ങിയശേഷം ഒന്നാമതായിച്ചെയ്തതു് അച്യുതപ്പണിക്കരെ കാര്യസ്ഥൻപണിയിൽനിന്നു പിരിക്കുകയായിരുന്നു. ഇക്കാര്യത്തിൽ അമ്മാമന്റെ സമ്മതം നേടാൻ അദ്ദേഹം നന്നേ പണിപ്പെട്ടു. "ഒന്നുകിൽ ഞാൻ, അല്ലെങ്കിൽ പണിക്കർ," എന്ന നിലയിൽ രാഘവക്കുറുപ്പിന്റെ അവസാനത്തീർച്ച കേട്ടപ്പോൾ ഗത്യന്തരമില്ലാതെ അദ്ദേഹം സമ്മതിക്കേണ്ടിവന്നു. രാഘവക്കുറുപ്പിന്റെ അടുത്ത ശ്രമം ചാത്തന്റെ പുലയിയേയും കുട്ടികളേയും തിരഞ്ഞുപിടിക്കാനായിരുന്നു. ഇതിനായി അദ്ദേഹം തന്റെ ആപ്തമിത്രങ്ങളിൽ ചിലരെ പല സ്ഥലങ്ങളിൽ പറ

ഞ്ഞായച്ചന്വേഷിച്ചിട്ടും യാതൊരു ഫലവുമുണ്ടായില്ല. വല്ല ക്രിസ്ത്യൻ പാതിരിമാരേയും അഭയംപ്രാപിച്ചിരിക്കുമെന്നനുമാനിച്ച് അദ്ദേഹം തൻെറ അന്വേഷണങ്ങൾ അവസാനിപ്പിച്ചു. മതം മാറിയാലും അവർ പട്ടിണികിടന്നു വലയാതെ മനുഷ്യരായി ജീവിക്കുവാൻ കഴിയുന്ന നിലയിലെത്തിയിരിക്കുമല്ലൊ എന്നായിരുന്നു അദ്ദേഹത്തിൻെറ സമാധാനം.

ഹിന്ദുമതത്തിൽപ്പെട്ട നിസ്സഹായരായ അധഃകൃതക്ഷേത്രക്കാരായ തങ്ങളുടെ യജമാനന്മാരിൽനിന്ന് എന്തു രക്ഷയാണു ലഭിച്ചിരുന്നത്? മതത്തിൻെറ പേരുംപറഞ്ഞു തീണ്ടൽ, തൊടീൽ മുതലായ അവശതകൾക്കു വശംവദരാക്കി, ജന്മാവകാശങ്ങളും കൂടെ തടഞ്ഞ്, പട്ടിണിയിട്ടു കൊല്ലുന്ന യജമാനന്മാരുടെ സംരക്ഷണയിൽനിന്നോടിയൊളിച്ച്, മനുഷ്യരെ മനുഷ്യരായി ജീവിക്കുവാൻ സൌകര്യം കൊടുക്കുന്നതേതുമതമോ, ആ മതത്തെ തിരഞ്ഞ് ഇവർ പോകുന്നതിൽ എന്താണത്ഭുതം! പരിപാവനവും പ്രേമപൂർണ്ണവുമായ ഹിന്ദുമതത്തെ സ്വാർത്ഥികളുടെ നിരർത്ഥവാദങ്ങളിൽനിന്നു രക്ഷിക്കുവാൻവേണ്ടി ശ്രീരാമകൃഷ്ണൻ, വിവേകാനന്ദൻ മുതലായ ദിവ്യമൂർത്തികൾ ചെയ്ത ശ്രമംപോലും പൂർണ്ണമായി ഫലിച്ചിട്ടില്ല. പിന്നെ എളിയവനായ ഈയുള്ളവന് ഈ സാധുപ്പുലയരുടെ അവശതകളെ നീക്കംചെയ്വാൻ എത്രകണ്ടു സാദ്ധ്യമാകും! ഈവിധം വിചാരങ്ങളാണു രാഘവക്കുറുപ്പിൻെറ മനസ്സിൽ കടന്നുകൂടിയത്. ചാത്തൻെറ കാര്യം ഒരുവിധം തൻെറ മനസ്സിൽനിന്ന് അകററിനിർത്തിയെങ്കിലും, പുലാവളപ്പിൽക്കൂടെ കടന്നുപോകുമ്പോഴൊക്കെ ആ ഇടിഞ്ഞുപൊളിഞ്ഞ ഒഴിഞ്ഞ കുടിൽ അദ്ദേഹത്തിൻെറ കണ്ണും കരളും അലിയിച്ചുകൊണ്ടു തന്നെ ഇരുന്നു.

## അദ്ധ്യായം 4

"അന്യഥാ ചിന്തിതം കാൎയ്യം
ദൈവമന്യത്ര ചിന്തയേൽ."

പ്രിയ ദേവീ,

അഞ്ചാറു മണിക്കൂറിനുള്ളിൽ തിരിച്ചെത്താമെന്നുള്ള പ്രതീക്ഷയോടെ ഇന്നലെ രാവിലെ വീട്ടിൽനിന്നും യാത്ര പുറപ്പെട്ട ഞാൻ അപ്രകാരം ചെയ്യാത്തതിൽ നീ അത്ഭുതപ്പെടുകയും, രണ്ടുദിവസമായിട്ടും തിരിച്ചെത്തുവാൻ പ്രതിബന്ധമുണ്ടായ വിവരം അറിയിക്കാത്തതിൽ വ്യസനിക്കുകയുംചെയ്യുന്നുണ്ടാവാം. "അന്യഥാ ചിന്തിതം കാൎയ്യം, ദൈവമന്യത്ര ചിന്തയേൽ" എന്ന ആപ്തവചനം നിന്നെ ഓൎമ്മപ്പെടുത്തി സമാധാനപ്പെടുത്താനെ എനിക്കിപ്പോൾ കഴിവുള്ളു. പിതാക്കന്മാരുടെ പാപഫലം സന്താനങ്ങൾ അനുഭവിക്കേണ്ടിവരുമെന്നു നാം ക്രിസ്തുമതഗ്രന്ഥത്തിൽ വായിച്ചതോൎക്കുന്നുണ്ടാവുമല്ലോ. എത്രയോ തലമുറകളായി കുലം, ധനം, ബലം എന്നിവയാൽ അധികാരപ്രമത്തരായി, സമസൃഷ്ടങ്ങളായ സാധുമനുഷ്യരെ—തങ്ങളെത്തന്നെ ആശ്രയിച്ചു ജീവിച്ചുവന്ന നിസ്സഹായരായ അധഃകൃതരെ—ചവുട്ടിത്താഴ്ത്തി മൎദ്ദിച്ചും, അവരെ ഞെക്കിപ്പിഴിഞ്ഞു രുധിരപാനംചെയ്തും, നമ്മുടെ കാരണവന്മാർ നേടിവെച്ച പാപഫലം ഇതാ ഞാൻ അനുഭവിക്കേണ്ടിവന്നിരിക്കുന്നു. ആരുടെ ജീവനെ രണ്ടിളനീരിനുപകരം എന്റെ മാതുലൻ അപഹരിച്ചുവൊ, അനാഥരായിത്തീൎന്ന ആ വ്യക്തിയുടെ സന്താനങ്ങൾ എന്നെ അവരുടെ പ്രതികാരത്തിനിരയാക്കിയിരിക്കുന്നു. എന്റെ അഭാവത്താൽ നീയും എന്റെ സന്താനങ്ങളും അനാഥരായിത്തീരുമെന്നിരുന്നാലും, ഈ ദൈവശിക്ഷയ്ക്കു നാം കീഴ്പ്പെടുകതന്നെവേണം. ഇന്നുമുതൽ നാം ഇരുവരും നമ്മുടെ കുടുംബാംഗങ്ങളും അനുഭവിക്കാനിടയുള്ള കഷ്ടതകളും ദുഃഖവും, നമ്മുടെ ചുമലിൽ വന്നുകയറിയ പാപഭാരത്തെ ലഘുവാക്കുകയും, നമ്മുടെ സന്താനങ്ങൾക്ക് ആ കളങ്കബാധ ഇല്ലാതെയാക്കുകയും ചെയ്യുമെങ്കിൽ, എന്റെ

ഈ നിർബ്ബന്ധവിപ്രവാസം ഫലപ്രാപ്തമായേയ്ക്കും. അതിനാൽ പ്രിയേ, എൻെറ വിയോഗത്തെ നീ ധൈര്യത്തോടെ സഹിച്ച്, നമ്മുടെ സന്താനങ്ങളുടെ സംരക്ഷണയിൽ ഏർപ്പെട്ട ദിവസങ്ങൾ നയിക്കുക. ദൈവാനുഗ്രഹം ലഭിക്കുന്നപക്ഷം, ഒരു വേള ഈ ജന്മത്തിൽത്തന്നെ നമുക്കു തമ്മിൽ കാണുവാനിട വരും.

പകരംവീട്ടേണമെന്ന പിതൃരാജ്ഞയെ നിറവേററുവാനായി എന്നെ ബന്ധനസ്ഥനാക്കിയിരിക്കുന്ന ഈ യുവാക്കൾ തീരെ കഠിനഹൃദയരല്ല. എൻെറ സ്ഥിതി നിന്നെ അറിയിച്ചു കൊള്ളുവാൻ അവർ അനുവദിക്കുകയും, ഈ കത്ത് നിന്നെ ഏല്പിക്കാമെന്ന് ഏല്ക്കുകയും ചെയ്തിട്ടുണ്ട്. പക്ഷെ സ്വരക്ഷയെ ലാക്കാക്കിയുള്ള ഒരു താക്കീതിന്മേലാണ് അപ്രകാരം ചെയ്തിട്ടുള്ളത്. അതു സ്വാഭാവികവുമാണല്ലോ. എൻെറ സ്ഥിതിയേപ്പററിയോ ഈ കത്തിനെപ്പററിയോ നീ ആരോടും പറഞ്ഞുപോകരുത്. അങ്ങിനെ ചെയ്യുന്നപക്ഷം ആ അപരാധത്തിനുവേണ്ടി ഞാൻ എൻെറ ജീവനെ ബലികഴിക്കേണ്ടിവരും. ഇക്കാര്യം എപ്പോഴും ഓർമ്മയിൽ ഇരിക്കട്ടെ. വായിച്ചുകഴിഞ്ഞാൽ ഈ കത്ത് ചുട്ടുനശിപ്പിക്കണം. എൻെറ സന്താനങ്ങൾക്കു കാലോചിതമായ വിദ്യാഭ്യാസം നൽകുന്നതിൽ നീ ബദ്ധശ്രദ്ധയായിരിക്കണം. അവക്കു പ്രായപൂർത്തിവന്നാൽ, അവരുടെ സമസൃഷ്ടങ്ങളായ അധഃകൃതരുടെ അവശതകളേയും സങ്കടങ്ങളേയും പരിഹരിക്കുന്നതിലുള്ള ഉദ്യമങ്ങളിൽ ഏർപ്പെട്ട്, അവരെ സ്നേഹിപ്പാനും, സേവിപ്പാനും തങ്ങളുടെ ജീവിതത്തെ അർപ്പണംചെയ്യേണമെന്നാണ് അവരുടെ പിതാവിൻെറ ആഗ്രഹമെന്ന് അവരെ നീ അറിയിക്കുകയുംവേണം. ഇതാണ് അവരോടുള്ള എൻെറ അന്ത്യശാസനം. എൻെറ ഹൃദയശുദ്ധിയും ഉദ്ദേശപാവനത്വവും ഒക്കു നിസ്സന്ദേഹം മനസ്സിലായിട്ടുണ്ടോ ആ ചിത്ഭവൻെറ കരുണയും സ്നേഹവും അനുഗ്രഹവും അവക്കു ലഭിക്കുമാറാകട്ടെ!

എന്ന് നിൻെറ സ്വന്തം

രാഘവൻ.

തന്റെ ശയനമുറിയിൽ മങ്ങിക്കത്തിക്കൊണ്ടിരുന്ന നിശാദീപത്തിന്റെ സഹായത്താൽ ഈ കത്തു മുഴുവനും വായിച്ചുതീക്കാൻ ശ്രീദേവി വളരെ പണിപ്പെട്ടു. പരിഭ്രമം, ഭയം, നിരാശ എന്നീ വിവിധവികാരങ്ങൾ തെരുതെരേ അവളെ ബാധിച്ചുകൊണ്ടിരുന്നതിനാലും, കണ്ണുകൾ മങ്ങിവന്നിരുന്നതിനാലും കത്തു വായിച്ചുതീക്കുവാൻ ദീഗ്ഘനേരം വേണ്ടിവന്നു. ദുഃഖമെന്തെന്നറിയാതെ ബാല്യകാലം മുഴുവനും മാതാപിതാക്കന്മാരുടെ വാത്സല്യലാളനയിലും, അനന്തരജീവിതം തന്റെ ആപ്തമിത്രവും കമിതാവുമായ ഭത്താവിന്റെ രക്ഷയിലും സുഖമായിക്കഴിച്ചുകൂട്ടിയ ആ യുവതിക്കു് ഈ സംഭവം തന്റെ ജീവിതത്തിലെ പ്രഥമദുഃഖാനുഭവമായിരുന്നു. ഇത്രനാളും കാലപ്രവാഹത്തിന്റെ അപ്രതിഹതമായ മാഗ്ഗത്തിലൂടെ സുരക്ഷിതമായൊഴുകിപ്പോയിരുന്ന അവളുടെ ജീവിതവഞ്ചി പെട്ടെന്നുണ്ടായ ഒരു പ്രചണ്ഡവാതപ്രഹരമേറ്റു കറങ്ങി. സുഗമമായ മാഗ്ഗത്തിലൂടെ നയിച്ചിരുന്ന അമരക്കാരന്റെ അഭാവത്തിൽ ആ ചെറുവഞ്ചി കാററിനും കോളിനും ഇരയായി, അഗാധച്ചുഴിയിലേക്കു് അതിവേഗത്തിൽ ഒഴുകിപ്പോകുവാനും തുടങ്ങി.

ശ്രീദേവീരാഘവബന്ധം വിവാഹംമുതൽ ഉണ്ടായതല്ല; ജനനാൽത്തന്നെ അവർ ബന്ധപ്പെട്ടവരാണല്ലോ. ഒരേ വീട്ടിൽ ജനിച്ചു്, ഒരേ പരിസരങ്ങളുടെ പ്രേരണാശക്തിക്കധീനരായി വളന്നുവന്ന അവരിരുവക്കും തമ്മിലുണ്ടായിരുന്ന സ്നേഹസൌഹാദ്ദങ്ങൾ അത്യഗാധവും ഗാഢവുമായിരുന്നു. അമ്മയുടെ മടിയിൽ ഇരുന്നു് അവ്യക്തശബ്ദങ്ങൾ ഉച്ചരിച്ചുതുടങ്ങിയ കാലത്തു്, രാഘവൻ ആ ശിശുവിനെ വലിച്ചെടുത്തു് മുററത്തും വളപ്പിലും കൊണ്ടോടി, മണികിലുക്കംപോലുള്ള അവളുടെ ചിരികേട്ടാനന്ദിച്ചിരുന്നു. പിച്ചനടന്നു തുടങ്ങിയപ്പോൾ മൃദുപാദങ്ങൾ പടിയിൽ തട്ടിയിടറാതെ, അകായിലും മുററത്തും അവളെപ്പിടിച്ചു നടത്തിയതു രാഘവനായിരുന്നു. എഴുത്തിനിരുത്തിയ നാൾ തുടങ്ങി വീട്ടിലെ ഗുരുനാഥ

സ്ഥാനം സ്വയം വരിച്ച്, അവളെ പഠിത്തത്തിൽ സഹായിച്ചതും രാഘവൻതന്നെ. പറമ്പും പാടങ്ങളും കടന്നു പാഠശാലയിലേയ്ക്കു പോയിരുന്നപ്പോൾ അവളുടെ പുസ്തകസഞ്ചി പേറിയതും രാഘവനല്ലാതെ മററാരുമല്ല. ഓണം, തിരുവാതിര മുതലായ ആഘോഷാവസരങ്ങളിൽ ഊഞ്ഞാലിൽ കയററിയിരുത്തി ഉച്ചത്തിൽ ആട്ടിവിട്ട്, അവളുടെ പേടിച്ചുള്ള നിലവിളി കേൾക്കാൻ കളിച്ചുനിന്നതും രാഘവൻതന്നെ. എന്നാൽ ആ മുറവിളിക്കുപകരം കിളുകിളെ ചിരിച്ചുകൊണ്ട്, ഭയലേശംകൂടാതെ ആടിക്കൊണ്ടിരുന്ന ഊഞ്ഞാലിൽനിന്നു ചാടിയിറങ്ങിയപ്പോൾ, അവളുടെ ധൈര്യത്തെ അഭിനന്ദിച്ചതും രാഘവനായിരുന്നു. സംഗീതം പഠിക്കാൻതുടങ്ങിയ കാലത്ത് അവളുടെ അപസ്വരത്തേയും അവതാളത്തേയും അവഹേളിച്ചതും രാഘവൻതന്നെ. ഇങ്ങിനെ പലവിധത്തിലുള്ള ചെറുസംഭവങ്ങളാൽ മുറുകിവന്ന അവർതമ്മിലുള്ള ബന്ധം കോമക്കുറുപ്പിൻെറ രോഗകാലംമുതൽ ഒരു പുതിയ ഘട്ടത്തെ പ്രാപിച്ചു. കുടുംബഭരണം ഭാഗിനേയനിൽ അർപ്പിച്ചതോടുകൂടെ, തൻെറ ഭാര്യയേയും ഏകസന്താനമായ ശ്രീദേവിയേയും സംരക്ഷിക്കേണ്ട ഭാരവും അദ്ദേഹം രാഘവക്കുറുപ്പിനെ ഏല്പിച്ചു. അന്നാൾമുതൽ കുറുപ്പ് ശ്രീദേവിയെ തൻെറ ഭാവി ഭാര്യയായി വീക്ഷിക്കുവാനും അവളെ പ്രണയിക്കുവാനും ബഹുമാനിക്കുവാനുംതുടങ്ങി. മരിക്കുന്നതിനുമുമ്പായി തൻെറ മകളെ പരിണീതയായിക്കാണ്മാൻ കാരണവർ ആഗ്രഹിച്ചപ്പോൾ, യുവജീവിതത്തിലേയ്ക്കു കാലെടുത്തുവെച്ചേ ഉള്ളുവെങ്കിലും അവളെ അദ്ദേഹം വിവാഹം കഴിച്ച്, ആ ലോലലതയ്ക്കു തൻെറ ജീവിതവൃക്ഷം താങ്ങായിക്കൊടുത്ത് സംരക്ഷിച്ചുവന്നു.

മാതുലൻെറ മരണശേഷം മാമൂലനുസരിച്ചു സ്വഗൃഹത്തിൽ തിരിച്ചുപോകാൻ നിർബ്ബന്ധിതയായ അമ്മായിയുടെ അവസ്ഥയോർത്തു രാഘവക്കുറുപ്പ് സങ്കടപ്പെട്ടു. സ്വന്തസഹോദരസഹോദരിമാരോ, ശ്രീദേവിയെക്കൂടാതെ മററു സന്താനങ്ങളോ ഇല്ലാതിരുന്ന ആ വിധവയുടെ ഏകാന്തവാസത്തെ പ

രിഹരിക്കുവാൻവേണ്ടി മാമൂലിനെ അതിലംഘിക്കുവാൻ അദ്ദേഹം തീച്ചപ്പെടുത്തി. ഇതിൽ ആദ്യം നാരായണിഅമ്മ വൈമനസ്യം കാണിച്ചുവെങ്കിലും, തന്നെ മാതൃനിവ്വിശേഷം സ്നേഹിച്ചാദരിച്ചുവന്ന ആ ജാമാതാവിൻെറ അഭ്യത്ഥനകൾക്കും, ശ്രീദേവിയുടെ സ്നേഹമസൃണമായ പ്രേരണകൾക്കും നിർബ്ബന്ധത്തിനും വശംവദയായി, ആയമ്മ പത്തായപ്പുരയിൽത്തന്നെ പാപ്പു തുടങ്ങി. കുടുംബസംബന്ധമായ കോടതികാര്യങ്ങൾക്കു വേണ്ടിയും, സാമുദായികവും, രാഷ്ട്രീയവുമായ ചില സമ്മേളനങ്ങളിൽ പങ്കുകൊൾവാനായും, രാഘവക്കുറുപ്പിനു പുറമേ പോകേണ്ടിവന്ന അവസരങ്ങളിൽ, പത്തായപ്പുരയിൽ ശ്രീദേവിക്കു സഹായത്തിനും സഹവാസത്തിനും അമ്മ കൂടെ ഉണ്ടായിരുന്നതു് കുറുപ്പിനു സമാധാനകരമായിരുന്നു. ഏറെനാൾ കഴിയുംമുമ്പ് ശ്രീദേവി ഗർഭംധരിച്ച് ഇരട്ട സന്താനങ്ങളെ പ്രസവിക്കയുംകൂടെ ചെയ്തപ്പോൾ നാരായണിഅമ്മയുടെ സാന്നിദ്ധ്യവും സഹായവും ആ ഗൃഹത്തിൽ കഴിച്ചുകൂടെന്നും ആയി.

ദിവസങ്ങളും, ചിലപ്പോൾ ആഴ്ചകളും, ഭത്താവിൻെറ അസാന്നിധ്യത്തിൽ കഴിച്ചുകൂട്ടിയ ശ്രീദേവിക്ക് അല്പദിവസത്തേയ്ക്കുള്ള ഭത്തൃവിയോഗം പരിചിതമായിത്തീൎന്നിരുന്നു. അത്തരം വിയോഗാവസരങ്ങളിൽ ആ ലോലലത വാടുകയോ വിളക്കുകയോ ചെയ്തിരുന്നതുമില്ല. ഭത്താവിൻെറ പ്രവൃത്തികളും, ധമ്മങ്ങളും, ഉദ്ദേശങ്ങളും, സ്പഷ്ടമായി ഗ്രഹിച്ച്, അവൾ അദ്ദേഹത്തിൻെറ സകല ഉദ്യമങ്ങളിലും സഹാനുഭൂതി പ്രദശിപ്പിക്കയും, അദ്ദേഹത്തെ സധൈൎയ്യം സഹകരിക്കയുംചെയ്തിരുന്നു. എന്നാൽ അദ്ദേഹത്തിൻെറ ആ അവസാനയാത്രയിൽ ശ്രീദേവിയ്ക്കു് അല്പം കുണ്ഠിതം ജനിക്കതന്നെചെയ്തു. തങ്ങളുടെ പ്രഥമസന്താനങ്ങളായ ഇരട്ടക്കുട്ടികളുടെ ഒന്നാമത്തെ പിറന്നാൾ ഏററവും അടുത്തിരുന്നു. ആ ദിവസം അന്നാട്ടിലുള്ള സകല അധഃകൃതക്കുട്ടികൾക്കും അന്നവും വസ്ത്രവും നല്കേണമെന്നും, തീണ്ടലും, തൊടീലും ഗണ്യമാക്കാതെ അവരെ ആ

ഗൃഹത്തിലെ ഉമ്മറപ്പുറത്തളിൽ ഇരുത്തി ഭക്ഷണം കഴിപ്പിക്കേണമെന്നും ദമ്പതിമാർ തീർച്ചപ്പെടുത്തിയിരുന്നു. മംഗലത്തു കുടുംബത്തിൽ ചിലർ ഇതിന്നനുകൂലികളായിരുന്നില്ല. അങ്ങിനെയിരിക്കുമ്പോഴാണു കുറുപ്പിനു തന്റെ വക്കീലിന്റെ ഒരടിയന്തിരക്കമ്പി കിട്ടിയതും, അന്നു വൈകുന്നേരംതന്നെ മടങ്ങിയെത്തുമെന്നുള്ള പ്രതിജ്ഞയോടുകൂടെ അദ്ദേഹം യാത്ര പുറപ്പെടേണ്ടിവന്നതും. പിറന്നാളാഘോഷം മുടങ്ങിപ്പോകുമോ എന്ന ശങ്കയായിരുന്നു അപ്പോൾ ശ്രീദേവിക്കുൽക്കണ്ഠയുണ്ടാക്കിത്തീർത്തതു്. കോടതിക്കാര്യങ്ങൾ ചിലപ്പോൾ നീണ്ടുനില്ക്കുന്ന സൊല്ലകളായി പരിണമിച്ചു കണ്ടിട്ടും ഉണ്ടു്. തന്നിമിത്തം ശ്രീദേവി അദ്ദേഹത്തോടു് അന്നത്തെ യാത്ര മുടക്കുവാനും, എന്തു കാര്യമായാലും രണ്ടുമൂന്നു ദിവസത്തേയ്ക്കു നീട്ടിവെയ്ക്കുവാൻ കമ്പിമൂലം വക്കീലിനെ അറിയിക്കുവാനും അപേക്ഷിച്ചു. എന്നാൽ ഈ അപേക്ഷയെ ബഹുമാനിക്കുവാൻ കൃത്യബോധം കുറുപ്പിനെ അനുവദിച്ചില്ല. അടിയന്തിരാവശ്യമായതുകൊണ്ടാണു് വക്കീൽ കമ്പി അയച്ചതെന്നും, മുഖതാവിൽ കണ്ടു കാര്യം അറിഞ്ഞു് അന്നുതന്നെ മടങ്ങിയെത്തുമെന്നും, പിറന്നാൾ സദ്യയ്ക്കു് ഇനിയും രണ്ടുദിവസംകൂടെ ഉള്ളതുകൊണ്ടു യാതൊരു വിഘ്നവും വരാൻ ഇടയില്ലെന്നും ഉറപ്പുപറഞ്ഞു പ്രിയതമയെ സമാധാനിപ്പിച്ചശേഷം, രാഘവക്കുറുപ്പു് ഏകനായി യാത്രപുറപ്പെട്ടു. ഭർത്താവിന്റെ പ്രതിജ്ഞകൊണ്ടു പുറമേ തൃപ്തി നടിച്ചുവെങ്കിലും, ശ്രീദേവിയുടെ മനസ്സു് അപ്രതീക്ഷിതമായ ഒരാപൽശങ്കയാൽ ചഞ്ചലപ്പെടുകതന്നെ ചെയ്തു.

പ്രതിജ്ഞ ചെയ്തപ്രകാരം കുറുപ്പു് വൈകുന്നേരം തിരിച്ചെത്തിയില്ലെങ്കിലും പിറേന്നു് എത്താതിരിക്കയില്ലെന്നു വിചാരിച്ചു് ശ്രീദേവി സമാധാനപ്പെടുവാൻ ശ്രമിച്ചു; പക്ഷേ രാത്രിയായപ്പോൾ അവളുടെ ഹൃദയത്തിൽ ചില ഭയാശങ്കകൾ ഉണ്ടായി. രാവിലെയും എത്താതിരുന്നപ്പോൾ ഹൃദയത്തെ പീഡിപ്പിച്ചുകൊണ്ടിരുന്ന വ്യഥകൾ അവളുടെ മുഖത്തു പ്രതിബിംബിക്കയും, അവൾ ഉന്മേഷരഹിതയായി പിറ

നാൾ സദ്യയ്ക്കുള്ള ഒരുക്കങ്ങൾ നിർത്തിവെയ്ക്കുവാൻ അമ്മയോടപേക്ഷിക്കുകയും ചെയ്തു. ചെറുമക്കുട്ടികൾക്കുവേണ്ടി നിശ്ചയിച്ച അന്നദാനവും വസ്ത്രദാനവും മുടക്കി അവരെ ഇച്ഛാഭംഗപ്പെടുത്തരുതെന്നും, അവരുടെസംതൃപ്തിയുംസന്തോഷവും പിറന്നാൾക്കാരായ ആ സന്താനദ്വയത്തിന് അനുഗ്രഹമായി പരിണമിക്കുമെന്നും മററും പറഞ്ഞു നാരായണിഅമ്മ സദ്യവട്ടങ്ങൾ ഒരുക്കുന്നതിൽ അമാന്തം കാണിച്ചില്ല. ശ്രീദേവി അതിൽ പങ്കുകൊള്ളാതെ പുറത്തെ കോലായിൽനിന്ന് നിന്നിമേഷയായി പടിവാതില്ക്കലേയ്ക്കു നോക്കിയും, നിന്നു ക്ഷീണിച്ചപ്പോൾ അകത്തുപോയി കിടന്നും, കുട്ടികൾ ബുദ്ധിമുട്ടിച്ചപ്പോൾമാത്രം അവരെയെടുത്തു സ്തന്യം നൽകിയും, ഒരുവിധം പകൽ കഴിച്ചുകൂട്ടി. രാത്രി തൻെറ ഉറക്കറയിൽ പ്രവേശിച്ചതോടുകൂടെ അവളുടെ മനോവ്യഥ സഹിക്കവയ്യാത്ത നിലയിലെത്തി. നിലത്തു വിരിച്ചിരുന്ന ഒരു കിടക്കയിൽ കിടന്ന് കുട്ടികളെ ഇരുവശത്തും കിടത്തിയുറക്കി, അവരുടെ കോമളമുഖങ്ങളെ നോക്കിയും, പൂമേനികളെ തലോടിയും, അർദ്ധരാത്രിവരെ അവൾ കണ്ണടക്കുകപോലും ചെയ്യാതെ കഴിച്ചുകൂട്ടി. ഹൃദയം ദുഃഖസമ്മർദ്ദമാകുമ്പോൾ ആ പീഡയെ നീക്കുവാൻ പ്രകൃതി മനുഷ്യർക്ക് ഒരു ദിവ്യൌഷധം വിധിച്ചിട്ടുണ്ടല്ലോ; എന്നാൽ ഈ ദിവ്യൌഷധപ്രയോഗമാകുന്ന അശ്രുപാതം ആ അവസരത്തിൽ ശ്രീദേവിയെ അനുഗ്രഹിച്ചില്ല. അവളുടെ കണ്ണുകൾ ശുഷ്കങ്ങളായിത്തന്നെ ഇരുന്നു. അവളുടെ ഹൃദയത്തിൽനിന്നു പൊന്തിവന്ന ചുടുവീർപ്പുകൾ ആ മുറിയിലെ വായുവിനെയും തപിപ്പിച്ചു. ചൂടു സഹിക്കാൻ കഴിയാതെ ശ്രീദേവി ശയ്യയിൽനിന്നെഴുന്നേററ് സമീപത്തുണ്ടായിരുന്ന ജനവാതിൽ മുഴുവൻ തുറന്നു പുറത്തേയ്ക്കുനോക്കിക്കൊണ്ടു വളരെനേരം നിന്നു. എന്നാൽ പുറത്തു വ്യാപിച്ചിരുന്ന നിബിഡാന്ധകാരവും നിശ്ശബ്ദതയും അവളുടെ മനസ്സിലെ ആശങ്കയെ ദ്വിഗുണീഭവിപ്പിക്കയാണു ചെയ്തതു്. പെട്ടെന്നുണ്ടായ ഒരു കാലൻകോഴിയുടെ കൂകൽ അവളെ ഒന്നു ഞെട്ടിപ്പിച്ചു; അതും ഒരത്യാപത്തിൻെറ

മുന്നറിയിപ്പായി അവൾക്കു തോന്നി. ആ നിമിഷം ജനൽപടിയിൽ ഊന്നിയിരുന്ന തൻെറ കൈമുട്ടിൽ എന്തോ ഒരു സാധനം സ്പർശിച്ചപോലെ തോന്നുകയും, തപ്പിനോക്കിയപ്പോൾ അതൊരു കടലാസ്സുചുരുളാണെന്നു മനസ്സിലാവുകയും ചെയ്തു. അതു കയ്യിൽപ്പിടിച്ചുകൊണ്ടു പുറമെ നോക്കിയപ്പോൾ, അവ്യക്താകൃതിയിൽ ഒരു കറുത്ത സ്വരൂപം വേഗത്തിൽ പിൻവാങ്ങുന്നതായും, ഏതാണ്ടു മുപ്പതുവാര അകലേയുള്ള വേലിയ്ക്കൽ എത്തിയശേഷം നീണ്ടുനിവന്നു മനുഷ്യാകൃതിയായി വേലി ചാടിക്കടന്നു് ഓടിമറയുന്നതായും അവൾ കണ്ടു. ഈ രൂപത്തെക്കണ്ടു് അവൾ ആദ്യം ഭയാക്രാന്തയായെങ്കിലും, ആകൃതിമാററം വന്നപ്പോൾ അവൾക്കു കാര്യം ഏതാണ്ടു മനസ്സിലായി. ആ വ്യക്തി തൻെറ കയ്യിൽ ഏല്പിച്ച കടലാസ് ചുരുൾ പരിശോധിക്കുവാൻ വിളക്കിനു സമീപം ചെന്നിരുന്നു. അവൾ വായിച്ച കത്താണു് ഈ അദ്ധ്യായാരംഭത്തിൽ ചേർത്തിരുന്നതു്.

വളരെ പണിപ്പെട്ടു കത്തു വായിച്ചശേഷം, ശ്രീദേവി എഴുന്നേററു് ആവേശത്തോടുകൂടെ ആ മുറിയിൽ അങ്ങോട്ടും ഇങ്ങോട്ടും ഉലാത്തി. മിക്കവാറും സ്തംഭിച്ചിരുന്ന അവളുടെ ബുദ്ധിശക്തി ഈ ദേഹചലനത്താൽ അല്പമൊന്നുണന്നു പ്രവത്തിച്ചുതുടങ്ങി. അവൾ ഇപ്പോൾ എന്താണു ചെയ്യേണ്ടതു്? ഭത്താവിൻെറ നിദ്ദേശപ്രകാരം യാതൊന്നും ചെയ്യാതെ, വരുന്നതുവരട്ടെ എന്നു വിചാരിച്ചു് അടങ്ങിയിരിക്കുകയോ, അദ്ദേഹത്തെ തെരഞ്ഞുപിടിച്ചു വിടുതൽ ചെയ്യാൻ വേണ്ട ഉദ്യമത്തിൽ ഏപ്പെടുകയോ? യാതൊന്നും ചെയ്യാതിരുന്നാൽ ദീഘകാലം — മിക്കവാറും ആജീവനാന്തം — അവൾ വിയോഗദുഃഖം ഭുജിക്കേണ്ടിവരും! കാര്യം പുറത്തുപറഞ്ഞു് അദ്ദേഹത്തെ വീണ്ടുകൊണ്ടു വരുവാൻ ശ്രമിച്ചാൽ അദ്ദേഹത്തിനു ജീവാപായം സംഭവിച്ചേക്കും. ഈ രണ്ടു വിപരീതവിചാരങ്ങളുടെ സമ്മദ്ദത്താൽ ഉണ്ടായ ധമ്മസങ്കടത്തിൽപ്പെട്ടുഴലുന്ന ആ സാധുവനിത, മുങ്ങിച്ചാവാൻപോകുന്ന ആൾ പുല്ക്കൊടി

പിടിച്ചു രക്ഷനേടാൻ ശ്രമിക്കുന്നതുപോലെ, വല്ല ആശക്കം വകയുണ്ടോ എന്നു നോക്കുവാൻ, വീണ്ടും ഒന്നുരണ്ടാവത്തിക്കൂടെ കത്തെടുത്തു വായിച്ചു. വരികളുടെ ഇടയിൽപ്പോലും ആശാജനകമായ യാതൊന്നും അവൾക്കു കാണ്മാൻ കഴിഞ്ഞില്ല. "ദൈവാനുഗ്രഹം ലഭിക്കുന്നവക്ഷം"..........മററുള്ളവരുടെ പാപഫലത്തെ നിർദ്ദോഷികളുടെ ചുമലിൽ കയററിയ ദൈവം ന്യായമാണോ പ്രവത്തിച്ചതു്? പിന്നെ അനുഗ്രഹം എങ്ങിനെ ലഭിക്കും? "കഠിനഹൃദയരല്ല......സ്വരക്ഷയെ ലാക്കാക്കിയ താക്കീതിന്മേൽ......". കഠിനഹൃദയരല്ലെങ്കിൽ താക്കീതിന്മേൽ ഉള്ള കരുണ......അതൊരു ക്രയവിക്രയ ഏപ്പാടല്ലെ? നിവ്യാജമായ കരുണയല്ലല്ലൊ. "ആരോടും പറഞ്ഞുപോകരുതു്......കത്തു വായിച്ചുകഴിഞ്ഞാൽ ചുട്ടു നശിപ്പിക്കണം......അവരോടുള്ള അന്ത്യശാസനം......" ഹ! ഈ വരികളിൽനിന്നു് എന്താശ്വാസമാണു ലഭിക്കുക! ശ്രീദേവിയുടെ മനസ്സു നിരാശാനിബിഡമായ തമസ്സാൽ മൂടപ്പെട്ടു. ആശാസൂചകമായ ഒരു രജതരേഖപോലും അന്ധകാരമയമായ അവളുടെ വിചാരാന്തരീക്ഷത്തിൽ മിന്നിക്കണ്ടില്ല. അവളുടെ ജീവലതക്കവലംബമായിരുന്ന മഹാവൃക്ഷത്തിൻെറ അഭാവത്തിൽ അവൾക്കു് രക്ഷയെവിടെ? വാടിത്തളന്ന ആ വള്ളി നിലംപതിക്കതന്നെ ചെയ്തു.

നേരം പ്രഭാതത്തോടടുത്തുതുടങ്ങി. പതിവുസമയത്തു് ചെറുപൈതങ്ങൾ ഉണന്നു് 'മ' 'ച' എന്നീ അവ്യക്തശബ്ദങ്ങൾ പുറപ്പെടുവിച്ചുകൊണ്ടു് കിടക്കയിൽ തപ്പിപ്പിടഞ്ഞെഴുനേററിരുന്നു. അമ്മയെ അവിടെ കാണാതെ അവർ കിടക്കയിൽനിന്നിഴഞ്ഞു താഴത്തിറങ്ങി അന്യോന്യം പിടിച്ചുവലിക്കാനും കുറേശ്ശെ കരയുവാനും തുടങ്ങി; വിളക്കിനു സമീപത്തു പ്രജ്ഞാരഹിതയായിക്കിടന്ന ശ്രീദേവി കുട്ടികളുടെ കരച്ചൽ കേട്ടതുമില്ല. ശിശുക്കൾ ഇഴഞ്ഞുചെന്നു് അമ്മയുടെ ദേഹത്തു വലിഞ്ഞുകയറാനും ഉരുണ്ടുവീണു് ഉറക്കെ കരയുവാനും തുടങ്ങി. കുട്ടികളുടെ കരച്ചൽവല്ലാതെ മററനക്കങ്ങൾ ഒന്നും

കേൾക്കാതിരുന്നപ്പോൾ, അടുത്ത മുറിയിൽ കിടന്നിരുന്ന നാരായണിഅമ്മ വാതില്ക്കൽ മുട്ടി മകളെ വിളിച്ചു. വാതില്ക്കൽ മുട്ടുന്ന ശബ്ദവും, വിളിയും, കുട്ടികൾ പുറത്തു കയറിയപ്പോൾ ഉണ്ടായ ചലനവും ഒത്തുചേൎന്നു ശ്രീദേവിയെ മൂർച്ഛയിൽ നിന്നു മെല്ലെ ഉണൎത്തി. കണ്ണു തുറന്നു്, കുട്ടികളെ തഴുകിക്കൊണ്ടു സാവധാനത്തിൽ എഴുന്നേററിരുന്നു് അവൾ അമ്മയുടെ വിളിക്കു് ഉത്തരം മൂളി. താഴത്തു കിടന്ന ആ കടലാസെടുത്തു് ആൺകുട്ടി ഒരുഭാഗം പിടിച്ചു ചീന്തുകയും പെൺകുട്ടി അതിനെ വലിച്ചെടുത്തു വായിലാക്കാൻ തുടങ്ങുകയും ചെയ്യുന്നതു കണ്ടപ്പോൾ, ശ്രീദേവിക്കു കത്തിൻെറ കാൎയ്യം ഓൎമ്മ വന്നു. അവൾ ആ കടലാസുകഷണങ്ങളെ കുട്ടികളുടെ കയ്യിൽനിന്നു പിടിച്ചുവാങ്ങി തൻെറ കഞ്ചുകത്തിനുള്ളിൽ മറച്ചുവെച്ച ശേഷമാണു്, വാതിൽ തുറന്നു് അമ്മയെ അകത്തു കടത്തിയതു്.

"ശ്രീദേവീ, എന്താ കഥ! കുട്ടികൾ എത്ര നേരമായി കരയുന്നു! നീ ഉറങ്ങിപ്പോയയോ?" എന്നു ചോദിച്ചുകൊണ്ടു നാരായണി അമ്മ മുറിക്കുള്ളിൽ പ്രവേശിച്ചു. കുട്ടികൾ നിലത്തു മൂത്രവിസൎജ്ജനം ചെയ്തു്, അവിടെത്തന്നെ കിടന്നിഴയുന്നതും ശ്രീദേവി അതു കാണാത്തപോലെ അലസയായി നില്ക്കുന്നതും കണ്ടപ്പോൾ ആയമ്മെക്കു ചില സംശയങ്ങൾ ജനിച്ചു. വേഗത്തിൽ അടുത്തുചെന്നു് അവളുടെ കൈകളെ പിടിക്കുകയും നെററി തൊട്ടുനോക്കുകയും ചെയ്തപ്പോൾ അവൾക്കു കഠിനമായി പനിക്കുന്നുവെന്നു മനസ്സിലായി. "അയ്യോ മകളെ, നിനക്കു കലശ്ശലായി പനിക്കുന്നുവല്ലൊ; മുഖം വല്ലാതെ വിളൎത്തിരിക്കുന്നു. നീ രാത്രിയിൽ ഉറങ്ങീട്ടില്ലെന്നു തോന്നുന്നു. കുറച്ചുനേരം കിടക്കു, ഞാൻ കുട്ടികളെ കഴുകിക്കട്ടെ," എന്നു പറഞ്ഞുകൊണ്ടു് അമ്മ മകളെ സാവധാനം നടത്തി ശയനമഞ്ചത്തിനുസമീപം എത്തിച്ചു. കിടത്തുന്നതിനു മുൻപായി അവളെ തൻെറ മാറോടണച്ചു നെററിത്തടത്തിൽ ഒന്നു ചുംബിച്ചു. മാതൃവക്ഷസ്സിൻെറ ശീതളസ്പൎശം ഏല്ക്കുകയും; മാതൃപും

ബന്ധത്തിന്റെ ദിവ്യഫലം അനുഭവിക്കയും ചെയ്തപ്പോൾ, ആ സാധുവനിതയുടെ മനസ്സിനെ ഞെക്കി ഞെരിച്ചുകൊണ്ടുനിന്ന ദുഃഖം പൊട്ടിവാൎന്നൊഴുകുവാൻ തുടങ്ങി. അവളുടെ ശിരസ്സിനെ തന്റെ തോളിൽ ചായ്ച്ചുപിടിച്ചുകൊണ്ടു്, നാരായണിഅമ്മ തന്റെ പ്രേമസൎവ്വസ്വവും, ജീവിതത്തിലെ ഏകശരണവുമായ പുത്രിയുടെ വ്യസനത്തെ ശമിപ്പിക്കുവാൻ ശ്രമിച്ചു. അവളുടെ ദേഹത്തെ തഴുകിയും തലോടിയും, സമാധാനവാക്കുകൾ പറഞ്ഞും, ഈശ്വരാനുഗ്രഹത്തിനായി മൌനമായി പ്രാൎത്ഥിച്ചും, തന്റെ ഹൃദയത്തിൽ നിറഞ്ഞുവന്ന സങ്കടത്തെ ധൈൎയ്യപൂൎവ്വം അമൎത്തിയും, ആ വീരമാതാവു തന്റെ മാതൃമഹിമയെ പ്രദൎശിപ്പിച്ചു. അല്പനേരം ഇങ്ങിനെ കഴിച്ചുശേഷം പുത്രിയെ കട്ടിലിൽ കിടത്തി, കണ്ണുനീർ തുടച്ചുകളഞ്ഞു്, കുട്ടികളെ കഴുകിക്കുവാൻപോയി. അമ്മ പുറത്തിറങ്ങിയ ഉടൻ ശ്രീദേവി മഞ്ചത്തിൽനിന്നെഴുന്നേറ്റു് അടുത്ത മുറിയിൽ പോയി അലമാര തുറന്നു് അതിന്റെ കീഴ്ഭാഗത്തുണ്ടായിരുന്ന വലിപ്പു വലിച്ചുനീട്ടി അതിൽ വെച്ചിരുന്ന തന്റെ ആഭരണപ്പെട്ടി തുറന്നു കഞ്ചുകത്തിനുള്ളിൽ സൂക്ഷിച്ചിരുന്ന കടലാസുകഷണങ്ങൾ ഭദ്രമായി ചുരുട്ടി ആ ചെല്ലത്തിന്റെ അഗാധ അറയിൽ നിക്ഷേപിച്ചു്, വലിപ്പും അലമാരയും പൂട്ടി, മടങ്ങിവന്നു് മഞ്ചത്തിൽ കിടന്നു. കാൽനാഴിക കഴിഞ്ഞശേഷമാണു് നാരായണിഅമ്മ തിരിച്ചുവന്നതു്. അമ്മ പടികടന്ന ഉടൻ മകൾ ചോദിച്ചു "അമ്മേ കുട്ടികളെവിടെ?"

നാ. അ—തളത്തിലുണ്ടു്; കാൎത്ത്യായനി അവരെ നോക്കിക്കൊള്ളും. നിനക്കല്പം ഉറങ്ങരുതോ മകളെ?

ശ്രീ—കുട്ടികൾക്കു മുല കൊടുത്തില്ലല്ലോ. അവർ വിശന്നു കരയും; ഇങ്ങട്ടു കൊണ്ടരാൻ പറയൂ.

നാ. അ—വേണ്ടാ, അവക്കു ഞാൻ അല്പം പാൽപ്പൊടി കലക്കിക്കൊടുത്തു. ഇവിടെ വന്നാൽ നിന്റെ അരികത്തുവന്നു കയറാൻതുടങ്ങും. അല്പനേരമെങ്കിലും നീ സ്വൈരമായി

കിടക്ക. ചുട്ടുപൊള്ളുന്ന ഈ ദേഹത്തിലെ ചൂടേല്ക്കുന്നതും അവക്കു നന്നല്ല. ഇപ്പോ൦ മുലയും കൊടുക്കേണ്ട.

ശ്രീ—അമ്മേ, അദ്ദേഹം മടങ്ങിയെത്തിയില്ലല്ലോ. ഇന്നത്തെ പിറന്നാ൦സദ്യ മുടക്കിയാലെന്ത്?

നാ. അ—എന്താ മകളെ, നിനക്കിശാഠ്യം? ഇന്നലെ തുടങ്ങി നീ ഈ പല്ലവിതന്നെ പാടുന്നു. രാഘവൻ ഇന്നു വന്നെത്താതിരിക്കില്ല. ഒരുവേള വന്നെത്തിയില്ലെങ്കിൽക്കൂടെയും സദ്യ മുടക്കേണ്ട ആവശ്യമെന്ത്? ആ ഓമനകളുടെ ജന്മദിവസമാകുന്ന ഈ ശുഭനാളിൽ ഒരു സദ്യകഴിച്ച് സാധുക്കുട്ടികളെ തൃപ്തിപ്പെടുത്തേണ്ടുമെന്നു മാത്രമല്ല, അവരെ വീട്ടിൽക്കടത്തി അയിത്താചാരം നാം ഗണിക്കുന്നില്ലെന്നു നാട്ടുകാരെ മനസ്സിലാക്കണമെന്നും രാഘവൻ തീച്ചപ്പെടുത്തിയതാണ്. അതിനെ വിഘ്നപ്പെടുത്തുവാൻ നീ കാരണമാകരുത്.

ശ്രീ—അമ്മേ, അദ്ദേഹത്തിൻെറ ഈ ഉദ്യമത്തിനെതിരാളിക൦ ഈ നാട്ടിലും, ഈ ഗൃഹത്തിൽത്തന്നേയും ഉണ്ടെന്ന് അമ്മയ്ക്കറിഞ്ഞുകൂടെ? അദ്ദേഹം വന്നെത്തിയില്ലെങ്കിൽ അവരാരെങ്കിലും വല്ലതും വരുത്തിക്കൂട്ടിയെങ്കിലോ? അവസാനനിമിഷം അങ്ങിനെ വല്ലമുടക്കവും വരുത്തുന്നതിനേക്കാ൦.......

നാ. അ—ശ്രീദേവീ, നിനക്ക് അശുഭപ്രതീക്ഷയേ ഉള്ളുവെന്നു തോന്നുന്നു. ശത്രുക്കളോടൊപ്പം നമുക്കു മിത്രങ്ങളും ഇല്ലേ? മിത്രങ്ങളുടെ സഹായത്താൽ വട്ടങ്ങളെല്ലാം പൂത്തിയായിരിക്കുന്നു. ശത്രുക്ക൦ എന്തുചെയ്യുന്നുവെന്നു കാണട്ടെ. ആ ഫലം നമ്മ൦ അനുഭവിപ്പാൻ തയ്യാറായതല്ലേ? സാധുക്കുട്ടിക൦ ഈ ദിവസവും എണ്ണിയെണ്ണി കാത്തിരിക്കയാണ്! അവരുടെ സന്തോഷവും സംതൃപ്തിയും നമുക്ക് അനുഗ്രഹമായിത്തന്നെ വരും.

ശ്രീ—അമ്മയ്ക്കു ധൈയ്യമുണ്ടെങ്കിൽ നടത്തിക്കൊള്ളൂ. ഞാൻ മുടക്കം പറയുന്നില്ല. പക്ഷെ അദ്ദേഹം വന്നെത്തുമെന്നെനിക്കാശയില്ല.

നാ. അ—എനിക്കു ധൈൎയ്യമുണ്ട്. രാഘവൻ എത്തിയില്ലെങ്കിലും, അവൻെറ ആഗ്രഹശക്തിയും ഉദ്ദേശശുദ്ധിയും ഇക്കാൎയ്യത്തിൽ സഹായിക്കും. ഞാൻ എന്തു ചെയ്വാനും സഹിക്കാനും തയാർ. നിൻെറ സ്ഥിതി കണ്ടിട്ടാണ് എൻെറ മനസ്സു പതറുന്നത്. കുട്ടികളെ നീതന്നെ അമ്പലത്തിൽ കൊണ്ടുപോകണമെന്നായിരുന്നു എൻെറ ആഗ്രഹം.

ശ്രീ—കുട്ടികളെ അമ്പലത്തിൽ കൊണ്ടുപോകാതിരിക്കയാണുത്തമം. ബ്രാഹ്മണസദ്യ വേണ്ടെന്നുവെച്ചതിൽ പൂജക്കാരനും മററു ബ്രാഹ്മണരുമൊക്കെ കോപിച്ചിരിക്കയാണ്. അവരുടെ കോപശാപങ്ങൾ കുട്ടികൾ ഏല്ക്കാതിരിക്കുമല്ലോ.

നാ. അ—എന്നാലാകട്ടെ. അവരെ അയക്കുന്നില്ല. ഒരു നെയ്യ്വിളക്കും പൂച്ചാത്തും കഴിപ്പിക്കാം.

ശ്രീ—അതും അവിടെ ശരിക്കു നടത്തുമൊ എന്നാണെനിക്കു സംശയം. ശാന്തിക്കാരന് അത്രയ്ക്കുണ്ട് വാശി.

നാ. അ—എടുത്തില്ലെങ്കിൽ വേണ്ടാ. ഈശ്വരനെയല്ലെ നാം ഭജിക്കേണ്ടതും പൂജിക്കേണ്ടതും; ശാന്തിക്കാരെ അല്ലല്ലോ.

ശ്രീ—വിശ്വവ്യാപിയായ ആ ദിവ്യമൂൎത്തിയെ ഭജിക്കുവാൻ അമ്പലത്തിൽപോയേ കഴിയൂ എന്നില്ല. അദ്ദേഹം കരുണാശാലിയാണെങ്കിൽ എൻെറ നിസ്സഹായരായ ഓമനകളെ അനുഗ്രഹിക്കാതിരിക്കയില്ല.

നാ. അ—മകളേ, നീ അവരെ നിസ്സഹായർ എന്നു പറയുന്നതെന്തിന്? അവൎക്കു വേണ്ടപ്പെട്ടവരൊക്കെ ഉണ്ട്, എന്താണവൎക്കൊരു കുറവ്?

ശ്രീ—അമ്മേ, എൻെറ മനസ്സിൽ അടക്കാൻ കഴിയാത്ത ചില വിചാരങ്ങൾ തള്ളിക്കയറുന്നു. അതിൻെറ ഫലമായി പറഞ്ഞുപോയതാണ്.

നാ. അ—മകളെ, എൻെറകുട്ടി ധൈൎയ്യമായിരിക്കൂ. അല്പം വിശ്രമിച്ച് ഉറങ്ങിയാൽത്തന്നെ നിൻെറ മനസ്സ് ശാന്തമാകും; പനിയും താഴും. കാൎയ്യങ്ങളൊക്കെ ഭംഗിയായി നടത്താനുള്ളഭാരം ഞാനേററു. ഇതാ ഞാൻ നാലുകെട്ടിൽപോ

യി കരുണാകരനെക്കണ്ടു്, രാഘവനെ വക്കീലിന്റെ വീട്ടിൽപ്പോയിക്കണ്ടുപിടിക്കാനും, കമ്പി അടിക്കാനും ഒക്കെ ഏർപ്പാടുചെയ്യട്ടെ.

"ഈശ്വരാ, എനിക്കിന്നു രണ്ടാളുടെ ശക്തിയും ധൈര്യവും തന്നരുളണേ!" എന്നു പ്രാർത്ഥിച്ചുകൊണ്ടു നാരായണി അമ്മ കാര്യനിർവ്വഹണത്തിന്നായി പുറപ്പെട്ടു.

## അദ്ധ്യായം 5

### നാരായണിഅമ്മയുടെ നായകത്വം

മംഗലത്തു പത്തായപ്പുരയിലെ പിറന്നാളാഘോഷം ഒരുവിധം തൃപ്തികരമായിക്കഴിഞ്ഞുകൂടി; രാഘവക്കുറുപ്പിന്റെ അസാന്നിദ്ധ്യമല്ലാതെ സാരമായ വേറൊരു കുറവും അവിടെ ഉണ്ടായിരുന്നില്ല. അദ്ദേഹത്തിന്റെ സമുദായപരിഷ്കാരകൃത്യങ്ങളിൽ അനുകൂലിക്കയും സഹകരിക്കയും ചെയ്തുപോന്ന സ്വകുടുംബത്തിലെ യുവാംഗങ്ങളും ഒട്ടേറെ സ്നേഹിതന്മാരും അവിടെ ഒത്തൊരുമിച്ചു യത്നിച്ചിരുന്നു. സർവ്വനായകത്വം വഹിച്ചതു നാരായണിഅമ്മ തന്നെയായിരുന്നു; സഹകാരികൾ ഇതിൽ ഒട്ടേറെ സന്തോഷിക്കയും, ആ അമ്മയുടെ സാമർത്ഥ്യവും ധൈര്യവും കണ്ടു മനസാ അവരെ അഭിനന്ദിക്കയുംചെയ്തു.

ശ്രീദേവിയുടെ സ്ഥിതിമാത്രം ഏറ്റവും പരിതാപകരമായിരുന്നു. ഭർത്താവിന്റെ അവസ്ഥ എന്താണെന്നു ഗ്രഹിച്ചിട്ടും അതു പുറത്തുപറവാൻ അവൾക്കു ധൈര്യമുണ്ടായില്ല. കാര്യം പുറത്താക്കിയാൽപോലും അദ്ദേഹത്തിനെ രക്ഷിക്കുവാൻ ആർക്കു സാധിക്കും? വേറൊരു സംശയംകൂടെ അവളുടെ ഉള്ളിൽ കടന്നുകൂടി. കുറുപ്പിന്റെ സമുദായപരിഷ്കാരസംരംഭങ്ങളേയും, അധഃകൃതോദ്ധാരണയത്നങ്ങളേയും വിപ്ലവകരങ്ങളും അനാശാസ്യങ്ങളും നാശോന്മുഖങ്ങളുമായിട്ടാണ് അവിടങ്ങളിലുള്ള പല പഴമക്കാരും വീക്ഷിച്ചിരുന്നതു്. അദ്ദേഹത്തിന്റെ ഉത്കൃമ

ങ്ങളെ തടയാൻ പല വിദ്യകളും അവർ പ്രയോഗിച്ചുനോക്കി. അതുകൊണ്ടൊന്നും അദ്ദേഹത്തിനൊ സഹപ്രവത്തകന്മാൎക്കൊ കുലുക്കമില്ലെന്നുകണ്ടു് അവർ പ്രക്ഷുബ്ധരായി പ്രതികാരേച്ഛുക്കളായിത്തീൎന്നിട്ടുണ്ടെന്നു് ശ്രീദേവിയ്ക്കറിയാമായിരുന്നു. ഒന്നുരണ്ടവസരങ്ങളിൽ ഇക്കാൎയ്യത്തെപ്പററി കുറച്ചുമായി സംസാരിക്കാൻ ഇടയായപ്പോൾ അദ്ദേഹം പറഞ്ഞതു്, അത്തരം ക്ഷോഭങ്ങൾ തൻെറ ഉദ്യമങ്ങളെ ഫലവത്താക്കുവാൻ സഹായിക്കുമെന്നും, ലോകത്തിൽ യാതൊരു നൂതനസംരംഭങ്ങളും എതിൎപ്പുകൂടാതേയോ കക്ഷിപിരിവുകൂടാതേയോ പ്രാപ്യസ്ഥാനത്തെത്തീട്ടില്ലെന്നും, തൻെറ എതിരാളികൾ മുഴക്കുന്ന പ്രതികാരഭീഷണികൾ തനിക്കഭിമുഖമായിവരുന്ന വിജയശ്രീയുടെ രഥധ്വനിയായി കരുതേണമെന്നും ആയിരുന്നു. ശ്രീദേവി ആ സമയത്തു സമാധാനചിത്തയായെങ്കിലും, അദ്ദേഹത്തിൻെറ ഇപ്പോഴത്തെ തിരോധാനം ശത്രുക്കളുടെ കുതന്ത്രഫലമാണോ എന്നും, അടിയന്തിരം മുടക്കുവാനായി അവർ അദ്ദേഹത്തെ തടഞ്ഞുവെയ്ക്കുകയോ, ഒരുവേള ഇതിനിടയിൽ അപായപ്പെടുത്തുകയോ ചെയ്തിരിക്കുമോ എന്നും അവൾ ഇപ്പോൾ ഭയപ്പെട്ടുവാൻതുടങ്ങി. എന്നാൽ അമ്മയുടെ ധൈൎയ്യവും, അടിയന്തിരം നിൎവ്വഹിക്കുന്നതിൽ കാണിച്ച ശ്രദ്ധയും നിമിത്തം, തൻെറ ഭയത്തേയും മനോവേദനയേയും പുറത്തറിയിച്ചു് അവരെ ഉത്സാഹഭഗ്നയാക്കരുതെന്നു വിചാരിച്ചു്, ആ ദിവസം തൻെറ കണ്ണുനീരിനേയും നിശ്വാസങ്ങളേയും കഴിയുന്നത്ര ഒളിപ്പിച്ചുവെയ്ക്കുവാനും അമൎത്തുവാനും അവൾ ശ്രമിച്ചു. പക്ഷെ ഈ ശ്രമം അവളുടെ ദേഹശക്തിയെ ബാധിച്ചു; കിടക്ക വിട്ടെഴുനേൽക്കാനോ, കുട്ടികളെ ശുശ്രൂഷിക്കുവാനോ അന്നു് അവൾ പ്രാപ്തയായില്ല. പ്രവൃത്തിത്തിരക്കിനിടയിൽ അപ്പപ്പോൾ മുറിക്കുള്ളിൽ കടന്നുവന്നു് അന്വേഷണങ്ങൾചെയ്ത അമ്മയോടു്, "എനിക്കൊന്നുമില്ലമ്മെ, ഞാൻ ഉറങ്ങുകയാണു്; അമ്മ കടന്നുവന്ന ശബ്ദംകേട്ടുണൎന്നതേ ഉള്ളു. അദ്ദേഹം വന്നാൽ ഉടൻ എന്നെ അറിയിക്കണേ," എന്നു ക

ളുവുപറഞ്ഞു് അവരെ സമാധാനപ്പെടുത്തിയും, മനസ്സു നീറിയും, ദേഹം വിയൎത്തൊലിച്ചും, ആ ഇരുട്ടുമുറിയിൽ പകൽ മുഴുവനും കഴിച്ചു.

പിറന്നാൾദിവസം നേരം പ്രഭാതമായ ഉടൻ-നാരായണിഅമ്മ നാലുകെട്ടിൽപോയി കുറുപ്പിന്റെ അനുജന്മാരോട് അദ്ദേഹത്തെ അന്വേഷിക്കുവാൻ ഏൎപ്പാടുചെയ്തു; അടിയന്തിരത്തിനു സഹായിക്കുവാൻ വന്നുചേൎന്ന കുറുപ്പിന്റെ സ്നേഹിതന്മാരിൽ ചിലരേയും ഈ ഭാരം ഏല്പിച്ചു. അതിനുശേഷം തലേനാൾ തുടങ്ങിവെച്ച വെയ്പിന്റെ ശ്രമങ്ങൾ തുടൎന്നുകൊള്ളുവാൻ മററു ചിലരെ ഏൎപ്പെടുത്തി. അമ്പലത്തിൽ നെയ്‌വിളക്കു വെയ്ക്കുവാനുള്ള നെയ്യും പൂച്ചാത്തിന്റെ ചെലവിനുള്ള ഉരുപ്പികയും കൊണ്ടുപോയ ഭൃത്യൻ മടങ്ങിവന്നു് പൂജക്കാരൻ അവ സ്വീകരിച്ചിട്ടില്ലെന്നും, ചില ഭള്ളുവാക്കുകൾ പറഞ്ഞു തന്നെ ആട്ടി ഓടിച്ചുവെന്നും അറിയിച്ചു.

നാ. അ—എടുത്തില്ലെങ്കിൽ വേണ്ടാ; ഈ കൂട്ടരുടെ സഹായം കൂടാതെ എനിക്ക് ഈശ്വരനെ പൂജിക്കുവാൻ കഴിയും. നായിന്റെ വാലാണ് ഇവററയുടെ ഭള്ളുവാക്ക്!

ഭൃത്യൻ—അമ്മേ, എന്തു ചീത്തവാക്കുകളാണ് ഈ വീട്ടുകാരെപ്പററി എമ്പ്രാന്തിരി പറഞ്ഞതു്! എനിക്കതൊന്നും പറവാൻ നാവു പൊന്തുന്നില്ല.

നാ. അ—അമ്പലത്തിന്നുള്ളിൽ നിന്നല്ലേ പറഞ്ഞതു്? ഈശ്വരപൂജ ചെയ്യുന്ന ആളുടെ മനസ്ഥിതിവിശേഷം തന്നേ!

ഭൃ—എന്നിട്ടു് എന്റെ നേൎക്കു കാൎക്കിച്ചൊരു തുപ്പും!

നാ. അ—അതും ബഹുവിശേഷം! നീ കടന്നു കയറി—അല്ലല്ല, നിന്നോടല്ലല്ലോ അയാൾക്കു വെറുപ്പും കോപവും, ഞങ്ങളോടല്ലേ?—ഞങ്ങളുടെ വഴിപാടുകൊണ്ടു കയറി അമ്പലം അശുദ്ധമാക്കിയതുകൊണ്ടു്, അവിടം ശുദ്ധമാക്കാനുള്ള പുണ്യാഹമായിരിക്കും തുപ്പൽ!

ഭൃ—പോകേണ്ടിയിരുന്നില്ലെന്നു തോന്നിപ്പോയി. എനിക്കെന്റെ വായ ചൊറിഞ്ഞു; കൈ തരിച്ചു; നല്ല ഉത്തരം പറ

വാൻ എനിക്കറിയാഞ്ഞിട്ടല്ല. വേറൊരു സ്ഥലത്തുവെച്ചായിരുന്നെങ്കിൽ ചെള്ളയ്ക്കു രണ്ടു കൊടുക്കുമായിരുന്നു.

നാ. അ—ഉത്തരം പറയാത്തതു നന്നായി. ഈശ്വരസാന്നിദ്ധ്യമുണ്ടെന്നു നാം വിശ്വസിക്കുന്ന സ്ഥലമല്ലേ അതു്? അവിടെ വെച്ചല്ല കോപിക്കുകയും പകരം വീട്ടുകയും മററും ചെയ്യേണ്ടതു്.

ഭൃ—എമ്പ്രാന്തിരി നല്ല പാഠമാണു് എന്നെ പഠിപ്പിച്ചതു്!

നാ. അ—അയാളെ കുററം പറവാനില്ല. ഈശ്വരപൂജ എന്നും പറഞ്ഞു തനിക്കു തന്നെ അർത്ഥം മനസ്സിലാകാത്ത ചില മന്ത്രങ്ങൾ തെററായി ഉച്ചരിച്ചു ചില ചടങ്ങുകൾ കാട്ടിക്കൂട്ടുന്നു. അതിനാൽ തൻെറ വയറുപിഴപ്പിനുള്ള വക കിട്ടും. മററു തൊഴിൽപോലെ ഇതും ഒരു ഉപജീവനമാർഗ്ഗം. ഈ എമ്പ്രാന്തിരിയെപ്പോലുള്ള പൂജക്കാർക്കു് എന്തു പഠിപ്പാണുള്ളതു്? ഇവരുടെ മനസ്ഥിതി എന്താണു്? ആകട്ടെ, ഇതൊക്കെ സംസാരിച്ചു നില്പാൻ ഇപ്പോൾ സമയമില്ല. നമ്മുടെ കാര്യം നോക്കാം.

ഭൃ—അമ്മേ, അമ്പലത്തിൽ കൊണ്ടുപോയി മടക്കിക്കൊണ്ടുവന്ന നെയ്യ് എന്തു ചെയ്യാനാണു്?

നാ. അ—അതു് എൻെറ പൂജാമുറിയിലെ വിളക്കിൽ പകന്നു് ഇന്നു വാടാവിളക്കു കത്തിക്കാം. ഞാൻ ആ മുറി അടിച്ചുതളിച്ചു ശുദ്ധമാക്കട്ടെ. നെയ്യ് ഇങ്ങു താ. എന്നിട്ടു നീ പോയി ഒരുറുപ്പികയ്ക്കു പൂമാലയും വാങ്ങിക്കൊണ്ടുവാ.

ഭൃ—അങ്ങിനെതന്നെ. ഞാനിതാ പോകാം.

നാ. അ—ശ്രീദേവിയുടെ അഭിപ്രായമനുസരിച്ചു കുട്ടികളെ അമ്പലത്തിലേയ്ക്കു കൊണ്ടുപോകാത്തതു നന്നായി. വെറുപ്പും ദ്വേഷവും, അശുദ്ധവിചാരങ്ങളും കലന്ന ആ പരിസരങ്ങൾ വിഷമയമാണു്.

ഭൃ—അതേ അമ്മേ, അവരെ കൊണ്ടുപോകാഞ്ഞതു നന്നായി. എമ്പ്രാന്തിരിയുടെ പുലഭ്യംകേട്ടു് എൻെറ ചെവിപോലും അയിത്തമായി. തുപ്പൽ എൻെറ പുറത്തു വീണില്ലെങ്കിലും

കൂടെ എനിക്കു് അറപ്പുതോന്നുന്നു. ഞാൻ ആദ്യം കുന്നപോയി കുളിക്കട്ടെ; എന്നിട്ടു പൂമാല വാങ്ങിക്കൊണ്ടുവരാം.

നാ. അ.— ഞാൻ പൂജിക്കുന്ന ബാലഗോപാലവിഗ്രഹത്തെ ഇന്നു പൂമാലകൊണ്ടലങ്കരിച്ചു്, മുൻപിൽ നെയ്വിളക്കുംവെച്ചു്, എന്റെ ഓമനക്കിടാങ്ങളെ ആ ദിവ്യമൂർത്തിയുടെ പാദനമസ്കാരം ചെയ്യിക്കും. നിഷ്കന്മഷരായ സാധുപ്പുലയക്കുട്ടികൾക്കു ഭക്ഷണംകൊടുത്തു തൃപ്തിപ്പെടുത്തുന്നതുകൊണ്ടു് അദ്ദേഹം പ്രസാദിക്കതന്നെ ചെയ്യും. ആ ഗോപകുമാരന്റെ ചങ്ങാതികൾ ബ്രാഹ്മണക്കുട്ടികളായിരുന്നില്ലല്ലോ, ഇടയക്കിടാങ്ങളല്ലേ? കാലിമേച്ചു നടന്ന അവസരങ്ങളിൽ, രുചികരങ്ങളായ ആഹാരസാധനങ്ങൾ തെരഞ്ഞുപിടിച്ചു കൊടുത്തു് അദ്ദേഹം അവരെ തൃപ്തിപ്പെടുത്തുകയല്ലേ ചെയ്തതു്? ആ നന്ദകുമാരന്റെ സാന്നിധ്യം ഇന്നിവിടെ ഉണ്ടാകാതിരിക്കയില്ല; അദ്ദേഹം എന്റെ കുട്ടികളെ അനുഗ്രഹിക്കയും ചെയ്യും.

നെയ്പാത്രവും എടുത്തുകൊണ്ടു നാരായണിഅമ്മ തന്റെ പൂജാമുറിയിലേയ്ക്കും, ഭൃത്യൻ പടിവാതിൽ കടന്നു പുറത്തേയ്ക്കും ബദ്ധപ്പെട്ടു നടന്നു.

പത്തുമണിക്കുമുമ്പു പുലയക്കുട്ടികളൊക്കെ ഹാജരായി. ആണും പെണ്ണുമുൾപ്പെടെ നൂറോളം കുട്ടികളുണ്ടായിരുന്നു. കുളിച്ചു കുറിയിട്ടു് ഈറൻ ധരിച്ചുകൊണ്ടാണു് അവർ ഉമ്മറപ്പന്തലിൽ വന്നുകയറിയതു്. അവക്കായി വാങ്ങിവെച്ചിരുന്ന സ്വദേശി ചെറുമുണ്ടുകൾ നാരായണിഅമ്മതന്നെ അവക്കു ദാനംചെയ്തു. നല്ലപോലെ വസ്ത്രം മുറുക്കിയുടുക്കാൻ വശമില്ലാതിരുന്ന ചെറുകുട്ടികളെ അരികിൽ വിളിച്ചു് അവർതന്നെ ഉടുപ്പിച്ചുകൊടുത്തു. അതിന്റെശേഷം ഊണിനുള്ള വട്ടമായി. ആദ്യം ഇലവെച്ചതു ചെറുകുട്ടികൾക്കായിരുന്നു. അവരെ വരിവരിയായി പന്തലിൽ ഇരുത്തി, ചോറും കറികളും വിളമ്പുന്നിടത്തും നാരായണിയമ്മ നടന്നു പരിശോധിക്കയും, കുട്ടികളോടു വൃത്തിയായും, ചേക്കേണ്ടതു ചേർത്തും, ഭക്ഷിപ്പാൻ ഉപദേ

ശിക്കയുംചെയ്തു. ഊട്ടു നടന്നുകൊണ്ടിരിക്കെ അവർ തൻെറ പൌത്രനും പൌത്രിയുമായ ചന്ദ്രനേയും ചന്ദ്രികയേയും രണ്ടാക്കത്തും വഹിച്ചുകൊണ്ടു പന്തലിൽ നടന്നു. ആ ശിശുക്കളാകട്ടെ ഈ കാഴ്ച കണ്ടു കൈകൊട്ടുകയും, ആഹ്ലാദശബ്ദങ്ങൾ പുറപ്പെടുവിക്കയും ചെയ്തപ്പോൾ അതിഥികൾ ഏററവും കുതൂഹലത്തോടെ അവരെനോക്കി ആനന്ദിച്ചു. എന്നാൽ കുട്ടികൾ മാതാമഹിയുടെ ഒക്കത്തുനിന്നും ഇറങ്ങി അവിടെ പിച്ച നടക്കുവാനും പാത്രങ്ങളെ മറിച്ചിടുവാനും തുടങ്ങിയപ്പോൾ അവരെ അകത്തേയ്ക്കയക്കേണ്ടിവന്നു. കുട്ടികളുടെ ഭക്ഷണം കഴിഞ്ഞപ്പോൾ പന്തൽ വെടിപ്പാക്കാൻ നാരായണി അമ്മയും ദാസിയും ഒരുങ്ങി ചൂലും മുറവുമായി വന്നതുകണ്ട്, അവിടെ എത്തിയിരുന്ന പുലയസ്ത്രീപുരുഷന്മാർ അതിനനുവദിക്കാതെ പന്തലിൽ പ്രവേശിച്ച് അവിടം അടിച്ചുവാരി ശുദ്ധിയാക്കി. പിന്നീട് അവരുടെ ഭക്ഷണമായിരുന്നു. ക്ഷണിച്ചും ക്ഷണിക്കാതേയും അവിടെ വന്നുകൂടിയ സകലരും സുഭിക്ഷമായി ഭക്ഷണംകഴിച്ചു. സദ്യവട്ടങ്ങൾ വളരെ കേമമോ, അനാവശ്യമായ ആഡംബരങ്ങളോടുകൂടിയവയോ ആയിരുന്നില്ല. നാടനരിച്ചോറും പരിപ്പും പപ്പടവും ഉപ്പേരിയും രണ്ടു പച്ചക്കറിക്കൂട്ടുവാനും, ചാറും മോരും, അവസാനം ശക്കരപ്പായസവും; ഇത്രമാത്രം. ഊണുകഴിഞ്ഞു മടങ്ങിപ്പോകുമ്പോൾ കുട്ടികൾക്ക് ഓരോ അവൽപ്പൊതിയും നൽകി.

പിരിഞ്ഞുപോവുംമുമ്പ് പുലയരിൽ ചിലർ പന്തലിൽ വന്നു നാരായണിഅമ്മയെ കാണണമെന്നപേക്ഷിച്ചു; ആയമ്മ കുട്ടികളെ രണ്ടാളേയും മടിയിൽവെച്ചുകൊണ്ടു പുറത്തെ കോലായിൽ വന്നിരുന്നു. നേരം രണ്ടുമണി കഴിഞ്ഞിരുന്നു. അതുവരെ ജലപാനം കഴിക്കാതേയും, വിശ്രമംകൂടാതെ അകത്തും പുറത്തും നടന്ന് ഓരോ പണിയെടുത്തും എടുപ്പിച്ചും അവർ വിയർത്തൊലിച്ചു തളൎന്നിരുന്നു. രാഘവക്കുറുപ്പിൻെറ വരവുകാണാതേയും, അദ്ദേഹത്തെപ്പററി യാതൊരു വിവരവും വ്യക്തമായി ലഭിക്കാതേയും അവരുടെ മനസ്സിൽ കടന്നുകൂടിയ വി

ഷാദവും നിമിഷംപ്രതി വൎദ്ധിച്ചുവന്നു. എന്നാൽ തറവാടിത്തവും ഗൌരവവും കലൎന്ന ഒരു ശാന്തതയല്ലാതെ മററു വികാരലക്ഷണങ്ങൾ മുഖത്തു പ്രത്യക്ഷമായിരുന്നില്ല. അവരുടെ സഹനപാടവം അത്രയ്ക്കുണ്ടായിരുന്നു. അവരുടെ ഉത്സാഹവും ധൈൎയ്യവും യത്നവുമായിരുന്നു അന്നവിടെ കൂടിയവരിലും പകൎന്നു്, പിറന്നാളാഘോഷം ഒരു പുതിയ സമ്പ്രദായത്തിൽ ശുഭമായും തൃപ്തികരമായും കഴിപ്പാൻ ഇടയാക്കിയതു്. എന്നാൽ ഏതു സഹനശക്തിക്കും പ്രകൃതിതന്നെ ഒരതിൎത്തി കല്പിച്ചിട്ടുണ്ടു്; നാരായണിഅമ്മ ഈ സമയംകൊണ്ടു് ആ അതിൎത്തിയെ സമീപിച്ചിരുന്നു. തൻെറ പാരവശ്യം വെളിപ്പെടരുതെന്നു കരുതീട്ടാണു് അവർ ശിശുക്കളോടുകൂടെ കോലായിൽ വന്നിരുന്നതു്. പുലയരിൽ ഒരുവനായ തേവൻ മുന്നോട്ടുവന്നു പറഞ്ഞു: "വല്യമ്പ്രാട്ടീ, അടിയങ്ങൾ കണ്ടു തൊഴുതു വിടകൊള്ളട്ടെ. ഇന്നു് അടിയങ്ങക്കു തിരുവോണംതന്നെ. ഇതൊരിക്കലും മറക്കുല്ല. അടിയങ്ങടെ കിടാങ്ങളെ വല്യമ്പ്രാട്ടി തൊട്ടു മുണ്ടുടുപ്പിച്ചതും ചോറു കൊടുപ്പിച്ചതും കണ്ടു് അടിയങ്ങക്കു കരച്ചൽ വന്നു. അവററക്കിതിന്നു പാക്യമൊണ്ടായല്ലോ. വല്യമ്പ്രാൻ വന്നെത്താത്ത കൊറവു് അറിഞ്ഞില്ല. വല്യമ്പ്രാട്ടി അടിയങ്ങടെ തൈവം, പഹവതി തന്നെ. വല്യമ്പ്രാൻ പഹവാനും. ഈടുന്നു് അടിയങ്ങക്കു് കിട്ടുമ്പോലത്തെ രച്ച വേറെ ചെലടത്തിന്നും കിട്ടിയാൽ ഒരു കട്ടപ്പാടും അടിയങ്ങക്കു് ഒണ്ടാവില്ല. കൊച്ചു തമ്പ്രാട്ടിയെ കണ്ടില്ല:—

നാ. അ.—അവൾക്കു നല്ല സുഖമില്ല; അതാണു വെളിയിലിറങ്ങാത്തതു്. അവൾക്കും രാഘവനും പകരം ഇതാ അവരുടെ കുട്ടികൾ രണ്ടാളുണ്ടല്ലോ. അവരെക്കണ്ടു സന്തോഷിക്കിൻ. നിങ്ങളുടെ തൃപ്തി അവൎക്കനുഗ്രഹമായിത്തീരട്ടെ!

തേവൻ—പഹവാൻ കുഞ്ഞമ്പ്രാക്കളെ അനുക്കിരഹിക്കും. അവർ നൂറു വയത്തു തികഞ്ഞിരിക്കട്ടെ. അടിയങ്ങടെ കിടാങ്ങളെ അവർ രച്ചിക്കും. അടിയങ്ങൾ വിടകൊള്ളട്ടെ തമ്പ്രാട്ടി—

നാ॰ അ.—പോവിൻ. നിങ്ങൾ സന്തോഷമായിരിക്കുന്നതു കാണ്മാൻ എനിക്കും ഭാഗ്യമുണ്ടായല്ലോ. ഒരു കാൎയ്യം തേവാ, ഞങ്ങളെ ദൈവമെന്നും, ഭഗവതി എന്നും മററും വിചാരിക്കരുതു്. തമ്പ്രാൻ, തമ്പ്രാട്ടി, അടിയങ്ങൾ എന്നൊന്നും പറയരുതെന്നു രാഘവൻ നിങ്ങളോടു പറഞ്ഞിട്ടില്ലേ? ഇന്നു മുതലെങ്കിലും ആ വാക്കുകളെ വിട്ടുകളയണം. നിങ്ങളും ഞങ്ങളും മതി. വേണമെങ്കിൽ നിങ്ങളെ രക്ഷിക്കുന്ന ആളെ യജമാനനെന്നു വിളിച്ചോളിൻ! ഞങ്ങൾ സ്ത്രീകളെ അമ്മയെന്നു വിളിച്ചാൽ പോരെ?

തേ.—അയ്യോ തമ്പ്രാട്ടി, അങ്ങിനെ വിളിച്ചു പഴകിയ നാക്കുകൊണ്ടു മാറി വിളിക്കാൻ അടിയങ്ങക്കു കഴിയൂല്ല. അടിയങ്ങളെ രച്ചിക്കുന്ന ആളുകൾ അടിയങ്ങക്കു തൈവംതന്നെ.

ഇങ്ങിനെ പറഞ്ഞു താണുതൊഴുതു്, കൂപ്പുകൈകളോടുകൂടെ ചന്ദ്രനേയും ചന്ദ്രികയേയും കൺകുളിക്കെ നോക്കിക്കൊണ്ടു് അവർ മടങ്ങിപ്പോയി.

പിന്നെ സദ്യക്കു യത്നിക്കാനും അതിൽ പങ്കുകൊള്ളുവാനും വന്നിരുന്ന ബന്ധുമിത്രങ്ങൾ ഊണുകഴിക്കു എന്ന പേർ വരുത്തി. സുഖമായുണ്ണുവാൻ അവിടെ ഒന്നും കുറവുണ്ടായിട്ടല്ല, രാഘവക്കുറുപ്പിനെപ്പററി ഒരു വിവരവും കിട്ടാഞ്ഞുകൊണ്ടുള്ള സങ്കടം നിമിത്തം ക്ഷീണം മാററാൻ മാത്രമേ അവക്കു മനസ്സു വന്നുള്ളു. പണിത്തിരക്കിന്റെ ബദ്ധപ്പാടിൽ അവർ തങ്ങൾക്കു നേരിട്ട ദുരദൃഷ്ടത്തെ വിസ്മരിച്ചും, ആശാജനകമായ വിവരം താമസിയാതെ ലഭിക്കുമെന്നു പ്രതീക്ഷിച്ചും സമയം പോക്കി. എന്നാൽ ദേഹം പണിയിൽനിന്നു വിരമിച്ചതോടുകൂടെ മനസ്സു വിഷാദമയമായിത്തീൎന്നു. ഇതിനിടക്കു് അന്വേഷണത്തിനയച്ച ചിലർ മടങ്ങിവന്നു്, വക്കീൽ കമ്പി അയച്ചിരുന്നില്ലെന്നും, കുറുപ്പു് അവിടെ ചെന്നിരുന്നില്ലെന്നും, ഉള്ള വൎത്തമാനം അറിയിച്ചു. വഴിയിലോ വാഹനങ്ങളിലോ ഒരിടത്തും അദ്ദേഹത്തെ കണ്ടവരും ഉണ്ടായിരുന്നില്ല. അദ്ദേഹം സാധാരണ പോകാറുണ്ടായിരുന്ന സ്ഥലങ്ങളിലൊക്കെ

കമ്പി അയക്കയും മറുപടി കിട്ടുകയും ചെയ്തു. അവയിലും ആശാജനകമായി യാതൊന്നുമുണ്ടായിരുന്നില്ല. വക്കീലിന്റെ സഹായത്തോടുകൂടെ പോലീസ്സിൽ വിവരം അറിയിച്ചു. അവരുടെ അന്വേഷണഫലം വഴിയെ അല്ലെ ലഭിക്കുകയുള്ളൂ. "എന്തു പററി?" "എവിടെ പോയി മറഞ്ഞു?" എന്ന ചോദ്യങ്ങൾ ശത്രുക്കളുടേയും മിത്രങ്ങളുടേയും മനസ്സിൽ ഉത്തരം ലഭിക്കാതെ മാറെറാലിക്കൊണ്ടിരുന്നു.

സായാഹ്നസന്ധ്യ സമീപിച്ചു. ആദിത്യദേവന്റെ അന്തിമകിരണങ്ങൾ പശ്ചിമനഭോമണ്ഡലത്തെ അനേക വർണ്ണങ്ങളുടെ സങ്കലനത്താൽ പ്രകാശമാനമാക്കി. അണയാൻ പോകുന്ന ആ മണിവിളക്കിന്റെ ദിവ്യപ്രഭ ഭൂതലത്തിലും വ്യാപിച്ചു. ഈ ശുഭസന്ധ്യയിൽ മംഗലത്തെ കഥയോ? അവിടത്തെ അന്തരീക്ഷം തമോബാധിതമായിത്തീൎന്നു. നൈരാശ്യപൂർണ്ണമായ നോട്ടങ്ങളും നെടുവീർപ്പുകളും ഒരിടത്തു്; മ്ലാനമായ മുഖഭാവവും, നിശ്ശബ്ദമായ അശ്രുപാതവും മറെറാരിടത്തു്; വിധിയെ ശപിച്ചുകൊണ്ടുള്ള ജല്പനങ്ങൾ വേറൊരിടത്തു്; പിറുപിറുപ്പും രോദനങ്ങളും ചിലേടത്തു്; ഇങ്ങിനെ വിവിധരീതിയിലുള്ള വിഷാദപ്രദർശനങ്ങൾ അവിടെ നടന്നു. പത്തായപ്പുരയും നാലുകെട്ടും ഒരുപോലെ സങ്കടത്തിലുഴന്നു. ഈ ഘട്ടത്തിലും നേൎത്തെത്തെ ചടങ്ങിലെ പ്രധാന നായികയായിരുന്ന നാരായണി അമ്മയാണു് ആത്മസംയമനത്തിന്റെ അവതാരമെന്നോണം തന്റേടവും ധൈൎയ്യവും കാണിച്ചു് എല്ലാവൎക്കും സാന്ത്വനം നല്കിയതു്. നാലുകെട്ടിലെ ചില മുത്തശ്ശിമാൎക്കു് ഈ പ്രൗഢയുടെ സാന്നിധ്യം ഈയിടെയായി അസുഖത്തെ ഉണ്ടാക്കിയിരുന്നു; ജാതിപ്പിശാചിന്റെ ഉച്ചാടനക്രിയയിൽ രാഘവക്കുറുപ്പിനെ പ്രേരിപ്പിച്ചതു് അവരായിരുന്നു എന്ന ധാരണയായിരുന്നു ഈ അസുഖത്തിനു കാരണം. എന്നാൽ ഇപ്പോൾ നേരിട്ട ദുരദൃഷ്ടം എല്ലാവൎക്കും പൊതുവായ ആപത്താകയാൽ സമ്മതാസമ്മതങ്ങളും, അഭിപ്രായവൈപരീത്യങ്ങളും, ഇഷ്ടാനിഷ്ടങ്ങളും മറന്നു്, നാരായണി അമ്മയെ

പാൎത്ഥസാരഥിയെപ്പോലെ കരുതി, അവരുടെ ഉപദേശങ്ങളും സമാധാനവാക്കുകളും എല്ലാവരും ചെവിക്കൊള്ളുവാനും, രോദനങ്ങളും പ്രലപനങ്ങളും മുഴക്കിക്കുഴപ്പമുണ്ടാക്കാതെ ശാന്തമായിരിക്കുവാനും, ഭാവികൎത്തവ്യത്തെപ്പററി ചിന്തിക്കുവാനും സന്നദ്ധരായി.

ഒരിടത്തുമാത്രം നാരായണി അമ്മയ്ക്കു പരാഭവമാണുണ്ടായതു്. തന്റെ ഏകസന്താനവും ഏകശരണ്യയുമായ പുത്രി, ശിശുക്കളെപ്പോലും കാണ്മാൻ ആഗ്രഹിക്കാതെ, ഞെട്ടററു നിലംപതിച്ച പൂമൊട്ടുപോലെ, വാടി വിവശയായി കിടക്കുന്ന കിടപ്പ് അവൾക്കു കണ്ടു സഹിക്കവയ്യാതായി. ശ്രീദേവിയെ എഴുനേല്പ്പിച്ച് ആഹാരം കഴിപ്പിക്കുവാൻ അവർ ഭഗീരഥപ്രയത്നം ചെയ്തിട്ടും സാധിച്ചില്ല. തന്റെ കണ്ണുനീർ അമ്മ കാണരുതെന്നു കരുതി, പകലൊക്കെ ശ്രീദേവി അവരുടെ സാന്നിധ്യത്തിൽ അതിനെ നിയന്ത്രിക്കുവാൻ ശക്തയായി. അമ്മ തന്നെ വിട്ടുപിരിയാതെയായപ്പോൾ അവളുടെ യത്നം നിഷ്ഫലമായി. മാതൃവക്ഷസ്സിൽ തല ചായ്ച്ചുവെച്ചുകൊണ്ട് ആ അബല തന്റെ പാരവശ്യം മുഴുവൻ പ്രദൎശിപ്പിച്ചു. അവളുടെ അശ്രുവൎഷം ആ വക്ഷസ്സുവഴി പ്രവഹിച്ചു. ആ നിമിഷംവരെ മനസ്സിലെ വിഷാദത്തെ ശുഷ്കനേത്രയായി അമൎത്തിവെച്ച ധീരാംഗനയ്ക്കു് ഈ ഘട്ടം ഏററവും വിഷമമായി ഭവിച്ചു. അവരുടെ കണ്ണിൽനിന്നും ഇററുവീണ ചുടുബാഷ്പങ്ങൾ മകളുടെ ശിരസ്സിനേയും നനച്ചു. ഇങ്ങിനെ രണ്ടു ഹൃദയങ്ങൾ ഒന്നായി ചേൎന്നു തങ്ങളുടെ വ്യസനഭാരത്തെ താങ്ങുവാൻ ശക്തി നല്കേണമേ എന്ന സൎവ്വനിയന്താവിനോടുള്ള അഭ്യൎത്ഥന ഒരേ സമയത്തു പുറപ്പെട്ടു.

പഴയ കുടുംബബന്ധത്തെ അടിസ്ഥാനപ്പെടുത്തിയാൽ നാരായണി അമ്മയ്ക്കു് അമ്മായിസ്ഥാനവും, രാഘവക്കുറുപ്പുമായുള്ള ബന്ധത്താൽ ഇരട്ട അമ്മായിസ്ഥാനവുമാണുണ്ടായിരുന്നതു്. "അമ്മായിഅമ്മയെ കല്ലിന്മേൽ വെച്ചിട്ടു്, മറെറാരു കാൽകൊണ്ടു നാരായണാ" എന്നു് ഒരുകാലത്തു് ഒരു സരസ

കവി പാടിയതു് അക്കാലത്തും, പക്ഷെ ഇക്കാലത്തും, ചില മരുമക്കത്തായത്തറവാട്ടിലെ അമ്മായിമാരുടെ പെരുമാററം നിമിത്തമുണ്ടായിട്ടുള്ള മരുമക്കളുടെ മനോഭാവത്തെ പ്രതിബിംബിക്കുന്നതാണു്. എന്നാൽ നാരായണി അമ്മയെ സംബന്ധിച്ചേടത്തോളം ഇത്തരമൊരു മനസ്ഥിതി മരുമക്കളിൽ ജനിക്കുവാൻ ഒരിക്കലും ഇടയായിട്ടില്ല. കോമക്കുറുപ്പിൻെറ ഭഗിനീഭാഗിനേയിമാരുടെ ഇടയിൽ ജനിച്ചവളുന്നു്, അവരെ സ്നേഹിക്കുവാനും, അവരുടെ സംസർഗ്ഗത്തിൽ സന്തോഷിക്കുവാനും, അവരുടെ സുഖദുഃഖങ്ങളിൽ ആത്മാർത്ഥമായി പങ്കുകൊള്ളുവാനും, ബാല്യംമുതല്ക്കേ അവർ ശീലിച്ചിരുന്നു. പത്തായപ്പുരയിലെ നായികയായതുമുതൽ അവർ ആ തറവാട്ടിൽ എവക്കും, പ്രായംകൊണ്ടല്ലെങ്കിൽ ഭാവംകൊണ്ടു്, ഒരു യഥാർത്ഥമാതാവായിട്ടാണു വർത്തിച്ചതു്. തികഞ്ഞ യാഥാസ്ഥിതികനായി, കാര്യസ്ഥൻ അച്ചുതപ്പണിക്കരുടെ ചൊല്പടിക്കു നടക്കാൻ തയ്യാറുണ്ടായിരുന്ന കോമക്കുറുപ്പിനെ ഈ അമ്മയുടെ സൽപ്രേരണകൾ മാമൂലിനെ ഉപേക്ഷിച്ചു് കുടുംബാഭിവൃദ്ധിക്കുതകുന്ന പരിഷ്കാരങ്ങൾ വരുത്തുവാൻ പല സന്ദർഭങ്ങളിലും സഹായിച്ചിട്ടുണ്ടു്. സ്വാർത്ഥലേശം ഇല്ലാതിരുന്ന ഈ അമ്മായി തറവാട്ടുമുതൽ അപഹരിച്ചോ, കുടിയാന്മാരെ ഞെക്കിപ്പിഴിഞ്ഞോ തനിക്കുവേണ്ടി പണവും പണ്ടവും സമ്പാദിക്കുവാൻ ഭർത്താവിനെ അനുവദിച്ചിട്ടില്ല. വസ്ത്രാഭരണങ്ങളിലുള്ള ഭ്രമം ആയമ്മയെ തീണ്ടിയിരുന്നുപോലുമില്ല. അവരുടെ പ്രവൃത്തിയിൽ, എന്തെങ്കിലും, എന്തൊരു കാലത്തെങ്കിലും, സ്വാർത്ഥത്തിൻെറ ലാഞ്ഛന ഉണ്ടായിരുന്നെങ്കിൽ, അതു ഭർത്താവിൻെറ മരണാനന്തരം മകളോടും ജാമാതാവോടുംകൂടെ പത്തായപ്പുരയിൽ താമസിക്കുവാൻ സമ്മതിച്ചതായിരുന്നു. തൻെറ പുത്രിയെപ്പിരിഞ്ഞു സ്വന്തം തറവാട്ടിൽപ്പോയി ഏകാന്തവാസം ചെയ്യുന്നതു് അവക്കും അത്ര സുസാദ്ധ്യമായ കാര്യമായിരുന്നില്ല. എന്നിരുന്നാലും അഭിമാനക്കാതലായിരുന്ന ആ സ്ത്രീരത്നം അതിനും ഒരുങ്ങിയതായിരുന്നു. പക്ഷെ മംഗലത്തെ കുടുംബാം

ഗങ്ങൾ ഐകകണ്ഠ്യേന ചെയ്ത നിർബ്ബന്ധം അവരുടെ അഭിമാനത്തെ രക്ഷിക്കുവാനും, പുത്രിയെപ്പിരിഞ്ഞു താമസിക്കുമ്പോളുണ്ടാകുന്ന വ്യഥ അനുഭവിക്കാതെ കഴിക്കുവാനും ഇടവരുത്തി. പുത്രിയോടും ജാമാതാവോടുംകൂടെ അവിടെ താമസിച്ചിരുന്ന കാലമത്രയും അവർ തന്റെ ബന്ധുജനങ്ങളുടെ ഐശ്വര്യത്തിനും സുഖത്തിനുംവേണ്ടി ത്രിവിധകരണങ്ങളാലും പ്രയത്നിച്ചുകൊണ്ടിരുന്നു. കോമക്കുറുപ്പിന്റെ മരണശേഷം മാതൃസ്വത്തായി ലഭിച്ചിരുന്ന അയ്യായിരം ഉറുപ്പിക അവർ രാഘവക്കുറുപ്പിനെ ഏല്പിച്ചു; അതെന്തുചെയ്തുവെന്നോ, എങ്ങിനെ വിനിയോഗിച്ചുവെന്നോ അവർ അദ്ദേഹത്തോട് അന്വേഷിച്ചുമില്ല.

രാഘവക്കുറുപ്പിന്റെ ജീവിതത്തിലും പ്രവൃത്തികളിലും നാരായണി അമ്മയുടെ ഉപദേശങ്ങളും സൽപ്രേരണകളും മഹച്ഛക്തികളായി വിളങ്ങിയിരുന്നു. ബാല്യംമുതല്ക്കേ അദ്ദേഹത്തിന് അവരുടെ നേർക്കുണ്ടായിരുന്ന സ്നേഹാദരങ്ങൾനിമിത്തം, തന്റെ ഉദ്ദേശങ്ങളേയും ആഗ്രഹങ്ങളേയും ആദർശങ്ങളേയും അവരെ അറിയിക്കയും, അവരുടെ സഹകരണം ആവശ്യപ്പെടുകയും, ചിലപ്പോൾ അവരുടെ ഉപദേശങ്ങൾ തന്റെ അഭിപ്രായത്തോടു യോജിച്ചിരുന്നില്ലെങ്കിലും, അദ്ദേഹം മടിക്കൂടാതെ അവരുടെ നിർദ്ദേശപ്രകാരം തന്റെ പ്രവൃത്തിമാർഗ്ഗത്തെ തിരിക്കുകയും ചെയ്തിരുന്നു. അദ്ദേഹത്തിന്റെ അനാചാരധ്വംസനോദ്യമങ്ങളിൽ യുവസഹജമായ 'എടുത്തുചാട്ടങ്ങൾ' ഇല്ലാതിരുന്നതിനു കാരണം ഈയമ്മയുടെ ദീർഘദർശിത്വത്തോടുകൂടിയ പ്രേരണകളായിരുന്നു. വീട്ടിലും പുറത്തും ക്ലേശാന്ധകാരത്താൽ മൂടപ്പെട്ടുകിടന്ന മൂലകളിൽ അദ്ദേഹം വെളിച്ചം പ്രവേശിപ്പിച്ചുവെങ്കിൽ, ആ ദീപത്തെ പോഷിപ്പിക്കുവാനുള്ള സ്നേഹം പകർന്നതു നാരായണി അമ്മയായിരുന്നു. അല്ലെങ്കിൽ ആ ദീപം എണ്ണയില്ലാത്ത പന്തംപോലെ പടർന്നു കത്തിപ്പൊലിഞ്ഞു വീഴുമായിരുന്നു. അനാചാരവൃക്ഷത്തെ ഒരൊററ വെട്ടുകൊണ്ടു നിലംപതിപ്പിച്ച് ഒച്ചപ്പാടും, ബഹളവും, അസ്വസ്ഥ

തയും ഉണ്ടാക്കുന്നതിനേക്കാൾ, പടിപടിയായി കാരോ കൊമ്പുവീതം വെട്ടി നശിപ്പിക്കുന്നതാണ് സുഗമവും ആശാസ്യവുമെന്നു നാരായണി അമ്മ അദ്ദേഹത്തെ പറഞ്ഞു മനസ്സിലാക്കി.

കോമക്കുറുപ്പിന്റെ ഭരണകാലംമുതൽ മംഗലത്തെ ആൺകുട്ടികളെ ഇംഗ്ലീഷുപഠിപ്പിന്നുവേണ്ടി പട്ടണങ്ങളിലെ പാഠശാലകളിൽ അയച്ചുവന്നിരുന്നുവെങ്കിലും, പെൺകുട്ടികൾക്കു സമീപത്തുള്ള പ്രാഥമികവിദ്യാലയങ്ങളിൽനിന്നു മാത്രമേ വിദ്യാഭ്യാസം ലഭിച്ചിരുന്നുള്ളൂ. എന്നാൽ രാഘവക്കുറുപ്പിന്റെ കാലംമുതൽക്ക് ആൺകുട്ടികൾക്കു സിദ്ധിച്ച ഭാഗ്യം പെൺകുട്ടികൾക്കും സിദ്ധിച്ചുതുടങ്ങി. ഇതിൽ അദ്ദേഹത്തെ പ്രോത്സാഹിപ്പിച്ചതു് 'അമ്മായിയും മകളും' ആയിരുന്നു. ഭർത്താവിനോടുകൂടെ ഭർത്തൃഗൃഹത്തിൽ താമസിച്ച് അദ്ദേഹത്തെ ശുശ്രൂഷിച്ചും അദ്ദേഹത്തിന്റെ പ്രേമം സമ്പാദിച്ചും, താൻ ജീവിതസുഖം അനുഭവിക്കുമ്പോൾ തന്റെ പ്രിയ ചങ്ങാതികളായ ഭർത്തൃസഹോദരിമാരും ഭാഗിനേയികളും ബ്രാഹ്മണരുടെ വെപ്പാട്ടിമാരായി പ്രണയമെന്തെന്നറിയാതെയും, ഭർത്തൃശുശ്രൂഷയ്ക്കുള്ള ഭാഗ്യം ലഭിക്കാതെയും, ജീവിതം മരുഭൂമിപോലെ ശൂന്യമായി കഴിക്കുക; തന്റെ സന്താനം പിതൃസാന്നിദ്ധ്യത്തിൽ, പിതൃലാളനമേററും, പിതൃരക്ഷയിൽ വളർന്നും കഴിയുമ്പോൾ മേൽപ്പറഞ്ഞ ഭാഗ്യഹീനകളുടെ സന്താനങ്ങൾ 'കാണാത്തിനോ വിഷുവിനോ' പിതൃദർശനം—ആ ദിവ്യദർശനം!—ലഭിച്ചാലുംകൂടെ ബാലസഹജമായ കൌതുകത്തോടെ അച്ഛന്റെ മടിയിൽക്കയറി ഇരിക്കുവാനോ, കൂടെയിരുന്നുണ്ണുവാനോ ശഠിച്ചാൽ "അച്ഛൻനമ്പൂരി ഊണു കഴിഞ്ഞിട്ടില്ല, തൊട്ടു് അയിത്തമാക്കരുതേ, അകായിൽ പൊയ്ക്കോളിൻ ഉണ്ണാൻ" എന്നുള്ള ആട്ടലും ലഭിച്ച് മുഖം വാടി മടങ്ങുക; ഈ കാഴ്ച നാരായണിഅമ്മയെ തീവ്രമായി വേദനപ്പെടുത്തി. കാരണവരുടെ ഊണുസമയത്തു മരുമക്കളായ ബാലികാബാലന്മാരേയും ഒപ്പം ഇരുത്തി ഊട്ടി, നാരായണിഅമ്മ അവരെ സംതൃപ്തിപ്പെടുത്തി

വന്നിരുന്നു; എന്നാൽ അദ്ദേഹത്തിന്നു സ്വസന്താനത്തെപ്പോലെ മരുമക്കളേയും സംരക്ഷിക്കാൻ കഴിഞ്ഞാലും, തുല്യമനസ്ഥിതിയോടുകൂടെ സ്നേഹിപ്പാനോ ലാളിപ്പാനോ സാധ്യമാണോ? അക്കാലത്തെ മിക്ക ആഢ്യന്മാരുടേയും ദൃഷ്ടിയിലാകട്ടെ, നായർഭാൎയ്യയും സന്താനങ്ങളും പതിതർ, അധഃകൃതർ. അവരുടെ സംരക്ഷണം തങ്ങളുടെ ധൎമ്മമോ ഭാരമോ അല്ല. രാഘവക്കുറുപ്പ് ഹരിജനോദ്ധാരണവിഷയത്തിൽ യത്നിപ്പാൻ തുടങ്ങിയപ്പോൾ, തന്റെ തറവാട്ടിലെ അധഃകൃതരുടെ സ്ഥിതി നാരായണിഅമ്മ അദ്ദേഹത്തെ പറഞ്ഞു മനസ്സിലാക്കി. തൽഫലമായി, താൻ കാരണവസ്ഥാനം ഏററതുമുതൽ തറവാട്ടിലെ ബ്രാഹ്മണസംബന്ധത്തിനു പൂൎണ്ണവിരാമമിടുകയും, കന്യകമാരെ സ്വജാതിക്കാൎക്കു വിവാഹം ചെയ്തു കൊടുക്കയും ചെയ്തു. തറവാട്ടിലെ മുത്തശ്ശിമാൎക്കും, അപ്പോൾ വേളിയിൽ ഇരുന്ന ബ്രാഹ്മണസംബന്ധക്കാൎക്കും ഇതു തീരെ ഹിതമായില്ല. അവർ കുറുപ്പിന്റെ സാഹസകൃത്യത്തെ പഴിക്കുകയും, നാരായണിഅമ്മയുടെ പ്രേരണയാൽ ഈ പരിഷ്കാരം തുടങ്ങിയതിൽ അവരോടു വിരോധം ഭാവിക്കയും ചെയ്തു. ക്രമേണ മുത്തശ്ശിമാർ തങ്ങളുടെ പെൺകിടാങ്ങൾ അനുഭവിക്കുന്ന പ്രണയസൌഭാഗ്യങ്ങൾ കണ്ടു് മനസ്സിൽ ആയമ്മയെ ആദരിക്കതന്നെ ചെയ്തു.

ഇങ്ങിനെ പല വിധത്തിലും അമ്മായിഅമ്മ, ആ കുടുംബത്തിനു് ഒരു മഹാലക്ഷ്മിയായിത്തന്നെ പരിണമിച്ചു. ജാമാതാവിന്റെ അപ്രതീക്ഷിതമായ അന്തൎദ്ധാനം മകളെ എത്രമാത്രം വിഷാദവിവശയാക്കിയോ, മരുമക്കളെ എത്രമാത്രം ദുഃഖിതരാക്കിയോ, അത്രമാത്രംതന്നെ അവരെയും പീഡിപ്പിച്ചു. പക്ഷെ അവരുടെ വിപദിധൈൎയ്യം അവൎക്കും മററുള്ളവൎക്കും വലിയ ആശ്വാസത്തിനിടയാക്കി. ഭാരതമാതാവിന്റെ വീരസന്താനങ്ങളുടെ രക്തം അവരുടെ നാഡിയിൽ ഊക്കോടുകൂടെ പ്രവഹിച്ചു. മകളെ തഴുകിക്കൊണ്ടിരുന്ന ആ സ്ത്രീ, ജഗദീശ്വരനോടുള്ള പ്രാൎത്ഥന കഴിഞ്ഞു്, ഒരു പുതുജീവൻ ലഭിച്ചപോലെ അവിടെനിന്നെഴുന്നേററു. എന്നാൽ അന്നത്തെ സൂ

യ്യോസ്തമനം ക്ലേശങ്ങളോടു മല്ലിട്ടു ജയിക്കുവാൻ പ്രാപ്തയാക്കത്തക്കവണ്ണം ഒരു നവശക്തിയെ ഒരാൾക്കു പ്രദാനം ചെയ്തുവെങ്കിൽ മററൊരാളുടെ ജീവിതപ്രഭയെ എന്നെന്നേയ്ക്കുമായി മങ്ങിക്കുകയാണുണ്ടായതു്.

## അദ്ധ്യായം 6

### മംഗലത്തെ ലക്ഷ്മി പടികടന്നു.

മംഗലത്തുകാരുടെ വകയായ കുളപ്പുരഭവനത്തിലെ കുളക്കടവിൽ ഏതാനും യുവാക്കൾ മങ്ങിയ മുഖങ്ങളോടുകൂടെ ഉത്സാഹശൂന്യരായി ഇരിക്കുകയായിരുന്നു. കഴിഞ്ഞ മൂന്നു മാസത്തിനുള്ളിൽ ആ മനോഹരസ്ഥലത്തുണ്ടായിത്തീർന്ന മാററങ്ങൾ ആരിലും അനുകമ്പയെ ജനിപ്പിക്കുന്നതാണു്. കോമക്കുറുപ്പിൻെറ കാലത്തു് ഒരു ചെറുഭവനവും വെറും തെങ്ങുംതോപ്പും ആയിരുന്ന ആ സ്ഥലം, രാഘവക്കുറുപ്പ് ആ നാട്ടിലെ ബാലികമാരുടെ വിനോദവിഹാരത്തിനായി ശ്രീദേവിയുടെ മേൽനോട്ടത്തിൽ വിട്ടുകൊടുത്തശേഷം, എത്ര കമനീയമായ ഒരു രംഗമായിത്തീർന്നിരുന്നു! കുളത്തിൻെറ പരിസരത്തിൽ 'പൂത്തും തളിർത്തും' നിന്നിരുന്ന വൃക്ഷങ്ങളും, മുററത്തിനു ചുററും അതിരമ്യമായി നട്ടുപിടിപ്പിച്ചിരുന്ന ചെടികളും, അവിടവിടെ കമാനങ്ങൾ വളച്ചുകെട്ടി അവയിൽ പടർത്തിയിട്ടിരുന്ന സുരഭിലകുസുമങ്ങളോടുകൂടിയ വള്ളികളും, കുളത്തിനു ചുററും കെട്ടിയിരുന്ന മതിലിന്മേൽ നിരത്തിവെച്ചിരുന്ന വിവിധവർണ്ണങ്ങളിലുള്ള പൂച്ചെടികളെ വഹിച്ചിരുന്ന പൂച്ചട്ടികളും, നടുമുററത്തിൻെറ മദ്ധ്യത്തിൽ ശീമക്കുമ്മായംകൊണ്ടു കെട്ടിയുറപ്പിച്ച ഒരു തറമേൽ സ്ഥാപിച്ചിരുന്ന മാർബിൾനിർമ്മിതമായ ബാലഗോപാലപ്രതിമയും, പറമ്പിലെ ചില മാവിൻകൊമ്പുകളിൽ കെട്ടി ഞാത്തിയിട്ടിരുന്ന ഊഞ്ഞാലുകളും മററും കണ്ടാൽ, അതു് ആ നാട്ടുമ്പുറത്തെ സ്ഥിതിക്ക് 'സാമ്യമകന്നോ

ദ്ധ്യാനം തന്നെയായിരുന്നു. ബാലികമാരുടെ കലാകുശലതയു ടേയും, സൌന്ദര്യബോധത്തിൻേറയും, ശുചിത്വത്തിൻേറയും മാനദണ്ഡമായി അതു പരിലസിക്കയും ചെയ്തു. പത്തുമുതൽ പതിനാറുവരെ വയസ്സു പ്രായമുണ്ടായിരുന്ന മുപ്പതോളം കുമാരികൾ ശ്രീദേവിയുടെ നേതൃത്വത്തിൽ ഈ ഉദ്യാനത്തിൽ ദിവസംപ്രതി വന്നുകൂടി, പല വിനോദങ്ങളിലും പ്രവൃത്തികളിലും ഏർപ്പെടുക പതിവായിരുന്നു. അവരിൽ അധികംപേരും പാഠശാലയിൽ പോകുന്നവരായിരുന്നതിനാൽ, അധ്യയനദിവസങ്ങളിൽ അഞ്ചുമണിക്കു ശേഷമേ വന്നിരുന്നുള്ളു. മുററവും കുളക്കടവും അടിച്ചു വൃത്തിയാക്കുക, ചെടികൾക്കും ലതകൾക്കും വെള്ളം പകരുക, വൃക്ഷങ്ങൾക്കു വേണ്ടിവന്ന ശുശ്രൂഷകൾ ചെയ്യുക, പുഷ്പങ്ങൾ അറുത്തു മാലകോർത്തു ശ്രീകൃഷ്ണവിഗ്രഹത്തിൽ ചാർത്തുക എന്നിങ്ങിനേയുള്ള പ്രവൃത്തികൾക്കുപുറമേ ഊഞ്ഞാലാടുക, കുളത്തിൽ നീന്തിക്കളിക്കുക എന്നീ വിനോദങ്ങളിലും ഏർപ്പെട്ടു അവർ സായാഹ്നം കഴിച്ചിരുന്നു. കുളത്തിൽ മുണ്ടലക്കിയോ എണ്ണതേച്ചു കുളിച്ചോ ജലത്തെ വൃത്തികെടുത്തുന്ന പണിയൊന്നും അവർ ചെയ്തിരുന്നില്ല. കരിമീൻ തത്തിക്കളിച്ചും, ആമ്പൽപ്പൂ വിടൎന്നു ശോഭിച്ചും, ആ നിൎമ്മലവാപി കാണികളുടെ കൺകുളുൎപ്പിച്ചു. അനധ്യായദിവസങ്ങളിൽ ബാലികമാർ ഉച്ചതിരിയുമ്പോൾത്തന്നെ വരാറുണ്ടായിരുന്നു. ശ്രീദേവി ഇവരെ ചില ദിവസങ്ങളിൽ കൈകൊട്ടിക്കളിയും ഊഞ്ഞാൽപ്പാട്ടും പഠിപ്പിച്ചു; ചില അവസരങ്ങളിൽ ഇവർ നാരായണിഅമ്മയുടെ മേൽനോട്ടത്തിൽ കറികൾ, പലഹാരങ്ങൾ മുതലായവ ഉണ്ടാക്കുവാൻ ശീലിച്ചു. ചില ദിവസങ്ങൾ ഇവർ ഭജനയ്ക്കും, പുരാണപാരായണത്തിനുമായി വിനിയോഗിച്ചു. ആഴ്ചയിൽ രണ്ടു മണിക്കൂർ നേരമെങ്കിലും അവർ തുന്നലിലും ചെറുതരം കൈവേലകളിലും ഏർപ്പെട്ടു. ഇങ്ങിനെ കായികവും, മാനസികവും, ആത്മികവുമായ അഭിവൃദ്ധിക്കുതകുന്ന പരിശിക്ഷണത്തിനായി അവർ ആ സ്ഥലവും അവരുടെ ഒഴിവുസമയവും ഉപയോഗപ്പെടുത്തി.

ഇങ്ങിനെ ശ്രീദേവിയുടേയും ശിഷ്യകളുടേയും സാന്നിധ്യത്താൽ ജീവത്തായിരുന്ന ആ ഉദ്യാനത്തിന്റെ ഇപ്പോഴത്തെ സ്ഥിതിയോ? അതു വൃത്തിഹീനതയുടേയും വിലക്ഷണതയുടേയും അനാഥത്വത്തിന്റേയും കേളീരംഗമായി പരിണമിക്കയാണു് ചെയ്തിരിക്കുന്നതു്. കുളത്തിലെ പടവുകൾ ചളിപിടിച്ചും, വെള്ളം പായൽ മൂടിയും, ചുററുമുള്ള മതിലിലെ പൂച്ചട്ടികൾ പൊട്ടിത്തകൎന്നു നിലംപതിച്ചും, ചെടികളും ലതകളും ഉണങ്ങിക്കരിഞ്ഞും, നടുമുററം കാടുപിടിച്ചും കാണപ്പെട്ടു. നടുമുററത്തു സ്ഥിതിചെയ്തിരുന്ന വേണുഗോപാലവിഗ്രഹം മാത്രം യാതൊരു ഭാവഭേദവുമില്ലാതെ സുസ്മേരവദനത്തോടും, പ്രേമപൂൎണ്ണമായ നേത്രങ്ങളോടും പരിതാപകരമായ ഈ പരിവൎത്തനത്തെ വീക്ഷിച്ചുകൊണ്ടു നിന്നു.

കുളക്കടവിൽ ഇരുന്ന യുവാക്കളുടെ മുഖത്തു കണ്ട മ്ലാനത ആ പരിസരത്തിന്റെ പ്രതിഫലനം നിമിത്തം മാത്രമുണ്ടായതല്ല. തലേദിവസം മംഗലത്തുണ്ടായ ഒരു സംഭവത്തെപ്പററി അവരിൽ ചിലർ അപ്പോഴാണു് സ്നേഹിതന്മാരിൽനിന്നു വിശ്വാസയോഗ്യമായ വാൎത്ത കേൾക്കാനിടയായതു്. ഈ വാൎത്തയാകട്ടെ നാരായണിഅമ്മയും, ശ്രീദേവിയും ശിഷ്യകളും മംഗലത്തു പത്തായപ്പുരയിലെ താമസം മതിയാക്കി, നാരായണി അമ്മയുടെ കുടുംബഗൃഹമായ പരിവട്ടത്തെ പ്ലാവറവീട്ടിൽ പാൎക്കാൻ പോയി എന്നുള്ളതാണു്. രാഘവക്കുറുപ്പിന്റെ തിരിച്ചുവരവിനെ മൂന്നു മാസം അവർ പ്രതീക്ഷിച്ചു വസിച്ചു. അദ്ദേഹത്തെപ്പററി യാതൊരു വിവരവും അതുവരെ ലഭിക്കാത്ത സ്ഥിതിക്കു മേലാൽ മംഗലത്തുകാരുടെ രക്ഷയിൽ അവിടെ താമസിക്കുന്നതു്, വീട്ടുകാർ എത്ര പറഞ്ഞിട്ടും, ഉചിതമാണെന്നവൾക്കു തോന്നിയില്ല. അതിനാൽ നാരായണിഅമ്മ താമസം മാററി. ശ്രീദേവിക്കു് ഒരുവേള ഈ സ്ഥലംമാററം ഗുണകരമായേക്കാമെന്നുള്ള പ്രത്യാശയും ഈ സംഭവത്തെ ത്വരിപ്പിച്ചു. ശ്രീദേവിയുടെ ആരോഗ്യം അത്രമേൽ ക്ഷയിച്ചിരുന്നു. മാതൃഭക്തയായ ആ പുത്രി അമ്മയുടെ നിൎബ്ബന്ധത്തിനു വഴിപ്പെട്ടു്

കിടക്കവിട്ടെഴുന്നേല്ക്കുകയും, കുളിയും ആഹാരവും കഴിക്കയും ചെയ്തുവന്നുവെങ്കിലും, അവളുടെ ശരീരബലവും മാനസോല്ലാസവും നിശ്ശേഷം നശിച്ച്, അവൾ പണ്ടത്തെ ശ്രീദേവിയുടെ ഒരു മങ്ങിയ നിഴൽ മാത്രമായിപ്പരിണമിച്ചു. കുട്ടികളുടെ സമീപത്തിരുന്ന് അവക്ക ചിലപ്പോൾ അവൾ ആഹാരം നല്കാറുണ്ടായിരുന്നു. പക്ഷെ താൻ എവിടെയാണെന്നോ, എന്തു ചെയ്യുന്നുവെന്നോ ഓർമ്മയില്ലാത്ത വിധത്തിൽ, ചിലപ്പോൾ കയ്യിൽ വാരിയ അന്നം അതേ സ്ഥിതിയിൽ വെച്ചുകൊണ്ടു സ്തംഭിച്ചിരുന്നേക്കും. കുട്ടികളുടെ ബാലക്രീഡകളോ, ചാടുവാക്യങ്ങളോ, ആഹ്ലാദശബ്ദങ്ങളോ യാതൊന്നും അവളുടെ മുഖത്ത് ഒരു പുഞ്ചിരിപോലും ഉണ്ടാക്കിയില്ല. മരണവക്ത്രത്തിൽപ്പെട്ട ആ ജീവിതം അല്പകാലംകൂടെ അങ്ങിനെ നീണ്ടുനിന്നതേ ഉള്ളു. ഈ വത്തമാനങ്ങൾ പറഞ്ഞുകൊണ്ടും, വിഷാദിച്ചുകൊണ്ടും ആയിരുന്നു രാഘവക്കുറുപ്പിന്റെ മിത്രങ്ങളും അഭ്യുദയകാംക്ഷികളുമായിരുന്ന ആ യുവാക്കൾ കുളക്കടവിൽ ഇരുന്നത്.

സമയം സന്ധ്യയാകുന്നതു കണ്ട് യുവാക്കൾ കുളത്തിലിറങ്ങി ചിലർ കൈകാൽ ശുദ്ധിചെയ്തും, മററു ചിലർ മേക്കഴുകൽകൂടെ കഴിച്ചും തിരിച്ചുപോകുവാനുള്ള വട്ടമായി. അപ്പോൾ തടിച്ചു ദീഘകായനായ ഒരു താടിക്കാരൻ സമീപത്തുള്ള ഒററയടിപ്പാതയിൽകൂടെ പോകുന്നതു കണ്ടു. ഇയാളെ കണ്ട ഉടൻ അവരും വേഗം പുറത്തുവന്ന് അയാളോടൊപ്പം എത്തി. താടിക്കാരന്റെ ആകൃതിയും, ഭാവവും, നടത്തവും അവരിൽ ചിലക്ക പരിചിതമായിത്തോന്നി; എന്നാൽ പകുതി മുക്കാലും നരച്ചു നീണ്ടു വളന്നുകിടന്ന ആ താടി അവക്ക സംശയം ജനിപ്പിച്ചു. സംശയം തീപ്പാനായി അവർ അയാളോടു സംഭാഷണത്തിനാരംഭിച്ചു.

യുവാക്കളിൽ ഒരാൾ (കണാരൻ)—ഹേ സന്യാസീ, താൻ എവിടെനിന്നു വരുന്നു?

വേറൊരാൾ (ചന്തുക്കുട്ടി)—തന്നെ കണ്ടുപരിചയമുണ്ടെന്നു തോന്നുന്നല്ലോ. താടി സ്വന്തമോ കൃത്രിമമോ?

മൂന്നാമതൊരാൾ (ശങ്കരൻ)—നിൽക്കു! ബദ്ധപ്പെടേണ്ട. താൻ എവിടത്തുകാരനാണ്? എവിടേയ്ക്കു പോകുന്നു എന്നൊക്കെ പറയു. എന്നാലേ വിട്ടയയ്ക്കൂ. സന്ന്യാസിമാരെ വിശ്വസിച്ചുകൂടാ.

യുവാക്കൾ തന്നെ ചുററിവളയുന്നതു കണ്ട് അയാൾ അവിടെ നില്പായി. "ഞാൻ സന്ന്യാസി അല്ല; നിങ്ങളിൽ ചിലരെ എനിക്കും അറിയാം. ഞാൻ ജനിച്ചുവളൎന്ന നാടാണിതു്. പക്ഷെ ഇപ്പോൾ ഇവിടം വിട്ടിട്ട് ഏഴെട്ടു കൊല്ലമായി." ശബ്ദം കേട്ടപ്പോൾ യുവാക്കളിൽ ചിലൎക്ക് ആളു മനസ്സിലായി. അവരിൽ ചിലർ ഒരേസമയത്തു പറഞ്ഞു. "അല്ലാ ഇതു് അച്ചുതപ്പണിക്കരല്ലേ? അതെ, അതെ, മംഗലത്തെ പണ്ടത്തെ കാൎയ്യസ്ഥൻ. ഈ താടി വളൎത്തിയിരിക്കുന്നതെന്തിന്? ആളറിയാതിരിക്കാനോ?

വേറെ ചിലർ—ഓഹോ, അച്ചുതപ്പണിക്കരോ? മംഗലത്തെ ബാധിച്ചിരുന്ന ദുർഭൂതം വീണ്ടും എത്തിയിരിക്കുന്നോ!

അ. പ—ചെറുപ്പക്കാരുടെ കാലമല്ലെ ഇതു്; വായിൽവന്നതു പറയിൻ, ഞാൻ മുടക്കുന്നില്ല. ഞാൻ സ്വയം ഇവിടെ വന്നതല്ല. ക്ഷണിച്ചിട്ടു വന്നതാണ്.

ശങ്കരൻ—ഈ താടിയെ ഒന്നു പരിശോധിക്കാതെ കഴികയില്ല. അതിൻെറ രഹസ്യം പറഞ്ഞില്ലല്ലോ.

അ. പ—അമ്മയുടെ ദീക്ഷയാണ്. കാശിക്കു പോയി ശ്രാദ്ധം ഊട്ടിയ ശേഷമേ എടുത്തുകളയാൻ പാടുള്ളു. വിശ്വാസമായില്ലെങ്കിൽ ആൎക്കു വേണമെങ്കിലും പരിശോധിക്കാം.

വേറൊരാൾ (ഗോവിന്ദവാരിയർ)—വിശ്വാസമായി; ആൎക്കും പരിശോധിക്കേണ്ടാ. ഇനി വരു നമുക്കു കുളപ്പുരയിൽ കയറി ഇരിയ്ക്കാം.

അ. പ—ഞാൻ കുളപ്പുരയിൽ വരുന്നില്ല. എനിക്കു വേഗത്തിൽ പോകണം. വീട്ടിൽ കുട്ടികൾ തനിച്ചേ ഉള്ളു. താമസിച്ചാൽ ബസ്സു തെററും.

ച—എവിടെയാണിപ്പോൾ താമസം?

അ. പ—ഞാൻ എൻെറ തറവാട്ടുഗൃഹത്തിൽ, പൂന്താനത്ത്. അമ്മയും അമ്മാമനും മരിച്ചു. തറവാട്ടുഭരണം എനിക്കാണിപ്പോൾ.

ശ—ക്ഷണനകാൎയ്യവും കേൾക്കട്ടെ. ആരാണു നിങ്ങളെ ഇവിടേയ്ക്കു ക്ഷണിച്ചത്?

അ. പ—കരുണാകരക്കുറുപ്പ്.

കണാരൻ—കരുണാകരക്കുറുപ്പോ? മംഗലത്തെ? ഇതെന്തു വൎത്തമാനം? എനിക്കിതു വിശ്വസിക്കാൻ തോന്നുന്നില്ല.

ശ—മംഗലത്തുനിന്നു തന്നെ ആട്ടിപ്പുറത്താക്കി ചാണകം തളിച്ചതല്ലേ? അക്കഥ ഞങ്ങൾക്കറിയാം.

അ. പ—എന്നെ പിരിച്ചയച്ചതു ശരി. ചാണകം തളിക്കേണ്ടതു് അപ്പോഴായിരുന്നില്ല, ഇപ്പോഴാണ്. ചാണകം പോരാതാനും. പുണ്യാഹംതന്നെ വേണം. പുണ്യാഹം കഴിച്ചാലേ ആ ഗൃഹം ശുദ്ധമാവുള്ളു. കണ്ടില്ലേ, വന്നുചേൎന്നിരിക്കുന്ന അവസ്ഥയും ഐശ്വൎയ്യവും!

ച—പുണ്യാഹം കഴിക്കേണ്ട കാൎയ്യത്തെപ്പററി ആലോചിക്കാനാണോ കരുണാകരക്കുറുപ്പ് തന്നെ ക്ഷണിച്ചു വരുത്തിയതു്?

അ. പ—അതിനൊന്നുമല്ല. ചില റിക്കാൎഡുകളെപ്പററി അന്വേഷിക്കാനാണ്.

ഗോ. വാ—ശരി, മനസ്സിലായി. ഹൈക്കോടതിയിൽ നടക്കുന്ന ആ ചായത്തോട്ടക്കേസ്സിനെ സംബന്ധിച്ച ചില റിക്കാർഡുകൾ കാണ്മാനില്ലെന്നു ഞാനും കേട്ടു.

അ. പ—അതിനെപ്പററി വല്ല വിവരവും ഉണ്ടോ എന്നു ചോദിപ്പാനാണ് എന്നെ ക്ഷണിച്ചുവരുത്തിയതു്. എനിക്കു യാതൊരു വിവരവുമില്ല.

ച—ഉണ്ടെങ്കിലും താൻ പറഞ്ഞുകൊടുക്കുമോ? ഇയാളെ വിളിപ്പിച്ചതുതന്നെ കുറുപ്പിൻെറ വിഡ്ഢിത്തം.

അ. പ—അറിവുണ്ടായിരുന്നെങ്കിൽ ഞാൻ നിശ്ചയമായും പറഞ്ഞുകൊടുക്കുമായിരുന്നു. ഏട്ടുകൊല്ലത്തിനു മേലായില്ലേ ഞാൻ വിട്ടുപിരിഞ്ഞിട്ട്. ഇതിനിടയിൽ രാഘവക്കുറുപ്പ് എന്തൊക്കെ തകരാറുകളാണു വരുത്തിവെച്ചിരിക്കുന്നത്! സാധു കൊച്ചുകുറുപ്പ് ധർമ്മസങ്കടത്തിലായിരിക്കുന്നു.

ശ—രാഘവക്കുറുപ്പിന്റെ തകരാറിനെപ്പററി തനിക്കു പറഞ്ഞിട്ടാവശ്യമില്ല; അദ്ദേഹം അറിഞ്ഞുകൊണ്ടൊരു തകരാറും വരുത്തിവെക്കില്ല. ആരേയും ധർമ്മസങ്കടത്തിലും പെടുത്തുകയില്ല.

അ. പ—നിങ്ങൾ എന്നെ തെററിദ്ധരിക്കരുതേ! ഇത്ര വലിയൊരു തറവാട്ടുകാര്യം മുഴുവൻ തനിയെ വഹിച്ചു നടത്താൻ തുനിഞ്ഞതു കുറെസാഹസമല്ലേ? ആലോചിച്ചുനോക്കിൻ. എത്രയോ തലമുറയായി കാരണവന്മാർ ഒരു കാര്യസ്ഥനെ കൂടാതെ കഴിച്ചിട്ടുണ്ടോ? വസ്തുവകകൾ എവിടെയൊക്കെ കിടക്കുന്നു? ഒരൊററ ആളുടെ കണ്ണ് എവിടെയൊക്കെ എത്താം? അതാണു തകരാറ് എന്നു ഞാൻ പറഞ്ഞത്.

ഗോ. വാ—പലേടത്തും ചിന്നിച്ചിതറിക്കിടക്കുന്ന വസ്തുക്കളുടെ ഭരണം നടത്താൻ തറവാട്ടിൽ ബന്ധപ്പെട്ട ആളുകളെ കുറുപ്പ് ഭാരമേല്പിച്ചിരുന്നുവല്ലോ. പുറമേനിന്നുള്ള കാര്യസ്ഥന്മാരെക്കാൾ അവർ കൂടുതൽ ഉത്തരവാദിത്വബോധത്തോടെ കാര്യം നോക്കുകയും ചെയ്യും. പക്ഷെ കാര്യസ്ഥൻ ഇല്ലാതിരുന്നതുകൊണ്ടാണോ റിക്കാർഡുകൾ കാണാതായത്? കാണാതായ റിക്കാർഡുകൾ തന്റെ കാര്യസ്ഥഭരണകാലത്തുണ്ടാക്കിയവയാണെന്നു കേട്ടുവല്ലോ?

അ. പ—അതു ശരി, പക്ഷെ റിക്കാഡു സൂക്ഷിച്ചതു ഞാനായിരുന്നോ?

ച—താൻ പുറത്താക്കപ്പെട്ടപ്പോൾ അവയെ കൈക്കലാക്കിക്കൊണ്ടുപോയോ, നശിപ്പിച്ചോ എന്ന് ആരറിഞ്ഞു?

അ. പ—അത് അക്കാലത്ത് അന്വേഷിച്ചറിയേണ്ടിയിരുന്നു.

ചക്ക കട്ട ഏഴിന്നാണോ നായ കുരയ്ക്കേണ്ടതു്? എന്തൊക്കെ തകരാറുകൾ കാട്ടി. ഒക്കെ നശിച്ചു. ഇനി എന്തുണ്ടു്? ഈ കേസ്സുംകൂടെ തോററാൽ പിന്നെ കാണാം!

ശ—ഹേ, അസംബന്ധം പറഞ്ഞാലുണ്ടല്ലോ! എവിടെയാണു്, ആരെപ്പററിയാണു പറയുന്നതു് എന്നു് ഓൎമ്മിച്ചോളു.

ക—സന്ന്യാസിമാൎക്ക് കോപം നന്നല്ല; അതു ശാപത്തിൽ അവസാനിച്ചേക്കും. വരൂ, നമുക്കു കുളപ്പുരയിൽ കയറി ഇരുന്നു കുറേക്കൂടി വൎത്തമാനങ്ങൾ പറയാം. ക്ഷീണമുണ്ടെങ്കിൽ രണ്ടിളനീർ ഇട്ടുതരാം കുടിക്കാൻ. ആരും ചോദ്യംചെയ്യാനും കയൎപ്പാനും ഇല്ലല്ലൊ.

അ. പ—അവിടെ ഞാൻ കാലെടുത്തു ചവിട്ടില്ല. എനിക്കിളനീരും വേണ്ടാ, ഒന്നും വേണ്ടാ. ഞാൻ പോകട്ടെ.

ശ—പണ്ടത്തെ ചില ഓൎമ്മകൾ ഉണരുന്നു, ഇല്ലേ?

അ. പ—ശരിയാണപ്പാ നീ പറയുന്നതു്. കുളപ്പുരയുടെ ഇന്നത്തെ സ്ഥിതി കണ്ടാൽ എനിക്കു് പണ്ടത്തെ ഓൎമ്മതന്നെ വരുന്നു. വെറും തരിശായി കിടന്ന ഈ പറമ്പു വാങ്ങി, കാരണവരെക്കൊണ്ടു വീടും തോട്ടം ആക്കിച്ചതു ഞാനല്ലേ? എന്റെ പ്ലാൻ അനുസരിച്ചാണു വീടു പണിയിച്ചതു്. ആ കുളം കുത്തിച്ചതും എന്റെ മേൽനോട്ടത്തിൽ. എത്ര തൈകളാണു് എന്റെ ഈ കൈകൾകൊണ്ടു നട്ടുപിടിപ്പിച്ചതു്! ഇന്നവയൊക്കെ എവിടെ?

ക—ആ വീടിനെ പരിഷ്കരിച്ചു നന്നാക്കിയപ്പോൾ എത്ര ഭംഗിയായിരുന്നു! തോട്ടം എത്ര സുന്ദരമാക്കി! ആകപ്പാടെ ദേവലോകംപോലെ ആയിരുന്നു. നിങ്ങൾ അതു കണ്ടോ? ഇന്നത്തെ സ്ഥിതിയായിരുന്നില്ല മൂന്നാലു മാസത്തിനുമുമ്പു്.

അ. പ—ഒരു ചെറുകുടുംബത്തിനു പാൎക്കാൻ തക്ക മുറികളും, ഇടനാഴിയും, അടുക്കള, കലവറ, കുളിമുറി മുതലായവയും ആയിട്ടായിരുന്നു പണിഞ്ഞിരുന്നതു്. ഇപ്പോഴോ, ആൾമുറിയും, തുറന്ന കോലായും, വെളിയിൽ ആരെങ്കിലും വന്നാൽ അകം മുഴുവൻ കാണിക്കത്തക്ക കണ്ണാടിജ്ജനലുകളും.

ഇതു് അല്ലിറാണിയുടെ ഭരണകാലത്തിനു പററിയതു്! അവസാനിച്ചല്ലോ വാഴ്ച! പൊളിഞ്ഞ കണ്ണാടിച്ചില്ലുകളുടെ ഇടയിൽക്കൂടെ നായും പൂച്ചയും അകത്തു കടന്നു വിഹരിക്കുന്നു. "താനിരിക്കേണ്ടിടത്തു താനിരിക്കാഞ്ഞാൽ നായിരിക്കും" എന്ന പഴഞ്ചൊല്ലു് ഓർമ്മവരുന്നു.

ശ—അച്യുതപ്പണിക്കർ മോശക്കാരനല്ല; നല്ല സാഹിത്യരസികൻ. എത്ര നല്ല ഉപമ! അല്ലിറാണിയുടെ ഭരണം! അങ്ങിനെയൊരു ഭാഗ്യം ഈ നാട്ടുമ്പുറത്തിനുണ്ടായല്ലോ.

ഗോ. വാ—ആ ഭാഗ്യം നീണ്ടാൾ അനുഭവിക്കാൻ ഇടയാകാത്തതു് ഞങ്ങളുടെ പെണ്ണുങ്ങളുടേയും ബാലികമാരുടേയും നിർഭാഗ്യം തന്നെ. പക്ഷെ ഞങ്ങളുടെ അല്ലിറാണിക്കു സാക്ഷാൽ അല്ലിയിൽ വിളങ്ങിയിരുന്ന ധൈര്യവും പൌരുഷവുംകൂടെ സ്വല്പമുണ്ടായിരുന്നെങ്കിൽ ഈ ഘട്ടത്തിൽ ആധാരം പൊയ്പോയ വല്ലിയെപ്പോലെ വാടിവീഴില്ലായിരുന്നു. നാരായണിഅമ്മയുടെ ധൈര്യവും ക്ഷമയും, കാര്യപ്രാപ്തിയും, മകൾക്കു ലഭിക്കാതെ പോയി. കഷ്ടം!

അ. പ—എന്നാൽ കേമമായി നേ! പുരുഷന്മാർ ഭരിക്കേണ്ടിടത്തു സ്ത്രീകൾ ഭരിച്ചാൽ വേഗം നാശമടയുന്നതു് അത്ഭുതമാണോ?

ക—പെൺഭരണംകൊണ്ടു മംഗലത്തുകാർ നശിച്ചുവെന്നാണോ ഇപ്പറയുന്നതിൻെറ അർത്ഥം? രാഘവക്കുറുപ്പിൻെറ സാഹസകൃത്യങ്ങൾ നിമിത്തമാണു് തറവാടു നശിച്ചതെന്നല്ലെ അല്പം മുമ്പു ജല്പിച്ചതു്!

അ. പ—കുറുപ്പിനെ പ്രേരിപ്പിച്ചതാരായിരുന്നു? ആദ്യകാലം മുതല്ക്കേ രാഘവക്കുറുപ്പു് ആ ഭദ്രകാളിയുടെ ഉപാസകനായിരുന്നു. കുറേ ആണത്തമുണ്ടായിരുന്ന വലിയ കുറുപ്പിനെക്കൂടെ ആ സ്ത്രീ അവസാനം തൻെറ ചൊല്പടിക്കു നടത്തി. അദ്ദേഹത്തിൻെറ കാലശേഷമോ? തീണ്ടൽ തൊടീലില്ലാ, ജാതിഭേദമില്ലാ, ഈശ്വരസേവയില്ലാ, ബ്രാഹ്മണപൂജയി

ല്ലാ, ഒന്നുമില്ല. തറവാട്ടിൽ ശാപവും ബാധിച്ചു, നാശവുമടഞ്ഞു.

ച—ആരുടെ ശാപം? നിങ്ങളുടേയോ?

അ. പ—ഞാനെന്തിനു ശപിക്കുന്നു? ദൈവകോപവും ബ്രാഹ്മണശാപവും. തറവാട്ടിന്റെ മാനവും മര്യാദയുംകൂടെ പോയില്ലേ? സൽകുലത്തിൽ ജനിച്ച നല്ല പെൺകിടാങ്ങളെ പിടിച്ചു നായന്മാൎക്കു കൊടുത്തില്ലേ? ഒരു വയർ ചോററിനുവേണ്ടി അവർ നായന്മാരുടെ അടുക്കളയെ ആശ്രയിക്കേണ്ടിവന്നില്ലേ? ഇതിൽപരം അവമാനമെന്തുണ്ടു്?

ശ—നമ്പൂരിമാരുടെ ഇല്ലങ്ങളിൽ വിരുന്നിനു പോയാൽ അകായിൽ കടക്കാൻ അധികാരമില്ലാതെ പുറത്തളത്തിൽ കാവലിരുന്നു്, ആഢ്യന്മാരുടെ ഭക്ഷണം കഴിഞ്ഞാൽ കിട്ടുന്ന അവശിഷ്ടം തിന്നു്, നായ്ക്കളുടെ ജീവിതം നയിക്കുന്നതോ, ഭൎത്തൃഗൃഹത്തിൽ സമത്വത്തോടും സൌഹാൎദ്ദത്തോടും, സ്വാതന്ത്ര്യത്തോടും പാൎത്തു, അവിടത്തെ വെപ്പിലും വിളമ്പിലും പങ്കുകൊണ്ടു്, ഭൎത്താവിനെ ശുശ്രൂഷിച്ചു സൈ്വരജീവിതം നയിക്കുന്നതോ, ഏതാണു് മാനം!

അ. പ—ബ്രാഹ്മണരക്തം കലൎന്ന സന്താനങ്ങളാണു് ഉത്തമസന്താനങ്ങൾ. അവരെപ്പററി ആലോചിക്കണ്ടേ?

ച—നമ്മളാരും അത്തരക്കാരല്ലല്ലോ. അപ്പോൾ ഞങ്ങളും ഈ നില്ക്കുന്ന നിങ്ങളും അധമന്മാർ! അവമാനകരമായ ജീവിതം നയിക്കുന്നവർ!

അ. പ—മംഗലത്തുകാരോടു കിടനില്ക്കാൻ നമുക്കു സാധിക്കുമോ? ഓ, ഇനിമേലാൽ സാധിക്കും. അവൎക്കു "പതിത്വം" വന്നുചേൎന്നല്ലോ. ആ നാരായണിഅമ്മ അവിടെ വന്നു കയറിയതുമുതൽ—

ക—വന്നുകയറിയതല്ലല്ലോ അവർ, അവിടെ പിറന്നതല്ലേ? അവർ അവിടെ ഉണ്ടായിരുന്ന കാലം മുഴുവനും കുടുംബത്തിനു് ഐശ്വൎയ്യംതന്നെയായിരുന്നു.

അ. പ—ആ ഭവനം കണ്ടില്ലേ ഇപ്പോൾ? മൂധേവി അടഞ്ഞു

കിടക്കുന്നു. ഒരു സന്ധ്യാദീപംപോലും ആ പത്തായപ്പുര യിൽ കത്തിച്ചിട്ടില്ല. അതാണാശ്ചൎയ്യം! ഇല്ലേ?

ശ—ഇന്നു കണ്ട സ്ഥിതിക്കു കാരണം വേറെ. ശ്രീദേവി പോയപ്പോൾ മൂതേവി അണഞ്ഞതാണു്.

അ. പ—ശ്രീദേവി പോയപ്പോഴൊ?

ക—അതറിഞ്ഞില്ലേ നിങ്ങൾ? നാരായണിഅമ്മയും ശ്രീദേവിയും ഇപ്പോൾ അവിടെ ഇല്ല. അവർ പരിവട്ടത്തേയ്ക്കു പോയി.

അച്യുതപ്പണിക്കൎക്കു് ഉത്തരം മുട്ടി. ഈ വൎത്തമാനം അയാളിൽ ചില വികാരങ്ങളേയും ആശാജനകമായ ചില വിചാരങ്ങളേയും ഉല്പാദിപ്പിച്ചു. ഏതാനും നിമിഷം താടി തലോടിക്കൊണ്ടു നിന്നശേഷം തന്റെ വാക്പ്രവാഹത്തിന്റെ ഒഴുക്കു തുടൎന്നു. "സകലം നശിപ്പിച്ചു നരിച്ചപ്പച്ചയും പിടിപ്പിച്ചു്, ഇനി ഇരുന്നിട്ടു കാൎയ്യമില്ലെന്നായപ്പോൾ അവിടെനിന്നിളകി. അപ്പോൾ രാഘവക്കുറുപ്പിനെപ്പററി ഒരു വിവരവും ഇല്ലെന്നോ?"

ച—ഇല്ലെന്നോ? ഇപ്പോൾ നിങ്ങളുടെ വായിൽനിന്നു് ഒരു തെളിവു കിട്ടി. ബ്രാഹ്മണശാപമേററു ഭസ്മമായിപ്പോയി.

ശ—എന്നാൽ ഭസ്മമെങ്കിലും കാണേണ്ടതല്ലേ? ധൂമമായി വായുവിൽ ലയിച്ചു. ബ്രാഹ്മണകോപവും നിങ്ങളുടെ ശാപവും യോജിച്ചപ്പോൾ സംഹാരശക്തി വൎദ്ധിച്ചു.

അ. പ—ഞാനെന്തിനു ശപിക്കുന്നു? എനിക്കു് ആ മനുഷ്യനോടെന്തു വിരോധം? ആ രണ്ടു സ്ത്രീകളുടേയും വലയിൽ അകപ്പെട്ടു കുരങ്ങൻകളിക്കുന്നതു കണ്ടു് എനിക്കദ്ദേഹത്തോടു് അനുകമ്പയാണുണ്ടായതു്. മടങ്ങിവന്നു് സുഖമായിരിക്കണേ എന്നാണു് എന്റെ പ്രാൎത്ഥന. ഈശ്വരാ, എന്റെ ആഗ്രഹം സാധിച്ചുതരണേ!

ഈ കടുവിലത്തെ വാക്കുകൾ പറഞ്ഞുകൊണ്ടു് അച്യുതപ്പണിക്കർ മേല്പോട്ടു നോക്കി കൈകൂപ്പി. രാഘവക്കുറുപ്പിന്റെ തിരിച്ചുവരവുണ്ടാകയില്ലെന്നു മിക്കവാറും തീൎച്ചപ്പെടുത്തി, നാ

രായണിഅമ്മയും മകളും മംഗലത്തുനിന്നു തിരിച്ചുപോയി സ്വഗൃഹത്തിൽ പാക്കുന്നു; കരുണാകരക്കുറുപ്പിനു കുടുംബഭരണം പ്രയാസമായിത്തോന്നുന്നു; ഇവയൊക്കെ മംഗലത്തേയ്ക്കുള്ള തൻെറ തിരിച്ചുവരവിൻെറ മാൎഗ്ഗം തെളിയിക്കുന്നില്ലേ? ഈ വിചാരമാണ് അയാളുടെ മനസ്സിൽ ഇഴഞ്ഞുകയറിയത്; മേൽപ്പറഞ്ഞ ആഗ്രഹമാണ് സാധിച്ചുതരണേ എന്ന് അയാൾ ഈശ്വരനോടു പ്രാൎത്ഥിച്ചതും. പിന്നീട് അവിടെ ഒട്ടും താമസിച്ചുനില്ക്കാതെ അച്ചുതപ്പണിക്കർ തൻെറ വഴിക്കു പോയി. എന്നാൽ യുവാക്കന്മാർ അവിടെത്തന്നെ നിന്നു. പണിക്കരെ കരുണാകരക്കുറുപ്പ് ക്ഷണിച്ചുവരുത്തിയ വിവരം അവരെ അസ്വസ്ഥരാക്കി. അവർ സംഭാഷണം തുടൎന്നു.—

ഗോ. വാ—നാരായണിഅമ്മ പോകുന്നതുവരെ കരുണാകരക്കുറുപ്പ് മിണ്ടാതിരുന്നതും, പോയ ഉടൻ പണിക്കരെ ആളയച്ചുവരുത്തിയതും കേട്ടിട്ട് എനിക്കു ചില സംശയങ്ങൾ തോന്നുന്നു. റിക്കാർഡുകളെപ്പററി ചോദിക്കാൻ മാത്രമാണോ അയാളെ വരുത്തിയത്?

ക—അച്ചുതപ്പണിക്കൎക്കു മംഗലത്തു വീണ്ടും പ്രവേശം ലഭിച്ചാൽ, രാഘവക്കുറുപ്പ് ഇത്രനാളും ഭഗീരഥപ്രയത്നംചെയ്ത് വീട്ടിനും നാട്ടിനും സമ്പാദിച്ചുവെച്ച നന്മ മുഴുവൻ തകിടം മറിച്ചിടും. പരമദുഷ്ടനാണയാൾ, പ്രതികാരം ചെയ്യാൻ നല്ല തരവും.

ച—കരുണാകരക്കുറുപ്പിനെ രാഘവക്കുറുപ്പിനോടുപമിച്ചാൽ നിലവിളക്കും സൂൎയ്യനുംപോലെയാണ്. ഈ മൂപ്പർ കുറേ സുഖിയനാണ്; തീരെ അധ്വാനശീലനല്ല. ഭരണപരിചയവും പോരാ.

ശ—എങ്ങിനെയാണ് പരിചയമുണ്ടാകുക? മൂപ്പർ പാഠശാല വിട്ടു വീട്ടിൽ നിന്നിട്ടുണ്ടോ? നിയമപഠനത്തിനായി രണ്ടുകൊല്ലത്തോളമായി പട്ടണത്തിൽ പാൎക്കുകയായിരുന്നില്ലേ? വക്കീൽപരീക്ഷയൊട്ടു ജയിച്ചതുമില്ല.

ഗോ. വാ—പരീക്ഷ ജയിച്ച് അദ്ദേഹം വക്കീൽപ്പണിയിൽ

പ്രവേശിക്കാനൊന്നും ഉദ്ദേശിച്ചിട്ടില്ല. നിയമപരിജ്ഞാനം വേണമെന്നു വിചാരിച്ചു മാത്രം പഠിച്ചതാണ്. പാസ്സായിരുന്നെങ്കിൽ സ്വന്തം ചില കേസുകൾ കീഴ്കോടതികളിൽ നടത്താമായിരുന്നു.

ക—പക്ഷെ, ഒന്നു തീച്ചയാണ്. പണിക്കരെ നിൎത്തേണ്ടിടത്തു നിൎത്തിക്കോട്ടെ. നാട്ടുകാൎയ്യങ്ങളിൽ തലയിടുവാൻ അനുവദിക്കരുത്.

ശ—അതൊരിക്കലും പാടില്ല. കുറുപ്പിനെ നമുക്കു വശത്താക്കണം. അദ്ദേഹത്തിൻെറ മനസ്ഥിതി മാററാൻ പണിക്കൎക്കു സാധിക്കാത്ത നിലയിലാക്കണം.

ഗോ. വാ—കുറുപ്പ് അല്പം മടിയനാണെന്നേ ഉള്ളൂ. സദുദ്ദേശങ്ങളും ആദൎശങ്ങളും ഉള്ള ആളാണ്. ഒരു കാൎയ്യസ്ഥൻ വേണമെങ്കിൽ പണിക്കരെ മാത്രമേ പാടുള്ളോ? വേറെ നല്ലയാളുകളെ ആരെയെങ്കിലും തെരഞ്ഞെടുക്കാൻ നമുക്കുപദേശിക്കാം.

ക—പണിക്കരായാൽ പരിചയമുണ്ടെന്നൊരു മേന്മയുണ്ട്. നോക്കട്ടെ, എങ്ങിനെയൊക്കെയാണു വന്നുകൂടുന്നതെന്ന്. എന്തായാലും ശരി, ആരു കാൎയ്യസ്ഥനായാലും ശരി. ആയമ്മ, നാരായണി അമ്മ, പടികടന്നതോടുകൂടെ മംഗലത്തെ ലക്ഷ്മിയും പോയി.

## അദ്ധ്യായം 7

### നവീനരംഗം

നാരായണി അമ്മയും മററും പരിവട്ടത്തു താമസമാക്കീട്ടു മാസം നാലു കഴിഞ്ഞു. ഒരു മങ്ങിയ പ്രഭാതത്തിൽ, അവരുടെ തറവാട്ടിലെ കാരണവരായ അപ്പുക്കുട്ടമേനോനായിരുന്നു അവരെ മംഗലത്തുനിന്നു കൂട്ടിച്ചു കൊണ്ടുപോന്നത്. രാഘവക്കുറുപ്പിൻെറ തിരോധാനത്താൽ മംഗലത്തുകാൎക്കും, തൻെറ ഭഗിനീഭാഗിനേയിക്കും വന്നണഞ്ഞ കഠിനദുഃഖത്തിൽ അദ്ദേഹം

ആത്മാൎത്ഥം സഫലപ്പെടുത്തിയിരുന്നു. മൂന്നുമാസം കാത്തിരുന്നിട്ടും രാഘവക്കുറുപ്പിന്റെ സ്ഥിതിയെപ്പററി ആശാജനകമായ യാതൊരു വൎത്തമാനവും കിട്ടാത്ത സ്ഥിതിക്ക്, താനും മക്കളും മേലാൽ മംഗലത്തു പാൎക്കുന്നതു് ഉചിതമല്ലെന്നു് നാരായണി അമ്മ അദ്ദേഹത്തെ അറിയിച്ചപ്പോൾ, അദ്ദേഹം ഉടൻ പുറപ്പെട്ടുവന്നു് അവരെ കൂട്ടിച്ചു കൊണ്ടുപോകയാണുണ്ടായതു്. അവരുടെ മേലാലുള്ള ജീവിതത്തെപ്പററിയോ, അതിൽ തനിക്കുള്ള ഉത്തരവാദിത്വത്തെപ്പററിയോ, യാതൊന്നും ആ ശുദ്ധാത്മാവു് അപ്പോൾ ചിന്തിച്ചതുമില്ല. പ്ലാവറവീട്ടിൽ എത്തിയതുമുതൽ നാരായണി അമ്മ ആ വീട്ടിൽ താഴത്തെ നിലയിൽ, താമസത്തിന്നുണ്ടായിരുന്ന പല അസൌകൎയ്യങ്ങളും തീൎത്തു്, ശ്രീദേവിയുടേയും ശിശുക്കളുടേയും ശുശ്രൂഷയിൽ ഏൎപ്പെട്ടു് നാലുമാസം കഴിച്ചുകൂട്ടി. മകൾ ദിവസംപ്രതി ക്ഷീണിച്ചുവരുന്നതും, അവൾക്കു ബുദ്ധിമാന്ദ്യം സംഭവിക്കുന്നതും കണ്ടു്, പട്ടണത്തിൽനിന്നും ഒരു വൈദ്യവിദഗ്ദ്ധനെ വരുത്തേണമെന്നു നാരായണി അമ്മ അപ്പുക്കുട്ടമേനവനോടാവശ്യപ്പെട്ടു. ഡാക്ടർ വന്നു മടങ്ങുമ്പോൾ അദ്ദേഹത്തിന്റെ ഫീസ് കൊടുക്കുവാൻ നാരായണി അമ്മ കാരണവരോടു പറഞ്ഞപ്പോഴാണു് അവരുടെ ധനസ്ഥിതിയെപ്പററി മേനോനു കാൎയ്യം മനസ്സിലാക്കുവാൻ ഇടയായതു്.

നാരായണി അമ്മയുടെ തറവാടിനെപ്പററി അല്പം ചിലതു് ഇവിടെ പ്രസ്താവിക്കേണ്ടിയിരിക്കുന്നു. പ്ലാവറ വീട്ടുകാർ ആഭിജാത്യത്തിൽ നന്നെ ഉയൎന്ന പടിയിൽ ആണെങ്കിലും, സന്തതിയിലും സമ്പത്തിലും മംഗലത്തു കുടുംബക്കാരിൽനിന്നു വളരെ വ്യത്യസ്തനിലയിലായിരുന്നു. ഒന്നോ രണ്ടോ പുരുഷന്മാരും മൂന്നോ നാലോ സ്ത്രീകളും ആണു് പാരമ്പൎയ്യമായി ആ കുടുംബത്തിൽ സാധാരണ ഉണ്ടാകാറു്. സ്വത്തും വളരെ കുറവായിരുന്നു. മിതമായ ചിലവുചെയ്താൽ ദാരിദ്ര്യംകൂടാതെ കഴിച്ചുകൂട്ടാനുള്ള വകയേ അവൎക്കുണ്ടായിരുന്നുള്ളൂ. അവിടത്തെ ഒരംഗത്തിനു മംഗലത്തെ കാരണവരുടെ ഭാൎയ്യാപദം ലഭിച്ചതോ

ടക്കൂടെ അവരിൽനിന്നുണ്ടായ സഹായം തറവാട്ടിനു വലിയ രക്ഷയായിത്തീൎന്നു. നാരായണി അമ്മയുടെ മാതാവായ കുഞ്ചി അമ്മ മംഗലത്തെ രയിരുക്കുറുപ്പിന്റെ ഭാൎയ്യയായി വരിക്കപ്പെട്ടപ്പോൾ "ഒരു പട്ടിണിപ്പിശാചിനെ കൊണ്ടുവന്നിരിക്കുന്നു" എന്നു മംഗലത്തെ കുടുംബാംഗങ്ങൾ ആയമ്മയെ പുച്ഛിച്ചു. എന്നാൽ സൌശീല്യവതിയായ കുഞ്ചിഅമ്മ ഈ പുച്ഛത്തെ തീരെ വകവെച്ചില്ലെന്നു മാത്രമല്ല, തന്നെ പുച്ഛിച്ചവരെ യാതൊരുവിധത്തിലും ദ്രോഹിക്കാതെ കുടുംബാംഗങ്ങളോടു വിനയത്തോടും സൌഹാൎദ്ദത്തോടും പെരുമാറുകയും, ഭൎത്താവിനെ ഭക്തിബഹുമാനപുരസ്സരം ശുശ്രൂഷിച്ച് അദ്ദേഹത്തിന്റെ പ്രീതി സമ്പാദിക്കയും ചെയ്തു.

അവരുടെ വിവാഹകാലത്തു പ്ലാവറ കുടുംബത്തിൽ കുഞ്ചി അമ്മയും രണ്ടനുജത്തിമാരും ഒരു കാരണവരും മാത്രമേ ഉണ്ടായിരുന്നുള്ളു. തനിക്കു ലഭിച്ച പദവിയാൽ ആ സ്ത്രീക്ക് ഒട്ടും തലതിരിച്ചലുണ്ടായില്ല. കൂടെക്കൂടെ അവർ സ്വഗൃഹത്തിൽവന്നു പാൎത്ത് അവിടത്തെ ക്ഷേമാന്വേഷണങ്ങൾ ചെയ്കയും, പരിവട്ടത്തുള്ള തന്റെ പരിചയക്കാരോടു പഴയ രീതിയിൽ തന്നെ പെരുമാറുകയും ചെയ്തു. അവരുടെ ബന്ധുബലം നിമിത്തം പരിവട്ടത്തെ തന്റെ സ്നേഹിതമാരിൽ പലൎക്കും നല്ല ഭൎത്താക്കന്മാരെ ലഭിക്കുവാനിടയായി. തന്റെ സഹോദരിമാർ രണ്ടാളേയും പ്രായപൂൎത്തി വന്നപ്പോൾ മംഗലത്തെ ബന്ധുക്കളിൽ രണ്ടാളെക്കൊണ്ടു വിവാഹം കഴിപ്പിച്ചു. ഇങ്ങിനെ കുഞ്ചിഅമ്മ സ്വകുടുംബത്തിനും മിത്രങ്ങൾക്കും പല സഹായങ്ങൾ ചെയ്തു ജീവിതം നയിച്ചു.

രയിരുക്കുറുപ്പ് തന്റെ ദരിദ്രഭാൎയ്യക്കു മേലാൽ ദാരിദ്ര്യം 'തീണ്ടുക'പോലും ചെയ്യാതിരിക്കത്തക്കവണ്ണം, പണമായും പണ്ടങ്ങളായും, വസ്തുക്കളായും ധാരാളം സമ്പാദിച്ചുകൊടുത്തു. പ്ലാവറ വീട്ടിനു സമീപത്തുതന്നേ ഒരു വിശാലമായ പറമ്പു വാങ്ങി നല്ലൊരു പത്തായപ്പുരയും പണിയിച്ചുകൊടുത്തു. ഭൎത്താവു മരിച്ച് കുഞ്ചിഅമ്മ തറവാട്ടിൽ താമസത്തിനു മടങ്ങി

യശേഷം സ്വന്തം പത്തായപ്പുരയിൽ പോയി പാക്കാൻ ഇട യായില്ല. അപ്പോഴത്തെ തറവാട്ടിൽ കാരണവർ വൃദ്ധനായി കുടുംബഭരണം ശരിയാംവണ്ണം നടത്താൻ ത്രാണിയില്ലാതെ അവശനായിത്തീൎന്നിരുന്നു. സഹോദരിമാർ രണ്ടാളും മരിച്ചു പോയിരുന്നു. അവരിൽ മൂത്ത സ്ത്രീയുടെ മകനായ അപ്പുക്കുട്ട മേനോൻ യൌവനത്തിൽ കാൽവെച്ചിട്ടേ ഉണ്ടായിരുന്നുമു ള്ളു. ഇളയ സഹോദരി ഒരു വയസ്സുപോലും തികയാത്ത ഒരി ളംപൈതലിനെ കുഞ്ചി അമ്മയെ ഏല്പിച്ചിട്ടാണു സമാധാന ത്തോടെ മരിച്ചതു്. കുഞ്ചി അമ്മയ്ക്കാകട്ടെ ഒരൊററ സന്താ നം, നാരായണി അമ്മ, മാത്രമേ ഉണ്ടായിരുന്നുള്ളു. ഈ സ്ഥി തിയിൽ അവർ സ്ഥാവര ഗൃഹത്തിലെ തറവാട്ടിലമ്മയായി കാ രണവരെ ശുശ്രൂഷിച്ചും, അപ്പുക്കുട്ടമേനോൻെറമേൽ ദൃഷ്ടിവെ ച്ചും, സഹോദരീപുത്രിയായ പാറുക്കുട്ടിയെ പോററി വളൎത്തി യും, സ്വപുത്രിയോടൊന്നിച്ചു കുടുംബഗൃഹത്തിൽ പാൎത്തു. രണ്ടുകൊല്ലത്തിലിടയ്ക്കു നാരായണി അമ്മ കോമക്കുറുപ്പിൻെറ ഭാൎയ്യയായിത്തീൎന്നു. കോമക്കുറുപ്പു് അക്കാലത്തു കാരണവരല്ലാ യിരുന്നെങ്കിലും തൻെറ യുവഭാൎയ്യയെ മംഗലത്തുതന്നെ കൂട്ടി ക്കൊണ്ടുപോയി തറവാട്ടുഗൃഹത്തിൽ താമസിപ്പിച്ചു.

കുഞ്ചി അമ്മ കുടുംബഭരണത്തിൽ വളരെ പാടവമുള്ള സ്ത്രീയായിരുന്നില്ല. കാരണവരുടേയും പാറുക്കുട്ടിയുടേയും ശു ശ്രൂഷയ്ക്കുതന്നെ അവരുടെ സമയവും ശ്രദ്ധയും മുക്കാലും അ ൎപ്പിക്കേണ്ടിവന്നു. ബാക്കി അല്പം ഇടകിട്ടിയതു് അവർ ഈശ്വ രാരാധനക്കും പുരാണവായനക്കും ഉപയോഗിച്ചു. കൃഷിപ്പണി യിലെ മേൽനോട്ടം മുഴുവനും അപ്പുക്കുട്ടമേനവനേയും ഏല്പി ച്ചു. മേനവൻ പ്രകൃത്യാ അലസനും, പ്രവൃത്തിവിമുഖനും ദുര ഭിമാനിയും ആയിരുന്നു. "അല്പജ്ഞാനം ആപല്ക്കരം" എന്ന ആപ്തവചനം, അപ്പുക്കുട്ടമേനവൻെറ കാൎയ്യത്തിൽ അക്ഷരം പ്രതി ശരിയായിരുന്നു. സ്ഥലത്തെ ചെറിയൊരാംഗ്ലേയപാഠ ശാലയിൽ ചേൎന്നു മൂന്നുനാലു ക്ലാസുകളിൽ അഞ്ചാറുകൊല്ലം കഴിച്ചുകൂട്ടിയതിൻെറ ഫലമായി, സ്വന്തം പേർ ഇംഗ്ലീഷിൽ

എഴുതി ഒപ്പിടുവാനും, അഞ്ചാറു വാചകങ്ങൾ തെററിയും വിക്കിയും സംസാരിക്കുവാനും വശമായതോടുകൂടെ ഈ യുവാവിന്ന് ഉദ്യോഗഭ്രമം തുടങ്ങി. എന്നാൽ പരീക്ഷാവിജയമോ, പ്രമാണപത്രമോ ഇല്ലാത്ത ആൾക്കു് എന്തുദ്യോഗമാണു് ലഭിക്കാൻ കഴിയുന്നതു്? ഉദ്യോഗദല്ലാളികൾക്കു കൈക്കൂലി കൊടുത്തും, പട്ടണങ്ങളിൽ പോയി അലഞ്ഞുനടന്നും കുഞ്ഞിഅമ്മയുടെ പണം കുറെ നശിപ്പിച്ചശേഷം, കുടുംബത്തിൽ പാരമ്പര്യമായുണ്ടായിരുന്ന അധികാരിപ്പണികൊണ്ടു തൃപ്തിപ്പെടേണ്ടിവന്നു. കൃഷികാര്യങ്ങൾ നേരിട്ടു നടത്തുവാൻ തനിക്കു സമയമില്ലെന്നും, പറമ്പും പാടങ്ങളും പാട്ടത്തിന്നേല്പിക്കുന്നതു നന്നായിരിക്കുമെന്നും മററും പറഞ്ഞു് അയാൾ കുഞ്ഞി അമ്മയെ വിശ്വസിപ്പിച്ചു്, വൃദ്ധൻ കാരണവർ മരിച്ചു രണ്ടു വഷം തികയുംമുമ്പു് അധികാരിയജമാനനായി ഞെളിഞ്ഞുനടന്നു സുഖിച്ചു. കുഞ്ഞിഅമ്മയ്ക്കാണെങ്കിൽ അപ്പുക്കുട്ടൻ ഹരിശ്ചന്ദ്രനാണെന്നായിരുന്നു വിശ്വാസം. പല കളവുകളും പറഞ്ഞു് അയാൾ ഈയമ്മയുടെ ന്മക്കൽ സ്വകാര്യമായുണ്ടായിരുന്ന പണം മുക്കാലും കൈക്കലാക്കി നശിപ്പിച്ചു. രണ്ടു വിവാഹങ്ങൾ കഴിച്ചു് രണ്ടും ഉപേക്ഷിച്ചു. മൂന്നാമതൊരു വിവാഹം കഴിക്കുന്നതിനു പണമാവശ്യപ്പെട്ടപ്പോൾ, തന്റെ കൈവശം ഇനി അധികമൊന്നുമില്ലെന്നു കണ്ടു കുഞ്ഞിഅമ്മ അയാളെ പണച്ചെലവുകാര്യത്തിൽ താക്കീതു ചെയ്തു. ഇതു മൂപ്പർക്കു രസിച്ചില്ല. കരം പിരിച്ചുവെച്ചിരുന്ന ഒരു വലിയ തുക എടുത്തുപയോഗിച്ചു് 'കിടക്കോറ' ബഹു കേമമായിക്കൊണ്ടാടി. പണം സക്കാരിലടയ്ക്കേണ്ട സമയമായപ്പോൾ വീണ്ടും അയാൾ കുഞ്ഞിഅമ്മയെ അലട്ടാൻ തുടങ്ങി. പണമടച്ചില്ലെങ്കിൽ തന്റെ പണി പോകുന്നതു മാത്രമല്ല, ജയിൽവാസവും കുടുംബത്തിനു മാനഹാനിയും സംഭവിക്കുമെന്നു പറഞ്ഞപ്പോൾ കുഞ്ഞിഅമ്മ പരിഭ്രമിച്ചു വശായി. സ്വകാര്യത്താമസത്തിന്നായി ഭത്താവു പണിയിച്ചുകൊടുത്ത 'പുതിയ പത്തായപ്പുര'യും പറമ്പുമൊഴികെ തന്റെ സ്വന്തം പേരിലുണ്ടായി

രുന്ന വസ്തുക്കളൊക്കെ വിററു് അപ്പുക്കുട്ടമേനോൻെറ കടം വീട്ടി. മേനോൻെറ 'ദീപാളിത്വ'ത്തെപ്പററി ഈയവസരത്തിലാണ് ആയമ്മയ്ക്കു പൂർണ്ണബോധ്യം വന്നതു്. മേലാൽ താൻ ഇതിന്നു വളമിട്ടുകൊടുക്കയില്ലെന്നു മേനോൻെറയും പുതിയ ഭാര്യയുടേയും മുമ്പിൽ വെച്ചു് അവർ ശപഥം ചെയ്തു. വസ്തു വിററു് മേനോൻെറ കടം വീട്ടി, തൻെറ കൈയിൽ ശേഷിച്ച അയ്യായിരം ഉറുപ്പിക ഈ സമയത്താണ കുഞ്ചിഅമ്മ തൻെറ മകൾക്കു കൊടുത്തയച്ചതു്. കുറേ ആഭരണങ്ങൾ ഉണ്ടായിരുന്നതും അവർ നാരായണിഅമ്മക്കും പാറുക്കുട്ടിക്കുമായി വീതിച്ചുകൊടുത്തു.

മംഗലത്തു ജനിച്ചു വളൎന്നു്, തൻെറ ആയുഷ്ക്കാലത്തിലെ വലിയൊരുഭാഗം അവിടെത്തന്നെ കഴിച്ചുകൂട്ടിയ നാരായണിഅമ്മക്കു തൻെറ തറവാട്ടിൻെറയും നാട്ടിൻെറയും സ്ഥിതിയിൽ തീരെ ശ്രദ്ധ വെക്കുവാൻ ഇടയായിട്ടില്ല. അവരുടെ പ്രവൃത്തിരംഗം മംഗലവും പരിസരങ്ങളുമായിരുന്നു. സ്വന്തം തറവാട്ടുകാൎയ്യങ്ങളിൽ ഒരു കണ്ണെങ്കിലും അയക്കാതിരുന്നതിൻെറ അനിഷ്ടഫലം അവർ തൻെറ ജിവിതത്തിലെ മദ്ധ്യഘട്ടത്തിൽ അനുഭവിക്കാനിടയായി. അക്കഥ നാം വഴിയെ ഗ്രഹിക്കും. എന്നാൽ മാതാവിൻെറ മരണം സമീപിച്ചു് ആ സ്ത്രീ പ്ലാവറെ വന്നു് അവരെ ശുശ്രൂഷിച്ചുകൊണ്ടു പാൎത്തപ്പോൾ കുടുംബസ്ഥിതിയെപ്പററി ചിലതൊക്കെ അറിവാനിടയായി. പാറുക്കുട്ടിയെ വിവാഹം കഴിച്ചുകൊടുക്കാത്ത ആധി കുഞ്ചിഅമ്മയെ വ്യസനിപ്പിക്കുന്നുണ്ടെന്നറിഞ്ഞു് അക്കാൎയ്യം താൻ തൃപ്തികരമായി നിൎവ്വഹിക്കുന്നതാണെന്നു പ്രതിജ്ഞ ചെയ്തു് അമ്മയെ സമാധാനിപ്പിച്ചു. മാതൃമരണാനന്തരം മൂന്നു മാസത്തിനുള്ളിൽ വിവാഹം നടത്തുകയും ചെയ്തു. സമീപത്തുള്ള രാമപുരം എന്ന നഗരത്തിൽ ഖദർപ്രചരണവും ഖദർകച്ചവടവും നടത്തിയിരുന്ന 'നവീന ഇന്ത്യയിലെ സ്വരാജ്യസേവകന്മാ'രിൽ ഒരാളായ കുമാരദാസ് എന്ന യുവാവാണു് പാറുക്കുട്ടിയെ പരിണയിച്ചതു്. വിവാഹശേഷം പാറു

കുട്ടി ഭർത്താവൊന്നിച്ചു രാമപുരത്തുതന്നെ താമസമാക്കി. അന്നുമുതൽപ്ലാവറ ഗൃഹത്തിൽ അപ്പുക്കുട്ടമേനോനും തൻെറ പുതിയ ഭാൎയ്യ മീനാക്ഷിഅമ്മയും മാത്രമേ താമസമുണ്ടായിരുന്നുള്ളു.

മീനാക്ഷിഅമ്മയുമായുള്ള വിവാഹവും കുഞ്ചിഅമ്മയുടെ മരണവും അപ്പുക്കുട്ടമേനോൻെറ ജീവിതത്തിൽ ഒരു പുതിയ ഏടുമറിക്കുവാൻ പൎയ്യാപ്തമായി. അദ്ദേഹം ദീപാളി ആയിരുന്നു എങ്കിലും, കൂട്ടർകൂടി ചില അപകടങ്ങളിൽ ചാടി പലപ്പോഴും കുടുംബത്തിന്നു കളങ്കമുണ്ടാക്കത്തക്ക ഘട്ടത്തിൽ എത്തിയിരുന്നു എങ്കിലുംകൂടെ ആൾ ശുദ്ധനായിരുന്നു. ചെറുപ്പന്നേ ലഭിച്ച അനിയന്ത്രിതസ്വാതന്ത്ര്യവും കുഞ്ചിഅമ്മയുടെ അതിരുകവിഞ്ഞ ലാളനയും, കണ്ണടച്ച വിശ്വാസവും ആണു് അയാളെ ദുഷ്പഥത്തിലേക്കു നയിക്കാൻ സഹായിച്ചതു്. സൎക്കാർ പണം ദുരുപയോഗിച്ചു ജയിലിൻെറ പടിക്കലോളം എത്തിയപ്പോളാണു് അയാളുടെ കണ്ണുകൾ തുറന്നതു്. ആപ്തമിത്രങ്ങളെന്നു നടിച്ച സ്നേഹിതന്മാരുടെ തണുത്ത നോട്ടങ്ങളും കുഞ്ചിഅമ്മയുടെ അന്ത്യശാസനവും അയാളുടെ ജീവിതത്തിൽ സാരമായ ഒരു പരിവൎത്തനത്തിനിടയാക്കി. മീനാക്ഷിഅമ്മയുടെ സ്വഭാവവും ആദർശങ്ങളും ഈ പരിവൎത്തനത്തിനു സഹായമായിത്തീൎന്നു. കുഞ്ചിഅമ്മയുടെ പക്കൽ ഒരക്ഷയപാത്രം നിറയെ പണമുണ്ടെന്നും, അതു അപ്പുക്കുട്ടമേനോൻ വഴി തനിക്കു കരസ്ഥമാക്കേണമെന്നുമുള്ള ഉദ്ദേശത്തോടുകൂടെയാണു ഇരുപതു വയസ്സു മാത്രം പ്രായമുണ്ടായിരുന്ന ആ തരുണി തൻെറ ഇരട്ടിയിൽ കൂടുതൽ പ്രായം ചെന്നിരുന്ന 'അധികാരി അമ്മാമനെ' വിവാഹം കഴിപ്പാൻ സമ്മതിച്ചതു്. കുഞ്ചിഅമ്മ തൻെറ മുമ്പിൽവെച്ചു ചെയ്ത താക്കീതു് ആ സ്ത്രീയെ അത്യന്തം ഇച്ഛാഭംഗപ്പെടുത്തി. എന്നാലും അപ്പോൾ ബാക്കിയുള്ള വസ്തുക്കളും തറവാട്ടുമാനവും കൈയേറെടുത്തു രക്ഷിച്ചു് ഭർത്താവിനെ താൻ ഭരിക്കുമെന്നും, മുമ്പത്തെ രണ്ടു ഭാൎയ്യമാരും ചെയ്തപോലെ കഷ്ടംകൂടാതു് ഓടിപ്പോകയില്ലെ

നും അവർ നിശ്ചയിച്ചു. താമസിയാതെ പാട്ടത്തിനേല്പിച്ചിരുന്ന പറമ്പും പാടങ്ങളും ഒഴിച്ചുവാങ്ങി സ്വന്തമായി കൃഷി ചെയ്യാൻ തുടങ്ങി; സുഖമായി ചെലവു കഴിപ്പാനും നികുതി കൊടുക്കാനും ഉള്ള വക തടസ്സംകൂടാതെ അവൎക്കു ലഭിച്ചു. കുഞ്ഞിഅമ്മയുടെ പത്തായപ്പുര ചിലപ്പോൾ വാടകക്കു കൊടുത്ത് ആ വഴിക്കു ലഭിച്ച ചെറിയ തുക അവൎക്കു പണ്ടങ്ങൾ പണിയിക്കുവാനും ഉപയോഗപ്പെട്ടു. ഇങ്ങിനെ കൊല്ലം ഏഴെട്ടു കഴിഞ്ഞു.

മീനാക്ഷിഅമ്മ തന്റെ രണ്ടാമത്തെ പ്രസവത്തിനു മാതൃഗൃഹത്തിൽ പോയിരുന്ന അവസരത്തിലാണു നാരായണി അമ്മയും മകളും പ്ലാവറെ താമസത്തിന്നു വന്നുചേൎന്നത്. അവർ ഒഴിഞ്ഞ വീട്ടിൽ വന്നുകയറാൻ ഇടവരരുതെന്നു കരുതി അപ്പുക്കുട്ടമേനോൻ പാറുക്കുട്ടിഅമ്മയെ ആളയച്ചു വരുത്തി. പാറുക്കുട്ടി തന്റെ രണ്ടു മക്കളോടുംകൂടെ പ്ലാവറെ വന്ന്, ജ്യേഷ്ഠത്തിയേയും ശ്രീദേവിയേയും സല്ക്കരിച്ചു ശുശ്രൂഷിച്ച് ഒരാഴ്ച താമസിച്ചശേഷം മടങ്ങിപ്പോയി. നാരായണി അമ്മ അവിടെ പാൎപ്പുറപ്പിക്കുവാൻ വേണ്ട ഒരുക്കങ്ങളും ചെയ്യാൻ തുടങ്ങി.

ശ്രീദേവിയെ പരിശോധിക്കുവാൻ ഡാക്ടർ വന്നു മടങ്ങിയ ദിവസം സന്ധ്യക്ക് അപ്പുക്കുട്ടമേനോൻ പെങ്ങളെ വിളിച്ചു ചില കാൎയ്യങ്ങൾ ചോദിച്ചു മനസ്സിലാക്കി.

അ. മേ—നാരായണീ, എന്താണ് ഡാക്ടൎക്കു ഫീസ്സു കൊടുപ്പാൻ എന്നോടു പറഞ്ഞത്?

നാ. അ—പിന്നെ ഞാൻ ആരോടാണ് പറയുക? ഞങ്ങൾക്ക് ഉടമസ്ഥരായി വേറാരും ഇല്ലെന്ന് ഏട്ടനറിഞ്ഞുകൂടെ?

അ. മേ—അതറിയാം; പക്ഷേ നിങ്ങളുടെ രണ്ടാളുടേയും കൈവശം ഒന്നുമില്ലെന്നോ?

നാ. അ—ഒററപ്പൈസപോലുമില്ല.

അ. മേ—ശ്രീദേവിയുടെ കാൎയ്യം പോകട്ടെ, രാഘവന് അവൾക്കു വല്ലതും കൊടുക്കേണ്ടതിനെപ്പററി ആലോചിപ്പാൻ

പോലും തരമായില്ല. ചെറുപ്പമായിരുന്നില്ലേ? പിന്നെ വിചാരിച്ചിരിക്കാതെ ഈ ആപത്തും വന്നുചേൎന്നു. നിന്റെ കാൎയ്യം അങ്ങിനെയല്ലല്ലൊ. ഏട്ടൻ നിനക്ക് ഒന്നും തന്നിട്ടില്ലേന്നോ? സുഖക്കേടായിപ്പോലും കുറേ നാൾ കിടന്നില്ലേ?

നാ. അ—എനിക്ക് അദ്ദേഹം പ്രത്യേകിച്ചൊന്നും തന്നിട്ടില്ല. കാരണവസ്ഥാനം കൈയേററ് ഏറെയാകുംമുൻപ് അദ്ദേഹം രോഗിയായിപ്പോയില്ലേ?

അ. മേ—അതു ഭംഗിയായില്ല. മംഗലത്തു കുറുപ്പന്മാർ ഭാൎയ്യമാരെ നല്ല സ്ഥിതിയിൽ വെച്ചിട്ടാണ് മരിച്ചിട്ടുള്ളത്. എത്രയോ തലമുറയായി നടക്കുന്ന പാരമ്പൎയ്യമാണത്. ഭൎത്താവു മരിച്ച ഭാൎയ്യമാരെ വെറുംകൈയ്യോടെ ഇറക്കി അയയ്ക്കുന്ന പതിവ് അവിടെ ഉണ്ടായതായറിഞ്ഞിട്ടില്ല.

നാ. അ—ഞാനും ശ്രീദേവിയും വെറുംകൈയോടെ ആണ് പോന്നത്. പക്ഷേ ഞങ്ങൾ സ്വയം പോന്നതാണ്; ഇറക്കിപ്പറഞ്ഞയയ്ക്കപ്പെട്ടവരല്ല.

അ. മേ—അതു രണ്ടും കാൎയ്യമൊന്നുതന്നെയല്ലേ? മംഗലത്തുകാൎക്ക് ഇതൊട്ടും അഭിമാനകരമല്ല. മൂന്നു തലമുറയായിട്ട് അവിടത്തെ കാരണവന്മാരുടെ ഭാൎയ്യാപദവി ഈ കുടുംബത്തിലെ സ്ത്രീകൾക്കുണ്ടായിരുന്നു. ഇപ്പോൾ നിങ്ങൾ രണ്ടാൾ ഉണ്ണാനും ഉടുക്കാനുംപോലും സ്വന്തം തറവാട്ടിനെ ആശ്രയിക്കേണ്ടിവരുന്നതു മംഗലത്തെ അവസ്ഥയ്ക്കു് എങ്ങിനെ യോജിക്കും?

നാ. അ—ഏട്ടൻ മംഗലത്തുകാരെ ഒരിക്കലും കുററം പറയരുത്; ഞങ്ങളുടെ ദൌൎഭാഗ്യമെന്നു പറഞ്ഞു സമാധാനപ്പെടണം. ശ്രീദേവിയുടെ അച്ഛൻ എനിക്കു കുറെ വസ്തുക്കൾ വാങ്ങാനാലോചിച്ചു. ഞാനാണതിനു തടസ്ഥം ചെയ്തത്. അദ്ദേഹം ദീനക്കിടക്കയിൽ കിടക്കുമ്പോൾ എന്റെ കാൎയ്യത്തെപ്പററി ആലോചിച്ചു തല പുണ്ണാക്കാതിരിക്കാൻ ഞാൻ നിൎബ്ബന്ധിച്ചു. പിന്നെ, എന്നെ സംബന്ധിച്ചിടത്തോളം അതിന്റെ ആവശ്യവുമുണ്ടായിരുന്നില്ല. എന്റെ അമ്മയ്ക്കു

വേണ്ടതു് അച്ഛൻ കൊടുത്തിരുന്നു; അതിന്നൊക്കെ അവ. കാശി ഞാൻ ഒരൊററ മകളും.

അ. മേ—അമ്മയുടെ സ്വത്തിൻെറ കാൎയ്യം ഇപ്പോൾ പറഞ്ഞിട്ടാവശ്യമെന്തു്? അമ്മയ്ക്കു് ഇവിടെ വേണ്ട ഭാരം വഹിക്കുവാനുണ്ടായിരുന്നില്ലെ? അമ്മയെ ആരാണു് നോക്കിയതു്? നീ തിരിഞ്ഞുനോക്കിയോ? ഇപ്പോൾ ആ സ്വത്തിൻെറ കണക്കു ചോദിക്കാനാണോ ഭാവം?

നാ. അ—ഏട്ടൻ കോപിക്കേണ്ട. ഞാൻ കണക്കൊന്നും ചോദിക്കാൻ ഭാവിച്ചിട്ടില്ല; അമ്മയുടേയും തറവാട്ടിലേയും സ്വത്തിനു് എനിക്കും എൻെറ സന്താനങ്ങൾക്കും അവകാശമുണ്ടെന്നു മാത്രമെ പറയുന്നുള്ളു. ഇപ്പോൾ നമുക്കൊക്കെ കഴിഞ്ഞുകൂടാനുള്ള വക ഉണ്ടല്ലോ.

അ. മേ—വല്യമ്മ മരിക്കുംമുൻപു കുറെ പണം നിനക്കു കൊടുത്തയച്ചതായി കേട്ടിട്ടുണ്ടല്ലോ. അതെന്തു ചെയ്തു?

നാ. അ—അതും ഇപ്പോൾ എൻെറ കൈവശമില്ല. അതു ഞാൻ രാഘവനെ ഏല്പിച്ചിരുന്നു.

അ. മേ—അതിന്നു രേഖയൊന്നുമില്ലേ? അതെങ്കിലും മംഗലത്തുകാൎക്കു തിരിച്ചു തന്നുകൂടെ? നിങ്ങൾ രണ്ടു സ്ത്രീകളും, വളൎത്തേണ്ട രണ്ടു കുട്ടികളും ഇല്ലെ? എന്തൊക്കെ ചെലവുണ്ടു്? മംഗലത്തു ശീലിച്ച സ്ഥിതിയിൽ ഇനി കഴിയുന്നതെങ്ങിനെ?

നാ. അ—ഏട്ടൻ പതുക്കെ സംസാരിക്കു. ശ്രീദേവി ഇതൊന്നും കേൾക്കരുതു്. അവളുടെ ദീനം കുറേ ആശ്വാസമാകട്ടെ. നമുക്കു വേണ്ടതു മെല്ലെ ആലോചിച്ചു ചെയ്യാം. മംഗലത്തുകാരോടു് ഒന്നും ചോദിക്കാൻ എനിക്കും ശ്രീദേവിക്കും സമ്മതമല്ല.

അ. മേ—കരുണാകരക്കുറുപ്പിനു് നിങ്ങളുടെ സ്ഥിതിയൊന്നും അറിയില്ലെന്നോ? ഈ കുട്ടികൾ ദാരിദ്ര്യത്തിൽ പെടുന്നതു് അവൎക്കല്ലേ പോരായ്മ?

നാ. അ—മംഗലത്തു് ഞങ്ങൾ രാജഭോഗമനുഭവിച്ചല്ലാ കഴി

ഞ്ഞിരുന്നതു്. അനാവശ്യസുഖങ്ങളും ആഡംബരങ്ങളും ക ന്നും ഞങ്ങളാരും ശീലിച്ചിട്ടില്ല. ഈ കുട്ടികളും ഞങ്ങളുടെ രീതിയിൽ വളൎന്നാൽ മതി.

അ. മേ—വീട്ടുകാൎയ്യം എങ്ങിനെയെങ്കിലും കഴിക്കാമെന്നു വെ യ്ക്കുക. ശ്രീദേവിയുടെ ചികിത്സയ്ക്കു വേണ്ടിയ പണം ഞാ നെവിടെനിന്നുണ്ടാക്കും? മീനാക്ഷി പ്രസവിക്കാനടുത്തു. ആ ചെലവുമില്ലേ? ഒരധികാരിപ്പണിയിലെ വരവുകൊണ്ടു് എന്തൊക്കെ സാധിക്കാം?

നാ. അ—ഏട്ടൻ സ്വന്തം കാൎയ്യങ്ങൾ നിൎവ്വഹിച്ചാൽ മതി. ശ്രീദേവിയുടെ ചികിത്സയ്ക്കുള്ള പണം ഞാൻ ഉണ്ടാക്കാം. എൻെറ വക ചില പണ്ടങ്ങൾ ഉണ്ടായിരുന്നു; അവ വി ല്ക്കാൻ ഞാൻ പാറുക്കുട്ടിയെ ഏല്പിച്ചിട്ടുണ്ടു്. ആ പണം കിട്ടിയാൽ ഇന്നു ഡാക്ടൎക്കു കൊടുത്ത സംഖ്യയും ഞാൻ മട ക്കിത്തരാം.

അ. മേ—അങ്ങിനെയോ? പ്രസവം കഴിഞ്ഞാൽ മീനാക്ഷി യെ ഇങ്ങട്ടു കൂട്ടിക്കൊണ്ടുവരണം. അവളാണു് കുറേക്കാല മായി ഈ തറവാട്ടുകാൎയ്യമൊക്കെ നോക്കി നടത്തിയിരുന്ന തു്. ഇത്രനാളും സ്വാതന്ത്ര്യമായിരുന്നു മേലാൽ നിങ്ങളുടെ ഭരണത്തിൽ കഴിവാൻ അവൾ ഇഷ്ടപ്പെടുമോ എന്തോ?

നാ. അ—മീനാക്ഷി ഇത്രനാളും കഴിച്ചപോലെതന്നെ കഴിക്കു ന്നതിന്നു് എന്താണു് തടസ്ഥം? ഞങ്ങൾ അവളുമായി യോജിച്ചു സമാധാനത്തോടെ കഴിഞ്ഞുകൂടിക്കൊള്ളാം. അ തിനെപ്പററിയും ഏട്ടനു് ശങ്ക വേണ്ടാ. നമ്മുടെ വരവു വ ൎദ്ധിപ്പിക്കുവാൻ വല്ല ചെറുതരം കുടിൽവ്യവസായവും ആ രംഭിക്കാൻ ഞങ്ങൾ നോക്കാം.

അ. മേ—കഷ്ടം, മംഗലത്തു കുറുപ്പിൻെറ ഭാൎയ്യമാർ കുടിൽവ്യ വസായങ്ങളിൽ ഏൎപ്പെടുകയോ? രാജ്ഞിമാരെപ്പോലെ ഇരു ന്നവർ അവരുടെ ചെലവിനു സമ്പാദിക്കാൻ പണി എടു ക്കുകയോ? എത്ര മാനക്കേടു്! എനിക്കീസ്ഥിതി ആലോചി ക്കാൻപോലും വയ്യാ.

നാ. അ—പണി എടുക്കുന്നതിൽ യാതൊരു അവമാനവും ഇല്ല. അവനവൻെറ ആവശ്യം കഴിക്കുന്നതിനുള്ള വക മററുള്ളവരെ ആശ്രയിച്ച വാങ്ങാതെ സ്വയം സമ്പാദിക്കുന്നതാണ് മാനം. മീനാക്ഷി നല്ല വൈഭവമുള്ള സ്ത്രീയാണ്. അവൾ തറവാട്ടുകാൎയ്യങ്ങളൊക്കെ നോക്കി നടത്തുമെങ്കിൽ എനിക്കെന്താണൊരു പണി പിന്നെ? സമയം വൃഥാ വ്യയംചെയ്യുന്നതിൽ ഭേദം എന്തെങ്കിലും ചില പ്രവൃത്തി വീട്ടിനുള്ളിൽ ഇരുന്നു ചെയ്യരുതോ? എനിക്കു ശക്തിയും ആരോഗ്യവും ദൈവം നല്കീട്ടുണ്ട്; അതുതന്നെ വലിയ അനുഗ്രഹം.

അ. മേ—മംഗലത്തുകാൎക്ക് അതിഷ്ടമാകുമോ? അവർ അതിന്നനുവദിക്കുമോ? കരുണാകരക്കുറുപ്പ് എന്തു വിചാരിക്കും?

നാ. അ—ഇതിൽ മംഗലത്തുകാരോട് അനുവാദം വാങ്ങേണ്ട ആവശ്യമെന്ത്? അവരെ ഈ ഘട്ടത്തിൽ യാതൊരുവിധത്തിലും ബുദ്ധിമുട്ടിക്കരുതെന്നാണ് എൻെറ ആഗ്രഹം.

അ. മേ—ഈ ചെറിയ കുട്ടികളുടെ കാൎയ്യമെങ്കിലുമോൎത്ത് അവർ വല്ലതും ചെയ്യേണ്ടതല്ലേ? വസ്തുത അറിഞ്ഞാൽ കരുണാകരക്കുറുപ്പു വല്ലതും സഹായിക്കാതിരിക്കുകയില്ല.

നാ. അ—ഏട്ടൻ യാതൊന്നും കരുണാകരനെ അറിയിക്കരുത്. രാഘവൻെറ അന്വേഷണത്തിനും മററുമായി എത്ര ഉറുപ്പികയാണു ചെലവായതെന്നെനിക്കറിയാം. കരുണാകരനു വളരെ ബുദ്ധിമുട്ടുള്ള കാലമാണ്. കുടുംബത്തിൽ ചിലർ ഭാഗത്തിനും തിടുക്കി തുടങ്ങീട്ടുണ്ട്. അങ്ങിനെ ഇരിക്കെ ഈക്കാൎയ്യങ്ങളുംകൂടെ പറഞ്ഞു കരുണാകരനെ ക്ലേശിപ്പിക്കരുത്. എനിക്കു കഴിവുണ്ടായിരുന്നെങ്കിൽ ഈ ഘട്ടത്തിൽ ഞാൻ അങ്ങോട്ടു വല്ലതും സഹായിച്ചേനെ.

അ. മേ—നിനക്കു കൊടുക്കാനല്ലേ അറിയുള്ളൂ, വാങ്ങാൻ അറിയുമോ?

നാ. അ—ശരിയാണ്; കൊടുക്കുന്നതിൽനിന്നല്ലേ, വാങ്ങുന്നതിനേക്കാൾ കൂടുതൽ തൃപ്തിയും അനുഗ്രഹവും ലഭിക്കുന്നതു്.

അ. മേ—വലിയൊരു കുടുംബത്തെ ആശ്രയിച്ച് ഇത്രനാളും നല്ല പദവിയിൽ കഴിഞ്ഞവർ പണി എടുത്തു ജീവിക്കുന്നതു് ആ കുടുംബത്തിൻെറ മഹിമക്കു് ഒട്ടും ചേൎന്നതല്ല.

നാ. അ—ആ കുടുംബത്തെ ആശ്രയിക്കാൻ ഇനി അവകാശമില്ല. അവകാശമില്ലാത്ത ആശ്രയം പരാശ്രയവും അടിമത്വത്തിൻെറ വകഭേദവുമല്ലേ? സ്വാശ്രയം ഒരിക്കലും ആൎക്കും അവമാനകരമല്ല. ഏട്ടൻ ഏതായാലും ഞങ്ങളെപ്പററി ചിന്തിച്ചു ക്ലേശിക്കേണ്ട. മംഗലത്തുകാരുടെ കുലീനതക്കോ, നമ്മുടെ തറവാട്ടിൻെറ സൽകീൎത്തിക്കോ ഞാൻ നിമിത്തം യാതൊരു കളങ്കവും വന്നുചേരാതെ നോക്കിക്കൊള്ളാം.

ഇത്രനേരം ഉമ്മറമുററത്തു പിച്ച നടന്നും പൂഴിവാരിക്കളിച്ചും രസിച്ചിരുന്ന ചന്ദ്രികാചന്ദ്രന്മാർ, "മ്മേ, മാ, പാച്ചം" എന്നു ചില അവ്യക്തവാക്കുകൾ ഉച്ചരിച്ചുകൊണ്ടു കോലായിൽ പിടഞ്ഞുകയറി നാരായണിഅമ്മയുടെ വസ്ത്രത്തുമ്പു പിടിച്ചു വലിച്ചുതുടങ്ങി. "പാച്ചം കഴിക്കാറായില്ലല്ലോ, വിശക്കുന്നുണ്ടോ" എന്നു പറഞ്ഞു നാരായണിഅമ്മ രണ്ടാളേയും വാരിയെടുത്തു മടിയിൽ ഇരുഭാഗത്തും ഇരുത്തി. "ഇതാ, പുറംമുഴുവൻ പൊടി, കുളിക്കാതെയാണോ പാച്ചം കുടിക്കുന്നതു്? നമുക്കു കിണററുകരെ പോയി കുളിച്ച്, അമ്പാട്ടിയെ തൊഴുതു് പിന്നെ പാച്ചം കഴിക്കാം." എന്നു പറഞ്ഞു് ആയമ്മ ചന്ദ്രൻെറ മുഖമുയൎത്തി ഒന്നു ചുംബിച്ചു. "എച്ചുമ്മ, എച്ചുമ്മ" എന്നു പറഞ്ഞുകൊണ്ടു ചന്ദ്രിക നാരായണിഅമ്മയുടെ മടിയിൽ പിടഞ്ഞെഴുനേററു നിന്നുകൊണ്ടു് അവളുടെ അവകാശവും വാങ്ങിച്ചു വാങ്ങി. "കേളൂ, കേളൂ, കുട്ടികളെ തോൎത്തിക്കുന്ന തോൎത്തുമുണ്ടുകൾ എടുക്കു്. കിണററുകരെ ചെമ്പിൽ കുറെ വെള്ളം മുക്കി പകരു്" എന്നു വിളിച്ചുപറഞ്ഞു്, നാരായണിഅമ്മ രണ്ടാളേയും പിടിച്ചു നടത്തിച്ചു കിണററുകരക്കു പോയി.

അന്നു രാത്രി കുട്ടികളെ ഉറക്കിക്കിടത്തിയശേഷം നാരായണിഅമ്മ മകളുടെ കട്ടിലിൽ ചെന്നിരുന്നു മുഖത്തു പാറിക്കിടന്നിരുന്ന മുടി പിന്നോട്ടു തലോടി നീക്കി, നെററിയിൽ

പൊടിഞ്ഞുകണ്ട വിയപ്പ് തന്റെ രണ്ടാമുണ്ടുകൊണ്ടു തുടച്ച്, ഇടതുകൈ പിടിച്ചു നാഡി സ്പർശിച്ചുകൊണ്ടു പറഞ്ഞു: "മകളേ ദേവീ, ഇന്നു നിന്നെ വന്നുനോക്കിയ ഡാക്ടർ ശർമ്മ പറഞ്ഞു, നിനക്കു സുഖക്കേടു വിശേഷിച്ചൊന്നുമില്ലെന്ന്; പക്ഷേ രാവും പകലും ഈ മുറിയിൽ കിടക്കുന്നതു നന്നല്ലത്രേ! അതു ഞാൻതന്നെ പറയാറില്ലേ? എണീററ് അല്പനേരം കോലായിലെങ്കിലും പോയിരുന്നു ശുദ്ധവായുവും വെളിച്ചവും ഏല്ക്കേണ്ടേ? മകളെ, എനിക്കിനി നിന്നെ നിർബ്ബന്ധിക്കാതെ കഴികയില്ല."

ശ്രീ—അമ്മേ, എനിക്കെണീററിരിക്കാൻ കഴിയുന്നില്ല; നട്ടെല്ലിന് എന്നെ താങ്ങാൻ ശക്തിയില്ലാത്തപോലെ തോന്നുന്നു. കാലനക്കി നടപ്പാനും കഴിയുന്നില്ല. പിന്നെ അമ്മ നിർബ്ബന്ധിച്ചാൽ ഞാൻ എന്തു ചെയ്യും?

നാ. അ—അവയവങ്ങൾ അനക്കി ഉപയോഗിക്കാതെ വെറുതെ വെച്ചിരുന്നതുകൊണ്ടാണങ്ങിനെയായത്. ഞാൻ മെല്ലെ താങ്ങിയാൽ കുറേശ്ശെ നടക്കാൻ സാധിക്കും. കോലായിലെ ചാരുകസാലയിൽ കിടന്ന് ഇളംവെയിലും കാററും ഏററാൽതന്നെ നിനക്കു ദേഹത്തിനു ശക്തിയും മനസ്സിന്നു സന്തോഷവും കിട്ടും.

ശ്രീ—അതീജ്ജന്മം...

നാ. അ—മകളേ എന്താണു നീ പറയുന്നത്? ഇങ്ങിനെ ഒന്നും ഖണ്ഡിച്ചു പറയരുതേ! നിന്റെ ഈ നൈരാശ്യം നന്നല്ല. നിനക്കു രണ്ടു കുട്ടികളെത്തന്നനുഗ്രഹിച്ചിരിക്കുന്നില്ലേ ദൈവം? അവരെ നോക്കി വളർത്തേണ്ട ഭാരമില്ലേ നിനക്ക്?

ശ്രീ—ആ ഭാരം ഞാൻ അമ്മയെ ഏല്പിച്ചിരിക്കുന്നു.

നാ. അ—നല്ല ശിക്ഷ; എന്നെ മണ്ണോ കല്ലോ മററോ കൊണ്ടുണ്ടാക്കിയതാണോ?

ശ്രീ—എന്റെ പ്രിയപ്പെട്ട അമ്മേ, അമ്മയ്ക്ക് ഈശ്വരൻ ദിവ്യമായ സഹനശക്തിയും ആരോഗ്യവും തന്നനുഗ്രഹിച്ചിട്ടുണ്ട്. അമ്മയ്ക്ക് എന്റെ കുട്ടികളെ പോററി വളർത്താൻ

സാധിക്കുമെന്ന് എനിക്കു നല്ല നിശ്ചയമുണ്ട്. അവക്കമ്മയും, അമ്മക്കവരും; ഒന്നിനു പകരം രണ്ട്.

നാ. അ—മകളെ, ദൈവം എനിക്കു വല്ല അനുഗ്രഹവും തന്നിട്ടുണ്ടെങ്കിൽ അതിനെ ഞാൻ ശരിയായി ഉപയോഗിക്കുവാൻ ശ്രമിക്കും. പക്ഷേ നിന്റെ വൈരാഗ്യപൂൎവമായ ഈ കിടപ്പ് എന്റെ ഹൃദയത്തെ സ്പശിക്കുന്നില്ലെന്നാണോ നീ വിശ്വസിക്കുന്നത്?

ശ്രീ—അമ്മേ, ക്ഷമിക്കണേ! എന്റെ ദൌൎബ്ബല്യം അമ്മയോടല്ലാതെ ഞാൻ മററാരോടു കാട്ടും? എന്റെ സങ്കടം ഞാൻ മററാരോടു പറയേണ്ടു? എന്റെ ഭാരം അമ്മയിലല്ലാതെ ഞാൻ മററാരിൽ ചുമത്തേണ്ടു?

നാ. അ—സകലം ഈശ്വരങ്കൽ സമപ്പിക്കു തങ്കം!

ശ്രീ—ഞാൻ ഒന്നു ചോദിച്ചുകൊള്ളട്ടെ. എന്റെ ആഭരണങ്ങളും വില്ക്കാൻ കൊടുത്തുവോ അമ്മേ!

ഈ ചോദ്യം നാരായണിഅമ്മയിൽ ഒരു മിന്നൽപിണർ പായിച്ചു; അവരുടെ ഉദരത്തിൽ തീ കത്തുന്നപോലെ ഒരു പാളിനീററൽ ഉണ്ടായി. താൻ ശ്രീദേവിയിൽനിന്നു മറച്ചു വെയ്ക്കാനുദ്ദേശിച്ച കാൎയ്യം അവളുടെ ചെവിയിൽ പെട്ടുകഴിഞ്ഞു എന്നവൎക്കു മനസ്സിലായി. ആറേഴു മാസം മുൻപുവരെ അമ്മയ്ക്കും മകൾക്കും തമ്മിൽ മറച്ചുവെയ്ക്കത്തക്ക യാതൊരു രഹസ്യങ്ങളും ഉണ്ടായിരുന്നില്ല. ആ കാളരാത്രിയിൽ കിട്ടിയ കത്തു തന്റെ ആഭരണപ്പെട്ടിയുടെ മൂലയിൽ കിടക്കുന്ന കഥ ശ്രീദേവി അമ്മയെ അറിയിച്ചിരുന്നില്ല. കത്തിലെ താക്കീതനുസരിച്ചാണ് അവൾ അക്കാൎയ്യം അമ്മയിൽനിന്നും മറച്ചുവെച്ചത്. തങ്ങളുടെ അപ്പോഴത്തെ പണത്തിടുക്കത്തെപ്പററി ശ്രീദേവി അറിഞ്ഞാൽ അതും അവൾക്കു മനോവേദന ഉണ്ടാക്കുമെന്നു ഭയപ്പെട്ടിട്ടാണ് തന്റെ ആഭരണങ്ങൾ വില്ക്കാനേല്പിച്ച കാൎയ്യം അവർ മകളിൽനിന്നു മറച്ചുവെച്ചത്. ഇങ്ങിനെ രണ്ടാൾക്കും അന്യോന്യം മറച്ചുവെയ്ക്കാനുള്ള ഓരോ രഹസ്യം ഇപ്പോൾ ഉണ്ടായിത്തീൎന്നു. വൈകുന്നേരം അപ്പുക്കുട്ടമേനോനു

മായുണ്ടായ സംഭാഷണം ശ്രീദേവി കേട്ടിരിക്കുന്നു എന്നു് ഇപ്പോൾ നാരായണിഅമ്മയ്ക്കു ബോദ്ധ്യമായി. പക്ഷേ എത്രത്തോളം അവൾ കേട്ടിരിക്കുമെന്നു തീച്ചയില്ല. എന്തായാലും ആവശ്യത്തിലധികം അതേപ്പററി അവളോടു സംസാരിക്കരുതെന്നു കരുതി, തൻെറ ഉള്ളിൽനിന്നു പൊങ്ങിവന്ന വികാരപരവശതയെ അല്പനേരത്തെ മൌനംകൊണ്ടമത്തി, നയകോവിദയായ ആ സ്ത്രീരത്നം പറഞ്ഞു: "നിൻെറ ആഭരണങ്ങൾ എവിടെയാണെന്നുപോലും എനിക്കറിയില്ല. ഞാനവ കണ്ടിട്ടു കാലമെത്രയായി."

ഈ വാക്കുകൾ കേട്ടു് ശ്രീദേവിക്കാശ്വാസമായി; അമ്മ ഈ അവസരത്തിൽ തന്നോടു വ്യാജം പറകയില്ലെന്നു് അവൾക്കു് നിശ്ചയമുണ്ടായിരുന്നു. സന്ധ്യയ്ക്കു് അവൾ ആലസ്യനിദ്രയിൽ കിടന്നപ്പോഴാണു് അമ്മയും അപ്പുക്കുട്ടമേനോനും തമ്മിൽ സംഭാഷണം നടന്നതു്. അതിൽ ചില കഷണങ്ങൾ മാത്രമേ അവളുടെ ചെവിയിൽപെട്ടുള്ളൂ. സംഭാഷണം മുഴുവനും കേൾക്കണമെന്നു് അവൾക്കു് അല്പവും ജിജ്ഞാസ ഉണ്ടായിരുന്നതുമില്ല; തൻെറ ആഭരണപ്പെട്ടിയിൽ ഒളിഞ്ഞുകിടക്കുന്ന രഹസ്യം പുറത്താകരുതെന്നേ അവൾ ആഗ്രഹിച്ചുള്ളൂ. അമ്മയുടെ വാക്കുകൾ അവളെ സംതൃപ്തിപ്പെടുത്തുകയുംചെയ്തു. അമ്മയുടെ കൈ പിടിച്ചുകൊണ്ടു് അല്പനേരം മൌനമായി കിടന്നശേഷം അവൾ പറഞ്ഞു: "അമ്മേ എനിക്കൊരപേക്ഷയുണ്ടു്. എൻെറ കുട്ടികൾ പ്രാപ്തിയായ ശേഷമേ അമ്മ എൻെറ ആഭരണപ്പെട്ടി തുറന്നുനോക്കേണ്ടതുള്ളൂ. അതു് അവരെ അപ്പോൾ ഏല്പിച്ചാൽ മതി."

നാ. അ.—തങ്കം ആഭരണപ്പെട്ടി നീതന്നെ സൂക്ഷിച്ചു്, വേണ്ട സമയത്തു് അവരെ ഏല്പിച്ചുകൊടുക്കൂ. എനിക്കതു കൈകാര്യം ചെയ്യാനിടവരാതിരിക്കട്ടെ!

ശ്രീ.—ഈശ്വരൻ വിധിച്ചപോലെ വരട്ടെ! അമ്മയെ ഈശ്വരൻ വേണ്ടപോലെ അനുഗ്രഹിക്കട്ടെ!

## അദ്ധ്യായം 8

### അസൂയാഗ്നി

കാലം അതിന്റെ ഗതിയെ തുടൎന്നുകൊണ്ടുതന്നെ ഇരിക്കുന്നു; അതിനെ നിയന്ത്രിക്കാൻ ആൎക്കു സാധിക്കും? പ്രകൃതിയിലെ പല പ്രതിരോധങ്ങളേയും വെല്ലുവാൻ മനുഷ്യനു സാധിച്ചു. കരിമ്പാറകളും കുന്നുകളും ഇടിച്ചുപൊളിച്ചു നിരത്തി; ജലാശയങ്ങളിൽകൂടെ പാലങ്ങൾ പണിതു; പൎവ്വതങ്ങൾ തുരന്നു പാതകളിട്ടു; ഭൂഗൎഭത്തിൽ ഭവനങ്ങൾ പണിതു; സമുദ്രത്തേയും ആകാശമാൎഗ്ഗത്തേയുംകൂടെ അവൻ കമ്പികളിട്ടു ബന്ധിച്ചു് ദൂരത്തെ ജയിച്ചു. കാലപാതംകൊണ്ടുണ്ടാകുന്ന ദോഷഫലത്തെ പരിഹരിക്കുവാനും് ഏതാനുമൊക്കെ അവനു സാധിച്ചു എന്നു പറയാം. മനുഷ്യന്റെ വാൎദ്ധക്യത്തെ തടയുവാനും, നഷ്ടമായ യൌവനത്തെ വീണ്ടെടുക്കുവാനും മാൎഗ്ഗങ്ങൾ കണ്ടുപിടിച്ചു. എന്തൊക്കെയായാലും കാലമാകുന്ന ഘടികാരത്തിലെ സൂചിയെ അല്പനേരത്തേയ്ക്കെങ്കിലും അടക്കി നിൎത്തുവാൻ ഇതേവരെ ആൎക്കും കഴിഞ്ഞിട്ടില്ല. വിനാഴികകൾ, നാഴികകൾ, മണിക്കൂറുകൾ, ദിവസങ്ങൾ, വാരങ്ങൾ, മാസങ്ങൾ, വൎഷങ്ങൾ, ശതാബ്ദങ്ങൾ, യുഗങ്ങൾ, മന്വന്തരങ്ങൾ ഇങ്ങിനെ ഉള്ള അളവുകൾ അതിന്റെ നീണ്ടുനീണ്ടു പോകുന്ന ഗതിയെ രേഖപ്പെടുത്തിക്കൊണ്ടിരിക്കുന്നു.

കഴിഞ്ഞ അദ്ധ്യായത്തിൽ വിവരിച്ച സംഭവങ്ങൾ കഴിഞ്ഞിട്ടു കാലം ഒരു കൊല്ലത്തെ രേഖപ്പെടുത്തി. ഈ കൊല്ലത്തിനിടയിൽ പ്ലാവറെ ഗൃഹത്തിൽ ചില വലിയ മാററങ്ങൾ ഉണ്ടായി. ശ്രീദേവി തന്റെ സന്താനദ്വയത്തെ മാതൃഹസ്തങ്ങളിൽ ഏല്പിച്ചു് ഇഹലോകവാസംവെടിഞ്ഞു. അവളുടെ ചിതാഭസ്മം വീട്ടിന്റെ പിൻഭാഗത്തെ പ്ലാവിൻചുവട്ടിൽ കെട്ടിപ്പടുത്ത ഒരു തറയ്ക്കുള്ളിൽ വിശ്രമിക്കുന്നു. എല്ലാ സായാഹ്നത്തിലും ഒരു നെയ്യിളക്ക് ആ മാതൃഹസ്തങ്ങൾ അവിടെ കത്തിച്ചുവെയ്ക്കുകയും, ആ തറയെ പരിശുദ്ധശുഭ്രമാക്കി സൂക്ഷിക്കു

കയും ചെയ്യുന്നു. മീനാക്ഷിഅമ്മ പ്രസവംകഴിഞ്ഞു മടങ്ങിവന്ന് അവിടത്തെ നായികാസ്ഥാനം ഗൌരവമായി കയ്യേററു നടത്തുന്നു. അവരുടെ രണ്ടു ചെറുപൈതങ്ങളും, ചന്ദ്രനും, ചന്ദ്രികയുംചേർന്നു കരച്ചിലും ചിരിയും ബാലലീലകളുംകൊണ്ടു് അവിടത്തെ അപ്രസന്നമായ അന്തരീക്ഷത്തിൽ പ്രസാദരശ്മികളെ വിതറുന്നു.

നാരായണിഅമ്മയ്ക്കു താൻ വിചാരിച്ചുറച്ചിരുന്ന ചില കാര്യങ്ങൾ നിറവേററുന്നതിന്നു് ഇതുവരെ സാധിച്ചിട്ടില്ല. ശ്രീദേവിയുടെ ക്ഷയിച്ചുവന്ന ആരോഗ്യത്തിൻെറ പരിണാമം എന്തായിരിക്കുമെന്നു് അവരുടെ തീക്ഷ്ണദൃഷ്ടികൾ കണ്ടറിയാതിരുന്നില്ല. തൻെറ മേൽ വീഴുവാൻ പോകുന്ന ആ വജ്രപാതത്തെ തടയുവാൻ സാധിച്ചില്ലെങ്കിലും, അതിൻെറ മൂച്ചയെ കുറയ്ക്കുവാൻ വേണ്ട ധൈര്യം അവർ സംഭരിച്ചിരുന്നു. എന്നിരുന്നാലും ആപത്തു യാഥാത്ഥ്യത്തിൽ സംഭവിച്ചപ്പോൾ അവരുടെ ധൈര്യത്തിന്നു് അല്പം ഇളക്കം ഉണ്ടാകതന്നെ ചെയ്തു. തൻെറ ജീവിതത്തിൽ ഏററവും മഹത്തും ഭാരവാഹിതാമേറിയതുമായ ഒരു പുതിയ ഉദ്ദേശം നിറവേററാനുണ്ടെന്നു കണ്ടപ്പോൾ ആ ഉദ്ദേശസിദ്ധിയിൽതന്നെ വഴികാട്ടി സഹായിക്കണേ എന്നുള്ള ഈശ്വരപ്രാത്ഥനയോടുകൂടെ അവർ അചിരേണ തൻെറ മനസ്സിനെ സമാധാനിപ്പിച്ചു കൃത്യനിർവ്വഹണത്തിന്നുദ്യമിച്ചു. വയസ്സു് അൻപതിനോടടുത്തിരുന്നെങ്കിലും, ഭത്തൃവിയോഗം, രാഘവക്കുറുപ്പിൻെറ തിരോധാനം, മംഗലത്തുനിന്നുള്ള മാററം, പണസംബന്ധമായ കുഴപ്പം മുതലായ ആപത്തുകൾ സംഭവിച്ചിട്ടും, ശ്രീദേവിയുടെ മരണംവരെ അവരുടെ ദേഹത്തിനോ മനസ്സിനോ ഉടവു തട്ടിയിരുന്നില്ല. ജരാനരയുടെ ലാഞ്ഛനപോലും അവരിൽ കണ്ടിരുന്നില്ല. എപ്പോഴും പ്രസന്നമായ മുഖം, ചുറുചുറുപ്പോടുകൂടിയ നടത്തം, എന്തു പ്രവൃത്തിയും ചെയ്യാനുള്ള സന്നദ്ധത, ഗൌരവത്തോടുകൂടിയ സംഭാഷണം ഇവയൊക്കെയാണു് നാരായണിഅമ്മയിൽ കണ്ടിരുന്ന ഗുണങ്ങൾ.

എന്നാൽ ഈ ഒരു കൊല്ലത്തിനിടയിൽ അല്പം ചില മാററങ്ങൾ അവരിൽ ഉണ്ടായി. ജരാരേഖകൾ മുഖലാവണ്യത്തെ അലങ്കോലപ്പെടുത്തി. കരിവണ്ടിൻവർണ്ണത്തിൽ മിനുസമായിരുന്ന തലമുടിയിൽ വെള്ളിശലാകകൾ ധാരാളം കണ്ടുതുടങ്ങി. ഗൌരവം തുളുമ്പി, ജാജ്വല്യമാനങ്ങളായിരുന്ന ദൃഷ്ടികളിൽ സ്വല്പമൊരു മങ്ങൽ കാണാറായി. ദേഹപുഷ്ടിക്കും കാർശ്യം സംഭവിച്ചു. കർമ്മഫലത്തിൽ തികച്ചും വിശ്വാസമുണ്ടായിരുന്ന ആ മനസ്വിനി പുത്രിയുടെ മരണത്താലും മററും തനിക്കുണ്ടായ നഷ്ടം അനിവാര്യമാണെന്നും, അതേപ്പററി വിലപിച്ചും ആവലാതി പറഞ്ഞും ഗൃഹാന്തരീക്ഷം അപ്രസന്നമാക്കാതെ, ദുഃഖത്തെ അമർത്തി ജീവിക്കേണമെന്നും ഉറച്ചു. പുത്രിയോടുള്ള തൻെറ സ്നേഹത്തെ കാണിക്കേണ്ടതു കണ്ണുനീരും കരച്ചിലുംകൊണ്ടല്ലെന്നും, അവളുടെ കുട്ടികളെ സംരക്ഷിക്കേണ്ട ഭാരം തന്നിൽ ചുമത്തിയതിനെ തൃപ്തികരമാംവണ്ണം നിർവ്വഹിച്ചിട്ടാണെന്നും അവർ തൻെറ പ്രവൃത്തികളാൽ വെളിപ്പെടുത്തി. പകൽ മുഴവൻ കുട്ടികളുടെ ശുശ്രൂഷയിൽ ഏർപ്പെട്ട് പ്രവൃത്തിനിരതയായി, പ്രസന്നവദനയായി കഴിച്ചുകൂട്ടി. സ്വന്തം കുട്ടികളുടെ മാത്രമല്ല സഹോദരൻെറ സന്താനങ്ങളുടേയും സകല ശുശ്രൂഷയും അവർ സ്വയം ചെയ്ത്, നിത്യേനയുള്ള ജീവിതം പ്രവൃത്തിപൂർണ്ണമാക്കിത്തീർത്തു. കുട്ടികളെ കുളിപ്പിക്കുക, അവക്ക് ആഹാരം കൊടുക്കുക, അവരോടൊപ്പം നടന്ന് അവരുടെ കളികളിലും വിനോദങ്ങളിലും അവരെ നേർവഴിക്കു കൊണ്ടുനടത്തുക, അവരുടെ കുപ്പായങ്ങൾ വൃത്തിയാക്കിവെയ്ക്കുക, കളിസ്സാമാനങ്ങൾ സൂക്ഷിക്കുക, അവരെ താരാട്ടി ഉറക്കുക എന്നിങ്ങിനെയുള്ള വിവിധവൃത്തികളിൽ ഏർപ്പെട്ട്, ഒരിക്കലും കോപമോ താപമോ അപ്രസന്നതയോ വെളിപ്പെടുത്താതെ അവർ ജീവിതം നയിക്കുന്നതു കണ്ട്, പലരും അവരുടെ ധൈര്യത്തേയും സഹനശക്തിയേയും അത്ഭുതത്തോടെ വീക്ഷിച്ച്, അവരെ മനസാ ആദരിക്കയും അഭിനന്ദിക്കയും ചെയ്തു. എന്നാൽ അസൂയാലുക്കളായ ചിലർ അവരെ "ഏദ

യമില്ലാത്ത സ്ത്രീ, തൻെറ മകളെ ഓൎത്തു് ഒരിററു കണ്ണീരെങ്കിലും പൊഴിക്കുന്നുണ്ടോ? അമ്പോ, കഠിനം!" എന്നു് അവഹേളിച്ചുപറകയും ചെയ്യാതിരുന്നില്ല. ഈ അവഹേളനസംഘത്തിൽ പ്രധാനി മീനാക്ഷിഅമ്മയായിരുന്നു. നാലു് അരുമസ്സന്താനങ്ങൾ വളരുന്ന ആ ഭവനത്തിലെ അന്തരീക്ഷം ആരോഗ്യപരവും ആനന്ദമയവും ആക്കിത്തീൎക്കാൻ നാരായണിഅമ്മ എത്രമാത്രം യത്നിച്ചുവോ, അത്രമാത്രം അതിനെ അഹിതവും അപസ്വരസമ്മിശ്രവുമാക്കിത്തീൎക്കാൻ മീനാക്ഷിഅമ്മയും പ്രയത്നിച്ചു. എന്നാൽ മീനാക്ഷിഅമ്മയുടെ ക്രൂരദൃഷ്ടിപാതങ്ങൾ കണ്ടു മുഖം ചുളിക്കുകയാകട്ടെ അവരുടെ മുള്ളുവാക്കുകൾക്കു പ്രത്യുത്തരം നൽകുകയാകട്ടെ നാരായണിഅമ്മ ചെയ്തില്ല. അവരുടെ ഹൃദയം കഠിനമെന്നോ അവർ തൻെറ പുത്രിയുടെ മരണത്തിൽ ദുഃഖിക്കുന്നില്ലെന്നോ പറയുന്നതു വാസ്തവവിരുദ്ധമാണു്. മനുഷ്യസഹജമായ ദൌൎബ്ബല്യം അവരിലും ഉണ്ടാകാതിരുന്നില്ല. അവർ തൻെറ പുത്രീസ്മരണയെ അതിപാവനമായി തൻെറ ഹൃദയത്തിൻെറ അടിത്തട്ടിൽ സൂക്ഷിച്ചുവെച്ചിരുന്നു. അവരുടെ കണ്ണുനീരും ദീൎഘനിശ്വാസങ്ങളും അവരുടെ പ്രാൎത്ഥനാമുറി മാത്രമേ കണ്ടിരുന്നുള്ളു. അവയെ മററുള്ളവരുടെ സാന്നിധ്യത്തിൽ പ്രദൎശിപ്പിച്ചു്, അനുകമ്പയെ ആകൎഷിക്കുന്നതിനു് ആത്മാഭിമാനം അവരെ അനുവദിച്ചതുമില്ല. എന്നിരുന്നാലും അവർ കുട്ടികളെ സസ്നേഹം നോക്കി പുഞ്ചിരിതൂകുമ്പോൾ ആ പുഞ്ചിരിയുടെ പിന്നിൽ ഒരശ്രുകണം അവരുടെ നേത്രങ്ങളിൽ ഒളിഞ്ഞിരിക്കുന്നതും, കുട്ടികളെ താരാട്ടി ഉറക്കുന്ന പാട്ടിൽ ഒരു ദുഃഖസ്വരം കലൎന്നിരിക്കുന്നതും സൂക്ഷ്മപരിശോധകൎക്കു കാണ്മാൻ കഴിയുമായിരുന്നു.

നാരായണിഅമ്മയുടേയും കുട്ടികളുടേയും വാസം നിമിത്തം പ്ലാവറ ഗൃഹത്തിൽ കാരണവൎക്കോ അമ്മായിഅമ്മയ്ക്കോ പണസംബന്ധമായ യാതൊരു നഷ്ടവും ഉണ്ടായില്ല. പാറുക്കുട്ടി മുഖാന്തിരം ആഭരണം വിററുകിട്ടിയ പണംകൊണ്ടു ശ്രീദേവിയുടെ മരണംവരെ അവരുടെ ചെലവു കഴിച്ചു. ഇതിലി

ടയ്ക്കു വരവിനു മററു മാൎഗ്ഗവും ഉണ്ടായി. അവരുടെ ബുദ്ധിമുട്ടുകളെ മംഗലത്തുകാരെ അറിയിക്കരുതെന്നു നാരായണിഅമ്മ അപ്പുക്കുട്ടമേനോനോട് അഭ്യൎത്ഥിച്ചിരുന്നു എങ്കിലും സ്വാൎത്ഥിയായ കാരണവർ കാൎയ്യം മുഴുവൻ കരുണാകരക്കുറുപ്പിനെ രഹസ്യമായി അറിയിച്ചു. മംഗലത്തെ രണ്ടു തലമുറ കാരണവന്മാരുടെ ഭാൎയ്യമാരെ വെറുംകൈയോടെ പറഞ്ഞയച്ചു എന്നും, രണ്ടു ചെറുപൈതങ്ങൾ അശരണരായിത്തീൎന്നു എന്നും, നാരായണിഅമ്മയുടെ സ്വന്തം വകയായി അയ്യായിരം ഉറുപ്പിക ഉണ്ടായിരുന്നതുകൂടെയും മംഗലത്തുകാർ കൈവശപ്പെടുത്തി എന്നും മററുമുള്ള തൻെറ സ്വന്തം അഭിപ്രായംപോലും മേനോൻ കുറുപ്പിനോടു തുറന്നുപറവാൻ മടിച്ചില്ല. പക്ഷേ നാരായണിഅമ്മയുടെ ഹിതത്തിന്നെതിരായിട്ടാണ് താൻ ഈ വിവരം പറഞ്ഞതെന്നും, അവരോട് ഇതേപ്പററി സംസാരിക്കുകയോ അന്വേഷണം നടത്തുകയോ ചെയ്യരുതെന്നും കുറുപ്പിനോടു മേനോൻ അപേക്ഷിച്ചിരുന്നു.

ഈ വസ്തുതകൾ കരുണാകരക്കുറുപ്പിന് അത്യന്തം മനോവേദനയും, അഗാധമായ ഉൽക്കണ്ഠയും ഉണ്ടാക്കി. രാഘവക്കുറുപ്പിനെ ഏല്പിച്ചിരുന്ന ആ അയ്യായിരത്തിൻെറ രേഖകൾ കണ്ടുപിടിക്കുവാൻ അന്നുമുതൽ അദ്ദേഹം ഭഗീരഥപ്രയത്നം ചെയ്തു. തൽഫലമായി ചില റിക്കാർഡുകൾ കണ്ടെത്തുകയും, തുക മുഴുവൻ ഒരു കൂട്ടുകച്ചവടക്കമ്പനിയിൽ നാരായണി അമ്മയുടെ പേരിൽ ഓഹരി എടുത്തിരിക്കുന്നതായും, നാളതുവരെ അതിൽനിന്നുള്ള ലാഭം കൈപ്പററീട്ടില്ലാത്തതായും മനസ്സിലാവുകയും ചെയ്തു. അപ്പുക്കുട്ടമേനോൻ പറഞ്ഞ രഹസ്യത്തെ പുറത്തുവിടാതെ തന്നെ കുറുപ്പ് നാരായണി അമ്മയ്ക്കു് ഈ രേഖകൾ കാണിച്ച്, നാളതുവരെ കിട്ടേണ്ട ലാഭസംഖ്യയും ഈടാക്കി, മേലാൽ ആ ആദായം അതാതുകാലത്തു ശരിയായി അയച്ചുകിട്ടുന്നതിനുള്ള ഏൎപ്പാടും ചെയ്തു. കൂടാതെ അദ്ദേഹം കുട്ടികളുടെ ആവശ്യത്തിലേക്കു നെല്ലു തുടങ്ങി പല സാധനങ്ങളും അയച്ചുകൊടുക്കയും, താൻ അവരെ

സന്ദശിക്കുന്ന സമയങ്ങളിൽ അവക്കു പല സമ്മാനങ്ങളും കൊണ്ടുകൊടുക്കുകയും ചെയ്യ പതിവാക്കി. കുറുപ്പിൻെറ ആത്മാത്ഥതയും കുട്ടികളോടും തന്നോടും കാണിച്ച സ്നേഹാദരങ്ങളും കണ്ടറിഞ്ഞപ്പോൾ നാരായണി അമ്മയ്ക്കു് ഇവയൊക്കെ കുട്ടികൾക്കു വേണ്ടി സ്വീകരിക്കാതിരിപ്പാൻ നിവൃത്തിയില്ലെന്നായി. അവരുടെ ആത്മാഭിമാനത്തെ ക്ഷതപ്പെടുത്താത്ത വിധത്തിലായിരുന്നു കുറുപ്പിൻെറ സകല പ്രവൃത്തിയും പെരുമാററവും. അദ്ദേഹത്തിൻെറ സന്ദശനവും സാന്നിദ്ധ്യവും ശ്രീദേവിയുടെ മരണശേഷം നാരായണി അമ്മക്കും ചെറുപൈതങ്ങൾക്കും ഏററവും സമാധാനകരവും സന്തോഷപ്രദവുമായിരുന്നു. എന്നാൽ ഇതുതന്നെയാണു് മീനാക്ഷിഅമ്മയുടെ ഈഷ്യക്കും കോപത്തിനും കാരണമാക്കിയതു്. നാരായണിഅമ്മക്കും കുട്ടികൾക്കും അപ്പുക്കുട്ടമേനോനൊഴികെ മററാരും ശരണമില്ലാതിരുന്ന കാലത്തോളം അവരുടെ പ്ലാവറയിലെ താമസം അത്ര അസഹ്യമായിരുന്നില്ല. പോരെങ്കിൽ താൻ ഊഹിച്ചപോലെ തൻെറ നായികാസ്ഥാനം നാരായണിഅമ്മ തട്ടിപ്പറിച്ചതുമില്ല. അവർ അവിടെ ഒരപ്രധാന അംഗമായിട്ടേ പെരുമാറിയിരുന്നുള്ളു. എന്നാൽ കരുണാകരക്കുറുപ്പു് ആ അയ്യായിരത്തിൻെറ കാൎയ്യത്തിൽ ചെയ്യ യത്നവും സഹായവും, കുട്ടികളുടെ മേൽ ചൊരിഞ്ഞ സ്നേഹവും ശ്രദ്ധയും, മംഗലത്തുകാരുടെ അനുഭാവം അവരിൽ ഉണ്ടെന്നു തെളിയിച്ചു. ഇതുനിമിത്തം നാരായണിഅമ്മക്കു തന്നേക്കാൾ മേന്മ കൂടിയെന്നാണു് അവർ ധരിച്ചതു്. ഈ ധാരണ എണ്ണ പകന്ന തീപോലെ അവരുടെ അസൂയയെ പാളിക്കത്തിച്ചു.

മംഗലത്തുനിന്നുള്ള സഹായം കുട്ടികൾക്കു ലഭിച്ചതിനാൽ നാരായണിഅമ്മ തനിക്കു മേന്മ കൂടിയതായി വിചാരിക്കയൊ ഗൎവ്വം ഭാവിക്കയോ ചെയ്തില്ല. കുട്ടികളുടെ കാൎയ്യത്തിലാണെങ്കിൽ അവർ തൻെറയും സഹോദരൻെറയും കുട്ടികളെ ശുശ്രൂഷിച്ചു പരിപാലിക്കുന്നതിൽ യാതൊരു പക്ഷഭേദവും കാണിച്ചില്ല. കുട്ടികൾക്കു പാലും വെണ്ണയും മുടങ്ങാതെ

കൊട്ടക്കാനായി മംഗലത്തുനിന്ന് അയച്ചുകൊടുത്ത പശുക്കളെക്കൊണ്ടുള്ള ഉപയോഗം ആ ഗൃഹത്തിലെ എല്ലാ അംഗങ്ങൾക്കും ലഭിച്ചു. കരുണാകരക്കുറുപ്പ് കൊണ്ടുവരുക പതിവായിരുന്ന വസ്ത്രങ്ങളും കുപ്പായങ്ങളും കളിസ്സാമാനങ്ങളും തീൻപണ്ടങ്ങളും നാലു കുട്ടികൾക്കും യഥോചിതം നാരായണിഅമ്മ നൽകിയിരുന്നു. അവരുടെ ശുശ്രൂഷയിലും പരിലാളനത്തിലും സഹോദരസന്താനങ്ങളായ രാജനും ഗോപിയും ഏററവും സന്തോഷിക്കയും തൃപ്തിപ്പെടുകയും ചെയ്തു. രാത്രി ഉറക്കിനു മാത്രമേ, അതും മീനാക്ഷിഅമ്മയുടെ നിർബ്ബന്ധത്താൽ, അവർ പത്തായപ്പുരമാളികയിൽ സ്വന്തം അമ്മയുടെ അരികിൽ പോയിരുന്നുള്ളു. മററുസമയമൊക്കെ നാലു കുട്ടികളുമൊരുമിച്ച്, അകത്തെ തളത്തിലോ പുറത്തെ കോലായിലോ, നടുമുററത്തോ തോട്ടത്തിലോ നാരായണിഅമ്മയുടെ അരികിൽ കഴിച്ചുകൂട്ടി. തൻെറ കുട്ടികൾക്കു നാരായണിഅമ്മയുടെ ശുശ്രൂഷയും ശ്രദ്ധയും ലഭിച്ചിരുന്നതുനിമിത്തം മീനാക്ഷിഅമ്മക്കു ഗൃഹഭരണത്തിനും വിശ്രമത്തിനും ധാരാളം സമയം കിട്ടി. നാരായണിഅമ്മ അവരെ പക്ഷപാതരഹിതമായി പരിപാലിക്കുന്നതും സ്നേഹിക്കുന്നതും ഏതൊരു മാതാവിനും സമാധാനസംതൃപ്തികൾക്കു കാരണമാകുന്നതാണ്. മീനാക്ഷിഅമ്മയുടെ മനസ്സിലെ ഗാഢരഹസ്യം എന്തായിരുന്നാലും അവർ പുറമേ കാണിച്ചിരുന്നത് അപ്രസന്നതയും അസന്തുഷ്ടിയുമായിരുന്നു. പലപ്പോഴും അവർ തൻെറ ആവലാതികളാലും പിറുപിറുപ്പുകൊണ്ടും ഭർത്താവുമായുള്ള ശണ്ഠകൂടൽകൊണ്ടും ഇവയെ വെളിപ്പെടുത്തുകയും ചെയ്തു.

“കണ്ണുമിഴിച്ചാൽ ഉടൻ താഴെ ഓടുകയായി; ഒരു നിമിഷമെങ്കിലും എൻെറ കുട്ടികൾ എന്നെ തിരിഞ്ഞുനോക്കുന്നുണ്ടോ? എപ്പോഴും വലിയമ്മയുടെ വാലുപിടിച്ചു നടക്കുക. ഇങ്ങിനെയായാൽ വലുതായാലും എന്നെ ഇവർ വിട്ടോടില്ലേ?” എന്നാണ് ഒരാവലാതി.

"കുറുപ്പദ്ദേഹം ചന്ദ്രനു കൊണ്ടുകൊടുത്ത കുപ്പായങ്ങളെ നിങ്ങളെന്തിനു രാജനു കൊടുക്കുന്നു എട്ടത്തി? അവൻ കുപ്പായമിട്ടു ശീലിക്കുന്നതു നന്നല്ല. ഞങ്ങൾക്കതിന്നു സാധിക്കുമോ? വല്യ തോത്തുമുണ്ടിന്റെ കഷണവും വാങ്ങിക്കൊടുക്കാനെ അവന്റെ അച്ഛനു കഴിവുള്ളൂ" ഇത്തരത്തിലാണ് നാരായണിഅമ്മയോടു കയത്തു പറയുന്നത്.

"ചന്ദ്രികയുടെ ബൊമ്മകളൊക്കെ ആ ഗോപി വലിച്ചെറിഞ്ഞു പൊട്ടിക്കുന്നു; എന്തിനാണ് അവന്റെ കൈയിൽ ഈ നല്ല സാധനങ്ങൾ കൊടുക്കുന്നത്? അവനു കൈയിൽ കിട്ടുന്നതൊക്കെ നശിപ്പിക്കാനാണ് വാസന; അച്ഛനെപ്പോലെ മകനും." വേറൊരവസരത്തിൽ ഇങ്ങിനെയാണു പറയുക.

"മംഗലത്തുനിന്നു കൊണ്ടുവരുന്ന പലഹാരവും പഴങ്ങളും എന്റെ കുട്ടികൾക്കുംകൂടെ കൊടുക്കുന്നതെന്തിന്? എടുത്തു സൂക്ഷിച്ചാൽ ചന്ദ്രനും ചന്ദ്രികക്കും കൂടുതൽ ദിവസത്തേക്കുണ്ടാകുമല്ലോ. കഞ്ഞിയും ചോറും കഴിച്ചു വളരാൻ തന്നെ എന്റെ കുട്ടികൾക്കു വകയില്ല." ഈ വിധത്തിലായിരിക്കും ചിലപ്പോൾ സങ്കടം പറയുക.

ഇങ്ങിനെ വിവിധരീതിയിലാണ് മീനാക്ഷിഅമ്മ തന്റെ അഭിപ്രായപ്രകടനംകൊണ്ട് ആ ഗൃഹജീവിതത്തിലെ സ്മാധാനം ലംഘിക്കുവാൻ തുനിഞ്ഞത്. "ഈ കുട്ടികൾ സഹോദരങ്ങളെപ്പോലെ യോജിച്ചു ജീവിക്കുന്നതു കണ്ടു സന്തോഷിക്കയല്ലേ വേണ്ടതു്? രാജനും ഗോപിയും എന്റെ ജ്യേഷ്ഠന്റെ കുട്ടികളല്ലേ? എനിക്ക് അവരുടെ നേൎക്ക് മറെറാരു വിധത്തിൽ പെരുമാറുവാൻ സാധിക്കില്ല" എന്നുള്ള ഉത്തരം മാത്രമേ ദുർല്ലഭം ചില സന്ദൎഭങ്ങളിൽ നാരായണിഅമ്മയുടെ വായിൽനിന്നു വീഴാറുള്ളൂ.

മീനാക്ഷിഅമ്മയുടെ അരിശം മുഴുവനും ഭൎത്താവിന്റെമേലാണു വഷിക്കാറുള്ളതു്. തന്റെ ദുസ്സ്വഭാവം നിമിത്തം രണ്ടു ഭാൎയ്യമാരെ പിന്തിരിച്ചോടിച്ച മേനോൻ, അവരുടെ ശാപഫ

ലംകൊണ്ടെന്നപോലെ ഇപ്പോൾ മീനാക്ഷി അമ്മയുടെ നിരന്തരമായ ശകാരവഷത്തിന്നു തലതാഴ്ത്തിക്കൊടുക്കേണ്ടിവന്നു. “കഷ്ടം, ഇങ്ങിനെ ദുരിതം പിടിച്ച ജീവിതം വേറെ ആരെങ്കിലും സഹിക്കുമോ? ചെറുപ്പത്തിൽ എന്റെ വീട്ടിൽവെച്ചോ എനിക്കൊരു സുഖം കണികാണ്മാൻ കിട്ടീട്ടില്ല; ഇവിടെയെങ്കിലും അല്പം സ്വൈരം കിട്ടുമെന്നാശിച്ചാണ് ഈ കിഴവനോടുകൂടെ ചാടിപ്പുറപ്പെട്ടത്. പട പേടിച്ചു പന്തളത്തു വന്നപ്പോൾ അവിടെ പന്തവുംകൊളുത്തി പട” ഇങ്ങിനെ ഒരു നാൾ ഗൃഹജീവിതത്തെപ്പററി അഭിപ്രായം പറഞ്ഞത് അപ്പുക്കുട്ടമേനോൻ കേൾക്കാനിടയായി.

അ. മേ—ഇവിടെ നിനക്കെന്താണൊരു സ്വൈരക്കേട്? പറയൂ, കേൾക്കട്ടെ.

മീ. അ—ഒന്നും അറിയാത്തിട്ടെന്നപോലെ ചോദിക്കുന്നു.

അ. മേ—നിന്റെ വീട്ടിൽ കഴിഞ്ഞുകൂടിയതിൽ കൂടുതൽ സുഖമായിട്ടാണ് ഇവിടെ കഴിയുന്നത്. എന്റെ ദൃഷ്ടിയിൽ ഒരു കുറവും ഞാനിവിടെ കാണുന്നില്ല.

മീ. അ—ഒരൊററ ദേഹമായിരുന്നപ്പോൾ എങ്ങിനെയും കഴിഞ്ഞുകൂടി. കുട്ടികൾ ജനിച്ചുതുടങ്ങിയതുമുതൽ ഞാനനുഭവിക്കുന്ന ദുരിതം ഈശ്വരന്നു തന്നെ അറിയാം. എന്നാലും ഇവിടെ തനിയേയായിരുന്നകാലത്ത് എന്റെ കഷ്ടതകളെ പുറത്തറിയിക്കാതെ സഹിച്ചു. ഇപ്പോഴൊ? അതുകണ്ടു ചിരിക്കാനും പുച്ഛിക്കാനും ഒരാളുംകൂടെയായി.

അ. മേ—നീ നാരായണിയെ ഊന്നി പറകയാണെങ്കിൽ—എന്റെ മീനാക്ഷീ, ഇത്ര കഠിനമായൊരു വാക്കു നിന്റെ നാവുകൊണ്ടു പറവാൻ തോന്നിയതിൽ എനിക്കത്ഭുതം തോന്നുന്നു. നാരായണിയുടെ സ്വഭാവം നീ ഇനിയും മനസ്സിലാക്കീട്ടില്ലേ? അവളെപ്പോലെ ശുദ്ധഹൃദയമുള്ള സ്ത്രീ വേറാരെങ്കിലുമുണ്ടോ? നിന്റെ കഷ്ടതകൾ കണ്ട് അവൾ ചിരിക്കയോ? നിനക്കെന്തു കഷ്ടതയാണിവിടെ? ഈ നാട്യമൊന്നും എന്നോടു വേണ്ടാ.

മീ. അ—നിങ്ങളെന്തു കാണുന്നു? സ്വന്തം ആളുകളുടെ കറ മൊന്നും നിങ്ങളുടെ കണ്ണിൽ കാണില്ല.

അ. മേ—നാരായണി നിനക്കു വലിയ സഹായമല്ലേ ചെയ്യു ന്നതു്? നിൻെറ കുട്ടികളെ അവർ എത്ര വാത്സല്യത്തോടെ വളർത്തുന്നു!

മീ. അ—വാത്സല്യം! മംഗലത്തുകാരുടെ ഉച്ഛിഷ്ടം കൊടുക്കു ന്നതു വലിയ വാത്സല്യമല്ലെ?

അ. മേ—ഉച്ഛിഷ്ടമോ? നീ എന്തു ഭ്രാന്താണു പറയുന്നതു്?

മീ. അ—മംഗലത്തുനിന്നു കൊണ്ടുവരുന്ന സാധനങ്ങൾ അവ രുടെ കുട്ടികൾ തിന്നു ബാക്കി വരുന്നതു് എൻെറ കുട്ടികൾ ക്കു്; ആ കുട്ടികൾക്കു പററാത്ത കുപ്പായങ്ങൾ ഇവക്കു്; അ വർ പൊട്ടിച്ചു വലിച്ചെറിയുന്ന കളിസ്സാമാനങ്ങൾ ഇവ പാ വങ്ങൾ പെറുക്കി എടുക്കുന്നു. നാഥനില്ലാത്ത കുട്ടികളുടെ അവസ്ഥയല്ലേ ഇതു്?

അ. മേ—മീനാക്ഷി, ഈ കപടങ്ങൾ പറഞ്ഞു് എന്നെ വിശ്വ സിപ്പിക്കാൻ നീ പുറപ്പെടേണ്ടാ. ഞാനും കണ്ണുമിഴിച്ചുകൊ ണ്ടാണു് ഇവിടെ ഇരിക്കുന്നതു്. പലഹാരങ്ങൾ നാൽവ ക്കും ഒരേസമയത്തു് ഒപ്പം പങ്കിട്ടു കൊടുക്കുന്നു. കുപ്പായ ങ്ങൾ കോടിശ്ശീലകൊണ്ടു് അവരവരുടെ അളവനുസരിച്ചു തുന്നിക്കൊടുക്കുന്നു. കളിസ്സാമാനങ്ങൾ എല്ലാം എല്ലാവരും ഒപ്പംവെച്ചു കളിക്കുന്നു. നാരായണി യാതൊരു പക്ഷഭേദ വും കാണിക്കുന്നില്ല.

മീ. അ—എന്നിട്ടാണോ ഗോപി കളിസ്സാമാനങ്ങൾ പൊട്ടി ക്കുന്നു എന്നു കേസുണ്ടാക്കിയതു്?

അ. മേ—അതു നിൻെറ വായിൽനിന്നല്ലേ പുറപ്പെട്ടതു്? കുട്ടി കൾ കളിസ്സാമാനങ്ങൾ വലിച്ചെറിയുന്നതും പൊട്ടിക്കുന്ന തും സാധാരണയല്ലേ? അതിനു നാരായണി ഒരാളെയും ശാ സിക്കാറില്ലല്ലൊ.

മീ. അ—മംഗലത്തുനിന്നു കൊണ്ടുവരുന്ന സാധനങ്ങൾക്കു് എ ൻെറ കുട്ടികൾക്കെന്തവകാശം? അവക്കെന്തിനു് അവ കൊ

ട്ടക്കണ്ടു? അവകാശമുള്ളിടത്തുനിന്നു കിട്ടിയില്ലെങ്കിൽ നിർമ്മാഗ്ര്യമെന്നോർത്തു മിണ്ടാതിരിക്കണം. ഉള്ളതുകൊണ്ടു തൃപ്തിപ്പെടണം.

അ. മേ—ഉള്ളതുകൊണ്ടും കിട്ടുന്നതുകൊണ്ടും തൃപ്തിപ്പെടുന്നവളാണോ നീ? അവകാശംകൊണ്ടല്ലാ, സ്നേഹംകൊണ്ടാണ് ഈ കുട്ടികളെ സ്വന്തം കുട്ടികളോടൊപ്പം നാരായണി കരുതുന്നത്. അവർ നിന്റെ കുട്ടികൾ മാത്രമാണോ, എന്റെയുംകൂടെ അല്ലേ?

മീ. അ—എന്തായാലെന്താ? അവരുടെ കുട്ടികളെപ്പോലെ നമ്മുടെ കുട്ടികളെ അവർ കരുതുമോ? കുറുപ്പ് എഴുന്നെള്ളുമ്പോൾ കാണുന്നില്ലേ, ചന്ദ്രനേയും ചന്ദ്രികയേയും അയാൾ മടിയിൽനിന്നു താഴെ ഇറക്കാറുണ്ടോ? ഇക്കുട്ടികളെ അയാൾ തിരിഞ്ഞുനോക്കുകപോലുമില്ലല്ലൊ.

അ. മേ—അവനവന്റെ കുട്ടികളെ മററു കുട്ടികളേക്കാൾ കൂടുതൽ സ്നേഹിക്കുന്നതു് എല്ലാ മനുഷ്യർക്കും സഹജമല്ലെ? നിന്റെ കുട്ടികളോടു തോന്നുന്ന സ്നേഹം നിനക്കു മററു കുട്ടികളോടു തോന്നാറുണ്ടോ? കുറുപ്പിന്നാണെങ്കിൽ നമ്മുടെ കുട്ടികളോട് അടുപ്പവും അത്രയ്ക്കല്ലേ ഉള്ളൂ. അമ്മയച്ഛന്മാരില്ലാത്ത ആ സാധുക്കുട്ടികളെ അദ്ദേഹം ഇത്രയധികം സ്നേഹിക്കുന്നതും ലാളിക്കുന്നതും അവരുടെ ഭാഗ്യം. അതുകണ്ടു നമ്മൾ അസൂയപ്പെടുകയല്ലാ, സന്തോഷിക്കുകയാണു വേണ്ടതു്.

മീ. അ—മംഗലത്തുകാരുമായുള്ള കടപ്പാടു കൂടാതെ കഴിയണമെന്നാണ് എന്റെ ആഗ്രഹം. അതിനെന്തു വഴി ഈശ്വരാ!

അ. മേ—മംഗലത്തുകാരുമായി വീട്ടാൻ കഴിയാത്ത കടപ്പാടാണ് ഈ ഞങ്ങൾക്കുള്ളതു്. അവരുമായിട്ടുള്ള ബന്ധം നിമിത്തമാണു പ്ലാവറക്കാർ തലപൊക്കാൻ സാധിച്ചതു്. അവരുടെ സഹായമില്ലെങ്കിൽ ഇപ്പോൾതന്നെ ഇവിടെ നമുക്കൊക്കെ ഇത്ര സുഭിക്ഷമായി കഴിഞ്ഞുകൂടാൻ സാധിക്കു

മോ? നീ ആലോചിച്ചുനോക്കൂ, അവിടത്തെ നെല്ലു നമ്മുടെ പത്തായം നിറയ്ക്കുന്നു; ഇവിടത്തേതു വിററുകിട്ടുന്ന പണം നിൻെറ മടിശ്ശീലയിലും.

മീ. അ—എൻെറ മടിശ്ശീലയിലായതുകൊണ്ടെന്തു്? അതവിടെ കിടക്കും. സ്വന്തം കൈയിൽ കിട്ടണമെന്നാണെങ്കിൽ പറകയേ വേണ്ടു. പാശികളിച്ചും പന്തയംവെച്ചും പണ്ടത്തെ സമ്പ്രദായംതന്നെ തുടങ്ങാം. രണ്ടു കുട്ടികൾ കയ്യിലും ഒന്നു വയററിലുമായി. അവരുടെ മേൽഗതിയെപ്പററി എന്തെങ്കിലുമൊരു ചിന്ത വേണ്ടേ? നരച്ചു കുരച്ചിരിക്കുന്നു; കഥ കഴിഞ്ഞാൽ ഈ കുട്ടികളും ഞാനും തെരുവും തിണ്ണയുമായില്ലേ? ഒരു വയറു കഞ്ഞിക്കു് എൻെറ വീട്ടിൽ വകയുണ്ടോ?

ഇങ്ങിനെ ഗൽഗദസ്വരത്തിൽ പറഞ്ഞു് മീനാക്ഷിഅമ്മ രണ്ടാംമുണ്ടെടുത്തു മുഖം പൊത്തി ഉറക്കെ കരയുവാൻ തുടങ്ങി. മേനവൻ പരിഭ്രമിച്ചു സമീപത്തുചെന്നു കൈ പിടിച്ചുകൊണ്ടു പറഞ്ഞു: "ഛീ, ഇതെന്തു കുട്ടിക്കളിയാണു് കാണിക്കുന്നതു്? കുട്ടികൾ കേട്ടു് ഓടിവരട്ടെ കളി കാണ്മാൻ, നാണമില്ലേ നിനക്കു്? മതിയാക്കീട്ടു് അകത്തു പോ."

മീ. അ—അപരാധം പറഞ്ഞു് അവമാനിച്ചാൽ എങ്ങിനെ സഹിക്കും! ഞാൻ കട്ടിട്ടും കടം വാങ്ങിട്ടുമല്ലല്ലോ എൻെറ മടിശ്ശീല നിറയ്ക്കുന്നതു്! എൻെറ കുട്ടികളുടെ......

അ. മേ—കുട്ടികളുടെ നന്മയ്ക്കുവേണ്ടി ചെയ്യുന്നതിനെപ്പററി ഞാൻ കുററം പറകയോ അവമാനിക്കയോ ചെയ്തില്ലല്ലോ. മംഗലത്തുകാരുമായുള്ള കടപ്പാടു് നിനക്കു സഹിക്കവയ്യെന്നും, അതു് അവമാനമെന്നുമല്ലേ നീ പറഞ്ഞതിൻെറ സാരം?

മീ. അ—അവനവൻെറ ബാദ്ധ്യത അവനവൻ ചെയ്യാതെ മററുള്ളവരിൽനിന്നു കിട്ടുന്നതു വാങ്ങി തൃപ്തിപ്പെട്ടിരിക്കുന്നതു് ഒരുവക അവമാനംതന്നെ.

അ. മേ—എൻെറ കടമയെ എന്നാൽ കഴിയുംവണ്ണം ഞാൻ

നിറവേറുന്നില്ലേ? നിന്നെ ഇവിടെ കൊണ്ടുവന്നതുമുതൽ സകലത്തും നിന്റെ കീഴിൽ വിട്ടുതന്നിരിക്കുന്നു. അധികാരിപ്പണിയിൽനിന്നു കിട്ടുന്നതു മുഴുവൻ ഞാൻ നിനക്കു പാദകാണിക്ക ഇടുകയല്ലേ ചെയ്യുന്നതു്? എനിക്കൊരു തോർത്തുമുണ്ടു വേണമെങ്കിൽകൂടെ ഞാൻ നിന്നോടു ചോദിച്ചിട്ടേ വാങ്ങാറുള്ളൂ.

മീ. അ—പാദകാണിക്കപോലും! വല്ലതും വലിച്ചെറിഞ്ഞുതന്നിട്ടു പിന്നെ എണ്ണയ്ക്കു്, പിണ്ണാക്കിന്നു് എന്നു പറഞ്ഞു മുഴുവൻ തിരികെ വാങ്ങുന്നു.

അ. മേ—എണ്ണയും പിണ്ണാക്കും കൂടാതെ കഴിയുമോ? അതു നിനക്കും ഉപയോഗപ്പെടുന്നില്ലേ? മതിയാക്കൂ മീനാക്ഷീ. നിന്റെ അസൂയയും തൃപ്തിയില്ലായ്മയുമാണു് നിന്നെ സ്വൈരം കെടുത്തുന്നതു്. ഞാൻ നിന്റെ അടിമയല്ലെന്നോർമ്മവേണം. എന്റെ ക്ഷമയ്ക്കും ഒരതിർത്തി ഒക്കെ ഉണ്ടു്.

മീ. അ—രണ്ടുമൂന്നു മാസമേ വേണ്ടു. പിന്നെ ഞാൻ പോവുമല്ലോ. ഇപ്പോഴെ ഇറങ്ങിപ്പോയി നാട്ടുകാരെക്കൊണ്ടു ചിരിപ്പിക്കേണ്ടെന്നു കരുതിയാണു് എല്ലാം സഹിച്ചിരിക്കുന്നതു്. ദേഹത്തിന്നാണെങ്കിൽ ഒട്ടും സുഖമില്ല; ക്ഷീണവും നന്നെ ഉണ്ടു്. കഴിഞ്ഞ രണ്ടു പ്രസവത്തിന്നും നോക്കി ശുശ്രൂഷിക്കാൻ അമ്മയുണ്ടായിരുന്നു. അമ്മയും മരിച്ചു; ഇനി ആരാണെനിക്കു തുണ? ഈ പ്രസവത്തോടുകൂടെ എന്റെ കഥ കഴിഞ്ഞെങ്കിൽ എത്ര നന്നായിരുന്നു! ഈശ്വരാ, അനാഥരക്ഷകാ!

അ. മേ—പ്രസവത്തിനു വീട്ടിൽ പോകേണ്ട ആവശ്യമെന്തു്? ഇവിടെ സ്ഥലമില്ലേ? ഞാൻ വേണ്ട ഏർപ്പാടു ചെയ്യാം.

മീ. അ—ഓ. ഓ. ഏർപ്പാടു്! മംഗലത്തുകാർ നോക്കി ചിരിക്കട്ടെ എന്നായിരിക്കും. ഒരേർപ്പാടും വേണ്ടാ. എനിക്കും വീടും, തറവാട്ടുമാനവുമൊക്കെ ഉണ്ടു്. ചത്താലും വേണ്ടില്ല, അവമാനം സഹിക്കാൻ എന്നെക്കൊണ്ടാവില്ല.

## അദ്ധ്യായം 9.

### പാടത്തുവീട്ടുകാരുടെ പരിശ്രമങ്ങൾ

അപ്പുക്കുട്ടമേനോൻ പലകുറി ഉപദേശിച്ചിട്ടും കൂട്ടാക്കാതെ മീനാക്ഷിഅമ്മ ഒൻപതാംമാസാരംഭത്തിൽതന്നെ ചിറക്കരയിലെ സ്വഗൃഹമായ പാടത്തുവീട്ടിലേയ്ക്കു പ്രസവത്തിന്നായി പോയി. കുട്ടികളേയും കൂട്ടിക്കൊണ്ടുപോയി; എങ്കിലും താമസിയാതെ അവർ അപ്പുക്കുട്ടമേനോനോടുകൂടെ പ്ലാവറയ്ക്കു മടങ്ങിപ്പോന്നു. മീനാക്ഷിഅമ്മയുടെ ആവശ്യപ്രകാരം കൂടക്കൂടെ അവരെ ചിറക്കരെയ്ക്കുയയ്ക്കുക പതിവുണ്ടായിരുന്നു; രണ്ടു ദിവസത്തിലിടയ്ക്കു് അവർ തിരിച്ചുവരികയും ചെയ്തിരുന്നു.

ഇക്കുറി മീനാക്ഷിഅമ്മയ്ക്കു് ഒരു പെൺകുട്ടിയാണു് ജനിച്ചതു്. നാല്പതു കഴിഞ്ഞശേഷം ഒരുനാൾ ചിറക്കരെനിന്നു മടങ്ങിവന്നു് അപ്പുക്കുട്ടമേനോൻ നാരായണിഅമ്മയെ വിളിച്ചു പറഞ്ഞു:—

അ. മേ—നാരായണീ, നീ ഒന്നു ചിറക്കരയോളം പോയി മീനാക്ഷിയെ കൂട്ടിച്ചുകൊണ്ടുപോരുമോ? അവൾക്കു തീരെ സുഖമില്ല; അവിടെ ആരും അവളെ നോക്കുന്നില്ലപോൽ.

നാ. അ—പോകുന്നതിന്നും വിളിക്കുന്നതിന്നും എനിക്കു വിരോധമില്ല. അവൾ വരുമോ എന്നേ ആലോചിക്കേണ്ടതുള്ളു. ഏട്ടൻ വിളിച്ചില്ലേ?

അ. മേ—ഞാൻ വിളിച്ചു; എന്നോടുകൂടെ വരാൻ അവൾ മടിക്കുന്നു. നീ ചെന്നു വിളിച്ചാൽ വരാതിരിക്കില്ല.

നാ. അ—ഞാനിവിടെ ഉള്ളിടത്തോളം അവൾ ഇങ്ങട്ടു വരില്ലെന്നു പറഞ്ഞതായി രാജൻ പറയുന്നതു കേട്ടു.

അ. മേ—അതു് എന്നോടും പറക ഉണ്ടായി. ഇവിടുന്നു പോകുമ്പോൾതന്നെ ഇനി മടങ്ങിവരില്ലെന്നു പറഞ്ഞിരുന്നു. അതൊക്കെ അർത്ഥമില്ലാത്ത ജല്പനങ്ങൾ.

നാ. അ—ഞാനും ഈ കുട്ടികളും അവൾക്കെന്തു ദോഷമാണു് ചെയ്യുന്നതെന്നു മനസ്സിലാകുന്നില്ല. ഞങ്ങൾ അവളെ ഒരു

വിധത്തിലും ബുദ്ധിമുട്ടിക്കുന്നില്ല. എന്നാലും എപ്പോഴും ദുർമ്മുഖവും മുള്ളുവാക്കുകളുമേ ഉള്ളൂ.

അ. മേ—നാരായണി അതൊക്കെ എനിക്കുവേണ്ടി ക്ഷമിക്കണം. കാര്യമൊന്നുമുണ്ടായിട്ടല്ല, ജാത്യാ തന്നെ മഹാ അസൂയാലുവും തൃപ്തിയില്ലാത്തതുമായ ഒരു ജന്തുവാണവൾ.

നാ. അ—പ്രസവം ഇവിടെ ആകാമെന്നു ഞാൻ അവളോട് പറഞ്ഞു. എന്നിട്ടെന്തൊക്കെയാണവൾ പറഞ്ഞതു്? എല്ലാം ക്ഷമിക്കാം, പക്ഷേ മംഗലത്തുകാരെപ്പററി അപരാധം പറയുന്നതു കേൾക്കുമ്പോൾ എനിക്ക് ക്രമത്തിലധികം സങ്കടം തോന്നാറുണ്ട്. അവരെന്തു പിഴച്ചു? ഞാൻ ഇവിടെ വന്നതു് എൻെറ സ്വന്തം ഇഷ്ടപ്രകാരം. എനിക്കിവിടെ വരുവാൻ അവകാശമില്ലേ?

അ. മേ—അവൾ തീരെ ആലോചനയില്ലാതെ പറയുന്ന വാക്കുകളാണവ. നിനക്കല്ലേ ഇവിടെ ഇരിക്കാൻ അധികാരം? പോരെങ്കിൽ നീ ഇവിടെ അവളുടെ കീഴിൽ എത്ര അടങ്ങി ഒതുങ്ങിക്കഴിയുന്നു! അങ്ങിനെ ചെയ്തതു് അവൾക്കു വളമായി.

നാ. അ—ഞാനിവിടെ വന്നപ്പോൾ ജ്യേഷ്ഠൻ എന്നോടു പറഞ്ഞതു് ഓർമ്മയില്ലേ? വീട്ടിൽ കശപിശകൂടാതെ സ്വൈരമായി കഴിയണമെന്നേ എനിക്കാഗ്രഹമുള്ളൂ. അവൾ എന്നേക്കാൾ എത്രയോ ചെറുപ്പമാണെങ്കിലുംകൂടെ ഏട്ടത്തി അമ്മയുടെ കീഴിൽ ഇരിക്കുന്നതു് എനിക്കൊട്ടപമാനവുമല്ല.

അ. മേ—വീട്ടിൽ സമാധാനമുണ്ടാകുമെന്നാണു ഞാനും ആശിച്ചതു്. പക്ഷേ എന്തു ചെയ്താലും അവൾ സ്വൈരം തരില്ല. ചിലപ്പോൾ ഞാൻ വിചാരിക്കാറുണ്ട്, മാസംതോറും വല്ലതും കൊടുത്തു്, അവളോടു പാടത്തുവീട്ടിൽതന്നെ പാർക്കാൻ പറഞ്ഞാലോ എന്നു്.

നാ. അ—അതൊരിക്കലും പാടില്ല. രണ്ടു സ്ത്രീകളെ ആട്ടി ഓടിച്ചു എന്ന അപരാധം ദിവസവും അവൾ ഏട്ടൻെറ മുഖ

ത്തുനോക്കി പറയാറില്ലേ? പോരെങ്കിൽ കുട്ടികളുടെ കാൎയ്യമോ? അവൎക്കവിടെ കഞ്ഞിയും ചോറും കിട്ടുന്നതിനേക്കാൾ കൂടുതൽ തല്ലും നുള്ളുമാണു കിട്ടാറുള്ളതെന്നു രാജൻ സങ്കടം പറയാറുണ്ട്.

അ. മേ—മീനാക്ഷി അവിടെയും പിറുപിറുക്കലും അധികാരം ചെലുത്തലുമാണ്. നീ സഹിക്കുംപോലെ അവിടത്തെ ഏട്ടത്തിഅമ്മമാർ സഹിച്ചിരിക്കുമോ? അവരിങ്ങോട്ടും വല്ലതും പറയും. മീനാക്ഷി പകവീട്ടുന്നതൊക്കെ സ്വന്തം കുട്ടികളെ ഉപദ്രവിച്ചിട്ടാണ്.

നാ. അ—സാധുക്കുട്ടികൾ! കൂടക്കൂടെ അവരെ അങ്ങട്ട് അയയ്ക്കാതെയും കഴിയില്ല. ഏതായാലും ഏട്ടൻ പറഞ്ഞപോലെ ചെയ്യാം. നാളെയും മററന്നാളും നല്ല ദിവസങ്ങളല്ല. ഞായറാഴ്ച ഞാൻ പോയി വിളിക്കാം. മനസ്സുണ്ടെങ്കിൽ വരട്ടെ. ഏട്ടൻ നാളെ പോയി വിവരം മുൻകൂട്ടി അറിയിച്ചേക്കണം. എനിക്ക് അന്നുതന്നെ മടങ്ങണം.

അ. മേ—ഞാൻ പറഞ്ഞേല്പിക്കാം, കുട്ടികളെ കൊണ്ടുപോകേണ്ട. നീ തിരിച്ചുവരുന്നവരെ ഞാൻ ഇവിടുന്നു പുറത്തിറങ്ങുകയില്ല. നീ ചെന്നു ക്ഷണിച്ചിട്ടാണ് വന്നതെന്നു മെച്ചം പറഞ്ഞു കുറേക്കൂടെ തലയിൽ കയറും; അതാണു ദൃഷ്യം.

നാ. അ—സാരമില്ല. ഞാനല്ലെ പോയി ക്ഷണിക്കേണ്ടതും: അതവൾക്കു മെച്ചമാണെങ്കിൽ എനിക്കതിൽ അഭിമാനമേ ഉള്ളു.

അ. മേ—ഇപ്പോൾ അവൾ എന്തു കോലമായിട്ടുണ്ടെന്നോ? വിളൎത്തു മെലിഞ്ഞു പുറമൊക്കെ ചൊറിയുംപിടിച്ച്,

നാ. അ—ഇവിടെ എത്തിയാൽ വേണ്ട ശുശ്രൂഷയൊ ചികിത്സയോ ഒക്കെ യഥേഷ്ടം ചെയ്തുകൊടുക്കാം.

അ. മേ—കാൎയ്യം കഴിഞ്ഞാൽ തിരിഞ്ഞുമാറും. അതിന്നു തയ്യാറായിക്കൊള്ളണം. ഇങ്ങിനെ ഒരു ശൂണ്ഠിപിടിച്ച സ്വഭാവം!

നാ. അ—ഞാൻ എന്തിനും ഒരുക്കംതന്നെ. എനിക്കൊട്ടു പരിഭവവുമില്ല. കുട്ടികളെ സ്വൈരംകെടുത്താതിരുന്നാൽ മതി.

ഞായറാഴ്ച രാവിലെ നാരായണിഅമ്മ കുട്ടികളുടെ ശുശ്രൂഷകൾ തീർത്തു് അപ്പുക്കുട്ടമേനോനേയും ദാസി കാർത്ത്യായനിയേയും വീട്ടിൽ കാവലിരുത്തി ചിറക്കരെയ്ക്കു പുറപ്പെട്ടു. പ്ലാവറെനിന്നും ചിറക്കരെ പാടത്തുവീട്ടിലേയ്ക്കു്, ഊടുവഴിയിൽകൂടെ പോകുന്നപക്ഷം, നാലുനാഴിക ദൂരമേ ഉണ്ടായിരുന്നുള്ളു. നാരായണിഅമ്മ ഒരു ഭൃത്യനോടൊരുമിച്ചു്, വെയിൽ മൂക്കുന്നതിനുമുൻപെ കാൽനടയായിട്ടാണു പോയതു്. ആയമ്മയെ കണ്ടപ്പോൾ മീനാക്ഷിഅമ്മ പൊട്ടിക്കരഞ്ഞു. അവർ മീനാക്ഷിഅമ്മയുടെ കട്ടിലിന്നു സമീപത്തുനിന്നു ശിശുവിനെ എടുത്തു മാറോടണച്ചുകൊണ്ടു്, കരച്ചൽ മാറുന്നതുവരെ മൌനം ദീക്ഷിച്ചു. കരച്ചൽ അവസാനിച്ചശേഷം പറഞ്ഞു: “കുട്ടി എത്ര മെലിഞ്ഞിരിക്കുന്നു, നീ പാൽ കൊടുക്കുന്നില്ലേ മീനാക്ഷീ!”

മീ. അ—ഉണ്ടായിട്ടു വേണ്ടേ കൊടുക്കാൻ? ഒരുനേരം ഇവൾക്കു വയറുവീക്കാൻകൂടെ എനിക്കു പാലില്ല. എന്റെ ദേഹത്തിലുള്ള രക്തവുംകൂടെ ഉണങ്ങി വരണ്ടുപോയിരിക്കുന്നു.

നാ. അ—നാല്പതു കഴിഞ്ഞതല്ലേ. ഇനി ഒന്നോ രണ്ടോ പ്രാവശ്യം പശുവിൻപാലോ മുത്താറിയോ കാച്ചിക്കൊടുക്കായിരുന്നില്ലേ? കുട്ടി വല്ലാതെ ക്ഷീണിച്ചിരിക്കുന്നു. അന്നു ഞാൻ കണ്ടപ്പോൾ എത്ര നന്നായിരുന്നു?

മീ. അ—മുത്താറിയും പാലുമൊക്കെ ആരു തെയ്യാറാക്കിത്തരാനാണു്? എനിക്കു് എണീററു നടക്കാൻകൂടെ വയ്യ. ആരുണ്ടെനിക്കിവിടെ സഹായത്തിനു്?

നാ. അ—പ്ലാവറെ ഒരു പശു പുതുതായി പ്രസവിച്ചിട്ടുണ്ടു്; അതിന്റെ പാൽ ഇവൾക്കു പററും. നമുക്കങ്ങോട്ടു പോകാം. കുട്ടിക്കു വേണ്ടതൊക്കെ ചെയ്യാൻ ഞാനുണ്ടു്. മററു കുട്ടികൾ സ്കൂളിൽ പോവുകയല്ലേ, എനിക്കു ധാരാളം സമ

യമുണ്ട്. നിനക്കും ക്ഷീണം മാറാൻ വല്ല കഷായമോ മററോ ഉണ്ടാക്കിത്തരാം.

മീ. അ—നിങ്ങളെന്തിന് എനിക്കവേണ്ടി ബുദ്ധിമുട്ടുന്നു? അതൊരു കടംപോലെയാവും. എനിക്ക പ്രത്യുപകാരം ചെയ്യാൻ സാധിച്ചു എന്നു വരില്ല. ഒന്നും വേണ്ടാ. അമ്മ മരിച്ചപ്പോൾതന്നെ ഞാൻ തീച്ചപ്പെടുത്തി, എനിക്കിനി ആരും സഹായത്തിനില്ലെന്ന്. എൻെറ കഥയും ഇതോടുകൂടെ കഴിയട്ടെ.

നാ. അ—അമ്മ നന്നെ വയസ്സായി രോഗിയായിരുന്നില്ലേ? അവക്ക നിന്നെ എത്രകണ്ടു ശുശ്രൂഷിക്കാൻ കഴിയുമായിരുന്നു? അമ്മയില്ലാത്തവരൊക്കെ നിസ്സഹായരായിത്തീരുകയല്ലല്ലൊ.

മീ. അ—ഭാഗ്യമുള്ളവക്ക മററുള്ളവരുണ്ടായിരിക്കും നോക്കാൻ; എനിക്കാരുണ്ട്?

നാ. അ—നിനക്കും വേണ്ടപ്പെട്ടവരൊക്കെ ഉണ്ട്. ആകട്ടെ, നമുക്ക് ഇന്നു ഉച്ചതിരിഞ്ഞു പ്ലാവറെക്ക് പോവുക. നാലുമണിക്ക് ഒരു വണ്ടി കൊണ്ടുവരാൻ ഞാൻ ഏല്പിച്ചിട്ടുണ്ട്.

മീ. അ—ഞാൻ വരുന്നില്ല; എനിക്കവേണ്ടി നിങ്ങൾ ബുദ്ധിമുട്ടേണ്ടാ. ഈ കുട്ടിയെ കൊണ്ടുപോയി വളത്തിൻ. അമ്മയില്ലാത്ത കുട്ടികളെ പോററി വളത്താൻ നിങ്ങൾക്ക നല്ല വശമുണ്ടല്ലൊ.

നാ. അ—കുട്ടികളെ ശുശ്രൂഷിക്കുന്നതു് എനിക്ക വളരെ സന്തോഷമുള്ള പണിയാണ്. അമ്മയുള്ള കുട്ടികളെ ശുശ്രൂഷിക്കാനും എനിക്ക ഭാഗ്യമുണ്ടാകട്ടെ.

മീ. അ—ഈ കോലവുംകൊണ്ടു് ഞാൻ അവിടെ വന്നാൽ അയൽപക്കക്കാർ കണ്ടു് എന്നെ ആക്ഷേപിക്കും. വീട്ടിലെ രക്ഷയെപ്പററി അവർ പുച്ഛിക്കുന്നതു് ഞാൻ കേൾക്കേണ്ടിവരും.

നാ. അ—പുച്ഛിക്കാനെന്തുള്ളൂ. രോഗവും ദേഹക്ഷീണവും മ

റവും ആക്ഷേപം ഉണ്ടാവാത്തതു്? ആരെങ്കിലും ആക്ഷേപിച്ചാലുംകൂടെ കൂട്ടാക്കരുതു്.

മീ. അ—ഇന്നേയ്ക്കു നാലുനാളായി തലയിൽ വെള്ളം പകൎന്നിട്ടു്. ഈ വേഷത്തിൽ ഞാൻ എങ്ങിനെ പുറത്തിറങ്ങും?

നാ. അ—കുളിക്കാൻ ധാരാളം സമയമുണ്ടല്ലൊ. എണീററു തലയിൽ അല്പം എണ്ണ പൊത്തി കുളിക്കാൻ നോക്കു. കുളിയും ഊണും കഴിഞ്ഞു കുറെ വിശ്രമിച്ചശേഷം പോയാൽ മതി. അപ്പൊഴെ വെയിൽ താഴുകയുള്ളൂ; അല്പം നടക്കാനുമുണ്ടല്ലൊ. നടക്കാൻ കഴികയില്ലെങ്കിൽ മഞ്ചൽ ഏൎപ്പാടു ചെയ്യണം. അല്പം ദൂരമല്ലെ ഉള്ളൂ എന്നു വിചാരിച്ചിട്ടാണു ഞാൻ ഏൎപ്പാടു ചെയ്യാഞ്ഞതു്.

മീ. അ—എനിക്കു മഞ്ചലൊന്നും വേണ്ട; മെല്ലെ നടക്കാൻ സാധിക്കും. രണ്ടുമൂന്നു വിളിപ്പാടല്ലേ ഉള്ളൂ. കുട്ടിയെ ആരെങ്കിലും എടുത്താൽ മതി.

നാ. അ—എന്നാൽ എഴുന്നേററു കുളിക്കാൻ നോക്കൂ.

മീനാക്ഷി അമ്മ കുളിക്കാൻ പോയപ്പോൾ നാരായണി അമ്മയെ സല്ക്കരിച്ചു കാപ്പി കൊടുക്കാനും അവരോടു വൎത്തമാനം പറവാനുമായി ആ വീട്ടിലെ സ്ത്രീകൾ ചുററും വന്നുകൂടി. മീനാക്ഷിഅമ്മയുടെ അമ്മായിയും അവരുടെ മകൾ രാധയും, സഹോദരഭാൎയ്യമാരായ ജാനകിഅമ്മയും ലക്ഷ്മിഅമ്മയും, ഇളയമ്മയുടെ മകളായ രുഗ്മിണിഅമ്മയും ആയിരുന്നു അപ്പോൾ അവിടെ ഉണ്ടായിരുന്നതു്. ഇവൎക്കൊക്കെ പണ്ടേ നാരായണിഅമ്മയോടു വളരെ ബഹുമാനവും സ്നേഹവുമുണ്ടായിരുന്നു. അമ്മായിഅമ്മ മുറുക്കാൻചെല്ലവും എടുത്തു മുമ്പിൽ വെച്ചുകൊണ്ടു പറഞ്ഞു: "എട്ടത്തി ഒന്നു മുറുക്കൂ, വായിൽ വെള്ളമൂറട്ടെ. വാക്കുതൎക്കംകൊണ്ടു വായിലെ വെള്ളം വററീട്ടുണ്ടാവണം. ജാനകീ; കാപ്പി തയ്യാറായില്ലേ?

നാ. അ—എനിക്കിപ്പോൾ കാപ്പി വേണ്ടാ. ഞാൻ അധികം സംസാരിച്ചില്ല. മീനാക്ഷിയുടെ അൎത്ഥമില്ലാത്ത വാക്കുകൾ

ക്ക് ഉത്തരം പറവാനെന്താണുള്ളത്? എന്നോടുകൂടെ പോരാമെന്നു സമ്മതിച്ചു.

രാധ—ആവൂ, ഈശ്വരാ! ഇങ്ങിനെ ഒരേടത്തിഅമ്മയോടുകൂടെ വല്യമ്മ എങ്ങിനെ അവിടെ കഴിച്ചുകൂട്ടുന്നു?

നാ. അ—അവളുടെ പിറുപിറുപ്പൊന്നും ഞാൻ വകവെയ്ക്കാറില്ല.

ലക്ഷ്മിഅമ്മ—അമ്മയില്ലാത്തതാണ് ഇവിടുത്തെ കുറവുപോലും! അമ്മ ഉണ്ടായിരുന്നപ്പോൾ അവരാണോ ഇവരുടെ പ്രസവശുശ്രൂഷ ചെയ്തിരുന്നത്? കുട്ടിയെ കുളിപ്പിക്കാനും കൂടെ അമ്മക്ക കഴിഞ്ഞിരുന്നില്ല. ഈ ഞങ്ങളൊക്കെത്തന്നെയാണ് ഇതിന്നുമുമ്പും നോക്കിയിരുന്നത്.

ജാനകിഅമ്മ—ഗൌരിഏട്ത്തി പോയതുമുതൽ തുടങ്ങി വെളിച്ചപ്പാട്. മററുള്ളവർ എന്തു ചെയ്താലും കുററവും കുറവും പറച്ചലും, ശുണ്ഠിയും ലഹളയുംതന്നെ.

നാ. അ—ഗൌരി എന്താണ് ഇത്രവേഗം പൊയ്ക്കളഞ്ഞത്?

ല. അ—രയിരുനായക്ക് പനിക്കുന്നു എന്ന് ആളുവന്നു പറഞ്ഞു. അവിടെ വേറെ ആരും ഇല്ലല്ലോ! പോകാതെ കഴിയുമോ? പ്രസവം കഴിഞ്ഞു നാലാംദിവസമാണ് പോയത്.

നാ. അ—പനി ഭേദമായോ? ഇവിടുന്ന് ആരെങ്കിലും പോയ നേ്വഷിച്ചില്ലെ?

അമ്മായി—പനി തീരെ വിട്ടുമാറുന്നില്ല. രണ്ടുദിവസം താഴും, വീണ്ടും വരും; ഇങ്ങിനെ നീണ്ടുനീണ്ടു നില്ക്കുന്നു. ദേഹക്ഷീണവും ജാസ്തി ആവുന്നു. കാരണവർ കൂടക്കൂടെ പോയി അന്വേഷിക്കാറുണ്ട്. ഇന്ന് ഇവിടെനിന്ന് ഒരു വൈദ്യനേയും കൂട്ടിക്കൊണ്ടു പോയിരിക്കയാണ്.

നാ. അ—കഷ്ടം തന്നെ. ഗൌരി മഹാസാധു, അനുജത്തിയെപ്പോലെ അല്ല. നാലഞ്ചു കുട്ടികളും. പാവം.

രാധ—ഗൌരിഏട്ത്തിയും മീനാക്ഷിഏട്ത്തിയും ഒരമ്മയുടെമക്കളാണെന്നു തോന്നുകയില്ല. രണ്ടാളുടേയും സ്വഭാവത്തിന്ന് അജഗജാന്തരമുണ്ട്.

അമ്മായി—മീനാക്ഷിക്ക് അച്ഛന്റെ സ്വഭാവമായിരിക്കണം കിട്ടീട്ടുള്ളതു്. അയാൾ മഹാകോപിഷ്ഠനും വാശിക്കാരനുമായിരുന്നു എന്നു കേട്ടിട്ടുണ്ടു്. ഭാൎയ്യയെ വല്ലാതെ ദ്രോഹിക്കാറുണ്ടായിരുന്നുപോൽ!

നാ. അ—മീനാക്ഷിയും കുട്ടിയും വല്ലാതെ ക്ഷീണിച്ചിരിക്കുന്നു; എന്താ ഇക്കുറി അവൾക്കു പാലില്ലാതായിപ്പോയതു്? മുൻപു് ഇങ്ങിനെ ആയിരുന്നില്ലല്ലോ.

ജാ. അ—എങ്ങിനെ പാലുണ്ടാകും? നല്ലവണ്ണം ആഹാരം കഴിക്കയും, തൃപ്തിയോടും സന്തോഷത്തോടുംകൂടെ ഇരിക്കയും ചെയ്തുവെങ്കിലല്ലേ അമ്മയ്ക്കും കുട്ടിക്കും ആരോഗ്യമുണ്ടാവുള്ളു.

അമ്മായി—അവളുടെ കുറുമ്പു കേൾക്കണോ? സമയത്തിനു കുളിക്കാനും ഉണ്ണാനും ഒക്കെ ഇവർ തെയ്യാറാക്കി, ചെന്നു പറഞ്ഞാൽ എണീക്കില്ല. ചിലപ്പോൾ കിടന്നു് ഉറങ്ങിക്കളയും. ചിലപ്പോൾ അവളുടെ ചില ചങ്ങാതിമാരുണ്ടാകും വന്നിട്ടു്; അവരുമായി ഇവിടത്തേയും പ്ലാവറയിലേയും ആളുകളെപ്പററി അപരാധം പറഞ്ഞു കുശുകുശുത്തുകൊണ്ടിരിക്കും.

ജ. അ—കുളിക്കുന്നതിനേയും ഉണ്ണുന്നതിനേയുംകാൾ വല്ലവരേയുംപററി ചീത്ത പറഞ്ഞും കേട്ടും ഇരിക്കുന്നതാണ് അവൾക്കധികം ഇഷ്ടം.

അമ്മായി—അവൾക്കു തോന്നുമ്പോൾ എണീററുവന്നു്, വെള്ളം ചൂടാറിപ്പോയി, ചോറും കറികളും തണുത്തുപോയി എന്നു പറഞ്ഞു ലഹള കൂട്ടും. പിന്നെ കുളിയും തെററി, ഊണുമില്ല. പെററുകിടക്കുന്ന പെണ്ണുങ്ങൾ ക്രമമായി കുളിയും ആഹാരവും കഴിച്ചില്ലെങ്കിൽ ചൊറി പിടിക്കുന്നതും ക്ഷീണിക്കുന്നതും മുലപ്പാലില്ലാതാകുന്നതും അത്ഭുതമാണോ?

ജാ. അ—ഞാനെത്ര ദിവസമായി പറയുന്നു കുട്ടിക്കു രാത്രിയെങ്കിലും കുറച്ചു പാൽ കാച്ചിക്കൊടുത്തുനോക്കാമെന്നു്. അതു തനിക്കു സമ്മതമല്ല. ഇവിടെ കറക്കുന്ന പാലാണെങ്കിലേ

കുട്ടിക്കു കൊടുക്കാവൂ, പുറമേനിന്നു വാങ്ങിക്കൊടുത്താൽ കുട്ടിക്കു വയറുനോവു വരുമത്രേ!

അ—ഇവിടെ കറക്കുന്ന പശു ഇല്ല. ഞങ്ങളെന്തു ചെയ്യാനാണ്? അടുത്ത വീട്ടിൽ ഉണ്ട്. ഞങ്ങളാരെങ്കിലും ചെന്നുനിന്നു കറപ്പിച്ചുകൊണ്ടുവരാമെന്നു പറഞ്ഞു. അതും സമ്മതമല്ല.

ല. അ—തറവാട്ടിലേയ്ക്കു് ഒരു സന്തതി ജനിച്ചിരിക്കുന്നതിനെ കൊല്ലാനാണത്രെ ഞങ്ങൾക്കാഗ്രഹം.

ജാ. അ—കുട്ടി രാത്രി മുഴുവൻ കരച്ചലാണ്. ഞങ്ങളാരെടുത്താലും സമാധാനമില്ല. ഒരു തള്ളയെ ഇരുത്തിനോക്കി; അതിനെ നാലു ദിവസംകൊണ്ടു് ഓട്ടിച്ചു. കൂലിക്കാരെക്കൊണ്ടു തന്റെ കുട്ടിയെ എടുപ്പിക്കില്ലത്രേ. നിർഭാഗ്യവശാൽ ഞങ്ങളാരും പ്രസവിച്ചിട്ടില്ല; കുട്ടിയെ നോക്കാൻ അത്ര വശവുമില്ല. അമ്മായിക്കു രാത്രി മുഴുവൻ ഉറക്കിളക്കാൻ സാധിക്കുമോ?

രു. അ—ഇക്കുറി മീനാക്ഷിഏട്ത്തി ഇവിടെ വന്നു കയറിയതുമുതൽ ഞങ്ങളോടു് ഈർഷ്യയുണ്ടാകാൻ വേറൊരു കാരണവുമുണ്ടായി.

നാ. അ—മീനാക്ഷിക്കു നിങ്ങളോടും ഈർഷ്യയുണ്ടോ? ഏട്ത്തിഅമ്മമാരോടേ ഉള്ളു എന്നാണ് ഞാൻ ധരിച്ചതു്.

രാ—രുഗ്മിണിഏട്ത്തി ഞങ്ങളുടെ കൂട്ടത്തിൽ പെട്ടുപോയില്ലേ? അതുകൊണ്ടാണ് ദ്വേഷം.

അ—മീനാക്ഷിക്കു തന്റെ ആൾക്കാരിൽ ആരോടെങ്കിലും അല്പം സ്നേഹമുണ്ടായിരുന്നെങ്കിൽ, അതു ഗൌരിയോടായിരുന്നു. അവൾ പ്രസവശുശ്രൂഷ മുഴുവനാക്കാതെ പോയതുമുതൽ അതും നശിച്ചു. ഇങ്ങിനെയായാൽ ഇവളെങ്ങിനെ കഴിച്ചുകൂട്ടും? എല്ലാവരോടും വെറുപ്പും ദ്വേഷവുമായാൽ ആരു തിരിഞ്ഞുനോക്കും?

രു. അ—പുതിയ കാരണം കേൾക്കണ്ടേ? ഞങ്ങളൊക്കെ നൂൽ നൂല്ക്കാൻ പഠിച്ചു് ദിവസേന ചക്രയിൽ നൂൽ നൂല്ക്കുന്നുണ്ടു്.

അവക്ക് അറിയില്ല. ഞങ്ങൾ പഠിപ്പിച്ചുകൊടുക്കാമെന്നു പറഞ്ഞു. പഠിക്കാനൊട്ടു മനസ്സുമില്ല. പഠിച്ചിട്ടു കാര്യമില്ല ത്രേ. വീട്ടുഭരണവും കുട്ടികളുടെ ശുശ്രൂഷയും നിമിത്തം വേറൊന്നിനും സമയമുണ്ടാകില്ലപോൽ.

ജാ. അ—വേണമെങ്കിൽ ചക്ക വേരിലും കായ്ക്കും. കുട്ടികളെക്കൊണ്ട് അവക്കെന്താണൊരു ഭാരം? കുട്ടികളെ നോക്കുന്നതു നിങ്ങളല്ലേ? അപ്പുക്കുട്ടേട്ടൻ പറഞ്ഞു ഞങ്ങൾ സകലതും അറിഞ്ഞിരിക്കുന്നു. വീട്ടുകാര്യം വേറെ ആരേയും ഏല്പിക്കാൻ അവക്കിഷ്ടവുമില്ലല്ലോ.

ല. ര—അവക്കു സമയവും സാമർത്ഥ്യവുമില്ലെങ്കിൽ മറ്റുള്ളവർ നൂൽ നൂല്ക്കുന്നതിൽ എന്തിനസൂയ? വീട്ടുകാര്യം വിട്ടിട്ട് വേറെ പണി എടുത്ത് പണം സമ്പാദിക്കുന്നു എന്നാണ് ഞങ്ങളിൽ ചുമത്തുന്ന അപരാധം.

ജാ. അ—ഈ വീട്ടിലെ സകല പണിയും ഞങ്ങളാണ് ചെയ്യുന്നത്. മുററമടിക്കാൻ മാത്രം ഒരു പണിക്കാരത്തി ഉണ്ട്. അകത്തെ അടിച്ചുതളി തുടങ്ങി എല്ലാ പ്രവൃത്തിയും ഞങ്ങൾ ചെയ്യുന്നു. ഒരു ഭൃത്യൻകൂടെ ഇവിടെ ഇല്ല. ഭൃത്യനെ നിൎത്താനൊട്ടു സാധിക്കയുമില്ല.

രു. അ—ഉച്ചയ്ക്ക് ഊണു കഴിഞ്ഞാൽ പിന്നെ സന്ധ്യവരെ ഞങ്ങൾക്കു കാര്യമായിട്ടു യാതൊന്നും ചെയ്യാനില്ല. ഈ ഒഴിവുസമയമൊക്കെ ഞങ്ങൾ നൂൽ നൂല്പാനും ചുററാനും ഉപയോഗിക്കുന്നു.

നാ. അ—ഇതൊരു സന്തോഷവൎത്തമാനംതന്നെ. എല്ലാവരും നൂൽ നൂല്പാൻ പഠിച്ചിരിക്കുന്നോ?

രാധ—എല്ലാവരും; അച്ഛനും അമ്മയുംകൂടെ ദിവസേന അല്പസമയമെങ്കിലും നൂൽ നൂല്ക്കും.

അ—കാരണവർ മൂക്കിൽ കണ്ണടയുംവെച്ച്, തക്ലിയിൽ നൂലുണ്ടാക്കുന്നതു കാണേണ്ട കാഴ്ചയാണ്. മൂപ്പക്കു വലിയ ഉത്സാഹമാണ്.

നാ. അ—അദ്ദേഹത്തിന്ന് ഇത്ര ഉത്സാഹമാണെങ്കിൽ ചെറു പ്പക്കാരായ മററുള്ളവരുടെ കഥ ചോദിക്കാനുണ്ടോ? അന ന്തിരവന്മാക്കോ?

രു. അ—അവക്ക് ഒഴിവുസമയം അധികം കിട്ടാറില്ലല്ലൊ. ഇട കിട്ടുമ്പോഴൊക്കെ അവരും നൂലെടുക്കും.

നാ. അ—ആരാണ് നിങ്ങളെ ഒക്കെ പഠിപ്പിച്ചതു്? കുറേ നാ ളായോ പഠിച്ചിട്ട്?

രാ—ഞാൻ ഒന്നരക്കൊല്ലംമുമ്പെ പഠിച്ചിരിക്കുന്നു. എന്റെ കു ഞ്ഞിരാമേട്ടനാണ് ആദ്യം പഠിപ്പിച്ചതു്. ആദ്യം തക്ലിയി ലാണ് അഭ്യസിച്ചതു്.

അ—കുഞ്ഞിരാമൻ (ജാനകിഅമ്മയുടെ ഭത്താവു്) ഇപ്പോൾ മേസ്തരാണല്ലോ. അയാളുടെ ഇഷ്കൂളിലും ഇപ്പോൾ നൂൽ നൂല്ക്കാൻ പഠിപ്പിക്കുന്നുണ്ട്.

രാ—ഉണ്ണിയേട്ടനാണ് (രാധയുടെ സഹോദരൻ) എനിക്ക് ആദ്യമായി ചക്ക വാങ്ങിത്തന്നതു്. കഴിഞ്ഞ കൊല്ലം സ്കൂൾ പൂട്ടിയിരുന്ന കാലത്തു് ഏട്ടൻ വന്നപ്പോൾ ഏട്ടന്റെ ചില കൂട്ടുകാരും കൂടെ വന്നിരുന്നു. അവർ ഇവിടങ്ങളിൽ വീടു തോറും നടന്നു ചക്ക വില്ക്കലും നൂൽ നൂല്ക്കൽ പഠിപ്പിക്കലു മായിരുന്നു. മിക്ക വീടുകളിലും ഇപ്പോൾ ചക്കയോ തക്ലി യോ ഉണ്ട്; ഒരു നേരം അവ വെറുതേ ഇരിക്കലുമില്ല.

ല. അ—ഇക്കഴിഞ്ഞ ഓണക്കാലത്തു് ഇന്നാട്ടിലൊരു നൂൽ നൂൽപ്പുമത്സരമുണ്ടായിരുന്നു, പതിനാറു വയസ്സിനു താഴെ യുള്ള ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും. അതുകൊ ണ്ട് എനിക്കു ചേരാൻ സാധിച്ചില്ല. രാധ ചേന്നു; രണ്ടാം സമ്മാനം വാങ്ങി.

നാ. അ—അപ്പോൾ രാധയേക്കാൾ സാമത്ഥ്യമുള്ളവർ വേറെ യുണ്ടല്ലൊ. രാധെ, നിനക്കസൂയയില്ലേ?

രാ—അസൂയയെന്തിനു്? എനിക്കഭിമാനമേ ഉള്ളു. ഒന്നാംസ മ്മാനം വാങ്ങിയ സരോജം എന്നേക്കാൾ ചെറുപ്പമാണ്. പതിന്നാലു തികഞ്ഞിട്ടില്ല.

ജാ. അ—ഒരു വിശേഷപ്പെട്ട ചക്കയായിരുന്നു സമ്മാനം. രാധയ്ക്കു് ഒരു ഖദർവേഷ്ടി.

നാ. അ—അപ്പോൾ ആൺകുട്ടികൾക്കാക്കും സമ്മാനം കിട്ടാഞ്ഞിട്ടു് അവൎക്കു കുണ്ഠിതമില്ലേ? ഉത്സാഹം കുറഞ്ഞോ?

അമ്മായി—കുണ്ഠിതമോ? അവരുടെ സന്തോഷമല്ലേ കാണേണ്ടിയിരുന്നതു്! ഉത്രാടത്തിന്നായിരുന്നു മത്സരപരീക്ഷയും സമ്മാനവും ഒക്കെ ഉണ്ടായതു്. തിരുവോണത്തുന്നാൾ രാവിലെ രാധയ്ക്കു കിട്ടിയപോലൊരു ഖദർവേഷ്ടി മത്സരത്തിന്നു ചേൎന്നിരുന്ന ആൺകുട്ടികളൊക്കെ ചേൎന്നു പണം ശേഖരിച്ചു വാങ്ങി, അവരുടെ സന്തോഷം കാണിക്കാനായി സരോജത്തിന്നയച്ചുകൊടുത്തു.

നാ. അ—ഹ! എത്ര ആനന്ദം തോന്നുന്നു ഈ വൎത്തമാനങ്ങൾ കേൾക്കാൻ! വെറുതെ ഇരുന്നു് അന്യരുടെ നുണയും ദൂഷ്യവും കേട്ടു പാഴാക്കിക്കളയുന്ന സമയം ഇങ്ങിനെ ഉപയോഗപ്പെടുത്തിയാൽ എത്ര നന്നു്. പാവങ്ങൾക്കോ, ചക്ക ഒരനുഗ്രഹംതന്നെ. അവരുടെ പട്ടിണിയ്ക്കു് അല്പമൊരു ശമനമെങ്കിലുമാകുമല്ലോ.

ല. അ—പട്ടിണി കിടക്കുന്ന പാവങ്ങൾക്കു മാത്രമല്ല; വലിയ തറവാട്ടുകാരെന്നഭിമാനിച്ചു വീട്ടിനുള്ളിൽ കുത്തിരിക്കുന്ന ഞങ്ങളെപ്പോലുള്ള കൂട്ടൎക്കോ? ദാരിദ്ര്യംകൊണ്ടു വീട്ടിലിരിക്കാനും വയ്യ, അഭിമാനംകൊണ്ടു പുറത്തിറങ്ങാനും വയ്യ എന്ന നിലയല്ലേ? ഞങ്ങളെപ്പോലുള്ളവർ അനുഭവിക്കുന്ന ദാരിദ്ര്യവും ക്ലേശവും ആരറിയുന്നു? നേരെ ഉണ്ണാനോ ഉടുക്കാനോ വകയില്ലാതെ എത്രയാളുകൾ കഷ്ടപ്പെടുന്നു! ഈ പ്രവൃത്തി വീട്ടിൽവെച്ചുതന്നെ ചെയ്യാം. വല്ലതും ചെറിയ ആദായവുമായി.

ജ—ഇവിടെ ഇവൎക്കൊക്കെ മാസംതോറും വല്ലതും ആദായം കിട്ടാറുണ്ടു്. ഞാനും കാരണവരും എടുക്കുന്ന നൂലു് ഇവൎക്കു നാലാൾക്കുമായി പങ്കിട്ടു കൊടുക്കുകയാണു്. വല്ലതും കിട്ടുന്നതു് അവർ എടുത്തോട്ടെ.

നാ. അ—പഞ്ഞി എവിടന്നു കിട്ടുന്നു? നൂലു എങ്ങിനെ വില്ക്കുന്നു?

ല. അ—അതൊക്കെ മാസ്റ്റരേട്ടൻ വഴിയാണേപ്പാട്. ആദ്യകാലത്തു ഞങ്ങൾക്കു പഠിക്കാൻവേണ്ട പഞ്ഞി കാൺഗ്രസ്സ് ആഫീസിൽനിന്നു സൌജന്യമായി തന്നു. നൂൽ അവിടേയ്ക്കയച്ചുകൊടുത്തു. ആ നൂലൊക്കെ വെറും മോശമായിരുന്നു. ഇപ്പോൾ ഞങ്ങൾ കാൺഗ്രസ്സ് ആഫീസിൽനിന്നു പഞ്ഞി വിലയ്ക്കു വാങ്ങും, നൂല് അവിടെ ഏല്പിച്ചു വില്പിക്കും. ഒരു റാത്തൽ പഞ്ഞിയിൽനിന്നെടുക്കുന്ന നൂലിനു ചിലപ്പോൾ ഒന്നും രണ്ടും അണ ലാഭം കിട്ടും.

നാ. അ—നൂൽ നൂൽക്കാൻ തുടങ്ങിയ നിങ്ങൾ ഖദർമുണ്ടു വാങ്ങി ഉപയോഗിക്കാത്തതെന്ത്? നിങ്ങളെടുത്ത നൂലുകൊണ്ടുണ്ടാക്കിയ മുണ്ടുടപ്പാൻ നിങ്ങൾക്കാഗ്രഹമില്ലേ?

ല. അ—ആഗ്രഹം തോന്നായ്കയല്ല. ഞങ്ങൾക്കൊക്കെ ഒന്നുരണ്ടു മുണ്ടുകളും ഉണ്ട്. പക്ഷെ ഖദറിൻെറ വില ജാസ്തിയായതുകൊണ്ടു നിത്യോപയോഗത്തിന്നു സ്വദേശിയേ വാങ്ങാൻ തരമുള്ളു. അതു വില കുറവുള്ളതാണല്ലോ.

നാ. അ—നിങ്ങൾക്കു നൂൽ വിറ്റ് ആദായം കിട്ടുന്നുണ്ടല്ലോ, അതുകൊണ്ടു ജാസ്തി വിലയായാലും ഖദർ വാങ്ങാൻ സാധിക്കില്ലേ?

രാധ—ആ ആദായത്തെ ചെലവാക്കാതെ ഒരാവശ്യത്തിന്നു വേണ്ടി കൂട്ടിവെയ്ക്കുകയാണ്.

നാ. അ—അതെന്താണ്? ഖദർ ഉപയോഗിക്കുന്നതിനേക്കാളും ശ്രേഷ്ഠമായ ഒരു കാൎയ്യമായിരിക്കണമല്ലോ.

ജാ. അ—ഞങ്ങൾ ഇവിടെ ഒരു സ്ത്രീസമാജം ഏൎപ്പെടുത്തീട്ടുണ്ട്. നൂൽ നൂല്ക്കാൻ അഭ്യസിച്ചിട്ടുള്ള സ്ത്രീകളൊക്കെ അതിൽ ചേൎന്നിട്ടുമുണ്ട്. സമാജം വകയായി ഒരു നെയ്ത്തുശാല ഏൎപ്പെടുത്തേണമെന്നാണു ഞങ്ങളുടെ ഉദ്ദേശം. എന്നാൽ ഞങ്ങൾ നൂററെടുക്കുന്ന നൂലൊക്കെ അതിൽ നെയ്ത്

കയ്യം ചെയ്യാം. അപ്പോൾ മുണ്ടുകൾക്കു വില വളരെ കൂടു തലാക്കാതെ കഴിക്കാമെന്നു തോന്നുന്നു.

നാ. അ—നെയ്ത്ത് അറിവുള്ളവർ വേണ്ടേ? അവക്കു കൂലി കൊടുക്കേണ്ടിവരുമല്ലോ.

രാധ—നെയ്ത്ത് അറിയുന്ന ആണുങ്ങൾ ചിലരുണ്ടിവിടെ. പുറത്തിറങ്ങി പണി എടുക്കുവാൻ തയ്യാറുള്ള സ്ത്രീകളുമുണ്ട്. അവരെക്കൂടെ നെയ്ത്തു ശീലിപ്പിച്ചാൽ അവക്കും ഉപജീവനമാർഗ്ഗമാകുമല്ലോ.

നാ. അ—പ്രശംസാർഹമായ ഉദ്ദേശംതന്നെ. അതു വേഗത്തിൽ സാധിക്കട്ടെ! രാധ ആ നെയ്ത്തുശാലയിലെ മാനേജരായിരിക്കണം.

രാധ—എനിക്കൊന്നിനും മടിയില്ല. നെയ്ത്തു പഠിക്കാനൊ, പണി എടുക്കുവാനോ ഒക്കെ ഞാൻ തയ്യാർ. ആഭിജാത്യം നടിച്ചു വീട്ടിനുള്ളിൽ കൂടുന്നതാണ് എനിക്കിഷ്ടമില്ലാത്തത്.

ജാ. അ—ഈ ഉദ്യമത്തിനു മൂലധനം വേണ്ടേ? അതിനായിട്ടാണു ഞങ്ങൾ ഞങ്ങളുടെ ഇപ്പോഴത്തെ ആദായത്തെ കൂട്ടിവെയ്ക്കുന്നത്.

രാധ—ഞങ്ങളുടെ ആദായംകൊണ്ടുമാത്രം ഒന്നും ആവില്ല. ഒരു ചെറിയ നെയ്ത്തുശാലയ്ക്കുംകൂടെ എന്തൊക്കെ ചെലവുണ്ട്? സ്ഥലം വേണം. തറികൾ മുതലായ ഉപകരണങ്ങൾ വേണം.

നാ. അ—നാട്ടുകാക്കൊക്കെ ഉത്സാഹമുണ്ടായിരിക്കുന്ന സ്ഥിതിക്ക് അവരിൽനിന്നു സഹായം കിട്ടാനിടയില്ലേ?

രാധ—ഞങ്ങൾ പലവഴിക്കും ശ്രമിക്കുന്നുണ്ട്. ഒരു കെട്ടിടം വെയ്ക്കാനുള്ള സ്ഥലം തരാമെന്നു ചിറക്കരത്തെ പഴയ വീട്ടിലെ കാരണവർ സമ്മതിച്ചിട്ടുണ്ട്. ഒരു കെട്ടിടം കെട്ടിത്തരാമെന്ന് അച്ഛനും സമ്മതിച്ചിട്ടുണ്ട്.

ല. അ—ചിറക്കരെ യുവാക്കന്മാരുടെ വക ഒരു നൂൽനൂൽപ്പു സംഘമുണ്ട്. അവർ പണം ശേഖരിച്ച്, നൂൽനൂല്പ്, നെ

സ്റ്റ്, ചായം മുക്കൽ മുതലായ പണികൾ അഭ്യസിക്കാൻ ഒരാളെ സബർമതിയിലയപ്പാൻ തീർച്ചപ്പെടുത്തീട്ടുണ്ട്. അവിടെ അഭ്യസിച്ചുവരുന്ന ഒരു വിദഗ്ദ്ധൻ ഇവിടെ ഉണ്ടായാൽ അയാളുടെ സഹായവും ലഭിക്കാതിരിക്കില്ല.

അമ്മായി—എൻെറ മകൻ ഉണ്ണികൃഷ്ണൻ ഇപ്പോൾ പത്താം ക്ലാസിലാണു പഠിക്കുന്നത്. ഈ ക്ലാസു കഴിഞ്ഞാൽ അവൻെറ പഠിത്തം കഴിഞ്ഞു. വലിയ പട്ടണങ്ങളിലയച്ചു മേലോട്ടു പഠിപ്പിക്കാൻ ഞങ്ങൾക്കു സാധിക്കില്ല. അവനും ഒരു കൊല്ലം......എന്താണാസ്ഥലത്തിൻെറ പേർ, ജാനകി?

ജാ. അ—സബർമതി.

അ—അവിടെ പോയി പഠിക്കണമെന്നാണാഗ്രഹം. അയസ്സാമെന്നു മൂപ്പർ സമ്മതിച്ചിരിക്കുന്നു. പണച്ചെലവിൻെറ കാര്യമാണ്. അവൻെറ അമ്മാമനുംകൂടെ ഒന്നു കണ്ണുതുറന്നാൽ പ്രയാസമില്ല.

നാ. അ—ഈശ്വരാനുഗ്രഹംകൊണ്ട് ഈ ഉദ്യമങ്ങളൊക്കെ സാധിക്കും. നാട്ടും വീട്ടും നന്നാവാനുള്ള ശ്രമങ്ങളല്ലെ? എല്ലാവരും സഹായിക്കും. ഇതൊക്കെ കാണ്മാനെങ്കിലും, കേട്ടാനന്ദിക്കാനെങ്കിലും എനിക്കു ഭാഗ്യമുണ്ടായല്ലൊ.

സ്ത്രീകളുടെ സംസാരം ഈ ഘട്ടത്തിലെത്തിയപ്പോൾ മീനാക്ഷിഅമ്മ കുളികഴിഞ്ഞു വന്നു. അവരുടെ വരവ് ആ ചെറുസംഘത്തെ പിരിച്ചുവിട്ടു. ജാനകിഅമ്മ കാപ്പി കുടിക്കാൻ നാരായണിഅമ്മയേയും കൂട്ടി ഉണ്ണുന്ന തളത്തിലേയ്ക്കു പോയി.

## അദ്ധ്യായം 10

### പശ്ചാത്താപവും പാപപരിഹാരവും

മീനാക്ഷിഅമ്മ പ്ലാവറെ മടങ്ങിഎത്തീട്ടു ദിവസം നാലഞ്ചു കഴിഞ്ഞു. രണ്ടു മണിക്കൂർസമയം കാളവണ്ടിയിൽ യാത്ര

ചെയ്ത ഇളക്കംനിമിത്തം, രാത്രിയിൽ അവക്ക ദേഹത്തിനു കലശലായ വേദന ഉണ്ടായി. പിറേറ ദിവസംതന്നെ അവിടത്തെ കുടുംബവൈദ്യനായ ചാത്തുപ്പണിക്കരെ വരുത്തി. അദ്ദേഹം രോഗിയെ നോക്കി ഒരു കഷായത്തിനു കുറിപ്പെഴുതി. നാലു നേരത്തെ കഷായസേവകൊണ്ടു് അവരുടെ ദേഹത്തിന്റെ വേദന തീരെ ശമിച്ചു. ചൊറി മാറാനും ദേഹത്തു രക്തമുണ്ടാകാനും മററുമായി വൈദ്യൻതന്നെ എണ്ണയും കുഴമ്പും ഒരു അരിഷ്ടവും തയ്യാറാക്കാമെന്നേററു. ശിശുവിന്റെ ദേഹസ്ഥിതിയാണു് അവക്ക് ആശങ്കയുണ്ടാക്കിത്തീത്തതു്. പ്ലാവറെ എത്തിയതുമുതൽ അവൾക്കു ചെറുതായൊരു പനിയും വയറിളക്കവും തുടങ്ങി. നാലഞ്ചുനാൾ കഴിഞ്ഞിട്ടും ശമനമുണ്ടായില്ലെന്നു മാത്രമല്ല, ക്ഷീണം വദ്ധിച്ചു കരയാൻപോലും ശക്തിയില്ലാതെ വാടിയ പൂപോലെ കിടക്കുന്നതു കണ്ടു്, കുട്ടിയുടെ അച്ഛനമ്മമാരും നാരായണിഅമ്മയും ഒപ്പം വ്യസനിച്ചു. "ഈ പിഞ്ചുപൂവിനു് എന്തു മരുന്നു കൊടുക്കാനാണു്? അല്പം ആവണക്കെണ്ണയോ മറേറാ ചൂടാക്കി കൊടുത്തുനോക്കിൻ" എന്നായിരുന്നു വൈദ്യന്റെ വിധി.

അഞ്ചാം ദിവസം രാത്രി മീനാക്ഷിഅമ്മ വളരെ സങ്കടത്തോടുകൂടെയാണു് ഉറങ്ങാൻ കിടന്നതു്. കുട്ടിയെ താൻ നോക്കിക്കൊള്ളാമെന്നും, മീനാക്ഷിഅമ്മ ഉറക്കമിളച്ചു ദേഹത്തെ കൂടുതൽ ക്ഷീണിപ്പിക്കരുതെന്നും നാരായണിഅമ്മ പറഞ്ഞതനുസരിച്ചു്, പ്ലാവറെ എത്തിയതുമുതൽ മീനാക്ഷിഅമ്മക്കു രാത്രിയിൽ പൂണ്ണവിശ്രമം ലഭിച്ചിരുന്നു. നാരായണിഅമ്മ കുട്ടിയെ തന്റെ അരികിൽ കിടത്തി മീനാക്ഷിഅമ്മയുടെ മുറിയിൽതന്നെ രാത്രികൾ കഴിച്ചുകൂട്ടി. ഈ രാത്രികളൊക്കെ അവക്കു മിക്കവാറും ശിവരാത്രികളായിരുന്നു. തന്നിമിത്തം അവരുടെ മുഖത്തു് ഉറക്കച്ചടവു നല്ലവണ്ണം കണ്ടുതുടങ്ങി. പ്രസ്തുത ദിവസം രാത്രി മീനാക്ഷിഅമ്മ പറഞ്ഞു:—"ഏട്ത്തി, നിങ്ങൾ ഉറങ്ങീട്ടു നാലു ദിവസമായില്ലേ? ഇന്നു ഞാൻ കുട്ടിയെ അരികിൽ കിടത്തിക്കൊള്ളാം. കാത്ത്യായനിയെ ഈ മുറിയിൽ കി

ടക്കാൻ ഏല്പിച്ചാൽ മതി. നിങ്ങൾ മറേറ മുറിയിൽ പോയി കിടന്നുറങ്ങണം. എനിക്കുവേണ്ടി ഇങ്ങിനെ കഷ്ടപ്പെട്ട് ആരോഗ്യം നശിപ്പിക്കരുത്.

നാ. അ—എൻെറ ആരോഗ്യം മൂന്നുനാലു ദിവസത്തെ ഉറക്കമിളപ്പുകൊണ്ടൊന്നും കേടുവരില്ല. മാത്രമല്ല, അല്പം ഉറങ്ങാനും സാധിക്കുന്നുണ്ട്. ഒന്നുരണ്ടു രോഗികളെ ശുശ്രൂഷിച്ചും, ഇരട്ടക്കുട്ടികളെ നോക്കിയും എത്ര രാത്രികൾ ഞാൻ ഒന്നായി ഉറക്കമിളച്ചു കഴിച്ചിരിക്കുന്നു! ഇതൊക്കെ എനിക്കു ശീലമായിത്തീന്നിട്ടുണ്ട്. തീയിൽ കുരുത്തതു വെയിലിൽ വാടുമോ?

മീ. അ—അവനവൻെറ ആളുകൾക്കുവേണ്ടി സ്വന്തസുഖം നോക്കാതെ അങ്ങിനെ കഷ്ടപ്പെട്ടു. പക്ഷേ ഞാനും എൻെറ കുട്ടിയും വേറെയല്ലേ? ഞങ്ങൾക്കുവേണ്ടി ഇങ്ങിനെ ക്ലേശിക്കുന്നതെന്തിന്? അതു ഞാൻ സമ്മതിക്കുന്നതെങ്ങിനെ?

നാ. അ—നീയും ഈ കുട്ടിയും സ്വന്തമല്ലെന്നും വേറെയാണെന്നും ഞാൻ വിചാരിച്ചിട്ടില്ല. അതു നിൻെറ തെററിദ്ധാരണയാണ്.

മീ. അ—എല്ലാകെട്ടിയാൽ മുഴച്ചുതന്നെ ഇരിക്കും. ചിറക്കൊവെച്ചു ഞാനനുഭവിച്ച ദുരിതം ഈശ്വരനുതന്നെ അറിയാം. ഗൌരിഏടത്തിയുംകൂടെ എന്നെ വിട്ടുപോയി. രുഗ്മിണിയും നേരെ തിരിഞ്ഞുനോക്കിയിരുന്നില്ല. പിന്നെ മററുള്ളവരുടെ കഥ പറയാനുണ്ടോ?

നാ. അ—മീനാക്ഷി, അവനവൻെറ മനസ്ഥിതിപോലെയാണ് മററുള്ളവരുടേതും എന്നു പലപ്പോഴും നീ തീരുമാനിക്കുന്നു. സ്വന്തം വീട്ടുകാരോടുള്ള നിൻെറ മനോഭാവം എന്തായിരുന്നു? അതാലോചിച്ചുനോക്കു.

മീ. അ—ഏടത്തിക്കുവേററയെ നേരെ അറിയില്ല. അതുകൊണ്ടാണിങ്ങിനെ തോന്നുന്നത്.

നാ. അ—ആട്ടെ; അതേപ്പററി ചിന്തിച്ച് ഇപ്പോൾ നീ ഉറക്കമിളയ്ക്കേണ്ട. എനിയ്ക്കു എന്നെ അറിയാം. നിനക്ക് എ

ന്നെ വിശ്വസിക്കാൻ കഴിയുമെങ്കിൽ ഞാൻ പറയുന്നതു പോലെ കേൾക്കു. കുട്ടിയെ ഞാനേററു. അവൾക്കായുസ്സുണ്ടെങ്കിൽ ഞാൻ പിഴപ്പിക്കും. അവൾക്കു നല്ല സുഖമായി നിന്റെ അരികത്തു സ്വസ്ഥമായി കിടന്നുറങ്ങാൻ സാധിക്കുന്നതുവരെ അവളേയും ശുശ്രൂഷിച്ചുകൊണ്ടു ഞാൻ ഇവിടെത്തന്നെ കിടക്കും.

മീ. അ—എനിക്കു് ഏടത്തിയെ വിശ്വസിക്കാൻ കഴിയാഞ്ഞിട്ടല്ല. രാജനും ഗോപിയും, ഞാനിവിടെ ഇല്ലാത്തപ്പോഴും കൂടെ ഏടത്തിയോടുകൂടെയായിരുന്നില്ലേ? ഇന്നു നാലുദിവസമായിട്ടു് എത്ര മനസ്സമാധാനത്തോടുകൂടെയാണു ഞാൻ ഉറങ്ങുന്നതു്! നിങ്ങളെ വിശ്വസിക്കുന്നതുകൊണ്ടല്ലേ എനിക്കു സമാധാനവും വിശ്രമവും ലഭിക്കുന്നതു്? പക്ഷേ നിങ്ങളെ ക്രമത്തിലധികം ബുദ്ധിമുട്ടിക്കാൻ എനിക്കു തോന്നുന്നില്ല.

നാ. അ—എനിക്കു താങ്ങാൻ കഴിയാത്ത ബുദ്ധിമുട്ടൊന്നും ഇപ്പോൾ ഇല്ല. നീ കിടന്നുറങ്ങു; കുട്ടിയെ ഞാൻ ഏററു. വേണ്ടിവന്നാൽ നിന്നെ വിളിക്കാം.

മീനാക്ഷിഅമ്മ ഉറങ്ങാൻ കിടന്നു; എന്നാൽ പതിവുപോലെ അവൾക്കുറങ്ങാൻ കഴിഞ്ഞില്ല. പല വിചാരങ്ങൾ അവരുടെ മനസ്സിൽ കടന്നുകൂടി. "അവനവന്റെ മനസ്ഥിതി പോലെയാണു മററുള്ളവരുടേതും എന്നു പലപ്പോഴും നീ വിചാരിക്കാറുണ്ടു്" എന്നു നാരായണിഅമ്മ പറഞ്ഞ വാക്കുകൾ അവരുടെ ചെവിയിൽ പ്രതിദ്ധ്വനിച്ചുകൊണ്ടിരുന്നു. ഇതിൽ എത്രമാത്രം സത്യമുണ്ടു്! മററുള്ളവരോടു കോപിക്കാനും മുള്ളുവാക്കുകൾ പറവാനും ഇടയാക്കിയ സ്വന്തം മനസ്ഥിതിയെ മീനാക്ഷിഅമ്മ അപഗ്രഥനംചെയ്യാൻ തുടങ്ങി. തനിക്കു് ആരോടെങ്കിലും യഥാൎത്ഥമായ സ്നേഹമോ അനുഭാവമോ വിശ്വാസമോ ഉണ്ടായിരുന്നുവോ? ഈ സദ്വികാരങ്ങളുടെ അഭാവമല്ലേ തനിക്കു അന്യരിൽ അവിശ്വാസവും അസൂയയും ജനിപ്പിച്ചതു്? നാരായണിഅമ്മയോടു താൻ എത്രയെത്ര സന്ദൎഭ

ങ്ങളിൽ വെറുപ്പോടും അസൂയയോടും പെരുമാറീട്ടുണ്ട്! അവർ എത്രയോ കഠിനമായ ദുഃഖങ്ങൾ സഹിച്ചു ജീവിച്ചിരുന്നകാലത്തു താൻ അവരോട് അല്പമെങ്കിലും കരുണ കാണിച്ചിട്ടുണ്ടോ? നേരെമറിച്ച് അവർ എത്ര ദയയോടും സ്നേഹത്തോടും കൂടെ തന്റെ കുട്ടികളോടു പെരുമാറുന്നു! അവർ തന്റെ കോപവാക്കുകൾക്കും അപവാദങ്ങൾക്കും എപ്പോഴെങ്കിലും മറുപടി പറകയൊ പ്രതികാരംചെയ്കയൊ ഉണ്ടായിട്ടുണ്ടോ? ഈ ആപൽഘട്ടത്തിൽ തന്നോട് എത്ര സ്നേഹവും അനുകമ്പയും കാണിക്കുന്നു! ഇതു താൻ അർഹിക്കുന്നുണ്ടോ? താൻ ഇക്കുറി തറവാട്ടുവീട്ടിൽ പോയതുമുതൽ ഏതുവിധത്തിലാണ് അവിടെയുള്ളവരോടു പെരുമാറിയത്? അസൂയകൊണ്ടു 'മഞ്ഞളിച്ച' കണ്ണുകളോടുകൂടിയല്ലേ താൻ അവരെ നോക്കിയത്? "ഗർഭിണികൾ ഇങ്ങിനെ ശുണ്ഠിപിടിച്ചും കരഞ്ഞും തുടങ്ങിയാൽ ഗർഭത്തിൽ കിടക്കുന്ന ശിശുവിനുകൂടെ തരക്കേടാണ്. പ്രസവിച്ചുകിടക്കുമ്പോൾ സമാധാനത്തോടും സന്തോഷത്തോടുംകൂടെ ദിവസം കഴിക്കാതെ, സകലതിനും കുററം പറഞ്ഞും, തൃപ്തിപ്പെടാതെയും കഴിച്ചാൽ അതു നിന്റെ ആരോഗ്യത്തെത്തന്നെ ബാധിക്കും." എന്നിങ്ങിനെ ഏടത്തിഅമ്മമാരും അമ്മായിയും പറഞ്ഞതു് ഇപ്പോൾ സത്യമായി പരിണമിച്ചു. ഇങ്ങിനെയുള്ള വിചാരശതങ്ങളാൽ ഉറങ്ങുവാൻ കഴിയാതെ കിടക്കവെ തന്റെ കഴിഞ്ഞ അഞ്ചാറുകൊല്ലത്തെ ജീവിതത്തിലെ ചില സംഭവങ്ങളും അവരുടെ മനോദൃഷ്ടിക്കു ഗോചരങ്ങളായിഭവിച്ചു. ഹ! ആ ചിത്രങ്ങൾ എത്ര വിരസങ്ങൾ! എത്ര ഭയാനകങ്ങൾ! തന്റെ കഠിനവിചാരങ്ങളും കർമ്മങ്ങളും പൈശാചരൂപം കൈക്കൊണ്ടു തന്റെ മുമ്പിൽനിന്നു പല്ലിളിച്ചു കാണിക്കുന്നതുപോലെ മീനാക്ഷിഅമ്മയ്ക്കു തോന്നി. അവർ ഭയംകൊണ്ടും പശ്ചാത്താപംകൊണ്ടും വിറച്ചു വിവശയായി. "ഈശ്വരാ പാപപരിഹാരം ചെയ്വാൻ എനിക്കിടതരണേ! ഞാൻ ദ്രോഹിച്ച ആളുകളെ സ്നേഹിപ്പാൻ എന്നെ പഠിപ്പിക്കണേ!" എന്നു പ്രാർത്ഥിച്ചുകൊണ്ടു് കിടന്നു അല്പം മയങ്ങി.

ഈ സമയത്തു നാരായണിഅമ്മ എന്തു ചെയ്കയായിരുന്നു എന്നു നോക്കുക. ആ കിടപ്പുമുറിയുടെ കരററത്തു്, നിലത്തു വിരിച്ചിരുന്ന ഒരു പുല്ലുപായിൽ കാൽ നീട്ടി ഇരുന്നു് അവർ കുട്ടിയെ കോസടിയോടുകൂടെ തൻെറ കാലിൽ താങ്ങിവെച്ചു് ആട്ടി ഉറക്കി. മീനാക്ഷിഅമ്മയുടെ വിചാരവികാരങ്ങളാൽ പരിതപ്തമായ അന്തരീക്ഷം നാരായണിഅമ്മയുടെ മനസ്സിലും ചില അസ്വസ്ഥചിന്തകളെ ഇളക്കി. അവ മീനാക്ഷിഅമ്മയെ കേന്ദ്രീകരിച്ചവയായിരുന്നു. "ഞങ്ങൾ മംഗലത്തുനിന്നു തിരിച്ചുവന്നു് ഇവിടെ താമസമാക്കിയതു മീനാക്ഷിക്കു തീരെ ഹിതമായിരുന്നില്ല. അവളുടെ സ്വാതന്ത്ര്യവും അധികാരവും പൊയ്പ്പോകുമോ എന്ന ഭയമായിരുന്നല്ലോ ഈ അഹിതത്തിന്നു കാരണം. എന്നാൽ ഞാൻ അവളുടെ ഭരണാധികാരത്തിൻെറ പരിധിയിൽ കൈചെലുത്തുക ഉണ്ടായിട്ടില്ല. എന്നിട്ടും അവൾ എന്നോടു ദ്വേഷം ഭാവിക്കയും നേരിട്ടും സൂചനകൾകൊണ്ടും അപരാധാരോപണങ്ങൾ ചെയ്കയും ഉണ്ടായി. ഞങ്ങളുടെ സാന്നിധ്യം അവളുടെ സ്വാതന്ത്ര്യത്തിന്നു് അല്പം വിഘ്നം വരുത്തീട്ടുണ്ടാവാം. അതു് അനിവാര്യമായിരുന്നു. അവളുടെ പിറുപിറുപ്പും മുള്ളുവാക്കുകളും ഞാൻ മൌനഭാവത്തിൽ കേട്ടു സഹിച്ചു. പ്രതികാരംചെയ്വാൻ ചിന്തിക്കപോലുമുണ്ടായില്ല. പക്ഷേ ഈ 'മൌനസഹനം' അവളിൽ സൽഫലമുണ്ടാക്കിയില്ല. എൻെറ ഈ പ്രവൃത്തി അവളുടെ ദുസ്സ്വഭാവത്തിന്നു വളമിട്ടുകൊടുത്തു എന്നല്ലെ അപ്പുക്കുട്ടേട്ടൻ പറഞ്ഞതു്, അതു ശരിയാണു്. അവൾ എന്നേക്കാൾ എത്രയോ ചെറുപ്പം. പരിപക്വത വന്നിട്ടില്ലാത്ത സ്വഭാവം! ഞാനവളെ എൻെറ സ്വന്തം സഹോദരിയെപ്പോലെ കരുതി, വീഴ്ചകളെ ചൂണ്ടിക്കാണിക്കയും, തെററിദ്ധാരണകളെ നീക്കുകയും, ചെയ്തിരുന്നെങ്കിൽ അവളെ നേർവഴിക്കു തിരിക്കുവാൻ സാധിക്കുമായിരുന്നേനെ. അതിന്നു ശ്രമിക്കാതെ ഞാൻ അകന്നിരുന്നതു് എൻെറ തെററുതന്നെ. ഒരേ വീട്ടിൽ പാർത്തു്, ഒരേ അടുക്കളയിൽ വെച്ചുണ്ടു്, ഒരേ പരിസരത്തിൽ ജീവിതം ന

യിച്ചു; എന്നിരുന്നാലും പെരുമാററവും സ്വഭാവവും നോക്കുന്ന പക്ഷം ഞങ്ങൾ രണ്ടാളും രണ്ടു വ്യത്യസ്തധ്രുവങ്ങളിലാണു ജീവിച്ചതെന്നു പറയാം. എൻെറ മൌനസഹനം ഞങ്ങൾതമ്മിലുള്ള അകൽച്ചയെ അധികമാക്കുകയാണു ചെയ്തതു്. അകൽച്ചയെ മാററാൻ ശ്രമിക്കേണ്ടതു് എൻെറ കടമയായിരുന്നു. അതു ഞാൻ നിർവ്വഹിക്കാത്തതു് എൻെറ പേരിൽ വലിയ അപരാധംതന്നെ. ഈ അപരാധത്തിന്നു ഞാൻ പരിഹാരംചെയ്തുതന്നെവേണം. മീനാക്ഷിയ്ക്കെന്നെ വിശ്വാസമുണ്ടെന്നാണല്ലോ പറഞ്ഞതു്. ഈ വിശ്വാസത്തെ അടിസ്ഥാനമാക്കി ഞാൻ മേലാൽ പ്രവർത്തിക്കണം. അവളുടെ ദുശ്ശീലങ്ങളെ അകററി സൽഗുണങ്ങളെ ഉണർത്തണം. ഞാൻ ഈ വീട്ടിൽനിന്നു പാർപ്പു മാററുന്നതിനു മുൻപു മീനാക്ഷിയെ എൻെറ മിത്രമാക്കിത്തീർക്കണം. അവളുടെ സ്നേഹം എനിക്കു സമ്പാദിക്കതന്നെവേണം. ജഗദീശാ, എൻെറ ഗോപാലകൃഷ്ണാ, ഈ ഉദ്യമം സഫലമാകാൻ എന്നെ സഹായിച്ചനുഗ്രഹിക്കണേ!” ഇങ്ങിനെ വിചാരിച്ചുകൊണ്ടു് അവർ തൻെറ ആരാധനാമൂർത്തിയായ ശ്രീകൃഷ്ണനെ ധ്യാനിച്ചും, അദ്ദേഹത്തോടു് ഉള്ളഴിഞ്ഞു പ്രാർത്ഥിച്ചും ഏറെനേരം കണ്ണുമടച്ചു് അനങ്ങാതിരുന്നു.

ഈ സമയത്തു മീനാക്ഷിഅമ്മ മയക്കത്തിൽനിന്നുഞെട്ടി ഉണർന്നു. മുറിയിൽ യാതൊരനക്കവും ശബ്ദവും ഉണ്ടായിരുന്നില്ല. അവർ ആശങ്കയോടുകൂടെ കിടക്കയിൽ പിടഞ്ഞെഴുന്നേററിരുന്നപ്പോൾ, നാരായണിഅമ്മ കണ്ണുമടച്ചു ബദ്ധാഞ്ജലിയായിരിക്കുന്നതും അവരുടെ കണ്ണുകളിൽനിന്നു് അശ്രുകണങ്ങൾ നേരിയ അരുവികളായി കവിൾതടംവഴി ഒഴുകുന്നതും, ശിശു ചലനരഹിതയായി അവരുടെ മടിയിൽ കിടക്കുന്നതും കണ്ടു് മീനാക്ഷിഅമ്മ പരിഭ്രമംകൊണ്ടു തളർന്നുപോയി. എഴുന്നേല്ക്കാനോ നാവനക്കി വല്ലതും പറവാനോ അവൾക്കു കഴിഞ്ഞില്ല. ഏതാനും നിമിഷം കഴിഞ്ഞപ്പോൾ നാരായണിഅമ്മ നീണ്ട ഒരു നെടുവീർപ്പോടുകൂടെ കണ്ണുകൾ തുറന്നു്, തൻെറ മേൽമുണ്ടുകൊണ്ടു കണ്ണുനീർ തുടച്ചു്, മടിയിൽ കിടന്ന ശിശു

ഷിൻെറ കൈകൾ മന്ദമായി സ്പൃശിച്ചു. യദൃച്ഛയാ കട്ടിലിന്നു നേരെ നോക്കിയപ്പോൾ മീനാക്ഷിഅമ്മ കുട്ടിയെ തുറിച്ചുനോക്കിക്കൊണ്ടു് ഒരു വല്ലാത്ത നിലയിൽ ഇരിക്കുന്നതു കണ്ടു. "എന്താ മീനാക്ഷി, നീ എണീററിരിക്കുന്നതു്? നിനക്കു വെള്ളം കുടിക്കണോ?" എന്നു് ശാന്തസ്വരത്തിൽ ചോദിച്ചു. നാരായണിഅമ്മയുടെ ശാന്തസ്വരവും സ്നേഹപൂർവ്വമായ നോട്ടവും മീനാക്ഷിഅമ്മയുടെ പരിഭ്രമത്തിനു തെല്ലൊരു സമാധാനമുണ്ടാക്കി. "കുട്ടി... കുട്ടി... എന്തു... ചെയ്യുന്നു? അന... ക്ക... മില്ലല്ലോ?" എന്നു അവർ ഗൽഗദത്തോടെ ചോദിച്ചു.

നാ. അ — അവൾ സുഖമായുറങ്ങുന്നു. അനങ്ങിയാൽ ഉണന്നുപോകുമെന്നു ഭയപ്പെട്ടു് ഞാൻ ഇരുന്ന ഇരിപ്പിൽതന്നെ ഇരിക്കയാണു്.

മീ. അ — ആവൂ, നാരായണാ, ഞാൻ വല്ലാതെ പരിഭ്രമിച്ചുപോയി.

നാ. അ — എന്തിനാണു പരിഭ്രമം?

മീ. അ — എൻെറ ഏടത്തീ, ഞാൻ അല്പമൊന്നു മയങ്ങിയതേ ഉള്ളൂ. ഇന്നുറങ്ങിട്ടുതന്നെയില്ല. കുട്ടി വളരെനേരം അനക്കംകൂടാതെ കിടക്കുന്നതും, നിങ്ങൾ കണ്ണുനീർവാൎക്കുന്നതും കണ്ടപ്പോൾ, ഹാ, ഈശ്വരൻ എന്നെ ശിക്ഷിച്ചു, എൻെറ ഓമനശിശുവിനെ തട്ടിക്കൊണ്ടുപോയി എന്നു ഞാൻ വിചാരിച്ചു; ഭയംകൊണ്ടും സങ്കടംകൊണ്ടും എൻെറ നാവു വരണ്ടു; സർവ്വാംഗം തളച്ചു തോന്നി. നിങ്ങളെ ഒന്നു വിളിക്കാൻപോലും കഴിഞ്ഞില്ല.

നാ. അ — കുട്ടിക്കു് ഇന്നു സന്ധ്യ മുതൽ പനി കുറഞ്ഞിട്ടുണ്ടു്. വയററിൽ വേദനയും ശമിച്ചിട്ടുണ്ടാവണം. അതാണു് അവൾ സ്വൈരമായുറങ്ങുന്നതു്. പാവം! എത്ര ദിവസമായി അവൾ നല്ലവണ്ണം ഉറങ്ങീട്ടു്!

മീ. അ — ഇത്രനേരം ഒന്നിച്ചുറങ്ങിയാൽ അവളുടെ തൊണ്ട വരണ്ടുപോവില്ലേ?

നാ. അ—സുഖമായുറങ്ങുന്നതു കണ്ടിട്ട് എനിക്കവളെ ഉണ ത്താൻ തോന്നിയില്ല. നിനക്ക് എണീററ് അവൾക്കു ത യ്യാറാക്കി വെച്ചിരിക്കുന്ന പാൽ ഇങ്ങട്ടെടുത്തുതരാൻ സാ ധിക്കുമോ?

മീനാക്ഷിഅമ്മ എണീററ് ആദ്യം കുറെ ചുക്കുവെള്ളമെ ടുത്തു കുടിച്ചു; പിന്നെ കുട്ടിക്കുള്ള പാലും ചൂടുവെള്ളവുമെടു ത്തുകൊണ്ടു നാരായണിഅമ്മയുടെ അരികിൽ ചെന്നിരുന്നു. നാരായണിഅമ്മ പാലും ചൂടുവെള്ളവും പാകത്തിനു കലത്തി അല്പാല്പം തൊട്ടുകൊടുത്തു കുട്ടിയുടെ വായ് നനച്ചു. അപ്പോൾ അവൾ ഉണർന്നു കൈകാൽ കുടഞ്ഞു കരയുവാൻ തുടങ്ങി. നാ രായണിഅമ്മ പാൽ ഓരോ തുള്ളിയായി അവളുടെ വായിൽ ഇററിച്ചുകൊടുത്തു; ഏതാനും തുള്ളികൾകൊണ്ട് അവൾ തൃ പ്തിപ്പെട്ടു വീണ്ടും ഉറങ്ങി.

മീ. അ—ആവു! ഇപ്പോഴെ എനിക്കു സമാധാനമായുള്ളു. എ ൻെറ ഓമന പൊയ്പോയി എന്നുതന്നെ ഞാൻ വിചാരിച്ചു. അത്തരം ഒരു ശിക്ഷ കിട്ടേണ്ട പാപം ഞാൻ ചെയ്തിട്ടുണ്ട് ഏടത്തീ! ഞാൻ എൻെറ വാക്കുകൾകൊണ്ടും പ്രവൃത്തി കൊണ്ടും നിങ്ങളെ എത്ര ദ്രോഹിച്ചിട്ടുണ്ട്; എന്നിട്ടും നി ങ്ങൾക്കെന്നോടു പകയോ വിരോധമോ ഇല്ലല്ലൊ. എന്നെ എത്ര കരുണയോടെ ശുശ്രൂഷിക്കുന്നു! ഇതു കാണുമ്പോഴാ ണ് എൻെറ പാപത്തിൻെറ കഠിനശിക്ഷ എനിക്കു വരാൻ പോകുന്നതേ ഉള്ളു എന്നു തോന്നുന്നത്.

നാ. അ—മീനാക്ഷി, എന്നെ അറിഞ്ഞോ അറിയാതെയൊ ആരെങ്കിലും ദുഃഖിപ്പിച്ചാലും ഞാനവരെ വെറുക്കുകയൊ അവരോടു പകരം വീട്ടുവാൻ ശ്രമിക്കുകയൊ ചെയ്യില്ല. എൻെറ ദുഃഖങ്ങൾ എൻെറ കമ്മഫലങ്ങൾ; അവ ഞാൻ അനുഭവിക്കാതെ കഴികയില്ല.

മീ. അ—ഈശ്വരാ, എനിക്കെന്താണിങ്ങിനെ ഒരു മനസ്ഥി തി ലഭിക്കാത്തതു്. എന്നോട് ആരെങ്കിലും ദ്വേഷമോ വി രോധമോ കാണിച്ചാൽ എനിക്കങ്ങോട്ടും അതേ വിചാരം

തന്നെ തോന്നിപ്പോകുന്നു. അവരോട്ട പക വിട്ടുവാൻ വഴി എന്താണെന്നാണു പിന്നീട്ട് ഞാൻ ആലോചിക്കുന്നത്.

നാ. അ—മററുള്ളവരുടെ മനസ്ഥിതി എന്താണെന്നു ശരിയായി മനസ്സിലാക്കാൻ ശ്രമിക്കാതെ, അവർ നിൻെറ സുഖത്തിനൊ സൌകൎയ്യത്തിനൊ വിഘ്നമുണ്ടാക്കിയേക്കുമോ എന്നു നീ സംശയിച്ചു തുടങ്ങുന്നു. ഈ സംശയമാണ് നിന്നെ വഴി തെററിക്കുന്നത്. മീനാക്ഷി, ഞാൻ കാൎയ്യം തുറന്നുപറയുന്നതിൽ പരിഭവിക്കരുതേ: നീ നിൻെറ സ്വാൎത്ഥത്തെ അല്പമൊന്നമൎത്താനും മററുള്ളവരേപ്പററിയുള്ള ദ്രോഹവിചാരം കളയാനും ശ്രമിക്കണം.

മീ. അ—ഏടത്തി, എനിക്ക് ഈ പെൺകുട്ടി ജനിച്ചതു മുതൽ എൻെറ ഏടത്തിഅമ്മമാൎക്ക് അസൂയയുള്ളതായി എനിക്കു തോന്നി. തറവാട്ടിലേക്ക് ഒരു സന്തതിയായല്ലൊ, അവളെ അവർ നശിപ്പിക്കാൻശ്രമിക്കുമോ എന്നൊരു ഭയം എന്നിൽ കടന്നുകൂടി. അതുമുതൽ എനിക്കു മനസ്സമാധാനമില്ലാതായി.

ന. അ—അവൎക്ക് ഈ പെൺകുട്ടിയെ നശിപ്പിച്ചിട്ടെന്തു കിട്ടാനാണ്? ഈ ദുൎവ്വിചാരം തന്നെയാണ് നിൻെറ ആരോഗ്യത്തെ തടഞ്ഞതു്. അവരുടെ നേൎക്കുള്ള നിൻെറ പെരുമാററം നിമിത്തം ആ ഗൃഹത്തിലും സന്തോഷമില്ലാതായി.

മീ. അ—എൻെറ തെററിദ്ധാരണതന്നെയായിരിക്കാം എന്നിൽ ഒരു നീചമനസ്ഥിതി ഉണ്ടാക്കിത്തീൎത്തതു്. അതിൻെറ ശിക്ഷ ദൈവം എനിക്കു തന്നു.

നാ. അ—ദൈവശിക്ഷ എന്നു പറയരുതു്; നിൻെറ കൎമ്മഫലം. അവനവൻെറ കൎമ്മഫലം അവനവൻ അനുഭവിച്ചേ കഴിയൂ.

മീ. അ—ദൈവമേ, എൻെറ സങ്കടങ്ങൾക്ക് എന്നാണ് ഒരന്തം! എനിക്കു മാപ്പുതരണേ!

നാ. അ—നീ അത്ര വളരെ ദുഃഖിക്കുന്നതിനൊ നൈരാശ്യപ്പെടുന്നതിനൊ തക്ക അനുഭവം നിനക്കെന്താണുണ്ടാ

യിരിക്കുന്നത്? അല്പമായ ദേഹാസ്വാസ്ഥ്യമോ, ഈ ശിശുവിന്റെ സുഖക്കേടൊ കഠിനദുഃഖത്തിന് ഹേതുവാകുന്നതെങ്ങിനെ? ഇതൊക്കെ സാധാരണ ഉണ്ടാകാറുള്ള ചില്ലറ ക്ലേശങ്ങൾ. അതുകൊണ്ടു മനസ്സു മങ്ങുവാൻ ഇടയാക്കരുത്. നീ നിന്റെ ചുററും നോക്കുക. എത്രയോ ആളുകൾ മാറാരോഗവും തീരാദുഃഖവും അനുഭവിച്ചു കഴങ്ങുന്നത് നീ കാണുന്നില്ലേ? എത്രയോ ആളുകൾ വയററിന്നു കഞ്ഞികിട്ടാതേയും, നഗ്നത മറക്കാൻ തുണിയില്ലാതേയും, കേറിക്കിടക്കാൻ ഇടമില്ലാതേയും അലഞ്ഞുതിരിയുന്നു! ഇവയോടു താരതമ്യപ്പെടുത്തുമ്പോൾ നാമൊക്കെ അനുഭവിക്കുന്നത് എത്ര തുച്ഛമായ ക്ലേശങ്ങൾ.

മീ. അ—എത്രയോ ആളുകൾ ആയുസ്സു മുഴവൻ യാതൊരു ബുദ്ധിമുട്ടും സുഖക്കേടും കൂടാതെ സുഖിക്കുന്നതും നാം കാണുന്നില്ലേ? അപ്പോൾ ഈശ്വരന്നു പക്ഷപാതമുണ്ടോ?

നാ. അ—നീ വീണ്ടും ഈശ്വരനെ, പരമകാരുണികനായ ആ ദിവ്യമൂർത്തിയെ കുററം പറയാതിരിക്കു. അദ്ദേഹം പക്ഷപാതരഹിതനാണ്. നമ്മുടെ ക്ലേശങ്ങളെ താങ്ങുവാൻ അദ്ദേഹം നമ്മേ ശക്തരാക്കുകയാണു ചെയ്യുന്നത്. ചിലർ സന്തോഷത്തോടെ ജീവിതം കഴിക്കുന്നു എങ്കിൽ അതവരുടെ സൽക്കർമ്മഫലം. പക്ഷേ യാതൊരു ദുഃഖവും കഷ്ടതയുംകൂടാതെ ജീവിക്കുന്നവർ ഈ ലോകത്തിൽ ആരെങ്കിലുമുണ്ടോ എന്നു് എനിക്കു സംശയമാണ്. ചിലർ തങ്ങളുടെ ക്ലേശങ്ങളെ ധൈര്യത്തോടെ സഹിച്ച്, അവയെ പുറത്തു പ്രദർശിപ്പിക്കാതെ ഇരിക്കുന്നു; ചിലർ അല്പം വല്ലതുമുണ്ടായാൽപോലും അസംതൃപ്തരായി തങ്ങളുടെ കഷ്ടതകളെക്കുറിച്ചു പ്രലപിക്കയും ഈശ്വരനെ കുററം പറകയും ചെയ്യുന്നു. തങ്ങൾ എന്തപരാധം ചെയ്തിട്ടുണ്ടെന്നോ, ആ അപരാധഫലം അനുഭവിക്കേണ്ടതാണെന്നോ അവർ ചിന്തിക്കുന്നതേ ഇല്ല. ഇതിന്റെ ഫലമായി അതൃപ്തിയും സമാധാനഭംഗവും ഉണ്ടാകുന്നു.

മീ. അ—ഏടത്തി പറയുന്നതു ശരിയായിരിക്കണം. എത്ര കഠിനദുഃഖങ്ങൾ വന്നിട്ടും ഏടത്തി ധൈര്യമായിരിക്കുന്നില്ലേ? അതുകൊണ്ടു ദീനം പിടിച്ചു കിടപ്പായിപ്പോകാതിരിക്കാനും ഏടത്തിയുടെ കൃത്യങ്ങൾ നടത്താനും സാധിക്കുന്നുണ്ടല്ലോ. ഇതുതന്നെയാണ് എനിക്കൊരു പാഠം. മേലാൽ എൻെറ തെററുകളെ എനിക്കു ചൂണ്ടിക്കാണിച്ചു തന്ന് എൻെറ മനസ്ഥിതി നന്നാക്കാൻ എന്നെ സഹായിക്കണേ!

നാ. അ—നീ ആരെപ്പററിയും ദോഷചിന്ത വെച്ചുകൊണ്ടിരിക്കരുത്. ലോകത്തിൽ പൂർണ്ണഗുണവാന്മാർ ആരുമില്ല. എല്ലാവക്കും ചില ദോഷങ്ങളും അപാകതകളും ഉണ്ടായിരിക്കും. അപ്പോൾ നാം അന്യോന്യം പഴിക്കുന്നതു തെററല്ലേ?

മീ. അ—നമ്മുടെ ദോഷങ്ങൾ നാം മറച്ചുവെച്ച്, അന്യരുടെ ദോഷങ്ങളെ അപലപിക്കുന്നതു തെററുതന്നെയാണ്. ഞാൻ മേലാൽ അങ്ങിനെ ചെയ്യില്ല.

നാ. അ—നമുക്ക് എല്ലാവരേയും ഒരുപോലെ സ്നേഹിക്കാനോ സേവിക്കാനോ കഴിയില്ല; പക്ഷേ ആരേയും ദ്രോഹിക്കാതിരിക്കാൻ കഴിയും. അന്യരെപ്പററി ദോഷചിന്ത കൂടാതിരിക്കാനും സാധിക്കും. പരദ്രോഹചിന്ത നമ്മുടെ മനസ്സിൽ കടന്നുകൂടിയാൽ, കാൎക്കനികൾക്കുള്ളിലോ, പൂമൊട്ടുകൾക്കുള്ളിലോ കൃമികൾ കടന്നാൽ ഉണ്ടാകുന്ന അനുഭവമാണുണ്ടാവുന്നത്. അതു നമ്മെത്തന്നെ ബാധിച്ചു നശിപ്പിക്കും. നമ്മുടെ മനസ്സിലെ സദ്വിചാരം നമ്മുടെ പരിസരത്തേയും കൂടെ ശുദ്ധമാക്കുന്നതാണ്.

മീ. അ—ഇന്നുമുതൽ ഏടത്തി എൻെറ ഗുരുവാണ്; നിങ്ങളുടെ ചൊൽപടിക്കു ഞാൻ നടന്നുകൊള്ളാം.

നാ. അ—നിൻെറ ഗുരുസ്ഥാനം വഹിക്കത്തക്ക യോഗ്യത എനിക്കില്ല. നിന്നെയും നിൻെറ കുട്ടികളേയും ആത്മാൎത്ഥമായി സ്നേഹിക്കാൻ എനിക്കു കഴിയും. നാം അന്യോന്യം സ്നേ

ഹത്തോടും സൌഹാദ്ദത്തോടുംകൂടെ ഇവിടെ കഴിച്ചുകൂട്ടി യാൽ ഈ വീട്ടിൽ സമാധാനവും ആനന്ദവുമുണ്ടാകും! അത്തരം പരിസരങ്ങളിൽ വളന്നാൽ കുട്ടികൾക്ക് എത്ര സന്തോഷവും ഉന്മേഷവും ലഭിക്കും!

മീ. അ—ഏടത്തി, എന്നെ അനുഗ്രഹിക്കു. നമ്മുടെ കുട്ടികൾ സന്തോഷത്തോടുകൂടെ വളരാൻ ഇടവരട്ടെ.

നാ. അ—ഈശ്വരൻ നിന്നെ അനുഗ്രഹിക്കട്ടെ! നിൻെറ ആഗ്രഹം സാധിപ്പിച്ചുതരട്ടെ!

## അദ്ധ്യായം 11

### നാരായണിഅമ്മയുടെ പുതിയ ജീവിതം

അഞ്ചാറു കൊല്ലമായി പ്ലാവറവീട്ടിലെ അന്തരീക്ഷത്തെ തമോമയമാക്കിയിരുന്ന കാമ്മേഘങ്ങൾ ക്രമേണ അകലുവാൻ തുടങ്ങി. അകന്നുതുടങ്ങിയ മേഘങ്ങളുടെ ഇടയിൽകൂടെ പ്രകാശിച്ചുകണ്ട പ്രകാശരശ്മികൾ ആ വീട്ടിലെ ഇടുങ്ങിയ മൂലകളിലും ഇരുണ്ട അറകളിലും യഥേഷ്ടം പ്രവേശിച്ച് അതിലെ നിവാസികൾക്ക് ഉൽബുദ്ധതയും ഉത്സാഹവും നൽകി. അദ്ധരാത്രിയിലെ ഏകാന്തനിശ്ശബ്ദതയിൽ, പശ്ചാത്താപപൂണ്ണമായ രണ്ടു ഹൃദയങ്ങളിൽനിന്നു പുറപ്പെട്ട ആത്മാത്ഥമായ പ്രാത്ഥനകളും, നിസ്സ്വാത്ഥമായ പ്രതിജ്ഞകളും ഫലപ്രദമായിത്തീന്നു. ഒരേ ലോകത്തിലെങ്കിലും രണ്ടു ഭിന്നധ്രുവങ്ങളിലായി പാത്തു്, അന്യോന്യമുള്ള അകൽച്ചയെ നിലനിത്തിപ്പോന്ന രണ്ടു വ്യക്തികൾ, ആ അദ്ധരാത്രി കഴിയുന്നതിനുമൻപായി തന്നെ അന്യോന്യം സമീപിക്കുവാൻ തുടങ്ങുകയും, ക്രമേണ സാമീപ്യസാഹചയ്യങ്ങളാൽ മിത്രങ്ങളായിത്തീരുകയും ചെയ്തു. നാരായണിഅമ്മയുടെ ഹൃദയം നിസ്സ്വാത്ഥപ്രേമസാഗരമായിരുന്നിട്ടുംകൂടെ മീനാക്ഷിഅമ്മയുടെ നേക്ക് അതിൻെറ ജീവത്തായ പ്രവാഹം ഇത്രനാളും എത്തിയിരുന്നില്ല. ഇപ്പോഴാക

ട്ടെ അതിലെ ശീതളോൎമ്മികൾ മീനാക്ഷിഅമ്മയെ സ്പൎശിച്ചു. ആ സ്പൎശനസുഖത്താൽ ആകൃഷ്ടയായി, തൻെറ ദുരഗ്രഹങ്ങളേയും തെററിദ്ധാരണകളേയും ആട്ടിയോടിച്ച്, മീനാക്ഷിഅമ്മ നാരായണിഅമ്മയുടെ പാദത്തിങ്കൽ തൻെറ ഹൃദയത്തെ സമൎപ്പിച്ച് ആയമ്മയുടെ വിനീതഭക്തയും വിശ്വസ്തമിത്രവും ആയിത്തീൎന്നു. താൻ ചെയ്യേണ്ടിയിരുന്ന കൃത്യം ചെയ്യാതെ തൻകാൎയ്യം നോക്കിയിരുന്നു എന്ന പശ്ചാത്താപം നാരായണി അമ്മയ്ക്ക് എപ്പോൾ നിമിഷം തോന്നിയോ, ആ നിമിഷംമുതൽ അവർ തൻെറ അപരാധപരിഹാരം ചെയ്വാൻ സൎവ്വപ്രകാരേണ യത്നിച്ചു; ഫലം അവർ ആശിച്ചതിലും ശീഘ്രം ലഭിക്കയും ചെയ്തു.

എത്ര വ്യത്യസ്തമായ ഒരു കാഴ്ചയാണ് നാമിപ്പോൾ ആ വീട്ടിൽ കാണുന്നതു്! അവിടത്തെ അശാന്തവും അപസ്വരസമ്മിശ്രവുമായിരുന്ന അന്തരീക്ഷം കുട്ടികളുടെ ബാല്യചേഷ്ടകൾക്കുംകൂടെ ഒരു ഇടുങ്ങിയ പരിധി ഉണ്ടാക്കിയിരുന്നു. അവർ മീനാക്ഷിഅമ്മയുടെ സമീപത്തു സ്വാതന്ത്ര്യത്തോടെ പോവുകയോ, അവരോടു സ്വച്ഛന്ദമായി സംസാരിക്കുകയോപോലും ചെയ്തിരുന്നില്ല. ഇപ്പോഴാകട്ടെ മീനാക്ഷിഅമ്മ തൻെറ ചെറു പൈതലിനെ മടിയിലിരുത്തി സ്നേഹപൂൎവ്വം ലാളിക്കുമ്പോൾ, മററു കുട്ടികളും ചുററുംകൂടി കൈകൊട്ടിയും തുള്ളിച്ചാടിയും അവളെ ചിരിപ്പിക്കാൻ ശ്രമിക്കയും, അവളെപ്പററി ശ്വാസം വിടാതെ ഒരു നൂറു ചോദ്യം ആയമ്മയോടു ചോദിച്ച് അവരെ അലട്ടുകയും ചെയ്തിരുന്നു. അവർ നാരായണിഅമ്മയോട് എത്ര സ്വാതന്ത്ര്യം കാണിച്ചിരുന്നുവോ, അത്രയും സ്വാതന്ത്ര്യം മീനാക്ഷിഅമ്മയോടും കാണിച്ചുതുടങ്ങി. ചില സമയം കുട്ടിയെ തൊട്ടിയിൽ കിടത്തി ഉറക്കുവാൻ തുടങ്ങുമ്പോൾ, നാലാളും ചുററിക്കൂടി "തൊട്ടി ഞാനാട്ടും", "ഞാൻ പാട്ടുപാടി ഉറക്കാം", "ഞാനല്ലേ എല്ലാവരിലും വലുതു്, ഞാനാട്ടി ഉറക്കട്ടെ ആദ്യം", "പെൺകുട്ടികളല്ലേ ചെറിയ കുട്ടികളെ ആട്ടി ഉറക്കി ശീലിക്കേണ്ടതു്" എന്നും മററും പറഞ്ഞുകൊണ്ട് മീനാ

ക്ഷിഅമ്മയെ സ്വൈരം കെടുത്തുകയും, കുട്ടിയെ ഉറങ്ങാനയ
യ്ക്കാതിരിക്കയും ചെയ്താൽപോലും അവർ ചിരിച്ചുകൊണ്ട്
അവരുടെ ഇഷ്ടത്തിനു വഴിപ്പെട്ടുകയായി; ഇതു കണ്ട് അവരെ
വിളിച്ചു താക്കീതു ചെയ്വാൻ നാരായണിഅമ്മ എത്തേണ്ടിവ
ന്നു. കുട്ടികളുടെ സങ്കോചംകൂടാത്ത ഓട്ടങ്ങളും ചാട്ടങ്ങളും,
സന്തോഷം കലൎന്ന ആൎപ്പുവിളികളും, കളിയും, ചിരിയും, സ
രസസംഭാഷണങ്ങളുംകൊണ്ട് ആ ഭവനം ആനന്ദദേവതയുടെ
കേളീരംഗമായിത്തീൎന്നു. ഭാൎയ്യയുടെ ദുൎമ്മുഖം കാണ്മാനും, ശകാ
രവൎഷമേല്ക്കാനും, ശണ്ഠയ്ക്കു പുറപ്പെടാനും മടിച്ച് അത്യാവശ്യ
ങ്ങൾ മാത്രം ഗൃഹത്തിൽ വന്നു നിൎവ്വഹിച്ച്, പകൽ ബാക്കി
സമയം മുഴുവൻ പുറമെ കഴിച്ചുവന്ന അപ്പുക്കുട്ടമേനോൻ, ഇ
പ്പോൾ തന്റെ അധികാരിപ്പണി സംബന്ധിച്ച പ്രവൃത്തി
കൾക്കു മാത്രമേ പുറത്തു പോകയുള്ളൂ എന്നായി.

ഹിതകരമായ ഈ ഗൃഹസംഭവം അതിനെ സംബന്ധി
ച്ച എല്ലാവരേയും സന്തോഷിപ്പിച്ചു എങ്കിലും, കരുണാകരക്കു
റുപ്പിനെയാണു കൂടുതൽ അത്ഭുതപരവശനും ആനന്ദതുന്ദില
നും ആക്കിയതു്. പ്ലാവറവീടും പരിസരവും കുട്ടികളുടെ
സ്വൈരജീവിതത്തിനും സ്വഭാവവികാസത്തിനും പററിയ
തല്ലെന്നു് അദ്ദേഹം കണ്ടറിഞ്ഞു. അച്ഛനമ്മമാരില്ലാത്ത ആ
ചെറുപൈതങ്ങളുടെ ഭാരവാഹിത്വം തന്നിലായതോടുകൂടെ,
അതിനെ തൃപ്തികരമാംവണ്ണം വഹിക്കുവാൻ അദ്ദേഹം സന്ന
ദ്ധനായി. ആ പൈതങ്ങളോടുള്ള അദ്ദേഹത്തിന്റെ സ്നേഹ
വും അനുഭാവവും അദ്ദേഹത്തെ- കൂടക്കൂടെ പരിവട്ടത്തേയ്ക്കു്
ആനയിക്കുകയുംചെയ്തു. എന്നാൽ മീനാക്ഷിഅമ്മയുടെ ദുൎമ്മു
ഖവും തണുത്ത നോട്ടങ്ങളും നിമിത്തം ഒന്നുരണ്ടു മണിക്കൂറിൽ
കൂടുതൽ സമയം പ്ലാവറെ കഴിച്ചുകൂട്ടുവാനോ, ഒരു നേരത്തെ
ആഹാരംപോലും അവിടെ കഴിക്കുവാനോ അദ്ദേഹം തുനി
ഞ്ഞിരുന്നില്ല. അവിടെനിന്നു പാൎപ്പു മാററുവാൻ പല പ്രാവ
ശ്യവും അദ്ദേഹം അമ്മായിയോട് അപേക്ഷിച്ചു; എന്നാൽ മ
തിയായ കാരണംകൂടാതെ തറവാട്ടിൽനിന്നു മാറിത്താമസി

ക്കാനോ, അവിടത്തെ സംരക്ഷണയിൽ നിന്ന് കഴിഞ്ഞു മാറു വാനോ നാരായണിഅമ്മയ്ക്കു സമ്മതമുണ്ടായിരുന്നില്ല. കുട്ടികൾക്കു കുറേക്കൂടെ പ്രായമായാൽ അവരുടെ വിദ്യാഭ്യാസ സൌകര്യത്തിനെന്നു പറഞ്ഞെങ്കിലും ആ സ്ഥലം വിടുവിക്കുവാൻ സാധിക്കുമെന്ന് ആശിച്ചുകൊണ്ടു കുറുപ്പു ക്ഷമിച്ചിരിക്കയായിരുന്നു. ഈയിടെയായി അവിടത്തെ പ്രശാന്തവും സന്തോഷകരവുമായ സ്ഥിതി അദ്ദേഹത്തെ തൃപ്തിപ്പെടുത്തുകയും, കൂടുതൽ സമയം അദ്ദേഹം കുട്ടികളുടെ സാന്നിദ്ധ്യത്തിൽ കഴിച്ചുകൂട്ടുകയും ചെയ്തു എന്നുമാത്രമല്ല, ചിലപ്പോൾ മീനാക്ഷിഅമ്മയുടെ ആതിഥ്യം സ്വീകരിക്കുവാൻ പ്രേരിതനാകക്കൂടെ ചെയ്തു.

പ്ലാവറവീട്ടിലെ രണ്ടംഗങ്ങളുടെ സ്വഭാവപരിവൎത്തനം ആ കുടുംബത്തേയും അതിനോടു ബന്ധുത്വമുള്ളവരേയും മാത്രമല്ല സ്പർശിച്ചതു്; ആ പരിവട്ടത്തെ സ്ത്രീജനങ്ങളുടെ സാമുദായികജീവിതത്തിലും ഒരു മാററം ഉണ്ടാക്കുന്നതിനു പര്യാപ്തമായി. പരിവട്ടത്തെ സ്ത്രീജനങ്ങളുടെ ഇടയിൽ ശരിയായ ഒരു സാമുദായികജീവിതം തന്നെ നാളതുവരെ ഉണ്ടായിരുന്നില്ല. വിദ്യാസമ്പന്നകളായും പരിഷ്കാരികളായും പല സ്ത്രീകളും പരിവട്ടത്തുണ്ടായിരുന്നു. എന്നാൽ അവരുടെ ജീവിതവും സഹവാസവും തങ്ങളുടെ ഗൃഹങ്ങളുടെയും ബന്ധുജനങ്ങളുടെ വസതികളുടേയും നാല്ച്ചുമരുകൾക്കുള്ളിൽ അടയ്ക്കപ്പെട്ടതായിരുന്നു. വല്ല വിവാഹാഘോഷങ്ങളിലൊ, ദേവാലയങ്ങളിലൊ കുളക്കടവുകളിലൊവെച്ച് കണ്ടുമുട്ടിയാലുംകൂടെ, അൎത്ഥമില്ലാത്ത വെറും ഉപചാരവാക്കുകൾ മാത്രം പറഞ്ഞു കടന്നുപോവുകയോ, അഥവാ സംഭാഷണത്തിനു നിർബ്ബന്ധിതരായി തീരുന്നപക്ഷം കുലം, ധനം, അവസ്ഥ എന്നീ തോതനുസരിച്ച് അവരവരോടു സമത്വമുള്ളവരോടു മാത്രം ചേൎന്ന്, പ്രത്യേക കൂട്ടങ്ങളായി പിരിഞ്ഞുനില്ക്കുകയോ ചെയ്കയായിരുന്നു പതിവ്. ഒരു പൊതുവായ സമുദായമൈത്രീബന്ധം അവരെ ആരേയും കൂട്ടിയിണക്കിയിരുന്നില്ല. ഉദ്യോഗസ്ഥന്മാരുടെ ഗൃഹി

ണികൾ ഒരിടത്തു്, വിദ്യാസമ്പന്നകളായി പച്ചപ്പരിഷ്കാരികളായ യുവതികൾ വേറൊരിടത്തു്, കുലീനതചത്തിൽ ഗർവിഷ്ഠകളായ പ്രൌഢകൾ വേറൊരു കോണിൽ, ഇങ്ങിനെ തരംതിരിഞ്ഞു കാണാം; മേൽപറഞ്ഞ ഇനത്തിൽ ഒന്നിലും പെടാത്തവർ ദൂരെനിന്നു മറ്റുള്ളവരുടെ വേഷഭൂഷാദികളെപ്പററി സംസാരിച്ചു നില്ക്കും; ഇതായിരുന്നു പൊതുസമ്മേളനങ്ങളിൽ കണ്ടിരുന്ന കാഴ്ച.

മീനാക്ഷിഅമ്മയുടെ സ്വഭാവത്തിന്നനുഗുണമായ അഭിരുചികളോടുകൂടിയ പല സ്നേഹിതകളും അവിടെ ഉണ്ടായിരുന്നു. ഇവർ പലപ്പോഴും ഭ്ലാവറെ വരുകയും, അന്യരെ കുററംപറഞ്ഞും അപഹസിച്ചും, മീനാക്ഷിഅമ്മക്കു ഹിതമായ സംഭാഷണംചെയ്തും, ഉപദേശം നല്കിയും, അവരുടെ മന്ത്രിമാരായി കഴിഞ്ഞുകൂടിയിരുന്നു. യദൃച്ഛയാ ഇവരാരെങ്കിലും നാരായണിഅമ്മയെ കണ്ടുമുട്ടിപ്പോയെങ്കിൽ അത്ഥശൂന്യങ്ങളായ ചില അന്വേഷണവാക്കുകൾ പറഞ്ഞു് ഒഴിഞ്ഞുമാറി പോവുകയായിരുന്നു പതിവു്. പ്രസ്തുത കാലത്തു മീനാക്ഷിഅമ്മയുടെ രോഗാന്വേഷണത്തിന്നായി അവർ നിരന്തരം വന്നുകൊണ്ടുതന്നെ ഇരുന്നു. എന്നാൽ പലപ്പോഴും നാരായണിഅമ്മയുടെ സാന്നിദ്ധ്യം ഇവരെ ഭഗ്നാശയരാക്കി. രോഗശയ്യ വിട്ടശേഷവും മീനാക്ഷിഅമ്മ ഈ അവസരസേവകരുടെ പരദൂഷണസംഭാഷണങ്ങൾക്കു ചെവി കൊടുക്കാതിരിക്കയും, അവരുടെ സന്ദശനത്തെ മാനിക്കാതാകയുംചെയ്തു. അപ്പോൾ ഇവരിൽ ചില ആഷാഢഭൂതികൾ മീനാക്ഷിഅമ്മയ്ക്കെതിരായി തിരിഞ്ഞു് അവരുടെ പണ്ടത്തെ നടവടിദൂഷ്യങ്ങളെ നാരായണിഅമ്മയോടു പറഞ്ഞു കേൾപ്പിക്കാൻ ശ്രമിച്ചു. എന്നാൽ നാരായണിഅമ്മയാകട്ടെ യാതൊരു കുലുക്കവും കാണിക്കാതെ മീനാക്ഷിഅമ്മയോടുള്ള തൻെറ മൈത്രീബന്ധത്തെ ദൃഢപ്പെടുത്തുകയും, മേൽപറഞ്ഞ ആഷാഢഭൂതികളേയുംകൂടെ സൽപ്രേരണക്കു വശംവദരാക്കി നേർവഴിക്കു കൊണ്ടുവരാൻ തുനിയുകയുമാണുണ്ടായതു്. ക്രമേണ ഈ 'ജ്യേഷ്ഠാനുജത്തി'മാരുടെ

പൊതുസ്നേഹിതകളായിത്തീൎന്ന പല സ്ത്രീകളും പ്ലാവറെ നിത്യരായിത്തീൎന്നു.

നാരായണിഅമ്മയുടെ വിദ്യാഭ്യാസത്തെപ്പറ്റി ഇതുവരെ നാം ഒന്നും അറിഞ്ഞിട്ടില്ലല്ലോ. അവരുടെ വിദ്യാഭ്യാസകാലമാകുന്ന ബാല്യയൌവനദശകൾ മംഗലത്തായിരുന്നു കഴിഞ്ഞിരുന്നതു്. അക്കാലത്തു കുലീനകളായ പെൺകുട്ടികളെ സാധാരണയായി പുറമേ പാഠശാലകളിൽ അയച്ചിരുന്നില്ല; വീട്ടിലിരുത്തി അക്ഷരാഭ്യാസം ചെയ്യിച്ചിരുന്നതേ ഉള്ളു. നാരായണിഅമ്മ തന്റെ മാതാപിതാക്കളുടെ ഏകസന്താനവും, പിതാവിന്റെ കണ്ണിലുണ്ണിയും ആയിരുന്നതിനാൽ, അച്ഛൻ കുറുപ്പു് വെറും അക്ഷരാഭ്യാസംകൊണ്ടു മാത്രം പുത്രിയുടെ വിദ്യാഭ്യാസം മതിയാക്കിയില്ല. മകളുടെ ഉത്സാഹവും ജ്ഞാനാഭിലാഷവും കണ്ടു് അദ്ദേഹം നിപുണന്മാരായ ഗുരുനാഥന്മാരെക്കൊണ്ടു് അവരുടെ വിദ്യാഭ്യാസം തുടൎന്നുകൊണ്ടുതന്നെ ഇരുന്നു. അച്ഛന്റെ മരണത്തിനുമുൻപുതന്നെ അവർ മാതൃഭാഷയിലും, തമിഴിലും, സംസ്കൃതത്തിലും നല്ല വ്യുൽപത്തി സമ്പാദിച്ചു. അച്ഛന്റെ മരണാനന്തരം അവർ പടിവട്ടത്തു പാൎത്ത സ്വല്പകാലം അവരുടെ ജ്ഞാനസമ്പാദനവിഷയത്തിൽ ഒരു വിഘാതഘട്ടമായിരുന്നു. വീണ്ടും മംഗലത്തു തിരിച്ചെത്തിയതോടുകൂടെ അവർ ഗുരുമുഖത്തുനിന്നുള്ള പഠിപ്പു തുടൎന്നില്ലെങ്കിലും, ഗ്രന്ഥപാരായണംകൊണ്ടും, പത്രങ്ങളും മാസികകളും വായിച്ചും, തന്റെ ജ്ഞാനതൃഷ്ണയെ തൃപ്തിപ്പെടുത്തുകയും, നാട്ടുകാൎയ്യങ്ങളും ലോകവൎത്തമാനങ്ങളും അറിഞ്ഞു്, കാലാനുസൃതമായ അഭിപ്രായങ്ങളും ആദൎശങ്ങളും സ്വീകരിച്ചു് വിശാലഹൃദയയായി തീരുകയുംചെയ്തു. മംഗലത്തെ ചില ചെറുകുറുപ്പന്മാരെ ഇംഗ്ലീഷുഭാഷാഭ്യസനം ചെയ്യിക്കാൻ തുടങ്ങിയപ്പോൾ, തനിക്കും ആ ഭാഷ അഭ്യസിക്കുവാൻ ആഗ്രഹമുണ്ടെന്നു നാരായണിഅമ്മ ഭൎത്താവിനെ അറിയിച്ചു. എന്നാൽ കോമക്കുറുപ്പു ഭാൎയ്യയുടെ ഈ അഭിലാഷത്തെ സാധിപ്പിച്ചുകൊടുക്കുവാൻ തയ്യാറായില്ല. "എന്താ, നാരായണീ, നീ പറയുന്നതു്? നിന

ക്കിപ്പോൾ പ്രായമെന്തായി എന്നു നീ മറന്നോ?" എന്നു് അദ്ദേഹം ചോദിച്ചു.

നാ. അ—പ്രായമൊന്നും മറന്നിട്ടില്ല; മുപ്പത്തഞ്ചിൽ കവിഞ്ഞു. അതിനെന്താ?

കോ. കു—മൂക്കിൽ പല്ലു മുളച്ചിട്ടാണോ ഒരു പുതിയ ഭാഷ പഠിക്കാൻ തുടങ്ങുന്നതു്? ഇനി വല്ലതും നിൻെറ തലയിൽ കടക്കുമോ?

നാ. അ—ഓഹോ, ധാരാളം. എൻെറ ആഗ്രഹം അത്രസ്സുഗാധമാണ്.

കോ. കു—നമുക്കൊക്കെ ഇംഗ്ലീഷറിഞ്ഞിട്ടെന്തുവേണം? നമ്മുടെ മക്കളും മരുമക്കളും പഠിക്കട്ടെ. ശ്രീദേവിയെ നീ ഇംഗ്ലീഷുഭാഷ മുഴുവനും പഠിപ്പിച്ചോ; അതുമതി.

നാ. അ—ഇവിടുന്നു മതി എന്നു പറഞ്ഞാൽ മതി; ഞാൻ നിർബ്ബന്ധിക്കുന്നില്ല. എനിക്കങ്ങിനെ ഒരാഗ്രഹം തോന്നി; അതു പറഞ്ഞു എന്നേ ഉള്ളൂ.

കോ. കു—ആട്ടെ, ഇംഗ്ലീഷുഭാഷ പഠിച്ചിട്ടു നിനക്കെന്തു മോക്ഷം കിട്ടാനാണ്? സഭകളിൽ പോയി പ്രസംഗം കേൾക്കണോ? കോടതിയിൽ പോയി കേസ് വ്യവഹരിക്കുന്നതു കേട്ടു മനസ്സിലാക്കണോ? എനിക്കാണെങ്കിൽ കേസെങ്കിലും മനസ്സിലാക്കണം.

നാ. അ—എനിക്ക് ഇംഗ്ലീഷിൽ ഉള്ള സൽഗ്രന്ഥങ്ങളും പത്രങ്ങളും മററും വായിച്ച് അറിവു സമ്പാദിപ്പാനാണാഗ്രഹം. സഭകളിൽപോയി പ്രസംഗം കേൾക്കുന്നതിനെന്താണു വിരോധം? ഓരോ ദിക്കുകളിൽ ഇപ്പോൾ സ്ത്രീകൾ പ്രസംഗം കേൾക്കുക മാത്രമല്ല, ഇംഗ്ലീഷിൽ നമ്മുടെ സ്ത്രീകൾ പ്രസംഗിക്കുകൂടെ ചെയ്യുന്നുണ്ടല്ലോ.

കോ. കു—(ഉറക്കെ ചിരിച്ചുകൊണ്ടു്) ആട്ടെ, നീ ഇവിടെ ഒരു സഭ വിളിച്ചുകൂട്ടി, ഇംഗ്ലീഷിൽ ഒരു പ്രസംഗം ചെയ്താൽ അതു കേട്ടു മനസ്സിലാക്കാൻ എത്ര ആളുകളുണ്ടാവും? നി

ൻെറ ഈ നാടൻ ഭൎത്താവുകൂടെ വായുംപൊളിച്ചു നിൽക്കു കയേ ഉള്ളൂ.

നാ. അ—(ഒപ്പം ചിരിച്ചുകൊണ്ടു്) ഇപ്പോൾ ഞാൻ സഭ വിളിച്ചുകൂട്ടി ഇംഗ്ലീഷിൽ പ്രസംഗിക്കുന്നതെങ്ങിനെ? ഇംഗ്ലീഷിൽ എ. ബി. സി. എന്നു ചില അക്ഷരങ്ങൾ ഉണ്ടെന്നുമാത്രം അറിയാം. ഇംഗ്ലിഷ് ഏഴെട്ടുകൊല്ലം പഠിച്ചു്, എനിക്കു പ്രസംഗിക്കാറാവുന്ന പക്ഷം, അതു കേട്ടു മനസ്സിലാക്കാൻ ഒരു പന്തൽ നിറയെ ആളുണ്ടാവും. അന്നു് അദ്ധ്യക്ഷനായിരിക്കുന്നതു് എൻെറ ഈ നാടൻ ഭൎത്താവുതന്നെ ആയിരിക്കും, സംശയമില്ല.

കോ. കു—ഓ. ഓ. ഞാനില്ലേ? എനിക്കിനി ഇംഗ്ലീഷും പരന്ത്രീസുമൊന്നും വേണ്ട. മൂത്തുനരച്ച ഈ തലയിൽ ഇനി ഒന്നും കടക്കുകയില്ല; പഠിക്കാനെനിക്കൊട്ടു സമയവുമില്ല; ഒരു മേഷ്ടരെ വെയ്ക്കാൻ പണവുമില്ല. നിനക്കു് അത്യാഗ്രഹമാണെങ്കിൽ പഠിച്ചോ.

നാ. അ—ഇവിടുന്നില്ലെങ്കിൽ ഞാനും ഇല്ല.

ഇങ്ങിനെ ഇംഗ്ലിഷുപഠിപ്പിനെപ്പററിയുള്ള നാരായണി അമ്മയുടെ ആഗ്രഹം സരസമായ ചെറിയൊരു വാഗ്വാദത്തിനുശേഷം തീരെ കെട്ടിവെച്ചു. അനന്തരകാലങ്ങളിൽ ശ്രീദേവിയും ചെറിയ കുറുപ്പന്മാരും മററും ഇംഗ്ലീഷ് വായിക്കയും സംസാരിക്കയും ചെയ്യുമ്പോൾ നാരായണിഅമ്മ സകൌതുകം കേട്ടു നിൽക്കാറുണ്ടായിരുന്നു. ഒരുപക്ഷേ മൌനമായ ഒരു നിശ്വാസം അവരുടെ ഹൃദയാന്തർഭാഗത്തുനിന്നു പുറപ്പെട്ടിട്ടുമുണ്ടായിരിക്കാം.

മീനാക്ഷിഅമ്മ ഇരുപതു കൊല്ലത്തിന്നിപ്പുറത്തെ സന്താനമാണല്ലോ. അവർ ചിറക്കരത്തെ പ്രാഥമികവിദ്യാലയത്തിൽ എട്ടാംക്ലാസ്സുവരെ പഠിച്ചു് ഒരു പരീക്ഷാബിരുദവും കൈക്കലാക്കി. ഇംഗ്ലീഷ് അല്പാല്പം എഴുതുവാനും വായിക്കുവാനും ഇവൎക്കു വശമായിരുന്നു. വീട്ടിലെ ധനസ്ഥിതി വളരെ മോശമായി

രുന്നതിനാൽ, ഒരദ്ധ്യാപികയുടെ ജോലി സ്വീകരിച്ച്, സ്വന്തം ഒരു വരവു സമ്പാദിച്ചാൽ കൊള്ളാമെന്നുകൂടെ അവർ ഒരു കാലം ആഗ്രഹിച്ചു. എന്നാൽ ദാരിദ്ര്യത്തിൽ കഴിഞ്ഞിരുന്നെങ്കിലും കുലീനതയുടെ ഗർവ്വം തികഞ്ഞ യാഥാസ്ഥിതികനായ അന്നത്തെ കാരണവർ ജോലിയിൽ പ്രവേശിക്കുവാൻ സമ്മതം കൊടുക്കായ്കയാൽ, വിവാഹത്തിൽനിന്നുണ്ടായേക്കാവുന്ന മോചനത്തെ കാംക്ഷിച്ചുകൊണ്ടു മീനാക്ഷിഅമ്മ ദിവസങ്ങൾ നയിച്ചു. വീട്ടിലിരിക്കേണ്ടിവന്ന കാലത്തു തനിക്കു ലഭിച്ച വിദ്യാഭ്യാസത്തെ പ്രായോഗികമാക്കിത്തീർക്കത്തക്ക അവസരം അവൾക്കു ലഭിച്ചില്ല; ഒരു കത്തെഴുതുവാനോ, പുതിയ ഒരു പുസ്തകം കാണുവാനോകൂടെ ഇടയുണ്ടായതുമില്ല. ഇങ്ങിനെ പാഠശാലയിൽനിന്നാർജ്ജിച്ച വിദ്യാഭ്യാസം, കുഴിച്ചിട്ട നിധിപോലെ, പ്രയോജനശൂന്യമായി ഭവിച്ചു. വിവാഹം കഴിഞ്ഞു പ്ലാവറെ എത്തിയ ശേഷവും ഇതിന്നൊരു വ്യത്യാസമുണ്ടായില്ല.

മംഗലത്തെ വായനശാലയിൽ ഉള്ള പുസ്തകങ്ങളും മാസികകളും പത്രങ്ങളും ഒന്നൊഴിയാതേയും, ഒരൊററ വരി വിടാതേയും ആരെങ്കിലും സശ്രദ്ധം വായിച്ചിട്ടുണ്ടെങ്കിൽ, അതു നാരായണിഅമ്മയാണ്. അവിടെ ഉള്ള പല സൽഗ്രന്ഥങ്ങളും അവരുടെ സ്വന്ത ഉപയോഗത്തിന്നായി വരുത്തി വായന കഴിഞ്ഞശേഷം, അവർ വായനശാലക്കു കൊടുത്തവയായിരുന്നു. സൽഗ്രന്ഥങ്ങൾ അവർ വായിച്ച് അറിവു സമ്പാദിച്ചതിന്നുപുറമേ, മററുള്ളവരേയും അവ വായിക്കുവാൻ പ്രേരിപ്പിക്കുകയും, അവയിലെ വിഷയങ്ങളെപ്പററി സംഭാഷണങ്ങളും സംവാദങ്ങളും നടത്തി, തൻെറ അറിവിനെ ഉപയോഗപ്രദവും പ്രായോഗികവും ആക്കിത്തീർക്കാൻ യത്നിക്കയും ചെയ്യാറുണ്ടായിരുന്നു. സംഭവബഹുലമായ അക്കാലത്തെ നാട്ടുവർത്തമാനങ്ങൾ അറിവാൻ ആഗ്രഹമുള്ളവർ നാരായണിഅമ്മയെ ആയിരുന്നു ശരണംപ്രാപിച്ചതു്. ഭാരതീയനായകന്മാരുടേയും നേതാക്കളുടേയും പല പ്രസംഗങ്ങളും ആയമ്മ ഹൃദിസ്ഥമാ

ക്കിയിരുന്നു; പല കാൎയ്യങ്ങളെപ്പററിയും ഉള്ള അവരുടെ അറിവു വിസ്തൃതവും, സൂക്ഷ്മവും, ഇദാനീന്തനവുമായിരുന്നു.

മംഗലത്തുഗൃഹത്തെ അവർ എന്നെന്നേയ്ക്കുമായി വിട്ടൊഴിഞ്ഞു പ്ലാവറെ എത്തിയതുമുതൽ അവരുടെ ജീവിതം ഏററവും വ്യത്യസ്തമായ ഒരു പന്ഥാവിൽക്കൂടെ നയിക്കേണ്ടതായിത്തീൎന്നു. അതു വിരസവും ദുഃഖപ്രദവുമായിരുന്നെങ്കിലും കൂടെ, അവർ അതൃപ്തിയോ അക്ഷമയോ പ്രദൎശിപ്പിക്കാതെ കഴിക്കുവാൻ ശ്രമിച്ചു. ബാഹ്യലോകവുമായുള്ള അവരുടെ സമ്പൎക്കം, ചിലപ്പോൾ അങ്ങാടിസ്സാമാനങ്ങൾ പൊതിഞ്ഞു കൊണ്ടുവന്നിരുന്ന പഴയ കടലാസ്സുകളിൽനിന്നു ചികഞ്ഞു മനസ്സിലാക്കിയ പഴങ്കഥകൾ മുഖേന മാത്രമായിരുന്നു. ബ്രാഹ്മണാബ്രാഹ്മണവഴക്കുകൾ, നിസ്സഹകരണപ്രസ്ഥാനം, ഉപ്പുസത്യാഗ്രഹം, ക്രി നി. 144ൻെറ പ്രയോഗം എന്നിങ്ങിനെ പല സംഭവങ്ങളെയും അടിസ്ഥാനപ്പെടുത്തിയ ചില വൎത്തമാനക്കഷണങ്ങൾ മേൽപറഞ്ഞപ്രകാരം അവൎക്കു കിട്ടിയിരുന്നെങ്കിലും, അവയെ സംഘടിപ്പിച്ചു ശരിയായ വാൎത്താഗ്രഹണം ചെയ്യാൻ സാധിക്കാതെ, കൂട്ടിലടച്ച കിളി വിശാലവിശാലതയിൽ വിഹരിക്കുവാനുള്ള ആഗ്രഹത്തെ പഞ്ജരപരിധിക്കുള്ളിൽ കിടന്നു പിടഞ്ഞും, വിസ്തൃതമായ നീലാകാശത്തിൽ തൃഷ്ണാപൂൎണ്ണമായ നേത്രങ്ങൾ അൎപ്പിച്ചും സഹിക്കുന്നതുപോലെ ഒരു സങ്കല്പഭാവിയെ പ്രതീക്ഷിച്ചു ദിനരാത്രങ്ങൾ കഴിച്ചുകൂട്ടി.

ശ്രീദേവി രോഗശയ്യാവലംബിനിയായിരുന്ന കാലമൊക്കെയും നാരായണിഅമ്മയുടെ സമയവും ശ്രദ്ധയും മുഴവൻ അവളുടെയും കുട്ടികളുടെയും ശുശ്രൂഷയിലും ഗൃഹജോലികളിലും വിനിയോഗിച്ചുകഴിഞ്ഞു. എന്നാൽ പുത്രിയുടെ നിൎയ്യാണത്തിന്നുശേഷം അവൎക്കു പകലും രാത്രിയും അല്പം ഒഴിവുസമയം ലഭിച്ചിരുന്നു. ഗീത, നാരായണീയം, ചില പുരാണങ്ങൾ മുതലായി താൻ നിത്യപാരായണത്തിന്നുപയോഗിക്കുന്ന പുസ്തകങ്ങൾ മാത്രമേ അപ്പോൾ അവരുടെ കൈവശമുണ്ടായിരുന്നുള്ളു. പുതിയ ചില പുസ്തകങ്ങളൊ പത്രങ്ങളൊ

വായിക്കുവാൻ കിട്ടേണമെന്ന ആഗ്രഹം ഈ സമയം അവരെ കഠിനമായി ബാധിച്ചു. എന്നാൽ ആ ആഗ്രഹനിവൃത്തിക്കു വഴി കാണാതെ അതും അമൎത്തുകയായിരുന്നു ചെയ്തതു്. ഇങ്ങിനെ ഇരിക്കെ, ഒരുനാൾ കരുണാകരക്കുറുപ്പു കുട്ടികൾക്കു ബിസ്കറു പൊതിഞ്ഞു കൊണ്ടുവന്ന ഒരു വൎത്തമാനപത്രക്കഷണം അവർ കൈക്കലാക്കി പറിച്ചു ചീന്തുവാൻ തുടങ്ങിയപ്പോൾ നാരായണിഅമ്മ "അരുതേ, കീറരുതേ, ഞാനൊന്നു വായിച്ചോട്ടെ" എന്നു വിളിച്ചു പറഞ്ഞുകൊണ്ടു ബദ്ധപ്പെട്ടുവന്നു്, കടലാസുകഷണം അവരുടെ പക്കൽനിന്നു പിടിച്ചെടുത്തു. കുട്ടികൾ ശാഠ്യം പിടിക്കാനുള്ള വട്ടമായി. "അതു പഴയ കടലാസ്സാണു്, അമ്മായി വായിച്ചിട്ടുണ്ടാവും; അവർ ചീന്തിക്കോട്ടെ." എന്നു കുറുപ്പു പറഞ്ഞു. "പഴയതാണെങ്കിലും എനിക്കു പുതിയതുതന്നെ; എനിക്കെവിടുന്നു പത്രം വായിക്കാൻ കിട്ടുന്നു?" എന്നു ശോകസമ്മിശ്രമായ സ്വരത്തിൽ നാരായണിഅമ്മ ഉത്തരം പറഞ്ഞു. നാരായണിഅമ്മയുടെ വായനഭ്രമത്തെപ്പററി നല്ലവണ്ണം അറിഞ്ഞിരുന്ന കരുണാകരക്കുറുപ്പിനു് ഇപ്പോഴാണു് കാൎയ്യം മനസ്സിലായതു്.

ക. കു—കഷ്ടം, അമ്മായി എന്നോടു് ഒരൊററ വാക്കു പറഞ്ഞിരുന്നെങ്കിൽ വായിക്കുവാൻ പത്രങ്ങൾ ഞാൻ കൊണ്ടുവന്നു തരുമായിരുന്നില്ലേ?

നാ. അ—എന്തൊക്കെ ആവശ്യങ്ങൾ ഇപ്പോൾ നിവൎത്തിച്ചു തരുന്നു. ഇതിലധികം ബുദ്ധിമുട്ടിക്കാൻ എങ്ങിനെ മനസ്സു വരും?

ക. കു—ഇതിനെന്താണു് വിശേഷിച്ചൊരു ബുദ്ധിമുട്ടു്! അവിടത്തെ വായനശാലയിൽ എത്ര പുതിയ പുസ്തകങ്ങളും പത്രഗ്രന്ഥങ്ങളും ഇപ്പോൾ വരുത്താറുണ്ടു്! ഞാൻ വരുമ്പോൾ ചിലതു കൊണ്ടുവന്നാൽ അമ്മായിയുടെ വായന കഴിഞ്ഞു മടക്കിക്കൊണ്ടുപോകയും ചെയ്യാമായിരുന്നു.

നാ. അ—ചിലപ്പോൾ പറയണമെന്നു ഞാൻ വിചാരിക്കാഞ്ഞല്ല, എന്തോ നാവിളകിയില്ലെന്നു മാത്രം.

ക. കു—എന്റെ വിചാരഹീനത. അമ്മായി ഇത്രനാളും മാനസികോപവാസം കഴിക്കാൻ ഇടവന്നതു് എന്റെ പേരിൽ ഒരപരാധംതന്നെ. അമ്മായിയുടെ വായനഭ്രമത്തെപ്പററി നല്ല നിശ്ചയമുണ്ടായിരുന്നിട്ടും അതിനെപ്പററി ഞാൻ യാതൊരന്വേഷണവും ചെയ്യാഞ്ഞതു മഹാകഷ്ടമായിപ്പോയി. ആട്ടെ ഇനി വേണ്ടതു നോക്കാം. അമ്മായി ക്ഷമിക്കണേ!

നാ. അ—അത്രയൊന്നും സങ്കടപ്പെടേണ്ട ഗൌരവം ഇതിന്നില്ല. വായിക്കാൻ സമയവും ഈയിടെയല്ലെ കിട്ടാൻ തുടങ്ങിയുള്ളു. ഇനി വരുമ്പോൾ വല്ലതും കൊണ്ടുവരു.

ക. കു—ഞാൻ വരുന്നതിനു മുൻപുതന്നെ എത്തിക്കാം.

നാരായണിഅമ്മയുടെ മാനസികോപവാസം അന്നുമുതൽ അവസാനിച്ചു. പിറെറന്നുതന്നെ ധാരാളം പുസ്തകങ്ങളും മാസികകളും കുറുപ്പു് ഒരാൾവശം എല്പിച്ചയച്ചതു കൂടാതെ, ഒരു പ്രതിദിനപ്പത്രം നാരായണിഅമ്മയ്ക്കു നേരിട്ടയപ്പാനും വേണ്ട ഏപ്പാടുചെയ്തു. പട്ടിണികിടന്ന ആൾക്കു പ്രതിദിനസദ്യ ലഭിക്കുവാനും ഇടയായി. അന്നുമുതൽ നാരായണിഅമ്മയുടെ ജീവിതക്ലേശം ഏതാണ്ടു പകുതി കുറഞ്ഞു എന്നു പറയാം. അവരുടെ ദുഃഖാനുഭവങ്ങളിൽ ഏററവും ദാരുണമായതു് പുത്രിയുടെ അകാലനിര്യ്യാണമാണെന്നു പറയേണ്ടതില്ലല്ലൊ. തന്റെ കടമകളെ താൻ തൃപ്തികരമാംവണ്ണം നിവ്വഹിക്കേണമെന്നും, ദുഃഖത്തിന്നു് അടിമയാകാതെ അതിനെ അമത്തി ജീവിതം നയിക്കേണമെന്നുമുള്ള ദൃഢനിശ്ചയം അവരുടെ ജീവസന്ധാരണത്തിന്നു് ഏറക്കുറെ സഹായിച്ചു; എങ്കിലും വിശ്രമവേളകളിൽ അവരുടെ മനസ്സിൽ നടന്ന പോരാട്ടം അതികഠോരമായിരുന്നു. പരിചയക്കാരുടെ ഉള്ളുപൊള്ളയായ അനുഭാവപ്രകടനങ്ങളും, ഗൃഹപരിസരത്തിലെ അന്തരീക്ഷവും അവക്കു തെല്ലും ആശ്വാസകരമായിരുന്നില്ല. എന്നാൽ വായിക്കുവാൻ ലഭിച്ച പത്രങ്ങളും സൽഗ്രന്ഥങ്ങളും അവരുടെ മനസ്സിനെ ഉന്മേഷപ്പെടുത്തുകയും, വായനയിൽ മതിമറന്നിരുന്നു് ക്രമേണ അവർ തന്റെ വ്യഥയെ അമത്തുവാൻ ശക്തയായിത്തീരുക

യും ചെയ്തു. പത്രങ്ങളിലും മാസികകളിലും ഉണ്ടായിരുന്ന ചിത്രങ്ങൾ കുട്ടികളെ കാണിച്ച് അവയെപ്പററി ചില കാര്യങ്ങൾ പറഞ്ഞുകൊടുത്തും, പരസ്യഭാഗങ്ങളിലെ വലിയ അക്ഷരങ്ങൾ മുറിച്ചെടുത്ത് അവയുടെ പേർ കുട്ടികളെ പഠിപ്പിച്ചും, അവക്കു ചില കഥകൾ പറഞ്ഞു കേൾപ്പിച്ചും, ദിനംപ്രതി കുറേ സമയം 'വല്യമ്മയും മക്കളും' വിനോദകരമായും ഉപയോഗപ്രദമായും കഴിച്ചുകൂട്ടി. ദുല്ലഭം ചില വേളകളിൽ നാരായണിഅമ്മ അപ്പുക്കുട്ടമേനോനോടും കരുണാകരക്കുറുപ്പിനോടും നാട്ടുവത്തമാനങ്ങൾ പറകയും, അവർ തമ്മിൽ രസകരങ്ങളായ ചില സംഭാഷണങ്ങൾ നടത്തുകയും ചെയ്തു. ഇതു മീനാക്ഷിഅമ്മയുടെ അസൂയാഗ്നിയെ ജ്വലിപ്പിച്ചു. അവർ പല പ്രകാരത്തിൽ തൻെറ വിദ്വേഷം ആയമ്മയുടെ മേൽ ചൊരിവാനും ഇടവന്നു. ഏതു സംഭവത്തിനും രണ്ടു വശങ്ങൾ—ഒന്ന് പ്രകാശമാനമായതും മറേറത് ഇരുണ്ടതും—ഉണ്ടായിരിക്കുന്നതു പ്രകൃതിസാധാരണമാണല്ലോ. നാരായണിഅമ്മ ആ ഇരുണ്ട വശത്തേയ്ക്കു മുഖം തിരിക്കാതെ, പ്രകാശക്കതിരുകളെ മുഴുവൻ തന്നിലേയ്ക്കു സമാഹരിച്ച്, ആ ജ്യോതിസ്സിൽ തൻെറ ആത്മാവിനെ കുളിപ്പിച്ചു കുളിപ്പിച്ചു.

നാരായണിഅമ്മയും മീനാക്ഷിഅമ്മയും തങ്ങളുടെ അന്യോന്യമനോഭാവം മാററി, മിത്രങ്ങളായിത്തീന്നശേഷം നാരായണിഅമ്മയുടെ വായനവേളകളിൽ മീനാക്ഷിഅമ്മയും പങ്കുകൊള്ളാൻ തുടങ്ങി. പകലുറക്കത്തിനും പരദൂഷണത്തിനും ഉപയോഗിച്ച വിശ്രമാവസരങ്ങൾ അവർ ഇങ്ങിനെ ഉപയോഗപ്പെടുത്തുന്നതു കണ്ട് അപ്പുക്കുട്ടമേനോൻ സന്തോഷിക്കയും, ചിലപ്പോൾ അവരോടുകൂടെ ചേന്നു ലോകകാര്യങ്ങൾ സംസാരിച്ചു സമയം കഴിക്കാൻ മുതിരുകയും ചെയ്തു. ക്രമേണ മദ്ധ്യാഹ്നവിശ്രമവേളകൾ മുഴുവൻ ഇവർ ഗ്രന്ഥപാരായണത്തിനുപയോഗിക്കുക പതിവാക്കി. ഉൾനാട്ടിൽ സാധാരണയായി ഗൃഹിണികൾ ഈ സമയത്താണല്ലോ പുറത്തിറങ്ങുന്നതിനും പരിചയക്കാരേയും ബന്ധുക്കളേയും സന്ദശിക്കുന്നതിനും പോ

കാറുള്ളതു്. ഇങ്ങിനെ പ്ലാവറെയും ചില സമയം പരിചയക്കാർ എത്താറുണ്ടായിരുന്നു; എന്നാൽ അവിടത്തെ ഗൃഹനായികമാർ മിഥ്യാസംഭാഷണത്തിൽ ഏർപ്പെടാതെ വായന തുടങ്ങുമ്പോൾ "നാസ്സു പരുത്തിക്കടയിൽ കാര്യമെന്തു്?" എന്നു പറഞ്ഞുകൊണ്ടു ചിലർ മടങ്ങുവാൻ സന്നദ്ധരായി. അചിരേണ നാട്ടുവർത്തമാനങ്ങൾ പത്രങ്ങളിൽനിന്നു വായിച്ചു കേൾപ്പിച്ചും രസകരങ്ങളായ ചിത്രങ്ങൾ കാണിച്ചും നാരായണിഅമ്മ പലരേയും വശീകരിച്ചു. ഗൃഹഭരണസംബന്ധമായും ആരോഗ്യരക്ഷാപരമായും ഉള്ള ലേഖനങ്ങളും ഉപന്യാസങ്ങളും വായിച്ചു കേൾപ്പിച്ചും, വായിക്കാനറിയുന്നവക്കു പുസ്തകങ്ങൾ വായ്പ കൊടുത്തും, നാരായണിഅമ്മ അവരെ വായനയിൽ ഉത്സാഹിപ്പിച്ചു.

സുഹൃത്തുക്കൾ വദ്ധിച്ചതോടുകൂടെ നാരായണിഅമ്മ ചില സന്ദർഭങ്ങളിൽ വീടുവിട്ടു പുറത്തിറങ്ങാനും, സ്നേഹിതകളുടെ ക്ഷണനം സ്വീകരിച്ചു പല ഗൃഹസംഭവങ്ങളിലും പങ്കുകൊള്ളുവാനും നിർബന്ധിതയായി. നാരായണിഅമ്മയാകട്ടെ തൻെറ സുഹൃത്തുകളെ ജാതിമതവ്യത്യാസങ്ങളോ, അവസ്ഥാഭേദങ്ങളോ കണക്കാക്കാതെ, എല്ലാവരേയും ഒരേ നിലയിൽ വീക്ഷിക്കയും, സകലരോടും സ്നേഹത്തോടും വിനയത്തോടും ഉപചാരപൂർവ്വവും പെരുമാറുകയും ചെയ്തു. കുലീനയും വൃദ്ധയുമായ ഈയമ്മയുടെ പെരുമാററം അന്നാട്ടുകാക്കു് ഒരു മാതൃകയായി തീൎന്നു. ഇക്കാലംമുതൽ താൻ പരിവട്ടത്തുകാരിയാണെന്നും, അവിടത്തെ സാമുദായിക ജീവിതത്തിൽ താനും പങ്കുകൊള്ളേണ്ടതാണെന്നും, സ്ത്രീജനങ്ങളുടെ മനോഭാവത്തേയും ആദർശങ്ങളേയും വിശാലവും ഉൽകൃഷ്ടവുമാക്കാൻ യത്നിക്കേണ്ട കടമ തനിക്കുണ്ടെന്നും ഉള്ള ബോദ്ധ്യത്തോടുകൂടെ അവർ ഈ വാദ്ധക്യത്തിൽ ഒരു പുതിയ ജീവിതപദ്ധതി ആരംഭിച്ചു.

# അദ്ധ്യായം 12

## രാമപുരത്തെ ബന്ധുക്കൾ

അന്നു ശനിയാഴ്ച, കുട്ടികൾക്ക് അനദ്ധ്യയദിവസമായിരുന്നു. സമയം മദ്ധ്യാഹ്നം കഴിഞ്ഞു. അവർ നാലാളും മുററത്തുള്ള മാവിൻചുവട്ടിൽ ഇരുന്നു കഥപ്പുസ്തകം വായിച്ചു രസിക്കയായിരുന്നു. അപ്പോൾ തപ്പാൽശിപായി ഒരു കത്തും കൈയ്യിൽ പിടിച്ചു കാണിച്ചുകൊണ്ടു പടികടന്നു വന്നു. നാലാളും പുസ്തകവും വലിച്ചെറിഞ്ഞു് ഒരു മത്സര ഓട്ടം നടത്തി. ചന്ദ്രികയാണ് വിജയം നേടിയതു്. അവൾ ആദ്യം തപ്പാൽക്കാരനെ സമീപിച്ചു കത്തു തൻെറ കയ്യിൽ തരുവാനപേക്ഷിച്ചു. "ഞാൻ കൊണ്ടുപോയിക്കൊടുക്കാം; വേഗം തരൂ, ഞാനല്ലേ ആദ്യം എത്തിയതു്?" എന്നു പറഞ്ഞുകൊണ്ടു ശിപായിയുടെ നേക്കു കൈ നീട്ടി. അപ്പോഴേക്കും മററു മൂവരും കിതച്ചുകൊണ്ടു സമീപിച്ചു. "ആക്കാണ് കത്തു്? അച്ഛനാണെങ്കിൽ എൻെറ പക്കൽ തരൂ; ഞാൻ കൊടുക്കാം." എന്നു രാജൻ പറഞ്ഞു.

ത. ശി—അധികാരി എജമാനനു തന്നെ, പക്ഷേ കൂലിക്കത്താണ്, ഞാൻ തന്നെ കൊടുക്കണം. അദ്ദേഹം എവിടെ?

രാജൻ—അച്ഛൻ ഉറങ്ങുന്നു; ഞാൻ പോയി വിളിക്കില്ല, എന്നെ ദേഷ്യപ്പെടും. ഗോപി പോട്ടെ.

ഗോപി—ഞാനില്ലപ്പാ; ഉറക്കത്തിൽ വിളിച്ചാൽ അച്ഛൻ എന്നെ ദേശ്യപ്പെടും. അമ്മച്ചു കൊടുത്താൽ പോരെ?

ത. ശി—കൂലിക്കത്താണെന്നു പറഞ്ഞില്ലേ കുട്ടി; രണ്ടണ കിട്ടിയാലെ തരാൻ പാടുള്ളു. അമ്മയോടു പോയി പറയൂ, ഞാനും വരാം.

കുട്ടികളും തപ്പാൽശ്ശിപ്പായിയും കോലായവരെ എത്തി. കുട്ടികളുടെ ഓട്ടവും ബഹളവും കേട്ടു മീനാക്ഷിഅമ്മ പുറത്തു വന്നു കാര്യം ചോദിച്ചു. കൂലിക്കത്താണെന്നറിഞ്ഞപ്പോൾ "മൂ

പ്പരോട ചോദിക്കാതെ എങ്ങിനെ വാങ്ങുക? കൂലിക്കത്തു വാങ്ങുന്നതു് അദ്ദേഹത്തിന്നിഷ്ടമല്ല. ഏതായാലും ഞാൻ പോയി ചോദിക്കട്ടെ" എന്നു പറഞ്ഞു. മീനാക്ഷിഅമ്മ മാളികയിൽ കയറിച്ചെന്നു് അപ്പുക്കുട്ടമേനോനെ ഉണർത്തി വിവരം പറഞ്ഞു. മൂപ്പർ ആദ്യം ഭാൎയ്യയോട കുറെ കയൎത്തു; കട്ടവിൽ മുക്കിയും മൂളിയും കോട്ടുവായിട്ടും, തോൎത്തുമുണ്ടുകൊണ്ടു കണ്ണും മുഖവും തുടച്ചും, വല്ലവിധവും കോണി ഇറങ്ങി വന്നു ഗൎജ്ജിച്ചു. "ആരടാ അതു്? കൂലിക്കത്തു കൊണ്ടുവന്നോ? എൻെറ പക്കൽനിന്നു പൈസ കിട്ടില്ല നിനക്കു്. കൊണ്ടുപൊയ്ക്കോ."

ത. ശി—എജമാനെ, പൈസ എനിക്കു വേണ്ട; തപ്പാലാപ്പീസിൽ കൊടുക്കാനാണു്. അതവിടെയ്ക്കറിയുമല്ലൊ. കത്തു വേണ്ടെങ്കിൽ ഇതിലൊന്നെഴുതി ഒപ്പിട്ടുതരണം. ഞാൻ മടക്കിക്കൊണ്ടു പോകാം.

അ. മേ—എഴുതി ഒപ്പിടാൻ മനസ്സില്ലെങ്കിലൊ! ഏതു ശനിയൻ ചെയ്ത പണിയാണിതു്? നോക്കട്ടെ എവിടുന്നാണു് അയച്ചിരിക്കുന്നതു്?

ത. ശി—രാമപുരം തപ്പാലാപ്പീസിൻെറ മുദ്രയാണു്.

മീ. അ—രാമപുരത്തു നിന്നോ? എവിടെ, കൈയ്യക്ഷരമൊന്നു നോക്കട്ടെ. (കത്തു വാങ്ങി നോക്കിക്കൊണ്ടു്) ഇതു കുമാരദാസിൻെറ കൈയ്യക്ഷരംപോലെ തോന്നുന്നു. മടക്കി അയക്കരുതേ, വല്ല അടിയന്തരക്കാൎയ്യമാണെങ്കിലൊ?

അ. മേ—അടിയന്തിരക്കാൎയ്യമാണെങ്കിൽ മുദ്ര പതിച്ചയക്കാൻ പാടില്ലായിരുന്നോ? ഇരട്ടിക്കൂലി എന്നെക്കൊണ്ടു കൊടുപ്പിക്കണോ?

ത. ശി—മുദ്ര ഇളകി വീണുപോയതാണെന്നു തോന്നുന്നു എജമാനെ. ഇതാ ഈ അററത്തു് അല്പം പശ പററിക്കാണുന്നുണ്ടു്.

മീ. അ—ശരിയാണു്. അണ ഞാൻ തരാം. കത്തു മടക്കണ്ടാ.

മീനാക്ഷിഅമ്മ ഒരു രണ്ടണത്തുട്ടുകൊണ്ടുവന്നു കൊടുത്തു്, കത്തു വാങ്ങി മേനോൻ വശം ഏല്പിച്ചു. അദ്ദേഹം പൊളിച്ചു വായിച്ച ശേഷം അതുംകൊണ്ടു നാരായണിഅമ്മയുടെ

അടുക്കൽ വന്നു വായിക്കുവാൻ കൊടുത്തു. കത്തിൽ ഇപ്രകാരം എഴുതിയിരുന്നു:—

ശ്രീ. രാമപുരം,
19... സെപ്ത: 4-ാംനു-

അപ്പുക്കുട്ടമേനോന്നു്,

പാറുക്കുട്ടിക്കു കുറേനാളായി ദേഹത്തിനു നല്ല സുഖമില്ല. ചികിത്സ ചെയ്തിട്ടും ഫലം കാണുന്നില്ല. കുറച്ചു കാലം ഇവിടംവിട്ടു സുഖസ്ഥലത്തു പാർത്തു വിശ്രമിച്ചാൽ നന്നെന്നു് ഡാക്റ്റർ അഭിപ്രായപ്പെട്ടിരിക്കുന്നു. എനിക്കു് ഈ അവസരത്തിൽ അവളെ കൂട്ടിക്കൊണ്ടു് എവിടെയെങ്കിലും മാറിപ്പാൎക്കേണ്ടതായി വന്നാൽ ചില ബുദ്ധിമുട്ടുകൾക്കിടയാകുന്നതാണു്. കുട്ടികൾ രണ്ടാൾ സ്കൂളിൽ പഠിക്കുന്നവരെ ഇവിടെ നിൎത്താനും തരമില്ല, കൊല്ലത്തിന്റെ മദ്ധ്യേ സ്കൂൾ വിട്ടു നിൎത്തുന്നതും നന്നല്ല. എന്റെ പ്രവൃത്തിക്കും പല വിഘ്നങ്ങൾ നേരിടും. പാറുക്കുട്ടിയുടെ ആഗ്രഹം പരിവട്ടത്തു വന്നു നാരായണിഅമ്മയോടൊന്നിച്ചു കുറേ നാൾ താമസിക്കണമെന്നാണു്. അവിടം നല്ല സുഖമുള്ള സ്ഥലമാണല്ലോ. അങ്ങിനെയായാൽ പഠിക്കുന്ന കുട്ടികളെ ഇവിടെ എന്നോടുകൂടെ നിൎത്താം; ചെറിയ രണ്ടാളേയും അവൾക്കു കൂട്ടിക്കൊണ്ടുപോരുകയും ചെയ്യാം. അവിടെ വീട്ടിലെ അസൌകര്യം ആലോചിക്കുമ്പോൾ, അവൾക്കും എനിയ്ക്കും നിങ്ങളെ ബുദ്ധിമുട്ടിയ്ക്കാൻ മടിയുണ്ടു്. എനിക്കു് എന്തു് അസൌകര്യങ്ങൾ നേരിട്ടാലും പാറുക്കുട്ടിയുടെ അനാരോഗ്യത്തിന്നു പ്രതിവിധി ചെയ്യാൻ ഞാൻ തയ്യാറാണു്. പക്ഷേ നിങ്ങളോടും നാരായണിഅമ്മയോടും ആലോചിക്കാതെ വേറെ ഏൎപ്പാടുകൾ ഒന്നും ചെയ്വാൻ തോന്നുന്നില്ല. വിവരം നാരായണിഅമ്മയെ ധരിപ്പിച്ചു രണ്ടാളുടേയും അഭിപ്രായം പ്രഥമസൌകര്യത്തിൽ അറിയിപ്പാനപേക്ഷ.

അവിടെ കുട്ടികൾക്കും മററും സുഖമെന്നു വിശ്വസിക്കുന്നു. ക്ഷേമാശംസകളോടുകൂടെ,

വിനയപൂൎവ്വം
കെ. കുമാരദാസ്.

കത്തു വായിച്ചശേഷം നാരായണിഅമ്മ പറഞ്ഞു:— "രണ്ടാഴ്ചമുമ്പാണ് എനിക്ക പാറുക്കുട്ടിയുടെ ഒരു കാർഡ് കിട്ടിയത്. ദേഹത്തിനു നല്ല സുഖമില്ലെന്നും ചികിത്സയിലാണെന്നും എഴുതിയിരുന്നു. അവളെ ചെന്നു കാണണമെന്നു വിചാരിക്കയായിരുന്നു. നാളെത്തന്നെ പോയാലോ?"

അ. മേ—പോയതുകൊണ്ടായില്ലല്ലോ. ഇവിടത്തെ താമസക്കാര്യത്തെപ്പററി എന്തു തോന്നുന്നു?

നാ. അ—അതാലോചിക്കണം. ഇവിടെ ഒന്നിച്ചു കൂടാൻ വിരോധമില്ല. പക്ഷേ അവൾക്കു സുഖമില്ലാത്തതുകൊണ്ടു പ്രത്യേകസൌകര്യങ്ങൾ വേണ്ടിവരും.

ഈ സംസാരം അല്പാല്പം മാത്രം കേട്ടുകൊണ്ടു നിന്നിരുന്ന മീനാക്ഷിഅമ്മ കത്തിലെ വിവരങ്ങൾ മുഴുവൻ അറിവാനാഗ്രഹിച്ചുകൊണ്ടു ചോദിച്ചു:—"എന്താണു വർത്തമാനം? പാറുക്കുട്ടിഅമ്മക്കു ഇനിയും സുഖമായില്ലെ?"

നാരായണിഅമ്മ കത്തു വായിക്കുവാൻ മീനാക്ഷിഅമ്മക്കു കൊടുത്തിട്ടു് അല്പനേരം ആലോചനാമഗ്നയായിരുന്നു. മീനാക്ഷിഅമ്മ കത്തു വായിച്ചു മടക്കിക്കൊടുത്തു.

മീ. അ—ഒരു കാര്യം ചെയ്യാം ഏടത്തി; ഞാനും കുട്ടികളും കുറച്ചുനാൾ ചിറക്കരെ താമസിക്കാം. എന്നാൽ പാറുക്കുട്ടിഅമ്മക്കു മാളിക ഉപയോഗിക്കാമല്ലോ.

അ. മേ—എന്തു്? നീ ചിറക്കരെക്കാരോടു പരിഭവിച്ചിരിക്കയായിരുന്നില്ലെ?

മീ. അ—അതൊന്നും സാരമില്ല. പാറുക്കുട്ടിഅമ്മയുടെ സൌകര്യം നമ്മൾ നോക്കേണ്ടതല്ലെ? അവർ പ്രസവത്തിനുപോലും ഇങ്ങട്ടു വരാറില്ലല്ലോ.

നാ. അ—കുമാരദാസ് അവളെ നല്ലവണ്ണം സ്നേഹിച്ചു സംരക്ഷിക്കുന്ന ആളാണ്. മററു പണിത്തിരക്കുകൾ എത്രതന്നെ ഉണ്ടായാലും തന്നെ ആശ്രയിച്ചു ജീവിക്കുന്ന ഭാര്യാമക്കളുടെ സുഖസൌകര്യങ്ങളിൽ അനാസ്ഥ കാണിക്കാറില്ല.

അ. മേ—അതേ, കുമാരദാസ് വളരെ നല്ല കൂട്ടത്തിലാണ്; പ്രസവത്തിനു് ഇങ്ങട്ടു വരാൻ ഞാൻ രണ്ടു പ്രാവശ്യം പോയി വിളിച്ചിട്ടും, ദാസ് അവളെ അയച്ചില്ല. വേണ്ട ഏൎപ്പാടുകളൊക്കെ അവിടെ ചെയ്തു് ഒരു സ്ത്രീയെപ്പോലെ അയാൾ അവളെ ശുശ്രൂഷിക്കുന്നതു കണ്ടിട്ടുണ്ടു്.

മീ. അ—അവരെ ഇങ്ങട്ടു വരുവാൻ പ്രേരിപ്പിക്കുന്നതു മുഖ്യമായിട്ടും ഏടത്തിയുടെ കൂടെ താമസിക്കുവാനുള്ള ആഗ്രഹമാണ്; ഏടത്തിയുടെ ശുശ്രൂഷയും സഹവാസവും ലഭിച്ചാൽ അവൾക്കു വേഗത്തിൽ പൂൎണ്ണമായ ആരോഗ്യം കിട്ടും. അതു് എനിക്കു് അനുഭവമാണല്ലോ. എനിക്കെന്തു് അസൌകൎയ്യം വന്നാലും ഞാൻ സഹിച്ചുകൊള്ളാം. ഞാനും കുട്ടികളും ചിറക്കരേക്കു പോകുവാൻ ഒരുക്കമാണു്.

അ. മേ—നാരായണിയുടെ അഭിപ്രായം കേൾക്കട്ടെ.

നാ. അ—ഞാൻ പുതിയ പത്തായപ്പുരയിൽ മാറിത്താമസിക്കാം. അവിടെ വേണ്ട സ്ഥലസൌകൎയ്യമുണ്ടു്. പാറുക്കുട്ടി അവിടെ വന്നോട്ടെ. പാറുക്കുട്ടിക്കും കുട്ടികൾക്കും, വേണ്ടി വന്നാൽ കുമാരദാസിനും കൂടെ സുഖമായി പാൎക്കാൻ അവിടെ ഏൎപ്പാടു ചെയ്യാം. പത്തായപ്പുര ഇപ്പോൾ ഒഴിഞ്ഞു കിടക്കുകയാണല്ലോ.

അ. മേ—അതു തരക്കേടില്ല; പാറുക്കുട്ടി മടങ്ങിപ്പോയശേഷം അതു വാടകക്കു കൊടുത്താൽ മതി.

നാ. അ—അതും വേണ്ടാ. ഞാൻ അങ്ങട്ടു മാറിപ്പാൎക്കേണമെന്നു കുറെ നാളായി ആലോചിക്കയാണു്. ഇവിടെ സ്ഥലസൌകൎയ്യം തീരെ കുറഞ്ഞുവരുന്നു. അതിഥികൾ ഉണ്ടാകുമ്പോൾ നാം പരുങ്ങുകയല്ലേ? കുട്ടികൾക്കു സ്വൈരമായിരുന്നു പഠിക്കുവാനും ഒരു പ്രത്യേകസ്ഥലമില്ല.

മീ. അ—അപ്പോൾ നമ്മൾ മേലാൽ എന്നും പിരിഞ്ഞു പാൎക്കുകയോ? അയ്യോ ഏടത്തി, നാം എത്ര സന്തോഷമായും സ്വൈരമായും ഇവിടെ ഒന്നിച്ചു കഴിഞ്ഞുകൂടുന്നു!

നാ. അ—ആ സന്തോഷത്തിനും സ്വൈരത്തിനും വിഘ്നമുണ്ടാകയില്ല. പുതിയ പത്തായപ്പുര വളരെ ദൂരത്തല്ലല്ലോ. നമുക്ക് എന്നും അങ്ങോട്ടും ഇങ്ങോട്ടും വരാനും പോവാനും പ്രയാസമില്ല.

അ. മേ—മീനാക്ഷി, ഒരുകാലത്ത് ഈ എടത്തി ഇവിടെനിന്നു മാറിപ്പാൎത്താൽ സ്വൈരമായെന്നെ എന്നു നീ ആഗ്രഹിച്ചിരുന്നില്ലേ?

മീ. അ—ഇല്ല എന്ന് ഞാൻ പറയുന്നില്ല. അക്കാലമൊക്കെ ഇങ്ങിനി വരാതവണ്ണം പോയി, അന്നത്തെ മീനാക്ഷി അല്ല ഇന്നത്തെ മീനാക്ഷി.

അ. മേ—നാരായണി അവിടെ സ്ഥിരതാമസമാക്കിയാൽ വല്ലതും വാടക കിട്ടുന്നതു് ഇല്ലാതാകും.

നാ. അ—വാടക വല്ലതും കിട്ടുന്നതു മുഴുവൻ ഇപ്പോൾ അവിടത്തെ അററകുററം തീൎക്കാൻതന്നെ ചെലവാകുന്നു. എന്നിട്ടും വീടും പറമ്പും കിടക്കുന്ന കിടപ്പു നോക്കുക! എത്ര വലിയ പറമ്പു പാഴായി ശൂന്യംപിടിച്ചു കിടക്കുന്നു! സ്വന്തം ആൾ പാൎപ്പില്ലാതെ വല്ല കൃഷിയും നടത്താൻ തരമില്ല. വീടും തൊടിയും വൃത്തിയാക്കി താമസിയാതെ അങ്ങട്ടു മാറണമെന്നു ഞാൻ കാൎയ്യമായി ആലോചിക്കയായിരുന്നു.

അ. മേ—ശരി, നന്ന്. ഇവൾ പഴയപടി ഇവിടെ ഏകച്ഛത്രാധിപതിയായി, സ്വൈരമായി വാഴട്ടെ!

മീ. അ—കളിയാക്കിയതു മതി കേട്ടോ.

അ. മേ—ഞാൻ കളി പറകയല്ല, കാൎയ്യംതന്നെ. എന്നാൽ മടക്കത്തപ്പാലിൽ ഡാസ്സിന്നു മറുപടി അയയ്ക്കാം. മീനാക്ഷി, ഒരു കാർഡു വാങ്ങാൻ ആളയയ്ക്കുക.

നാ. അ—കാർഡെഴുതേണ്ടാ. ഞാൻ നാളെ അങ്ങട്ടു പോകാം. കരുണാകരക്കുറുപ്പു നാളെ രാവിലെ എത്തും. കുറുപ്പിനേയും കൂട്ടിക്കൊണ്ടു ഞാൻ പോകാം. പാറുക്കുട്ടിയുടെ സ്ഥിതി എങ്ങിനെയാണെന്നു നോക്കട്ടെ, ബദ്ധപ്പാടുണ്ടെങ്കിൽ ഉടൻ ഞാൻ ഇങ്ങട്ടു കൂട്ടിക്കൊണ്ടുപോരാം. അല്ലെങ്കിൽ പുതിയ

പത്തായപ്പുരയിലെ നന്നാക്കൽ കഴിഞ്ഞിട്ടു വരാൻ എല്പിക്കാം. ഏട്ടൻ നാളെത്തന്നെ കുറേ കൂലിക്കാരെ കൂട്ടി നന്നാക്കൽ തുടങ്ങുമോ?

മീ. ഓ—നമുക്കു വൈകുന്നേരം അവിടെ പോയി നോക്കാം. എന്തൊക്കെയാണു ചെയ്യേണ്ടതെന്നു തീൎച്ചപ്പെടുത്താമല്ലൊ. ആദ്യം വീട്ടിനുള്ളിലെ അററകുററം തീൎക്കൽ നടത്താം. എന്നാൽ ആളുതാമസത്തിനു വേഗം സൌകൎയ്യപ്പെടുമല്ലൊ. പറമ്പും മററും പിന്നീടാകാം.

നാ. അ—അങ്ങിനെയാകാം.

പ്രതീക്ഷിച്ചിരുന്നപോലെ കരുണാകരക്കുറുപ്പ് പിറേറന്നു രാവിലെ പ്ലാവറെ എത്തി; അദ്ദേഹം വന്ന വണ്ടിയിൽതന്നെ നാരായണിഅമ്മ അദ്ദേഹത്തെയും കൂട്ടി തീവണ്ടിആപ്പീസിലേക്കും പുറപ്പെട്ടു. പാറുക്കുട്ടിഅമ്മയുടെ ശരീരാസ്വാസ്ഥ്യത്തെപ്പററി അറിഞ്ഞപ്പോൾ കുറുപ്പിന് അല്പം ഉൽക്കണ്ഠ ഉണ്ടായി, എങ്കിലും നാരായണിഅമ്മ പുതിയ പത്തായപ്പുരയിൽ മാറിപ്പാൎക്കുവാൻ തീൎച്ചപ്പെടുത്തിയതിൽ അദ്ദേഹം വളരെ സന്തോഷവും സംതൃപ്തിയും പ്രദൎശിപ്പിച്ചു. ഇതുകണ്ടു് അപ്പുക്കുട്ടമേനോൻ അൎത്ഥവത്തായ ഒരു നോട്ടം ഭാൎയ്യയുടെ നേൎക്കയക്കയും, ആയമ്മയുടെ മുഖം പൂൎവ്വസ്മരണകളാൽ ലജ്ജാകുലമാകയും ചെയ്തു. തൽഫലമായി ഊണു കഴിക്കുവാനിരുന്നപ്പോൾ മീനാക്ഷിഅമ്മയും ഭൎത്താവും തമ്മിൽ ഒരു ചെറിയ ശണ്ഠതന്നെ ഉണ്ടായി. മീനാക്ഷിഅമ്മ തന്റെ ഭൎത്താവിന്റെ പ്രതികാരവിചാരത്തെ കഠിനമായി അപലപിച്ചു; ഒടുവിൽ മേനോനെക്കൊണ്ടു തന്നോടു മാപ്പും ചോദിപ്പിച്ചു.

നാരായണിഅമ്മയും കുറുപ്പും മൂന്നു മണിക്കൂറിനുള്ളിൽ രാമപുരത്തെത്തി. കുമാരദാസ് തന്റെ കത്തിനു മറുപടി മാത്രമേ പ്രതീക്ഷിച്ചിരുന്നുള്ളു. ബന്ധുക്കളുടെ അപ്രതീക്ഷിതമായ വരവിൽ അദ്ദേഹവും കുടുംബവും അത്യന്തം സന്തോഷിക്കയും, പാറുക്കുട്ടിഅമ്മയുടെ സൌകൎയ്യത്തിനുവേണ്ടി ചെയ്യാനുദ്ദേശിച്ച ഏൎപ്പാടിനെപ്പററി കേട്ടു വളരെ തൃപ്തിപ്പെടുകയും നാരായണിഅമ്മയോടു നന്ദിപറകയുംചെയ്തു.

കുമാരദാസിനേയും കുടുംബത്തേയുംപററി ഈഘട്ടത്തിൽ അല്പം ചിലതു പ്രസ്താവിക്കേണ്ടിയിരിക്കുന്നു. ഇദ്ദേഹം പുലിയന്നൂർ ഗ്രാമത്തിലെ കരക്കോട്ടു തറവാട്ടിലെ ഒരംഗമായിരുന്നു. സ്വന്തം താവഴിയിൽ ദാസും, ഒരനുജനും, അമ്മയും, ഒരു സഹോദരിയും മാത്രമേ ഉണ്ടായിരുന്നുള്ളു. ദാസിന്നു നന്നെ ചെറുപ്പമായിരുന്നപ്പോൾതന്നെ അദ്ദേഹത്തിൻെറ അച്ഛൻ മരിച്ചു. പിന്നീടു രാമപുരത്തെ പോസ്റ്റ്മാസ്റ്ററായിരുന്ന ഉണ്ണിക്കുറുപ്പു കുമാരദാസിനെ തന്നോടുകൂടെ താമസിപ്പിച്ചു വിദ്യാഭ്യാസം ചെയ്യിച്ചു. അമ്മയും അനുജനും സഹോദരിയും തറവാട്ടിൽ കാരണവരുടെ സംരക്ഷണയിലും കഴിഞ്ഞു. സ്കൂൾഫൈനൽ പരിക്ഷ ജയിച്ചതോടുകൂടെ ദാസിന്നു തൻെറ പഠിപ്പു നിർത്തേണ്ടതായിവന്നു. ദാസിൻെറ ബുദ്ധിശക്തിയും പഠിപ്പിലുള്ള ഉത്സാഹവും കണ്ടു് അദ്ദേഹത്തെ ഉന്നതവിദ്യാഭ്യാസത്തിന്നയയ്ക്കേണമെന്നു പിതൃവ്യനു് ആഗ്രഹം ജനിച്ചു; എങ്കിലും ധനസ്ഥിതി മോശമാകയാൽ തനിയെ ആ ചുമതല നിർവ്വഹിപ്പാൻ തുനിഞ്ഞില്ല. ദാസിന്നാണെങ്കിൽ തറവാട്ടുകാരോടു സഹായം ചോദിക്കാനും മനസ്സുണ്ടായിരുന്നില്ല. ഉന്നതവിദ്യാലയത്തിലെ ഫീസിന്നും മററു ചെലവുകൾക്കും, പട്ടണത്തിലെ താമസത്തിന്നും മററുമായി തറവാട്ടിലെ ചുരുങ്ങിയ മുതലെടുപ്പിൽ വലിയൊരു ഭാഗം തൻെറ വിദ്യാഭ്യാസത്തിന്നായി ചെലവിടേണ്ടിവരുന്നപക്ഷം, തറവാട്ടിലെ മററംഗങ്ങൾക്കു പല ത്യാഗങ്ങളും ചെയ്യേണ്ടിവരും. ചുരുങ്ങിയതു നാലു കൊല്ലമെങ്കിലും പഠിച്ചു ബി. എ. ബിരുദം നേടിയാൽ തന്നെ, തന്നെക്കൊണ്ടു തറവാട്ടിലേയ്ക്കു് എന്തു ഗുണം ചെയ്വാൻ സാധിക്കും? ബിരുദം സമ്പാദിച്ച എത്രയോ നാട്ടുകാർ തൊഴിലില്ലാതെ ഉഴലുന്നു. അതുകൊണ്ടു തനിക്കു് ഉന്നതവിദ്യാഭ്യാസം ആവശ്യമില്ലെന്നും, സ്വന്തം കാലക്ഷേപത്തിന്നുതകുന്ന എന്തെങ്കിലും ഒരു തൊഴിലിൽ ഉടൻതന്നെ ഏർപ്പെടുകയാണുത്തമമെന്നും യുവാവായ ദാസ് തീർച്ചപ്പെടുത്തി.

സ്വദേശിപ്രസ്ഥാനം കേരളത്തിൽ ഊൎജ്ജിതമായി തുടങ്ങിയ കാലമായിരുന്നു അതു്. ദേശീയമനസ്ഥിതിയും, മാതൃഭൂമി സേവനത്തിലുള്ള അത്യാസക്തിയും ദാസിനെ ഈ പ്രസ്ഥാനത്തിൽ ചേരുന്നതിനു പ്രേരിപ്പിച്ചു. താമസിയാതെ ഈ യുവാവു ഖാദി പ്രചരണവേലയിൽ ഏൎപ്പെട്ടു കുറേനാൾ കേരളത്തിലും തെക്കേ ഇന്ത്യയിലെ മററു ഭാഗങ്ങളിലും ചുററി സഞ്ചരിച്ചു. കഷ്ടിച്ചു തൻെറ നിത്യവൃത്തി കഴിക്കുവാനുള്ള വക ഈ പ്രവൃത്തിയിൽനിന്നു സമ്പാദിക്കാനും കഴിഞ്ഞു. പക്ഷേ ഈ സഞ്ചാരജീവിതം ദാസിനെ മുഷിപ്പിച്ചു, എന്നു മാത്രമല്ല ആരോഗ്യത്തെ വൈകല്യപ്പെടുത്താനും തുടങ്ങി. തൻെറ ജീവിതത്തിൽ ഏറിയ ഭാഗവും കഴിച്ചുകൂട്ടി പല സ്നേഹിതന്മാരേയും പരിചയക്കാരേയും സമ്പാദിക്കുവാൻ ഇടയായിട്ടുള്ള രാമപുരത്തുതന്നെ സ്ഥിരതാമസമാക്കണമെന്നും, സ്വന്തമായി ഒരു ഖാദിവസ്ത്രാലയം നടത്തേണമെന്നുമായിരുന്നു അദ്ദേഹത്തിന്നു് അപ്പോൾ ആഗ്രഹമുണ്ടായതു്. ആദ്യമായി തറവാട്ടിൽ കാരണവരെക്കണ്ടു തൻെറ ആഗ്രഹം പറഞ്ഞു മനസ്സിലാക്കി സഹായത്തിന്നപേക്ഷിച്ചു. എന്നാൽ കാരണവർ സഹായിക്കാനൊരുക്കമുണ്ടായിരുന്നില്ലെന്നു മാത്രമല്ലാ, ഭാഗിനേയനെ ആ ആഗ്രഹത്തിൽനിന്നു പിന്തിരിക്കുവാനും, പുലിയന്നൂരിലെ ഒരു വിദ്യാലയത്തിൽ അദ്ധ്യാപകസ്ഥാനം കൈയ്യേററു്, തറവാട്ടിൽതന്നെ താമസിച്ചു് അവിടത്തെ കാൎയ്യങ്ങൾ നോക്കി ശീലിക്കുവാനുംകൂടെ നിൎബ്ബന്ധിച്ചു. കുമാരദാസ് കാരണവരുടെ ഈ ആജ്ഞയ്ക്കു വഴിപ്പെട്ടില്ല. യാഥാസ്ഥിതികനും സങ്കുചിതമനസ്കനുമായ കാരണവരോടൊന്നിച്ചുള്ള ജീവിതം മാതൃഭൂമിസേവനത്തിന്നുള്ള തൻെറ ഉദ്യമത്തിനു വിഘാതമുണ്ടാക്കുമെന്നു ദാസ് ഭയപ്പെട്ടു് കാരണവരുമായി പിണങ്ങിപ്പിരിയേണ്ടിവന്നു.

തൻെറ അമ്മയുടെ കൈവശം ഉണ്ടായിരുന്ന ആയിരം ഉറുപ്പിക ഈ ഘട്ടത്തിൽ ദാസിനു ലഭിച്ചു. രാമപുരത്തു മടങ്ങിവന്നശേഷം ദാസ് തൻെറ ഉദ്ദേശ്യത്തെ പിതൃവ്യനേയും അറി

യിച്ചു. അദ്ദേഹം ദാസിനെ തൻെറ ഉദ്യമത്തിൽ നാനാപ്രകാരേണ ഉത്സാഹിപ്പിക്കാനും സഹായിക്കാനും തയ്യാറായി. അഞ്ഞൂറുറുപ്പിക ദാസിന് അദ്ദേഹം കടമായി കൊടുക്കുകയും, ബുദ്ധിമുട്ടുകൂടാതെ മടക്കിക്കൊടുക്കുവാൻ സാധിക്കുന്ന കാലത്ത് അതു മടക്കിക്കൊടുത്താൽ മതി എന്നു പറകയുമുണ്ടായി. പിതൃവ്യൻെറ അനുഗ്രഹവും മാതാവിൻെറ ആശീർവ്വാദങ്ങളും ദാസിനെ ഈ ഘട്ടത്തിൽ ഒട്ടേറെ സഹായിച്ചു. അദ്ദേഹം സ്വന്തമായി ഒരു ഖാദിവസ്ത്രാലയം തുടങ്ങുകയും നിരന്തരപരിശ്രമം കൊണ്ടും ആത്മാർത്ഥമായ പ്രവൃത്തികൊണ്ടും അചിരേണ അത് അഭിവൃദ്ധിപ്പെടുകയും ചെയ്തു. മൂന്നു കൊല്ലത്തിനുള്ളിൽ പിതൃവ്യൻെറ അഞ്ഞൂറുറുപ്പിക മടക്കിക്കൊടുക്കുവാൻ തക്കവണ്ണം തനിക്കു ലാഭം കിട്ടി. എന്നാൽ പിതൃവ്യനാകട്ടെ ഈ സമയത്ത് ആ സംഖ്യ മടക്കിവാങ്ങാതെ ദാസിൻെറ കച്ചവടത്തിലുള്ള വിജയത്തെ അനുമോദിച്ചുകൊണ്ട് ആ തുക ദാസിന് ഒരു സമ്മാനമായിക്കൊടുക്കുകയാണുണ്ടായത്.

കുമാരദാസ് തൻെറ ഏററവും പരിമിതമായ മൂലധനം ആദ്യം ഖദർകച്ചവടത്തിനു മാത്രമായി മുടക്കി; പലതരത്തിലുള്ള ഖദർവസ്ത്രങ്ങളും ശീലകളും വരുത്തി ഒരു ചെറിയ ഷാപ്പു തുറന്നു വില്പന നടത്തിയതുകൂടാതെ, ആഴ്ചയിൽ രണ്ടു ദിവസം സമീപത്തുള്ള ഗ്രാമങ്ങളിലും ഉൾനാടുകളിലും ചരക്കു കൊണ്ടുപോയി വില്പനയും പ്രചാരണവേലയും ഒന്നായി നിർവ്വഹിച്ചു. കച്ചവടത്തിൽ അന്യായമായ ലാഭമെടുക്കുകയോ, കള്ളവു കാണിക്കുകയോ ചെയ്യാത്തതിനാലും, ഖദർവസ്ത്രത്തിൻെറ വലിയ വില നിമിത്തവും ആദ്യകാലങ്ങളിൽ ദാസിനു ലഭിച്ച വരവ് ഏററവും ചുരുങ്ങിയതായിരുന്നു. ഇങ്ങിനെ മൂന്നുനാലു കൊല്ലങ്ങൾ കഴിഞ്ഞശേഷം അദ്ദേഹം സ്വദേശി ജവുളികളും കൂടെ സംഭരിച്ചു വില്പന നടത്തുവാൻ തുടങ്ങി. തൽഫലമായി കച്ചവടത്തിൽ കൂടുതൽ അഭിവൃദ്ധി ഉണ്ടാകയും തനിക്കു നല്ലൊരു വരവു ലഭിച്ചുതുടങ്ങുകയും ചെയ്തു. ഒരു കുടുംബത്തെ പരിപാലിക്കാൻ തക്ക വരവുണ്ടായതോടുകൂടെ വിവാഹജീവി

ത്തിൽ ഏപ്പെട്ടു. പാറുക്കുട്ടിഅമ്മയെ വിവാഹം കഴിച്ചശേഷം രാമപുരത്തു് ഒരു സ്ഥലം വാടകക്കെടുത്തു സ്ഥിരതാമസമാക്കുകയും, തന്റെ അനുജനായ ശിവദാസിനെ മദിരാശിക്കയച്ചു നിയമവിദ്യാഭ്യാസം ചെയ്യിക്കയും ചെയ്തു. ശിവദാസും മംഗലത്തെ കരുണാകരക്കുറുപ്പും പട്ടണത്തിൽവെച്ചു് ഒരു കൊല്ലം സതീർത്ഥ്യരായിരുന്നു. ആ വഴിക്കാണു് കുമാരദാസിനു കുറുപ്പിനെപ്പററി കേൾപ്പാൻ ഇടവന്നതു്. കേൾവിയാൽ സുപരിചിതനെങ്കിലും ദാസ് ഇന്നു് ആദ്യമായിട്ടാണു് കുറുപ്പിനെ നേരിട്ടു കണ്ടതു്.

പ്രസ്തുത കാലത്തു കുമാരദാസിനോടുകൂടെ തന്റെ അനുജനും, മൂത്ത ഭാഗിനേയൻ ശ്രീനിവാസനും താമസമുണ്ടായിരുന്നു. ശിവദാസ് അവിടെ വക്കീൽപണിയിൽ ഏപ്പെട്ടിരുന്നു; ശ്രീനിവാസൻ സ്കൂൾഫൈനൽക്ലാസിൽ വായിക്കയായിരുന്നു. ദാസിനു നാലു സന്താനങ്ങളാണുണ്ടായിരുന്നതു്. അവരിൽ മൂത്തവർ രണ്ടാളും, കമലയും വേണുവും, അവിടത്തെ ദേശീയ വിദ്യാലയത്തിൽ പഠിക്കുകയായിരുന്നു. മററു രണ്ടു കുട്ടികളിൽ ശ്രീകുമാരനു് അഞ്ചു വയസ്സും ലീലാവതിക്കു രണ്ടു വയസ്സുമേ പ്രായമായിരുന്നുള്ളു.

നാരായണിഅമ്മയും കുറുപ്പും ശ്രീവിലാസത്തു് (അതായിരുന്നു വീട്ടുപേർ) എത്തിയപ്പോൾ, സന്തോഷഭരിതരായ കുമാരദാസും കുടുംബവും അവരെ സബഹുമാനം സല്ക്കരിച്ചു. ബന്ധുവായിരുന്നിട്ടും കേട്ടുപരിചയം മാത്രമുണ്ടായിരുന്ന കുറുപ്പിനെ കണ്ടു പരിചയമാകാനും തന്റെ അതിഥിയായി ഉപചരിക്കാനും ഭാഗ്യമുണ്ടായതിൽ ദാസ് അഭിമാനപൂർവം തന്നെത്തന്നെ അനുമോദിക്കുകയും, കുറുപ്പിനോടു നന്ദിപറകയും ചെയ്തു. കുറുപ്പു്, ഇതേ തരത്തിലുള്ള തന്റെ അന്തർഗ്ഗതവും അവിടെ പ്രദർശിപ്പിക്കാതിരുന്നില്ല. തന്റെ സതീർത്ഥ്യനായിരുന്ന ശിവദാസിനോടുകൂടെ ഒരു ദിവസം മുഴുവൻ നയിക്കാൻ സാധിച്ചതിൽ കുറുപ്പിനു കൂടുതൽ ചാരിതാർത്ഥ്യമാണുണ്ടായതു്. അന്യോന്യം ക്ഷേമാന്വേഷണം ചെയ്തുകൊണ്ടു് ഒരു മണി

ക്കർ നേരം എല്ലാവരും ഒരുമിച്ചിരുന്നു. പാറുക്കുട്ടിഅമ്മക്കു പ്രത്യേകിച്ചു രോഗമൊന്നും ഉണ്ടായിരുന്നില്ല. ആകപ്പാടെ ഒരു വിളർപ്പും ക്ഷീണവും തൽഫലമായി ചിലപ്പോൾ തലതിരിച്ചലും മാത്രമായിരുന്നു അസ്വാസ്ഥ്യലക്ഷണങ്ങൾ. ആ പട്ടണത്തിലെ ഒച്ചയും ബഹളവും, വീട്ടിലെ പല പ്രവൃത്തികളും തല്ക്കാലം അവൎക്ക് പററുന്നതല്ലെന്നും, പൂൎണ്ണമായ ആരോഗ്യം ലഭിക്കാൻ ശാന്തമായ പരിസരങ്ങളിൽ കുറേനാൾ വിശ്രമിക്കേണ്ടതേ ഉള്ളു എന്നും ഡാക്ടർ പറഞ്ഞ വിവരം അറിഞ്ഞപ്പോൾ നാരായണിഅമ്മക്കു മനസ്സമാധാനമുണ്ടായി. പുതിയ പത്തായപ്പുരയിലെ താമസത്തിന്നുള്ള ഏൎപ്പാടുകൾ എല്ലാവരും സസന്തോഷം സ്വീകരിച്ചു. അവിടത്തെ അററകുററം തീൎക്കൽ ഏതാണ്ടു തീൎന്നശേഷം ഒരാഴ്ചക്കുള്ളിൽ കുമാരദാസ് ഭാൎയ്യയെ അവിടെ കൂട്ടിക്കൊണ്ടാക്കാമെന്നേററു. വീട്ടുകാൎയ്യങ്ങളൊക്കെ മകൾ കമലയെ പറഞ്ഞു മനസ്സിലാക്കി അവിടെ മററു ചില ഏൎപ്പാടുകളും ചെയ്തശേഷമേ പാറുക്കുട്ടിഅമ്മക്കു വീടു വിടുവാനും തരമുണ്ടായിരുന്നുള്ളു. അതിനാൽ അവരുടെ നിർബന്ധപൂൎവ്വമായ അപേക്ഷ അനുസരിച്ച് അന്നേ ദിവസം അവിടെ കഴിപ്പാനും, പിറെറന്നാൾ രാവിലെ പരിവട്ടത്തേക്കു മടങ്ങിപ്പോവാനും നാരായണിഅമ്മ തീൎച്ചപ്പെടുത്തി.

സായാഹ്നം സമീപിച്ചപ്പോൾ കരുണാകരക്കുറുപ്പ് ശിവദാസിനോടൊന്നിച്ച് ആ പട്ടണം ചുററിക്കാണ്മാനായി പുറപ്പെട്ടു. അവിടത്തെ പ്രധാന തെരുവീഥികളിൽക്കൂടെ നടന്ന് ഒരു മണിക്കൂറിനുള്ളിൽ അവർ ഒരു മൈതാനത്തിലെത്തിച്ചേൎന്നു. അവിടെ ബാലന്മാർ കൂട്ടംകൂട്ടമായി പലേ കളികളിലും ഏൎപ്പെട്ടിരുന്നു. അവരുടെ ഉത്സാഹസൂചകമായ ചിരിയും സന്തോഷപൂൎവ്വമായ ആൎപ്പുവിളികളും കേട്ട് ആനന്ദനിമഗ്നനായ കുറുപ്പിന്റെ കാലുകൾ മുന്നോട്ടു നീങ്ങാതായി. "ഹേ ദാസ്, നമുക്കിവിടെ ഇരുന്നു കുട്ടികളുടെ കളി കാണുക. എത്ര കൌതുകകരമായ കാഴ്ച! നാടകമോ സിനിമയോ കാണുന്നതിനേക്കാൾ കുട്ടികളുടെ മത്സരക്കളി കാണുന്നതാണ് എനിക്കധി

കം ഇഷ്ടം" എന്നു പറഞ്ഞു കുറുപ്പു തൻെറ സ്നേഹിതനോടൊന്നിച്ചു് അവിടെ ഉണ്ടായിരുന്ന ഒരാൽത്തറമേൽ ചെന്നിരുന്നു.

ശിവദാസ്—മദിരാശിയിൽ പഠിച്ചിരുന്ന കാലത്തുതന്നെ നിങ്ങൾ കളികളിൽ ബഹു വിരുതു കാണിച്ചിരുന്നല്ലോ.

ക. കു—നിർഭാഗ്യവശാൽ ആ സൌവൎണ്ണകാലം എനിക്കു് ഏറെനാൾ അനുഭവിക്കാൻ ഇടയായില്ല. അതാ നോക്കു. കുട്ടികളുടെ ഉന്മേഷവും പ്രസരിപ്പും സാമൎത്ഥ്യവും സന്തോഷവും കാണുമ്പോൾ എനിക്കസൂയ തോന്നിപ്പോകുന്നു.

ശി—നിങ്ങൾ ചെറുപ്പത്തിൽ കളരിപ്പയററും മററും അഭ്യസിച്ച ആളല്ലെ? അതിൻെറ ഫലമായിരിക്കണം നിങ്ങളുടെ ശരീരം ഇത്ര ആരോഗ്യസ്ഥിതിയിൽ ഇരിക്കുന്നതു്. എൻെറ കഥയൊന്നാലോചിച്ചു നോക്കു. നാട്ടിൽ പഠിച്ചിരുന്ന കാലത്തു വിദ്യാലയത്തിലാകട്ടെ വീട്ടിലാകട്ടെ യാതൊരു വ്യായാമസൌകൎയ്യവും ലഭിച്ചിരുന്നില്ല. പിന്നെ മദിരാശിയിൽ പഠിച്ചിരുന്ന കാലത്തു് അവിടത്തെ സ്പോർട്ടസ്ക്ലബ്ബിൽ ചേരുവാൻ ധനദൌൎല്ലഭ്യവും അനുവദിച്ചിരുന്നില്ല.

ക. കു—ബാല്യത്തിൽ കളരിപ്പയററും മററും അഭ്യസിച്ചിട്ടുണ്ടു്; പക്ഷേ പഠിക്കുന്ന കാലത്തു് ഇത്തരം മത്സരക്കളികളിൽ പങ്കുകൊള്ളുവാൻ ഇടയായിട്ടില്ല. ഇപ്പോഴത്തെ കുട്ടികളാണു് അനുഗ്രഹീതർ. മത്സരക്കളികൾ മുഖേന അവൎക്കു കായികവും മാനസികവും സാമുദായികവുമായ എത്ര എത്ര ഗുണങ്ങൾ സിദ്ധിക്കുന്നു. കളിസ്ഥലങ്ങളിൽനിന്നു ലഭിക്കുന്ന സ്വഭാവഗുണങ്ങളാണു് പുസ്തകങ്ങളിൽനിന്നു ലഭിക്കുന്ന അറിവിനേക്കാളും, പരീക്ഷാബിരുദുകളെക്കാളും ഭാവിജീവിതത്തിൽ അവൎക്കു കൂടുതൽ ഉപകാരപ്രദമാകുന്നതു്.

ശി—സംശയമില്ല; അതുകൊണ്ടാണല്ലോ കായികവിദ്യാഭ്യാസം ഇപ്പോൾ പാഠശാലകളിൽ നിൎബ്ബന്ധവിഷയമാക്കിയിരിക്കുന്നതു്.

ക. കു—കായികവിദ്യാഭ്യാസം നിൎബ്ബന്ധവിഷയമാക്കി എന്നല്ലാതെ, പാഠശാലകളിൽ അതു വേണ്ടതുപോലെ നടത്തി

വരുന്നില്ല. മിക്ക വിദ്യാലയങ്ങളിലും, വിശേഷിച്ച്, ഗ്രാമങ്ങളിലെ പാഠശാലകളിലും, ദിനംപ്രതി ഏതാനും നിമിഷനേരത്തേക്കു ഡ്രിൽ എന്നു പറഞ്ഞു ചില വ്യായാമങ്ങൾ നടത്താറുണ്ട്. ചിലേടത്ത് അതും ആഴ്ചയിൽ ഒന്നോ രണ്ടോ ദിവസമേ നടത്താറുള്ളു. വളരെ നേരം ഒരേ നിലയിൽ അടങ്ങി ഒതുങ്ങി ഇരുന്ന് എഴുതുകയോ വായിക്കുകയോ ചെയ്യുന്നതുകൊണ്ടു കുട്ടികൾക്കുണ്ടാവുന്ന മുഷിവും ശരീരക്ഷീണവും മാററാൻ ഈ ഡ്രിൽ ഏറെക്കുറെ പ്രയോജനപ്പെടുന്നുണ്ട്. അല്ലാതെ കുട്ടികളുടെ ശരീരവളൎച്ചക്കോ ആരോഗ്യാഭിവൃദ്ധിക്കോ വലിയ സഹായമൊന്നും ചെയ്യാറില്ല. പിന്നെ കളിയുടെ കാൎയ്യമാണെങ്കിൽ അതും വല്ലപ്പോഴുമൊരിക്കലെ ഉണ്ടാകാറുള്ളു.

ശി—ഇപ്പോഴത്തെ നമ്മുടെ ധനസ്ഥിതിക്കും, ചെറുവിദ്യാലയങ്ങളുടെ സ്ഥിതിക്കും, ഇതിൽ കൂടുതൽ എന്തു ചെയ്വാൻ സാധിക്കും? എല്ലാ കുട്ടികൾക്കും കളിക്കുവാൻ തക്ക സ്ഥലസൌകൎയ്യമോ, കായികവ്യായാമത്തിനു വേണ്ട തുറസ്സായ സ്ഥലമോ ഇല്ലല്ലോ. സ്കൂൾ കെട്ടിടങ്ങൾ തന്നെ മിക്കവയും ശരിയായ ഉപയോഗത്തിനു പററിയവയല്ല. ഇരുട്ടടഞ്ഞ മുറികളോടുകൂടിയ ചില പഴയ വീടുകളിലും, തുറസ്സായ കളിസ്ഥാനമില്ലാത്ത ചില പീടികകളുടെ മാളികയിലും പല സ്കൂളുകൾ നടത്തിവരുന്നില്ലേ? ഇതിന്നൊക്കെ മാററം വരണം. എന്നാലെ നമ്മുടെ വിദ്യാലയങ്ങൾ മാതൃകാവിദ്യാലയങ്ങളായിത്തീരുകയുള്ളു. ക്രമേണ അങ്ങിനെ ആയിത്തീരുമെന്നാശിക്കാം.

ക. കു—വിദ്യാലയങ്ങളിലെ കുട്ടികൾക്കു മാത്രമല്ല മററുള്ളവൎക്കും നിത്യവും കായികാഭ്യാസത്തിനും കളികൾക്കും ഉള്ള ഏൎപ്പാടുകൾ വേണം. യൂറോപ്പിലേയും അമേരിക്കയിലേയും സ്ഥിതി നോക്കുക. വിദ്യാലയത്തിന്നു പുറമേ എത്ര കായികാഭ്യാസശാലകളും, നീന്തൽക്ലുബ്ബുകളും സ്പോൎട്ട്സ് ക്ലുബ്ബുകളുമാണുള്ളത്! അവിടുത്തെ ആളുകളുടെ ആരോഗ്യവും

അവർ പ്രവൃത്തിയിൽ കാണിക്കുന്ന ഉന്മേഷവും മററും മേല്പറഞ്ഞ ഏർപ്പാടുകളുടെ ഫലമാണ്. കുട്ടികൾക്ക് ആത്മവിശ്വാസവും സ്വാതന്ത്ര്യബുദ്ധിയും സ്വരാജ്യസ്നേഹവും അങ്കുരിക്കുന്നതിന്നുള്ള അടിസ്ഥാനം കളിസ്ഥലങ്ങളിൽനിന്നാണു ലഭിക്കേണ്ടതു്.

ശി—സകലത്തിന്നും ഗവൺമെണ്ടിന്റേയും വിദ്യാലയാധികാരികളുടേയും സഹായത്തെ നോക്കിയിരിക്കാതെ പൊതുജനങ്ങൾതന്നെ വിചാരിച്ചാൽ, ഇവിടേയും ചിലതൊക്കെ ചെയ്വാൻ സാധിക്കും. കുട്ടികൾക്കും യുവാക്കന്മാർക്കും കളിക്കുവാൻ നാട്ടിൽ ചില പ്രത്യേക കളിസ്ഥലങ്ങൾ തിരിച്ചിടണം. പൊതുജനങ്ങൾ ചേർന്നു സ്പോർട്ട്സ് ക്ലബ്ബുകൾ നടത്തണം. എല്ലാവരേയും മത്സരക്കളികളിൽ പങ്കുകൊള്ളുവാൻ ഉത്സാഹിപ്പിക്കണം. കുട്ടികളുടെ മാതാപിതാക്കന്മാർ ഉൾപ്പെടേയുള്ള പൌരന്മാർ തന്നെയാണു് ഇതിന്നുദ്യമിക്കേണ്ടതു്!

ക. കു—ഗവൺമെണ്ടും പൊതുജനങ്ങളും ഒത്തൊരുമിച്ച സഹായസഹകരണങ്ങൾ നടത്തിയാൽ എല്ലാം സാധിക്കും. നമ്മുടെ നാട്ടിൽ ഇനിയും അതു കണ്ടുതുടങ്ങിയിട്ടില്ല. ചില ദിക്കിൽ വക്കീലന്മാർ ചേർന്നു പ്രത്യേകം ക്ലബ്ബുകൾ നടത്താറുണ്ടല്ലോ, ഇവിടെ അങ്ങിനെ ഒന്നില്ലേ?

ശി—ഉണ്ടു്; അതിൽ ഒരു സ്പോർട്ട്സ് വകുപ്പുമുണ്ടു്.

ക. കു—എന്നാൽ നിങ്ങളും വ്യായാമകരങ്ങളായ കളികളിൽ പങ്കുകൊള്ളുന്നുണ്ടാവുമല്ലോ.

ശി—ഞാൻ കളിയിൽ ചേരാറില്ല; എനിക്കതിന്നു സാധിക്കുന്നില്ല.

ക. കു—ഛേ, അതു നന്നല്ല. വക്കീൽപണിയും വ്യായാമമില്ലായ്മയുമോ? കളിയിൽ വിശ്വാസമില്ലാഞ്ഞിട്ടല്ല; പിന്നെ ഈ അനാസ്ഥയുടെ കാരണം എന്തായിരിക്കാം?

ശി—വ്യായാമത്തിലും കളിയിലും തികച്ചും വിശ്വാസമുണ്ടു്. ഞാൻ നിത്യേന വ്യായാമത്തിന്നുവേണ്ടി രാവിലെ നാലഞ്ചു

മെൽവീതം നടക്കാറും ഉണ്ട്. പക്ഷേ ഞങ്ങളുടെ ക്ലബ്ബിൽ കളികൾ വൈകുന്നേരമേ ഉണ്ടാകാറുള്ളു. അപ്പോൾ എനിക്ക സമയം കിട്ടാറില്ല.

ക. കു—എന്തു്, കോടതികഴിഞ്ഞാൽ വൈകുന്നേരം നിങ്ങൾക്കെന്താണു പ്രവൃത്തി?

ശി—കോടതികഴിഞ്ഞാൽ ഉടൻ ഞാൻ ഷാപ്പിൽ എത്തും. ജ്യേഷ്ഠന്നു് എൻെറ സഹായം ആവശ്യമാണു്. എനിക്കിപ്പോഴും ജ്യേഷ്ഠനെ ആശ്രയിച്ചേ കഴിവാൻ തരമുള്ളു. അദ്ദേഹം രാപ്പകൽ പ്രയത്നിക്കുന്നു. എൻെറ ഒഴിവുസമയത്തു ഞാൻ അദ്ദേഹത്തെ സഹായിക്കേണ്ടതല്ലേ?

ക. കു—വക്കീൽപണിയിൽ പ്രവേശിച്ചിട്ടു കാലം കുറെ ആയല്ലൊ. ഇനിയും നല്ല പ്രാക്ടീസ് ഇല്ലെന്നോ?

ശി—വെറും മോശം. പഴക്കമില്ലാഞ്ഞിട്ടല്ല; ബി.എൽ.-ഉം, എം.എൽ.-ഉം കാശിന്നഞ്ചുവീതം ഉള്ളപ്പോൾ നമുക്കെന്തു കിട്ടാനാണു്? അള്ളുട്ടർതന്നെ ഇപ്പോൾ വെറുംകയ്യായി കഴിക്കുന്നു. എനിക്കു ചിലപ്പോൾ മജിസ്ത്രേട്ടുകോടതിയിൽ വല്ലതും കിട്ടാറുണ്ടു്; മുൻസീഫ്കോടതിയിൽ വെറും ഹാജരും.

ക. കു—അങ്ങിനെയോ? എന്നാൽ ഞാൻ പരീക്ഷ പാസ്സാകാതേയും പ്രാക്ടീസിൽ ഏൎപ്പെടാതേയും ഇരുന്നതിൽ വലിയ നഷ്ടമില്ല.

ശി—അതു പറവാൻ തരമില്ല. ഓരോരുത്തരുടെ ഭാഗ്യംപോലിരിക്കും. നിങ്ങൾക്കു കുടുംബപ്രാബല്യംകൂടെ ഉള്ളതുകൊണ്ടു നല്ല പ്രാക്ടീസ് കിട്ടാൻ ഇടയുണ്ടായിരുന്നു. പക്ഷേ നിങ്ങൾക്കിപ്പോൾ അതിൻെറ ആവശ്യമില്ലല്ലൊ. തറവാട്ടുഭരണം ചെറുപ്പത്തിലേ ലഭിച്ചതു ഭാഗ്യമല്ലേ?

ക. കു—ശിവ, ശിവ, നല്ലഭാഗ്യം! എന്തൊരു ഭാരവും സൊല്ലയുമാണെന്നോ? വളരെ ശാഖകളും അംഗങ്ങളുമുള്ള ഒരു തറവാടു ഭരിക്കുക, അതും യാതൊരു പരിചയവും സാമൎത്ഥ്യവുമില്ലാത്ത എനിക്കു്, എത്ര പ്രയാസമായ പ്രവൃത്തിയാണെ

ന്നറിയാമോ? ഒരു വലിയ നിർഭാഗ്യത്തിൻെറ ഫലമായിട്ടാണല്ലൊ ഈ ഭാരം എൻെറ ചുമലിൽ പെട്ടതു്. ആദ്യകാലങ്ങളിൽ ഞാൻ നന്നെ കുഴങ്ങി. ഒക്കെ വലിച്ചെറിഞ്ഞിട്ടോടാൻ തോന്നി.

ശി—ഒരു കാരണവരുടെ അധീനതയിൽ ഇരിക്കുന്നതിനേക്കാൾ കാരണവസ്ഥാനം ലഭിച്ചാൽ സ്വാതന്ത്ര്യമായിക്കഴിയാമല്ലോ. അതാണു ഞാൻ ഭാഗ്യമെന്നു പറഞ്ഞതു്.

ക. കു—ഹതവിധിയാൽ കാരണവസ്ഥാനം എൻെറ തലയിൽ വന്നുകയറിയതോടുകൂടെ എൻെറ സ്വാതന്ത്ര്യവും സുഖവുമൊക്കെ നശിച്ചു. ഒരുദിവസംപോലും സ്വൈരമില്ല. പണ്ടത്തെ കാരണവന്മാർ ചെയ്തിരുന്നപോലെ സ്വേച്ഛാധികാരം നടത്താൻ കഴിയുന്ന കാലമല്ലിതു്. ഏട്ടൻെറ കാലത്തുതന്നെ മട്ടൊക്കെ മാറി. കുടുംബാംഗങ്ങളാകട്ടെ, ആശ്രിതന്മാരാകട്ടെ, കുടിയാന്മാരാകട്ടെ സ്വേച്ഛാഭരണത്തിനു വഴിപ്പെടുകയില്ല. എത്ര നയവും ക്ഷമയും വേണമെന്നോ!

ശി—എങ്ങിനെയെങ്കിലും കുടുംബച്ഛിദ്രംകൂടാതെ കഴിയുന്നല്ലോ; അതു വലിയ ഭാഗ്യം. പക്ഷേ ചില താവഴിക്കാർ ഭാഗത്തിന്നാവശ്യപ്പെട്ടുവെന്നോ മറേറാ കേട്ടു. ഇത്ര വമ്പിച്ച ഒരു തറവാടു ഭാഗംകൂടാതെ കഴിയുന്നതിൽ പലക്കും ആശ്ചര്യവും അസൂയയും ഉണ്ടത്രെ!

ക. കു—ഈശ്വരാനുഗ്രഹവും കഴിഞ്ഞുപോയ കാരണവന്മാരുടെ സാമത്ഥ്യവുംകൊണ്ടു് ഏകയോഗക്ഷേമമായി നടന്നു. ഞാൻ കൈയ്യേറെറടുത്ത ആദ്യകാലങ്ങളിൽ വളരെ കുഴങ്ങി. തറവാട്ടുകാര്യങ്ങളെപ്പററി എനിക്കു യാതൊരു ഗന്ധവുമുണ്ടായിരുന്നതുമില്ല. പ്രാപ്തിയായി കാര്യം മനസ്സിലാക്കേണ്ട സമയമായപ്പോൾ ഞാൻ പഠിപ്പിന്നായി നാലഞ്ചുകൊല്ലം താമസവും പുറമേ ആയിരുന്നല്ലോ. പുസ്തകങ്ങളും വലിച്ചെറിഞ്ഞു വലിയൊരു ധമ്മസങ്കടത്തിൽ പെട്ടപ്പോൾ

ഞാൻ അച്യുതപ്പണിക്കരെ വരുത്തി. അപ്പോഴാണു കാൎയ്യങ്ങൾ കുറെക്കൂടെ വിഷമത്തിലായത്.

ശി—ആരാണീ അച്യുതപ്പണിക്കർ?

ക. കു—അമ്മാമന്റെ കാലത്തെ കാൎയ്യസ്ഥൻ. ഏട്ടന്റെ കാലത്തു ഈയാളെ പിരിച്ചയച്ചതാണ്. നിവൃത്തിയില്ലാതായിട്ടു ഞാൻ അയാളെ വരുത്തി. അതു കുടുംബാംഗങ്ങളിൽ മിക്കവൎക്കും രസിച്ചില്ല. ഏട്ടന്റെ കൂട്ടുകാരായിരുന്ന ചില നാട്ടുകാരും എന്റെനേൎക്കു തിരിഞ്ഞ് അയാളെ പിരിച്ചയക്കാൻ ഉപദേശിച്ചു. അക്കാലത്താണു ഭാഗത്തിന്റെ സംസാരമുണ്ടായത്.

ശി—പിന്നെ എങ്ങിനെയാണ് അതു കൂടാതെകഴിച്ചത്? ഇത്ര വലിയ തറവാടുകൾ ഭാഗം കഴിഞ്ഞു താവഴികളായി പിരിയുന്നതല്ലെ നല്ലത്.

ക. കു—താവഴികളായി പിരിച്ചുവിടുന്നതു ഭരണസൌകൎയ്യത്തിനു നന്നുതന്നെ. പക്ഷേ അക്കാലത്തു ഭരണപ്രാപ്തിയുള്ള പുരുഷന്മാർ വേറാരും ഉണ്ടായിരുന്നില്ല. എല്ലാവരും എന്നെക്കാൾ ചെറുപ്പമായിരുന്നല്ലോ. ചില കുസൃതിക്കാരായ സംബന്ധക്കാരാണു ഭാഗം ചോദിക്കാൻ പ്രേരിപ്പിച്ചത്. വാസ്തവസ്ഥിതി മനസ്സിലായപ്പോൾ ഭാഗം കൂടാതെകഴിക്കണമെന്ന് എനിക്കു വാശിയും തോന്നി. ഏട്ടന്റെ ചില ആപ്തമിത്രങ്ങളും കുടുംബക്ഷേമകാംക്ഷികളായ ചില സ്യാലന്മാരും എന്നെ സഹായിച്ചു. പണിക്കരെ പിരിച്ചുവിട്ടു രാവും പകലും പണിപ്പെട്ടു കാൎയ്യങ്ങൾ ഒക്കെ ഒരുവിധം ശരിപ്പെടുത്തി. കുടുംബകാൎയ്യമേ ശരണം എന്നുവെയ്ക്കണം, എന്നാൽ വൈഷമ്യമൊന്നുമില്ല. ഒരു നാലഞ്ചു കൊല്ലംകൂടി കഴിഞ്ഞാൽ താവഴികളിലെ പുരുഷന്മാർ പ്രായവും പ്രാപ്തിയും ഉള്ളവരായിത്തീരും. അപ്പോൾ ഭാഗം കഴിക്കണമെന്നാണു ഞാൻ തീരുമാനിച്ചിട്ടുള്ളത്.

ശി—ആരും അതിന്ന് ആവശ്യപ്പെടാത്തപക്ഷം ഇപ്പോൾ ന

ടക്കുന്നതുപോലെ തുടരാനെന്തു വിരോധം. കുടുംബപാരമ്പ ൎയ്യത്തെ നിങ്ങളായിട്ടെന്തിനു ലംഘിക്കണം?

ക. കു—ആരും ആവശ്യപ്പെട്ടില്ലെങ്കിലും ഭാഗം നടത്തണമെന്നാണു് എൻെറ ആഗ്രഹം. എന്നേക്കാൾ കൂടുതൽ പ്രാപ്തിയും കാൎയ്യശേഷിയുമുള്ള ആളുകൾ മററു താവഴികളിൽ ഉണ്ടെന്നുവരും. അവരുടെ സാമൎത്ഥ്യത്താൽ സ്വന്തതാവഴികൾക്കു കൂടുതൽ അഭിവൃദ്ധിയുണ്ടാകാനിടയുണ്ടു്. അതിന്നുള്ള സ്വാതന്ത്ര്യവും സൌകൎയ്യവും അവൎക്കു നൽകേണ്ടതു് എൻെറ കടമയല്ലെ? സ്വാൎത്ഥം നോക്കുകയാണെങ്കിലും എനിക്കതു നന്നു്. എൻെറ യൌവനം മുഴുവനും ഒരു വിശ്രമമോ സ്വൈരമോ ഇല്ലാതെ കാൎയ്യംനോക്കി കഴിയുന്നു. സാമുദായികമോ രാഷ്ട്രീയമോ ആയ കാൎയ്യങ്ങളാണെങ്കിൽ, അതിലും എനിക്കു് അല്പവും ശ്രദ്ധിക്കാൻ സാധിച്ചിട്ടില്ല.

ശി—അതു ശരി. വിശ്രമവും ലഭിക്കും, മററു കാൎയ്യങ്ങളിൽ പങ്കെടുക്കുവാനും സാധിക്കും.

ക. കു—വയസ്സുകാലത്തെങ്കിലും കുറെ ശാന്തജീവിതം വേണ്ടേ? നാട്ടിന്നും സമുദായത്തിന്നും വല്ലതും ചെയ്യേണ്ട കടമയും നിൎവ്വഹിക്കേണ്ടതാണല്ലോ. ആകട്ടെ ദാസ്, ഇത്രനേരം എൻെറ കാൎയ്യം പറഞ്ഞുകഴിഞ്ഞു; നിങ്ങളുടെ സ്ഥിതിയെപ്പററി എനിക്കു കേൾക്കേണ്ടെന്നോ? എന്തൊക്കെയാണു കഥ, പറയൂ.

ശി—അതു നേരത്തെ രണ്ടു വാക്കിൽ പറഞ്ഞുകഴിഞ്ഞുവല്ലോ. പ്രാക്ടീസ് പേരിന്നുമാത്രം; ജ്യേഷ്ഠൻെറ കച്ചവടസംബന്ധമായ ജോലിയിൽ സഹായിക്കയാണു മുഖ്യപണി. ഒരാളുടെ ദൃഷ്ടിയും യത്നവും അതിന്നു മതിയാകുന്നില്ല. പലപ്പോഴും ജ്യേഷ്ഠന്നു പുറമെ പോകേണ്ടതായുമുണ്ടു്.

ക. കു—കച്ചവടം അഭിവൃദ്ധിപ്പെട്ടുവരുകയല്ലേ? കുമാരദാസിന്നു അതിൽ പ്രത്യേക അഭിരുചിയുള്ളപോലെ തോന്നുന്നു.

ശി—ജ്യേഷ്ഠൻെറ കച്ചവടത്തിലുള്ള പ്രത്യേകഅഭിരുചിയും അതിന്നനുയോജിച്ച പ്രയത്നവുംകൂടെ കൂടിച്ചേൎന്നാൽ പ

രോഗതിക്ക പിന്നെ എന്താണാവശ്യം? ആദ്യകാലങ്ങളിൽ എനിക്ക വളരെ മുഷിവു തോന്നിയിരുന്നു. ഇപ്പോൾ അതൊക്കെ പോയി. താമസിയാതെ എന്നെ കൂട്ടുടമസ്ഥനാക്കാനാണു ജ്യേഷ്ഠൻ ഉദ്ദേശിക്കുന്നത്.

ക. കു — അതു തരക്കേടില്ല. ഇപ്പോൾ ഖാദിഷാപ്പു കൂടാതെ സ്വദേശിത്തുണികൾക്ക വേറൊരു ഷാപ്പുകൂടെ തുറന്നിരിക്കുന്നതായി കേട്ടുവല്ലോ.

ശി — കഴിഞ്ഞ കൊല്ലംവരെ ഖാദിയും സ്വദേശിയും ഒരേ ഷാപ്പിൽതന്നെ വിററുവന്നിരുന്നു. ഇക്കൊല്ലം മുതല്ക്കാണു വേറെയാക്കിയത്.

ക. കു — നിങ്ങളുടെ രണ്ടാളുടേയും വെവ്വേറെയുള്ള മേൽനോട്ടത്തിന്നായിരിക്കാം; ഏതാണു നിങ്ങളുടേത്?

ശി — അതിന്നു വേണ്ടിയല്ലാ; എനിക്കിപ്പോൾ പ്രത്യേകമായി ഉത്തരവാദിത്വമൊന്നുമില്ല. ഖാദിഷാപ്പിൽ സ്വദേശിത്തുണികൾക്കൂടെ വെച്ചു വില്ക്കുന്നതു ഖാദിപ്രചരണത്തിന്നു തടസ്ഥമായി തീരുന്നു. വസ്ത്രം വാങ്ങുവാൻ വരുന്നവരുടെ കണ്ണുകൾ വില സ്ഥായമുള്ള സ്വദേശിത്തുണികളിലേക്ക തിരിയുന്നു.

ക. കു — നമ്മുടെ രാഷ്ട്രീയനേതാക്കന്മാർ സ്വദേശിത്തുണിയെ ബഹിഷ്കരിച്ചിട്ടില്ല. കൂടാതെ ദരിദ്രക്ക് സ്വദേശിയുടെ വിലകുറവു് ഒരു സഹായവുമല്ലേ?

ശി — ദരിദ്രരല്ലാത്തവർകൂടെ സ്വദേശിവസ്ത്രങ്ങളിൽ അധികം പ്രതിപത്തി കാണിക്കുന്നു. ഖാദിയുടെ മാഹാത്മ്യത്തെ ശരിയായി ധരിച്ചിട്ടുള്ള ധനവാന്മാരുടെ സ്വദേശിത്തുണിയിലുള്ള പ്രതിപത്തിയെ പിന്തിരിക്കുവാൻവേണ്ടിയാണു ജ്യേഷ്ഠൻ അതിനെ വേറൊരു ഷാപ്പിലേക്കു മാററിയിട്ടത്.

ക. കു — സ്വദേശി വേണമെന്നു് ആഗ്രഹമുള്ളവക്ക് അതു കിട്ടുന്നിടത്തുപോയി വാങ്ങാമല്ലോ. ഖാദിപ്രചരണമാണുദ്ദേശമെങ്കിൽ സ്വദേശി തീരെ വില്ക്കാതിരിക്കണം.

ശി—അതു തീരെ ഉപേക്ഷിക്കുവാനാണു വിചാരം. പക്ഷേ, ശേഖരിച്ചുവെച്ച ചരക്കുകൾ നഷ്ടംകൂടാതെ കഴിക്കുവാനാണ് ഇപ്പോൾ ശ്രമിക്കുന്നതു്. ഇക്കൊല്ലത്തോടെ അതു കഴിയും. പിന്നെ ധാന്യങ്ങൾ, പഞ്ചസാര, എണ്ണ, നാട്ടുമരുന്നുകൾ മുതലായവയാണ് ആ ഷാപ്പിൽ കച്ചവടത്തിന്നുദ്ദേശിക്കുന്നതു്.

ക. കു—കുമാരദാസിൻെറ ഷാപ്പിൽ സ്വദേശിത്തുണികളില്ലെങ്കിൽ മററു ഷാപ്പുകളിലില്ലേ? അതു വേണമെന്നുള്ളവർ അവിടെനിന്നു വാങ്ങും. അതുകൊണ്ടു് അദ്ദേഹത്തിൻെറ ഖാദിപ്രചരണോദ്ദേശ്യം കൂടുതൽ സാദ്ധ്യപ്രായമാകുന്നതെങ്ങിനെ?

ശി—ജ്യേഷ്ഠൻെറ പരിചയക്കാരായും ക്ഷേമാശംസികളായും പല ആളുകൾ ഈ പട്ടണത്തിലുണ്ടു്. അവരൊക്കെ ഞങ്ങളുടെ പതിവുകാരും, സാമാന്യം നിവൃത്തിയുള്ളവരും ആണ്. അവർ ഷാപ്പിൽ വന്നാൽ സ്വദേശി ഇല്ലെന്നു കണ്ടാൽ ജ്യേഷ്ഠനെക്കരുതിയെങ്കിലും ഖാദി വാങ്ങും. അതു ഖാദിയുടെ കൂടുതൽ പ്രചരണത്തിനു വഴിയല്ലേ? ഏറെക്കുറെ ഇതു ഫലിച്ചും കണ്ടിരിക്കുന്നു. ഖാദി വാങ്ങാൻ നിവൃത്തിയില്ലാത്തവർ മററു ഷാപ്പുകളിൽനിന്ന് എന്തെങ്കിലും വാങ്ങട്ടെ; അതു തടയാൻ നമുക്കു സാദ്ധ്യമല്ല. അവക്കു ഖാദിയുടെ നേക്കുള്ള വിപ്രതിപത്തികൊണ്ടല്ലല്ലൊ അങ്ങിനെ ചെയ്യുന്നതു്.

ക. കു—ഖാദിയോടു പ്രതിപത്തി അധികവും ദരിദ്രക്കും ഇടത്തരക്കാക്കുമാണ്; വിപ്രതിപത്തി ധനികക്കാണെന്നാണ് ഞാൻ മനസ്സിലാക്കീട്ടുള്ളതു്. അവർ ഖാദി ധരിക്കുന്നതു പുറമേ ഇറങ്ങുമ്പോഴാണ്; വീട്ടിനുള്ളിൽ നനുത്ത മല്ലും, മിനുത്ത പട്ടും.

ശി—പുറമേയിറങ്ങുമ്പോഴെങ്കിലും ഖാദി ഉപയോഗിക്കുന്നതിൽനിന്നുതന്നെ അവർ അതിനെ ബഹുമാനിക്കുന്നുണ്ടെന്നു തെളിയുന്നു. ദേശീയമനോഭാവം അവക്കു പൂണ്ണമായി

ഉണ്ടായിട്ടില്ലെങ്കിലും, ദേശീയത്വത്തിൽ ഒന്നുരണ്ടു സോപാനങ്ങൾ അവർ കയറി എന്നല്ലേ വിശ്വസിക്കേണ്ടതു്?

ക. കു—പുറമേ ഇറങ്ങുമ്പോൾ മാത്രം ഖാദി ധരിക്കുന്നവരുടെ പ്രവൃത്തി ഒരുതരം കപടനാട്യമാണെന്നാണ് ഞാൻ വിചാരിക്കുന്നതു്. ജനങ്ങളുടെ കണ്ണിൽ പൊടിയിട്ടു് അവരുടെ നേതൃത്വം സമ്പാദിക്കാനുള്ള ഒരു നയമായിട്ടല്ലാതെ ഖാദിസ്വീകരണം ഒരു സ്ഥിരമായ പ്രമാണമായി അവർ അംഗീകരിച്ചിട്ടുണ്ടോ?

ശി—നയമായിട്ടുതന്നെ എന്നു വെയ്ക്കുക; പക്ഷേ അതു വെറും കപടനാട്യമായിട്ടു ഞാൻ കരുതുന്നില്ല. നയമായാലുംകൂടെ അതിന്നൊരു വിലയുണ്ടു്. ക്രമേണ ആ നയം പ്രമാണമായിത്തന്നെ പരിണമിക്കും. നമ്മിൽ ഇല്ലാത്ത ചില ഗുണങ്ങൾ ഉണ്ടെന്നു നടിച്ചാൽ കാലക്രമത്തിൽ ആ ഗുണങ്ങൾ നമ്മിൽ ഉണ്ടായിത്തീരും എന്നു മനശ്ശാസ്ത്രവും സമ്മതിച്ചിട്ടുണ്ടല്ലോ.

ക. കു—ഏതായാലും ആശയോടുകൂടെ കാത്തിരിക്കാം.

നേരം ഇരുട്ടായതു കണ്ടു സ്നേഹിതന്മാർ സംഭാഷണം മതിയാക്കി അതിലെ കടന്നുപോയ ഒരു ബസ്സിൽ കയറി വീട്ടിലേയ്ക്കു മടങ്ങേണ്ടിവന്നു.

## അദ്ധ്യായം 13

### പരിവട്ടത്തെ മഹിളാസമാജത്തിൻെറ ആവിർഭാവം

രയിരുക്കുറുപ്പു് തൻെറ ഭാര്യയ്ക്കു വീടു പണിയിക്കാനായി വാങ്ങിയ സ്ഥലം പ്ലാവറെ വീട്ടിൽനിന്നു തെക്കുമാറി മുക്കാൽ ഫർലോങ്ങു് അകലെ എട്ടേക്കർ അളവുള്ള ഒരു പറമ്പായിരുന്നു. അക്കാലത്തു് അതിന്നു വയൽപറമ്പു് എന്നായിരുന്നു പേർ. ഈ പറമ്പിൻേറയും പിന്നിലുള്ള പാടങ്ങളുടേയും മദ്ധ്യേയായി ഒരു ചെറുതോടുണ്ടായിരുന്നു. മദ്ധ്യവേനലിലൊഴികെ

മററു സമയങ്ങളിൽ ഇതിൽക്കൂടെ വെള്ളമൊഴുകി സമീപത്തുണ്ടായിരുന്ന ഭാരതപ്പുഴയുടെ ശാഖയിൽ ചെന്നുചേൎന്നു. പറമ്പ് ഫലവൃക്ഷസമൃദ്ധമായിരുന്നതു കൂടാതെ, ഒരു ചെറിയ ഭവനവും അതിലുണ്ടായിരുന്നു. മേൽപറഞ്ഞ തോട്ടിനു സമീപമുള്ള സ്ഥലത്തു കരിമ്പുകൃഷി ധാരാളമുണ്ടായിരുന്നു. പറമ്പിൽനിന്നു പാടത്തേക്കിറങ്ങുന്നത് തോട്ടിൻമീതെ ഇട്ടിരുന്ന പലകപ്പാലം വഴിയായിരുന്നു. കുറുപ്പ് ചെറുതും പഴകിയതുമായ ആ ഭവനം പൊളിച്ചുകളഞ്ഞ് തൽസ്ഥാനത്ത് നാലുകെട്ട്, നടുമുററം, മാളിക, നെല്ലിട്ടു സൂക്ഷിക്കുവാൻ പത്തായമുറി, ചുററും വിശാലമായ വരാന്ത മുതലായവയോടുകൂടിയ ഒരു വലിയ ഭവനം പണി കഴിപ്പിച്ചു. ഈ പ്രധാന കെട്ടിടം കൂടാതെ അതിൻെറ ഇടതുവശത്തായി ഒരു ആറുകാൽപുരയും നിൎമ്മിച്ചു. ഇത് അരയോളം പൊക്കത്തിൽ ചുററും ചുമരും, ബാക്കി മച്ചോളം ഇരുമ്പഴികളും, നാലു ഭാഗത്തും വാതിലുകളും, തട്ടിട്ടു മച്ചാക്കിയ മേൽപുരയും ഉള്ള വിശാലമായ ഒരു ഒററത്തളമായിരുന്നു. മച്ചിൽ നാളികേരം സൂക്ഷിക്കുന്നതിനും, തളത്തിൽ വിശേഷദിവസങ്ങളിൽ അതിഥികൾക്കിരിക്കുന്നതിനും ഭക്ഷണം കഴിക്കുന്നതിനും വേണ്ടിയായിരുന്നു ആറുകാൽപുര പണിയിച്ചത്. അക്കാലത്തു പരിവട്ടത്തുണ്ടായിരുന്ന ഭവനങ്ങളിൽവെച്ചു പുതുമയും മെച്ചവും ഏറിയിരുന്നതുകൊണ്ട് ആ ഭവനത്തിന്നു വയൽപറമ്പുവീട് എന്ന പേർ മാററി 'പുതിയ പത്തായപ്പുര' എന്നു നാമകരണം ചെയ്തു.

ഉടമസ്ഥയായ കുഞ്ചിഅമ്മ ഏതാനും ദിവസം മാത്രമേ ഈ ഭവനത്തിൽ പാൎത്തുള്ളൂ. രണ്ടു കൊല്ലം അവരുടെ അനുജത്തിമാർ അവിടെ താമസിച്ച് ഗൃഹത്തേയും പറമ്പിനേയും വേണ്ടവിധം പരിപാലിച്ചു. പിന്നീട് ഉടമസ്ഥയോ ബന്ധുജനങ്ങളോ അവിടെ താമസിക്കയുണ്ടായില്ല. ചില കാലങ്ങളിൽ വാടകക്കു് ആൾ പാൎത്തിരുന്നു; മററു സമയം വെറുതെ പൂട്ടിയിടേണ്ടിയും വന്നു. ഉടമസ്ഥരുടെ ദൃഷ്ടി പതിയാതായപ്പോൾ ഭവനം അററകുററപ്പെടുകയും, പറമ്പിൽ പുല്ലും പടപ്പും നിറ

കയും ചെയ്തു. കരിമ്പുകൃഷി അചിരേണ നാമാവശേഷമായി. വൃക്ഷങ്ങളുടെ ഫലപുഷ്ടിയും കുറഞ്ഞു. കുഞ്ഞിഅമ്മ മരിച്ചതോടുകൂടെ പുതിയ പത്തായപ്പുരയ്ക്കു് ആ പേരു തീരെ യോജിക്കാത്തവിധം അലങ്കോലപ്പെട്ടു് ആകപ്പാടെ ഒരനാഥത്വം ആ ഗൃഹത്തെ ബാധിച്ചു.

പുതിയ പത്തായപ്പുരയുടെ പണി തീൎന്നിട്ടു് ഇപ്പോൾ മുപ്പതിൽപരം കൊല്ലങ്ങളായി; എന്നുവരുകിലും കെട്ടിടംപണിക്കുപയോഗിച്ച കല്ലുകൾ വളരെ ഉറപ്പുള്ളവയും, മരം നല്ല പാകവും ബലവും ഉള്ളവയും ആയിരുന്നതിനാൽ, അവയ്ക്കു സാരമായ യാതൊരു കേടുപാടും തട്ടിയിരുന്നില്ല. നാരായണി അമ്മ അവിടെ താമസമാക്കാനുറച്ചതോടുകൂടെ ആശാരി, കൊല്ലൻ, പെരുതേരി, ചുണ്ണാമ്പുപണിക്കാർ എന്നിങ്ങിനെ പല പ്രവൃത്തിക്കാരും ഒത്തൊരുമിച്ചു് ഒരു മാസം യത്നിച്ചതിന്റെ ഫലമായി ആ കെട്ടിടത്തിനു വീണ്ടും ഒരു പുതുമയും വെടുപ്പും ഭംഗിയുമൊക്കെ സിദ്ധിച്ചു. അററകുററം തീൎക്കുന്ന പണി ആരംഭിച്ചു് അത്യാവശ്യത്തിനു ചില അറകൾ തയ്യാറായപ്പോൾതന്നെ നാരായണിഅമ്മയും മററും അവിടെ താമസം തുടങ്ങി. മററു പണികൾ അവരുടെ മേൽനോട്ടത്തിൽ നടന്നതുകൊണ്ടു് അതിശീഘ്രവും ഭംഗിയായും നിൎവ്വഹിക്കപ്പെട്ടു. പുതിയ പത്തായപ്പുര വീണ്ടും ഒരു പുതിയ ഭവനമായി പുതിയ ആളുകൾക്കു് ആവാസയോഗ്യമായിത്തീൎന്നു.

കന്നിവെറിക്കാലം. പകൽ മുഴുവൻ കടുത്ത ഉഷ്ണമായിരുന്നെങ്കിലും സായാഹ്നം സമീപിച്ചു സൂൎയ്യൻ താണുതുടങ്ങിയപ്പോൾ ചൂടും കുറഞ്ഞുതുടങ്ങി. ഭാരതപ്പുഴയിൽ തട്ടിവന്ന ശീതള സമീരൻ പ്രകൃതിയുടെ ആശ്വാസനിശ്വാസംപോലെ മന്ദമായി വീശി. കൊയിത്തുകഴിഞ്ഞു് ഒഴിഞ്ഞുകിടന്ന ചില പാടങ്ങളിൽ കുട്ടികൾ കൂട്ടംകൂട്ടമായി പലതരം കളികളിൽ ഏൎപ്പെട്ടിരുന്നു. പറമ്പുകളിൽ പണി എടുത്തിരുന്ന കൂലിക്കാർ കൈക്കോട്ടും കൈയ്യിലേന്തി ക്ഷീണത്താൽ മന്ദഗതിയായി

വീട്ടിലേക്കു മടങ്ങുകയായിരുന്നു. ഇവരിൽ ചിലർ തോട്ടിൽ കുളിക്കുവാനും ഇറങ്ങി.

നാരായണിഅമ്മ പറമ്പു കൊത്തുകയും വൃക്ഷങ്ങൾക്കു വളമിടുകയും ചെയ്തിരുന്ന കൂലിക്കാരോട് അന്നത്തെ പണി മതിയാക്കുവാൻ പറഞ്ഞ് അവൎക്കു കൂലികൊടുക്കുകയായിരുന്നു. കൂലിയിൽ ലോഭം കാണിക്കാതിരിക്കയും, ഉച്ചക്കു വയറുനിറയെ ഭക്ഷണം നൽകി ഒരു മണിക്കൂർ വിശ്രമമനുവദിക്കുകയും ചെയ്തിരുന്നതുകൊണ്ട്, പണിക്കാർ ഉത്സാഹത്തോടുകൂടെ സന്ധ്യവരെ പ്രവൃത്തി എടുക്കുവാൻ സന്നദ്ധരായിരുന്നു. എന്നാൽ നാരായണിഅമ്മ പണിക്കാരിൽ സ്ത്രീകളെ അഞ്ചുമണിക്കുതന്നെ പറിച്ചയക്കയും, പണി വല്ലതും ബാക്കി വരുന്നതു പുരുഷന്മാരെക്കൊണ്ടു പൂൎത്തിയാക്കിക്കുകയും ചെയ്കയായിരുന്നു പതിവ്. പിറ്റെ ദിവസത്തെ പണിക്കു വേണ്ട ഉപദേശങ്ങൾ കൊടുത്തും, പറമ്പിൽ ഒഴിഞ്ഞു കിടന്ന സ്ഥലത്ത് ഏതുതരം കൃഷിയാണ് അപ്പോൾ ചെയ്വാൻ പററിയത് എന്ന് അവരുമായി ആലോചിച്ചു തീൎച്ചപ്പെടുത്തിയും, അതിനു വേണ്ട ചെലവിനെപ്പററി കണക്കെടുത്തും, അല്പസമയംകൂടെ കഴിച്ച് അവരെയും പറിച്ചുവിട്ടു. പണിക്കാർ പോയശേഷം അവർ പറമ്പിൽ മുറിച്ചിട്ടിരുന്ന ഒരു തെങ്ങിൻതടിമേൽ ഇരുന്ന് അല്പം വിശ്രമിച്ചു. അതുകണ്ടു പടിവാതുക്കൽ കരഞ്ഞുനിന്ന ശ്രീകുമാരനേയും കൈക്കു പിടിച്ചു കൂട്ടിക്കൊണ്ടു പാറുക്കുട്ടിഅമ്മയും അങ്ങോട്ടു ചെന്നു. താടിക്കു കയ്യൂന്നി കുനിഞ്ഞിരുന്ന നാരായണിഅമ്മ ശ്രീകുമാരൻെറ കരച്ചിൽ കേട്ടു തിരിഞ്ഞുനോക്കി, "അല്ലാ, ഉണ്ണി കരയുന്നോ? എന്തിനാണിത്? ആരെങ്കിലും കുട്ടിയെ ഉപദ്രവിച്ചുവോ?" എന്നന്വേഷിച്ചു.

പാ. അ—ആരും ഉപദ്രവിച്ചില്ല; ഇവനാണുപദ്രവി. ചെറിയ ലീലപോലും മററു കുട്ടികളോടു ചേൎന്ന് ഉത്സാഹമായി കളിച്ചു നടക്കുന്നു; ഇവൻ ആരോടും ചേരില്ല. എൻെറ കൈക്കു തൂങ്ങിക്കൊണ്ടു നടക്കുന്നു.

നാ. അ—ഉണ്ണീ ഇവിടെ വരൂ. വല്യമ്മയുടെ മടിയിൽ ഇരു

ന്നാൽ എന്തൊക്കെ കാണാം! അതാ, ആ പാടത്തേക്കു നോക്കു.

ശ്രീകുമാരൻ വിങ്ങിക്കരഞ്ഞുകൊണ്ടു നാരായണിഅമ്മയുടെ മടിയിൽ ചെന്നിരുന്നു. അവർ അവൻെറ മുഖമുയർത്തി തൻെറ രണ്ടാംമുണ്ടുകൊണ്ടു കണ്ണും മുഖവും തുടച്ചു വൃത്തിയാക്കി കരച്ചൽ മാററി.

പാ. അ—അവന്നു് അച്ഛൻെറ വീട്ടിൽ പോകണമത്രേ. അടുത്ത പ്രാവശ്യം അച്ഛൻ വരുമ്പോൾ കൂടെ അയച്ചുകളയാം. എന്നാൽ എനിക്കിവിടെ സൈ്വരമായിരിക്കാമല്ലോ.

കുട്ടി—(വീണ്ടും കരഞ്ഞുകൊണ്ടു്) അമ്മയും വരണം; എന്നാലേ ഞാമ്പോവൂ.

പാ. അ—ഞാൻ വരുന്നില്ല; തിടുക്കമുണ്ടെങ്കിൽ നീ പൊയ്ക്കോ. നിണക്കിവിടെ എന്താണൊരു കുറവു്? ഓടിച്ചാടി നടന്നു കളിക്കാൻ ഇവിടെ ധാരാളം സ്ഥലമുണ്ടു്. അവിടത്തെപ്പോലെ മുറിക്കുള്ളിൽ ഓടി ഉരുണ്ടുവീണു് മുറിയേല്ക്കില്ലല്ലോ. ദേഹത്തുണ്ടായിരുന്ന മുറിവുകളൊക്കെ ഇപ്പോൾ മാറി സുഖമായില്ലേ?

കുട്ടി—ഇവിടെ വണ്ടിയും ഒന്നും കാണില്ല. ഒരു രശേല്ലാ. ശാപ്പിൽ എത്ര കാറും വണ്ടിയും വരും. ഇവിടെ ഒന്നൂല്ല.

പാ. അ—കാറിൻെറയും വണ്ടിയുടേയും ശബ്ദം പകൽ മുഴുവൻ കേട്ടുകേട്ടാണു് എൻെറ തലക്കൊരു സുഖമില്ലാതായതു്. ഇപ്പോഴെന്തൊരാശ്വാസം! ഞാനിപ്പോൾ വരുന്നില്ല.

നാ. അ—എൻെറ ഉണ്ണി ആ തോട്ടിലേക്കു നോക്കു. അവിടെ കാണുന്ന കാഴ്ച അച്ഛൻെറ വീട്ടിൽ കാണില്ലല്ലോ. അതാ എത്ര കുട്ടികൾ തോട്ടിൽ ചാടുകയും നീന്തുകയും ചെയ്യുന്നു! അവർ വെള്ളംതെററിക്കളിക്കുന്നതു കണ്ടില്ലേ?

കുട്ടി—ഞാ ങ്കാണിണില്ല. എടെ?

നാരായണിഅമ്മ വീണ്ടും ചൂണ്ടിക്കാണിച്ചുകൊടുത്തു.

കുട്ടി—ഓ, ഇപ്പക്കാണാം, ഒേ, ആ ചെക്കൻ ഇപ്പച്ചാടും. ഠിം.

അതാ ചാടി. അയ്യോ അവനേടെപ്പോയി വല്യമ്മേ? കാണിന്നില്ല.

നാ. അ—ഇതാ ഇക്കരെ നോക്കു. അവൻ ഇവിടെ എത്തി.

കുട്ടി—അവൻ ഈവ്ടെ എങ്ങിനെ വന്നു വല്യമ്മേ?

നാ. അ—വെള്ളത്തിനുള്ളിൽക്കൂടെ നീന്തി ഇവിടെ വന്നു.

കുട്ടി—ദേ, കുട്ടികൾ വെള്ളം തെറാറിക്കളിച്ചുണു. മൊഹത്തു വെള്ളം വീഴുമ്പം അവക്കു ചാസം മുട്ടില്ലേ?

പാ. അ—അതാ നോക്കു, അവർ മുഖം തിരിച്ചുകളയുന്നതു്. ഉണ്ണിയും കുറെക്കൂടെ വലുതായാൽ ഇങ്ങിനെ ഒക്കെ കളിക്കണം കേട്ടോ.

കുട്ടി—അയ്യോ, ഉണ്ണിച്ചു പേടിയാവും, വെള്ളത്തിൽ പാമ്പും മച്ച്ര്യവുമില്ലേ? അതു കടിക്കും.

പാ. അ—അതു കുട്ടികളെ കടിക്കുന്നുണ്ടോ? അവർ കരയുന്നില്ലല്ലോ.

കുട്ടി—ദാ, ഒരു വെളുത്ത പച്ചി വെള്ളത്തിൽനിന്നു പറന്നു പോയി. അതു കുളിച്ചയാണോ?

നാ. അ—അതിൻെറ കൊക്കിൽ ഒരു സാധനം ഇരിക്കുന്നതു കണ്ടുവോ? അതു മത്സ്യമാണു്. മത്സ്യം കൊത്തി എടുക്കാനാണു് അതവിടെ വന്നതു്.

കുട്ടി—ഹ, ഹ, നല്ല പച്ചി. അതിൻെറ ശാമത്ഥ്യം കണ്ടോ? ഒരൊററ ഓട്ടം.

പാ. അ—പക്ഷി ഓടുകയല്ല ഉണ്ണി, മത്സ്യവും കൊത്തി എടുത്തുകൊണ്ടു വേഗത്തിൽ പറന്നുപോവുകയാണു്.

നാ. അ—ഇതൊക്കെ ഉണ്ണിക്കു് അച്ഛൻെറ വീട്ടിൽ നിന്നാൽ കാണാമോ? അവിടെ വണ്ടികളല്ലേ ഉള്ളു.

കു—അല്ല, അല്ല, കുതിര, കാറു്, ബസ്സു്, എന്തൊക്കെ കാണാം. ചെലപ്പം കല്യാണം പോവുന്നതു കാണാം. ബേൻറു്, നോട്ടീശ് വണ്ടി ഇവിടെ അതൊന്നുല്ല.

നാ. അ—ഇത്രനാളും അതൊക്കെ കണ്ടു മുഷിഞ്ഞില്ലേ? ഇനി ഇവിടത്തെ കാഴ്ചകൾ കുറേനാൾ കാണാം. ഈ തോട്ടിൽ

ആളുകൾ മത്സ്യം പിടിക്കാറുണ്ട്. അതുകാണണ്ടേ കുട്ടിക്ക്?
കുട്ടി—അതിപ്പോൾ കാണിച്ചുതരു വല്യമ്മേ!
നാ. അ—ഇപ്പളാരും മത്സ്യം പിടിക്കുന്നില്ല; നാളെ കാണിച്ചു തരാം.
പാ. അ—ചന്ദ്രനും രാജനും വേണുവുംകൂടെ ആലോചിക്കുന്നതു കേട്ടു മത്സ്യം പിടിക്കാൻ. വേണു അടുത്ത പ്രാവശ്യം വരുമ്പോഴേയ്ക്കു ചൂണ്ടലും മററും തയ്യാറാക്കാമെന്നു ചന്ദ്രൻ പറഞ്ഞിരിക്കയാണ്. കുട്ടികൾക്കു പുതിയൊരു വിനോദമായി.
കുട്ടി—അപ്പും എനിച്ചും പോണം മച്ച്യം പിടിച്ചാൻ, അയച്ചണേ അമ്മേ. ഞാൻ വേണുഏട്ടൻെറ കൂടെ പോവും, കിട്ടോ.
നാ. അ—കുട്ടികളെ നീന്തു ശീലിപ്പിക്കണം. ഈ തോട്ടിലെ വെള്ളം അത്ര നന്നല്ല. കന്നുകാലികളെ കുളിപ്പിക്കുന്നുണ്ട്. ഇച്ചിടത്തെ കുളവുംകൂടെ നന്നാക്കിച്ചെങ്കിൽ—പക്ഷേ അതിപ്പോൾ ആവില്ല.
പാ. അ—അതു വെറും കുണ്ടായിട്ട്, ചണ്ടിയും ചപ്പും നിറഞ്ഞുകിടക്കുകയല്ലേ. പടവും മററും കെട്ടി നന്നാക്കാൻ വളരെ ചെലവു വേണ്ടിവരും. വീടും പറമ്പും നന്നാക്കാൻ ഇപ്പോൾ ഒരു വലിയ തുകയായിട്ടുണ്ടാവും. അതൊക്കെ ഞാൻ നിമിത്തമല്ലേ?
നാ. അ—അല്ലല്ല, ഇതൊക്കെ നന്നാക്കി ഞാൻ ഇവിടേയ്ക്കു മാറാൻ ആലോചിച്ചിരുന്നു എന്നു പറഞ്ഞില്ലേ? നീ ഉപകാരമാണ് ചെയ്തതു്. നീ വന്നതുകൊണ്ടു നന്നാക്കലൊക്കെ വേഗത്തിൽ കഴിഞ്ഞു.
പാ. അ—അതു ശരി, പക്ഷേ ചെലവ് ഒന്നായി വഹിക്കേണ്ടിവന്നില്ലേ? ഏടത്തി, ചെലവിൽ ഒരു ഭാഗം ഞാനും വഹിക്കട്ടെ!
നാ. അ—ഒന്നും വേണ്ടാ. കുറേ നാളത്തെ വാടക മീനാക്ഷി സൂക്ഷിച്ചിട്ടുണ്ടായിരുന്നു. അതുംകൂടെ എടുത്തിട്ടുണ്ട്. അതു

കൊണ്ടു് ചെലവു മുഴുവൻ ഞാൻ വഹിക്കേണ്ടിവന്നില്ല. ഏതായാലും കുളത്തിന്റെ പണി അടുത്ത കൊല്ലത്തേയ്ക്കു നീട്ടിവെക്കാം.

പാ. അ—ഞാനും കുറെ ചെലവിട്ടതുകൊണ്ടു തരക്കേടില്ല. എനിക്കും കൂടക്കൂടെ വന്നു താമസിക്കാമല്ലോ. എത്ര സുഖവും ശാന്തതയുമാണിവിടെ!

നാ. അ—ചെലവിടാതെ തന്നെ നിനക്കിവിടെ വന്നു പാക്കുന്നതിന്നെന്താണു് തടസ്ഥം? പട്ടണത്തിലെ ബഹളത്തിൽ നിന്നു ചിലപ്പോഴൊക്കെ ഒരൊഴിവു് എല്ലാവക്കും വേണ്ടതാണു്. തരമുള്ളപ്പോൾ കുമാരദാസും കുറെ വിശ്രമമെടുക്കേണ്ടതാണു്. ഞാനും കുട്ടികളും നിങ്ങളുടെ വരവിനെ എപ്പോഴും സന്തോഷത്തോടുകൂടെ സ്വാഗതം ചെയ്യും.

പാ. അ—ഞങ്ങൾ താമസിയാതെ ആ വീടു വിടാൻ ആലോചിക്കയാണു്. വീട്ടിന്റെ മുൻഭാഗം മുഴുവനും ഷാപ്പാണല്ലോ. ഉള്ളിലുള്ള മുറികളിലും ചിലപ്പോൾ ചരക്കു സൂക്ഷിക്കേണ്ടിവരുന്നു. താമസത്തിന്നു സ്ഥലം കച്ചിയാണു്. ഇപ്പോൾ ആളും കൂടുതലുണ്ടല്ലോ. ഷാപ്പിൽനിന്നു് അല്പം അകലെ പാപ്പിന്നായി ഒരു വീടു വിലയ്ക്കു വാങ്ങാൻ ശ്രമിക്കയാണു്.

നാ. അ—എന്നാൽ സൌകര്യമായി. പക്ഷേ ദാസിന്നു പോകാനും വരാനും ശ്രമം കൂടും. കുട്ടികൾക്കു പള്ളിക്കൂടവും ദൂരെയാകുമല്ലോ.

പാ. അ—അതു സാരമില്ല; അവരൊക്കെ കുറേ നടക്കട്ടെ. വ്യായാമവുമാകും. അനുജനും ശ്രീനിവാസനും ഇപ്പോഴത്തെ വീട്ടിൽ രാത്രി കിടപ്പാക്കിയാൽ അവിടെ കാവലും ആയി.

നാ. അ—ശിവദാസിന്നു പ്രായം കുറെ ആയല്ലോ. വിവാഹാലോചന ഒന്നുമില്ലേ?

പാ. അ—ആലോചന ഇല്ലാഞ്ഞിട്ടല്ല; അനുജന്നു സമ്മതമല്ല. ഒരു കുടുംബത്തെ സംരക്ഷിക്കാൻതക്ക വരവുണ്ടാകുന്നതുവരെ വിവാഹം കഴിക്കയില്ലെന്നാണു് പറയുന്നതു്.

നാ. അ—അതു നല്ല നിശ്ചയംതന്നെ. ഇക്കാലത്തു വിവാഹം കഴിഞ്ഞ സ്ത്രീകൾക്കപോലും സ്വന്തം വരവു വേണമെന്നാണാഗ്രഹം. സകലത്തിനും ഭത്താവിനെ ആശ്രയിക്കാൻ കഴികയില്ലെന്നാണ്. അപ്പോൾ പുരുഷന്മാരുടെ കഥ ചോദിക്കണോ? സ്വന്തസമ്പാദ്യമില്ലെങ്കിൽ യഥേഷ്ടം ചെലവു ചെയ്യാനില്ലെന്നല്ല സ്വാതന്ത്ര്യവും കുറയും.

പാ. അ—വിവാഹം കഴിഞ്ഞ സ്ത്രീകൾ സ്വന്തസമ്പാദ്യത്തിന്നാഗ്രഹിക്കുന്നതെന്തിനാണെന്നെനിക്കു മനസ്സിലാകുന്നില്ല. സകല ആവശ്യവും നിറവേററിക്കൊടുക്കാൻ ഭത്താവുള്ളപ്പോൾ, ഗൃഹഭരണത്തിൽ ഉപേക്ഷ കാണിച്ച്, സ്വന്തവരവുണ്ടാക്കാൻ തുനിയുന്നതു ന്യായമാണോ?

നാ. അ—ഇതിൽ പല വശവും ആലോചിക്കേണ്ടതുണ്ട്. ഭത്താവിനു നല്ല വരവുണ്ടെന്നിരിക്കട്ടെ, ഭായ്യാമക്കളുടെ സുഖസൌകയ്യങ്ങളെ ഗണിക്കാത്ത ആളാണെന്നു വരരുതോ? അപ്പോൾ ഭായ്യാമക്കളുടെ സ്ഥിതി എന്ത്?

പാ. അ—ഭായ്യാമക്കളുടെ സുഖസൌകയ്യങ്ങളെ ഗണിക്കേണ്ടതു് ഭത്താവിൻെറ കടമയല്ലേ?

നാ. അ—കടമതന്നെ. പക്ഷേ എല്ലാവരും ആ കടമ ത്രാണിക്കൊത്തവിധം നിവ്വഹിച്ചില്ലെന്നു വരാം. ഓരോരുത്തരുടേയും ധമ്മബോധം അവരവരുടെ സ്വഭാവത്തേയും മനസ്ഥിതിയേയും ആശ്രയിച്ചിരിക്കും. നമ്മുടെ അറിവിലും അനുഭവത്തിലുംപെട്ട കായ്യങ്ങൾതന്നെ ഉദാഹരണമായെടുക്കാം. നിൻെറയും കുട്ടികളുടേയും സുഖസൌകയ്യങ്ങളെ സ്വന്തസുഖത്തേക്കാൾ കൂടുതൽ ശ്രദ്ധയോടെ നോക്കുന്ന ആളാണ് കുമാരദാസ്. അതുകൊണ്ടു നിങ്ങളുടെ കുടുംബജീവിതം സമാധാനപൂണ്ണവും ആനന്ദമയവുമായിക്കഴിയുന്നു. അപ്പുഏട്ടൻെറ കഥ ഓമ്മയുണ്ടോ? സ്വാത്ഥിയായ ആ മനുഷ്യൻ രണ്ടു സാധുസ്ത്രീകളെ ദ്രോഹിച്ച് ഓട്ടിച്ചില്ലേ? അതുപോലെ കുടുംബസുഖം ഭത്താവിൻെറ വരവിനെ അല്ല, മനസ്ഥിതിയേയാണ് ആശ്രയിച്ചിരിക്കുന്നതു്.

പാ. അ—സ്ത്രീയുടെ മനസ്ഥിതിയേയും ആശ്രയിച്ചിരിക്കുന്നി ല്ലെ? വിവാഹം കഴിക്കുന്ന സ്ത്രീകൾ, ദാമ്പത്യസുഖത്തെ ഇ ച്ഛിക്കുന്നപോലേതന്നെ, അതിന്നുവേണ്ടി ചില ത്യാഗങ്ങൾ ചെയ്വാൻകൂടെ സന്നദ്ധരാകണം. കുടുംബജീവിതത്തിൽ ആനന്ദം എന്നപോലെതന്നെ ചില ദുഃഖങ്ങളും ക്ലേശങ്ങ ളും ഉണ്ടാകുന്നതാണ്. ഭർത്താവിൽനിന്ന് അനാസ്ഥയോ പീഡയോ ഉണ്ടായാൽപോലും അതു തൻെറ കർമ്മമാണെ ന്നു വിചാരിച്ചു സഹിക്കയല്ലേ വേണ്ടതു്.

നാ. അ—ത്യാഗശീലം സ്ത്രീകൾക്കു ജന്മസിദ്ധമാണ്; ഭാരതീ യസ്ത്രീകൾ ത്യാഗമാതൃകകളാണ്. ബാല്യം മുതല്ക്കുതന്നെ അവർ അതു പ്രദശിപ്പിച്ചുതുടങ്ങുന്നു. സഹോദരന്മാർക്കുവേ ണ്ടി ഒരു ചെറുബാലിക കളിയിലും കാൎയ്യത്തിലും എന്തൊ ക്കെ ചെറുതരം ത്യാഗങ്ങൾ കാണിക്കുന്നു! ഈ സ്വഭാവം ഭാവിജീവിതത്തിലും തുടരുന്നു. പക്ഷേ ക്ഷമക്കും ത്യാഗ ത്തിന്നും ചില സീമകളുണ്ട്. ചിലക്ക് ഈ സീമയും കടന്നു തൻെറ വ്യക്തിത്വത്തെക്കൂടെ മറക്കാൻ സാധിക്കും. ചില ക്കതു സാധിക്കില്ല. ആദ്യത്തെക്കൂട്ടരുടെ ആത്മത്യാഗം ആ ത്മനാശത്തിലാണ് അവസാനിക്കുന്നതു്. മററവർ തങ്ങളു ടെ വ്യക്തിത്വത്തെ തുണയാക്കി ആത്മനാശത്തെ തടയു ന്നു. പിന്നെ, ചില പുരുഷന്മാർ തങ്ങൾക്കുവേണ്ടി സ്ത്രീകൾ ചെയ്യുന്ന ത്യാഗത്തെ തങ്ങളുടെ അവകാശമായി കരുതുക യും, ഈ അവകാശത്തെ തങ്ങളുടെ ഭാവങ്ങളാലും പ്രവൃത്തി കളാലും വാദിച്ചു വാങ്ങുകയും ചെയ്യുന്നു. എന്നാൽ ഈ അ വകാശത്തിന്നൊപ്പം തങ്ങൾക്ക് അവരുടെ നേരെ ചില കടമകൾ ഉണ്ടെന്നു മറക്കുകയും, അവ നിൎവ്വഹിക്കാതെ ത ങ്ങളെ ആശ്രയിച്ചു ജീവിക്കുന്ന സ്ത്രീകളെ ക്ലേശത്തിന്നിര യാക്കുകയും ചെയ്യുന്നു. അതു പൂൎണ്ണസ്വാൎത്ഥം, തികഞ്ഞ സ്വേച്ഛാഭരണം. അതിന്ന് ഇക്കാലത്തു് അധികം സ്ത്രീകൾ വഴിപ്പെടുമെന്നു തോന്നുന്നില്ല.

പാ. അ—ആ ക്ലേശങ്ങളൊക്കെ അവരുടെ കൎമ്മഫലം. കൎമ്മ

ഫലത്തെ തടയാനോ ജയിക്കാനോ സാധിക്കുമോ? ക്ഷമയോടെ സഹിക്കതന്നെ വേണം.

നാ. അ—കർമ്മഫലത്തെ സഹിക്കതന്നെ വേണം. പക്ഷേ അതിൻെറ തീവ്രതയെ കുറയ്ക്കാൻ യത്നിയ്ക്കുന്നതിൽ എന്താണ് തെററ്?—ഒരാൾക്ക് ഒരു സുഖക്കേടു പിടിപെട്ടു എന്നു വിചാരിക്കുക. അതു കർമ്മഫലമാണെന്നു വിചാരിച്ച് സാധാരണയായി ആരും മിണ്ടാതെ കട്ടിലിൽ കിടന്നു മരണത്തെ വരിക്കാറില്ലല്ലോ. രോഗശമനത്തിനു ചികിത്സകളും ശുശ്രൂഷകളും ചെയ്യാറില്ലേ? അങ്ങിനെ ജീവനാശത്തെ തടയുന്നു. അതുപോലെ അവർ ആത്മനാശത്തിന്ന് ഇടവരുത്താതെ ക്ലേശങ്ങളുടെ തീവ്രതയെ കുറയ്ക്കുവാൻ ശ്രമിക്കുന്നതിൽ തെററൊന്നുമില്ല എന്നാണ് എൻെറ അഭിപ്രായം. അറിഞ്ഞുകൊണ്ട് ആത്മനാശം വരുത്തുന്നത് ആത്മഹത്യയ്ക്കു സമമായിട്ടാണ് എനിക്കു തോന്നുന്നത്.

പാ. അ—അപ്പോൾ ഒരു സ്ത്രീയുടെ, ഒരു ഗൃഹനായികയുടെ, ത്യാഗകൃത്യങ്ങൾക്ക് ഒരു പരിധി ഉണ്ടെന്നാണോ പറയുന്നത്?

നാ. അ—അതേ, അവളുടെ ത്യാഗകൃത്യങ്ങൾ ആത്മനാശഹേതുക്കളാകരുത്. നരകസമമായ ഒരു ദാമ്പത്യജീവിതം നയിക്കുന്നതിനേക്കാൾ അതിൽ നിന്നൊഴിഞ്ഞിരിക്കുകയാണ് ഭേദം. ബ്രഹ്മചാരിണിയായോ തപോവൃത്തിയിൽ ഏപ്പെട്ടോ ആത്മോദ്ധാരണത്തിന്നു ശ്രമിക്കുകയാണുത്തമം. കുടുംബജീവിതം അന്യായമായ കാരണങ്ങളാൽ അസഹ്യമായി തീരുമ്പോൾ, അതിൽനിന്നു പിരിയാൻ നിയമങ്ങളും സഹായമായുണ്ട്. അങ്ങിനെയുള്ള വേർപാടിനെ സമുദായം അനുവദിക്കയും ആദരിക്കയും ചെയ്യുകകൊണ്ടാണല്ലോ നിയമങ്ങൾ ഉത്ഭവിച്ചത്.

പാ. അ—വിവാഹം പരിശുദ്ധവും ദിവ്യവുമായ ഒരു ബന്ധമല്ലേ? ആ ബന്ധത്തെ ഈ മനുഷ്യലോകത്തിലെ നിയമസഹായത്താൽ വേർപെടുത്തുന്നതു പാപമല്ലേ?

നാ. അ—മനുഷ്യലോകത്തിൽ നടക്കുന്ന എല്ലാ വിവാഹങ്ങളും ദിവ്യബന്ധങ്ങളല്ലാ. ദിവ്യബന്ധങ്ങളായി പരിണമിക്കുന്നിടത്തു മനുഷ്യലോകനിയമങ്ങളുടെ സഹായമോ വേർപാടൊ വേണ്ടിവരികയുമില്ല. എന്നാൽ നരലോകത്തിലെ ചില ദാമ്പത്യബന്ധങ്ങൾ നരകീയമായിത്തീരാറുണ്ട്. അപ്പോഴാണ് അവയിൽനിന്നു രക്ഷയും മുക്തിയും വേണ്ടിയിരിക്കുന്നത്.

പാ. അ—ദാമ്പത്യബന്ധം നരകീയമായി പരിണമിക്കുന്നതു് ആരുടെ ദുഷ്കർമ്മത്താലാണ്?

നാ. അ—ചിലപ്പോൾ പുരുഷന്റെ, ചിലപ്പോൾ സ്ത്രീയുടെ, ചിലപ്പോൾ രണ്ടാൾക്കും തടയാൻ കഴിയാത്ത പരിതഃസ്ഥിതികളുടേയും കാരണങ്ങളുടേയും ഫലമായും വരാം. ഉദാഹരണമായി വിവാഹബന്ധത്തിൽ ഏർപ്പെട്ട ദമ്പതികളിൽ ഒരാൾക്കു കുടുംബജീവിതത്തിനനുകൂലമല്ലാത്ത ഒരു രോഗം പിടിപെട്ടു എന്നിരിക്കട്ടെ. ഇവിടെയും ആ ബന്ധം തുടൎന്നു പോകാതിരിക്കയാണുത്തമം.

ഗൌരവത്തോടുകൂടിയ സംഭാഷണത്തിൽ മുഴുകിയിരുന്നതുകൊണ്ടു തന്റെ മടിയിൽ ഇരുന്ന ശ്രീകുമാരൻ ഭുജത്തിൽ തല ചായ്ച്ചുറങ്ങിയതു നാരായണിഅമ്മ ഇപ്പോഴാണ് മനസ്സിലാക്കിയതു്. "അല്ല ഉണ്ണി ഉറങ്ങിയോ; മേക്കഴുകിട്ടുപോലുമില്ല. ഉണൎത്തിയാൽ ശാഠ്യം പിടിക്കുമല്ലൊ" എന്നു പറഞ്ഞു.

പാ. അ—നല്ല തണുത്ത കാറേററപ്പോൾ ഉറങ്ങിപ്പോയി. ഉണൎത്തണമെന്നില്ല. നമുക്കു കുറേക്കൂടെ ഇവിടെ ഇരിക്കുക. നമ്മുടെ സംഭാഷണവിഷയം മാറിപ്പോയി. ഗൃഹിണികൾ സ്വന്തമായി ഒരു വരവുണ്ടാക്കുവാൻ ശ്രമിക്കുന്നതിനെപ്പററിയാണ് നാം സംസാരിക്കാനാരംഭിച്ചതു്.

നാ. അ—വിഷയം ഞാൻ മറന്നില്ല. നീ വഴിതെററിച്ചു്, അങ്ങിനെ മാറിപ്പോയതാണ്. സ്ത്രീകൾക്കു പല ചെറിയ ആവശ്യങ്ങളും ചെലവുകളുമുണ്ടു്; സ്വന്തം നിലയിൽ ദാനധൎമ്മങ്ങൾ ചെയ്യുക, സ്നേഹിതമാൎക്കോ ബന്ധുക്കൾക്കോ ചി

ല സന്ദർഭത്തിൽ ചെറുസമ്മാനങ്ങൾ നൽകുക, കുട്ടികൾക്ക നല്ല നാളുകളിൽ വല്ല പ്രത്യേകസാധനങ്ങൾ വാങ്ങികൊടുക്കുക, ചില്ലറ വിനോദങ്ങൾക്കവേണ്ടി ചെലവാക്കുക, ഇങ്ങിനെ പലതും. ഇവയൊക്കെ ജിവിതത്തിൽ അനിവാൎയ്യങ്ങൾ എന്നു പറവാൻ തരമില്ല. എന്നാലും അവ അന്യായമെന്നോ അനാവശ്യമെന്നോ പറഞ്ഞുകൂടാ. ഒരു ചെറിയ തുക ചെലവിട്ട് എത്ര ഉപരിയായ ആനന്ദം കരസ്ഥമാക്കാം. വിശേഷിച്ചും കുട്ടികളുടെ കാൎയ്യത്തിൽ, അവരുടെ മനസ്ഥിതി ഒരമ്മയ്ക്കു മനസ്സിലാക്കാൻ കഴിയുന്നതുപോലെ ഒരാൾക്കു കഴിയുന്നതല്ല. "ഈ അനാവശ്യങ്ങൾകൂടാതെ എന്റെ ബാല്യം കഴിച്ചുകൂട്ടിയില്ലേ, പിന്നെ ഇവക്കെന്താണൊരു മെച്ചം?" എന്നു ചില പിതാക്കന്മാർ വിചാരിക്കയും പറയുകകൂടെയും ചെയ്യും. ബാലമനസ്സുകൾക്ക ചില്ലറ കാൎയ്യങ്ങളിൽ ഉണ്ടാകുന്ന ഇച്ഛാഭംഗം അവരുടെ ജീവിതമാധുൎയ്യത്തെ എത്രമാത്രം കുറയ്ക്കുന്നു! ഭാവിയിൽ കഠിനമായ ക്ലേശങ്ങളും പീഡകളും സഹിക്കേണ്ടിവരുന്ന ആ ലോലഹൃദയങ്ങളെ ബാല്യത്തിൽതന്നെ മുറിപ്പെടുത്താതെ ഇരിക്കേണ്ടതിന്നു മാതാവാണു യത്നിക്കേണ്ടതു്. സകലത്തിനും ഭത്താവിനെ അലട്ടാതെയും, ദുൎമ്മുഖം കാണാനോ മുള്ളുവാക്കുകൾ കേൾപ്പാനൊ ഇടവരുത്താതെയും, ഒരു ഗൃഹിണിക്കു മേല്പറഞ്ഞവ സാധിക്കാൻ കഴിയുന്നപക്ഷം, കുടുംബസുഖത്തിന്നു മാററു കൂട്ടുകതന്നെ ചെയ്യും. ജിവിതാനന്ദം പലപ്പോഴും ചെറുകാൎയ്യങ്ങളെ ആശ്രയിച്ചാണിരിക്കുന്നതു്, വലിയ കാൎയ്യങ്ങളെ മാത്രം അല്ല.

പാ. അ—ഒരു ഗൃഹിണിക്കു തന്റെ സമയവും ശ്രദ്ധയും മുഴവനും കുടുംബഭരണത്തിന്നും ശിശുപരിപാലനത്തിന്നും ആവശ്യമല്ലേ? സ്വന്തമായ ഒരു വരവുണ്ടാക്കുവാൻ മററു പ്രവൃത്തിയിൽകൂടെ ഏൎപ്പെടേണ്ടിവരുന്നപക്ഷം, ഒന്നുകിൽ മേല്പറഞ്ഞതിൽ ഉപേക്ഷ കാണിക്കേണ്ടിവരും, അല്ലെങ്കിൽ അതിപ്രയത്നംചെയ്തു തന്റെ ആരോഗ്യത്തെ കേടുവരുത്തേ

ണ്ടിവന്നേയ്ക്കും. അതിൽ ഭേദം ഭൎത്താവിനെത്തന്നെ പൂൎണ്ണമായി ആശ്രയിച്ച് ഉള്ളതുകൊണ്ട് തൃപ്തിപ്പെടുകയല്ലേ നന്നു?

നാ. അ—ഞാൻ പറഞ്ഞ കാൎയ്യങ്ങൾ കുടുംബഭരണത്തിലും ശിശുപരിപാലനത്തിലും ഉൾപ്പെട്ടവതന്നെ; അവയിൽനിന്നു ഭിന്നമല്ല. ഒരു സമൎത്ഥയായ ഗൃഹിണിയ്ക്ക് അതിപ്രയത്നം ചെയ്യാതേയും ആരോഗ്യത്തെ നശിപ്പിക്കാതേയും ചില ആദായമാൎഗ്ഗങ്ങൾ കാണുവാൻ കഴിയും. ഗൃഹഭരണത്തിൽ സഹായിക്കാൻ ചിലൎക്കു ഭൃത്യരോ ബന്ധുക്കളൊ ഉണ്ടാവാറില്ലെ? പകൽ മുഴുവനും ഗൃഹസംബന്ധമായ ജോലികൾ ഇല്ലെന്നുവരാം. ഒഴിവുസമയങ്ങൾ കിട്ടുമ്പോൾ തുന്നൽവേല നൂൽനൂല്പു മുതലായ ചെറുതരം കൈവേലകൾചെയ്തു അവയിൽനിന്നു ആദായമുണ്ടാക്കാമല്ലൊ. ഒരു സ്ത്രീ സംഗീതാഭ്യാസം ചെയ്തവളാണെന്നിരിക്കട്ടെ. ആഴ്ചയിൽ രണ്ടുമൂന്നു ദിവസം ചിലൎക്കു സംഗീതപാഠങ്ങൾ നല്കി ചെറിയ പ്രതിഫലം നേടരുതോ? പകൽ മുഴുവൻ പുറമേ പോയി പ്രവൃത്തി ചെയ്യേണമെന്നില്ല; കുടുംബം പുലത്താൻ ആളുള്ളപ്പോൾ അതിന്റെ ആവശ്യമില്ല.

പാ. അ—എല്ലാ സ്ത്രീകൾക്കും ഇതിന്നു സാധ്യമാണോ? അവർ ഉള്ളതുകൊണ്ടു തൃപ്തിപ്പെടുകയല്ലേ വേണ്ടതു്. സാധ്യമല്ലാത്തതു വിചാരിച്ചു ക്ലേശിക്കുന്നതു നന്നോ?

നാ. അ—തൃപ്തിയും സന്തോഷവും ഓരോരുത്തരുടെ മനസ്ഥിതിയെ ആശ്രയിച്ചിരിക്കും. ഉണ്ണാനും ഉടുക്കാനും ഉണ്ടെങ്കിൽ ചിലൎക്കു സംതൃപ്തിയായി. മറ്റുചിലൎക്കു ശരീരാവശ്യങ്ങൾക്കു പുറമേ മാനസികങ്ങളായ ചില തൃഷ്ണകളും സാംസ്കാരികങ്ങളായ ചില ആഗ്രഹങ്ങളും ഉണ്ടായേക്കാം. ആ തൃഷ്ണകളെ തൃപ്തിപ്പെടുത്തുവാനും, ആഗ്രഹങ്ങളെ സാധ്യമാക്കാനും സൌകൎയ്യവും സാമൎത്ഥ്യവുമുള്ളവർ അതിന്നായി യത്നിക്കുന്നതിൽ എന്താണു ദോഷം? സ്വപ്രയത്നംകൊ

ണ്ടും, പരദ്രോഹം കൂടാതെയും ജീവിതത്തെ ശോഭനവും ആനന്ദമയവുമാക്കുന്നതിൽ എന്താണു പാപം?

പാ. അ—ചില പുരുഷന്മാൎക്ക് ഭാൎയ്യയുടെ ഇത്തരം ശ്രമങ്ങൾ ഇഷ്ടമല്ലെന്നുവരാം. അവർ തമ്മിൽ സ്വരച്ചേൎച്ചയില്ലാതായാൽ അതു ഗൃഹച്ഛിദ്രത്തിനിടയാവില്ലേ?

നാ. അ—നിശ്ചയമായും. അതിന്നൊരിക്കലും ഇടവരുത്തരുതു്. ഞാൻ പറഞ്ഞതൊക്കെ എല്ലാ സ്ത്രീകൾക്കും പററുന്നതല്ല. 'ചില' എന്നു ഞാൻ എവിടെയും എടുത്തു പറഞ്ഞില്ലേ? ആഗ്രഹവും, സൌകൎയ്യവും, സാമൎത്ഥ്യവും ചേൎന്നു വരുന്നിടത്തേ ഞാൻ പറഞ്ഞ നയം പ്രായോഗികമായ്വരൂ. സ്ത്രീയുടെ ഉദ്ദേശം ദോഷരഹിതവും നിസ്സ്വാൎത്ഥവുമാണെന്നു മനസ്സിലായാൽ, പ്രവൃത്തിയുടെ മാഹാത്മ്യത്തിൽ വിശ്വാസമുള്ള ഒരു പുരുഷനു വിരോധം തോന്നാൻ ഇടയില്ല. ദുരഭിമാനവും തെററിദ്ധാരണയും പുരുഷനെ പ്രതികൂലിയാക്കിയേക്കും. നയോപായങ്ങളാൽ ഇവയെ പരിഹരിക്കുവാൻ കഴിയുന്നതാണു്.

പാ. അ—ഏടത്തി, നിങ്ങളുടെ അഭിപ്രായങ്ങളിൽ പലതിനോടും ഞാൻ യോജിക്കായ്കകൊണ്ടല്ലാ, നിങ്ങളുടെ പ്രസംഗം കേൾക്കുവാനുള്ള കൌതുകംകൊണ്ടാണു് ഓരോ കുതൎക്കങ്ങൾ ഇളക്കിക്കൊണ്ടിരുന്നതു്.

നാ. അ—അമ്പോ മിടുക്കത്തി! എന്റെ പ്രസംഗമോ? ചില കാൎയ്യങ്ങളെപ്പററി എന്റെ അഭിപ്രായം നിന്നോടു പറഞ്ഞതു പ്രസംഗമായോ? എന്റെ അറിവിലും അനുഭവത്തിലുംപെട്ട ചില കാൎയ്യങ്ങളെ അടിസ്ഥാനമാക്കിയാണു ഞാൻ ഓരോ അനുമാനങ്ങൾ ചെയ്തതു്. അവ ശരിയാണെന്നോ മററുള്ളവർ അവയോടു യോജിക്കുമെന്നോ ഞാൻ വിചാരിച്ചിട്ടില്ല. എന്നാൽ ഇനി നമുക്കു പോവുക. നേരം ഇരുട്ടായി. കുട്ടി ഉണരുന്നില്ലല്ലോ.

പാ. അ—അവനവന്റെ ദൃഷ്ടിയിലും അറിവിലും പെടുന്ന കാൎയ്യങ്ങളെ തുലനം ചെയ്തിട്ടാണല്ലോ നമ്മൾ ഓരോ അ

നമാനങ്ങളും അഭിപ്രായങ്ങളും പുറപ്പെടുവിക്കുക. ഏടത്തിയുടെ വാക്സാമത്ഥ്യം എനിക്ക് ആശ്ചയ്യം ജനിപ്പിച്ചിരിക്കുന്നു. ഈ സാമത്ഥ്യത്തെ കുഴിച്ചിട്ട നിക്ഷേപം പോലെ ഉപയോഗശൂന്യമായി വെച്ചുകൊണ്ടിരിക്കുന്നതു കുറെ കഷ്ടം തന്നെ. ഇവിടെ എന്താണ് ഒരു സ്ത്രീസമാജം ഏപ്പെടുത്തുവാൻ ശ്രമിക്കാത്തതു്? ഏടത്തിയുടെ പരിചയക്കാരായി എത്ര മാന്യസ്ത്രീകൾ ഇവിടെ വരാറുണ്ട്. അവരെ ഒക്കെ ചേത്തു നിങ്ങളുടെ നേതൃത്വത്തിൽ ഒരു സമാജം സ്ഥാപിച്ചു നടത്തണം. ഞാൻ അവരോടു പറയട്ടെ.

നാ. അ—ഒരു സ്ത്രീസമാജം സ്ഥാപിക്കേണ്ടതു് അത്യാവശ്യം തന്നെ. ഇപ്പോൾ സ്ത്രീസമാജങ്ങൾ ഇല്ലാത്ത ദിക്കില്ല. ഇവിടത്തെ സ്ത്രീകളെ ഞാൻ ഉത്സാഹിപ്പിച്ചുനോക്കട്ടെ. പക്ഷേ എനിക്കതിൻെറ നേതൃത്വം വഹിക്കാൻ ആവില്ല. ഈ ഗൃഹത്തിൻെറ ഒരു കോണിൽ ഇരുന്നു വല്ലതും ചെയ്യാനെ എന്നെക്കൊണ്ടു വഹിക്കൂ. പഠിപ്പും, പരിഷ്കാരവും, പാടവവും ഉള്ള പല സ്ത്രീകളും പരിവട്ടത്തുണ്ട്. അവരാണ് നായകത്വം വഹിക്കേണ്ടതു്. ഞാൻ അവരെ പ്രേരിപ്പിക്കാം.

പാറുക്കുട്ടിഅമ്മ രണ്ടുമാസംകൂടെ പ്ലാവറെ താമസിച്ചു. ഇതിലിടയ്ക്കു് അവക്കു പൂണ്ണമായ ആരോഗ്യം വീണ്ടെടുക്കുവാൻ കഴിഞ്ഞു എന്നു മാത്രമല്ല, മററു മനോരഥങ്ങളും കൂടെ സാധിച്ചു. പരിവട്ടത്തെ മാന്യസ്ത്രീകളെ ചേത്തു് ഒരു മഹിളായോഗം ഏപ്പെടുത്തി; അതിലെ സ്ഥിരാദ്ധ്യക്ഷയായി നാരായണി അമ്മയെത്തന്നെ തിരഞ്ഞെടുക്കുകയും ചെയ്തു. അദ്ധ്യക്ഷസ്ഥാനം കയ്യേല്ക്കുന്നതിനു് ആയമ്മ വൈമനസ്യം പ്രദശിപ്പിച്ചു. വാദ്ധക്യവും ശക്തിക്ഷയവും കുടുംബജോലിയും ഒക്കെ അവർ കാരണംകാണിച്ചു പ്രതികൂലവാദം ചെയ്തുവെങ്കിലും ആ ഭവനത്തിൽ ഇരുന്നുകൊണ്ടുതന്നെ തൻെറ സാന്നിദ്ധ്യവും ഉപദേശവും മൂലം തങ്ങളെ സഹായിച്ചു് ഒരു മാതാവെന്നപോലെ നയിക്കേണമെന്നുള്ള സമാജാംഗങ്ങളുടെ ഐകക

ണ്ണ്യനയുണ്ടായ അപേക്ഷയെ ഒടുവിൽ അവക്ക് എതിത്തു നില്ക്കാൻ കഴിഞ്ഞില്ല.

സമാജത്തിനു യോഗം ചേരുവാൻ പുതിയ പത്തായപ്പുരമാളികയിലെ ഒരു മുറി നാരായണി അമ്മ ഒഴിച്ചുകൊടുത്തു. പഞ്ഞികടച്ചിൽ, നൂൽനൂല്പ്, തുന്നൽ, ചെറുതരം പുല്ലുപായ് ഉണ്ടാക്കൽ, ചകിരിപ്പായ് നെയ്ത്തു തുടങ്ങിയ പല തരം ചെറുകൈവേലകൾ പരിശീലിക്കുക, സമാജാംഗങ്ങളല്ലാത്ത മറ്റു സ്ത്രീകളെയും ഇത്തരം ഗൃഹവ്യവസായങ്ങൾ പഠിക്കാൻ പ്രേരിപ്പിക്കുക, അക്ഷരാഭ്യാസമില്ലാത്ത സാധു യുവതികൾക്കുവേണ്ടി ഒരു പാഠശാല ഏപ്പെടുത്തുക, ഒരു ശിശുപരിചയ്യാമന്ദിരം സ്ഥാപിക്കുക ഇങ്ങിനെ പല സംഗതികളും അവരുടെ പ്രവൃത്തിപദ്ധതിയിൽ ഉൾപ്പെടുത്തി. മേൽപറഞ്ഞ ഗൃഹവ്യവസായങ്ങൾക്കുവേണ്ടിയ സാമഗ്രികൾ ശേഖരിക്കുന്നതിനു പണം അത്യാവശ്യമായിരുന്നതുകൊണ്ട് ഒരു മൂലധനം പിരിച്ചെടുക്കുവാനാണ് അവർ ആദ്യമായി യത്നിച്ചത്. സമാജാംഗങ്ങളിൽനിന്നു പിടിച്ചെടുത്ത സംഖ്യകൊണ്ട് ഏതാനും ചക്കുകൾ, കുറെ പഞ്ഞി, പഞ്ഞി കടയുന്ന വില്ല്, തുന്നൽസാമഗ്രികൾ, ചകിരി എന്നിവ വാങ്ങി. പഞ്ഞി കടയുവാനും നൂൽനൂൽക്കുവാനും പാറുക്കുട്ടിഅമ്മ തന്നെ തല്ക്കാലത്തെ അദ്ധ്യാപികാസ്ഥാനം കയ്യേറ്റു. അവർ സ്ഥലം വിടുന്നതിനു മുമ്പായി സമാജാംഗങ്ങളിൽ പലരും ഈ പ്രവൃത്തികളിൽ പാടവം നേടിയതിനാൽ പാറുക്കുട്ടിഅമ്മ രാമപുരത്തേക്കു തിരിച്ചുപോയശേഷവും ആ പ്രവൃത്തികൾ നിവ്വിഘ്നം തുടന്നു. ഇങ്ങിനെ പരിവട്ടത്തെ മഹിളാസമാജത്തിന്റെ പുരോഗതിക്കു നാരായണിഅമ്മയുടെ ഉത്സാഹവും പാറുക്കുട്ടിഅമ്മയുടെ സഹായവും അടിസ്ഥാനമുറപ്പിക്കയും ചെയ്തു.

# അദ്ധ്യായം 14

## പരിവൎത്തത്തെ പരിവൎത്തനങ്ങൾ.

ഇരുപതാം നൂററാണ്ടിൻെറ ആവിൎഭാവത്തോടുകൂടെ ലോകമെങ്ങും ഒരു നവോത്ഥാനം സംഭവിക്കയും, തൽഫലമായി രാഷ്ട്രീയവും സാമുദായികവും സാമ്പത്തികവുമായ പരിവൎത്തനങ്ങൾ ഉണ്ടായിത്തുടങ്ങുകയും ചെയ്തുവല്ലോ. ഇത്തരം പരിവൎത്തനങ്ങൾ ഭാരതഖണ്ഡത്തേയും ബാധിക്കാതിരുന്നില്ല. വിപ്ലവങ്ങളും പരിഷ്ക്കാരങ്ങളും നഗരങ്ങളെയാണല്ലോ ആദ്യമായി കേന്ദ്രീകരിക്കുന്നതു്. ഭാരതഖണ്ഡത്തിൽ നഗരങ്ങൾ ചുരുക്കവും ഗ്രാമങ്ങൾ അധികവുമാണു്. ഗ്രാമങ്ങളെ ആശ്രയിക്കാതെ നഗരങ്ങൾക്കഭിവൃദ്ധിയുണ്ടാകാനും തരമില്ല. നഗരങ്ങളിലും നഗരവാസികളിലും ഉണ്ടായ ഉണൎച്ചയും പരിവൎത്തനേച്ഛയും അചിരേണ ഗ്രാമങ്ങളിലും പ്രവേശിച്ചു. ഭാരതഭൂമിയുടെ തെക്കുപടിഞ്ഞാറെക്കോണിൽ സ്ഥിതി ചെയ്യുന്ന കേരളത്തേയും ഈ നവചൈതന്യം സ്പൎശിക്കാതിരുന്നില്ല.

നെല്ലിനും നാളികേരത്തിനും വില കുറഞ്ഞതു മുതൽ കേരളത്തിലെ പ്രമാണികളായ ജന്മിമാരുടെ വീൎപ്പുമുട്ടിയ ഭണ്ഡാരങ്ങളിൽ വായുസഞ്ചാരത്തിന്നിടം ലഭിച്ചു. കുടിയാന്മാരെ കണക്കിലധികം മൎദ്ദിച്ചു് അവർ കുറേ നാൾ നഷ്ടപരിഹാരം ചെയ്യാൻ ശ്രമിച്ചു; എന്നാൽ രാഷ്ട്രീയപരിവൎത്തനങ്ങളുടെ ഫലമായുണ്ടായ ചില നിയമങ്ങളും ബില്ലുകളും കുടിയാന്മാൎക്കും കൎഷകന്മാൎക്കും ആശ്വാസം നൽകി. സാമ്പത്തികങ്ങളായ ഈ പരിവൎത്തനങ്ങളോടൊപ്പം സാമുദായികജീവിതവും സംസ്കൃതമായി. തീണ്ടൽ തൊടീൽ മുതലായ അനാചാരസൎപ്പങ്ങളുടെ വിഷപ്പല്ലുകൾ പറിച്ചെടുക്കപ്പെട്ടു. പ്രബലന്മാരായ ഏതാനും ചിലരുടെ സ്വകാൎയ്യസ്വത്തായിത്തീൎന്നിരുന്ന പൊതുസ്ഥാപനങ്ങളും പൊതുസ്ഥലങ്ങളും ബഹുജനങ്ങളുടെ ഭൂരിപക്ഷസമ്മതപ്രകാരം ഇപ്പോൾ യഥാൎത്ഥത്തിൽ പൊതുസ്വത്തായി മാറി. പാഠശാലകളും, പബ്ളിക്ക് നിരത്തുക

ളും, കുളങ്ങളും, കിണറുകളും, സവൎണ്ണാവൎണ്ണഭേദം കൂടാതെ പൊതുജനങ്ങൾക്കുപകരിക്കുവാൻ തുടങ്ങി. ജാതിപ്പിശാച് തൻെറ കരാളദംഷ്ട്രകൾ ഇളിച്ചുകാട്ടിക്കൊണ്ടു ചില കുഗ്രാമങ്ങളുടെ ഇരുളടഞ്ഞ കോണുകളെ അഭയം പ്രാപിക്കേണ്ടിവന്നു. ഇങ്ങിനെയൊക്കെയായിട്ടും നാട്ടിൽ പട്ടിണിക്കും തൊഴിലില്ലായ്മക്കും യാതൊരു മാററവും സംഭവിച്ചില്ല. ഇവസ്സു പരിഹാരം ചെയ്യാൻ ചില വ്യവസായപദ്ധതികളും, പുതിയ വിദ്യാഭ്യാസസമ്പ്രദായങ്ങളും രൂപീകരിച്ച് ജനനായകന്മാർ പ്രചരണവേല തുടങ്ങി.

കേരളത്തിലെ ഒരൊതുങ്ങിയ മൂലയിൽ സ്ഥിതി ചെയ്തിരുന്ന പരിവട്ടത്തും മേൽപ്രസ്താവിച്ച പരിവൎത്തനങ്ങളുടെ പ്രസ്പഷ്ടലക്ഷണങ്ങൾ കാണുമാറായി. പരിവട്ടം വെറും ഒരു കുഗ്രാമമല്ല; അത് അചിരേണ ചെറുനഗരമായി പരിണമിക്കത്തക്ക നിലയിൽ എത്തിട്ടുണ്ട്. അതിൻെറ പടിഞ്ഞാറെ അററത്തുകൂടെ ഭാരതപ്പുഴയുടെ ഒരു ചെറുശാഖ ഒഴുകുന്നു. പുഴയുടെ സമീപത്തുള്ള ഭാഗത്തു നെൽകൃഷിസ്ഥലങ്ങളും, വാഴത്തോട്ടങ്ങളും തെങ്ങിൻതോപ്പുകളും ഉണ്ടായിരുന്നു; അവിടവിടെയായി കുടിലുകളും ചെറുഭവനങ്ങളും നിൎമ്മിച്ച്, കൃഷിവലന്മാരും അധഃകൃതവൎഗ്ഗത്തിൽപെട്ട കൂലിപ്പണിക്കാരും പാൎത്തുവന്നു. കിഴക്കുഭാഗത്താണ് ഭേദപ്പെട്ട തറവാട്ടുകാരുടെ വാസസ്ഥലങ്ങളും പൊതുസ്ഥാപനങ്ങളും സ്ഥിതിചെയ്തിരുന്നത്. ഇവിടെ ഒരു ചെറിയ ആസ്പത്രിയും, രണ്ടു പ്രാഥമികവിദ്യാലയങ്ങളും, ഒരു മിഡിൽസ്കൂളും, പോലീസ്സ്റ്റേഷൻ, മജിസ്ട്രേട്ടുകോടതി, ചന്ത, വലിയ പീടികകൾ മുതലായവയും, സാമാന്യം ഭേദപ്പെട്ട നിരത്തുകളും ഉണ്ടായിരുന്നു. അടുത്ത തീവണ്ടി ആപ്പീസ് ഇവിടെനിന്നും രണ്ടുനാഴിക അകലെയാണ്; കുതിരവണ്ടികൾ, കാളവണ്ടികൾ, ബസ്സുകൾ മുതലായ വാഹനങ്ങൾ സുലഭങ്ങളാകയാൽ ജനങ്ങൾക്കു ഗതാഗതത്തിനു വേണ്ട സൌകൎയ്യങ്ങൾ ലഭിച്ചിരുന്നു.

പരിവട്ടത്തു നിവാസികളാരും വലിയ പണക്കാരോ പ്രമാണികളോ ആയിരുന്നില്ല; പകുതിയോളം കുടുംബങ്ങൾ ഇടത്തരക്കാരാണെന്നു പറയാം; മററുള്ളവർ വെറും ദരിദ്രർ എന്ന പേരിന്നർഹരായി അരപ്പട്ടിണിയിലും അർദ്ധനഗ്നതയിലും കഴിഞ്ഞുകൂടിയിരുന്നു. ഇടത്തരക്കാരുടെ കുടുംബാംഗങ്ങളിൽ ചിലർ വിദ്യാഭ്യാസം സിദ്ധിച്ചു പുറമേ പട്ടണങ്ങളിൽ ചെറിയ ഉദ്യോഗസ്ഥന്മാരായി പാർത്തുവന്നു. പ്രസ്തുതകാലത്തു് പരിവട്ടത്തു് അഭ്യസ്തവിദ്യരായ ഒരു 'സൈന്യം' യുവാക്കന്മാർ തൊഴിലില്ലാതെ ഉദ്യോഗസ്ഥബന്ധുക്കളുടെ പടി കാത്തും, തീവണ്ടി ആപ്പീസിലും മററു പൊതുസ്ഥലങ്ങളിലും അലഞ്ഞുതിരിഞ്ഞും, കാലം കഴിച്ചു. ദരിദ്രരായ നിവാസികളുടെ കൂട്ടത്തിൽ അക്ഷരജ്ഞാനംപോലുമുള്ളവർ വളരെ ദുർല്ലഭമായിരുന്നു. രണ്ടു പ്രാഥമികവിദ്യാലയങ്ങൾ സൌജന്യവിദ്യാഭ്യാസം നൽകിവന്നിരുന്നെങ്കിലും, പ്രസ്തുത ജനങ്ങളുടെ കുട്ടികൾക്കു് അവയിൽ ശരിയായി ഹാജരാകുവാനോ പഠിക്കുവാനോ കഴിഞ്ഞിരുന്നില്ല. ചിലപ്പോൾ അവർക്കു മാതാപിതാക്കന്മാരെ സഹായിക്കുവാൻ വീട്ടിലോ പാടങ്ങളിലോ പ്രവൃത്തിയുണ്ടായിരിക്കും. അതിൽനിന്നു് ഒഴിവു കിട്ടുന്ന വേളകളിൽ ചിലപ്പോൾ പാഠശാലയ്ക്കു പോകുമ്പോൾ ധരിക്കുവാൻ വസ്ത്രങ്ങളുണ്ടായിരുന്നില്ല. ചില കാലങ്ങളിൽ ക്രമമായി പോകുവാൻ സാധിച്ചാൽപോലും, ഒരു നേരം അരവയർ ആഹാരം കഴിക്കുവാൻകൂടെ ഗതിയില്ലാതിരുന്ന ബാലികാബാലന്മാർക്കു കായികമോ മാനസികമോ ആയി എന്തു തന്നെ അഭിവൃദ്ധിയുണ്ടാകാം? നാലഞ്ചു കൊല്ലം കൊണ്ടു് ഒന്നുരണ്ടു ക്ലാസുകൾ പഠിച്ചു പഠിപ്പും മതിയാക്കും. ഇത്തരം കുട്ടികളുടെ പേർ ഹാജർപുസ്തകങ്ങളിൽ രേഖപ്പെടുത്തുകൊണ്ടു് പാഠശാലാപ്രവർത്തകന്മാർക്കു സഹായധനം ലഭിക്കുവാൻ ഇടയാകുന്നതല്ലാതെ പാഠശാലാജീവിതം ഈ കുട്ടികൾക്കു് ഒരുവിധത്തിലും ഉപകാരപ്രദമായിരുന്നില്ല. അജ്ഞതയിലും അനാരോഗ്യത്തിലും അധന്യതയിലും അവരുടെ ബാല്യദശ കഴിഞ്ഞുപോലെ, യൌവനവും മററു ദശകളും കഴിയാനുള്ള വഴിയേ അപ്പോൾ തെളിഞ്ഞുകണ്ടിരുന്നുള്ളു.

കോൺഗ്രസ്സ് ഗവൺമെൻറ് സ്ഥാപിതമാകയും, അരാജകകക്ഷി എന്ന അപരാധം കോൺഗ്രസ്സിൻെറ മേൽനിന്നു നീങ്ങുകയും ചെയ്തതോടുകൂടെ ഇന്ത്യയിലെ മിക്ക ഗ്രാമങ്ങളിലും കോൺഗ്രസ്സ് സഭകൾ സ്ഥാപിതങ്ങളായി. ഈ സഭകളുടെ സൃഷ്ടിപരമായ പ്രവൃത്തി മുഖ്യമായും ഗ്രാമോദ്ധാരണവും കുടിൽവ്യവസായപോഷണവും ആയിരുന്നു. ഇത്തരം ഒരു സഭ പരിവട്ടത്തും ആവിർഭവിച്ചു. ആദ്യകാലങ്ങളിൽ ഇവയിലെ അംഗങ്ങൾ അധികവും അവിടെ തൊഴിലില്ലാതെ അലഞ്ഞുനടന്നിരുന്ന യുവാക്കന്മാരായിരുന്നു. ക്രമേണ ഈ യുവാക്കന്മാരുടെ ഉത്സാഹത്താലും പ്രേരണയാലും ആ ഗ്രാമത്തിലെ മിക്ക ആളുകളും സഭയിൽ ചേർന്നു. സംഖ്യാബലം നോക്കുന്നപക്ഷം പരിവട്ടത്തെ കോൺഗ്രസ്സ് സഭ ഒരു വമ്പിച്ച സഭയായിരുന്നു.

കോൺഗ്രസ്സ് സഭയുടെ ആവിർഭാവത്തിനു് ഏതാനും വഷം മുമ്പുതന്നെ പരിവട്ടത്തുള്ള പൊതുജനങ്ങളുടെ ഉപയോഗത്തിന്നായി ഒരു വായനശാല സ്ഥാപിച്ചിരുന്നു. ഗ്രാമവാസികളിൽ അക്ഷരാഭ്യാസം സിദ്ധിച്ചിരുന്ന എല്ലാവരുടേയും അഭിവൃദ്ധിക്ക് ഈ വായനശാല ഉപയോഗപ്രദമായിത്തീർന്നു. അങ്ങാടിത്തെരുവിൻെറ കിഴക്കെ അററത്തുള്ള വിശാലമായ ഒരു കെട്ടിടത്തിലായിരുന്നു വായനശാല നടത്തിവന്നതു്. നാനാജാതിമതസ്ഥരായ ജനങ്ങൾ ദിവസന്തോറും സായാഹ്നങ്ങളിൽ ഇവിടെ കൂടി പത്രങ്ങളും മാസികകളും വായിച്ചു നാട്ടിലും പുറത്തും നടക്കുന്ന സംഭവങ്ങളെപ്പററി അറിവാനിടവരുകയും, പുസ്തകങ്ങൾ വായിച്ചു് അറിവു സമ്പാദിപ്പാൻ സാദ്ധ്യമാകയും ചെയ്തു. ഇങ്ങിനെ അറിവു വർദ്ധിച്ചുവന്നതോടുകൂടെ അവരുടെ വീക്ഷണകോണം ആ ഗ്രാമത്തിൻെറ ഇടുങ്ങിയ പരിധിയെ അതിലംഘിച്ചു വിശാലലോകത്തിലേയ്ക്കു കടന്നു. ഇക്കാലത്തു് അവിടെ ഒരു സമുദായപരിഷ്കാരസഭയും സ്ഥാപിതമായി.

പരിവട്ടത്തും പരിസരങ്ങളിലും കൃഷിക്കാരായും കച്ചവടക്കാരായും, ജന്മിമാരായും, കൂലിവേലക്കാരായും, ചില്ലറ ഉദ്യോഗസ്ഥന്മാരായും നാനാജാതിമതസ്ഥരായ ആളുകൾ നിവസി

ച്ചിരുന്നു. കേരളത്തിൽ എന്നല്ല, ഭാരതത്തിൽ എങ്ങും ഉണ്ടായിരുന്ന ജാതിവഴക്കം, വർഗ്ഗീയമത്സരവും ഇടക്കാലത്തു പരിവട്ടത്തും അതികലശലായുണ്ടായിരുന്നു. മലബാർ ലഹളക്കാലത്തു പരിവട്ടം അനുഭവിച്ച കഷ്ടത അവർണ്ണനീയമായിരുന്നു. നാലഞ്ചു കൊല്ലംകൊണ്ട് ആര്യസമാജക്കാരുടേയും, ദേവധാർ പുനരുദ്ധാരണസംഘത്തിൻേറയും സഹായത്താൽ അവിടത്തെ കഷ്ടതകൾ ഒട്ടേറെ ശമിച്ചു; എന്നാലും ജാതിവിദ്വേഷവും സവർണ്ണാവർണ്ണവൈരവും ചിലപ്പോൾ സമാധാനലംഘനമുണ്ടാക്കാതിരുന്നില്ല. സമുദായപരിഷ്കാരസഭയുടേയും വായനശാലാംഗങ്ങളായ യുവാക്കന്മാരുടേയും ഏകോപിച്ചുള്ള പരിശ്രമം ഹേതുവായി സമുദായമൈത്രി എന്ന മഹൽകാര്യം അവിടെ സാദ്ധ്യമായി. അടുത്ത കാലത്തുണ്ടായ കോൺഗ്രസ്സ് സഭയും ഈ മൈത്രിയെ സുദൃഢമാക്കുന്നതിനു സഹായിച്ചു. ഇങ്ങിനെ സമുദായമൈത്രി എന്ന കാര്യത്തിൽ പരിവട്ടം കേരളത്തിലെ മററു ഗ്രാമങ്ങൾക്ക് ഒരു മാതൃകയായിത്തീൎന്നു.

ക്ഷേത്രപ്രവേശനകാര്യം കേരളത്തെ മുഴക്കിത്തുടങ്ങി. പരിവട്ടത്തും ഹിന്ദുക്കളിൽ വിവിധവർഗ്ഗക്കാർക്കു പ്രത്യേകക്ഷേത്രങ്ങൾ ഉണ്ടായിരുന്നു. അതാതു വർഗ്ഗക്കാൎക്കേ അവയിൽ പ്രവേശനവും ഉണ്ടായിരുന്നുള്ളു. പാരമ്പര്യാചാരങ്ങളിൽ ഇതിന്നു മാത്രം യാതൊരു വ്യത്യാസവും പരിവട്ടത്തു സംഭവിച്ചില്ല. എന്നാൽ ക്ഷേത്രപ്രവേശനവഴക്കിൽ പരിവട്ടത്തുകാർ പ്രവേശിച്ചു തല പുണ്ണാക്കാൻ തല്ക്കാലം തുനിഞ്ഞില്ല. ക്ഷേത്രപ്രവേശനത്തേക്കാൾ അവരുടെ ദൃഷ്ടിയിൽ പ്രധാനകാര്യം ഉദരപൂരണമായിരുന്നു. പട്ടിണികൊണ്ടു നിലവിളിക്കുന്ന വയററിൻേറ രോദനം ക്ഷേത്രത്തിൽ കുടികൊണ്ടിരുന്ന ദേവൻ ശ്രവിക്കുന്നില്ല. ആ സങ്കടം പരിഹരിക്കാനുള്ള വഴി മനുഷ്യൻതന്നെ കണ്ടുപിടിക്കണം. അതിന്നുള്ള ശ്രമമായിരുന്നു പരിവട്ടത്തുകാർ ആദ്യമായി ആരംഭിച്ചത്.

ഒരു സായാഹ്നം പരിവട്ടത്തെ വായനശാലയിൽ കുറെ ഏറെ ജനങ്ങൾ കൂടിയിരുന്ന് പത്രങ്ങൾ വായിക്കയും വളരെ

ഉത്സാഹത്തോടുകൂടെ പത്രത്തിൽ വായിച്ച കാര്യങ്ങളെക്കുറിച്ചു തങ്ങളുടെ അഭിപ്രായങ്ങൾ പറകയും വാദപ്രതിവാദങ്ങൾ നടത്തുകയും ചെയ്യുകയായിരുന്നു. പത്രപങ്ക്തികളിൽ അവരുടെ ശ്രദ്ധയെ സവിശേഷം ആകർഷിച്ചതു് അഖിലഭാരതകുടിൽ വ്യവസായവിദഗ്ദ്ധൻെറ ദക്ഷിണേന്ത്യാ സന്ദർശനറിപ്പോർട്ടുകളായിരുന്നു. അദ്ദേഹത്തിൻെറ സഞ്ചാരകാര്യപരിപാടിയിൽ പരിവട്ടം ഉൾപ്പെട്ടുകണ്ടില്ല. ഇതിൽ ചില യുവാക്കന്മാർക്കു ഖിന്നതം തോന്നി. പരിവട്ടത്തെ കോൺഗ്രസ്സ്സഭയുടെ അദ്ധ്യക്ഷനായ രാമചന്ദ്രൻചെട്ടിയാരും, ഉപാദ്ധ്യക്ഷൻ ആദംസേട്ടും, പ്രധാനാംഗങ്ങളായ മററു പലരും ഈ സമയം അവിടെ ഉണ്ടായിരുന്നു. അവർ തമ്മിൽ കുടിൽവ്യവസായവിദഗ്ദ്ധൻെറ സഞ്ചാരത്തെപ്പററി ഒരു സംഭാഷണമാരംഭിച്ചു.

ഒരു യുവാവ്—സേട്ട്ജീ, വിദഗ്ദ്ധൻ നമ്മുടെ നാട്ടുമ്പുറത്തു കാലു ചവിട്ടുകയില്ലെന്നാണ് തോന്നുന്നതു്. നമുക്ക് അദ്ദേഹത്തിൻെറ സഹായം വേണ്ടേന്നോ?

സേട്ടു—എവിടെ ഒക്കെയാണ് പോകേണ്ടതെന്ന് അദ്ദേഹത്തിനു മുൻകൂട്ടി തീർച്ചയാക്കാൻ സാധിക്കുമോ? ആർക്കൊക്കെയാണ് അദ്ദേഹത്തിൻെറ സഹായമോ ഉപദേശമോ വേണ്ടതെന്നുവെച്ചാൽ അവർ വിവരം അറിയിക്കണം.

വേറൊരു യുവാവ്—എന്നാൽ നമുക്കു നമ്മുടെ അധ്യക്ഷനെക്കൊണ്ടു് ഒരു കത്തെഴുതിപ്പിക്കാമല്ലോ. എന്താ ചെട്ടിയാരവർകൾക്കു പറവാനുള്ളതു്? കത്തയപ്പാൻ വിരോധമുണ്ടോ?

ചെട്ടിയാർ—വിരോധമില്ല; വെറും ഒരു കത്തെഴുതിയാൽ പോരാ. ഒരു കമ്മിററി യോഗംകൂടി അതിൽവെച്ചു വിദഗ്ദ്ധനെ ക്ഷണിക്കാനായി ഒരു പ്രമേയം പാസ്സാക്കണം. ആ പ്രമേയത്തെ ഒരു കത്തുസഹിതം അദ്ദേഹത്തിന്നയച്ചുകൊടുക്കുകയാണ് വേണ്ടതെന്ന് എനിക്കു തോന്നുന്നു.

കമ്മിററി അംഗങ്ങളിൽ ഒരാൾ—അതിന്നെന്താണ് പ്രയാസം? നാളെത്തന്നെ നമുക്ക് ഒരു കമ്മിററിയോഗം കൂടരുതോ?

സേട്ടു—വലിയ തിരക്കൊന്നും കൂട്ടേണ്ടാ. അദ്ദേഹം ചെട്ടിനാട്ടിലെത്തിയേ ഉള്ളു. അവിടേയും തമിഠനാട്ടിലും സഞ്ചരിച്ചശേഷമേ കേരളക്കരയിലേക്കുണ്ടാവുകയുള്ളു. ഒരു മാസമെങ്കിലും കഴിയണം.

ക. അ—നേരത്തേ വിവരമറിഞ്ഞാൽ ഈ സ്ഥലവും പ്രോഗ്രാമിലുഠപ്പെടുത്തി പത്രങ്ങളിൽ പ്രസിദ്ധം ചെയ്യും. അപ്പോഠ സഞ്ചാരഃപ്രോഗ്രാമിൽ ഉഠപ്പെടാത്ത മററു ഗ്രാമങ്ങഠക്കും ഇതേവിധം പ്രവത്തിക്കാൻ പ്രോത്സാഹനമായിത്തീരും.

സേ—ശരി. ഉടൻ വേണ്ടതു ചെയ്യാം.

കോൺഗ്രസ്സ് അംഗമായ ഒരു മദ്ധ്യവയസ്കൻ—ഞാൻ ഒന്നു ചോദിച്ചുകൊള്ളട്ടെ. നമ്മുടെ സഭ സ്ഥാപിച്ചിട്ടു കൊല്ലമൊന്നായല്ലോ. നമുക്ക് ഒരു വാഷികസഭ നടത്തണ്ടേ?

ചെട്ടിയാർ—നിശ്ചയമായും വേണം. ഞങ്ങഠ അതിന്നുള്ള ഒരുക്കങ്ങഠ ചെയ്യുകയാണ്. ഒരു കൊല്ലത്തെ നമ്മുടെ പ്രവൃത്തികളുടെ റിപ്പോർട്ടും കണക്കുകളും തയ്യാറാക്കിക്കഴിഞ്ഞു. അതച്ചടിച്ചു കിട്ടണം. പൊതുയോഗത്തിന്നൊരു തീയതി നിശ്ചയിച്ചു നോട്ടീസ് പ്രസിദ്ധപ്പെടുത്തും.

വേറൊരംഗം—പൊതുയോഗത്തിൽ അദ്ധ്യക്ഷനായി ആരേയാണ് തീച്ചപ്പെടുത്തീട്ടുള്ളത്? വ്യവസായവിദഗ്ദ്ധനെ ആയാലെന്താ?

ചെ—കേരളപ്രാന്തീയസഭയുടെ അദ്ധ്യക്ഷനെ ക്ഷണിക്കാനാണ് കമ്മിററി തീച്ചയാക്കിയത്.

സേ—അടുത്ത കൊല്ലത്തെ നമ്മുടെ കുടിൽവ്യവസായപദ്ധതി രൂപീകരിക്കുമ്പോഠ വിദഗ്ദ്ധഃനാടാലോചിക്കുന്നതു നന്നായിരിക്കും.

ഒരു യുവാവ്—ഇപ്പോഠ കൂടാൻ പോകുന്ന യോഗത്തിൽവെച്ച് അതു തീരുമാനിക്കേണ്ടതല്ലേ? അദ്ദേഹത്തിൻെറ സാന്നിധ്യം ആ പദ്ധതിനിമ്മാണത്തിൽ നമ്മെ സഹായിക്കും.

ചെ — പൊതുയോഗത്തിൽ അദ്ദേഹത്തിനു വന്നെത്തുവാൻ സാധിക്കുമോ? നമുക്കു തന്നെ അടുത്ത കൊല്ലത്തെ പദ്ധതി തീർച്ചപ്പെടുത്താം. അദ്ദേഹം വരുമ്പോൾ അദ്ദേഹത്തിന്റെ വിദഗ്ദ്ധാഭിപ്രായം അറിയാമല്ലോ.

മ. വ — അതു ശരിയാണ്. നമ്മുടെ നാട്ടിലെ സ്ഥിതിഗതികൾ നമുക്കല്ലേ നല്ലവണ്ണം അറിയുക? നമ്മുടെ കുറ്റവും കുറവും തീർക്കാൻ ശ്രമിക്കേണ്ടതും നമ്മൾ. വല്ല ദൂരപ്രദേശത്തുനിന്നും വരുന്നവർ 'അതു ചെയ്യിൻ, ഇതു ചെയ്യിൻ' എന്നു പറഞ്ഞാൽ അവയൊക്കെ നമുക്കു ചെയ്യാൻ സാധിക്കുമോ? അതുകൊണ്ടു നമുക്കു വല്ല പ്രയോജനവും ഉണ്ടാകുമോ? ഉദാഹരണം പറയാം. ചർക്ക വീട്ടിൽ കയറിയാൽ പിന്നെ ദാരിദ്ര്യമേ ഉണ്ടാകയില്ല എന്നു പറഞ്ഞു കേട്ടു. ഈ ഗ്രാമത്തിൽ പലേടത്തും ഇപ്പോൾ ചർക്കകൾ ഉണ്ട്. വളരെ ആളുകൾ നൂലെടുക്കാനും പഠിച്ചു. എന്നിട്ടെന്താ? ഇവിടത്തെ ദാരിദ്ര്യത്തിനും തൊഴിലില്ലായ്മക്കും വല്ല കുറവും വന്നോ?

സേട്ടു — വളരെ ആളുകൾ നൂൽ നൂല്ക്കാൻ പഠിച്ചു എന്നു മൂപ്പർ സമ്മതിക്കുന്നുണ്ടല്ലോ. പഠിച്ചതുതന്നെ വലിയ കാര്യമായില്ലേ? പക്ഷേ നൂൽനൂല്പ്പ് ഒരാദായകരമായ മാർഗ്ഗമാകണമെങ്കിൽ അതു പഠിച്ചതുകൊണ്ടായോ? ഒരു തൊഴിലായി സ്വീകരിക്കണം. ഇപ്പോൾ ഇവിടെ ചർക്കകൾ ഉള്ള വീടുകൾ ഒന്നും വലിയ ദാരിദ്ര്യത്തിൽപെട്ടവയല്ല. അവിടെ ഉള്ളവർ നൂൽനൂല്പ് ഒരു വിനോദമായിട്ടേ കരുതുന്നുള്ളൂ. അതുകൊണ്ടെന്തായി? അതിൽനിന്നു വല്ല വരവും ഉണ്ടാക്കണമെങ്കിൽ ആ പ്രവൃത്തി നിത്യേന ചെയ്ത്, നൂൽ വില്ക്കുകയൊ നെയ്യാൻ കൊടുക്കുകയൊ ചെയ്യണം.

മ. വ — തൊഴിലില്ലാതെ അലഞ്ഞു തിരിയുന്ന നമ്മുടെ യുവാക്കന്മാർക്കു നൂൽനൂല്ക്കാൻ അറിയാമല്ലോ. അവരിൽ ചിലർക്കെങ്കിലും അതു തൊഴിലായി സ്വീകരിക്കരുതോ? അതിൽനിന്നെന്താദായം കിട്ടുമെന്നു പരീക്ഷിക്കരുതോ?

വേറൊരാൾ—നൂൽനൂല്പ് വാസ്തവത്തിൽ സ്ത്രീകൾക്കും കുട്ടികൾക്കും പററിയ തൊഴിലാണ്. ശക്തിയും പ്രസരിപ്പും ഉള്ള യുവാക്കന്മാരെ അഞ്ചാറുമണിക്കൂർ ചർക്കയുടെ മുമ്പിൽ പിടിച്ചിരുത്തുന്നതു് അവർക്കൊരു ശിക്ഷപോലെയാകും.

മ. വ—ഒരു ഗുമസ്തൻെറ പണിയാണെങ്കിലോ? എഴെട്ടു മണിക്കൂർ നേരം ഒന്നായിട്ടു കസാലയിലെ മൂട്ടകടിയുമേററു്, മേശമേൽ തലകുനിച്ചു നട്ടെല്ലും വളച്ചു്, പേന ഉന്തിക്കൊണ്ടിരിക്കുന്നതോ?

വേ—അപ്പോൾ തലച്ചോറിനും കുറച്ചു പണിയുണ്ടാവും.

മ. വ—നമ്മുടെ നാട്ടിലെ ദാരിദ്ര്യം തീരേണമെങ്കിൽ നമ്മൾ എല്ലാവരും യോജിച്ചു നമ്മുടെ കൃഷികൾ അഭിവൃദ്ധിപ്പെടുത്തണം. കൃഷിപ്പണിക്കു പററിയ കാലദേശാവസ്ഥകളാണ് ഇവിടെയുള്ളതു്. ഇന്നാട്ടിലെ ഒരൊററ അംഗുലം സ്ഥലമെങ്കിലും വെറുതെ ഇടരുതു്. അതാതു പ്രദേശത്തിനും അതാതു കാലാവസ്ഥക്കും പററിയ പലതരം കൃഷികൾ നടത്തണം. ആ ഉൽപന്നങ്ങളെ സംബന്ധിച്ച വ്യവസായങ്ങളും ഏപ്പെടുത്തണം. ചെറുപ്പക്കാരായ നിങ്ങൾ ദേഹാദ്ധ്വാനത്തിനു തയ്യാറുണ്ടോ? ദുരഭിമാനംകൊണ്ടു പ്രവൃത്തികളൊക്കെ കൂലിക്കാരെക്കൊണ്ടു ചെയ്യിക്കുന്നപക്ഷം തൊഴിലില്ലായ്മയും ദാരിദ്ര്യവും തുടൎന്നുകൊണ്ടേ വരൂ.

ഒരു യുവാവ്—ഞങ്ങൾ ദേഹാദ്ധ്വാനത്തിനു തയ്യാറാണെന്നും, അതിൽ ഞങ്ങൾക്കു ദുരഭിമാനമില്ലെന്നും ഇക്കഴിഞ്ഞ ഒരു കൊല്ലംകൊണ്ടു് ഞങ്ങൾ തെളിയിച്ചില്ലേ?

സേട്ടു—നമ്മുടെ ചെറുവഴികളും നിരത്തുകളും നന്നാക്കിയതും, കുളങ്ങൾ ചപ്പും ചണ്ടിയും വാരിക്കളഞ്ഞു വെടിപ്പാക്കിയതും, കിണറുകൾ തേകിയതും, ഓവുപാലങ്ങൾ ചിലതു കെട്ടിയതും ഒക്കെ ഈ നമ്മുടെ യുവാക്കന്മാരാണ്. അതു നിങ്ങൾ കണ്ടിട്ടില്ലേ?

മ. വ—ശരി, പക്ഷേ അതിവർക്കൊരു തൊഴിലോ ആദായമാർഗ്ഗമോ ആവില്ലല്ലോ.

ചെ—അവയൊക്കെ ദേശസേവനത്തിനുവേണ്ടി ചെയ്തതാണ്. ദേഹാധ്വാനം ചെയ്വാൻ അവക്കു മടിയോ ദുരഭിമാനമോ ഇല്ലെന്നു ഇതിൽനിന്നു സ്പഷ്ടമായില്ലേ?

മ. വ—ദേശസേവനത്തിനുവേണ്ടി ചിലർ എന്തു ചെയ്വാനും തയ്യാർ. പേരും പെരുമയും കൊതിച്ചു ചെയ്യും. എന്നാൽ തൊഴിലായി സ്വീകരിക്കുമോ? നമ്മുടെ നാട്ടിൽ കീർത്തിക്കുവേണ്ടി മാത്രം ദേശസേവനം പുറംപൂച്ചായി കാണിക്കുന്നവരുണ്ട്; അതുകൊണ്ടാണ് ഞാൻ ചോദിക്കുന്നതു്.

ഒരു യുവാവു്—നമ്മുടെ പറമ്പുകളിലും പാടങ്ങളിലും ഇപ്പോൾ പുലയർ ഈഴവർ തുടങ്ങിയ കൂലിക്കാരാണ് അധികമായി പണി എടുക്കുന്നതു്. കൈക്കോട്ടെടുത്തു കിളക്കുവാനും, കലപ്പകൊണ്ടു ഉഴാനും, കൊയ്യാനും, മെതിക്കാനും മററും ഞങ്ങളെപ്പോലുള്ളവക്ക് അറിയാഞ്ഞിട്ടോ, പ്രവൃത്തി എടുപ്പാൻ മനസ്സില്ലാഞ്ഞിട്ടോ അല്ല; പക്ഷേ ഈ പണികൾ ഞങ്ങൾ ചെയ്യുന്ന പക്ഷം ആ സാധുക്കളുടെ ഗതി എന്തു്? അവർ എങ്ങിനെ നിത്യവൃത്തി കഴിക്കും? അവരെ പട്ടിണിക്കിരയാക്കുന്നതു് ഉചിതമോ?

മ. വ—അതു ശരിയല്ല. കൃഷിസ്ഥലങ്ങൾ വൎദ്ധിപ്പിക്കണം; പുതിയ കൃഷികൾ തുടങ്ങണം. അപ്പോൾ പ്രവൃത്തി കൂടുതലുണ്ടാവും, ആദായവും വൎദ്ധിക്കും.

യു—കൃഷിസ്ഥലങ്ങൾ വൎദ്ധിപ്പിക്കണമെങ്കിൽ കൂടുതൽ സ്ഥലം വാങ്ങണം. അതിന്നു പണം വേണം; ആരുടെ പക്കലുണ്ടു ?

വേറൊരു യു—ഇപ്പോൾ സൎക്കാർ വകയായി എത്ര സ്ഥലമാണ് പാഴായ് കിടക്കുന്നതു്. അവ ജനങ്ങൾക്കു പതിച്ചുകൊടുക്കുവാൻ ഗവൎമ്മേണ്ടിനോടപേക്ഷിക്കണം. ചെറിയ തുകകൾ കൊടുത്താലും വേണ്ടില്ല, പാഴായിട്ടിരിക്കുന്ന സ്ഥലം ചെറിയ തുകക്കു വിട്ടുകൊടുക്കുന്നതു ഗവൎമ്മേണ്ടിനും ആദായം, സാധുക്കൾക്കും ഉപകാരം. അതാണ് ചെയ്വാൻ നാം യത്നിക്കേണ്ടതു്.

വേറൊരാൾ—തൊഴിലില്ലായ്മ പരിഹരിക്കാൻ കുറെ യുവാക്കന്മാരെ ശാസ്ത്രീയരീതിയിൽ കൃഷി പരിശീലിപ്പിക്കാൻ ഗവൎമ്മേണ്ട് ആരംഭിച്ചിട്ടുണ്ടല്ലൊ. അവർ കൃഷിപരിശീലനം ചെയ്തതുകൊണ്ട് എന്തു ഫലം? അതു പ്രായോഗികമാക്കാൻ സൌകൎയ്യം വേണ്ടേ?

ചെട്ടിയാർ—ഈ വിവരം ഗവൎമ്മേണ്ടിനെ അറിയിച്ച് കൃഷിസ്ഥലം പതിപ്പിച്ചുകിട്ടാൻ അഭ്യൎത്ഥിക്കുന്നപക്ഷം അതു സാധിക്കുമെന്നുതന്നെ ഞാൻ വിചാരിക്കുന്നു.

മ. വ—ജനങ്ങളുടെ കൈവശമുള്ള ഭൂമി തന്നെ ചില ദിക്കിൽ ഉപയോഗിക്കാതെ ഇപ്പോൾ കിടപ്പുണ്ടല്ലൊ. അവ നെൽകൃഷിക്കുപകാരമില്ലെങ്കിൽ വേറേതെങ്കിലും കൃഷിക്ക് ഉപയോഗപ്പെടുമോ എന്നു പരീക്ഷിച്ചു നോക്കണം.

ഒരു യു—കാരണവരുടെ അഭിപ്രായങ്ങൾ വളരെ പ്രായോഗികങ്ങൾ തന്നെ. നമ്മുടെ അടുത്ത വൎഷത്തെ പദ്ധതിയിൽ ഇവ ഉൾപ്പെടുത്തണം.

സേട്ടു—മുൻകൂട്ടി ഇത്തരം അഭിപ്രായങ്ങൾ ശേഖരിക്കുന്നതു നന്ന്. മററുള്ളവൎക്കും വല്ലതും പറവാനുള്ളത് അറിഞ്ഞാൽ അവയിൽ പ്രായോഗികമായവയെ യോഗത്തിൻെറ ആലോചനക്കു കൊണ്ടുവരാമല്ലൊ.

ചെ.—നൂൽനൂല്പിനെ അഭിവൃദ്ധിപ്പെടുത്തുവാൻ ഒരു നൂൽനൂല്പുശാല കോൺഗ്രസ് സഭയുടെ ആഭിമുഖ്യത്തിൽ തുടങ്ങണമെന്നൊരു പ്രമേയം ഞാൻ കൊണ്ടുവരാൻ വിചാരിക്കുന്നു. നമ്മുടെ ഫണ്ടിൽനിന്നു പഞ്ഞിയും ചക്രങ്ങളും വാങ്ങി, ഒരു സ്ഥലവും വാടകക്കെടുത്തു പ്രവൃത്തി തുടങ്ങുക. അവിടെ വന്നിരുന്നു പ്രവൃത്തി ചെയ്യുന്നവൎക്ക് അവനവൻ നൂല്ക്കുന്ന നൂലിൻെറ തോതും ഗുണവും അനുസരിച്ചു പ്രതിഫലം നൽകുക. ഇങ്ങിനെ കിട്ടുന്ന നൂൽ വില്ക്കുകയൊ, സാധിക്കുന്നപക്ഷം സഭ ഒരു നെയിത്തുശാലയുംകൂടെ ഏൎപ്പെടുത്തി വസ്ത്രങ്ങൾ നെയ്തു വില്ക്കുകയൊ ചെയ്യുക. ഇങ്ങി

നെയായാൽ കുറേ ആളുകൾക്കു പ്രവൃത്തിയും ആദായമാൎഗ്ഗവും ആയി.

ചില യുവാക്കന്മാർ—നമ്മുടെ കുടിൽവ്യവസായപദ്ധതിയിൽ ഇതു് ഒന്നാംസ്ഥാനത്തെ അൎഹിക്കുന്നതാണു്. നിശ്ചയമായും ഇതു നടപ്പിൽ വരുത്തുവാൻ ശ്രമിക്കണം.

വയോധികനും, ആ ഗ്രാമത്തിലെ എണ്ണക്കച്ചവടക്കാരനുമായ ഗോവിന്ദൻമൂത്താൻ വായനശാലയുടെ ഒരു കോണിൽ ഈ സംഭാഷണങ്ങളൊക്കെ സശ്രദ്ധം ശ്രവിച്ചുകൊണ്ടിരിക്കുന്നുണ്ടായിരുന്നു. ഈയവസരത്തിൽ അദ്ദേഹം എണീററു മുന്നോട്ടുവന്നു പറഞ്ഞു: "ഇതാ കൂട്ടുകാരെ, രണ്ടുവാക്കു സംസാരിക്കുവാൻ എന്നെ അനുവദിക്കുമോ? ഞാൻ നിങ്ങളുടെ സഭയിലെ അംഗമല്ല. പക്ഷേ ഒരു കാൎയ്യം പറയേണ്ടിയിരുന്നു. നിങ്ങൾ അനുവാദം തരുന്നപക്ഷം പറയാം.

ചെട്ടിയാർ—കാൎയ്യം പറയാമല്ലോ. എന്താണു തടസ്ഥം? ഇതു സഭയുടെ യോഗമല്ല. എല്ലാവരുടേയും അഭിപ്രായങ്ങളറിവാൻ ഞങ്ങൾക്കാഗ്രഹമുണ്ടു്.

മൂത്താൻ—നമ്മുടെ ഈ ഗ്രാമത്തിൽ തെങ്ങു ധാരാളമുണ്ടു്. തെങ്ങുകൃഷി വലിയ അദ്ധ്വാനമോ ചെലവോ ഉള്ളതല്ല. ഒരുകാലത്തു തെങ്ങുകൃഷികൊണ്ടു് എത്രയോ ജനങ്ങൾ കാലക്ഷേപം കഴിച്ചുവന്നു. തേങ്ങക്കു വില കുറഞ്ഞുപോയതുകൊണ്ടു് അവർ കുഴക്കിലായി. ഇപ്പോൾ നമ്മൾ ചെയ്യുന്നതെന്താണു്? പറമ്പിൽ തെങ്ങുകളുള്ളവരൊക്കെ അവരവരുടെ ആവശ്യം കഴിച്ചു ബാക്കിയുള്ള തേങ്ങ വില്ക്കുന്നു. എത്രയോ ചുരുങ്ങിയ വിലയേ കിട്ടുന്നുള്ളു. കഷ്ടിച്ചു ചിലർ കൊപ്പരയാക്കിയും വില്ക്കുന്നു. നമുക്കു വെളിച്ചെണ്ണയും, കാലികൾക്കു കൊടുപ്പാൻ പിണ്ണാക്കും ആവശ്യമുണ്ടു്. അതൊക്കെ നാം അധികവില കൊടുത്തു വാങ്ങുന്നു. നമ്മുടെ നാളികേരംതന്നെ ആട്ടി എണ്ണയും പിണ്ണാക്കും സമ്പാദിക്കാൻ നാം ശ്രമിക്കുന്നില്ല. ഒരൊററ ചക്കെങ്കിലും ഇവിടെ ഉണ്ടോ?

വേറൊരു കച്ചവടക്കാരൻ—കുറേക്കാലംമുമ്പ്, ഒരു പത്തുകൊല്ലം മുൻപാണെന്നു തോന്നുന്നു, ഇവിടെ ഒരാൾ ഒരു ചക്ക നടത്തിയിരുന്നു. അക്കാലത്തു കച്ചവടമത്സരം നിമിത്തം മില്ലിലാട്ടിയ വെളിച്ചെണ്ണ വിലകുറച്ചു വില്ക്കാൻ തുടങ്ങി. ചക്കിലാട്ടിയ വെളിച്ചെണ്ണ വാങ്ങാൻ ആളുണ്ടായില്ല. ആ സാധുവിന്നു വലിയ നഷ്ടംവന്നു; ആട്ടലും നിർത്തി.

വേറൊരാൾ—ഒരൊററച്ചക്കകൊണ്ടു മില്ലുകാരോടു മത്സരിക്കാൻ സാധിക്കില്ല. അതിന്നു നമുക്കൊരു കാര്യം ചെയ്യാം. ഇന്നാട്ടിലെ നാളികേരം ഒരൊററയെങ്കിലും പുറമേ കൊടുക്കരുത്. ഒക്കെ വാങ്ങി ഉണക്കി കൊപ്പരയാക്കി, ചക്കുകളും സ്ഥാപിച്ച് ആട്ടു തുടങ്ങണം. മില്ലിലെ വെളിച്ചെണ്ണ വാങ്ങരുതെന്ന് ആളുകളെ പ്രേരിപ്പിക്കണം. ഇങ്ങിനെയായാൽ അതൊരു നല്ല വ്യവസായമായിത്തീരും. നമ്മുടെ ആവശ്യം കഴിച്ചു ബാക്കിവരുന്ന വെളിച്ചെണ്ണയും പിണ്ണാക്കും പുറമെ അയച്ചു വില്ക്കുകയും ചെയ്യാം; കുറേ ആളുകൾക്കു പ്രവൃത്തിയും ആകും; നാളികേരവില്പനയേക്കാൾ നമുക്കു വരവും ഉപയോഗവും കൂടുതലാകയും ചെയ്യും.

മൂത്താൻ—രണ്ടു ചക്കുകൾ ഞാൻ വാങ്ങാൻ തയ്യാർ; അല്ലെങ്കിൽ അവയ്ക്കുള്ള വില ഞാൻ തരാം.

കച്ചവടക്കാരൻ—ഇതൊരു കൂട്ടേപ്പാടായി നടത്തിയാലെന്താണ്? നാലഞ്ചു ഓഹരിക്കാരെ ഞാനും കൊണ്ടുവരാം.

ചെട്ടിയാർ—ഇക്കാര്യവും നമുക്കു നമ്മുടെ പുതിയ പദ്ധതിയിൽ ഉൾപ്പെടുത്താം.

സമയം അധികരിച്ചതുകൊണ്ട് അന്നത്തെ സംഭാഷണം മതിയാക്കി എല്ലാവരും പോയി. അടുത്ത ചില ദിവസങ്ങളിലും ഇത്തരം അഭിപ്രായപ്രകടനങ്ങളും ആലോചനകളും നടന്നു. ഇങ്ങനെ കോൺഗ്രസ്സ് സഭാംഗങ്ങൾക്കു അഭിപ്രായങ്ങൾ ശേഖരിച്ചു മുൻകൂട്ടിത്തന്നെ പ്രമേയങ്ങൾ തയ്യാറാക്കുവാനും, വ്യവസായപദ്ധതി രൂപീകരിക്കുവാനും സാധിച്ചു.

പരിവട്ടത്തെ കോൺഗ്രസ്സ് സഭയുടെ പ്രഥമവാൎഷികസമ്മേളനം യഥാവസരം ആഘോഷപൂൎവ്വം നടത്തി. സമാജാംഗങ്ങളും അല്ലാത്തവരുമായി ഏകദേശം ആയിരത്തോളം ജനങ്ങൾ സമ്മേളനത്തിന്നു സന്നിഹിതരായിരുന്നു. ഈ സംഖ്യയിൽ പത്തിരുനൂറാളുകൾ സമീപമുള്ള ഗ്രാമങ്ങളിൽനിന്നു കാണികളായി വന്നവരായിരുന്നു. സ്ത്രീകളുടെ സംഖ്യയും ഇതിൽ ഒട്ടും കുറവായിരുന്നില്ല. സഭയുടെ ഒരു കൊല്ലത്തെ പ്രവൃത്തികളുടെ രത്നച്ചുരുക്കം കാൎയ്യദൎശിയുടെ റിപ്പോൎട്ടിൽ അടങ്ങിയിരുന്നു. ഒരു കൊല്ലംകൊണ്ടു സഭയ്ക്കു കാൎയ്യമായി വളരെയൊന്നും ചെയ്യാൻ സാധിച്ചില്ലെങ്കിലും, ക്രമേണ തങ്ങളുടെ ഗ്രാമത്തിന്റെ അഭിവൃദ്ധിക്കും ശ്രേയസ്സിന്നുംവേണ്ടി പ്രവൎത്തിക്കാനുള്ള വഴി വെട്ടിത്തെളിച്ച് അടിസ്ഥാനമുറപ്പിച്ചു എന്നു സ്പഷ്ടമായി. ജനങ്ങളുടെ ഇടയിൽ, വിശേഷിച്ചു യുവതീയുവാക്കന്മാരുടെ ഇടയിൽ അഭൂതപൂൎവ്വമായ ഉണൎച്ചയും പ്രവൃത്തിസന്നദ്ധതയും ജനിച്ചുകഴിഞ്ഞു. നാനാജാതിമതസ്ഥരായ ജനങ്ങൾ ഒത്തൊരുമിച്ച്, ഭാരതസന്താനങ്ങൾ എന്ന ഏക അഭിധാനം അഭിമാനപൂൎവ്വം സ്വീകരിച്ച്, സന്തോഷത്തോടും സംതൃപ്തിയോടും പരസ്പരം സഹായിക്കുവാൻ സന്നദ്ധരായി. പ്രവൃത്തിയുടെ മാഹാത്മ്യത്തെ മനസ്സിലാക്കി, സവൎണ്ണനും, അവൎണ്ണനും, ധനികനും, ദരിദ്രനും, അഭ്യസ്തവിദ്യനും, അക്ഷരജ്ഞാനവിഹീനനും സ്ത്രീപുരുഷഭേദമെന്യേ ഏതു പ്രവൃത്തിയിലും തങ്ങളുടെ കായികമാനസികശക്തികളെ വിനിയോഗിക്കാൻ ഒരുക്കമാണെന്നു ബോദ്ധ്യപ്പെടുത്തി.

അടുത്ത കൊല്ലത്തെ പ്രവൃത്തിപദ്ധതിയെ കൃഷി, വ്യവസായം ഇങ്ങിനെ രണ്ടിനങ്ങളാക്കി പിരിച്ചു. ഒന്നാംവകുപ്പിൽ നെൽകൃഷിയെ അഭിവൃദ്ധിപ്പെടുത്തുവാൻ മേത്തരം വിത്തും വളവും ശേഖരിച്ചുപയോഗപ്പെടുത്തുക, കൃഷിചെയ്യാതെ പാഴായിട്ടിരിക്കുന്ന സ്ഥലങ്ങളെ കാടു വെട്ടിത്തെളിച്ച് ഏതുതരം കൃഷിക്കു പററിയതെന്നു പരിശോധന നടത്തുകയും പററിയ കൃഷിക്ക് ഉപയോഗപ്പെടുത്തുകയും ചെയ്യുക, കൂടുതൽ കൃഷി

സ്ഥലങ്ങൾ ചുരുങ്ങിയ വിലയ്ക്കു പതിച്ചുകിട്ടുവാൻ ഗവമ്മേ ണ്ടിനോടപേക്ഷിക്കുക എന്നീ കാര്യങ്ങൾ ഉൾപ്പെടുത്തി. രണ്ടാമിനത്തിൽ ഗ്രാമത്തിൻെറ രണ്ടു ഭാഗത്തായി രണ്ടു നൂൽ നൂൽപ്പുശാലയും ഒരു നെയ്ത്തുശാലയും സ്ഥാപിക്കുക, എണ്ണച്ചക്കുകൾ വാങ്ങി അന്നാട്ടിൽനിന്നു കിട്ടുന്ന നാളികേരവും എള്ളും അവിടെത്തന്നെ ആട്ടി എണ്ണയെടുത്തു വില്ക്കുക, തെങ്ങിൻകള്ളിൽനിന്നു ചക്കര ഉണ്ടാക്കുക, അപ്പോൾ നിലവിലിരിക്കുന്ന കയറുപണി കൂടുതൽ പരിഷ്കൃതവും ഉപകാരപ്രദവുമായ രീതിയിൽ നടത്തുക, കളിമൺപാത്രനിമ്മാണം അഭ്യസിക്കുന്നതിനു ചില ആളുകളെ പരിശീലനത്തിന്നയക്കുക, എന്നീ കാര്യങ്ങൾ അടങ്ങിയിരുന്നു. മേല്പറഞ്ഞ കാര്യങ്ങൾ നിവ്വഹിക്കുന്നതിനു പണം ആവശ്യമായിരുന്നതിനാൽ ധനസഹായത്തിന്നായി ഒരു പരസ്പരസഹായബാങ്ക് ഏപ്പെടുത്തി ആ ബാങ്കിനെ റിസവ്വ്ബാങ്ക് മുഖേന സഹായിക്കുവാൻ ഗവമ്മേണ്ടിനോടഭ്യത്ഥിക്കുവാനും ആ യോഗത്തിൽവെച്ചു തീച്ച്പ്പെടുത്തി.

കോൺഗ്രസ്സ് സഭയുടെ വാഷികോത്സവം കഴിഞ്ഞ പിറേറന്നാൾ അതേ യോഗശാലയിൽവെച്ചുതന്നെ അതിലെ മഹിളാംഗങ്ങൾ ഒരു പ്രത്യേക യോഗംകൂടി. ഗ്രാമീണവ്യവസായങ്ങളെ പോഷിപ്പിക്കുന്നതിനു തങ്ങളാൽ എന്തൊക്കെ ചെയ്യാൻ സാധിക്കുമെന്നു് ആലോചിക്കുവാനായിരുന്നു ഈ യോഗം നടത്തിയതു്. കോൺഗ്രസ്സ് അംഗങ്ങളായ എല്ലാ സ്ത്രീകളും ദേഹാസ്വാസ്ഥ്യത്താലൊ, അനിവാൎയ്യങ്ങളായ മററു കാൎയ്യങ്ങളാലൊ തടസ്ഥം നേരിടാത്ത എല്ലാ ദിവസങ്ങളിലും ചുരുങ്ങിയതു് ഒരു മണിക്കൂർ നേരമെങ്കിലും നൂൽ നൂൽക്കണമെന്നും, ആ നൂൽ സഭ ഏപ്പെടുത്തുവാനുദ്ദേശിക്കുന്ന നെയ്ത്തുശാലയിൽ അയച്ചു നെയ്ത്തു വസ്ത്രങ്ങളാക്കി അവനവൻതന്നെ ഉപയോഗിക്കണമെന്നും ആയിരുന്നു ഒന്നാമത്തെ നിശ്ചയം. പച്ചക്കറി കൃഷിചെയ്യാൻ സ്ഥലസൌകൎയ്യമുള്ള എല്ലാ സ്ത്രീകളും കാലോചിതമായ പച്ചക്കറികൾ അവനവൻെറ വീട്ടിൽ

കൃഷിചെയ്തുണ്ടാക്കണമെന്നും, അവനവൻെറ ഗൃഹോപയോഗങ്ങൾ കഴിച്ച ബാക്കി വരുന്നപക്ഷം അവയെ വിററുകിട്ടുന്നതുക ഹരിജനബാലികമാരുടെ വിദ്യാഭ്യാസത്തിലവിന്നു സഹായമായി കൊടുക്കണമെന്നുമായിരുന്നു രണ്ടാമത്തെ നിശ്ചയം. മൂന്നാമതായി അവരുടെ ആലോചനാവിഷയം കാലിവളത്തലും തൽസംബന്ധമായ ചെറുവ്യവസായങ്ങളുമായിരുന്നു. ഇതു് ഒരു കൂട്ടുവ്യവസായമായി ചെയ്യുന്നപക്ഷം കുറേ സാധുസ്ത്രീകൾക്കും, അത്യാവശ്യം പുരുഷന്മാക്കും പ്രവൃത്തിമാർഗ്ഗമായിത്തീരുന്നതാണെന്നു തീരുമാനിച്ചു്, അക്കാര്യം പരിവട്ടത്തെ മഹിളാസമാജക്കാക്ക് നടത്താൻ സാധിക്കുമോ എന്നു് ആലോചിക്കുവാനായി നീട്ടിവെച്ചു.

വാഷികോത്സവം നടന്നു് ഒരു മാസക്കാലാനന്തരമാണ് കുടിൽവ്യവസായവിദഗ്ദ്ധൻ പരിവട്ടം സന്ദർശിച്ചതു്. അവിടത്തെ സഭയുടെ പ്രവൃത്തി അദ്ദേഹത്തെ അത്യന്തം സന്തോഷിപ്പിച്ചു. ജനങ്ങളുടെ ഉൽബുദ്ധതയും, പ്രവൃത്തിസന്നദ്ധതയും അവരുടെ ശോഭനമായ ഭാവിയെ സൂചിപ്പിക്കുന്നു എന്നു പറഞ്ഞു് അദ്ദേഹം അവരെ അനുമോദിക്കുകയും, പ്രവൃത്തികൾ അതേരീതിയിൽ തുടൎന്നുപോകാൻ ഉപദേശിക്കുകയും ചെയ്തു. അന്നാട്ടിൽ കരിമ്പു ധാരാളം വളത്തുന്നതുകൊണ്ടു പഞ്ചസാരനിമ്മാണംകൂടെ ചെറിയ തോതിലെങ്കിലും അക്കൊല്ലത്തെ പ്രവൃത്തിപദ്ധതിയിൽ ഉൾപ്പെടുത്തി പരിശോധന നടത്തുവാൻ അദ്ദേഹം ഉപദേശിച്ചു. കേരളീയർ ആരംഭശൂരന്മാരാണെന്നു് അദ്ദേഹം കേട്ടിട്ടുണ്ടെന്നും, ആരംഭശൂരത്വം മാത്രം കാണിക്കാതെ തങ്ങൾ തുടങ്ങിയ പല പ്രവൃത്തികളെ ഉപേക്ഷകൂടാതെ തുടൎന്നു കൊണ്ടുപോകണമെന്നും സദാ പരിശ്രമശാലികളും മാതൃഭൂമിസേവാനിരതന്മാരുമായി ഭാരതാംബയുടെ വീരസന്താനങ്ങളുടെ മുന്നണിയിൽ വരാൻ യത്നിക്കണമെന്നും അദ്ദേഹം പരിവട്ടത്തുകാക്ക് ഉപദേശം നൽകി മടങ്ങിപ്പോയി.

# അദ്ധ്യായം 15

## മഹിളാസമാജത്തിന്റെ പ്രവൃത്തികൾ

ഒരു വഷാദ്ധംകൊണ്ടു പുതിയ പത്തായപ്പുരയിൽ ഉണ്ടായിരിക്കുന്ന മാററങ്ങൾ കാണികളെ ആശ്ചയ്യഭരിതരാക്കുന്നു. അനാഥമായി അലങ്കോലപ്പെട്ടു് നിദ്രയിലെന്നപോലെ മയങ്ങിക്കിടന്നിരുന്ന ആ ഭവനവും പരിസരങ്ങളും, സനാഥവും സുന്ദരവും സജീവവുമായി പരിശോഭിക്കുന്നു. അവിടത്തെ സ്ഥിരതാമസക്കാരായ നാരായണിഅമ്മയും കുട്ടികളും മാത്രമല്ല, പരിവട്ടത്തുകാരായ മിക്ക അമ്മമാരും കുട്ടികളും ചേന്നിട്ടാണു് ആ ഭവനത്തെ ഈവിധം ഉൽബുദ്ധവും ശബ്ദമയവുമാക്കിത്തീത്തതു്. വീട്ടിന്റെ മുൻപിലും പിൻപിലുമുള്ള രണ്ടു നീണ്ട മുററങ്ങൾ കൂടാതെ കുട്ടികൾക്കു കളിക്കുന്നതിനു പറമ്പിലും വൃത്തിയായ ഒരു കളിത്തട്ടു തയ്യാറാക്കിയിരുന്നു. സമീപത്തുതന്നെ കുട്ടികൾക്കു് ആടുവാനായി രണ്ടു വലിയ ഊഞ്ഞാലുകളും രണ്ടു ജോടി ഇരുമ്പുവളയങ്ങളും വൃക്ഷങ്ങളിൽ ഞാത്തിയിട്ടിരിക്കുന്നു. പറമ്പിൽ ഒരു പൂന്തോട്ടം നിമ്മിക്കുവാനായി, അതിന്നു പററിയ ഒരു സമചതുരസ്ഥലം ചുററും ഭംഗിയായി വേലികെട്ടി, കുട്ടികൾ തടമെടുത്തും വിത്തുവാളിയും ചെടികൾ നട്ടും പ്രാരംഭജോലികൾ നടത്തി. തുലാവഷം അവരെ സഹായിച്ചുവെങ്കിലും ഈ തോട്ടം ശൈശവസ്ഥിതിയിൽതന്നെ കാണപ്പെട്ടു. ചന്ദ്രികാചന്ദ്രന്മാർ വളരെ ശ്രദ്ധയോടും ഉത്സാഹത്തോടുംകൂടെ ഉദ്യാനത്തെ പരിപാലിച്ചു. വിത്തുകളും തൈയ്യുകളും ശേഖരിക്കുന്നതിലും, തോട്ടം കിളക്കുക, തടമെടുക്കുക മുതലായ പണികളിലും, സമീപസ്ഥരായ അവരുടെ മിത്രങ്ങളും പങ്കുകൊണ്ടു. ഒരു കൊല്ലത്തെ യത്നത്തിന്നു ശേഷമേ അതു ഭംഗിയുള്ള ഒരു പൂന്തോട്ടമായിത്തീന്നുള്ളു. പറമ്പിൽ കൂടുതൽ തെങ്ങിൻതൈകളും ഒട്ടുമാവുകളും നട്ടുപിടിപ്പിച്ചു. പണ്ടു കരിമ്പുകൃഷി നടത്തിയിരുന്ന സ്ഥലത്തു് ഇപ്പോൾ നേന്ത്രവാഴത്തോട്ടം നിമ്മിച്ചു. കൃഷിചെയ്യാതെ വെ

റുതെ കിടന്നിരുന്ന സ്ഥലത്തെ ഖണ്ഡങ്ങളായി വേർതിരിച്ച് എള്ള്, മുത്താറി എന്നീ ചെറുധാന്യങ്ങൾ, ചേമ്പ്, കൂക്ക്, നനക്കിഴങ്ങ്, ഇഞ്ചി മുതലായ കിഴങ്ങുവർഗ്ഗങ്ങൾ, പയറ്, അവര, വെണ്ട, വഴുതിന, കൈപ്പ, പടവലം എന്നീ പച്ചക്കറിവർഗ്ഗങ്ങൾ മുതലായവയുടെ കൃഷിക്കായി ഉപയോഗപ്പെടുത്തി. വൃക്ഷത്തണലിൽപെട്ട സ്ഥലങ്ങളും ഗതാഗതത്തിന്നുള്ള ചെറു വരമ്പുകളും അല്ലാതെ ആ പറമ്പിൽ ഒരടി സ്ഥലംപോലും പാഴാക്കി ഇട്ടിരുന്നില്ല.

മാളികയിലെ വിശാലമായ ഒരു മുറി മഹിളാസമാജത്തിന്റെ ആവശ്യത്തിലേക്കായി ഒഴിച്ചിട്ടിരുന്നതിൽ ഒരററത്ത് ഒരു വലിയ മേശയും കസാലയും ഇട്ടിരുന്നു. നാലു വലിയ ചാരുബെഞ്ചുകൾ ചുമരുകൾക്കരികെ നിരത്തിവെച്ചിരുന്നതു കൂടാതെ ഒരലമാരയും കുറെ പുല്പപായകളും മാത്രമേ അതിനുള്ളിലുണ്ടായിരുന്നുള്ളു. അലമാരയിലെ മുകളിലത്തെ രണ്ടു തട്ടിൽ കുറെ പുസ്തകങ്ങളും മാസികകളും, കീഴത്തെ രണ്ടു തട്ടിൽ തുന്നൽസാമഗ്രികളും അടുക്കിവെച്ചിരുന്നു. മഹിളാസമാജത്തിന്റെ പൊതുയോഗങ്ങൾ ആഴ്ചയിൽ ഓരോന്നു വീതമേ ഉണ്ടാകാറുള്ളു. സാധാരണയായി ഞായറാഴ്ചദിവസമാണ് ഇതിന്നു ക്ലിപ്തപ്പെടുത്തിയിരുന്നതെങ്കിലും, അംഗങ്ങളുടെ സൌകൎയ്യമനുസരിച്ച്, ദിവസവും സമയവും ചിലപ്പോൾ ഭേദപ്പെടുത്താറും ഉണ്ട്. സമാജയോഗങ്ങൾക്കല്ലാതേയും സ്ത്രീകൾ, തങ്ങളുടെ സൌകൎയ്യമനുസരിച്ച് അവിടെ വരുകയും, തുന്നുകയോ, നൂൽനൂൽക്കുകയോ, വായിക്കുകയോ ചെയ്ത്, കുറേ സമയമെങ്കിലും സമാജം നിർദ്ദേശിച്ച പ്രവൃത്തിയിൽ ഏർപ്പെടുകയും പതിവായിരുന്നു.

പഞ്ഞി വെടുപ്പാക്കുക, നൂൽ നൂല്ക്കുക എന്നീ പ്രവൃത്തികൾ ആറുകാൽ പുരയിൽവെച്ചാണ് നടത്തിയതു്. പരിവട്ടത്തെ അധഃകൃതവർഗ്ഗക്കാരിൽപെട്ട ചില സ്ത്രീകളും കുട്ടികളും സമാജാംഗങ്ങളുടെ പ്രേരണയാൽ നൂൽനൂല്പു ശീലിക്കുവാൻ ചില അവസരങ്ങളിൽ അവിടെ വരാറുണ്ടായിരുന്നു. സമാജ

യോഗങ്ങളിൽ സന്നിഹിതരാകുവാൻ യോഗമുറിയിലേയ്ക്കു വരേണമെന്നു് എത്ര നിർബ്ബന്ധിച്ചിട്ടും ആദ്യകാലങ്ങളിൽ അവർ വൈമുഖ്യം കാണിച്ചു. അവിടത്തെ ചടങ്ങുകൾ അവൎക്കു മനസ്സിലാവുകയില്ലെന്ന കാരണമാണു് അവർ പറഞ്ഞൊഴിഞ്ഞതു്. എന്നാൽ മഹിളാസമാജത്തിൻെറ പ്രതികൂലികളായ ചിലർ ഈ സാധുക്കളെ താക്കീതു ചെയ്കയും, ഭീഷണിപ്പെടുത്തുകയും ചെയ്തിട്ടുണ്ടെന്നു നാരായണിഅമ്മ മനസ്സിലാക്കി, അവരുടെ ഭയസങ്കോചങ്ങളെ ക്രമേണ കുറയ്ക്കുവാൻ യത്നിച്ചു.

പരിചയക്കാരും സമീപസ്ഥരുമായ ബാലികാബാലന്മാർ ദിവസേന സായാഹ്നത്തിൽ അവിടെ കളിക്കുവാൻ കൂടിയിരുന്നു. മാസത്തിൽ ചുരുങ്ങിയതു രണ്ടു ദിവസമെങ്കിലും കുട്ടികളുടെ മത്സരക്കളികളുണ്ടാകും. ഈ ദിവസങ്ങളിൽ കളി കാണ്മാനും, കുട്ടികളെ ഉത്സാഹിപ്പിക്കാൻവേണ്ടി അവൎക്കു ചെറു സമ്മാനങ്ങൾ നല്കാനും, മഹിളാസമാജക്കാരും സന്നിഹിതരായിരുന്നു. കായികവിനോദങ്ങളിൽ കൈകൊട്ടിക്കളി, കോലാട്ടം, നൃത്തങ്ങൾ മുതലായവയും ഉൾപ്പെട്ടിരുന്നു. സമാജാംഗങ്ങളിൽ ചിലരാണു് ഈ വകകൾ കുട്ടികളെ അഭ്യസിപ്പിച്ചതു്. അവരിൽ ചില യുവതികൾ ചിലപ്പോൾ ഈ മത്സരക്കളികളിൽ പങ്കുകൊള്ളുകയും ചെയ്യാറുണ്ടു്. ഇത്തരം ആഘോഷദിവസങ്ങളിൽ കളി കാണ്മാനായി നൂലുനൂല്ലൂൽ അഭ്യസിക്കാൻ വരാറുണ്ടായിരുന്ന ഹരിജനസ്ത്രീകളെയും കുട്ടികളെയും സമാജാംഗങ്ങൾ ക്ഷണിച്ചുതുടങ്ങി. കളി കാണ്മാൻ കൌതുകം ആൎക്കാണുണ്ടാകാത്തതു്? എന്തസൌകൎയ്യങ്ങൾ ഉണ്ടായാലും ഈ ദിവസങ്ങളിൽ അവർ പുതിയ പത്തായപ്പുരയുടെ മുററത്തു സന്തോഷത്തോടുകൂടെ വന്നുകൂടുക പതിവായി. ക്രമേണ ഹരിജനക്കുട്ടികളേയും കളികളിൽ പങ്കുകൊള്ളുവാൻ ഉത്സാഹിപ്പിച്ചു. ഇങ്ങിനെ ഹരിജനങ്ങളുമായുള്ള അടുപ്പം കൂടുകയും മഹിളാസമാജാംഗങ്ങളുടെ സൌഹാൎദ്ദപൂൎവ്വമായ പെരുമാററം അവരുടെ ഭയസങ്കോചങ്ങളെ അകററുകയും ചെയ്തു.

പരിവട്ടത്തെ മഹിളാസമാജത്തിന്റെ സെക്രട്ടരിസ്ഥാനം ആദ്യം മുതല്ക്കേ കയ്യേററതു് അവിടത്തെ ഒരു ശൈവകുടുംബത്തിൽപെട്ട സരസ്വതി അമ്മാളായിരുന്നു. ഇവർ വിധവയും സന്താനവിഹീനയുമായ ഒരു യുവതിയായിരുന്നു. ഈ യുവതി വിവാഹത്തിനു മുൻപുതന്നെ ഉന്നതവിദ്യാഭ്യാസം ചെയ്തു് ഇന്റർമീഡിയെററ് പരീക്ഷാവിജയം നേടിയിരുന്നു. ഭർത്തൃമരണാനന്തരം അച്ഛനമ്മമാരോടുകൂടെ പാപ്പാക്കി, വീട്ടിൽ ഇരുന്നു സംസ്കൃതം പഠിച്ചു. വിദ്യാസമ്പന്നയും ആധുനികമനഃസ്ഥിതിയോടുകൂടിയവരും ആയ ഈ കാര്യദർശിനിയുടേയും, വിശാലഹൃദയയും ജ്ഞാനവൃദ്ധയുമായ അദ്ധ്യക്ഷ നാരായണി അമ്മയുടെയും പരിപൂർണ്ണ സഹായസഹകരണങ്ങൾ മഹിളാസമാജത്തിനു ലഭിച്ചതു് അതിന്റെ പുരോഗതിക്കു വലിയ സഹായമായിത്തീർന്നു. ഗൃഹഭരണസംബന്ധമായും ആരോഗ്യരക്ഷാപരമായും ഉള്ള വിഷയങ്ങൾ പത്രങ്ങളിലും മാസികകളിലും പുസ്തകങ്ങളിലും വായിച്ചു്, ഇവയിൽ ഏററവും ആധുനികവും പ്രായോഗികവുമായ കാര്യങ്ങളെ യോഗാവസരങ്ങളിൽ സമാജാംഗങ്ങളെ ഗ്രഹിപ്പിക്കുന്നതിൽ സരസ്വതിഅമ്മാൾ സദാ ബദ്ധശ്രദ്ധയായിരുന്നു. ഹരിജനയുവതികളേയും ബാലികമാരേയും അക്ഷരാഭ്യാസം ചെയ്യിക്കുവാനുള്ള ഒരു ക്ലാസ്സും ഇവർ ആരംഭിച്ചു. ആദ്യം ഈ ക്ലാസിൽ പത്താളുകൾപോലും ക്രമമായി ഹാജരായിരുന്നില്ല. എന്നാൽ ഒരു കൊല്ലംകൊണ്ടു് ഈ സംഖ്യ ത്രിഗുണീഭവിക്കയും, ഇവരെ ഒററ ക്ലാസായി അഭ്യസിപ്പിക്കുവാൻ സാധിക്കാതെ രണ്ടു ഭാഗങ്ങളായി വിഭജിക്കുകയും ചെയ്തപ്പോൾ, സമാജാംഗങ്ങളിൽ ഒരാളായ കിഴക്കേപറമ്പിലെ മേരിക്കുട്ടി സെക്രട്ടറിയെ സഹായിക്കാൻ വന്നു. ആ കൊല്ലത്തിൽതന്നെ ഒരു 'ശിശു ശുശ്രൂഷാമന്ദിരം' സ്ഥാപിക്കണമെന്നു സമാജത്തിന്റെ ആവിർഭാവകാലത്തു നിശ്ചയിച്ചിരുന്നതു്, വൈദ്യസംബന്ധമായ ഉപദേശമോ സഹായമോ നൽകുവാൻ പ്രാപ്തയായ ഒരു സ്ത്രീയെ ലഭിക്കായ്കയാൽ ഇനിയും സാധ്യമായില്ല. അതിന്നു പകരം മാസത്തിൽ രണ്ടു പ്രാവ

ശ്യം സമാജാംഗങ്ങൾ നാലഞ്ചു പ്രത്യേക കൂട്ടങ്ങളായി പിരിഞ്ഞു പരിവട്ടത്തും പരിസരങ്ങളിലുമുള്ള സാധുകുടുംബങ്ങളെ സന്ദർശിച്ച് അവിടെയുണ്ടായിരുന്ന ഗർഭിണികൾക്കും, പ്രസവിച്ചവക്കും, ശിശുക്കൾക്കും തങ്ങളാൽ കഴിയുന്ന ഉപദേശങ്ങളും സഹായങ്ങളും ചെയ്തു തൃപ്തിപ്പെട്ടു.

പരിവട്ടത്തെ മഹിളാസമാജത്തിൻെറ ഈ ഒരു വഷക്കാലത്തെ ജീവിതം ആരോഗ്യപരവും, അഭിവൃദ്ധികരവും, വിജയോന്മുഖവും ആയിരുന്നെങ്കിലും ക്ലേശരഹിതമായിരുന്നില്ല. ലോകത്തിലുണ്ടാകുന്ന ഏതൊരു പ്രസ്ഥാനവും എതിർശക്തിയോടടർചെയ്തിട്ടാണല്ലോ വിജയം നേടുന്നത്. പരിവട്ടത്തെ മഹിളകൾ തങ്ങളുടെ പുരോഗമനത്തിന്നുവേണ്ടിച്ചെയ്ത പ്രയത്നങ്ങളിൽ അടിതോറും ഇത്തരം എതിർശക്തികളോടു പൊരുതേണ്ടതായി വന്നു. കേരളത്തിലെ മററു ഗ്രാമങ്ങളോടു താരതമ്യപ്പെടുത്തിനോക്കുമ്പോൾ, പരിവട്ടത്തെ സ്ത്രീകൾ ഇത്രനാളും വളരെ പിന്നണിയിൽ നിന്നിരുന്നു; എങ്കിലും അവർ ഉണർന്നു പ്രവത്തിപ്പാൻ തുടങ്ങിയപ്പോൾ അവരുടെ ഉന്മേഷവും ജാഗ്രതയും കഴിഞ്ഞ കാലത്തുണ്ടായ ന്യൂനതയെ പരിഹരിക്കത്തക്കതായിരുന്നു. മററുള്ളവർ നാലുകൊല്ലംകൊണ്ടു നേടിയ അഭിവൃദ്ധി ഇവർ ഒരു കൊല്ലംകൊണ്ടു കരസ്ഥമാക്കി. മഹിളാസമാജത്തിൻെറ ആവിർഭാവത്തിന് എത്രയോ മുൻപുതന്നെ, അവിടത്തെ പുരുഷന്മാർ സാമുദായികവും രാഷ്ട്രീയവുമായ അഭിവൃദ്ധിക്കുതകുന്ന പല സ്ഥാപനങ്ങളും ഏപ്പെടുത്തി, അവയെ പ്രശസ്തരീതിയിൽ നടത്തിയിരുന്നു. ഈ സ്ഥാപനങ്ങൾക്കു മററു ഗ്രാമക്കാരുടേതിൽനിന്ന് ഒരു മെച്ചമുണ്ടായിരുന്നത്, അവ വർഗ്ഗീയസ്ഥാപനങ്ങളല്ലായിരുന്നു എന്നതാണ്. അവിടെ വർഗ്ഗീയമത്സരങ്ങൾ കുറെ മുൻപുതന്നെ ശമിച്ചിരുന്നതിനാൽ ഈ പൊതുസ്ഥാപനങ്ങളെ നാനാജാതിമതസ്ഥരായ അവിടത്തെ നിവാസികൾ ഏകോപിച്ചു നടത്തി. പക്ഷേ ഇത്രനാളും അവയ്ക്കൊരു ന്യൂനത ഉണ്ടായിരുന്നത് ഈ സ്ഥാപനങ്ങളിൽ അവിടത്തെ സ്ത്രീകൾ അംഗങ്ങളായിരുന്നില്ലെന്നുള്ളതാണ്.

മഹിളാസമാജം സ്ഥാപിച്ച് ഏതാനും മാസം കഴിഞ്ഞപ്പോൾ അതിലെ അംഗങ്ങൾ പലരും പൊതുസ്ഥാപനങ്ങളിൽ ചേരുകയും, അവയുടെ യോഗങ്ങളിൽ സന്നിഹിതരാവുകയും, അവയിലെ നടവടികളിൽ പങ്കെടുക്കുകയും ചെയ്വാൻ തുടങ്ങി.

രാഷ്ട്രീയമോ സാമുദായികമോ ആയ യാതൊരു പരിവർത്തനങ്ങളിലും സഹാനുഭൂതി ഇല്ലാത്തവരും, സ്വാർത്ഥികളും, കുടിലബുദ്ധികളും ആയ ചില യാഥാസ്ഥിതികർ പരിവട്ടത്തുണ്ടായിരുന്നു. ഇവരും ഇവരുടെ സ്തുതിപാഠകന്മാരായ ആശ്രിതരും ചേർന്ന്, പുരുഷന്മാരുടെ പൊതുസ്ഥാപനങ്ങളെ തല്ലിത്തകൎക്കുവാൻ ആദ്യകാലങ്ങളിൽ പല പരിശ്രമങ്ങളും ചെയ്തു. എന്നാൽ ഇതിൽ അവൎക്കു വിജയം നേടുവാൻ സാധിക്കാതെ ലജ്ജിച്ചു തല താഴ്ത്തി അടങ്ങിയിരുന്ന കാലത്താണ് മഹിളാസമാജം ആവിർഭവിച്ചത്. അമൎത്തിവെച്ചിരുന്ന തങ്ങളുടെ സംഹാരശക്തിയെ ഉണൎത്തി മഹിളാസമാജത്തെ തകൎക്കുവാൻ അവർ ഈ അവസരത്തിൽ തല ഉയൎത്തി. മഹിളാസമാജത്തിന്റെ ജനയിത്രിയായ നാരായണിഅമ്മയുടെ സഹോദരൻ അപ്പുക്കുട്ടമേനവനെയാണ് അവർ ആദ്യം തങ്ങളുടെ ഉപകരണമാക്കിയത്. ഇദ്ദേഹം മുഖാന്തിരം നാരായണിഅമ്മയെ പ്രേരിപ്പിച്ചു സമാജത്തിൽനിന്നു വേർപെടുത്തുവാനായിരുന്നു അവരുടെ ആദ്യത്തെ ശ്രമം. അപ്പുക്കുട്ടമേനവനു് ഈയിടെയായി തന്റെ സോദരിയോട് ഒരു സ്വകാൎയ്യസങ്കടവുമുണ്ടായിരുന്നു. അവർ പുതിയ പത്തായപ്പുരയിൽ താമസമാക്കിയതോടുകൂടെ പ്ലാവറെ വാസം അദ്ദേഹത്തിന് അസുഖമായി തോന്നിത്തുടങ്ങി. സായാഹ്നവേളകളിൽ പലപ്പോഴും അദ്ദേഹം ഏകാന്തത അനുഭവിക്കേണ്ടതായി വന്നു. കളിച്ചു വിഹരിക്കുവാനുള്ള സ്ഥലസൌകൎയ്യം പുതിയ പത്തായപ്പുരയിൽ കൂടുതലുണ്ടായിരുന്നതുകൊണ്ടു കുട്ടികൾ ആ സമയമൊക്കെ അവിടെയായിരുന്നു കഴിച്ചിരുന്നത്. ഗൃഹജോലികൾ അധികം ഉണ്ടായിരുന്നതു നിമിത്തം മീനാക്ഷിഅമ്മയുടെ സഹവാസവും ആ സമയം ലഭിച്ചിരുന്നില്ല. ആകപ്പാടെ ഒരസ്വാസ്ഥത

യും മൌഢ്യവും മേനോനെ ബാധിച്ചു. പാറുക്കുട്ടിഅമ്മ മടങ്ങിപ്പോയപ്പോൾ നാരായണിഅമ്മയെ പ്ലാവറെക്കു തിരിച്ചു പോരുവാൻ മേനോൻ നിർബ്ബന്ധിച്ചു; എന്നാൽ സോദരി ആ നിർബന്ധത്തിനു കീഴ്വഴങ്ങിയില്ല. മഹിളാസമാജത്തിൽനിന്നു പിരിവാനും യോഗത്തിനു മാളികമുറി കൊടുക്കാതിരിപ്പാനും സ്നേഹിതന്മാരുടെ ദുരുപദേശപ്രകാരം അദ്ദേഹം അവരോടുപദേശിച്ചു; അവിടെയും തോൽവിയാണുണ്ടായതു്. ഹരിജനങ്ങളെ വീട്ടിനുള്ളിൽ പ്രവേശിപ്പാൻകൂടെ നാരായണിഅമ്മ അനുവദിച്ചപ്പോൾ തീണ്ടൽജാതിക്കാർ കടന്നു് 'അയിത്ത'മാക്കിയ വീട്ടിൽ മേലാൽ താൻ കാൽചവുട്ടുകപോലുമില്ലെന്നു ശപഥംചെയ്തു്, അദ്ദേഹം നാരായണിഅമ്മയെ സന്ദർശിക്കാതായി. ശാന്തശീലയായ നാരായണിഅമ്മയാകട്ടെ അദ്ദേഹത്തിൻെറ കോപത്തേയോ വാശിയേയോ കാര്യമാക്കാതെ പ്ലാവറെ പോകയും അദ്ദേഹത്തിൻെറ ക്ഷേമാനേഷണം മുറയ്ക്കു നടത്തുകയും ചെയ്തുവന്നു.

പൊതുസ്ഥലങ്ങളിൽ കൂടിനിന്നു്, മഹിളാസമാജാംഗങ്ങൾ കടന്നുപോകുമ്പോൾ പ്രത്യക്ഷമായും പരോക്ഷമായും അപഹസിക്ക, അവരുടെ ബന്ധുമിത്രങ്ങളോടു് അവരുടെ കുററവും കുറവും പറക, അപരാധങ്ങൾ പരത്തുക എന്നീ കൃത്യങ്ങളായിരുന്നു അവർ രണ്ടാമതായി പ്രയോഗിച്ച വിദ്യ. ഒരു നാൾ സന്ധ്യക്കു പരിവട്ടത്തെ ശിവക്ഷേത്രത്തിൻെറ മുമ്പിലുള്ള ആൽത്തറയിൽ ഒരുകൂട്ടം ആളുകൾ കൂടിയിരുന്നു സംസാരിക്കയായിരുന്നു. ഈ കൂട്ടത്തിൽ മഹിളാസമാജത്തിൻെറ അനുകൂലികളും പ്രതികൂലികളും ഉൾപ്പെട്ടിരുന്നു.

ഒരു പ്രതികൂലി—എന്താ സാറെ, നേരം ഇരുട്ടായിട്ടും വീട്ടിൽ പോകാൻ ഭാവമില്ലാതെ ഇവിടെ നില്ക്കുന്നതു്? വീട്ടിൽ പോയാൽ ആരും ഉണ്ടാവില്ലായിരിക്കും, ഉമ്മറത്തു കാത്തു നില്ക്കേണ്ടിവരും, ഇല്ലേ?

ഒരനുകൂലി—അക്കാരണത്താലാണോ നിങ്ങളും ഇവിടെ നിന്നു കറങ്ങുന്നതു്.

വേറൊരനുകൂലി—ഇദ്ദേഹം നില്ക്കുന്നതെന്തിനെന്നു മനസ്സിലായില്ലേ? അല്പം മുമ്പു പറഞ്ഞതു കേട്ടില്ലേ? അമ്പലത്തിൽ വന്നു പോകുന്ന സ്ത്രീകളെ അധിക്ഷേപിക്കാനാണു് ഈ മൂപ്പർ ഇവിടെ സ്ഥലം പിടിച്ചിരിക്കുന്നതു്.

പ്ര—ആക്ഷേപാർഹമായ വിധത്തിൽ നടക്കുന്നവരെ അധിക്ഷേപിക്കാതെ കഴിയുമോ? അങ്ങിനെയെങ്കിലും അവരെ നേർവഴിക്കു തിരിക്കാൻ ശ്രമിക്കയാണു്. സ്വന്തമല്ലെങ്കിലും സ്വജനമല്ലേ? അവനവൻെറ ഗൃഹവും ഭരിച്ചു കുട്ടികളേയും നോക്കി വീട്ടിനുള്ളിലിരിക്കേണ്ടവരെ ഇങ്ങിനെ പുറമെ തെണ്ടിനടക്കാൻ അനുവദിക്കുന്നല്ലോ. ഇന്നാട്ടിലെ ആളുകളുടെ പൌരുഷമൊക്കെ എവിടെ പോയി?

അ—പൌരുഷത്തെപ്പററിയുള്ള നിങ്ങളുടെ മതിപ്പല്ല ഞങ്ങൾക്കുള്ളതു്. സ്ത്രീകളെ ഗൃഹഭിത്തികൾക്കുള്ളിൽ ബന്ധിച്ചിട്ടു്, പുരുഷന്മാരുടെ സുഖജീവിതത്തിന്നുള്ള ഉപകരണമായിക്കരുതി, അവക്കു പ്രവൃത്തിസ്വാതന്ത്ര്യമോ, വിചാരസ്വാതന്ത്ര്യമോ കൂടെ അനുവദിക്കാതിരിക്കുന്നതാണു് പൌരുഷമെന്നു നിങ്ങൾ വിചാരിക്കുന്നു. ലോകഗതിക്കനുസരിച്ചു ജീവിതം നയിക്കുന്നതിനുള്ള അവരുടെ ആഗ്രഹത്തെ തടയാതെ, പൊതുക്കാൎയ്യങ്ങളിൽ പങ്കുകൊള്ളുവാനും, ലോകനന്മക്കുവേണ്ടി തങ്ങളാൽ കഴിയുന്നതു ചെയ്വാനും, അവക്കു സ്വാതന്ത്ര്യവും സൌകൎയ്യവും നൽകുന്നതാണു് പൌരുഷമെന്നു ഞങ്ങൾ കരുതുന്നു.

പ്ര—പുരുഷന്മാർ കൂടന്നിടത്തുപോലും നിങ്ങളിൽ ചിലർ സ്ത്രീകളെ കെട്ടി അലങ്കരിച്ചു പ്രദൎശനത്തിനു കൊണ്ടുപോകാറില്ലേ? ലോകനന്മ! ലോകം എങ്ങോട്ടേയ്ക്കാണു പോകുന്നതെന്നു കണ്ടുതന്നെ അറിയണം.

അ—ലോകം മുന്നോട്ടുതന്നെയാണു പോകുന്നതു്. പിന്നോക്കം പോകണമെന്നാഗ്രഹമെങ്കിൽ അതുണ്ടാവുമെന്നു തോന്നുന്നില്ല. നമ്മുടെ സ്ത്രീകൾ ഉത്സവസ്ഥലങ്ങളിലും അമ്പലങ്ങളിലും പോകുന്നില്ലേ? ആ സമ്പ്രദായം ഇന്നും ഇന്നലെ

യും ഉണ്ടായതല്ലല്ലൊ. അവിടെയും പുരുഷന്മാരുണ്ടു്. പിന്നെ പുരുഷന്മാർ കൂടുന്ന സഭകളിൽ ഹാജരാകുന്നതിലെന്താണൊരു പുതുമ?

വേ. അ—സ്ത്രീകൾ സഭകൾക്കു പോകുന്നതു നിങ്ങൾ കണ്ടിട്ടുണ്ടോ? അവർ കെട്ടി അലങ്കരിച്ചാണോ പോകുന്നതു്? അസംബന്ധം ജല്പിക്കാതെ വാസ്തവം മനസ്സിലാക്കി പറയണം. ശരിയായ ന്യൂനത വല്ലതും ഉണ്ടെങ്കിൽ അതിനെ ചൂണ്ടിക്കാണിച്ചാൽ പരിഹരിക്കാമല്ലൊ.

അ—മഞ്ഞപ്പിത്തം പിടിപെട്ട ആളുകളുടെ ദൃഷ്ടിയിൽ സകലതും മഞ്ഞളിച്ചിട്ടാണല്ലൊ കാണുക. വരൂ സ്നേഹിതാ, നമുക്കു പോകാം. ഇദ്ദേഹത്തെപ്പോലെയുള്ള ആളുകളുടെ മനസ്ഥിതി നന്നാവാൻ ഇനിയും ഒരു നൂററാണ്ടുകൂടെ കഴിയണം.

വേ. അ—തെററിദ്ധാരണയാണെങ്കിൽ കാൎയ്യം മനസ്സിലാക്കിക്കൊടുക്കാമല്ലൊ എന്നു വിചാരിച്ചാണു് ഞാൻ നിന്നതു. കാരണവരേ, നിങ്ങൾ ഒന്നു മനസ്സിലാക്കണം. മഹിളാസമാജത്തിൽ ചേൎന്നു പ്രവൎത്തിക്കയും, പൊതുയോഗത്തിൽ പങ്കുകൊള്ളുകയും ചെയ്യുന്ന സ്ത്രീകൾ അവരുടെ പുരുഷന്മാരുടെ പൂൎണ്ണസമ്മതപ്രകാരമാണു് അങ്ങിനെ ചെയ്യുന്നതു്. നിങ്ങളുടെ സ്ത്രീകളെ അയക്കാൻ മനസ്സില്ലെങ്കിൽ വേണ്ടാ, മററുള്ളവരിൽ അപരാധം ആരോപിക്കുന്നതെന്തിനു്?

പ്ര—ഞങ്ങളുടെ സ്ത്രീകൾ മാനം മൎയ്യാദ ശീലിച്ചു വളൎന്നവരാണു്. അവരെ താന്തോന്നികളായി തെണ്ടിനടക്കാൻ ഈ ജ്ജന്മം അനുവദിക്കയുമില്ല. അവർ ഞങ്ങളുടെ ഗൃഹലക്ഷ്മികൾ.

അ—ഓഹോ, ഗൃഹലക്ഷ്മികൾ പുറത്തിറങ്ങിയാൽ ഗൃഹത്തിലെ ഐശ്വൎയ്യം പൊയ്പ്പോകുമായിരിക്കും.

വേ. അ—ഞങ്ങളുടെ ഗൃഹലക്ഷ്മികൾ പുറത്തിറങ്ങി സഞ്ചരിച്ചുതുടങ്ങിയതുമുതൽ ഞങ്ങളുടെ വീട്ടിൽ ഐശ്വൎയ്യം വൎദ്ധിക്കയാണു് ചെയ്യുന്നതു്.

പ്ര—അതെ, അതെ, പുറത്തിറങ്ങി പണിയെടുത്തു് പണം സമ്പാദിക്കുന്നു. അതാണെന്നെശപ്യമെന്നു പറയുന്നതു്. വീട്ടിലെ വരവു കൂടുതലാകും.

വേ. അ—വരവു കൂടുതലാകുന്നില്ല; ചിലവു ചുരുങ്ങുകയാണു ചെയ്യുന്നതു്. അനാവശ്യമായ വസ്ത്രാലങ്കാരങ്ങൾക്കോ ആഡംബരങ്ങൾക്കോ ആയി പണം ചെലവിടുകയില്ലെന്നു് ഞങ്ങളുടെ സ്ത്രീകൾ ശപഥം ചെയ്തിരിക്കുന്നു. അവൎക്കും കുട്ടികൾക്കും അത്യാവശ്യമായ കുപ്പായങ്ങൾ ഇപ്പോൾ അവർതന്നെ തുന്നുന്നു. ഉണ്ണാനിരിക്കാൻ തടുക്കുപായകൾ, കാൽ ചവുട്ടിത്തുടക്കാൻ ചകിരിമെത്തകൾ ഇവയും നിൎമ്മിക്കുന്നു. വീട്ടിലെ ആവശ്യത്തിന്നുവേണ്ട പച്ചക്കറികൾ അവർ നട്ടുവളൎത്തുന്നു. ഇതുനിമിത്തം വീട്ടിലെ ചെലവു ചുരുങ്ങുകയല്ലേ ചെയ്യുന്നതു്? പിന്നെ ഞങ്ങളുടെ സ്ത്രീകൾ സങ്കടത്തിൽപ്പെട്ടു വലയുന്ന സാധുക്കളുടെ വീടുകളിൽ പോയി തങ്ങളാൽ കഴിയുന്ന സഹായം അവൎക്കു ചെയ്തുകൊടുത്തു് അവരുടെ കഷ്ടതകളെ കുറയ്ക്കുന്നു. ഇതും ലക്ഷ്മീദേവിമാൎക്കു യോജിച്ചതല്ലേ?

പ്ര—തീണ്ടലും തൊടീലും ഗണ്യമാക്കാതെ ഹീനജാതിക്കാരുടെ കുടിലുകളിൽ കയറി ഇറങ്ങുന്നു. അവനവൻെറ വീട്ടിനുള്ളിലും മുറികളിലും അവരെ കടത്തി പരിശുദ്ധസ്ഥലങ്ങളുംകൂടെ അശുദ്ധമാക്കുന്നു. നമ്മുടെ അനുഗ്രഹീതരായ കാരണവന്മാർ നമുക്കുവേണ്ടി സമ്പാദിച്ചുവെച്ച പുണ്യംകൂടെ നശിപ്പിക്കുന്നു.

വേ. അ—അശുദ്ധമുള്ളവർ പരിശുദ്ധസ്ഥലങ്ങളിൽ പ്രവേശിക്കുമ്പോൾ അവൎക്കു പരിശുദ്ധി ലഭിക്കും. അതും ഒരു പുണ്യമല്ലേ?

അ—പരിശുദ്ധസ്ഥലങ്ങളിൽവെച്ചു് ഏററവും പരിശുദ്ധമായ ക്ഷേത്രങ്ങളിലുംകൂടെ അവർ താമസിയാതെ പ്രവേശിച്ചു പുണ്യം നേടുവാൻ തുടങ്ങുമല്ലോ. അപ്പോൾ നിങ്ങളെന്തുചെയ്യും? നിങ്ങളുടെ സ്വന്തം വീട്ടുവാതിലുകളെ പൂട്ടി

യിടാം; പൊതുസ്വത്തായ ക്ഷേത്രവാതിലുകളെ പൂട്ടിയിട്ട് അവരെ പുറത്തു നിറുത്താൻ നിങ്ങൾക്കു സാധിക്കുമോ?

പ്ര—അക്കാലം വരട്ടെ, അപ്പോൾ കാണിച്ചുകൊടുക്കാം. ഞങ്ങളിൽ ചിലരുടെ ജീവനുള്ളപ്പോൾ—

വേ. അ—വരട്ടെ, ശപഥം ചെയ്യേണ്ടാ. നിയമം വന്നാൽ എന്തു ചെയ്യും?

പ്ര—നിയമലംഘനപ്രസ്ഥാനങ്ങളും ഇപ്പോൾ നടപ്പിലുണ്ടല്ലൊ. ഈ പുണ്യഭൂമി അശുദ്ധമായി അലങ്കോലപ്പെടുന്നതു കണ്ടു ജീവിച്ചിരിക്കുന്നതിനേക്കാൾ ജയിലിൽ കിടന്നു മരിക്കുന്നതാണുത്തമം; അല്ലെങ്കിൽ നാടുവിട്ടോടേണ്ടിവരും.

അ—നിയമലംഘനത്തിന്നു തക്ക മനക്കരുത്തും സഹനശക്തിയും നിങ്ങൾക്കുണ്ടോ? അതൊന്നു കാണേണ്ടതാണ്.

വേ. അ—നാടുവിട്ടോടുകയൊ? എവിടെയ്ക്കാണ്? ലോകത്തിന്റെ പുരോഗമനത്തെ തടുപ്പാൻ എവിടെച്ചെന്നാലും സാധിക്കില്ല. വല്ല ധ്രുവപ്രദേശത്തോ പാതാളത്തോ പോയാൽ നന്ന്.

പ്ര—അതിന്നുള്ള കാലം വരുമ്പോൾ അക്കാൎയ്യം തീൎച്ചപ്പെടുത്തിക്കൊള്ളാം.

വേ. അ—അവനവന്റെ കാൎയ്യം തീൎച്ചപ്പെടുത്തുവാനുള്ള അധികാരം അവനവനു തന്നെ. നിങ്ങളുടെ കാൎയ്യത്തിൽ തലയിടാൻ ഞങ്ങൾ വരുന്നതല്ല.

ഇതോടുകൂടെ ആൽത്തറയിലെ ചെറുസംഘം പിരിഞ്ഞു.

* * * *

മേൽപറഞ്ഞ സംഭവത്തെപ്പററി പിറേറ ദിവസം തന്നെ മഹിളാസമാജാംഗങ്ങളിൽ ചിലർ നാരായണിഅമ്മയുമായി സംസാരിക്കുകയുണ്ടായി. കൂട്ടത്തിൽ സമാജം സെക്രട്ടരി സരസ്വതിഅമ്മാൾ, പുതിയറ വീട്ടിൽ രുഗ്മിണീഭായി, മനക്കൽ ശ്രീദേവിവാരസ്യാർ, കുന്നുമ്മേൽ കല്യാണിക്കുട്ടി, പാഴൂർമഠത്തിൽ നാഗമ്മാൾ എന്നിവർ ഉൾപ്പെട്ടിരുന്നു. ഇവർ തുന്നൽപണിയിൽ ഏൎപ്പെട്ടിരിക്കെ നാരായണിഅമ്മ ചില പത്രങ്ങ

ളുംകൊണ്ടു മുകളിൽ എത്തിയപ്പോഴാണ് ഈ വിഷയം സംസാരിപ്പാൻ തുടങ്ങിയതു്.

ശ്രീദേവി—നമ്മുടെ പെരിച്ചാഴിമൂപ്പരെക്കൊണ്ടു് അമ്പലത്തിൽപോലും കടന്നുപോകാൻ മേലെന്നായിരിക്കുന്നു. അയാളുടെ ശകാരവൃഷം ഇപ്പോൾ ആൽത്തറയിൽനിന്നാണു് ചൊരിയുന്നതു്.

രുഗ്മിണീഭായി—നല്ല സ്ഥലം! ക്ഷേത്രദർശനം കഴിച്ചു വന്ന ഉടൻ നാട്ടുകാരായ സ്ത്രീകളുടെ മേൽ ദോഷാരോപണം! നമുക്കിനി മേലാൽ അമ്പലത്തിൽ പോകേണ്ടെന്നു വെച്ചാലെന്താ? പരിശുദ്ധ വിചാരങ്ങളോടുകൂടെ അമ്പലത്തിൽനിന്നു പുറത്തു വരുമ്പോൾ പുലഭ്യം കേട്ടു ചെവി അശുദ്ധമാക്കാതെ കഴിക്കാം.

നാ. അ—ആരെയാണു് നിങ്ങൾ പെരിച്ചാഴിമൂപ്പർ എന്നു വിളിച്ചതു്? മനുഷ്യരെ മനുഷ്യരായി സംബോധന ചെയ്താൽ പോരെ? ആരെങ്കിലും നമ്മെ അധിക്ഷേപിച്ചാൽ അതു കേട്ടു ക്ഷോഭിക്കാതെ ധൈര്യത്തോടെ സഹിക്കണം. അവരെ ദുഷ്പേരു വിളിച്ചാൽ നാമും അവരുടെ നിലയിൽ താഴുകയാണു് ചെയ്യുന്നതു്.

ശ്രീദേവി—കിഴക്കേ മഠത്തിലെ മൂപ്പിൽനായരെ ഇന്നാട്ടുകാർ സകലരും പെരിച്ചാഴി എന്നാണു് വിളിക്കുന്നതു്. ആ പേർ അദ്ദേഹത്തിനു സ്ഥിരമായിപ്പോയി. അതുകൊണ്ടാണു് ഞാനും അങ്ങിനെ പറഞ്ഞതു്. അല്ലാതെ കരുതിക്കൂട്ടി ആക്ഷേപിച്ചതല്ല.

നാ. അ—നാട്ടുകാർ എന്തെങ്കിലും വിളിക്കട്ടെ; നമുക്കദ്ദേഹത്തെ മൂപ്പിൽനായർ എന്നു വിളിച്ചാൽ മതി. അദ്ദേഹം ഒരു പഴയ മനുഷ്യൻ. അദ്ദേഹത്തിന്റെ അധിക്ഷേപത്തെ ഭയപ്പെട്ടു് അമ്പലത്തിൽ പോകാതിരിക്കുന്നതു് ഭീരുതമാകും.

കല്യാണിക്കുട്ടി—പ്ലാവറെ കാരണവരേയും കൂട്ടത്തിൽ സാധാരണയായി കാണാറുണ്ടു്. അതാണു് കുറേ കഷ്ടം.

നാ. അ—ഏട്ടൻ അവരിൽ ചിലരുടെ കൈയ്യിൽപെട്ടു കരുങ്ങുകളിക്കയാണ്. നേരിട്ടു വല്ലതും പറയാറുണ്ടോ?

രു—അതില്ല, മൌനിയായി കുനിഞ്ഞിരിക്കയാണു പതിവ്.

നാ. അ—ഏട്ടനെ നമ്മുടെ എതിരാളികളുടെ കൂട്ടത്തിൽ ചേക്കേണ്ടാ. ആദ്യകാലങ്ങളിൽ എന്നോടു ചിലതു പറഞ്ഞു നോക്കി. ഞാൻ വഴിപ്പെടാത്തതുകൊണ്ട് എന്നോടു മുഷിഞ്ഞ് അല്പം അകന്നിരിക്കയാണ്. ഇവിടെ വരാറില്ല; പക്ഷേ ഞാൻ പ്ലാവറെ പോകുമ്പോൾ എന്നോടു സ്നേഹത്തോടുകൂടെയാണു പെരുമാറുന്നത്. മീനാക്ഷിയെ ഏട്ടൻ തടയാറില്ല. ദുരഭിമാനംകൊണ്ടു പിൻമാറി നില്ക്കയാണ്; ക്രമേണ തിരിഞ്ഞു വരുമെന്നാണ് എൻെറ വിശ്വാസം. ആൾ ശുദ്ധനാണ്.

ശ്രീ—മൂപ്പിൽനായർ അന്യസ്ത്രീകളുടെ കാൎയ്യത്തിൽ തലയിടുന്നതെന്തിന്? അയാളുടെ വീട്ടുകാരുടെ കാൎയ്യം നോക്കിയാൽ പോരെ? മററുള്ളവരുടെ സ്വാതന്ത്ര്യത്തെത്തടയാൻ അയാൾക്കെന്തവകാശം?

നാഗമ്മാൾ—അയാളുടെ വീട്ടുകാരെ ഈയിടെയായി അമ്പലത്തിൽപോലും പോകാൻ വിടുന്നില്ലത്രേ! നമ്മളെക്കണ്ടാൽ തീണ്ടുണ്ടാവുംപോലും!

രു—അയാളുടെ മരുമകളല്ലേ മദിരാശിയിലെ ഡാക്ടർ അശ്വിനീദേവൻെറ ഭാൎയ്യ? ആ സ്ത്രീ അവിടത്തെ ഒരു വലിയ സമുദായസേവിനിയാണ്. അവർ എവിടെയൊക്കെ പോകുന്നു! എന്തൊക്കെ ചെയ്യുന്നു! അതൊന്നും മൂപ്പർ അറിയാത്തപോലെ! തീണ്ടലും മററും അവരെ ബാധിക്കില്ലേന്നോ?

നാ. അ—അറിയാഞ്ഞിട്ടല്ല; അവർ അദ്ദേഹത്തിൻെറ കീഴിലല്ലോ; പറഞ്ഞാലൊട്ടു കേൾക്കുകയുമില്ല. അവരെ തറവാട്ടിൽ മേലാൽ കടത്തുകയില്ലെന്നു ശപഥം ചെയ്തിട്ടുണ്ടത്രേ!

ക. കു—തറവാട്ടിൽ അവർ കടന്നുവരാൻ ശ്രമിച്ചിട്ടുവേണ്ടേ കടത്താതിരിക്കാൻ.

നാ. അ—എനിക്ക് ഒരു കാൎയ്യമേ നിങ്ങളോട് ഉപദേശിക്കാനുള്ളൂ. നിങ്ങൾ നിങ്ങളുടെ ഗൃഹഭരണകാൎയ്യത്തിൽ യാതൊരു വീഴ്ചയും വരുത്തരുത്. അതാണ നിങ്ങളുടെ മുഖ്യധൎമ്മം. അതു ശരിയായി നിറവേററിയാൽ, മററു പ്രവൃത്തികളിൽ നിങ്ങളുടെ പുരുഷന്മാർ നിങ്ങളെ പ്രോത്സാഹിപ്പിക്കുകയെ ഉള്ളൂ. വീട്ടിൽ സൈ്വരക്കേടും അന്തഃഛിദ്രവും ഉണ്ടാക്കീട്ടു സമുദായസേവനത്തിന്നിറങ്ങരുത്.

രു—ഞങ്ങൾ അങ്ങിനെ ചെയ്യുന്നില്ലെന്നു അമ്മയ്ക്കറിയരുതോ? കുട്ടികളെപ്പോലും ഞങ്ങൾ ദാസിമാരേയോ ഭൃത്യന്മാരേയോ ഏല്പിച്ചിട്ടു പുറത്തിറങ്ങാറില്ല.

നാ. അ—കുട്ടികൾ ഇവിടെ വന്നു കൂട്ടുകാരുമായി ഇടപെടുന്നതും കളിക്കുന്നതും അവൎക്കും നന്ന്; നിങ്ങൾക്കും മനസ്സമാധാനത്തിനു കാരണം. പിന്നെ അകാരണമായി വല്ലവരും അധിഃക്ഷേപിച്ചാൽ അതു കേട്ടു സഹിക്കതന്നെവേണം. സഹനസമരത്തിൽ ഏൎപ്പെട്ടു പുരോഗതി നേടുവാൻ സന്നദ്ധരായിരിക്കുന്ന ഭാരതീയസ്ത്രീകളുടെ കൂട്ടത്തിൽ നമുക്കും സ്ഥാനം വേണം. അതോൎമ്മയിരിക്കട്ടെ.

എല്ലാവരും—അമ്മയുടെ ഉപദേശത്തെ ഏതുകാലത്തും ഞങ്ങൾ ശ്രദ്ധിച്ചു പിന്തുടരും.

## അദ്ധ്യായം 16

### വിഭിന്നരംഗങ്ങൾ

ചന്ദ്രനും ചന്ദ്രികയും പരിവട്ടത്തു മിഡിൽ സ്കൂളിലെ പഠിപ്പു പൂൎത്തിയാക്കിയശേഷം, കഴിഞ്ഞ രണ്ടുമൂന്നു കൊല്ലങ്ങളായി രാമപുരത്തെ ദേശീയവിദ്യാലയത്തിൽ ചേൎന്നു വിദ്യാഭ്യാസം ചെയ്കയായിരുന്നു. അവിടത്തെ പഠിപ്പുംകഴിഞ്ഞ് അവർ മടങ്ങിവരാൻ ഇനി രണ്ടുമാസമേ ഉള്ളൂ. മേലാലുള്ള അവരുടെ ജീവിതത്തെപ്പററി മാതാമഹിയായ നാരായണിഅമ്മയും പി

തൃവ്യൻ കരുണാകരക്കുറുപ്പും തമ്മിൽ പല ആലോചനകളും നടത്തി; ഒന്നും തീച്ച്യയാക്കുവാൻ കഴിയാതെ കുട്ടികഠ മടങ്ങി എത്തിയശേഷം അവരുടെ അഭിപ്രായവും അറിഞ്ഞ്, അവരുടെ ആഗ്രഹത്തിനും വാസനയ്ക്കും അനുയോജ്യമായ വിധത്തിൽ പ്രവത്തിക്കാമെന്നു തീരുമാനിച്ചു.

കുട്ടികഠ രാമപുരത്തു പാറുക്കുട്ടിഅമ്മയോടുകൂടെയായിരുന്നു താമസം. അവർ അവിടെ വിദ്യാഭ്യാസത്തിനുവേണ്ടി പോകേണ്ടതായി വന്നപ്പോഠ അന്യോന്യം പിരിഞ്ഞു പാക്കാൻ അവക്കും നാരായണിഅമ്മയ്ക്കും വ്യസനവും വൈമനസ്യവുമുണ്ടായി. നാരായണിഅമ്മയ്ക്ക് അവരോടുകൂടെ രാമപുരത്തുപോയി പാക്കുന്നതിന് ഒരൊററ തടസ്ഥമേ ഉണ്ടായിരുന്നുള്ളു. അതു പുതിയ പത്തായപ്പുരയെ വീണ്ടും അനാഥമാക്കിവിട്ട്, അവിടെവെച്ച് അപ്പോഠ നടത്തിവന്ന പല ഉപയോഗപ്രദങ്ങളായ പ്രവൃത്തികളെ മററാരാളുടെ അന്വേഷണത്തിൽ വിടേണ്ടിവരുമെന്നുള്ളതായിരുന്നു. നാരായണിഅമ്മയും കുട്ടികളും പ്ലാവറെനിന്നു പിരിഞ്ഞു താമസമാക്കിയശേഷം അവക്ക് ഉഴുണിന്നുള്ള നെല്ലു തറവാട്ടിൽനിന്നുതന്നെ ലഭിച്ചുവന്നു. മേൽചെലവു നാരായണിഅമ്മയുടെ 'അയ്യായിരത്തി'ൽനിന്നു കിട്ടിയ ലാഭംകൊണ്ടു കഷ്ടിച്ചു കഴിച്ചു. കുട്ടികളുടെ പഠിപ്പിന്നുവേണ്ട ചെലവ് പിതൃവ്യനാണു വഹിച്ചതു്. പറമ്പിലെ പലതരം കൃഷിയിൽനിന്നു ലഭിച്ച ചെറിയ ആദായം, അവിടെ നൂൽനൂല്ക്കുവാനും അക്ഷരാഭ്യാസം ചെയ്യാനുമായി വന്നിരുന്ന സാധുക്കുട്ടികഠക്ക് ഒരുനേരത്തെ ആഹാരം കൊടുക്കുവാൻ നാരായണിഅമ്മ ഉപയോഗപ്പെടുത്തി. പലപ്പോഴും വെറുംവയറോടെ വന്നിരുന്ന കുട്ടികഠക്ക് ആദ്യകാലങ്ങളിൽ പഠിപ്പിലും കൈവേലകളിലും അഭിവൃദ്ധി വളരെ മോശമായിട്ടേ ഉണ്ടായിക്കണ്ടുള്ളു. ഒരുനേരത്തെ ആഹാരം ലഭിക്കുവാൻ തുടങ്ങിയതോടുകൂടെ പഠിക്കുവാൻ വന്ന കുട്ടികളുടെ എണ്ണം വദ്ധിക്കുകയും, പ്രവൃത്തിയിലും പഠിപ്പിലും കൂടുതൽ ഉത്സാഹവും അഭിവൃദ്ധിയും ഉണ്ടാകയുംചെയ്തു. തൻെറ മേൽനോട്ടമി

ല്ലാതായാൽ ഈ സാധുക്കുട്ടികളുടെ അഭിവൃദ്ധിക്കു മുടക്കംവരു മെന്നു നാരായണിഅമ്മയ്ക്കുതന്നെ ബോധ്യമുണ്ടായിരുന്നതോടു കൂടെ മഹിളാസമാജക്കാരുടെ പ്രാൎത്ഥനാപൂൎവ്വമായ നിൎബ്ബന്ധ വുംകൂടെ ചേൎന്നപ്പോൾ മാതാമഹിയും കുട്ടികളും പിരിഞ്ഞു താമസിക്കുവാൻ തീൎച്ചപ്പെടുത്തി.

കുട്ടികൾ പരിവട്ടത്തുണ്ടായിരുന്നകാലത്തു പറമ്പിലെ ചെറുകൃഷികൾക്കു വേണ്ടിവന്ന യത്നത്തിൽ മുക്കാൽഭാഗവും അവരും അവരുടെ ചങ്ങാതികളുംകൂടെ വഹിച്ചു. അത്യാവശ്യം ചില സന്ദൎഭങ്ങളിൽ അത്യധ്വാനമുള്ള പ്രവൃത്തിക്കു മാത്രമേ കൂലിക്കാരെ ഏൎപ്പെടുത്തിയിരുന്നുള്ളൂ. രാമപുരത്തു പോയതുമുതൽ അവർ ചെയ്തുവന്ന പ്രവൃത്തി തുടരുവാൻ നാലു ഹരിജനബാലന്മാരെ ഏൎപ്പാടുചെയ്തു. ഇവർ പരിവട്ടത്തെ ഹരിജനോദ്ധാരണസംഘക്കാരുടെ സഹായത്താൽ അവിടത്തെ മിഡിൽസ്കൂളിൽ പഠിക്കുന്നവരായിരുന്നു. അവൎക്കു പുസ്തകങ്ങളും വസ്ത്രങ്ങളും മേൽപറഞ്ഞ സംഘം നൽകിയിരുന്നു. ഫീസ് സൌജന്യവുമായിരുന്നു. രാവിലെയും വൈകുന്നേരവും പുതിയ പത്തായപ്പുരയിൽ വന്ന് അവിടത്തെ പറമ്പുകൃഷിക്കു വേണ്ടിവന്ന പ്രവൃത്തി എടുക്കേണമെന്നായിരുന്നു ഏൎപ്പാട്. പ്രതിഫലം രണ്ടുനേരത്തെ ആഹാരമായിട്ടാണു നാരായണിഅമ്മ നൽകിവന്നതു്. അതു് ഈ ബാലന്മാൎക്കു കൂലിയേക്കാൾ അത്യധികം ഉപകാരപ്രദമായിത്തീൎന്നു.

പരിവട്ടത്തെ കോൺഗ്രസ്സ് സഭയുടെ വാൎഷികോത്സവത്തോടു ചേൎന്നു നടത്തിയ വനിതായോഗത്തിൽവെച്ചു് ആടുമാടുകളെ പോററി ഒരു ചെറുവ്യവസായമായി നടത്തുന്ന കാൎയ്യത്തെപ്പററി മഹിളാസമാജക്കാരോടു് ആലോചിക്കേണ്ടതാണെന്നാണല്ലോ തീൎച്ചപ്പെടുത്തിയതു്. മഹിളാസമാജാംഗങ്ങളിൽ പലരും കോൺഗ്രസ്സ് സഭാംഗങ്ങളുമായിരുന്നു; അവരായിരുന്നു ഈ പ്രമേയത്തെ യോഗത്തിൽ അവതരിപ്പിച്ചതും. കുറെ ആടുമാടുകളെ ഒന്നായി പോററി അവയുടെ ഉൽപന്നങ്ങളെ തയ്യാറാക്കുന്നതിനും വില്പന നടത്തുന്നതിനും വേണ്ട

ഏൎപ്പാടുകൾ മഹിളാസമാജക്കാൎക്കു ചെയ്വാൻ സാധിക്കുന്നപക്ഷം, ഈ വ്യവസായത്താൽ കുറേ സാധുജനങ്ങൾക്കു പ്രവൃത്തിയും കൂലിയും ലഭിപ്പാൻ മാൎഗ്ഗമാകും. ഈ ഉദ്ദേശത്തോടുകൂടെയാണു യോഗത്തിൽ തദനുസരണമായ ഒരാലോചനതന്നെ കൊണ്ടുവന്നതു്. യോഗം കഴിഞ്ഞു ഒരാഴ്ചക്കുള്ളിൽ മഹിളാസമാജക്കാർ അവരുടെ ഒരു പൊതുയോഗം വിളിച്ചുകൂട്ടി ഇക്കാൎയ്യത്തെപ്പറ്റി ചിന്തിച്ചു.

മഹിളാസമാജക്കാർ ഈ പ്രവൃത്തി കൈയേറ്റു നടത്തുവാൻ ഐകകണ്ഠ്യേന സമ്മതിച്ചു. എന്നാൽ അവർ സമാജത്തിന്റെ കണക്കു പരിശോധിച്ചതിൽ ഫണ്ടിൽനിന്നു് അമ്പതുറുപ്പികയിൽ കൂടുതൽ സംഖ്യ ഇതിന്നായി എടുക്കുവാൻ വഴി കണ്ടില്ല. അമ്പതുറുപ്പികകൊണ്ടു് എന്തു സാധിക്കും? പ്രവൃത്തി താമസിയാതെ ആരംഭിക്കണമെന്നു് അവൎക്കു് ആഗ്രഹമുണ്ടായിരുന്നു. ഈ ആഗ്രഹസാദ്ധ്യത്തിനുള്ള മാൎഗ്ഗങ്ങളാണു് അവർ അപ്പോൾ ആരാഞ്ഞതു്. നാരായണിഅമ്മക്കു സ്വന്തമായി രണ്ടു പശുക്കൾ ഉണ്ടായിരുന്നു; അവയിൽ ഒന്നിനെ സമാജത്തിനു ദാനമായി കൊടുക്കുവാൻ അവർ തയ്യാറായി. അവരുടെ ദൃഷ്ടാന്തത്തെ പിന്തുടൎന്നു് സമാജം ഖജാൻജി പിച്ചുഅമ്മാളും, അംഗങ്ങളായ പങ്കജാക്ഷിഅമ്മയും, ശിന്നുകുട്ടിലമ്മയും ഓരോ പശുക്കളെ കൊടുക്കാമെന്നേറ്റു. സമാജം ഫണ്ടിൽനിന്നു രണ്ടു പശുക്കളേയും വാങ്ങാൻ തീരുമാനിച്ചു. ഇങ്ങിനെ ആറു പശുക്കളായി. അടുത്ത പ്രശ്നം ഇവയെ എവിടെയാണു് കെട്ടി സൂക്ഷിച്ചു പോറേണ്ടതു് എന്നതായിരുന്നു. നാരായണിഅമ്മയുടെ പറമ്പിൽ പല കൃഷികളും അഭിവൃദ്ധികരമാംവണ്ണം ചെയ്തുവന്നതുകൊണ്ടു് അവിടെ ഒരാല കെട്ടാൻ സ്ഥലമില്ല. ആ വീട്ടിനു സമീപത്തു് ഒരു ചെറിയ പറമ്പും അതിൽ ഒരു ചെറിയ ഭവനവും ഉണ്ടായിരുന്നു. അതു തല്ക്കാലം പാട്ടത്തിന്നെടുത്താൽ ഒരു തൊഴുത്തു കെട്ടുവാൻ സാധിക്കും; സമാജത്തിന്റെ മേൽനോട്ടത്തിനു സൌകൎയ്യവും ലഭിക്കും. ഒരു കൊല്ലത്തെ പാട്ടം ഇരുപതുറുപ്പികയാണു്. അതു

കൊടുക്കുവാനും തൊഴുത്തു കെട്ടേണ്ട ചിലവിലേക്കും മററുമായി പരിവട്ടത്തെ പരസ്പരസഹായബാങ്കിൽനിന്നു നൂറുറുപ്പികകടമെടുക്കാൻ തീൎച്ചയാക്കി.

ഒരു മാസത്തിനുള്ളിൽ പ്രാരംഭപണികൾ തീൎത്തു. ഒരു തൊഴുത്തും നല്ലൊരു വളക്കുഴിയും തയ്യാറാക്കി. ഇവയ്ക്കുവേണ്ടി വന്ന സാമാനങ്ങളിൽ ചിലതൊക്കെ സമാജക്കാൎക്കു ഗ്രാമക്കാരിൽനിന്നു സൌജന്യമായി ലഭിച്ചു. വളക്കുഴി മേൽപുരയുള്ളതും, കുണ്ടിൻെറ തറയും ഭിത്തിയും ശീമക്കുമ്മായം തേച്ചുറപ്പിച്ചു മഴവെള്ളമൊലിച്ചിറങ്ങാത്ത വിധത്തിലും, വളത്തിലെ ജലാംശങ്ങൾ നിലത്തു വററിപ്പോകാത്ത തരത്തിലും, പണിയിച്ചതും ആയിരുന്നു. പശുക്കളെ മേയ്ക്കുവാനും ആല ശുചിയാക്കുവാനും മററും ഒരു പുരുഷനേയും, പശുക്കുട്ടികളെ കഴുകുക, ആഹാരം കൊടുക്കുക, പാൽ കറക്കുക എന്നീ പ്രവൃത്തികൾക്കു് ഒരു സ്ത്രീയേയും ഏൎപ്പെടുത്തേണ്ടിവന്നു. പാട്ടമെടുത്ത പറമ്പിലെ ചെറുഭവനത്തിൽ താമസിച്ചിരുന്ന ഒരീഴവനേയും ഭാൎയ്യയേയുമാണു് ഇതിന്നായി നിയമിച്ചതു്. ആദ്യകാലങ്ങളിൽ ഈ ആറു പശുക്കളുടെ പാൽ മുഴുവനും ഗ്രാമവാസികൾ തന്നെ വാങ്ങി; അതിനാൽ ഉല്പന്നങ്ങൾ തയ്യാറാക്കുവാൻ പാൽ ബാക്കിയുണ്ടായില്ല. ആറു പശുക്കൾക്കു പാൽ കുറഞ്ഞുവന്നപ്പോൾ ഇതിലിടക്കു പാൽ വിററു കിട്ടിയ പണത്തിൽ ലാഭം കിട്ടിയതുകൊണ്ടു് ഏതാനും പശുക്കളെ കറവയ്ക്കു മേടിച്ചു.

ഇങ്ങിനെ ഏററവും ചുരുങ്ങിയ നിലയിൽ തുടങ്ങിയ ഈ വ്യവസായം മൂന്നു കൊല്ലംകൊണ്ടു ക്രമത്തിൽ അഭിവൃദ്ധി പ്രാപിച്ചു. മൂന്നാം കൊല്ലാവസാനത്തിൽ പതിനഞ്ചുപശുക്കളും, അഞ്ചു് എരുമകളും, പത്താടുകളും കറക്കാനുണ്ടായിരുന്നതു കൂടാതെ, വളൎന്നുവരുന്ന പന്ത്രണ്ടു പശുക്കുട്ടികൾ, ഏഴു കാളക്കുട്ടികൾ, നാലു് എരുമക്കിടാങ്ങൾ, പത്തു് ആട്ടിൻകുട്ടികൾ ഇവയും സമാജക്കാരുടെ വകയായിട്ടുണ്ടായിരുന്നു. ഒരു പുരുഷനും സ്ത്രീയും പശുക്കളുടെ ശുശ്രൂഷക്കായി വളപ്പിൽതന്നെ താമസമുണ്ടല്ലൊ, അവൎക്കു മാസത്തിൽ ആറും നാലും ഉറുപ്പി

ക വീതം പ്രതിഫലം കൊടുത്തുവന്നു. ഇവരെ കൂടാതെ രണ്ടു പുരുഷന്മാരും, നാലു സ്ത്രീകളും, എട്ടുബാലികമാരും ദിവസേന കൂലിക്കു പണി എടുക്കുന്നുണ്ടായിരുന്നു. പരസ്പരസഹായബാങ്കിൽനിന്നു കടം വാങ്ങിയ തുക പലിശസഹിതം ഒരു കൊല്ലത്തിന്നിടയിൽ കൊടുത്തുതീർത്തു. മൂന്നാം കൊല്ലാവസാനത്തിൽ, ഈ വ്യവസായത്തിൽനിന്നു സകല ചെലവും കഴിച്ചു ലാഭം കിട്ടിയ അഞ്ഞൂറുറുപ്പിക ബാങ്കിൽ സ്ഥിരം സൂക്ഷിപ്പായും ഉണ്ടു്. ഈ തുക നാട്ടിലെ സാധുക്കുട്ടികൾക്കു സഹായകരമായ വിധത്തിൽ ഉപയോഗിക്കുവാനുള്ള വഴി സമാജാംഗങ്ങൾക്കു് ആലോചനാവിഷയമായിത്തീർന്നു.

* * * *

വാരാന്തങ്ങളോടുചേർന്നു് ഒന്നോ രണ്ടോ കല്പനദിവസങ്ങൾകൂടെ ഉണ്ടാകുമ്പോഴും, അനദ്ധ്യായകാലങ്ങളിലും ചന്ദ്രികാചന്ദ്രന്മാർ പരിവട്ടത്തു തന്നെയാണു് താമസിച്ചതു്. കുട്ടികളുടെ ആരോഗ്യവും ഉന്മേഷവും ലീലാവിനോദങ്ങളും കണ്ടു നാരായണിഅമ്മക്കു് ആനന്ദവും, തന്റെ പുത്രിയുടെ അന്ത്യാപേക്ഷപ്രകാരം താൻ കൈയ്യേററ ഉത്തരവാദിത്വം തൃപ്തികരമായി പരിണമിക്കാൻ ഇടയാകുമെന്നോർത്തു ചാരിതാർത്ഥ്യവുമുണ്ടായി. ചന്ദ്രികാചന്ദ്രന്മാർ പരിവട്ടത്തു പാർത്ത അനദ്ധ്യായദിവസങ്ങൾ ആ ഗ്രാമത്തിലെ ബാലികാബാലന്മാർക്കു് ഉത്സവകാലമായിരുന്നു എന്നു പറയാം. വലിപ്പച്ചെറുപ്പമോ വർണ്ണവ്യത്യാസമോ വകവെക്കാതെ അവർ പലതരം വിനോദങ്ങളിൽ എല്ലാക്കുട്ടികളേയും ഭാഗഭാക്കുകളാക്കി സന്തോഷിപ്പിച്ചു. തങ്ങൾ വിദ്യാലയത്തിൽ പരിശീലിച്ച കായികാഭ്യാസങ്ങളും കളികളും കൈവേലകളും അവർക്കും പഠിപ്പിച്ചുകൊടുത്തു. കൂടക്കൂടെ മത്സരക്കളികൾ, വിനോദപ്രദർശനങ്ങൾ മുതലായവ നടത്തി. കുട്ടികളുടെ ക്ഷേമകാംക്ഷികളായ ഗ്രാമപ്രമാണികൾ അവരെ പ്രോത്സാഹിപ്പിക്കുന്നതിന്നായി ചിലപ്പോൾ സമ്മാനങ്ങൾ നൽകാറുണ്ടായിരുന്നു.

ചന്ദ്രന്റെ ഉത്സാഹത്താൽ പരിവട്ടത്തു് ഒരു വിദ്യാൎത്ഥി സംഘം സ്ഥാപിച്ചു നടത്തി. ഇതിൽ ബാലികമാരും ഉൾപ്പെട്ടിരുന്നു. ലോകത്തിലെ മഹതീമഹാന്മാരുടെ ജീവചരിത്രം യോഗങ്ങളിൽ എഴുതി വായിക്കുക, ഗ്രാമോദ്ധാരണസംബന്ധമായ വിദഗ്ദ്ധാഭിപ്രായങ്ങൾ മാസികകളിലും പത്രങ്ങളിലും പ്രസിദ്ധപ്പെടുത്തിയവയെ ശേഖരിച്ചു സംഘാംഗങ്ങളുടെ ഇടയിൽ പ്രചരിപ്പിക്കുക, രാഷ്ട്രീയങ്ങളും സാമുദായികങ്ങളും സാഹിത്യപരങ്ങളും ആയ കാലാനുസൃതമായ വിഷയങ്ങളെപ്പറ്റി വാദപ്രതിവാദങ്ങൾ നടത്തുക, ഗ്രാമശുചീകരണത്തിൽ പരിവട്ടത്തെ ഗ്രാമോദ്ധാരണ സംഘാംഗങ്ങളെ സഹായിക്കുക എന്നിങ്ങിനെ തങ്ങൾക്കും ഗ്രാമക്കാൎക്കും ഉപകാരപ്രദമായ പല പ്രവൃത്തികളും ഈ വിദ്യാൎത്ഥികൾ നടത്തി.

കളിക്കോപ്പുനിൎമ്മാണത്തിൽ ചന്ദ്രികക്കു പ്രത്യേക വാസനയും താല്പൎയ്യവുമുണ്ടായിരുന്നു. അവൾ തീപ്പെട്ടികൾ, സോപ്പുപെട്ടികൾ, തകരപ്പെട്ടികൾ, വളപ്പൊട്ടുകൾ, കടലാസുകഷണങ്ങൾ, തുണിക്കഷണങ്ങൾ, കുപ്പികളുടെ അടപ്പുകൾ, കോൎക്കുകൾ മുതലായി പാഴായി വലിച്ചെറിയുന്ന സാധനങ്ങൾ ശേഖരിച്ചു സമയം കിട്ടുമ്പോഴൊക്കെ അവകൊണ്ടു കളിക്കോപ്പുകൾ നിൎമ്മിച്ചു. അനദ്ധ്യായകാലത്തു വീട്ടിൽ മടങ്ങിഎത്തിയാൽ, ചായംതേച്ചും, വൎണ്ണക്കടലാസു പതിച്ചും ഇവയെ മോടിപിടിപ്പിച്ചു പൂൎത്തിയാക്കും. പഴയതും പുതിയവയുമായ ചെറുകുപ്പായങ്ങളും കുറെ തീൻപണ്ടങ്ങളും ശേഖരിച്ചു്, ഇവയും കളിക്കോപ്പുകളുംകൊണ്ടു തന്റെ സ്നേഹിതമാരായ ഏതാനും ബാലികമാരോടുകൂടെ പരിവട്ടത്തെ ഹരിജനകേന്ദ്രത്തേക്കു പുറപ്പെടും. അവിടെയുള്ള ചെറുകുട്ടികളെ കുളിപ്പിച്ചു വൃത്തിയാക്കി, കുപ്പായം ധരിപ്പിച്ചു്, തീൻപണ്ടങ്ങളും കളിസ്സാമാനങ്ങളും കൊടുത്തു സന്തോഷിപ്പിച്ചു്, ഒരു പകൽ മുഴുവനും അവിടെ കഴിക്കും. ചേറണിഞ്ഞു്, വിശന്നു വലഞ്ഞു്, കണ്ണുനീരിൽ കുളിച്ചു ശൈശവജീവിതം നയിക്കുന്ന ഈ കുട്ടികൾക്കു് ആ ദിവസം ഉണ്ടാകുന്ന സന്തോഷം കണ്ടു് അവരു

ടെ അമ്മമാർ ആനന്ദബാഷ്പം തൂകിക്കൊണ്ടു ചന്ദ്രികക്കും ചങ്ങാതിമാൎക്കും നന്ദിപറകയും "കൊച്ചമ്പ്രാട്ടിമാൎക്കു സന്താനഭാഗ്യം കണ്ടാവട്ടെ" എന്നു ഗൽഗദത്തോടെ അനുഗ്രഹിക്കയും ചെയ്തിരുന്നു.

* * * *

ചന്ദ്രികാചന്ദ്രന്മാർ രാമപുരം ദേശീയവിദ്യാലയത്തിലെ പഠിപ്പും പരീക്ഷയും കഴിഞ്ഞു വീട്ടിൽ മടങ്ങി എത്തേണ്ട കാലമായി. പക്ഷേ അവിടെ രണ്ടാഴ്ചയ്ക്കുള്ളിൽ ഒരു കാൎഷികവ്യാവസായികപ്രദൎശനം നടത്തുവാനുള്ള ഒരുക്കങ്ങൾ നടക്കുകയാണു്. ഈ പ്രദൎശനത്തിൽ വിദ്യാൎത്ഥികളുടെ കൈവേലപ്രദൎശനവും ഉൾപ്പെട്ടിട്ടുണ്ടു്. അതുനിമിത്തം കുട്ടികളുടെ തിരിച്ചു വരവു രണ്ടുമൂന്നാഴ്ച കഴിഞ്ഞേ ഉണ്ടാകയുള്ളു എന്നു നാരായണിഅമ്മ വിചാരിച്ചു സമാധാനപ്പെട്ടിരിക്കയാണു്. കുട്ടികളെ കാണ്മാൻ അവൎക്കു അത്യുൽക്കണ്ഠ ഉണ്ടാകുന്ന അവസരങ്ങളിൽപോലും അവരുടെ ഉത്സാഹത്തേയോ പ്രവൃത്തികളേയോ തടയാൻ നാരായണിഅമ്മ ഒരിക്കലും തുനിയാറില്ല. അതുകൊണ്ടു് അവരുടെ തിരിച്ചുവരവിനെപ്പററി അവർ എഴുതുന്ന കത്തുകളിൽ ഓൎമ്മപ്പെടുത്തുകപോലും ചെയ്ക പതിവില്ല. കുട്ടികളാണെങ്കിൽ തങ്ങൾ എത്തേണ്ട ദിവസം മാതാമഹിയെ മുൻകൂട്ടി അറിയിക്കാതെ അപ്രതീക്ഷിതദൎശനത്താൽ അവരെ ആനന്ദിപ്പിക്കയായിരുന്നു പതിവു്. സാധാരണ പതിവിനെത്തന്നെ അവർ ഇപ്രാവശ്യവും അനുകരിക്കുമെന്നു നാരായണിഅമ്മ വിശ്വസിച്ചു മൌനിയായിരുന്നു.

കുട്ടികളുടെ ഭാവിയെപ്പററി ആലോചിച്ചു തീൎച്ചപ്പെടുത്തേണ്ട കാൎയ്യമാണു് നാരായണിഅമ്മക്കു ഈ സമയം അത്യന്തം ഉൽക്കണ്ഠാജനകമായിരുന്നതു്. അവൎക്കു രണ്ടാൾക്കും ഉന്നതവിദ്യാഭ്യാസം ചെയ്യേണമെന്നാണാഗ്രഹമെങ്കിൽ അതു സാധിച്ചുകൊടുക്കാൻ തനിക്കു കഴിയുമോ? തറവാട്ടിൽനിന്നു ലഭിക്കുന്ന സഹായം എത്രയോ ചുരുങ്ങിയതു്! കാരണവൎക്കു തന്റെ മക്കളുടെ വിദ്യാഭ്യാസച്ചെലവും വഹിക്കേണ്ടതായുണ്ടു്.

അതിന്നു തടസ്ഥം വരുത്തിട്ട തന്റെ പൌത്രരുടെ വിദ്യാഭ്യാസച്ചെലവുകൾ കൂടെ നിവ്ഹിക്കേണമെന്ന് അദ്ദേഹത്തോട പറവാൻ അവർ ഒരുക്കവുമായിരുന്നില്ല. തന്റെ 'ആ അയ്യായിരവും' ചെലവാക്കാൻ താൻ തയ്യാറാണ്. പക്ഷെ പട്ടണത്തിൽ നാലഞ്ചു കൊല്ലം പാത്തു രണ്ടു കുട്ടികളുടെ സവ്കലാശാലാവിദ്യാഭ്യാസം പൂത്തിയാക്കാൻ ഈ തുക മതിയാകുമോ? മതിയായാൽതന്നെ പിന്നത്തെക്കഥ എന്താണ്? അപ്പോഴേക്കും അവക്ക സ്വന്തം കാലിൽനിന്ന് ജീവിതം നയിക്കാൻ സാധിക്കുമോ? എത്രയോ യുവാക്കന്മാരും യുവതികളും സവ്കലാശാലയിൽനിന്നു പുറത്തിറങ്ങി ജീവിതവൃത്തി നേടാൻ വഴി കാണാതെ അലഞ്ഞു തിരിഞ്ഞും ദാരിദ്ര്യം അനുഭവിച്ചും കഷ്ടപ്പെടുന്നതു താൻ കാണുകയും കേൾക്കുയും ചെയ്യുന്നുണ്ട്. പണിയില്ലാതെയും പട്ടിണികിടന്നും മുഷിഞ്ഞ് ചിലർ ഹീനവൃത്തികളിൽ ഏപ്പെടുകയും, ഏതാനും ചിലർ ആത്മഹത്യചെയ്യുകയും കൂടെ ചെയ്യുന്നതായി താൻ പത്രങ്ങളിൽ വായിക്കാറില്ലെ? ഇങ്ങിനെയുള്ള ഒരു ഘട്ടം തന്റെ കുട്ടികൾക്കു വന്നുചേരാതിരിക്കണമല്ലൊ. ഈ ദശാസന്ധിയിൽ ആരാണ് സഹായവും ഉപദേശവും നൽകേണ്ടതു്? മാതാപിതാക്കളുടെ വിയോഗം നിമിത്തം അനാഥരായിത്തീന്ന കാലം മുതൽ പിതൃവ്യനായ കരുണാകരക്കുറുപ്പ് അവരെ സ്വസന്താനങ്ങളെന്നോണം സ്നേഹിച്ചു പരിലാളിച്ചു പരിപാലിച്ചു വരുകയാണ്. തന്റെ അറിവിൽപെട്ട അവരുടെ ആവശ്യങ്ങളും ആഗ്രഹങ്ങളും അദ്ദേഹം സാധിച്ചുകൊടുക്കയും ചെയ്തിരുന്നു. പക്ഷെ നാളതുവരെ ആ ആഗ്രഹങ്ങളും ആവശ്യങ്ങളും ലഘുവും പരിമിതവുമായിരുന്നു. ഇപ്പോൾ കരുണാകരക്കുറുപ്പിന്റെ സ്ഥിതി എന്താണ്! വൻപിച്ച ശാഖോപശാഖകളോടുകൂടിയ മംഗലത്തു തറവാട്ടിൽ ഭാഗം കഴിഞ്ഞു്, ഓരോ താവഴിയിലും അതാതിലെ മൂപ്പനായ ആൾ കാരണവസ്ഥാനമേല്ക്കുയും ചെയ്തിരിക്കുന്നു. കരുണാകരക്കുറുപ്പിനു തന്റെ താവഴിയുടെ ഭരണം മാത്രമേ ഉള്ളു. തന്റെ ഭാരം ഇപ്പോൾ ലഘുവായിത്തീന്നു എന്നു് അ

ദ്ദേഹം അമ്മായിയോടു പറഞ്ഞു സന്തോഷം പ്രദശിപ്പിക്കാറു ണ്ടെങ്കിലും, താരതമ്യേന അദ്ദേഹത്തിന്റെ വരവു ചുരുങ്ങുക യും, വിവാഹിതനും രണ്ടു ചെറു സന്താനങ്ങളുടെ പിതാവും കൂടെ ആയിത്തീന്നതിനാൽ, സ്വകാൎയ്യച്ചെലവു വദ്ധിക്കയും ചെയ്തതായി നാരായണിഅമ്മ അറിഞ്ഞുമിരുന്നു. ഈ സ്ഥി തിയിൽ താൻ എന്താണ് ചെയ്യേണ്ടതു്? ശ്രീദേവി ജീവിച്ചി രുന്നു എങ്കിൽ അവൾ ഈ ഘട്ടത്തിൽ എന്തായിരിക്കും ചെ യ്യുക? ഈ ചോദ്യം നാരായണിഅമ്മയിൽ ഉദിച്ചതോടുകൂടെ, സ്മരണീയമായ ഒരു സന്ധ്യാവേളയിൽ ശ്രീദേവി തന്റെ ആ ഭരണങ്ങളെപ്പററി തന്നോടു പറഞ്ഞ വത്തമാനം നാരായണി അമ്മക്ക് ഓമ്മവന്നു. ഈ സ്മരണ തന്റെ ചിന്താഗതിയെ തടയുക മാത്രമല്ല, ഭൂതകാലജീവിതത്തിലെ പരിതാപകരങ്ങ ളായ ചില രംഗങ്ങളെ അവരുടെ മനോദൃഷ്ടിപഥത്തിൽ സു വ്യക്തമായി നിരത്തി നിത്തുകയും കൂടെ ചെയ്തു. തൽഫല മായി ആ സാധ്വി ദീഘനേരം സ്തബ്ധയായിരുന്നുപോയി. ആ ദിവസം അങ്ങിനെ അവസാനിച്ചു.

പിറെറന്നു രാത്രി നാരായണിഅമ്മ പുത്രിയുടെ ആഭരണ പ്പെട്ടി പരിശോധിക്കുവാൻ തീച്ചയാക്കി. ശ്രീദേവിയുടെ വക യായ രണ്ടു പെട്ടികൾ നാരായണിഅമ്മ തന്റെ പ്രാത്ഥനാ മുറിയിൽ സൂക്ഷിച്ചിരുന്നു. ദിവംഗതയായ ആ പ്രിയ തനയ യുടെ വിചാരം ഒരു ദിവ്യസ്മരണയായി തീരുവാൻ ഈ ഏ പ്പാട് ആയമ്മയെ സഹായിക്കയും ചെയ്തു. പ്രസ്തുതദിവസം നാരായണിഅമ്മ നാമജപവും ഗീതാപാരായണവും കഴിഞ്ഞ ശേഷം മുറിയുടെ വാതൽ ബന്ധിച്ച് പുത്രിയുടെ വക ഇരുമ്പു പെട്ടി തുറന്ന് അതിനുള്ളിൽ ഭദ്രമായി സൂക്ഷിച്ചിരുന്ന ആഭ രണപ്പെട്ടി എടുത്തുകൊണ്ടു വിളക്കിന്നരികെ വന്നിരുന്നു. ആ ദ്യമായി തന്റെ മേൽമുണ്ടുകൊണ്ട് ആഭരണപ്പെട്ടിയെ തുട ച്ചുമിനുക്കി; അതിന്നുശേഷം ഒരു ചെറിയ താക്കോലെടുത്ത് അതു തുറക്കുവാൻ ശ്രമിച്ചു. പതിനഞ്ചു കൊല്ലത്തിൽപരം കാലം താക്കോൽസ്പശം ലഭിച്ചിട്ടില്ലാതിരുന്ന ആ പൂട്ടു തുറക്കു

വാൻ എളുപ്പത്തിൽ സാധിച്ചില്ല. കാൽ മണിക്കൂർ നേരത്തെ പ്രയത്നശേഷം താക്കോൽ വളഞ്ഞു് പൂട്ട പൊളിഞ്ഞു് പെട്ടി തുറന്നു് അതിന്നുള്ളിൽ നിക്ഷിപ്തങ്ങളായിരുന്ന ആഭരണങ്ങൾ അവക്കു കാണാറായി. ഇരുപത്തെട്ടാം പുറന്നാൾ തുടങ്ങി ഇരുപത്തിമൂന്നാംവയസ്സിൽ മൃതിയടഞ്ഞ കാലംവരെ, ശൈശവം, ബാല്യം, യൌവനം, മാതൃത്വം എന്നീ വിവിധദശകളിൽ അനുയോജ്യമായ രീതിയിൽ അണിയാനായി തീൎത്തിരുന്ന ആഭരണങ്ങൾ സകലതും ആ ചെറുപെട്ടിയ്ക്കുള്ളിൽ അണിനിരത്തിവെച്ചിരുന്നു. അവ ഓരോന്നായി പുറത്തെടുത്തു തുടച്ചുമിനുക്കി നെറുകയിൽ ചേൎത്തും ചുംബിച്ചും നിലത്തു നിരത്തിവെച്ചു. തൻെറ ഓമനപ്പുത്രിയുടെ ലൌകികജീവിതത്തിൻെറ ചിഹ്നങ്ങളായ ആഭരണങ്ങൾ ആ സാധുവൃദ്ധയുടെ മനസ്സിനെ സുദീൎഘവും വിദൂരവുമായ ഭൂതകാലത്തിലേക്കു വലിച്ചിഴച്ചുകൊണ്ടുപോയി.

പുലിനഖമാലയും, അരത്താലിയും, ഉരുളൻകാപ്പും, കിലുങ്ങുന്ന കാൽചിലമ്പുകളും ധരിച്ചു പിച്ചനടക്കുന്ന നഗ്നയായ ഒരു ശിശു—കുണ്ണത്തിൽ കുണ്ഡലങ്ങളും, കഴുത്തിൽ അവിൽമാലയും, കൈകളിൽ കുപ്പിവളകളോടു് ഇണചേൎത്തിട്ടിരിക്കുന്ന സ്വൎണ്ണവളകളും, കാലിൽ പാദസരവും അണിഞ്ഞു പട്ടുപാവാട ഉടുത്തു പാഠശാലയ്ക്കു പുറപ്പെടുന്ന ഒരു ചെറുബാലിക—കാതിൽ കമ്മലും, കഴുത്തിൽ ചങ്ങലയും, കയ്യിൽ ഒരു ജോടി നേരിയ വളയും മാത്രം അണിഞ്ഞു, മുണ്ടും പാവുമുണ്ടും മുറിയൻകുപ്പായവും ധരിച്ചു വിനയമധുരമായ ഭാവത്തോടുകൂടെ വീട്ടുജോലിയിൽ ഏൎപ്പെട്ടിരുന്ന ഒരു സുന്ദരയുവതി—സ്വൎണ്ണാഭരണങ്ങളാലും പുഷ്പമാല്യങ്ങളാലും അലംകൃതയായി വിവാഹമണ്ഡപത്തിൽനിന്നിറങ്ങിവരുന്ന നമ്രമുഖിയായ ഒരു നവോഢ—"എൻെറ കയ്യിലെ വളകളുടെ ഏടത്തുകളൂയ്യൂ അമ്മേ, അതു കുട്ടികളുടെ പുറത്തു തട്ടി അവക്കു വേദനയുണ്ടാകിയേക്കും" എന്നഭ്യൎത്ഥിക്കുന്ന അനലംകൃതയായ നവപ്രസൂത—എന്നിങ്ങിനെ ചേതോമോഹനങ്ങളായ പല ചിത്രങ്ങളും നാ

രായണിഅമ്മയുടെ മനോദൃഷ്ടിപഥത്തിൽകൂടെ പാഞ്ഞുപോ
യി. എന്നാൽ ആ അവസാനചിത്രം—എല്ലും തോലുമായ ഒരു
വികൃതരൂപം, കണ്ടിലാണെങ്കിലും അണയാൻപോകുന്ന വിള
ക്കിലെ പാളിക്കത്തുന്ന ദീപംപോലെ ജ്വലിച്ച നയനങ്ങൾ—
ആ അവസാനരംഗം സ്മൃതിപഥത്തിൽ പതിച്ചതോടുകൂടെ
നാരായണിഅമ്മക്കു് അടക്കാൻ കഴിയാത്ത ഒരു വികാരത്ത
ള്ളൽ ഉണ്ടായി. ആ സാധുവൃദ്ധ മൂർച്ഛിച്ചു നിലംപതിച്ചു.

സന്താനവിരഹത്താൽ ഉണ്ടാകുന്ന വ്യഥയെ നിശ്ശേഷം
അടക്കി ജയിക്കുവാൻ ഏതു മാതൃഹൃദയത്തിന്നാണു സാധിക്കു
ക? കർമ്മനിരതയായി മററു ചിന്തകളിൽ മനസ്സിനെ വ്യാപ
രിപ്പിച്ചുകൊണ്ടിരിക്കുമ്പോൾ ആ കഠിനകദനം ചാരത്തിൽ
പൊതിഞ്ഞ തീക്കനൽപോലെ ഹൃദയത്തിന്റെ അഗാധരംഗ
ങ്ങളിൽ അടങ്ങിയിരുന്നു എന്നു വരാം. എന്നാൽ തദ്വിഷയ
മായ ചിന്തകൾ ഉണർത്തപ്പെടുമ്പോൾ ആ കദനവും പൊ
ങ്ങിവരുന്നതാണു്. ഈ രഹസ്യത്തിന്റെ യാഥാർത്ഥ്യത്തിന്നു അ
നുഭവസ്ഥർതന്നെ സാക്ഷ്യം വഹിക്കണം. അണ പൊട്ടിപ്പുറ
പ്പെടുന്ന ജലപ്രവാഹത്തിനു തുല്യമായ ഊർജ്ജിതത്തോടുകൂടെ
നാരായണിഅമ്മയുടെ ഹൃദയത്തിൽനിന്നു് ഉന്തിത്തള്ളിവന്ന
വികാരസമ്മർദ്ദത്താൽ അവർ അസ്തപ്രജ്ഞയായി തീർന്നപ്പോൾ
അവരുടെ പാവനദുഃഖത്തെ സാധാരണ ദൃഷ്ടിയിൽനിന്നു
ഗോപ്യംചെയ്യാനെന്നപോലെ തുറന്നുകിടന്ന ജനലിൽകൂടെ
കടന്നുവന്ന കാററു് അവിടെ കത്തിക്കൊണ്ടിരുന്ന ദീപത്തെ
കെടുത്തുകയും, നിശാദേവി തന്റെ ഇരുണ്ട പുതപ്പുകൊണ്ടു
മൂർച്ഛിച്ചുകിടന്ന സാധുവൃദ്ധയെ മൂടി മറക്കുകയുംചെയ്തു.

പ്രഭാതപ്രകാശം മുറിയിൽ വ്യാപിച്ചു കുളിർകാററിന്റെ
സ്പർശമേററശേഷമേ നാരായണിഅമ്മക്കു കിടന്നിടത്തുനിന്നെ
ഴുന്നേൽക്കുവാൻ സാധിച്ചുള്ളു. പുല്ലുപായിൽ നിരത്തിയിരുന്ന
ആഭരണങ്ങൾ കണ്ടമാത്രയിൽ തലേന്നു രാത്രിയിലെ തന്റെ
പ്രവൃത്തിയെപ്പററി അവക്കു് ഓർമ്മവന്നു; അവയെ ഓരോന്നാ
യി എടുത്തു സ്നേഹപൂർവ്വം തലോടി ആഭരണപ്പെട്ടിയിൽ യ

സ്ഥാനത്തു സൂക്ഷിച്ചുവെച്ചു. പെട്ടി അടയ്ക്കാൻ തുടങ്ങുമ്പോഠം അതിൻെറ ഒരു കോണിൽ കീറിപ്പറിഞ്ഞ ഒരു കടലാസ്ചുരുഠം കിടക്കുന്നതുകണ്ട് അതു വലിച്ചെടുത്തു നിലത്തിട്ടു പെട്ടിയടച്ച് ഇരുമ്പുപെട്ടിയ്ക്കുള്ളിൽവെച്ചു പൂട്ടി. ഈ സമയം വീട്ടിൽ മററു ഭാഗത്തു വാതിലുകഠം തുറക്കുകയും മുററമടിക്കുകയും മററും ചെയ്യുന്ന ശബ്ദങ്ങഠം കേട്ടുതുടങ്ങി. നാരായണിഅമ്മയും വാതിൽ തുറന്നു പുറത്തിറങ്ങി തൻെറ ദിനചര്യകളിൽ പ്രവേശിച്ചു.

അന്നത്തെ പൂർവ്വാഹ്നം മുഴുവൻ നാരായണിഅമ്മ സ്വപ്നത്തിലെന്നപോലെ നയിച്ചു. കുളിയും ഭക്ഷണവുമൊക്കെ നാമമാത്രമായിക്കഴിഞ്ഞു. തൻെറ ദിനകൃത്യങ്ങഠംക്കൊന്നിനും മുടക്കം വരുത്തിയില്ലെങ്കിലും അവ ഒരു യന്ത്രത്തിരിച്ചിലാൽ ചെയ്യുന്നപോലെയാണു നടത്തിയത്. ആരേയും അഭിമുഖീകരിക്കാതെ മൌനമായി മണിക്കൂറുകഠം കഴിച്ചു. ഉച്ചയ്ക്കു പതിവുപോലെ പത്രങ്ങളുമെടുത്തു മുകളിലേക്കു പോകുമ്പോഠം വിശ്വസ്തഭൃത്യയായ കാത്ത്യായനി പിന്നിൽ വന്നുനിന്നു പറഞ്ഞു: "അമ്മേ പൂജാമുറി അടിച്ചുവാരുമ്പോഠം ഒരു കടലാസ്ചുരുഠം നിലത്തുനിന്നു കിട്ടി, അതൊരു കത്താണെന്നു തോന്നുന്നു. കളയാമോ, സൂക്ഷിച്ചുവെക്കേണ്ടതാണോ എന്നു നോക്കിയാൽ വേണ്ടില്ല." താൻ ആഭരണപ്പെട്ടിയിൽനിന്നു പുറത്തേക്കെറിഞ്ഞ കടലാസ്സിനെപ്പററി നാരായണിഅമ്മക്ക് അപ്പോഠം ഓർമ്മ വന്നു. "ഇവിടെത്തരൂ, ഞാൻ നോക്കാം" എന്നു പറഞ്ഞു കത്തു വാങ്ങി മടിയിൽ തിരുകിക്കൊണ്ടു മുകളിലേക്കുതന്നെ പോയി. സമാജമുറിയിൽ രണ്ടാളുകഠം ഇരുന്നു തുന്നൽപ്പണി ചെയ്യുന്നുണ്ടായിരുന്നു. നാരായണിഅമ്മയെ കണ്ടപ്പോഠം അവർ എഴുന്നേററു വന്ദിച്ചു തുന്നൽസാമാനങ്ങഠം നിലത്തുവെച്ചു പത്രങ്ങഠംക്കായി കൈ നീട്ടി. നാരായണിഅമ്മയുടെ മുഖത്തെ മ്ലാനതയും ക്ഷീണവും കണ്ട് അവരിലൊരാഠം ചോദിച്ചു: "മുഖം വാടിയിരിക്കുന്നു, നല്ല സുഖമില്ലായിരിക്കാം. ഇതു പതിവില്ലാത്തതാണല്ലോ."

നാ. അ—സാരമില്ല, അല്പം തലവേദനയുണ്ട്.

കരാറ—രാത്രിയിൽ വല്ലാത്ത ഉഷ്ണം തുടങ്ങീട്ടുണ്ട്. അതുകൊണ്ടായിരിക്കാം. ദേഹക്ഷീണം കൂട്ടാക്കാതെ പണിയുമെടുക്കും.

നാ. അ—ഹേ, കന്നുമില്ല. പണി എടുത്താലും ഇല്ലെങ്കിലും വാൎദ്ധക്യക്ഷീണം വന്നുചേരാതിരിക്കുമോ?

മറേറയാറ—ഈ ഉച്ചസമയത്തു അല്പം കിടന്നു വിശ്രമിക്കരുതോ? ഇതാ, ജനലിന്നരികത്തു പുല്പപായ വിരിച്ചിടാം. താഴെപ്പോയി ഒരു തലേണകൂടെ കൊണ്ടുവരട്ടെ. കാററു പോരെങ്കിൽ ഞാനല്പം വീശിത്തരാം.

നാ. അ—നിങ്ങറ ഇങ്ങിനെ പരിഭ്രമം കാണിക്കുന്നതെന്തിന്? ഞാൻ താഴത്തുപോയി അല്പം കിടക്കാം. നിങ്ങറ വായിക്കുകയോ തുന്നുകയോ ചെയ്യുവിൻ.

നാരായണിഅമ്മ തന്റെ ഉറക്കുമുറിയിൽ ചെന്നു കട്ടിലിൽ കിടന്നുകൊണ്ടു മടിക്കുത്തിൽനിന്നു കടലാസ്സു ചുരുളെടുത്തു നോക്കി. അതൊരു കത്തുതന്നെ, രാഘവക്കുറുപ്പ് ശ്രീദേവിക്കെഴുതിയതു്, എന്നു് അവർ മനസ്സിലാക്കി. താൻ ആ കത്തു വായിക്കുന്നതു ഭംഗിയാകുമോ? അതിലെ ഉള്ളടക്കം തന്റെ അറിവിൽ പെടേണ്ടതല്ലെങ്കിലോ? ഇങ്ങിനെയുള്ള സംശയങ്ങറകൊണ്ടു കുറേനേരം കത്തു വായിക്കാതെ കഴിച്ചു. കൈമാറിയും കടലാസ് തിരിച്ചുമറിച്ചും ഇരിക്കെ യദൃച്ഛയായി അതിലെ തിയ്യതിക്കുറിപ്പ് അവർ കണ്ടു. അതു രാഘവക്കുറുപ്പ് അവസാനമായി തന്റെ ഭവനംവിട്ടു പോയതിന്റെ പിറെറന്നാളത്തെ തീയതിയാണ് എന്നു മനസ്സിലായപ്പോറ അതു വായിക്കേണ്ടതാണെന്നുറച്ചു. അക്ഷരങ്ങറ മങ്ങിയും കടലാസ് പല ദിക്കിലും കീറിയും ഇരുന്നെങ്കിലും അരമണിക്കൂർ നേരത്തെ പ്രയത്നംകൊണ്ടു നാരായണിഅമ്മക്ക് അതിലെ സാരം ഗ്രഹിക്കുവാൻ കഴിഞ്ഞു. ദുഃഖങ്ങറ ഒററക്കു വരുക പതിവില്ലല്ലോ. തലേന്നു രാത്രിയിലെ ശ്രീദേവീസ്മരണയിൽനിന്നുളവായ വികാരവിചാരസമ്മൎദ്ദത്താൽ വിവശ

മായിത്തീൎന്ന ആ ഹൃദയത്തെ ഞെക്കി അമൎത്തുവാൻ വേറൊരു ചിന്താസന്താപവും ഇതാ വന്നുചേൎന്നു. അവർ അനന്തരകൎത്തവ്യം എന്താണെന്നറിയാതെ കുഴങ്ങി.

കുറുപ്പിന്റെ തിരോധാനത്തിന്റെ പിറെറന്നാൾ കിട്ടിയ കത്തു ശ്രീദേവി തന്റെ ശേഷിച്ച ജീവകാലം മുഴുവൻ മറച്ചുവെച്ചു. വിവരം ആദ്യകാലങ്ങളിൽ അറിഞ്ഞിരുന്നുവെങ്കിൽ അദ്ദേഹത്തിനെ അന്വേഷിക്കുന്നതിനു സഹായിക്കുമായിരുന്നു. അതു ചെയ്യാതെ, ഭൎത്തൃവിരഹദുഃഖം സഹിയാഞ്ഞു പ്രാണാപായത്തെപ്പോലും വരിച്ചതു് ആ കത്തിൽ പറഞ്ഞിരിക്കുന്ന താക്കീതനുസരിച്ച അപേക്ഷാഫലമായിട്ടായിരിക്കണം. ഭൎത്താവു് അസ്വതന്ത്രനെങ്കിലും, ജീവിച്ചിരിക്കട്ടെ എന്ന ഉദ്ദേശമായിരിക്കണം ഈ കത്തിനെ ഗോപ്യമായി വെക്കുവാൻ അവളെ പ്രേരിപ്പിച്ചതു്. അങ്ങിനെയിരിക്കെ ദീൎഘകാലാനന്തരം താൻ ഈ രഹസ്യത്തെ പുറത്താക്കുന്നതു വിവേകമായിരിക്കുമോ? ഈ കത്തിലെ സൂചനയനുസരിച്ചു കുറുപ്പിനെപ്പററിയുള്ള അന്വേഷണം പുനരാരംഭിക്കുന്നപക്ഷം, അദ്ദേഹം ജീവിച്ചിരിപ്പുണ്ടെങ്കിൽ ആപൽക്കരമായിപ്പരിണമിച്ചേക്കുകയില്ലേ? ഇങ്ങിനെയുള്ള വിചാരങ്ങളാൽ സാധു നാരായണിഅമ്മ രണ്ടു പകലും രാവും ഊണുമുറക്കവും കൂടാതെ കുഴങ്ങിക്കഴിച്ചു. ഒടുവിൽ ശ്രീദേവിയുടെ നയംതന്നെ അനുകരിക്കുവാൻ ഉറച്ചു് അവർ ആ കത്തിനെ തന്റെ പെട്ടിയിൽ സൂക്ഷിച്ചുവെച്ചു; തന്റെ അവസാനമടുക്കുമ്പോൾ അതു കുട്ടികളെ ഏല്പിക്കാമെന്നും, അതുവരെ അതു തന്റെ കൈവശം ഗോപ്യമായിരിക്കട്ടെ എന്നും തീൎച്ചപ്പെടുത്തി. പക്ഷേ ഈ രഹസ്യഭാരം നാരായണിഅമ്മയുടെ വാൎദ്ധക്യക്ഷീണത്തിൽ താങ്ങാൻ പ്രയാസമുള്ള ഒരു ഭാരമായിത്തന്നെ പരിണമിച്ചു.

## അദ്ധ്യായം 17

### സമുദായസേവനത്തിൻെറ പ്രാരംഭം.

"വല്യമ്മേ" എന്നു് രണ്ടു മധുരശബ്ദങ്ങൾ ഒന്നായി ലയിച്ച ഒരു വിളി തൻെറ ചെവിയിൽ പതിച്ചതും, രണ്ടു മൃദുലകരങ്ങൾ തൻെറ ഇരുതോളുകളിൽ സ്പശിച്ചതും, രണ്ടു പ്രഭാപുഞ്ജങ്ങൾ മുമ്പിൽ കിടന്ന മേശയുടെ ഇരുവശത്തും ചാടിക്കയറി ഇരുന്നതും ഒരൊററ നിമിഷത്തിൽ കഴിഞ്ഞു. നാരായണിഅമ്മയുടെ കയ്യിൽ ഇരുന്ന പെൻസിൽ നിലത്തു വീഴുകയും, അവർ മുഖമുയത്തി ആ ഓമനകളെ അത്യാവേശത്തോടെ നോക്കി, അവരെ ഒന്നായി തൻെറ മാറോടു ചേത്തു തഴുകുകയും ചെയ്തു.

ചന്ദ്രികാചന്ദ്രന്മാർ തങ്ങൾ കയറിവന്ന വണ്ടി വീട്ടിൻെറ പടിക്കൽനിന്നു കുറെ അകലെ നിത്തി, ശബ്ദമുണ്ടാക്കാതെ പടികടന്നു വന്നു്, നാരായണിഅമ്മയുടെ പിന്നിൽനിന്നുകൊണ്ടു പെട്ടെന്നു തങ്ങളുടെ സാന്നിദ്ധ്യത്തെ മേൽപ്പറഞ്ഞപ്രകാരം അവരെ അറിയിച്ചു. അവരെ അത്ഭുതപ്പെടുത്തി ആനന്ദിപ്പിക്കുവാനുള്ള നയം കുട്ടികളുടെ സാധാരണ നടവടിയായിത്തീന്നിരിക്ക നിമിത്തം, നാരായണിഅമ്മക്കു് അത്ഭുതമുണ്ടായില്ല. എന്നാൽ ആനന്ദം എന്തുമാത്രമായിരുന്നു എന്നു് അവരുടെ മുഖം പ്രത്യക്ഷമാക്കി. ഏതാനും നിമിഷം ഇങ്ങിനെ കഴിഞ്ഞശേഷം അവർ കുട്ടികളെ വിട്ടു കസാലയിൽ ചാരി ഇരുന്നു സംസാരിപ്പാൻ തുടങ്ങി.

നാ. അ—പാറുക്കുട്ടിക്കും കുട്ടികൾക്കും സുഖമല്ലേ? എന്താണു് കുട്ടികളെ ആരെയും കൂട്ടാത്തതു്?

ചന്ദ്രൻ—അവക്കൊക്കെ പ്രദശനസംബന്ധമായ പണിത്തിരക്കാണു്. അതു കഴിഞ്ഞാൽ വരും.

നാ. അ—നിങ്ങളും ഒരുവേള അതു കഴിഞ്ഞിട്ടേ വരികയുണ്ടാവുള്ളു എന്നു് ഞാൻ സംശയിച്ചു. നിങ്ങൾക്കു് അതിൽ പങ്കൊന്നുമില്ലേ?

ചന്ദ്രിക—അതു തീരാൻ രണ്ടു മൂന്നാഴ്ചയാവില്ലേ? അതുവരെ ഞങ്ങൾ വല്യമ്മയെ കാണാതെ അവിടെ താമസിക്കുകയൊ?

ചന്ദ്രൻ—ഞങ്ങളുടെ പണികളൊക്കെ ഏതാണ്ടു തീർത്തിട്ടാണു പോന്നതു്. കുറെ ഒക്കെ മററുള്ളവരെ ഏല്പിച്ചു. പ്രദർശനത്തിനു തക്കവണ്ണം വല്യമ്മയേയും കൂട്ടിക്കൊണ്ടു പോകാമല്ലോ.

നാ. അ—ഞാൻ വരുകയുണ്ടാവില്ല. ഇവിടെ ആരാണുള്ളതു്? എനിക്കു പ്രദർശനം കാണ്മാൻ വലിയ കൌതുകമോ ഉത്സാഹമോ ഇല്ലതാനും.

ചന്ദ്രി—വല്യമ്മയുടെ മുഖം വല്ലാതെ വാടി വിളർത്തിരിക്കുന്നു; എന്താണിങ്ങിനെ ഉത്സാഹമില്ലാതെ കാണുന്നതു്? സുഖക്കേടു വല്ലതുമുണ്ടോ?

നാ. അ—വിശേഷിച്ചൊന്നും ഇല്ല; വയസ്സു കൂടുതലാകുന്തോറും മനുഷ്യൎക്കു ശക്തിയും ഉത്സാഹവും കുറയുന്നതു സാധാരണയല്ലേ?

ചന്ദ്രൻ—വല്യമ്മക്കു് അതു സാധാരണയായി കാണാറില്ല. ഒരു ദീനത്തിൽപോലും കിടപ്പായിട്ടില്ലല്ലോ ഇത്ര നാളും.

നാ. അ—എന്നും ഒരുപോലെ ഇരിക്കുമൊ? വല്യമ്മയും മനുഷ്യസ്ത്രീയല്ലേ? വാൎദ്ധക്യവും മരണവും എന്നെ ഒഴിവാക്കുമൊ?

ചന്ദ്രിക—എന്താണു് വല്യമ്മ ഇങ്ങിനെ സംസാരിക്കുന്നതു്? എന്തൊ വയ്യായ്കയുണ്ടു്. ആട്ടെ, ഞങ്ങൾ മടങ്ങി എത്തിയല്ലോ. ഇനി ഞങ്ങൾക്കു വല്യമ്മയെ പിരിഞ്ഞിരിക്കേണ്ട ആവശ്യമില്ലതാനും. പ്രദർശനത്തിനു വല്യമ്മ വരാത്തപക്ഷം ഞങ്ങളും പോവില്ല. ഞാൻ നിശ്ചയമായും പോവില്ല.

നാ. അ—ഏയ്, അതു പാടില്ല. സമാജത്തിൽ നിന്നു പല സാധനങ്ങളും തയ്യാറാക്കീട്ടുണ്ടു്. സരസ്വതിയും മററു ചിലരും പോകുന്നു. നിങ്ങളും പോകണം. എനിക്കു വിശേഷിച്ചൊന്നുമുണ്ടായിട്ടല്ല; ഇവിടെ ഒരാൾ വേണ്ടേ?

ചന്ദ്രി—ഇവിടെ ഞാൻ നിൽക്കാം, വല്യമ്മ തീച്ചയായും പോകണം. രണ്ടു ദിവസത്തേയ്ക്കെങ്കിലും.

നാ. അ—അതൊക്കെ നമുക്കു മെല്ലെ ആലോചിച്ചു തീച്ചപ്പെടുത്താം. ഇപ്പോൾ വല്ലതും കഴിച്ചു കുളിക്കാനും മററും നോക്കൂ.

ചന്ദ്രൻ—ഇന്നു വൈകുന്നേരം ഇളയച്ഛൻ വരും. ഞാൻ എഴുതീട്ടുണ്ട്, ഒരു കാര്യം ആലോചിക്കാനുള്ളതുകൊണ്ട് ഉടൻ വരണമെന്ന്.

നാ. അ—എന്നാൽ നിശ്ചയമായും വരും. എന്താണ് ഇത്ര തിടുക്കമായി ആലോചിക്കാനുള്ള കാര്യം?

ചന്ദ്രൻ—അതൊരു രഹസ്യം. ഇപ്പോൾ പുറത്തു പറയാൻ പാടില്ല.

നാരായണിഅമ്മ താൻ പരിശോധിച്ചുകൊണ്ടിരുന്ന കണക്കുപുസ്തകങ്ങൾ എടുത്തു മേശക്കുള്ളിൽവെച്ചു പൂട്ടി, കുട്ടികളോടുകൂടെ അകത്തേക്കു പോയി. കുട്ടികളുടെ ഉന്മേഷവും ഉത്സാഹവും കണ്ടപ്പോൾ അവരുടെ മനസ്സിൽക്കൂടെ പല ചിന്തകളും പാഞ്ഞുതുടങ്ങി. ദുഃഖമെന്താണെന്ന് ഇതേവരെ അറിയാതെ ജീവിതം ഒരു വിനോദലീലയായിട്ടാണ് അവർ കഴിച്ചുവരുന്നത്. മേലാൽ എത്രനാൾ ജീവിതക്ലേശങ്ങളാകുന്ന ശീതവാതാതപങ്ങളിൽനിന്ന് അവരെ അകററി നിത്താൻ തനിക്കു സാധിക്കും? ബാല്യം കഴിഞ്ഞു യൌവനത്തിലേക്കു കാലൂന്നുവാൻ തുടങ്ങുന്ന ഈ ഘട്ടത്തിൽ എന്തെങ്കിലും ചില മാററങ്ങൾ ഉണ്ടാകാതെ കഴികയില്ല. അതവക്ക് അഹിതങ്ങളായ അനുഭവങ്ങളെ ഉണ്ടാക്കിത്തീക്കുമോ? പിതാവിൻെറ പെട്ടെന്നുള്ള അന്തദ്ധാനത്തിൻേറയും മാതാവിൻെറ പരിതാപകരമായ അകാലമരണത്തിൻെറയും കഥ അവർ അറിഞ്ഞിട്ടുണ്ട്. പക്ഷേ മാതാപിതാക്കളുടെ സ്നേഹത്തിൻെറയും ലാളനയുടേയും രുചിപോലും അറിഞ്ഞിട്ടില്ലായ്കയാൽ, അവർ അതൊരു കഥയായിട്ടു മാത്രമേ കരുതീട്ടും ഉള്ളൂ. താൻ ഈയിടെ അറിവാൻ ഇടയായ ആ ഗൂഢസന്ദേശത്തിൻെറ കാര്യം

അവർ ഗ്രഹിക്കുന്നപക്ഷം, അതു് അവരെ ഏതുവിധത്തിലെങ്കിലും പരിഭ്രമിപ്പിക്കയൊ വ്യസനിപ്പിക്കയൊ ചെയ്യുമോ? അതു് അവരുടെ ജീവിതഗതിയിൽ വല്ല മാററവും ഉണ്ടാക്കിത്തീൎക്കുമോ? അവരുടെ ഭാവിജീവിതത്തെപ്പററി തീച്ചപ്പെടുത്തേണ്ട ഘട്ടവും എത്തിക്കഴിഞ്ഞു. താൻ എന്താണു് ഈ വിഷമദശയിൽ ചെയ്യേണ്ടതു്?

നാരായണിഅമ്മ കുട്ടികൾക്കു കാപ്പി പകൎന്നുകൊടുക്കുകയും, കുളിക്കുവാൻ ബദ്ധപ്പെടുത്തുകയും, ഭക്ഷണം വിളമ്പിക്കൊടുക്കുകയും, ഇടയ്ക്കിടയ്ക്കു വീട്ടുകാൎയ്യങ്ങളെപ്പററി ചിലതു സംസാരിക്കുകയും ചെയ്തുവെങ്കിലും അവരുടെ മനസ്സു മേൽപ്പറഞ്ഞ വികാരങ്ങളാൽ പരിതപ്തമായിട്ടുതന്നെ ഇരുന്നു. കുട്ടികൾ പറഞ്ഞ നേരംപോക്കുകൾ ഒന്നും അവരിൽ ഒരു മന്ദസ്മിതംപോലും ഉണ്ടാക്കുവാൻ പൎയ്യാപ്തങ്ങളായില്ല. സായാഹ്നമായപ്പോൾ അവർ പ്രതീക്ഷിച്ചിരുന്നപോലെ കുരുണാകരക്കുറുപ്പു വന്നെത്തി. ലഘുഭക്ഷണം കഴിച്ചു് അവരെല്ലാവരും മാളികയിലെ വ്രാന്തയിൽ ചെന്നിരുന്നു സംസാരിക്കുവാൻ തുടങ്ങി. സംഭാഷണമാരംഭിച്ചതു ചന്ദ്രികയായിരുന്നു. "ഇളയച്ഛാ, വല്യമ്മയെ നോക്കു; എന്തോ വൈഷമ്യമുണ്ടെന്നു തോന്നുന്നില്ലേ? ഇക്കുറി ഞങ്ങളെക്കണ്ടിട്ടു വല്യമ്മക്കു വലിയ സന്തോഷം കാണുന്നില്ല.

നാ. അ — ചന്ദ്രീ, നീ എന്താണു് പറയുന്നതു്? നിങ്ങളെയല്ലാതെ പിന്നെ മററാരെക്കണ്ടിട്ടാണു് ഞാൻ സന്തോഷിക്കേണ്ടതു്? വേറാരാണെനിക്കുള്ളതു്?

ചന്ദ്രൻ — വല്യമ്മ ഇന്നു ചിരിച്ചു കണ്ടില്ല. മുഖത്തു് എന്തു വാട്ടവും ക്ഷീണവുമാണു്!

ക. കു — ക്ഷീണം സ്പഷ്ടമായി കാണുന്നുണ്ടു്. മൂന്നാഴ്ചക്കു മുമ്പു് ഞാൻ വന്നിരുന്നപ്പോൾ ഇങ്ങിനെ ഉണ്ടായിരുന്നില്ല. ദേഹത്തിനു വല്ല പീഡയുമുണ്ടോ?

നാ. അ — എനിക്കു ദേഹത്തിനു യാതൊരുപദ്രവവും സുഖക്കുറവുമില്ല. വയസ്സു ഷഷ്ടിപൂൎത്തിയ്ക്കടുക്കുന്നില്ലേ? ഇനിയും

വാദ്ധക്യക്ഷീണം ബാധിക്കാതിരിക്കുമോ? ഈ ക്ഷീണമൊന്നും ഞാൻ വകവെച്ചിട്ടില്ല. നിങ്ങൾ പരിഭ്രമിക്കാതിരിക്കിൻ.

ചന്ദ്രി—ആട്ടെ, ഞാൻ പരിഹാരം കണ്ടുപിടിക്കാം. ഇനി എനിക്കു വല്യമ്മയെ വിട്ടുപിരിയേണ്ടതില്ലല്ലോ. എൻെറ പഠിപ്പു കഴിഞ്ഞു; ഇനി വല്യമ്മയെ ശുശ്രൂഷിക്കയും, അവരുടെ പ്രവൃത്തികളൊക്കെ ഏററെടുത്തു ചെയ്കയും ആണ് എൻെറ പണി.

നാ. അ—അതൊക്കെ നമുക്ക് ആലോചിച്ചുതീർച്ചപ്പെടുത്താം. ഇളയച്ഛനെ ബദ്ധപ്പെട്ടു വരുത്തിയതു് ഇക്കാൎയ്യം പറവാനാണോ? ഒരു രഹസ്യകാൎയ്യം പറവാനുണ്ടെന്നാണ് ചന്ദ്രൻ പറഞ്ഞതു്. അതെനിക്കു കേൾക്കാൻ പാടില്ലെങ്കിൽ ഞാൻ താഴത്തു പോകാം.

ചന്ദ്രൻ—വല്യമ്മയിൽനിന്നു മറച്ചുവെയ്ക്കേണ്ട ഒരു കാൎയ്യം ഞങ്ങൾക്കെന്താണുള്ളതു്? ഞാൻ നേരംപോക്കിനു പറഞ്ഞതല്ലേ? നിങ്ങൾ രണ്ടാളോടും ആലോചിക്കേണ്ട കാൎയ്യമാണതു്.

ക. കു—അത്ര ഗൌരവമേറിയ കാൎയ്യം എന്തായിരിക്കാം, പറയൂ. എനിക്കു കേൾക്കാൻ ബദ്ധപ്പാടായി. അതല്ലേ ചന്ദ്രൻ പറഞ്ഞ ദിവസവും മണിക്കൂറും തെററിക്കാതെ ഞാൻ ഓടിയെത്തിയതു്.

ചന്ദ്രി—രാമപുരത്തെ പ്രദർശനം കാണാൻ ഇവിടത്തെ കുറെ കുട്ടികളെ കൂട്ടിക്കൊണ്ടുപോകേണമെന്നു ഞങ്ങൾക്കാഗ്രഹമുണ്ട്.

ചന്ദ്രൻ—പല വിശേഷപ്പെട്ട കൈവേലത്തരങ്ങളും അവിടെ പ്രദർശിപ്പിക്കുന്നുണ്ട്; പലതും അവൎക്കു കണ്ടുപഠിക്കാനും ഉണ്ടാവും. ഈ ഗ്രാമം വിട്ടു പുറത്തിറങ്ങി ഒന്നും കണ്ടിട്ടില്ലാത്ത അവൎക്ക് അതൊരു വിനോദയാത്രയും ആകും.

ക. കു—വിജ്ഞാനവും വിനോദവും ഒരേ സമയത്തു ലഭിക്കുന്നതിനുള്ള വഴിതന്നെ. ഇത്ര ശ്ലാഘ്യമായ നിങ്ങളുടെ ഉദ്ദേ

ൎയ്യം സാധിക്കാൻ ഞങ്ങളാൽ വേണ്ടതു ചെയ്യാമല്ലോ. രാമപുരത്തെ നിങ്ങളുടെ താമസം കഴിഞ്ഞു മടങ്ങി എത്തിയ അവസരത്തെ ഈ വിധത്തിലാണ് ഘോഷിക്കേണ്ടതു്.

നാ. അ—എത്ര കുട്ടികളെയാണ് കൊണ്ടുപോകേണ്ടതു്? യാത്രയ്ക്കും മററുമുള്ള ചെലവു വഹിക്കാൻ അവൎക്കു സാധിക്കുമോ? അക്കാൎയ്യം അവരോടു ചോദിക്കണമല്ലോ.

ചന്ദ്രൻ—സ്വന്തം ചെലവിൽ പോകാൻ കഴിവുള്ളവർ താനേ പൊയ്ക്കൊള്ളും. അവരെ പറഞ്ഞുത്സാഹിപ്പിക്കയേ വേണ്ടു. കഴിവില്ലാത്ത കൂട്ടരെയാണു കൂട്ടിക്കൊണ്ടു പോവാൻ ഞങ്ങൾക്കാഗ്രഹം.

നാ. അ—തീവണ്ടിക്കൂലിതന്നെ പോകാനും വരാനുംകൂടെ ആളൊന്നുക്കു രണ്ടര ഉറുപ്പിക വീതം വേണം. എത്രപേരെ കൊണ്ടുപോകാൻ സാധിക്കും?

ചന്ദ്രി—പ്രദൎശനക്കാലത്തു തീവണ്ടിക്കൂലി കുറച്ചുകിട്ടും. പണമുള്ളതനുസരിച്ചു കുട്ടികളുടെ എണ്ണം തീൎച്ചപ്പെടുത്താം.

ക. കു—നിങ്ങളുടെ ആഗ്രഹം സാധിച്ചുതരാൻ തയ്യാറാണ്. പക്ഷെ പണം ഒന്നായി എടുക്കാൻ—

ചന്ദ്രൻ—ഇതിന്നു വേണ്ടിവരുന്ന ചെലവ് ഇളയച്ഛൻെറയോ വല്യമ്മയുടേയൊ കയ്യിൽനിന്നു വാങ്ങാനല്ലാ ഞങ്ങൾ ഉദ്ദേശിക്കുന്നതു്. ഞങ്ങൾ ഉണ്ടാക്കാൻ ശ്രമിക്കും. എന്നാലല്ലെ ഇതിൽ ഞങ്ങൾക്കു പങ്കുള്ളു.

നാ. അ—പണം പിരിക്കാൻ വിചാരിക്കയാണോ? ഈ ദുൎഭിക്ഷക്കാലത്തു് ആരു തരും? അതു സാധിക്കുന്ന കാൎയ്യമാണോ ചന്ദ്രാ?

ചന്ദ്രി—വരിപ്പണം പിരിക്കാൻ ഞങ്ങൾ ഉദ്ദേശിച്ചിട്ടേ ഇല്ല. ഞങ്ങൾ ഒരു കളി നടത്താൻ തയ്യാറായിരിക്കയാണ്. അതു് ഇവിടെയും തൃത്താലിപ്പുരത്തും വെച്ചു നടത്തിയാൽ ഞങ്ങൾക്കു വേണ്ട പണം പിരിഞ്ഞുകിട്ടും. അതിന്നാണു നിങ്ങൾ രണ്ടാളുടെയും അനുവാദം വേണ്ടതു്.

ക. കു—അത്ര തരക്കേടില്ല. ചെറിയ തുകയാണെങ്കിൽ, വല്ല
ത്തും കണ്ടു രസിക്കാൻകൂടെ ഉള്ളതുകൊണ്ടു് ആളുകൾ ത
രാൻ മടിക്കില്ല.

ചന്ദ്രൻ—ചെറിയ സംഖ്യയേ ഞങ്ങൾ ആവശ്യപ്പെട്ടു. ടിക്ക
റ്റുവില പുരുഷന്മാൎക്കു നാലണ, സ്ത്രീകൾക്കു രണ്ടണ, കുട്ടി
കൾക്കു് ഒരണ. ഇങ്ങിനെയായാൽ പലൎക്കും വലിയ ചെല
വുകൂടാതെ കളി കാണ്മാൻ സാധിക്കും; ഞങ്ങൾക്കു പണ
വുമായി.

ക. കു—അച്ഛനും അമ്മയ്ക്കും രണ്ടു കുട്ടികൾക്കുംകൂടെ അരഉറു
പ്പികയേ വേണ്ടു.

ചന്ദ്രി—ഇളയച്ഛന്നു് അത്രയേ ചെലവാകയുള്ളു. പക്ഷേ ഇള
യച്ഛന്റെ കുട്ടികൾ നന്നെ ചെറുതല്ലെ. അവൎക്കു ടിക്കറ്റു
വേണ്ട. അഞ്ചുവയസ്സിനു മേലുള്ളവൎക്കേ ടിക്കറ്റു വേണ്ടൂ.
അതൊക്കെ ഞങ്ങൾ നോട്ടീസിൽ കാണിക്കും.

ക. കു—(ചിരിച്ചുകൊണ്ടു) ഞാൻ എന്റെ കാൎയ്യം ഓൎത്തിട്ട
ല്ലേ പറഞ്ഞതു്. സാധാരണ ഒരു കുടുംബത്തെ കണക്കാ
ക്കിയതാണു്. കളിയിൽ ആരൊക്കെ ചേൎന്നിട്ടുണ്ടു്? നി
ങ്ങൾ രണ്ടാൾക്കും പാർട്ടുണ്ടാവുമല്ലൊ.

ചന്ദ്രൻ—അതിന്നു സംശയമുണ്ടോ? കളികളൊക്കെ തയ്യാറാ
യിരിക്കുന്നു. സ്കൂളിലെ ചില സഹപാഠികളും മററു വിദ്യാ
ൎത്ഥികളും ഉണ്ടു്. സംഗീതത്തിൽ സഹായിക്കാൻ ചന്ദ്രിയു
ടെ സംഗീതാദ്ധ്യാപികയും ഏററിട്ടുണ്ടു്.

നാ. അ—അപ്പോൾ വേണ്ടതൊക്കെ നിങ്ങൾ ആലോചിച്ചു
തീൎച്ചപ്പെടുത്തിക്കഴിഞ്ഞു. ഞങ്ങൾ ഇനി എന്താണു വേണ്ട
തെന്നു പറഞ്ഞാൽ കഴിവുള്ളതൊക്കെ ചെയ്യാൻ ഒരുക്ക
മാണു്.

ചന്ദ്രി—ഞങ്ങൾ കുറേദിവസം മുൻപുതന്നെ കാൎയ്യപരിപാടി
തീൎച്ചപ്പെടുത്തി, ഓരോന്നായി പഠിച്ചും കളിച്ചും ഒക്കെ
ശരിപ്പെടുത്തിക്കഴിഞ്ഞു. ദിവസം തീൎച്ചപ്പെടുത്തി അറിയി
ച്ചാൽ കൂട്ടുകാരൊക്കെ എത്തിക്കൊള്ളും. അവരെ ഇവിടെ

താമസിപ്പിക്കുന്നതിനു വേണ്ടതൊക്കെ വല്യമ്മ ഏൎപ്പെടു ത്തിത്തരണം.

ക. കു—ഇവിടത്തെ കളി ഏതു കെട്ടിടത്തിൽവെച്ചു നടത്തും? ഈ വീട്ടിന്ന് അതിനുതക്ക വലിയ തളങ്ങളില്ല. പന്തൽ കെട്ടേണ്ടിവരും.

ചന്ദ്രൻ—ഇവിടെവെച്ചു സാധിക്കില്ല. സ്കൂളിൽവെച്ചു നട ത്താം. ഞാൻ ഹെഡ്മാസ്റ്റർക്ക് നേരത്തെതന്നെ എഴുതിച്ചോ ദിച്ചു സമ്മതം വാങ്ങിട്ടുണ്ട്. സ്റ്റേജ്, കസാല, ബെഞ്ച് ക ക്കെത്തരാമെന്നും അദ്ദേഹം ഏററിട്ടുണ്ട്.

ക. കു—അപ്പോൾ ഇവിടേക്കു വേണ്ട ഏൎപ്പാടുകളൊക്കെ പൂ ത്തിയായല്ലൊ. ഇവിടത്തെ കളി കഴിയുമ്പോഴെയ്ക്കും, തൃ ത്താലിപ്പുരത്തും ഞാൻ വേണ്ട ഏൎപ്പാടുകൾ ചെയ്തു വിവര മറിയിക്കാം.

ചന്ദ്രി—ചന്ദ്രാ, നാളെത്തന്നെ മാസ്റ്ററെ മുഖതാവിൽക്കണ്ടു പറഞ്ഞു നമുക്കു നോട്ടീസ് അച്ചടിപ്പിക്കാൻ നോക്കണം. ഒരാഴ്ചയ്ക്കുള്ളിൽ ഇവിടത്തെ കളി നടത്തണം.

നാ. അ—എന്തൊക്കെയാണു കാൎയ്യപരിപാടി? എത്ര ആളു കൾ പുറമെനിന്നു വരും? പത്തുപതിനഞ്ചാളുകൾക്കുവേണ്ട ഏൎപ്പാടു ഞാൻ ചെയ്യാം. ഏതാനും ദിവസത്തേയ്ക്കല്ലേ വേണ്ടൂ.

ചന്ദ്രൻ—പതിനഞ്ചും മററുമില്ല; എട്ടാളുകളെ പുറമെനിന്നു ള്ളൂ. പിന്നെ ഞാനും ചന്ദ്രിയും കമലേടത്തിയും വാസുഏ ട്ടനും.

ചന്ദ്രി—കളിയിൽ ഒരു ഫാർസുണ്ട്; പിന്നെ സംഗീതം, നൃ ത്തം, കൈകൊട്ടിക്കളി, കോലാട്ടം, ചില കായികാഭ്യാസ ങ്ങൾ, ജാലവിദ്യ എന്നിവയും ഉൾപ്പെട്ടിട്ടുണ്ട്. രണ്ടുമണി ക്കൂർ നേരത്തേയ്ക്കേ ഉണ്ടാവുള്ളൂ. ആദ്യമായി ചന്ദ്രന്റെ ഒരു പ്രസംഗം.

ചന്ദ്രൻ—പ്രസംഗം ചന്ദ്രിയോടെടുക്കാൻ പറഞ്ഞിട്ട് അ വൾ സമ്മതിക്കുന്നില്ല. ഒന്നു ശുപാൎശചെയ്യൂ ഇളയമ്മാ,

അവർ പ്രസംഗിക്കുന്നതല്ലേ നല്ലതു്? അവൎക്കു ഭയമാണത്രെ!

ക. കു—എന്താണു ചന്ദ്രീ നിനക്കു ഭയം! ഇതു് ഇക്കാലത്തെയ്ക്കു യോജിച്ചതല്ലല്ലോ. നീ വിദ്യാൎത്ഥിയോഗങ്ങളിൽ പൊടിപൊടിച്ചു പ്രസംഗിക്കാറുണ്ടല്ലോ.

ചന്ദ്രി—ഞങ്ങളുടെ യോഗംപോലെയാണൊ ഇതു്? വളരെ ആളുകൾ, ഇന്നാട്ടുകാർ മിക്കവരും ഉണ്ടായിരിക്കും. അതു മാത്രമല്ല, എനിക്കു നാലഞ്ചിനങ്ങളിൽ പങ്കുണ്ടു്. ചന്ദ്രനു അത്രയൊന്നുമില്ല. പോരെങ്കിൽ ചന്ദ്രനാണു് ഞങ്ങളുടെ നേതാവു്. ഇക്കാൎയ്യം ആദ്യമായി ആലോചിച്ചതും മററും ചന്ദ്രനാണു്.

നാ. അ—എന്നാൽ ചന്ദ്രൻതന്നെ പ്രസംഗിക്കണം. എന്തിനെപ്പററിയാണു് പ്രസംഗം?

ചന്ദ്രൻ—ഞങ്ങളുടെ ഉദ്ദേശ്യത്തെപ്പററിയും, അതുനിൎവ്വഹിക്കുന്നതിൽ ഞങ്ങൾക്കു കിട്ടിയ പ്രോത്സാഹനത്തെപ്പററിയും, പ്രദൎശനത്തെപ്പററിയും മററും ഏതാനും വാക്കുകൾ പറയണം. കളി കണ്ടു രസിക്കുവാൻ വരുന്നവരെ പ്രസംഗംകൊണ്ടു് ആദ്യമേ മുഷിപ്പിക്കരുതു്. കളിയുടെ അവസാനത്തിൽ സദസ്യൎക്കും, ഇവിടെ ഞങ്ങളെ സഹായിച്ചവൎക്കും മററും ഒരു കൃതജ്ഞതാപ്രകടനവും വേണം.

ക. കു—ശരി. ഒടുവിലത്തെ നന്ദിപറയൽ ചന്ദ്രിയായിക്കൊള്ളും. പ്രാരംഭപ്രസംഗം ചന്ദ്രനുതന്നെയിരിക്കട്ടെ.

നാ. അ—അതു നന്നു്. എന്നാൽ നാളെമുതൽ വേണ്ടതൊക്കെ തുടങ്ങിക്കൊള്ളിൻ. പണം പിരിയുന്നതനുസരിച്ചു കുട്ടികളുടെ എണ്ണം തീൎച്ചപ്പെടുത്താം. ചിലൎക്കു പുറത്തിറങ്ങുമ്പോൾ ഉടുക്കാൻ തക്ക വസ്ത്രങ്ങൾപോലും ഉണ്ടാവില്ല. സമാജത്തിൽനിന്നു വല്ലതും ചെയ്യാൻ സാധിക്കുമോ എന്നും അന്വേഷിക്കാം.

ചന്ദ്രികാചന്ദ്രന്മാർ—അതു വേണ്ടാ വല്യമ്മേ. ഇതിനെ സംബന്ധിച്ച സകല ഭാരവാഹിത്വവും ഞങ്ങൾ വഹിക്കട്ടെ.

ക. കു.--ഞാൻ നാളെ രാവിലെ പോയി തൃത്താലിപ്പുരത്തു വേണ്ട ഏർപ്പാടുകൾ ചെയ്യാം. എല്ലാം ഭംഗിയായി നടന്നു നിങ്ങളുടെ ഈ ആദ്യത്തെ ശ്രമം പൂർണ്ണവിജയമായി തീരട്ടെ!

പിറേറദിവസംമുതൽ കുട്ടികൾ പ്രവൃത്തി ആരംഭിച്ചു. സ്കൂളിലെ അദ്ധ്യാപകന്മാരെല്ലാവരും ഇതിന്നു അദ്ധ്യേതാക്കളും സഹായിക്കാൻ ഒരുക്കമായിരുന്നു. എന്നാൽ ഇതു കുട്ടികളുടെ ഏർപ്പാടായതുകൊണ്ടു ഗുരുജനങ്ങൾ ഉപദേശം മാത്രം കൊടുത്താൽ മതിയെന്നും, ദേഹയത്നം മുഴുവനും തങ്ങൾതന്നെ നിർവ്വഹിക്കാമെന്നും കുട്ടികൾ പറകയാൽ അവർ മാറിനിന്നു. നോട്ടീസ് അച്ചടിച്ചു പ്രചരിപ്പിക്കുക, ടിക്കററുകൾ വീടുതോറും നടന്നു വില്ക്കുക, കളിസ്ഥലത്തു സ്റ്റേജിടുക, കർട്ടൻ കെട്ടി ശരിപ്പെടുത്തുക, കളി നടത്തുന്ന ഹാളും പുറവശവും ഗേററും മററും അലങ്കരിക്കുക മുതലായ ചടങ്ങുകളൊക്കെ അവർ ഉത്സാഹപൂർവ്വം നടത്തി. കുററവും കുറവും അദ്ധ്യാപകന്മാർ ചൂണ്ടിക്കാണിച്ചവയെ സന്തോഷത്തോടുകൂടെ സ്വീകരിച്ചു പരിഹരിച്ചു. കളിക്കു രണ്ടുദിവസം മുമ്പു രാമപുരത്തുനിന്നു കൂട്ടുകാരെത്തി. കളിയുടെ തലേദിവസം രാത്രി ഒരു പ്രാരംഭക്കളി നടത്തി. ഏതാനും അദ്ധ്യാപകന്മാർ മാത്രമേ അന്നു സന്നിഹിതരായിരുന്നുള്ളു. അവരുടെ ഉപദേശപ്രകാരം കാർയ്യപരിപാടിയിലെ ചില ഇനങ്ങളിൽ അല്പം മാററങ്ങളും വരുത്തി.

ശനിയാഴ്ചദിവസം ആറുമണിക്കാണു കളി ആരംഭിച്ചതു്. ഒരു മണിക്കൂർ മുമ്പുതന്നെ കാണികളെക്കൊണ്ടു ഹാൾ തിങ്ങിവിങ്ങി. ഇത്തരം ഒരു വിനോദപ്രദർശനം, കുട്ടികളുടെ പൂർണ്ണഭാരവാഹിത്വത്തിൽ, പണപ്പിരിവിനുവേണ്ടി, ഇദംപ്രഥമമായിട്ടായിരുന്നു നടന്നതു്. അതുകൊണ്ടു് അതിന്റെ വിജയത്തെപ്പററി പലക്കും സംശയമില്ലാതിരുന്നില്ല. എന്നാൽ ചന്ദ്രന്റെ വിനയമധുരമായ പ്രാരംഭപ്രസംഗം കേട്ടപ്പോൾതന്നെ സദസ്യർ സംതൃപ്തരായി. ഫലിതരസപൂർണ്ണമായ ഫാർസ് അവരെ ചിരിപ്പിച്ചു രസിപ്പിച്ചു. ശ്രവണമധുരമായ സം

ഗീതവും പാട്ടും അവരുടെ കണ്ണുകളേയും ഹൃദയങ്ങളേയും ക വൎന്നു. താളമേളങ്ങളോടുകൂടിയ നൃത്തവും, കോലാട്ടവും, പുതിയ രീതിയിൽ നടത്തിയ കുമ്മിയും അവരെ ആനന്ദനിമഗ്നരാക്കി. കായികാഭ്യാസപ്രദൎശനങ്ങളും ജാലവിദ്യയും അവരെ അത്ഭുതവിവശരാക്കി. അവസാനമായുണ്ടായ ചന്ദ്രികയുടെ കൃതജ്ഞതാപ്രകടനം സദസ്യരുടെ ഹസ്തതാഡനത്താൽ സുവ്യക്തമായി കേൾപ്പാൻ സാധിച്ചില്ല. ഒടുവിൽ വന്ദേമാതരഗാനത്തിന്നായി കളിയിൽ പങ്കെടുത്തിരുന്ന കുട്ടികളെല്ലാവരും സ്റ്റേജിൽവന്നു നിരന്നപ്പോൾ, സദസ്യരിൽ ഒരാൾ മുന്നോട്ടു വന്നു നിന്നുകൊണ്ടു് ആ യുവവിദ്യാൎത്ഥികളെ അനുമോദിക്കയും, അവരുടെ സദുദ്യമത്തേയും, കാൎയ്യനിൎവ്വഹണപ്രാപ്തിയേയും, ശിക്ഷണപാടവത്തേയും പ്രശംസിക്കയും, അവരുടെ നേതാവായ ചന്ദ്രശേഖരനെ അരികത്തു വിളിച്ചു പുഷ്പമാല്യമണിയിക്കയും ചെയ്തു. അപ്രതീക്ഷിതമായ ഈ അവസാന സംഭവം കുട്ടികളേയും സദസ്യരേയും ഒരുപോലെ ആഹ്ലാദചിത്തരാക്കി. വന്ദേമാതരഗാനത്തോടുകൂടെ ചടങ്ങുകൾ അവസാനിച്ചു. യാതൊരു ബഹളമോ, തിക്കോ, തിരക്കോ കൂടാതെ സഭയും പിരിഞ്ഞു.

ഞായറാഴ്ച ഉച്ചതിരിഞ്ഞശേഷം കരുണാകരക്കുറുപ്പ് കളിക്കാരെ തൃത്താലിപ്പുരത്തേക്കു കൂട്ടിക്കൊണ്ടുപോകുവാൻ ഒരു ബസ്സുമായെത്തി. കുട്ടികൾ തങ്ങളുടെ കുപ്പായങ്ങൾ മുതലായവ നിറച്ച പെട്ടികൾ, സംഗീതസാമഗ്രികൾ എന്നിവയോടുകൂടി പുറപ്പെട്ടു. അല്പമായ ഒരനിഷ്ടസംഭവം അവരുടെ ഉത്സാഹത്തെക്കുറച്ചു. സംഗീതാദ്ധ്യാപിക സുശീലാദേവിക്ക് ദേഹാസ്വാസ്ഥ്യംനിമിത്തം അവരെ അനുഗമിക്കുവാൻ സാധിച്ചില്ല. എന്നാൽ തന്റെ വിദഗ്ദ്ധശിഷ്യ കമലം ഒരു കുറവും വരുത്താതെ തന്റെ ഭാഗം വഹിക്കാൻ പ്രാപ്തയാണെന്നു് അവർ ഉറപ്പുകൊടുത്തപ്പോൾ ചന്ദ്രനും ചന്ദ്രികക്കും ഏതാണ്ടു സമാധാനമായി.

മംഗലത്തുനിന്നു രണ്ടു ഫർലോങ്ങ് അകലെയായി ബസ്സ് നിൎത്തി. മംഗലത്തും സമീപത്തുമുള്ള പത്തുമുപ്പതു ബാലികാബാലന്മാർ ഉൾപ്പെടുന്ന ഒരു സംഘം അവിടെ കാത്തുനിന്നിരുന്നു. അവർ ഇവരെ അഭിവാദ്യംചെയ്തു സല്ക്കരിച്ച്, വാദ്യമേളങ്ങളോടുകൂടെ ഒരു ഘോഷയാത്രയായി കൂട്ടിക്കൊണ്ടുപോയി. സന്ധ്യ കഴിഞ്ഞ ഉടൻ ഇവൎക്കെല്ലാവൎക്കുമായി കരുണാകരക്കുറുപ്പ് ഒരു സദ്യ ഏൎപ്പാടുചെയ്തിരുന്നു. ഏതാനും ദിവസത്തെ നിരന്തരമായ ശ്രമംകൊണ്ടു കുട്ടികൾ ക്ഷീണിച്ചിരുന്നതിനാൽ, സദ്യ കഴിഞ്ഞ ഉടനെ സല്ക്കാരസംഘത്തെ പിരിച്ചുവിട്ടു മററുള്ളവരെ വിശ്രമിക്കുവാനും നേരത്തെ ഉറങ്ങി ക്ഷീണം തീൎക്കുവാനുമായി മാളികയിലേക്കു കുറുപ്പു കൂട്ടിക്കൊണ്ടാക്കി.

തൃത്താലിപ്പുരത്തുവെച്ചു നടത്തിയ കളിയും പൂൎണ്ണവിജയത്തിൽ കലാശിച്ചു. അച്ഛൻെറ അസ്സൽ പകൎപ്പായ ചന്ദ്രനെ സ്റ്റേജിൽ കണ്ടപ്പോൾ രാഘവക്കുറുപ്പിൻെറ പല സ്നേഹിതന്മാരുടേയും ഹൃദയങ്ങൾ സന്തോഷസന്താപങ്ങൾക്കധീനമായി. അനിമേഷരായിരുന്ന ഇവരെ അഭിമുഖീകരിച്ചുനിന്ന്, തൻെറ പ്രാരംഭപ്രസംഗം ചെയ്തപ്പോൾ ചന്ദ്രൻെറ ശബ്ദവും ചില ദിക്കിൽ ഇടറുകയുണ്ടായി. സുശീലാദേവിയില്ലാത്ത കുറവ്, കളിക്കാൎക്ക് ഇച്ഛാഭംഗത്തിന്നിടവരുത്താത്തവിധത്തിൽ കമലം പരിഹരിച്ചു. കമലത്തിൻെറ വീണവായനയും പാട്ടുമായിരുന്നു അന്നത്തെ കാൎയ്യപരിപാടിയിൽ ഏററവും നല്ലതെന്നു സദസ്യർ ഏവരും അഭിപ്രായപ്പെടുകയും, അനുമോദനസൂചകമായി ഒരു ഖദർസാൽവ അവൾക്കു സമ്മാനിക്കുകയും ചെയ്തു. പരിവട്ടത്തുനിന്നുണ്ടായ പിരിവിനേക്കാൾ കൂടുതൽ പണം തൃത്താലിപ്പുരത്തുനിന്നു ലഭിച്ചു.

പിറേറദിവസം രാവിലെ ഈ ചെറുസംഘം പരിവട്ടത്തേക്കു പുറപ്പെട്ടു. കമലം ഒഴികെ രാമപുരത്തുനിന്നു വന്ന കൂട്ടുകാരെല്ലാം അന്നു വൈകുന്നേരം മടങ്ങിപ്പോയി. സകല ചെ

ലവും കഴിച്ചു നൂററിരുപതുറുപ്പിക ഖജാൻജി എന്ന നിലയിൽ കമലം സൂക്ഷിച്ചു.

രാമപുരത്തെ പ്രദശ്നം കാണ്മാൻ കൊണ്ടുപോകേണ്ടതിനു നാനാജാതിമതസ്ഥരും പത്തുവയസ്സിനു മേൽ പതിനാറു വയസ്സുവരെ പ്രായമുള്ളവരും ആയ അമ്പതു കുട്ടികളെ തിരഞ്ഞെടുത്തു; ഇതിൽ ഇരുപത്തെട്ടു ആൺകുട്ടികളും, ഇരുപത്തിരണ്ടു പെൺകിടാങ്ങളും ഉൾപ്പെട്ടിരുന്നു. ഇവരിൽ പലക്കും ഉടുക്കാൻ നല്ല വസ്ത്രങ്ങളുണ്ടായിരുന്നില്ല. ഉള്ളവർ ഇല്ലാത്തവക്കു കടം കൊടുത്തും, അത്യാവശ്യം ചിലതു വാങ്ങിയും, മുഷിഞ്ഞതു് അലക്കിയും, കീറിയതു തുന്നിയും, എല്ലാവക്കും ആവശ്യമുള്ള വസ്ത്രങ്ങൾ തയ്യാറാക്കി. ആൺകുട്ടികൾക്കൊക്കെ കാരോ ഗാന്ധിത്തൊപ്പിയും, പെൺകിടാങ്ങൾക്കു ഖദർകുപ്പായവും ഇവയിൽ ഉൾപ്പെട്ടിരുന്നു. പ്രദശ്നം തുടങ്ങിയ നാലാം ദിവസമാണു കുട്ടികളെ കൊണ്ടുപോകാൻ തീച്ചപ്പെടുത്തിയതു്. ഉത്സാഹഭരിതരായ കുട്ടികൾ ദിവസമെണ്ണിക്കഴിച്ചു. പോകുന്ന ദിവസത്തിൻെറ തലേന്നാൾ രാത്രി അവരാരും ഉറങ്ങാതെ പുലർവേളയും കാത്തു് അക്ഷമരായിക്കഴിച്ചു. സൂൎയ്യോദയമായപ്പോൾ എല്ലാവരും ഉടുത്തൊരുങ്ങി പുതിയ പത്തായപ്പുരയിലെ ആറുകാൽ പുരയിൽ വന്നു കാവലിരിപ്പായി. രാവിലത്തെ ഭക്ഷണം അവക്കു നാരായണിഅമ്മയാണു നല്കിയതു്. ഭക്ഷണാനന്തരം ചന്ദ്രൻ, ചന്ദ്രിക, കമലം എന്നിവരാൽ നയിക്കപ്പെട്ട ഈ ബാലസംഘം തീവണ്ടിസ്റ്റേഷനിലേക്കു പുറപ്പെട്ടു. നാരായണിഅമ്മ കുട്ടികളുടെ നിബ്ബന്ധപൂവ്വമായ അപേക്ഷയെ പല ഒഴികഴിവുകളും പറഞ്ഞു നിരസിച്ചു്, അവരെ ഒരുവിധം സമാധാനപ്പെടുത്തി യാത്രയയച്ചശേഷം പടിവാതുക്കൽ വന്നു് ഈ യാത്രക്കാരെ കൺമറവോളം നോക്കിനിന്നു. വാത്സല്യഭാജനങ്ങളായ തൻെറ കുട്ടികളുടെ ഈ സൽപ്രയത്നം അവരെ അത്യന്തം ആനന്ദിപ്പിച്ചു.

സന്തോഷംകൊണ്ടു മതിമറന്ന കുട്ടികൾ പാതയിൽക്കൂടെ ചിരിച്ചും സംസാരിച്ചും നടന്നുപോകുമ്പോൾ, അവരെ

കാണുവാനായി വഴിയരികിൽ പലരും നോക്കിനിന്നിരുന്നു. കുട്ടികളുടെ സംസാരവും ചിരിയും ഉച്ചത്തിലാവുന്നതു കണ്ടപ്പോൾ "നിശ്ശബ്ദം, ഈരണ്ടുപേർ ചേൎന്നു വരിയായി ഒരരുകിൽക്കൂടെ നടക്കണം; വരി തെററിക്കരുതു്. തീവണ്ടിയിൽ കയറിയശേഷം ചിരിയും സംസാരവും യഥേഷ്ടം ആയിക്കൊള്ളിൻ." എന്നു ചന്ദ്രൻ ആജ്ഞ കൊടുത്തു താനും കമലവും മുമ്പിലും ചന്ദ്രിക പിമ്പിലുമായി ഈ ഘോഷയാത്രയെ നയിച്ചു.

ഈ കൂട്ടത്തിൽ ചിലർ തീവണ്ടി കണ്ടിട്ടുപോലുമുണ്ടായിരുന്നില്ല; തൊണ്ണൂറു ശതമാനവും യാതൊരുതരത്തിലുള്ള വാഹനസുഖവും അറിഞ്ഞിരുന്നതുമില്ല. തീവണ്ടിയിൽ കയറിയശേഷം എല്ലാവരും ജനലിന്നരികത്തും വാതലിന്നടുത്തും സ്ഥലം പിടിച്ചു. ഇരിക്കുവാൻ ആൎക്കും ആഗ്രഹമുണ്ടായില്ല. ഒരു വലിയ മുറി മുഴുവനും അവൎക്കായി കഴിഞ്ഞുകിട്ടിയതിനാൽ അന്യയാത്രക്കാരെ ബുദ്ധിമുട്ടിക്കാതെ അവർ പൂൎണ്ണസ്വാതന്ത്ര്യത്തോടെ അങ്ങുമിങ്ങും നടന്നും, സ്ഥലം മാറിയും സമയം കഴിച്ചു. തീവണ്ടി ഇളകിയപ്പോൾ എവിടെയും പിടിക്കാതെ നിന്നിരുന്നവർ മററുള്ളവരുടെ മേൽ ചായുകയും, മറിയുകയും, തലകൾ തമ്മിൽ കൂട്ടിമുട്ടുകയും ചെയ്തപ്പോൾ ഒന്നും പററാത്ത കൂട്ടർ ചിരിക്കാനും കൂക്കിവിളിക്കാനും തുടങ്ങി. നായകന്മാരും ഈ പരിഹാസത്തിൽ പങ്കെടുത്തു. പാതയുടെ ഇരുവശത്തും ഉണ്ടായിരുന്ന വൃക്ഷങ്ങളും ചെടികളും കമ്പിത്തൂണുകളും കെട്ടിടങ്ങളുമാണു് ഇളകുന്നതെന്നും, വണ്ടി അനങ്ങുന്നില്ലെന്നും ചില കുട്ടികൾ പറഞ്ഞപ്പോൾ, അവരോടു ജനലിൽക്കൂടെ കീഴ്പോട്ടു നോക്കുവാൻ ചന്ദ്രൻ ഉപദേശിച്ചു. ചക്രങ്ങൾ പാളത്തിൽക്കൂടെ ഉരുണ്ടുപോകുന്നതു കണ്ടശേഷമേ അവരുടെ സംശയം തീൎന്നുള്ളു.

മൂന്നു മണിക്കൂർ നേരത്തോളം നീണ്ടുനിന്ന ഈ യാത്ര മൂന്നു നിമിഷംകൊണ്ടു കഴിഞ്ഞു എന്നു് കുട്ടികൾക്കു തോന്നി. വഴിയിലുണ്ടായിരുന്ന കാഴ്ചകൾ കണ്ടും, സ്റ്റേഷൻ വരുമ്പോൾ

അവിടത്തെ തിക്കും തള്ളലും നോക്കി രസിച്ചും, കുട്ടികൾ യാത്രാസമയം മുഴുവനും നിന്നുതന്നെ കഴിച്ചുകൂട്ടി. അവരുടെ സംസാരവും ചിരിയും കൈകൊട്ടലുംകൊണ്ടു മുറി മുഴങ്ങി. ഇദംപ്രഥമമായുണ്ടായ ഇത്തരം ഒരാഹ്ലാദാവസരത്തിൽ കുട്ടികളുടെ സ്വാതന്ത്ര്യത്തെ തടയുന്നതിനോ ഉത്സാഹത്തെ തണുപ്പിക്കുന്നതിനോ ചന്ദ്രൻ തുനിഞ്ഞതുമില്ല. രാമപുരം സ്റ്റേഷനിൽ വണ്ടി വന്നു നിന്നപ്പോൾ ഇത്ര വേഗം യാത്ര അവസാനിച്ചു പോയതിൽ ചിലക്ക് ഇച്ഛാഭംഗമാണുണ്ടായതു്. ജനസഞ്ചാരം നിറഞ്ഞും വണ്ടികൾ ശീഘ്രഗതിയിൽ പാഞ്ഞുംകൊണ്ടുള്ള വലിയ പാതയിൽക്കൂടെ ഇരുവശത്തുമുള്ള കെട്ടിടങ്ങളും ഷാപ്പുകളും കണ്ടുകൊണ്ടു നടന്നപ്പോൾ ആ ഇച്ഛാഭംഗം മാറുകയും ചെയ്തു.

പാറുക്കുട്ടിഅമ്മയുടെ ഗൃഹത്തിൽ ചെന്നു്, കാലും മുഖവും കഴുകി, മുഷ്ടാന്നഭോജനവും കഴിച്ചു് അവർ പ്രദർശനശാലയ്ക്കു പുറപ്പെട്ടു. നേരം നട്ടുച്ചയോടടുത്തിരുന്നു. വേനൽകാലത്തെ നട്ടുച്ചസമയത്തു് പട്ടണങ്ങളിലെ പൊടിപടലം നിറഞ്ഞുള്ള പാതകളിൽക്കൂടെയുള്ള സഞ്ചാരക്ലേശം ഏവക്കും അറിയാവുന്നതാണല്ലോ. എന്നാൽ നമ്മുടെ ബാലസംഘത്തിനു് അതൊരു വിനോദയാത്രയായിരുന്നു. തലയിൽ കഠിനവെയിലേല്ക്കുമെന്നോ, കാലു ചുട്ടുപൊള്ളുമെന്നോ ഉള്ള വിചാരങ്ങൾ അവരുടെ ഉത്സാഹത്തെ തെല്ലും കുറച്ചില്ല. പാതയിൽ ഒരു വശത്തായി യാത്രാസൌകര്യത്തിനുവേണ്ടി കുട്ടികളെ ചന്ദ്രൻ അണിനിരത്തി നിത്തുമ്പോൾ, അതിലെ കടന്നുപോയ ഒരു ബസ്സിലെ ഉടമസ്ഥൻ ചന്ദ്രനെ ആംഗ്യം കാണിച്ചു വിളിച്ചു. ചന്ദ്രനും ബസ്സുടമസ്ഥനും ഒന്നുരണ്ടു നിമിഷനേരം സ്വകാര്യം പറഞ്ഞതിൻെറ ഫലമായി, അയാൾ കുട്ടികളെ ഒക്കെ ബസ്സിൽ കയററി അഞ്ചു നിമിഷംകൊണ്ടു പ്രദർശനസ്ഥലത്തു് എത്തിച്ചു. ഒരു ബസ്സുസവാരിയുടെ പരിചയവും ഇങ്ങിനെ അവക്കു ലഭിച്ചു.

പന്ത്രണ്ടു മണിമുതൽ നാലു മണിവരെ അവർ പ്രദശ്ന ശാലയിൽ കഴിച്ചു. ഓരോ വിചിത്രവേലകൾ കാണുമ്പോൾ അവർ പ്രദശിപ്പിച്ച ആനന്ദാത്ഭുതങ്ങളും, കൈവേലകൾ പരിശോധിക്കുവാനുണ്ടായ ഉത്സാഹവും, അവയുടെ നിമ്മാണരീതി മനസ്സിലാക്കുവാനുള്ള കൌതുകവും ശ്രദ്ധയും കണ്ടപ്പോൾ, അതാതു ശാലകളുടെ ഭാരവാഹികൾ അവിടത്തെ സാമാനങ്ങൾ കൈയ്യിലെടുത്തു പരിശോധിക്കുവാൻ അവക്ക് അനുവാദം നൽകി; കൂടാതെ ചില സാധനങ്ങളുടെ നിമ്മാണരീതി പറഞ്ഞു മനസ്സിലാക്കിക്കൊടുക്കുകയും, മററു ചിലവ പ്രായോഗികമായി കാട്ടിക്കൊടുക്കുകയും ചെയ്തു. അവർ ഒടുവിൽ സന്ദശിച്ചതു പരിവട്ടത്തെ മഹിളാസമാജക്കാരുടെ പ്രദശ്നശാലയായിരുന്നു. അവിടത്തെ പ്രദശനങ്ങൾ ഇവരിൽ ചിലക്ക് സുപരിചിതങ്ങളായിരുന്നു; അവ നിമ്മിക്കുന്നതിൽ അവക്ക് പങ്കും ഉണ്ടായിരുന്നു. അവയെ അഭിമാനപൂവം ചൂണ്ടിക്കാണിച്ചുകൊണ്ടു "ഇതു ഞാൻ നെയ്ത തുവാലയാണ്." "അതു ജാനകി മെടഞ്ഞ തടുക്കാണ്." "മുകളിലിരിക്കുന്ന കൊട്ടയിൽ മുക്കാൽ ഭാഗവും എൻെറ അമ്മയാണുണ്ടാക്കിയതു്" എന്നും മററും അവിടെ കൂടിയിരുന്ന കാണികളോടു് അവർ പറകയുണ്ടായി.

പ്രദശ്നശാലയിൽനിന്നു മടങ്ങി എത്തിയപ്പോൾ പലക്കും ക്ഷീണവും ഉറക്കച്ചടവും തോന്നിത്തുടങ്ങി. ഓരോരുത്തരായി ചില മൂലകളിൽ ചാരി ഇരുന്നും, മററു ചിലർ കിടന്നും വിശ്രമത്തിന്നൊരുങ്ങി. അപ്പോഴേയ്ക്കും ചന്ദ്രൻ കടന്നുവന്നു് "എല്ലാവരും ഇപ്പോൾ കിടന്നുറങ്ങി ക്ഷീണം മാററുന്നപക്ഷം, രാത്രി ഞാൻ നിങ്ങളെ ഒരു സിനിമ കാണ്മാൻ കൊണ്ടുപോകാം" എന്നു പറഞ്ഞു. ഇതു് അവർ സ്വപ്നത്തിൽപ്പോലും നിനച്ചിരിയാത്ത ഒരനുഗ്രഹമായിരുന്നു. അതിന്നുവേണ്ടി അവർ എന്തുചെയ്യാനും ഒരുക്കമായി. പക്ഷേ സിനിമ എന്ന പേർ കേൾക്കുകയല്ലാതെ അതിനെപ്പററി യാതൊരു ഗന്ധവുമില്ലാതിരുന്ന സാധുക്കുട്ടികൾക്കു് അതു കാണ്മാനുള്ള അവസരം അ

ട്ടത്തു വരുന്നതോൎത്തു്, അടക്കാൻ കഴിയാത്ത ഉത്സാഹവും കൌതുകവും ജനിക്കകനിമിത്തം വിശ്രമിക്കുവാൻ സാധിച്ചില്ല. എന്നാലും ചന്ദ്രൻെറ താക്കീതനുസരിച്ചു് അവർ അനങ്ങാതെ കണ്ണുമടച്ചു കിടന്നു. ദേഹത്തിന്നു മാത്രം വിശ്രമം ലഭിച്ചു; മനസ്സു് അജ്ഞാതമായ ഒരാശ്ചൎയ്യദൎശനത്തിന്നായി കുതിച്ചുചാടിക്കൊണ്ടും ഇരുന്നു.

അന്നത്തെ ചലനചിത്രം ധ്രുവചരിതമായിരുന്നു. തമിഴിൽ ആയിരുന്നതുകൊണ്ടും ചിലക്കു കഥതന്നെ നിശ്ചയമില്ലാതിരുന്നതുകൊണ്ടും അതിനെ സശ്രദ്ധം പിന്തുടരുവാൻ പലക്കും കഴിഞ്ഞിരുന്നില്ല. ആദ്യവസാനം നീണ്ടുനിന്ന പാട്ടുകളും ദീൎഘിച്ച രാഗാലാപനകളും സംഗീതരസാസ്വാദനത്തിനു പ്രാപ്തരല്ലാത്തവരെ അല്പാല്പം മുഷിപ്പിക്കാനും, അവർ കോട്ടുവായിടാനും, ക്ഷമകേട കാണിക്കുവാനും തുടങ്ങി. എന്നാൽ ചന്ദ്രികാചന്ദ്രന്മാർ അവരുടെ ഇടയിൽ കടന്നിരുന്നു കഥാപാത്രങ്ങളുടെ പേരും, കഥാസാരവും, സംഭാഷണങ്ങളും അവക്കു പറഞ്ഞു മനസ്സിലാക്കിക്കൊടുത്തു. പത്തുമണിയോടുകൂടെ കളി അവസാനിച്ചു് അവർ മടങ്ങിപ്പോന്നു.

പിറെറന്നു രാവിലത്തെ യാത്ര നിരുത്സാഹമായും നിശ്ശബ്ദമായും തുടങ്ങി. ഒരു ദിവസം മുഴവനും ആനന്ദക്കടലിൽ ആറാടിക്കഴിഞ്ഞു. ജീവിതത്തിൽ ആദ്യമായി ലഭിച്ച ഈ അനുഗ്രഹം അവരുടെ ജന്മാവസാനംവരെ മാഞ്ഞുപോകാത്ത ഫലത്തെ അവരിൽ ഉല്പാദിപ്പിച്ചു. എന്നാലും ആ ദിവസം ഇത്ര വേഗത്തിൽ അവസാനിച്ചുവല്ലോ എന്നും, വീണ്ടും ക്ലേശമിശ്രമായ തങ്ങളുടെ ആ പഴയ രംഗത്തിൽ വേഗം തിരിച്ചെത്തുമല്ലോ എന്നും ഓൎത്തു ബാലവദനങ്ങൾ മ്ലാനങ്ങളാവാൻ തുടങ്ങി. അവയെ വികസിപ്പിക്കുവാൻവേണ്ടി ചന്ദ്രൻ സിനിമയെപ്പററി ഉള്ള സംസാരമാരംഭിച്ചു് അവരോട ചില ചോദ്യങ്ങൾചെയ്തു്, കഥാപാത്രങ്ങളിൽ പലരുടേയും ഗുണങ്ങളെ വിമൎശിച്ചു. കുട്ടികളിൽ പലരും ധ്രുവൻെറ ഈശ്വരഭക്തിയേയും തപോനിഷ്ഠയേയുംപററി പ്രശംസിച്ചു; ചിലർ ഉത്താന

നപാദന്റെ ദൌൎഭാഗ്യത്താൽ ഉണ്ടായ ധൎമ്മസങ്കടത്തിൽ അനുതാപം കാണിച്ചു. മറ്റു ചിലർ സുനീതിയുടെ സ്വഭാവനൈൎമ്മല്യത്തേയും, ഏതാനും ചിലർ സുരുചിയുടെ സൌന്ദൎയ്യധാടിയേയും പുകഴ്ത്തി. ഇങ്ങിനെയുള്ള സംഭാഷണങ്ങളിൽ പങ്കുകൊണ്ടും, ക്ഷീണംകൊണ്ടു ചില നിമിഷങ്ങൾ കണ്ണടച്ചും ഉറങ്ങിയും ആ യാത്രയും അവസാനിച്ചു.

## അദ്ധ്യായം 18

### സഹോദരമിഥുനങ്ങളുടെ ആദ്യത്തെ വേർപാടു്.

“ചന്ദ്രാ, ഇളയച്ഛനുള്ള എന്റെ കത്തിതാ, ചന്ദ്രന്റെ കത്തും എഴുതിക്കഴിഞ്ഞെങ്കിൽ രണ്ടും ഒന്നായി ഒരേ ലക്കോട്ടിൽ അയയ്ക്കാം, അല്ലാത്തപക്ഷം ഇതു തനിയെ ഇന്നത്തെ തപാലിൽതന്നെ അയയ്ക്കണം.” ഇങ്ങിനെ പറഞ്ഞു ചന്ദ്രിക ഒരു മടക്കിയ കത്തും കയ്യിൽ പിടിച്ചുകൊണ്ടു സഹോദരന്റെ കസാലയുടെ പിന്നിൽ വന്നുനിന്നു. ചന്ദ്രനാകട്ടെ കത്തെഴുതാനിരുന്നിട്ടു മണിക്കൂർ ഒന്നു കഴിഞ്ഞു. കത്തെഴുതുന്ന കടലാസ്സിൽ സ്ഥലപ്പേരും തിയ്യതിയുമല്ലാതെ വേറൊന്നും രേഖപ്പെട്ടിരുന്നില്ല. ചിന്താമഗ്നനായി ഇടതുകൈകൊണ്ടു തല താങ്ങിപ്പിടിച്ചും, വലതുകൈ കടലാസ്സിന്മേൽ ചലനരഹിതമായി വിശ്രമിച്ചും സമയം പോയതറിയാതിരുന്ന ആ കുമാരൻ സഹോദരിയുടെ ശബ്ദം കേട്ടു ഞെട്ടിയുണൎന്നു എഴുന്നേറ്റുനിന്നു പറഞ്ഞു: “ചന്ദ്രി, ഞാൻ കത്തെഴുതിയില്ല, എന്താണെഴുതേണ്ടതെന്നു് എനിക്കറിയുന്നില്ല; നിന്റെ അഭിപ്രായത്തോടു യോജിക്കയോ എന്റെ ഇഷ്ടംപോലെ പ്രവൎത്തിക്കയോ എന്താണു വേണ്ടതെന്നു തീരുമാനിക്കുവാൻ കഴിയുന്നില്ല. ഞാൻ വല്ലാതെ പരുങ്ങുന്നു. നിന്റെ കത്തു് ഇപ്പോൾതന്നെ അയച്ചേയ്ക്കാം.”

ചന്ദ്രി—ചന്ദ്രൻ ഇങ്ങിനെ ആലോചിച്ചു തല പുണ്ണാക്കേണ്ട ആവശ്യം ഞാൻ കാണുന്നില്ല. നമുക്കു വേണ്ടപ്പെട്ട ആളുകൾ ആലോചിച്ചു തീൎച്ചപ്പെടുത്തിയ കാൎയ്യം, ചന്ദ്രൻെറ വാസനക്കു യോജിച്ചതും, ഉപയോഗപ്രദമായ ഒരു ഭാവി ജീവിതത്തെ രൂപീകരിക്കുന്നതും ആയിരിക്കെ ചന്ദ്രനു് അതിൽ വൈമനസ്യമെന്തിനു്?

ചന്ദ്രൻ—ജനനം മുതൽ ഇന്നുവരെ പിരിയാതിരുന്നു്, പഠിപ്പും കളിയും മററു ജീവിതവൃത്തികളും യോജിച്ചു കഴിച്ചു്, ദേഹം രണ്ടാണെങ്കിലും മനസ്സും ആത്മാവും ഒന്നെന്നമട്ടിൽ ജീവിച്ച നാം ഇപ്പോൾ പിരിഞ്ഞു്, രണ്ടുതരത്തിലുള്ള ജീവിതം നയിക്കേണ്ടിവരുന്ന അവസ്ഥ എനിക്കു ദുസ്സഹമായി തോന്നുന്നു.

ചന്ദ്രി—ചന്ദ്രാ, നാം ബാല്യപ്രായത്തെ അതിക്രമിച്ചിരിക്കുന്നു എന്ന കാൎയ്യം നീ ഓൎക്കുന്നില്ലേ? നീ ഒരു പുരുഷൻ, ഞാൻ ഒരു സ്ത്രീ, നമ്മുടെ ഭാവിജീവിതം ഒരേ രീതിയിൽ ഒരേ പന്ഥാവിൽക്കൂടെ നയിക്കാൻ സാദ്ധ്യമല്ലെന്നു നിനക്കു നിശ്ചയമില്ലേ? നമ്മുടെ സാഹിത്യസംഘത്തിൽ ഒരു യോഗത്തിൽവെച്ചു 'മനുഷ്യധൎമ്മം' എന്ന വിഷയത്തെപ്പററിയുണ്ടായ വാദപ്രതിവാദത്തിൽ സ്ത്രീപുരുഷന്മാരുടെ വിഭിന്ന ജീവിതവൃത്തികളെ പുരസ്കരിച്ചു നീ പൊടിപൊടിച്ചു സംസാരിച്ചതൊക്കെ നിൻെറ വിശ്വാസത്തെ അടിസ്ഥാനമാക്കിയല്ലെന്നോ? പിന്നെ എന്താണിങ്ങിനെ ചാപല്യം കാണിക്കുന്നതു്?

ചന്ദ്രൻ—ചന്ദ്രി, നമ്മുടെ സ്ഥാനം ഒന്നു മാറിവരേണ്ടിയിരുന്നു. നിൻെറ ധൈൎയ്യവും സ്ഥൈൎയ്യവും എനിക്കും, നീ ചാപല്യമെന്നു പറയുന്ന എൻെറ ഹൃദയമാൎദ്ദവം നിനക്കും കിട്ടേണ്ടതായിരുന്നു.

ചന്ദ്രി—അപ്പോൾ ചന്ദ്രനു ധൈൎയ്യവും സ്ഥൈൎയ്യവും എനിക്കു ഹൃദയമാൎദ്ദവവും ഇല്ലെന്നാണോ പറയുന്നതു്? അതു ഞാൻ സമ്മതിക്കയില്ല. ചന്ദ്രൻ ആലോചിക്കാതെ പറയു

ന്നതാണ്. നമ്മുടെ കുട്ടിക്കാലം കഴിഞ്ഞു എന്നും മേലാൽ നമുക്ക നമ്മുടെ പ്രായത്തിനും സ്ഥിതിക്കും യോജിച്ച ചില ഉത്തരവാദിത്വങ്ങൾ ഏററു നടത്താനുണ്ടെന്നും ഞാൻ നിന്നെ ഓർമ്മപ്പെടുത്തട്ടെ. ഇപ്പോൾ ഇങ്ങിനെ കുണ്ഠിതപ്പെട്ട ചാപല്യം കാണിച്ചാൽ പ്രസംഗമൊന്ന്, പ്രവൃത്തി മറെറാന്ന് എന്ന കുററം ഞാൻ നിന്നിൽ ആരോപിക്കും. അതിന്നിടവരുത്താതിരിക്കൂ.

ചന്ദ്രൻ—ക്ഷമിക്കൂ ചന്ദ്രീ, എനിക്കല്പംകൂടെ ഇടതരൂ. ഞാൻ സമാധാനചിത്തനായശേഷം ഇളയച്ഛനു മറുപടി എഴുതാം.

ചന്ദ്രി—എന്നാൽ അതുമതി. എൻെറ കത്തു ചന്ദ്രൻ ഒന്നു വായിച്ചശേഷം ഇന്നുതന്നെ അയച്ചേക്കൂ.

ചന്ദ്രൻ സമ്മതിച്ചു കത്തു നിവർത്തി വായിച്ചു. അതിപ്രകാരമായിരുന്നു:

പ്രിയപ്പെട്ട ഇളയച്ഛന്ന്:

ചന്ദ്രനോടൊപ്പം ഞാനും എൻെറ വിദ്യാഭ്യാസം തുടൎന്നുകൊണ്ടുപോകണമെന്നും, ഇത്രനാളും ചെയ്തുവന്നപോലെ ഞങ്ങൾക്ക വേണ്ടിവരുന്ന സഹായം ഇളയച്ഛൻ ചെയ്യാമെന്നു വാഗ്ദത്തം ചെയ്തിരിക്കുന്നു എന്നും, വല്യമ്മയും അമ്മാമനും പറഞ്ഞറിഞ്ഞു. ഈ ഉപദേശത്തിനും ഔദാൎയ്യബുദ്ധിക്കും ഞാൻ ഹൃദയപൂൎവ്വം നന്ദി പറയുന്നു. പക്ഷെ ഞാൻ ഇനിയും വിദ്യാഭ്യാസത്തിനുവേണ്ടി നാടുവിട്ടു പോകയും, വല്യമ്മയിലും ഇളയച്ഛനിലും കൂടുതൽ ഭാരം ചുമത്തുകയും ചെയ്വാൻ വിചാരിക്കുന്നില്ല. നിങ്ങൾ രണ്ടാളുടേയും ധനസ്ഥിതിയും, എൻെറ കടമയും, മററു പരിതഃസ്ഥിതികളും ഞാൻ വേണ്ടപോലെ മനസ്സിലാക്കി ആലോചനാപൂൎവ്വം ചെയ്ത നിശ്ചയമാണിത്. ബാല്യംമുതൽ നാളതുവരെ ഇളയച്ഛൻെറ ഉപദേശങ്ങളേയും ആജ്ഞകളേയും അക്ഷരംപ്രതി സ്വീകരിച്ചും അനുസരിച്ചും വന്ന ഞാൻ, ഈ അവസരത്തിൽ അവിടത്തെ ഉപദേശപ്രകാ

രം പ്രവൎത്തിക്കാതിരിക്കാൻ നിർബന്ധിതയായതിൽ അവിടുന്നു കണ്ഠിതപ്പെടുകയോ എന്നിൽ കുററം ആരോപിക്കയോ ചെയ്യരുതെന്നു വിനയപൂൎവ്വം അപേക്ഷിക്കുന്നു.

ശൈശവം തുടങ്ങി രണ്ടുമാസം മുൻപുവരെ എൻെറയും ചന്ദ്രൻെറയും ശുശ്രൂഷകൾ ചെയ്തും, ഞങ്ങളെ സംരക്ഷിച്ചും, ഞങ്ങൾക്കുവേണ്ടി ദേഹവും മനസ്സും അധ്വാനിപ്പിച്ചതിനാലും, പ്രകൃത്യാ ഉണ്ടായ വാൎദ്ധക്യത്താലും അവശയായിത്തീൎന്നിരിക്കുന്ന വല്യമ്മയെ ഞാൻ ഇനി ഒരു നിമിഷംപോലും പിരിഞ്ഞിരിക്കയില്ല. അവരുടെ ശുശ്രൂഷയിൽ ഏൎപ്പെട്ടും, അവർ നടത്തിവരുന്ന കുടുംബകാൎയ്യങ്ങളും സാമുദായികപ്രവൃത്തികളും ഏറെറടുത്തും, എൻെറ ജീവിതത്തെ ഒരു പുതിയ കൎമ്മമാൎഗ്ഗത്തിൽ തിരിക്കേണ്ടതാണ് എൻെറ ഇപ്പോഴത്തെ കടമ. ആ കടമയെ നിൎവ്വഹിക്കുവാൻ സന്തോഷത്തോടുകൂടെ സന്നദ്ധയാകുന്ന ഈ ഘട്ടത്തിൽ, ഇളയച്ഛൻെറ സ്നേഹപൂൎവ്വമായ അനുഗ്രഹം ഞാൻ യാചിക്കുന്നു. എൻെറ കൎമ്മപദ്ധതിയിൽനിന്നു എനിക്കു ലഭിക്കാനിടയുള്ള പരിചയവും ഗ്രന്ഥപാരായണം കൊണ്ടുണ്ടാകാവുന്ന ജ്ഞാനവും കോളേജിൽനിന്നു ലഭിക്കാനിടയുള്ള വിദ്യാഭ്യാസത്തേക്കാളും എനിക്ക് ഉപയോഗപ്രദമാകുമെന്നാണ് എൻെറ ഉത്തമവിശ്വാസം.

ചന്ദ്രനു് എന്നെ പിരിഞ്ഞു കുറേനാൾ താമസിക്കേണ്ടി വരുന്നതിൽ വ്യസനമുണ്ടു്; അതുനിമിത്തം പഠിപ്പു മതിയാക്കി വീട്ടിൽ താമസിക്കേണമെന്നു ശഠിക്കുന്നു. ചന്ദ്രൻെറ അഭിപ്രായത്തോടു ഞാൻ യോജിക്കുന്നില്ലെന്നു മാത്രമല്ല, ചന്ദ്രനെ വൈദ്യവിദ്യാഭ്യാസത്തിനുവേണ്ടി മദിരാശിക്കു പോകുവാൻ എന്നാൽ കഴിയുന്നവിധത്തിൽ പ്രേരിപ്പിക്കുന്നുമുണ്ടു്. താമസിയാതെ ചന്ദ്രൻ നമ്മുടെ എല്ലാവരുടേയും പ്രേരണകൾക്കു വശംവദനാകുമെന്നുതന്നെ ഞാൻ ദൃഢമായി വിശ്വസിക്കുന്നു. ചന്ദ്രൻെറ സാന്നിദ്ധ്യം ഇപ്പോൾ ഇവിടെ ആവശ്യവുമില്ല. വീട്ടുകാൎയ്യങ്ങളും വല്യമ്മയുടെ ശുശ്രൂഷയും യാതൊരു വിട്ടുവീഴ്ചയുംകൂടാതെ എനിക്കു നോക്കിനടത്തുവാൻ സാധി

ക്കം. തൻെറ കുടുംബശ്രേയസ്സിന്നും നാട്ടുകാരുടെ നന്മക്കും ഉതകുന്ന ഈ വൈദ്യപരിശീലനം, തൻെറ അഭിരുചിക്കും യോജിച്ചതായതുകൊണ്ട്, ചന്ദ്രൻ തൻെറ ഉദ്യമത്തിൽ വിജയിയാവുകതന്നെ ചെയ്യും. വിദ്യാഭ്യാസം പൂൎത്തിയാക്കി ചന്ദ്രൻ പരിവട്ടത്തു തിരിച്ചുവരുമ്പോൾ ചന്ദ്രൻെറ ഭാവിപരിപാടിയിൽ എനിക്കു സഹകരിക്കുവാനും സാധിക്കും. ഇളയച്ഛൻെറയും മററു ഗുരുജനങ്ങളുടേയും ആശിസ്സും അനുഗ്രഹവും ഞങ്ങളുടെ ഭാവിയെ ശോഭനമാക്കിത്തീക്കുമെന്നതിനു സംശയമില്ല. ഇത്രമാത്രമേ എനിക്കിപ്പോൾ ഇളയച്ഛനെ അറിയിക്കുവാനുള്ളൂ. വിനീതപ്രണാമങ്ങളോടുകൂടെ

സ്വന്തം ചന്ദ്രിക.

കത്തു വായിച്ച് ഒരു ദീൎഘനിശ്വാസത്തോടുകൂടെ അതിനെ മടക്കി ലക്കോട്ടിലാക്കി മേൽവിലാസമെഴുതിക്കഴിഞ്ഞു തിരിഞ്ഞുനോക്കിയപ്പോൾ, ചന്ദ്രിക അവിടെത്തന്നെ നില്ക്കുന്നതു കണ്ടു പറഞ്ഞു: "അപ്പോൾ ചന്ദ്രി, എൻെറ കാൎയ്യം നിങ്ങളൊക്കെ തീരുമാനിച്ചുകഴിഞ്ഞു. എനിക്ക് ഒഴിഞ്ഞുമാറാൻ വഴിയില്ലെന്നായി; ഇനി ഞാൻ ഇളയച്ഛന് എഴുതേണ്ട ആവശ്യമെന്ത്?

ചന്ദ്രി—അങ്ങിനെയാണ് ചന്ദ്രനു തോന്നുന്നതെങ്കിൽ എഴുതി ബുദ്ധിമുട്ടേണമെന്നില്ല.

ചന്ദ്രൻ—എനിക്കു ചന്ദ്രിയെ പിരിഞ്ഞുപോകുന്നതിലുള്ള സങ്കടംപോലെ ചന്ദ്രിക്കുമില്ലേ?

ചന്ദ്രി—അതിനെപ്പററി ചോദ്യംചെയ്യേണ്ട ആവശ്യമുണ്ടോ? മാതൃഗൎഭത്തിൽ തുടങ്ങി ഇതേവരെ പിരിയാതിരുന്ന നമ്മൾ ഇപ്പോൾ പിരിയേണ്ട ഘട്ടം വന്നിരിക്കുന്നു; അത് അനിവാൎയ്യവും, നമ്മുടെ ഭാവിജീവിതത്തിൻെറ വിജയത്തിന് അത്യാവശ്യവുമല്ലേ? തന്നിമിത്തം ഉണ്ടാകുന്നദുഃഖം നാം സഹിക്കതന്നെ വേണം. ഞാൻ അതിനു തയ്യാറാവുകയാണ്. മൂന്നോ നാലൊ കൊല്ലമല്ലേ വേണ്ടു. അക്കാലത്തും നമുക്ക് ഇടയ്ക്കിടയ്ക്കു കാണ്മാനും ഒന്നിച്ചുപാൎക്കാനും

കഴിയും. ചന്ദ്രൻ ധൈൎയ്യമവലംബിക്കണം. മടങ്ങിവന്നാൽ നമുക്കു വീണ്ടും ഒന്നിച്ചുതന്നെ കഴിയാമല്ലൊ. ആ ഭാവിയെ പ്രതീക്ഷിച്ചു ഞാൻ ദിവസമെണ്ണിക്കഴിക്കും.

ചന്ദ്രൻ—മൂന്നുനാലു കൊല്ലത്തിലിടക്കു ചന്ദ്രിയുടെ ജീവിതത്തിൽ എന്തൊക്കെ മാററങ്ങൾ സംഭവിച്ചേക്കാം! ആ ജീവിതത്തിൽ എനിക്കു വല്ല സ്ഥാനവുമുണ്ടായിരിക്കുമോ?

ചന്ദ്രി—ചന്ദ്രാ, നീ അൎത്ഥഗൎഭമായി സംസാരിക്കുന്നു. ഭാവിയെപ്പററി നമുക്ക് ഇപ്പോൾ ഒന്നും തീൎച്ചപറവാൻ സാധിക്കില്ല. പക്ഷേ ഒരു കാൎയ്യം ഞാൻ തീൎച്ചപ്പെടുത്തിക്കഴിഞ്ഞു: ചന്ദ്രൻ പരിവട്ടത്തു മടങ്ങി എത്തിയാൽ ഞാൻ നിന്നോടൊന്നിച്ചുതന്നെ ചേരും. ചന്ദ്രൻെറ പ്രവൃത്തി എൻെറ സഹായത്താൽ വിജയകരമാക്കുവാൻ ഞാൻ സൎവ്വാത്മനാ യത്നിക്കും.

ചന്ദ്രൻ—എന്നാൽ ആ കാലത്തെ ഞാൻ ആശയോടുകൂടെ പ്രതീക്ഷിച്ചു ജീവിക്കാം. ചന്ദ്രിയുടെ ധൈൎയ്യം എന്നിലും പകരട്ടെ!

ചന്ദ്രി—ഭാവിപ്രതീക്ഷകളാൽ ചന്ദ്രൻ സമാധാനചിത്തനായി ഭവിക്കും. യാത്രയ്ക്കൊരുങ്ങുമ്പോൾ എന്നേക്കാൾ ധൈൎയ്യം ചന്ദ്രനുണ്ടാകും. പിന്നീടാകട്ടെ, പുതിയ സ്ഥലവും, പുതിയ ചങ്ങാതികളും, പഠിപ്പും ഒക്കെ ചന്ദ്രന് എന്നെ മറക്കാൻകൂടെ സഹായിച്ചേക്കും.

ചന്ദ്രൻ—നിന്നെ മറക്കുകയൊ ചന്ദ്രി! അതു സാദ്ധ്യമാണോ? എൻെറ പുതിയ പഠിപ്പിനുതന്നെ ഞാൻ ചന്ദ്രിക്കു കടപ്പെടുവാനല്ലേ പോകുന്നതു?

ചന്ദ്രി—അതെങ്ങിനെ? ഓ, ആഭരണങ്ങളുടെ കാൎയ്യത്തെ സൂചിപ്പിച്ചാണോ പറയുന്നതു്?

ചന്ദ്രൻ—അമ്മയുടെ ആഭരണത്തിനു മകൾക്കാണവകാശം. അവ ചന്ദ്രി ധരിച്ചുകൊണ്ടിരുന്നെങ്കിൽ എനിക്കെന്തു സന്തോഷമുണ്ടായേനേ! അവയെ എനിക്കുവേണ്ടിയല്ലേ ഇപ്പോൾ വിററുമാററാൻ ആലോചിക്കുന്നതു്?

ചന്ദ്രി — അമ്മയുടെ സ്വത്തിന്നു നമുക്കിരുവക്കും സമാവകാശമാണുള്ളതു്; നീ പുതിയ അവകാശനിയമങ്ങൾ സൃഷ്ടിക്കേണ്ടാ, ചന്ദ്രാ.

ചന്ദ്രൻ — ആഭരണങ്ങൾ സ്ത്രീകൾക്കുള്ളതാണു്. എനിക്കവകാശമുണ്ടെങ്കിൽക്കൂടെ, അതു ഞാൻ ചന്ദ്രിക്കുവേണ്ടി ഒഴിഞ്ഞുതരുന്നു — തന്നു കഴിഞ്ഞു. അപ്പോൾ എന്റെ വിദ്യാഭ്യാസച്ചെലവിന്നുവേണ്ടി അവ ചന്ദ്രി വില്ക്കാൻ തയ്യാറാവുകയാണെങ്കിൽ, ഞാൻ ചന്ദ്രിക്കു കടപ്പെടുകതന്നെ ചെയ്യുന്നു.

ചന്ദ്രി — എന്നാൽത്തന്നെ എന്താ? ചന്ദ്രന്റെ പഠിത്തം കഴിഞ്ഞു മടങ്ങിവന്നശേഷം എന്റെ താമസം ചന്ദ്രനോടൊന്നിച്ചാവുമ്പോൾ, ആ കടപ്പാടു തീക്കാമല്ലോ. ചന്ദ്രാ, ഇളയച്ഛനെ നമുക്കു കഴിയുന്നത്ര ബുദ്ധിമുട്ടിക്കാതെ കഴിക്കണം. അദ്ദേഹത്തിന്നു കുടുംബവും ചെലവും വദ്ധിക്കുന്നതോടൊപ്പം വരവു വദ്ധിക്കുന്നില്ല. ജന്മിമാരുടെ സ്ഥിതി വളരെ കഷ്ടത്തിലാവുന്ന കാലമല്ലേ ഇതു്? കടം കൂടാതെ ചെലവു കഴിക്കാൻതന്നെ അദ്ദേഹം നന്നെ ഞെരുങ്ങുന്നു.

ചന്ദ്രൻ — ആഭരണം വിററുകിട്ടുന്ന സംഖ്യകൊണ്ടു് എന്റെ പഠിത്തച്ചെലവു മുഴുവൻ കഴിയുമെന്നു ചന്ദ്രി വിചാരിക്കുന്നോ? പട്ടണത്തിലെ താമസത്തിന്നും, പഠിത്തച്ചെലവുകൾക്കുംകൂടെ മാസത്തിൽ ചുരുങ്ങിയതു് അമ്പതിൽ കുറയാത്ത ഒരു സംഖ്യ വേണ്ടിവരുമെന്നു വാസുവേട്ടൻ അന്വേഷിച്ചു പറഞ്ഞു.

ചന്ദ്രി — വല്യമ്മയുടെ വക പണത്തിൽനിന്നു് ഇപ്പോൾ സാമാന്യം നല്ല വരവുണ്ടു്. അതും ആഭരണം വിററു കിട്ടുന്ന തുകയുംകൊണ്ടു പോരാതെ വരുമ്പോൾ, വല്യമ്മയുടെ പണത്തിൽനിന്നുതന്നെ കുറെ മടക്കി എടുക്കാം. അതുകൊണ്ടു തീച്ചയായും മതിയാകുമെന്നാണെന്റെ വിശ്വാസം. പിന്നെ ചന്ദ്രൻ അനാവശ്യച്ചെലവുകൾക്കൊന്നിനും പോവുകയുമില്ലല്ലോ.

ചന്ദ്രൻ—അതു ചന്ദ്രി സ്വപ്നത്തിലും ശങ്കിക്കേണ്ടാ. ഞാൻ സിനിമക്കുപോലും ഒരൊററ പൈസ ചെലവാക്കുകയില്ല; ചന്ദ്രിയെക്കൂടാതെ ഞാൻ അത്തരം വിനോദങ്ങൾക്കൊന്നിനും പോവുകയുമില്ല. പക്ഷേ അമ്മയുടെ ആഭരണങ്ങൾ ചന്ദ്രി അണിഞ്ഞു കാണ്മാനാണ് എനിക്കാഗ്രഹം. അമ്മയുടെ സ്മാരകമായി അവയെ ധരിക്കുകയും, എന്നും വെച്ചു സൂക്ഷിക്കുകയും ചെയ്യേണ്ടതല്ലേ? അവയെ കൈമാറുന്നതിന് ചന്ദ്രിക്കു മടിയില്ലേ? എന്നോടു സത്യം പറയൂ.

ചന്ദ്രി—സത്യം പറഞ്ഞാൽ ചന്ദ്രൻ എന്നെ മാതൃബഹുമാനമില്ലാത്തവളാണെന്നു പറയുമായിരിക്കും. അവയെ വിററു നമുക്ക് ഉപകാരപ്രദമായവിധത്തിൽ ചെലവഴിക്കുന്നതിന് എനിക്ക് അതിയായ സന്തോഷമാണുള്ളത്. അമ്മ ജീവിച്ചിരിക്കയും, ചന്ദ്രന്റെ വിദ്യാഭ്യാസച്ചെലവിനു പരാശ്രയംകൂടാതെ മററു മാർഗ്ഗങ്ങൾ ഇല്ലെന്നുവരുകയും ചെയ്താൽ, അമ്മയും ഇതുതന്നെ ചെയ്യുമായിരുന്നു.

ചന്ദ്രൻ—ആവശ്യത്തിൽ കവിഞ്ഞുള്ളതു വില്ക്കുമായിരിക്കാം; എന്നാലും ചന്ദ്രി ചില ആഭരണങ്ങൾ അണിഞ്ഞുകാണുവാൻ എനിക്കെന്നപോലെ അമ്മക്കും ആഗ്രഹമുണ്ടായേനെ.

ചന്ദ്രി—എന്റെ പ്രിയചന്ദ്രാ, ഞാൻ ഒരു കാര്യം തീർച്ച പറയാം. ഇപ്പോൾ അണിഞ്ഞിരിക്കുന്ന ഈ സ്വർണ്ണക്കമ്മലും പവിഴമാലയുമല്ലാതെ ഒരു കാലത്തും ഞാൻ മററാഭരണങ്ങൾ ധരിക്കയില്ല. എന്റെ ആഗ്രഹവും ദൃഢനിശ്ചയവും അങ്ങിനെയാണെങ്കിൽ, അമ്മയാകട്ടെ, എനിക്കു പ്രിയപ്പെട്ട മററാരുമാകട്ടെ, എന്നെ അക്കാര്യത്തിൽ നിർബന്ധിക്കയുമില്ല. നോക്കൂ, വല്യമ്മ യാതൊന്നും പറയുന്നില്ലല്ലൊ. ചന്ദ്രാ, എന്റെ ദേഹം ആഭരണമണിഞ്ഞു മണിയറയിൽ വിശ്രമിക്കാനായിട്ടുള്ളതല്ല. എന്റെ കൈകൾ നോക്കൂ, അവ തരിവളയിട്ടു കിലുക്കാനുള്ള കോമളത്തണ്ടുകളാണോ? വിശ്രമം കൂടാതെ പ്രവൃത്തി ചെയ്യാനായി സൃഷ്ടിച്ചവ

യാണ്. എൻെറ സമവയസ്സരായ എത്ര പെൺകിടാങ്ങൾ ഒരു നേരത്തെ ആഹാരം സമ്പാദിക്കാൻവേണ്ടി, കടുവെയിലിലും തോരാമഴയിലുംകൂടെ, പറമ്പിലും പാടങ്ങളിലും പണി എടുത്തു ക്ലേശിക്കുന്നു. അവരും സ്ത്രീജന്മമെടുത്തവർ! എനിക്കും അവക്കും തമ്മിൽ എന്താണ് വ്യത്യാസം? അധ്വാനത്താലും ആയാസകരങ്ങളായ പ്രവൃത്തികളാലും ലഭിക്കുന്ന ആരോഗ്യമാണ് എനിക്കലങ്കാരം. കൂലിപ്പണിക്കു പോകേണ്ട ആവശ്യമില്ലെങ്കിലും എനിക്കും നിസ്സഹായരായ മററുള്ളവക്കുംവേണ്ടി പണിപ്പെട്ടശേഷം, പ്രകൃത്യാ ഉണ്ടാകുന്ന പൈദാഹാദികളെ തൃപ്തിപ്പെടുത്തുന്ന ആഹാരമാണ് എനിക്കു ഹിതഭക്ഷണം. അനാവശ്യസുഖഭോഗങ്ങളെ ഞാൻ ആഗ്രഹിക്കുന്നില്ല. എനിക്കു ലഭിക്കുന്നപോലുള്ള പൈദാഹശാന്തി എന്നെപ്പോലുള്ള പെൺകിടാങ്ങൾക്കും ലഭിക്കാനുള്ള മാൎഗ്ഗമുണ്ടായിക്കണ്ടാൽ, എനിക്കു സന്തോഷവും സംതൃപ്തിയുമുണ്ടാകും. അത്തരത്തിലുള്ള ഒരു ജീവിതം നയിക്കാനിടവന്നാൽ എനിക്കു ജന്മസാഫല്യമായി.

ചന്ദ്രൻ—പ്രിയ സഹോദരി, നിൻെറ ആദൎശങ്ങൾ ഉന്നതവും ആദരണീയവും തന്നെ. ഈ ആദൎശങ്ങൾക്കനുസരണമായ ജീവിതം നയിക്കാൻ ഈശ്വരൻ നിന്നെ സഹായിച്ചനുഗ്രഹിക്കട്ടെ! എൻെറ കൎമ്മപദ്ധതിയിൽ ചന്ദ്രി എന്നും ഒരു മണിവിളക്കായി ശോഭിച്ച്, എനിക്കു മാൎഗ്ഗദൎശിയായിത്തീരണേ എന്നു ഞാൻ ജഗന്നിയന്താവിനോട് അഭ്യൎത്ഥിക്കും.

ചന്ദ്രി—ചന്ദ്രാ, ഒരേ മാതൃഗൎഭത്തിൽ ജനിച്ച്, ഒരേ സമയത്തു ദിനവെളിച്ചത്തിൽ കൺമിഴിച്ച്, ശൈശവത്തിൽത്തന്നെ മാതാപിതാക്കന്മാരുടെ വിയോഗമാകുന്ന വലിയ നഷ്ടം വന്നുചേൎന്നെങ്കിലും, ഒരേ മാതാമഹിയുടെ ലാളനാസംരക്ഷണങ്ങൾ അനുഭവിച്ച്, ഇതുനാളും ഒരു ദിവസംപോലും പിരിയാതെ സുഖജീവിതം നയിച്ചവരാണ് നാം. മേലാൽ ഇത്തരത്തിലുള്ള സുഖജീവിതം നമുക്കു കാംക്ഷിക്കാ

വുന്നതല്ല. പല ക്ലേശങ്ങളും നമുക്കു നേരിടേണ്ടതായി വരും; അതിന്നായി നമ്മൾ തയ്യാറാവേണ്ടതാണ്. അതിൽ ഒന്നാമത്തേതാണ് ഈ വേർപാട്. ഇതു നമുക്കു ഭാവിയിൽ ഉപകാരപ്പെടത്തക്ക ഒരു പാഠമായിത്തീരണം. ഈ വേർപാടു നമ്മുടെ ഉത്സാഹത്തെ കുറയ്ക്കുകയോ, നമ്മിൽ ദുഃഖത്തിന്റെ നിഴൽപ്പാടുണ്ടാക്കുകയോ ചെയ്യാൻ നമ്മൾ ഇടവരുത്തരുത്. ഒരു വൃക്ഷത്തിന്റെ ഇരുശാഖകൾ ഭിന്നവശങ്ങളിലായിരുന്നാലും, ഒരേ ആകാശപഥത്തെ നോക്കി ഉന്നമനം ചെയ്യുന്നപ്രകാരം, ഒരേ ആത്മാവിന്റെ അംശങ്ങളായ നാം ഭിന്നവഴികളിൽക്കൂടെ ഗമിക്കേണ്ടിവന്നാലും നമ്മുടെ ഉന്നം ഒരേ ജ്യോതിർമാർഗ്ഗത്തെ പ്രാപിക്കാനായിരിക്കണം. ഗൃഹത്തിന്റേയും പാഠശാലയുടേയും ഇടുങ്ങിയ പരിധിയെ വിട്ടു വിസ്തൃതമായ ലോകരംഗത്തിലേക്കു നമ്മൾ ഇതാ യാത്ര പുറപ്പെടുന്നു. നമ്മുടെ ഈ പുതിയ ജീവിതത്തെ സന്തോഷത്തോടും സംതൃപ്തിയോടും നമുക്കു സ്വീകരിക്കുക.

ചന്ദ്രികയുടെ സംസാരം ഈ ഘട്ടത്തിൽ എത്തിയപ്പോൾ ചന്ദ്രന്റെ ഹൃദയത്തിൽ തിങ്ങിവന്ന വികാരങ്ങൾ ഒരു നീണ്ട നിശ്വാസം വഴി പുറത്തുചാടി. ആ കുമാരൻ സഹോദരിയുടെ കൈകളെ ഗ്രസിച്ച് അല്പനേരം അവളുടെ പ്രസന്നവദനത്തിൽ നോക്കിനിന്നു. യാതൊരു ചപലതയുടേയും നിഴലാട്ടം അവളുടെ ദൃഷ്ടികളുടെ ശോഭയെ മങ്ങിച്ചില്ല. അവയുടെ അഗാധതയിൽനിന്നു പുറപ്പെട്ട ചില തീക്ഷ്ണകിരണങ്ങൾ ചന്ദ്രന്റെ ഉള്ളിൽ കടന്ന് അവന്റെ മനശ്ചാഞ്ചല്യത്തെ ഉന്മൂലനം ചെയ്തു. “ചന്ദ്രീ, ഇന്നുമുതൽ ഞാനൊരു പുരുഷനാണ്; നീ എന്റെ പൌരുഷത്തെ ഉണർത്തിയിരിക്കുന്നു. ചന്ദ്രിക്കു യോജിച്ച യോഗ്യനായ ഒരു സഹോദരനായിരിക്കാൻ ഞാൻ ശ്രമിക്കും.” എന്നു ശപഥംചെയ്ത് അവളുടെ കൈവിട്ടു കത്തു തപാലിൽ അയക്കുവാൻ ബദ്ധപ്പെട്ടുപോയി. ഒരു നവശക്തിയുടെ പ്രേരണയാൽ ഗൌരവമവലംബിച്ച ന

ടന്ന, ആ യുവാവിൻെറ മുഖത്തേക്കു നാം സൂക്ഷിച്ചുനോക്കിയാൽ, ചില കണ്ണുനീർകണങ്ങൾ ആ വിശാലനേത്രങ്ങളിൽനിന്നു പൊഴിഞ്ഞു വീഴുന്നതു കാണാം. അവയെ ചന്ദ്രൻ തൻെറ കൌമാരത്തോടു യാത്രപറയുന്ന ചിഹ്നങ്ങളായിട്ടോ, പൌരുഷത്തെ അഭിവാദ്യം ചെയ്യുന്ന സന്തോഷബാഷ്പങ്ങളായിട്ടോ, വായനക്കാർ തങ്ങളുടെ മനോഗതിക്കനുസരിച്ചു തീരുമാനിച്ചുകൊള്ളുവിൻ.

ഈ സംഭവത്തിനുശേഷം സോദരീസോദരന്മാർ തമ്മിൽ ചന്ദ്രൻെറ വൈദ്യപഠനത്തിന്നായുള്ള മദിരാശിവാസത്തെപ്പററി സംസാരിപ്പാനിടവന്നപ്പോൾ അവരുടെ വേർപാടിൻെറ വ്യഥയെപ്പററി സൂചിപ്പിക്കപോലും ഉണ്ടായില്ല. ഒരു പുതിയ ലോകത്തിൽ രംഗപ്രവേശം ചെയ്യാനുള്ള ഒരുക്കങ്ങളിൽ രണ്ടാളും ബദ്ധശ്രദ്ധരായി ദിവസം കഴിച്ചു. താമസിയാതെ ആയുർവേദപാഠശാലയിൽ ചേരുവാനുള്ള അനുമതി ലഭിച്ച്, ചന്ദ്രൻ ഗുരുജനങ്ങളുടേയും ബന്ധുമിത്രങ്ങളുടേയും ആശിസ്സും അനുഗ്രഹവും വാങ്ങി, മദിരാശിക്കു യാത്ര പുറപ്പെട്ടു. തീവണ്ടിആപ്പീസിൽ ചന്ദ്രിയും കരുണാകരക്കുറുപ്പും ആ യുവാവിനെ യാത്രയയപ്പാൻ പോയി; ചന്ദ്രൻെറ ചില സതീർത്ഥ്യരും അവിടെ എത്തിച്ചേർന്നിരുന്നു. ചന്ദ്രൻ കയറിയ തീവണ്ടിമുറിയുടെ മുമ്പിൽനിന്ന് കുപ്പുകൈയ്യോടുകൂടെ ചന്ദ്രിക സഹോദരനു യാത്ര പറഞ്ഞപ്പോൾ, ആ സഹോദരമിഥുനങ്ങളുടെ വദനങ്ങൾ പ്രസന്നങ്ങളും, നോട്ടങ്ങൾ സപ്രത്യാശങ്ങളും, വാക്കുകൾ ചാഞ്ചല്യരഹിതങ്ങളും ആയിരുന്നു. ആവിയന്ത്രം കൂക്കിവിളിച്ച് അട്ടഹാസത്തോടുകൂടെ വണ്ടിയെ വലിച്ചു പാച്ചൽ തുടങ്ങിയപ്പോൾ "ചന്ദ്രശേഖരാ" "ചന്ദ്രികേ" എന്ന് അവർ അന്യോന്യം തങ്ങളുടെ പേരുകളെ പൂർണ്ണമായുച്ചരിച്ചു വേർപിരിഞ്ഞു. ഈ കാഴ്ച കണ്ട് ചിരപരിചിതരായ ആത്മമിത്രങ്ങളുടെ കണ്ണുകൾ ബാഷ്പകലുഷിതങ്ങളായിട്ടുംകൂടെ ആ സഹോദരീസഹോദരന്മാർ ശുഷ്കനേത്രരായിത്തന്നെ തങ്ങളുടെ ദൃഢനിശ്ചയത്തെ പരിപാലിച്ചു.

*   *   *   *

“താങ്ങാനാളുണ്ടെങ്കിലേ തളൎച്ചയുള്ളൂ” എന്നു് ഒരാപ്ത വാക്യമുണ്ടല്ലോ. ആപ്തവചനങ്ങൾ അൎദ്ധപ്രമാണങ്ങളാണെന്നു് ഇക്കാലത്തു പലരും പറയുന്നുണ്ടെങ്കിലും, പ്ലാവറെ നാരായണിഅമ്മയെ സംബന്ധിച്ചിടത്തോളം അതു പൂൎണ്ണപ്രമാണമായിരുന്നു. മകളുടെ മരണംമുതൽ ചന്ദ്രിക വിദ്യാഭ്യാസം മതിയാക്കി വീട്ടിൽ താമസമാക്കിയതുവരെ, ആയമ്മ താൻ ഏറെറടുത്ത ഭാരവാഹിത്വത്തെ യാതൊരു വിഘ്നവും കൂടാതെ ഏകയായിത്തന്നെ നിൎവ്വഹിച്ചു. അക്കാലങ്ങളിൽ അവൾക്കു തന്റെ പ്രവൃത്തികളിൽനിന്നു നിവൃത്തിയോ, അദ്ധ്വാനത്തിൽനിന്നു വിശ്രമമോ വേണ്ടിവന്നിരുന്നില്ല. എന്നാൽ “വല്യമ്മയുടെ ശുശ്രൂഷയാണു് മേലാൽ എന്റെ പ്രധാനധൎമ്മം” എന്നു പറഞ്ഞു്, ചന്ദ്രിക പ്രവൃത്തിരംഗത്തിൽ പ്രവേശിച്ചതോടുകൂടെ നാരായണിഅമ്മയ്ക്കു് ഒരു ‘താങ്ങാൾ’ ലഭിച്ചു. ജീവിതക്ലേശങ്ങൾ പല തരത്തിൽ അനുഭവിച്ച ഫലമായും, വാൎദ്ധക്യപീഡയാലും ക്ഷീണം ബാധിച്ചുതുടങ്ങിയ ആ കൎമ്മയോഗിനിക്കു് യഥാകാലത്തു സഹായം കിട്ടി. രാഘവക്കുറുപ്പിന്റെ ഗൂഢസന്ദേശം കാണ്മാനിടയായതുമുതൽ അതു് ഒരു കൂരമ്പായി അവരുടെ ഹൃദയത്തെ തുളച്ചുകൊണ്ടിരുന്നു; എങ്കിലും കുട്ടികളുടെ ഭാവികാൎയ്യങ്ങൾ അവരുടെ ആഗ്രഹത്തിനും അഭിരുചിക്കും യോജിച്ച വിധത്തിൽ അവർതന്നെ തീരുമാനിച്ചു്, അവരുടെ യുവജീവിതം തൃപ്തികരമായ വിധത്തിൽ ആരംഭിച്ചുകണ്ടപ്പോൾ നാരായണിഅമ്മയുടെ മനോവ്യഥ അവരെ വിട്ടകലുവാൻ തുടങ്ങി. ഒരു കാലത്തു് ആ രഹസ്യത്തെ പുറത്തുവിടുവാൻ മാൎഗ്ഗം ഈശ്വരൻതന്നെ അവൾക്കു തുറന്നുകാണിക്കുമെന്നു വിശ്വസിച്ചു്, അതിനെ തന്റെ ഹൃദയത്തിന്റെ ഒരഗാധക്കോണിൽ അമൎത്തി സൂക്ഷിച്ചു് അവർ സമാധാനചിത്തയായിത്തീൎന്നു.

ചന്ദ്രികയുടെ പ്രവൃത്തിരംഗത്തിലേയ്ക്കുള്ള പ്രവേശം നാരായണിഅമ്മയുടെ വിശ്രമത്തിനു വഴി കൊടുത്തുവെങ്കിലും, ഗൃഹസംബന്ധമായും സാമുദായികമായും ഉള്ള സകലബന്ധങ്ങ

ങ്ങളിൽനിന്നും അവർ പിന്തിരിഞ്ഞു് തന്റെ ലൌകികകൃത്യങ്ങൾക്കു പൂർണ്ണവിരാമമിട്ടു് സമയം മുഴുവൻ പൂജാഗൃഹത്തിലും ശയനമുറിയിലുമായി കഴിച്ചുകൂട്ടി എന്നു് വായനക്കാർ ധരിക്കരുതു്. വാർദ്ധക്യക്ഷീണം നിമിത്തം പണ്ടത്തെ ചുറുചുറുപ്പും പ്രവൃത്തിസന്നദ്ധതയും കുറഞ്ഞുവെന്നല്ലാതെ, രോഗബാധിതയാകയോ അവൾക്കു ബുദ്ധിമാന്ദ്യം സംഭവിക്കുകയോ ചെയ്തിട്ടില്ല. ഉത്തരവാദിത്വമേറിയ തന്റെ പ്രവൃത്തികളെ ഒക്കെ ഏറെറടുപ്പാൻ തന്റെ പൌത്രി ഉത്സുകയായിവന്നപ്പോൾ അവയെ സന്തോഷത്തോടെ അവളിൽ സമർപ്പിക്കയും, അവയുടെ നിർവ്വഹണത്തിൽ അവൾക്കു പ്രതിദിനം വേണ്ട ഉപദേശം കൊടുത്തു സഹായിക്കയും ചെയ്തു. മഹിളാസമാജത്തിന്റെ അദ്ധ്യക്ഷസ്ഥാനവും പ്രാപ്തയായ ആരെങ്കിലുമൊരാൾ ഏറെറടുക്കേണമെന്നു് അവർ സമാജാംഗങ്ങളോടു പറഞ്ഞു. സമാജത്തിന്റെ ജനയിത്രിയും നാരായവേരുമായ അവർ ജീവിച്ചിരിക്കെ ആ സ്ഥാനത്തെ അവരിൽനിന്നു് ഒഴിച്ചു വേറൊരാളിൽ സമർപ്പിക്കുവാൻ സമാജം തയ്യാറായില്ല. അവരുടെ മാതൃസ്ഥാനവും ഉപദേശവും മാത്രമേ മേലാൽ അവരിൽനിന്നാവശ്യപ്പെടുകയുള്ളുവെന്നും, ആയാസകരങ്ങളായ പ്രവൃത്തികൾ ഒരു ഉപാദ്ധ്യക്ഷയെക്കൊണ്ടു നിർവ്വഹിക്കാമെന്നും പറഞ്ഞു് ഉപാദ്ധ്യക്ഷയെ തിരഞ്ഞെടുത്തു. സമാജസമ്മേളനങ്ങൾ ഇപ്പോഴും പുതിയ പത്തായപ്പുരമാളികയിൽവെച്ചുതന്നെയാണു് നടത്തുന്നതു്; നാരായണിഅമ്മയ്ക്കു മുകളിൽ കയറുവാൻ സാദ്ധ്യമല്ലാതെ വന്ന അവസരങ്ങളിൽ ഉപാദ്ധ്യക്ഷ യോഗങ്ങൾ നടത്തുകയും, അദ്ധ്യക്ഷയുടെ സാന്നിദ്ധ്യം അത്യന്താപേക്ഷിതമായി വന്ന അവസരങ്ങളിൽ സമ്മേളനം നൂൽനൂൽപ്പുക്ലാസ് നടത്തിവന്ന അറുകാൽപ്പുരയിൽവെച്ചു നടത്തുകയും ചെയ്തുവന്നു.

# അദ്ധ്യായം 19

## ചന്ദ്രിക.

ചന്ദ്രികയുടെ സാന്നിദ്ധ്യം പുതിയ പത്തായപ്പുരയിലും പരിവട്ടത്തും ഒരനുഗ്രഹമായിത്തീൎന്നു. വീട്ടിലും പുറത്തും അവളുടെ കണ്ണെത്താത്ത സ്ഥലവുമില്ല; അവളുടെ കൈ തൊടാത്ത പ്രവൃത്തിയുമില്ല. പ്രഭാതംമുതൽ പാതിരാവരെ പ്രയത്നിക്കുവാൻ അവൾ സന്നദ്ധയായിരുന്നു. ആരോഗ്യം മൂൎത്തിമത്തായ അവൾക്കു പണിയുടെ വൈവിധ്യമേ വിശ്രമത്തിന്നാവശ്യമായിരുന്നുള്ളു. ഉത്സാഹം തുളുമ്പുന്ന അവളുടെ മനസ്സിനു മുഷിവോ, ഉന്നതാദൎശങ്ങളാൽ പ്രേരിതമായ അവളുടെ ഹൃദയത്തിനു ചാഞ്ചല്യമോ, ഒരിക്കലും ഉണ്ടായില്ല.

സൂൎയ്യോദയത്തിനു് എത്രയോ മുമ്പുതന്നെ അവൾ ഉണൎന്നെഴുന്നേററു്, വ്യായാമം കുളി മുതലായ ദിനചൎയ്യകൾ തീൎത്തു ഗൃഹകൃത്യങ്ങളിൽ പ്രവേശിക്കും. വീട്ടിലെ പൂന്തോട്ടത്തിലും പച്ചക്കറിക്കൃഷിത്തടങ്ങളിലുമാണു് അവൾ ആദ്യമായി പണി എടുക്കുന്നതു്. അതു കഴിഞ്ഞാൽ പുതുപുഷ്പങ്ങളുമായി വല്യമ്മയുടെ പൂജാമുറിക്കുള്ളിൽ കടക്കും. അവിടെ വേണ്ട കരുക്കങ്ങൾ തീൎത്താൽ പിന്നെ വല്യമ്മയുടെ ശുശ്രൂഷയായി. അവരുടെ സ്നാനത്തിനുള്ളതു തയ്യാറാക്കുക, പ്രാതൽ കാലമാക്കുക, കിടപ്പുമുറി അടിച്ചുവാരി വൃത്തിയാക്കുക, കിടക്ക വിരിക്കുക എന്നിങ്ങിനെ സകലകൃത്യങ്ങളും നിഷ്ഠയോടെ അവൾ നടത്തി.

അടുക്കളപ്രവൃത്തിയിലും നാരായണിഅമ്മയുടെ ശുശ്രൂഷയിലും ചന്ദ്രികക്കു് ഒരെതിരാളിയോടു മത്സരിക്കേണ്ടതായി വരുകയും, ഇവർ തമ്മിൽ ചിലപ്പോൾ ചില 'പ്രണയകലഹ'ങ്ങൾ നടക്കുകയും ചെയ്തു. ഇത്രനാളും പുതിയ പത്തായപ്പുരയിലെ അടുക്കളക്കാരിയും, നാരായണിഅമ്മയുടെ വിശ്വസ്തഭൃത്യയുമായിരുന്ന കാൎത്ത്യായനിഅമ്മയായിരുന്നു ഈ എതിരാളി. ഈ കാൎത്ത്യായനി, ശ്രീദേവി ഒരു ചെറുബാലികയാ

യിരുന്ന കാലത്തു മംഗലത്തു വന്നുചേൎന്ന് നാരായണിഅമ്മയോടുകൂടെ പാൎത്തുവരികയായിരുന്നു. അച്ഛനമ്മമാരോ മററു രക്ഷിതാക്കളോ ഇല്ലാതിരുന്നതിനാലും, നാരായണിഅമ്മ അവളോട് അനുകമ്പയോടുകൂടെ പെരുമാറിവന്നതിനാലും അവൾ അവരെ വെറും ഒരു യജമാനസ്ത്രീയെന്ന നിലയിലല്ലാ കരുതിയതു്; തന്റെ ഒരു രക്ഷാകൎത്ത്രിയായി വീക്ഷിച്ച് സ്നേഹാദരങ്ങളോടും പരമാൎത്ഥതയോടും പെരുമാറി, ജീവാവസാനംവരെ അവരെ വെടിഞ്ഞു പോകയില്ലെന്നു ശപഥംചെയ്തു പാൎത്തുവന്നു. നാരായണിഅമ്മയും ശ്രീദേവിയും മംഗലത്തുനിന്നു താമസം മാററിയപ്പോൾ കാൎത്ത്യായനി അവരോടൊപ്പം പരിവട്ടത്തേയ്ക്കു പോന്നു. ശ്രീദേവിയുടെ രോഗശുശ്രൂഷയിലും അവളുടെ ഇരട്ടക്കുട്ടികളുടെ സംരക്ഷണയിലും കാൎത്ത്യായനി നാരായണിഅമ്മയുടെ 'വലത്തുകൈ'യായി സഹകരിച്ചു. ശ്രീദേവിയുടെ മരണശേഷം അവൾ നാരായണിഅമ്മക്കു വലിയൊരാധാരമായിത്തീരുകയും ചെയ്തു.

ചന്ദ്രികാചന്ദ്രന്മാർ അവളെ ഒരു രണ്ടാം വല്യമ്മയായി കരുതിവന്നു. അസ്പഷ്ടമായ ശൈശവഭാഷയിൽ അവർ അവളെ 'കാച്ചമ്മ' എന്നായിരുന്നു വിളിച്ചുവന്നതു്. കുട്ടികളെ കുളിപ്പിക്കുക, ഊട്ടുക, ഉറക്കുക എന്നിവയിലൊക്കെ വല്യമ്മയോടൊപ്പമായൊരു പങ്കു കാൎത്ത്യായനിക്കും ഉണ്ടായിരുന്നു; എന്നാൽ അവരുടെ കളികളിൽ 'കാച്ചമ്മ'ക്കു് അധിപതിയസ്ഥാനമാണു് അവർ കൊടുത്തിരുന്നതു്. അവൾക്കു് ആനപ്പുറത്തു കയറാൻ തന്റെ പുറം, കുതിരകളിക്കുവാൻ തന്റെ അഴിച്ചിട്ട മുടി, വണ്ടികളിക്കാൻ താൻ കിടന്നിരുന്ന പഴയ കട്ടിൽ എന്നിവ കാച്ചമ്മ സന്തോഷത്തോടുകൂടെ നല്കി. ചോറും കറിയുംവെച്ചു കളിച്ചിരുന്നപ്പോൾ അവരുടെ അതിഥിയായി വന്നു് പൂഴിമണ്ണുചോറും പുല്ലുകറിയും രുചി നോക്കിയതു കാച്ചമ്മയാണു്; പാഠശാലക്കളിയിൽ ശിഷ്യയായിരുന്നു തല്ലു വാങ്ങിയതും കാച്ചമ്മതന്നെ. കുട്ടികൾ തമ്മിലുണ്ടായ ചില്ലറ വാക്തൎക്കങ്ങളിൽ ന്യായാധിപതിസ്ഥാനവും കാച്ച

മ്മസ്സായിരുന്നു ലഭിച്ചതു്. കുട്ടികൾ പ്രായമായതോടുകൂടെ 'കാച്ചമ്മ' 'കാത്തമ്മ'യായി മാറിയെങ്കിലും കളിയിലും കാര്യത്തിലും ഒക്കെ അവർ കാത്തമ്മയെ പങ്കുകാരിയാക്കി വന്നു.

വിദ്ധ്യാഭ്യാസത്തിന്നായി രാമപുരത്തു താമസിച്ചിരുന്ന കാലത്തു വീട്ടിൽ മടങ്ങിവരുന്ന അവസരങ്ങളിൽ വല്യമ്മയെ കാണ്മാനും കുശലങ്ങളറിവാനും അവക്ക് എത്ര ഉൽക്കണ്ഠ ഉണ്ടായിരുന്നു. ഉമ്മറത്തെങ്ങും അവളെ കാണ്മാൻ കഴിഞ്ഞില്ലെങ്കിൽ വലിമ്മയെക്കണ്ടു വത്തമാനങ്ങൾ പറയുന്നതിലിടക്കു രണ്ടാളും അടുക്കളയിൽ ഓടിവന്നു കാത്ത്യായനിയെ ഒരു നോക്കുകണ്ടു "കാത്തമ്മേ ഞങ്ങളെത്തീ കെട്ടോ" എന്നു വിളിച്ചുപറയാതിരിക്കയില്ല. തിരിച്ചെത്തിയ തിരക്കുകൾ കഴിഞ്ഞാൽ പ്രഥമസൌകൎയ്യത്തിൽ കുളി ഊണു മുതലായവയിൽ രാമപുരത്തു തങ്ങൾക്കു ലഭിച്ചിരുന്ന സുഖാസുഖങ്ങളെപ്പററി ഒരു വിശദമായ വിവരണം കുട്ടികൾ ആ വളൎത്തമ്മക്കു സമൎപ്പിക്കുന്നതും പതിവായിരുന്നു. ചന്ദ്രൻ തൻെറ വിദ്ധ്യാഭ്യാസം തുടരുവാൻ മദിരാശിക്കു പുറപ്പെട്ടപ്പോൾ കാത്ത്യായനി കരഞ്ഞു കണ്ണുപുണ്ണാക്കുകതന്നെ ചെയ്തു; എന്നാൽ ചന്ദ്രിക മേലാൽ വല്യമ്മയെ പിരിഞ്ഞുപോകയില്ലെന്നു ശപഥം ചെയ്തതറിഞ്ഞു് ആ സാധുസ്ത്രീ സമാധാനപ്പെട്ടു.

ചന്ദ്രൻ പോയി ഒന്നുരണ്ടു ദിവസങ്ങൾ കഴിഞ്ഞു് അടുക്കളപ്പണിയിലും വല്യമ്മയുടെ ശുശ്രൂഷയിലും ചന്ദ്രിക കൈകടത്തുവാൻ തുടങ്ങിയപ്പോൾ കാത്തമ്മയുടെ മുഖഭാവം മാറുവാൻ തുടങ്ങി. എത്രയോ കാലമായി തൻെറ പേരിൽ പതിഞ്ഞുകിട്ടിയ ആ അവകാശത്തെ മൌനമായി വിട്ടൊഴിയുവാൻ അവൾ തയ്യാറല്ലായിരുന്നു; തൽഫലമായി അടുക്കളയിൽ പിറുപിറുപ്പും ചന്ദ്രികയുമായി ചില വാക്സമരങ്ങളും ഉത്ഭവിച്ചു.

കാത്ത്യായനി — തങ്കം എന്തിനാണ് തീയും പുകയുമേല്ക്കാൻ അടുക്കളയിൽ വന്നു ബുദ്ധിമുട്ടുന്നതു്? ഞാൻ വെച്ചുണ്ടാക്കുന്ന ചോറും കറിയും രുചിയില്ലാതായോ?

ച—കാത്തമ്മയുടെ ചോറും കറിയും രുചിയില്ലാതാകയോ? അതു തിന്നല്ലെ ഞാൻ വളൎന്നതു്? എനിയ്ക്കും വെയ്പും വിളമ്പുമൊക്കെ പരിചയമാകണ്ടേ?

കാ—അതു കണ്ടു മനസ്സിലാക്കിയാൽ പോരെ? കാത്തമ്മ ചാവുന്നതുവരെ തങ്കം അടുക്കളപ്പണി എടുക്കേണ്ടിവരില്ല. തീയും പുകയും കൊള്ളാൻ ഞാനില്ലേ?

ച—പുക കൊണ്ടാൽ തങ്കത്തിൻെറ നിറം മങ്ങിപ്പോകുമെന്നാണു് കാത്തമ്മക്കു പേടി അല്ലേ? തീയിൽ കിടന്നു പഴുത്താൽ തങ്കത്തിനു മാററും മേനിയും കൂടുകയാണു് ചെയ്ക.

കാ—നേരംപോക്കും മററും പറഞ്ഞു് എന്നെ പററിക്കാനോക്കുന്നു. പത്തുമുപ്പതു കൊല്ലത്തിനുമേലായി, ഈ പണികളും, ഇതിലപ്പുറവും ഞാനെടുക്കുന്നു. വല്ല വീഴ്ചയും വരുത്തിയെങ്കിൽ ശരി, അല്ലെങ്കിൽ ഞാമ്പോരേ ഇതിനൊക്കെ? ഇപ്പം ഒരാളിനെടുക്കത്തക്ക പണികൂടെ ഇല്ലതാനും. തങ്കത്തിനു് എന്തൊക്കെയൊണ്ടു നോക്കാൻ പുറമേ, ഇതിലും വന്നു തലയിട്ടു ക്ഷീണിക്കണോ?

ച—കാത്തമ്മക്കും ഒരു കൈയാളു വേണ്ട കാലമായി; വയസ്സായില്ലേ? പണ്ടത്തേപ്പോലെ ഇനിയും രാവും പകലും പണി എടുത്തു ക്ഷീണിച്ചാൽ ദീനം പിടിപെടും. അതുകൊണ്ടു് എന്നെ ശിഷ്യത്തി ആക്കി പണിയൊക്കെ പരിചയപ്പെടുത്തിത്തരൂ.

കാ—ശരി, എനിക്കു ദീനം പിടിച്ചാലാരുണ്ടു നോക്കാൻ? എനിക്കു വല്യമ്മയും ദൈവവുംതന്നെ ശരണം!

ച—കാത്തമ്മക്കു ദീനം പിടിച്ചാൽ ഞാനില്ലെ നോക്കാൻ? ദീനം പിടിച്ചാലും നോക്കേണ്ടതു് എൻെറ കടമ, പിടിപെടാതെ നോക്കേണ്ടതും. എൻെറ കടമ.

കാ—അത്രയ്ക്കു ബുദ്ധിമുട്ടുള്ള പണികളൊന്നും ഇപ്പഴില്ലല്ലോ? ഒരു വല്യമ്മയ്ക്കും തങ്കത്തിനും ഉരിയരിച്ചോറു വെക്കാൻ വലിയ പാടുണ്ടോ?

ച—മുഷിയരുതു കാത്തമ്മേ, എനിക്കു് അടുക്കളപ്പണി നോക്കാൻ ബഹുരസമാണു്. ഞാൻ ചില പുതിയതരം കറികളും ഉപ്പിലിട്ടതുമൊക്കെ ഉണ്ടാക്കാൻ സ്കൂളിൽവെച്ചു പഠിച്ചു. അവയൊക്കെ ഇവിടെ ഉണ്ടാക്കി നോക്കണ്ടേ? കാത്തമ്മക്കും കണ്ടുപഠിക്കാമല്ലൊ.

ഇത്രയൊക്കെ പറഞ്ഞിട്ടും കാത്ത്യായനിക്കു് അസുഖം മാറിയില്ല. ഓരോ ദിവസവും അവർ വാക്കുതർക്കങ്ങൾ തുടങ്ങും. ഗത്യന്തരമില്ലെന്നു കണ്ടു് ഒരുനാൾ ചന്ദ്രിക പറഞ്ഞു: "കാത്തമ്മേ, എനിക്കു് ഒരു നിമിഷം വെറുതെ ഇരിക്കാൻ വയ്യ; പണി കഴിഞ്ഞിരിക്കുമ്പോൾ ചന്ദ്രന്റെ കാര്യം ഓർമ്മ വരുന്നു. ആ സങ്കടം ഒതുക്കുവാൻ അടുക്കളയിൽ വന്നു കാത്തമ്മയോടുകൂടെ പണി എടുക്കുകയാണു്. കാത്തമ്മക്കു് അതു് ഇഷ്ടമാകുന്നില്ലെങ്കിൽ ഞാൻ തനിയെ ഇരുന്നു ദുഃഖിച്ചോളാം" ഈ ഉന്നം കുറിക്കു കൊണ്ടു. ചന്ദ്രികയുടെ വാക്കുകൾ കേട്ടപ്പോൾ കാത്ത്യായനിയുടെ കണ്ണും കരളും അലിഞ്ഞു. അവൾ സമീപത്തു വന്നു് ആ കുമാരിയെ തഴുകിക്കൊണ്ടും കണ്ണുനീർ വാർത്തും തന്റെ പശ്ചാത്താപം പ്രദർശിപ്പിച്ചു. അന്നുമുതൽ അടുക്കളയിൽ രഞ്ജിപ്പും സമാധാനവുമുണ്ടായി. ചന്ദ്രിക മൂളിപ്പാട്ടും പാടിക്കൊണ്ടു് അവിടെ എത്തുമ്പോൾ കാത്ത്യായനിയുടെ മുഖം വികസിക്കുവാൻ തുടങ്ങും.

ഒരു നാൾ കാത്ത്യായനി അടുക്കളയിലില്ലാതിരുന്നപ്പോൾ ചന്ദ്രിക അടുപ്പത്തു കത്തിക്കൊണ്ടിരുന്ന തീക്കൊള്ളി നീക്കുകയും അതിൽനിന്നു നിലത്തു പതിച്ച ഒരു കനലിൽ അവൾ അറിയാതെ കാൽ ചവിട്ടുകയും ചെയ്തു. കനൽ പാദത്തെ സ്പർശിച്ചപ്പോൾ അവൾ ഞെട്ടി ഒന്നുരണ്ടു ചെറുചാട്ടവും നൃത്തവും കഴിച്ചു. കാത്ത്യായനി പെട്ടെന്നു കയറിവന്നു് ഈ കാഴ്ച കണ്ടു കാര്യം മനസ്സിലാക്കാതെ ചിരിച്ചുകൊണ്ടു ചോദിച്ചു: "തങ്കം അടുക്കളയിൽനിന്നു് അടവു ചവുട്ടുകയാണോ?"

ച—അതേ, കാത്തമ്മേ; അടുപ്പത്തിരിക്കുന്ന ഈ പാത്രവും വെള്ളവും താളമേളങ്ങളോടുകൂടെയാണ് തിളക്കുന്നത്. അതു കേട്ട് എന്റെ പാദങ്ങൾ താനേ ഇളകി.

കാ—അതിൽ ഞാൻ ഉരുളക്കിഴങ്ങു പുഴുങ്ങുവാൻ ഇട്ടിട്ടുണ്ട്. കിഴങ്ങാണ് താളം പിടിക്കുന്നത്.

ച—അതേ, മനസ്സിലായി; കിഴങ്ങിന്റെ താളവും വെള്ളത്തിന്റെ മേളവും ചേന്നാൽ ഒരു നൃത്തത്തിനു വേണ്ട വട്ടമായി. അതിന്നു ചേൎന്ന് ഒരു നൃത്തം തുടങ്ങുകയായിരുന്നു ഞാൻ. കാത്തമ്മ കയറിവന്നു താളം തെററിച്ചു.

കാ—തങ്കത്തിനു നൃത്തം നല്ല വശമുണ്ടല്ലോ. അന്നു ഷ്കൂളിൽവെച്ചു കാണിച്ചതു് എന്തു ചന്തമായിരുന്നു!

ച—കാത്തമ്മക്ക് അതിഷ്ടമായോ? സ്കൂളിൽവെച്ച് ഞാൻ കുറച്ചു ഭരതനാട്യവും അഭ്യസിച്ചിട്ടുണ്ട്. എന്തു രസമാണതു ചെയ്യാൻ!

കാ—തേവിടിശ്ശിയാട്ടംപോലെയല്ലല്ലോ.

ച—ഇതാ നോക്കിക്കൊള്ളൂ. ഞാൻ കാണിക്കാം.

ഇങ്ങിനെ പറഞ്ഞു ചന്ദ്രിക ഭരതനാട്യത്തിന്റെ ഒരു ചെറുമാതൃക അവിടെ കാണിച്ചു. കാത്ത്യായനി ഇതു കണ്ടു മതിമറന്നുനിന്നു. അടുപ്പത്തിരുന്ന പാത്രത്തിലെ വെള്ളം വററി, കിഴങ്ങു പുകഞ്ഞ്, കരിഞ്ഞ ഗന്ധം വന്നപ്പോഴാണ് രണ്ടാൾക്കും പരിതസ്ഥിതി ഓൎമ്മവന്നതു്. നൃത്തം ഇങ്ങിനെ കലാശിക്കാനിടയായി. ചിലപ്പോഴൊക്കെ ആ അടുക്കളയിൽ നടക്കാറുണ്ടായിരുന്ന ഇത്തരം വിനോദരംഗങ്ങൾ ചന്ദ്രികയേയും കാത്ത്യായനിയേയും കുറേക്കൂടി അടുപ്പിക്കുവാനിടയാക്കി. ചന്ദ്രികയുടെ അഭിപ്രായങ്ങളും ഉപദേശങ്ങളും കാത്ത്യായനി സന്തോഷത്തോടുകൂടെ സ്വീകരിക്കുകയും, ചിലപ്പോൾ ചന്ദ്രിക കാത്ത്യായനിയുടെ ശിഷ്യയായും, ചിലപ്പോൾ ഇരുവരുടേയും സ്ഥാനം മാറിയും, രണ്ടാളും സഹകരിച്ച് ആ അടുക്കളയിൽ പല പരിഷ്കാരങ്ങൾ വരുത്തുകയും ചെയ്തു.

ഗൃഹജോലികളും നാരായണിഅമ്മയുടെ ശുശ്രൂഷയും എത്ര ഉത്സാഹത്തോടും കൃത്യബോധത്തോടുംകൂടെ ചന്ദ്രിക അനുഷ്ഠിച്ചുവോ, അത്രയും ഉത്സാഹവും നിഷ്ഠയും അവൾ തന്റെ സമുദായസേവനകൃത്യങ്ങളിലും പ്രദർശിപ്പിച്ചു. മഹിളാസമാജത്തിലെ ഒരു പ്രധാന അംഗമായിത്തീൎന്ന് അതിന്റെ സൎവ്വശാഖകളിലും അവൾ ജീവത്തായി പ്രയത്നിച്ചു. പരിവട്ടത്തെ മഹിളാസമാജം ഈ സമയത്ത് ഒരു വമ്പിച്ച ശക്തിയായി പരിണമിച്ചിരുന്നു. ഹരിജനസ്ത്രീകൾക്കും ബാലികമാൎക്കുംവേണ്ടി തുടങ്ങിയ കൈവേലക്ലാസിൽ അവിടത്തെ വലിയൊരു ശതമാനം സ്ത്രീകളും ബാലികമാരും ഹാജരാകുന്നുണ്ട്. ഈ ക്ലാസിന്റെ ഒരു ശാഖയായ വയോജനവിദ്യാഭ്യാസക്ലാസും ആഴ്ചയിൽ മൂന്നു സായാഹ്നങ്ങളിൽ നടന്നുവരുന്നു. എട്ടു വയസ്സിനുമേൽ പതിന്നാലു വയസ്സുവരെയുള്ള ഹരിജനബാലികമാരുടെ ഇടയിൽ ഇപ്പോൾ എഴുതുവാനും വായിക്കുവാനും അറിയാത്തവർ ഇല്ലെന്നുതന്നെ പറയാം. പ്രായം ചെന്ന സ്ത്രീകളുടെയിടയിൽ എഴുത്തും വായനയും അഭ്യസിക്കുവാൻ പ്രയാസം തോന്നിയവരും പഠിക്കുവാൻ ഉത്സാഹക്കുറവു കാണിക്കുന്നില്ല. വീട്ടിലെ വെപ്പുപണിപോലും അവർ മററുള്ളവരെ ഏല്പിച്ച് ക്ലാസിൽ ക്രമമായി ഹാജരാകുന്നുണ്ട്. അവരുടെ അദ്ധ്യയനക്ലാസുകൾ ആകർഷകങ്ങളും ആഹ്ലാദപ്രദങ്ങളുമാക്കുവാൻ അധികൃതർ എന്നും ബദ്ധശ്രദ്ധരായിരുന്നു. ശരീരശുചിത്വം, ഗൃഹജോലികൾ, ശിശുസംരക്ഷണം മുതലായവയെസ്സംബന്ധിച്ച പാഠങ്ങൾ ശുഷ്കങ്ങളും വിരസങ്ങളുമായ പ്രസംഗങ്ങൾകൊണ്ടല്ല, ഗാനങ്ങളും സംഭാഷണങ്ങളും, കഥകളും ചിത്രപ്രദർശനങ്ങളും വഴിയായിട്ടാണ് നടത്തിവരുന്നത്. വിനോദകരങ്ങളും വിജ്ഞാനദായകങ്ങളുമായ കളികളും പ്രദർശനങ്ങളും അദ്ധ്യാപികാദ്ധ്യേതാക്കൾ സഹകരിച്ചു കൂടക്കൂടെ നടത്തിവരുന്നു. ശിശുശുശ്രൂഷാമന്ദിരത്തിന്റെ മേൽനോട്ടത്തിന് ഒരു മഹിളാഡാക്ടരേയും, വിദഗ്ദ്ധയായ ഒരു നേർസിനേയും ലഭിച്ചിട്ടുണ്ട്. ഇവരെ സഹായിക്കുവാൻ വേണ്ടിടത്തോളം ഗ്രാ

മവനിതകളും അവിടെ നിത്യേന ഹാജരുണ്ട്. ജാതിമതഭേദമെന്യേ അവിടെ കൊണ്ടുവരുന്ന എല്ലാ ശിശുക്കൾക്കും ഒരുപോലെ 'സ്വാഗതം' ലഭിച്ചുവരുന്നു.

നാനാമുഖങ്ങളുമായ ഈ പ്രവൃത്തികൾക്ക വേണ്ടിവന്ന ധനം മുക്കാലും സമാജത്തിന് അതിൻെറ ഗോവ്യവസായവകുപ്പിൽനിന്നാണ് ലഭിച്ചുവന്നത്. കഴിഞ്ഞ പത്തു കൊല്ലങ്ങൾ കൊണ്ട് ഈ വ്യവസായം അതിൻെറ നടത്തിപ്പുകാർ പ്രതീക്ഷിച്ചതിലും അധികം അഭിവൃദ്ധികരമായിത്തീൎന്നിട്ടുണ്ട്. പശു, എരുമ, ആട് എന്നീ കാലികളിൽനിന്നു ലഭിച്ച പാലും അതിൻെറ ഉല്പന്നങ്ങളും പരിവട്ടത്തും പരിസരങ്ങളിലും വില്പാൻ കഴിയുന്നതിൽ കൂടുതലാകയും, വെണ്ണയും നെയ്യും സമീപത്തുള്ള പട്ടണങ്ങളിലെ അങ്ങാടികളിൽ അയച്ചു വില്പന നടത്തേണ്ടതായി വരികയുംചെയ്തു. പാറുക്കുട്ടിഅമ്മ വഴി രാമപുരത്തെ പല മാന്യഗൃഹങ്ങളിലും പരിവട്ടത്തു മഹിളാസമാജക്കാരുടെ 'ലേബൽ' പതിച്ച നെയ്ക്കുപ്പികളും വെണ്ണപ്പൊതികളും സ്ഥലം പിടിച്ചു. ഗോവ്യവസായത്തിൽനിന്നു ലഭിച്ച ധനലാഭത്തേക്കാൾ, പട്ടിണിയിലും നഗ്നതയിലും കഴിഞ്ഞ കുട്ടവളരെ സ്ത്രീപുരുഷന്മാൎക്കും ബാലികാബാലന്മാൎക്കും അതുവഴി ഒരു പ്രവൃത്തിമാൎഗ്ഗം നേടികൊടുത്തതാണ് സമാജം കൂടുതൽ കാൎയ്യമായി കരുതിവരുന്നത്. പണി എടുക്കുവാൻ ത്രാണിയും തൃഷ്ണയുമുള്ളവൎക്ക് അതിന്നുള്ള മാൎഗ്ഗം നേടികൊടുത്തു്, അവരുടെ ആത്മാഭിമാനത്തെ പുലൎത്തുവാൻ പ്രേരിപ്പിക്കുന്നതിൽ പരം ഉത്തമസഹായം മറെറന്താണ്? ഉണ്ണാനും ഉടുക്കാനും ഉള്ള 'വക' എറെ നാൾ ദാനംചെയ്താൽ അതു് അലസതയേയും പ്രവൃത്തിവൈമുഖ്യത്തേയും ഉൽപാദിപ്പിച്ചു ജനങ്ങളെ വകയ്ക്കു കൊള്ളാത്തവരായിത്തീൎക്കുമെന്നുള്ള ബോധത്തോടുകൂടെ സമാജക്കാർ ആദ്യകാലംമുതല്ക്കുതന്നെ, പണി എടുക്കാറായ കുട്ടികളെപ്പോലും ഏതെങ്കിലുമൊരു പ്രവൃത്തിയിലേപ്പെടുത്തി ഉപജീവനം സമ്പാദിക്കുവാൻ ഉത്സാഹിപ്പിച്ചുപോന്നു. ഉപജീവനത്തിന്നു പ്രയത്നിക്കേണ്ട ആവശ്യമില്ലാത്ത പരിവട്ടത്തെ

ഭേദപ്പെട്ട തറവാടുകളിലെ യുവതീയുവാക്കന്മാർപോലും പൊതുസ്ഥാപനങ്ങളെ നിലനിൎത്തുവാനായി ബുദ്ധിമുട്ടി പ്രവൃത്തിയെടുത്തു് അധ്വാനമഹിമയെ തെളിയിച്ചതു് ജാത്യാ അലസരും പരാശ്രയജീവിതത്തിൽ ശീലിച്ചുവന്നവരുമായ ആളുകൾക്കു് ആലസ്യത്തിൽനിന്നുണരുവാൻ പ്രേരകമായിത്തീൎന്നു.

ഗൃഹജോലികളും പൊതുസേവനവുംകൊണ്ടു മാത്രം ചന്ദ്രിക തൃപ്തിപ്പെട്ടു എന്നു വായനക്കാർ ഊഹിക്കരുതു്. ജ്ഞാനസമ്പാദനത്തിനും മാനസികവികാസത്തിനുംവേണ്ടി ചന്ദ്രികയും അവളുടെ പണ്ടത്തെ സതീൎത്ഥ്യരും സമപ്രായക്കാരുമായ കുറെ യുവതികളും ചേൎന്നു് ഒരു അധ്യയനക്ലാസ്സു് ആരംഭിച്ചു. ആഴ്ചയിൽ ഒന്നോ രണ്ടോ മണിക്കൂറിൽ കൂടുതൽ സമയം ഇതരജോലികൾനിമിത്തം ഈ ക്ലാസ്സ് നടത്തുവാൻ സാധിച്ചില്ലെങ്കിലും, ആത്മസംസ്കാരത്തിലുള്ള അത്യാസക്തിമൂലം അവർ ഒഴിവു കിട്ടുന്ന അല്പസമയംപോലും പാഴാക്കിക്കളഞ്ഞില്ല. ഈ അധ്യയനക്ലാസ്സുവഴി മാതൃഭാഷാസാഹിത്യം, ഹിന്ദി, ഇംഗ്ലീഷ് ഈ വിഷയങ്ങളാണു് അവർ അഭ്യസിച്ചതു്. അന്യോന്യം സഹായിച്ചും, പുസ്തകങ്ങൾ കൈമാറിയും പട്ടണത്തിലെ ഒരു ഗ്രന്ഥശാലയിൽനിന്നു മാസികകളും ഗ്രന്ഥങ്ങളും കടം വാങ്ങിയും അവർ നിത്യേന പരിശ്രമിച്ചുവന്നു. ചില ദിവസങ്ങളിൽ അവർ തങ്ങളുടെ അധ്യയനസന്ദർഭത്തെ കാൎയ്യാലോചനക്കായും വിനിയോഗിച്ചു. തങ്ങളുടെ വകയായി എന്തെങ്കിലുമൊരു പുതിയ പ്രസ്ഥാനം സ്വഗ്രാമത്തിൽ ആരംഭിക്കണമെന്നായിരുന്നു അവരുടെ ആഗ്രഹം. ഗ്രാമോദ്ധാരണത്തിന്നായി കോൺഗ്രസ്സ്സഭ, മദ്യനിരോധനസംഘം, യുവജനസമിതി, ദേശസേവകസംഘം, ഗ്രാമശുചീകരണസഭ ഇങ്ങിനെ പല പ്രസ്ഥാനങ്ങളും അപ്പോൾ പരിവട്ടത്തു പ്രവൃത്തി നടത്തുന്നുണ്ടായിരുന്നു. എന്നാൽ ഇവയുടെ കൎമ്മപദ്ധതിയിൽ ഉൾപ്പെടാത്ത ഏതെങ്കിലുമൊരു പുതിയ കാൎയ്യനിൎവ്വഹണത്തിന്നായി യത്നിക്കണമെന്നു് അവർ താല്പൎയ്യപ്പെട്ടു. പക്ഷേ ഇക്കാൎയ്യമെന്തായിരിക്കണമെന്നു കുറേ നാൾ ആലോചി

ച്ചിട്ടും അവൎക്കു കണ്ടുപിടിക്കാൻ സാധിച്ചില്ല. അങ്ങിനെയിരിക്കെയാണ് പരിവട്ടത്തു വാൾഡാവിദ്ധ്യാഭ്യാസപദ്ധതി അനുസരിച്ചുള്ള ഒരു പാഠശാല സ്ഥാപിച്ചതു്. ഈ സ്ഥാപനം നമ്മുടെ യുവതീസംഘത്തിനു മാൎഗ്ഗദൎശിയായിത്തീൎന്നു. വാൾഡാപദ്ധതിയിൽ ഏഴു വയസ്സിനു താഴെയുള്ള കുട്ടികളുടെ വിദ്ധ്യാഭ്യാസത്തിനു സ്ഥാനം ലഭിച്ചിരുന്നില്ല; പദ്ധതി പരസ്യപ്പെടുത്തിയ കാലത്തു വിദ്ധ്യാപ്രവൎത്തകപ്രവീണരായ പലരും ഈ വീഴ്ച ചൂണ്ടിക്കാണിക്കയുമുണ്ടായല്ലൊ. വാൾഡാപദ്ധതി അനുസരിച്ചു നടത്തുന്ന പാഠശാലയിൽ ചേരുന്നതിനു സന്നദ്ധരാകത്തക്കവണ്ണം ചെറുകുട്ടികൾക്കു പരിശീലനം നടത്തുവാൻ ഒരു ബാലവിഹാരമന്ദിരം തുടങ്ങുവാൻ ഇവർ ആലോചിച്ചു. പക്ഷേ ഇതു് അത്ര സുസാദ്ധ്യമായ കാൎയ്യമല്ലെന്നും, ബാലമനസ്സുകളുടെ സ്ഥിതിയേയും വികാസത്തേയും അവരെ നയിക്കേണ്ട മാൎഗ്ഗങ്ങളേയുംപററി ശാസ്ത്രീയമായ ജ്ഞാനമില്ലാതെ ഈ ഉദ്യമം വിജയകരമാകാൻ തരമില്ലെന്നും അവൎക്കറിയാമായിരുന്നു. ഇത്തരം ജ്ഞാനസമ്പാദനത്തിന്നാണ് ആദ്യം അവർ യത്നം തുടങ്ങിയതു്. ഇംഗ്ലീഷുഭാഷയിൽ രചിക്കപ്പെട്ട ബാലമനശ്ശാസ്ത്രസംബന്ധമായ പുസ്തകങ്ങൾ അവൎക്കു ധാരാളം ലഭിച്ചു; എന്നാൽ അവയെ വായിച്ചു കാൎയ്യം പൂൎണ്ണമായി ഗ്രഹിക്കത്തക്ക ഇംഗ്ലീഷുഭാഷാപരിജ്ഞാനം അവരിൽ പലൎക്കും ഉണ്ടായിരുന്നില്ല. ഭാഗ്യവശാൽ ഇക്കാലത്തു തദ്വിഷയമായി പ്രസിദ്ധം ചെയ്യപ്പെട്ട ഒന്നുരണ്ടു മലയാളഗ്രന്ഥങ്ങളും ചില മാസികാലേഖനങ്ങളും അവൎക്കു് ഉപകാരപ്രദങ്ങളായി.

ഈ പരിശ്രമം നടന്നുവരുന്ന കാലത്തു് രാമപുരത്തുനിന്നു പാറുക്കുട്ടിഅമ്മയുടെ മൂത്ത മകൾ കമലം പരിവട്ടത്തു രണ്ടു മാസത്തെ താമസത്തിന്നായി വന്നുചേൎന്നു. കമലം ബി. ഏ. പരീക്ഷയിൽ വിജയിയായി, വീട്ടിലിരുന്നു തന്റെ ഭാവിജീവിതത്തെപ്പററി ചിന്തിക്കുന്ന ഘട്ടമായിരുന്നു. പരിവട്ടത്തെ അദ്ധ്യയനക്ലാസ്സും, അതിലെ അംഗങ്ങളുടെ നവീനോദ്ദേശവും, അറിഞ്ഞപ്പോൾ കമലം ക്ലാസിന്റെ ഭാരവാഹിത്വം വഹി

ച്ച്, അവരുടെ പഠിത്തത്തിൽ വേണ്ടപ്പെട്ട സഹായം നല്കി. രണ്ടു മാസത്തെ താമസം അവറ അഞ്ചു മാസത്തേയ്ക്കു നീട്ടുകയും ചെയ്തു. പരിവട്ടത്തെ ഈ താമസം കമലത്തിനു തന്റെ ഭാവിയെ രൂപീകരിക്കുന്നതിനും പര്യാപ്തമായി. അടുത്ത കൊല്ലം മദിരാശിയിൽ പോയി എൽ. ടി. ക്ലാസിൽ ചേൎന്ന് 'കിൻറർ ഗാട്ടൻ' പരിശീലനം കഴിച്ച് ആ വിഷയത്തിൽ പ്രായോഗികമായ പരിശിക്ഷണം ലഭിച്ചാൽ, തന്റെ ഭാവിജീവിതം പരിവട്ടത്തുതന്നെ കഴിച്ചുകൂട്ടാമെന്നും, അവിടത്തെ കൂട്ടുകാരൊന്നിച്ചു 'ബാലവിഹാരമന്ദിരം' ഏൎപ്പെടുത്തി നടത്താൻ സാധിക്കുമെന്നും അവറക്കു ബോധ്യമായി. ഈ ഉദ്ദേശം ചന്ദ്രികയ്ക്കും കൂട്ടുകാൎക്കും ഏറെ പ്രോത്സാഹജനകമായിത്തീൎന്നു എന്നു പറയേണ്ടതില്ലല്ലോ. കമലം എൽ. ടി. ക്ലാസിൽ പഠിക്കുന്ന ഒരു കൊല്ലത്തിനുള്ളിൽ, തങ്ങറ ഉദ്ദേശിക്കുന്ന ക്ലാസ് തുടങ്ങുവാൻ വേണ്ട ഉപകരണങ്ങറ സജ്ജീകരിക്കണമെന്നു തീൎച്ചപ്പെടുത്തി അതിന്നായി തീവ്രയത്നം തുടങ്ങി. എന്നാൽ തങ്ങളുടെ ഈ നവീനോദ്ദേശത്തെ നാരായണിഅമ്മയെ ഒഴികെ മററാരേയും അവർ അറിയിച്ചില്ല. ഉദ്ദേശം സാദ്ധ്യപ്രായമാകുന്നതുവരെ മററുള്ളവർ അറിഞ്ഞ് അതേപ്പററി വിമൎശനം ചെയ്കയോ, നാട്ടുമ്പുറത്തുള്ള കുട്ടികറക്കു 'കിൻറർ ഗാട്ടൻ' അദ്ധ്യയനം അനാവശ്യമെന്നോ മറേറാ പറഞ്ഞ് തങ്ങളുടെ ഉത്സാഹത്തെ തണുപ്പിച്ചുകളകയോ, ചെയ്യാതിരിക്കാൻ വേണ്ട മുൻകരുതലോടുകൂടെ അവർ ഒരു ഗൂഢസംഘത്തെപ്പോലെയാണ് അവരുടെ സജ്ജീകരണയത്നങ്ങറ നടത്തിയത്.

## അദ്ധ്യായം 20

### രക്ഷാസംഘം

പരിവട്ടത്തെ ഗ്രാമവാസികറ ഏറെക്കുറെ സംതൃപ്തരായി കാലക്ഷേപം കഴിക്കുന്നു. ദാരിദ്ര്യവും, തൊഴിലില്ലായ്മയും, പട്ടിണിയും, രോഗവും അവിടെനിന്നു പൂൎണ്ണമായി ബഹിഷ്ക്ക

രിക്കപ്പെട്ടിട്ടില്ലെങ്കിലും, അന്യോന്യം സഹായിപ്പാനും സഹകരിപ്പാനും ഒരുക്കമുള്ള ഒരു മനസ്ഥിതി എല്ലാവരിലും അങ്കുരിച്ചതോടുകൂടെ, കഷ്ടതയിൽ സഹിഷ്ണുതയും, അധ്വാനത്തിൽ ശ്രമക്ഷമതയും, അലസജീവിതത്തിൽ വൈമുഖ്യവും, ദരിദ്രനിലും ധനവാനിലും ഒരുപോലെ പ്രകാശിച്ചുതുടങ്ങി. അവിടത്തെ ജന്മിമാർ കുടിയാന്മാരെ ദ്രോഹിക്കുന്നില്ല, കുടിയാന്മാർ ജന്മിമാരെ വെറുക്കുന്നില്ല. പുതുതായി നടപ്പിൽ വന്ന ചില ഗവൎമ്മേണ്ടുനിയമങ്ങൾ പല പ്രദേശങ്ങളിലും ഈ ഇരുകൂട്ടരും തമ്മിൽ മത്സരങ്ങൾക്കും ഉരസ്സലുകൾക്കും ഇടയാക്കിയെങ്കിലും പരിവട്ടത്തുകാർ യോജിപ്പും സൌഹാൎദ്ദവുമാണ് കൈക്കൊണ്ടതു്.

ലോകത്തിൽ എല്ലാവൎക്കും എന്നും ഒരേ നിലയിൽ ജീവിക്കുവാൻ സാദ്ധ്യമല്ലെന്നു പരിവട്ടത്തുകാർ പൂൎണ്ണമായി മനസ്സിലാക്കി. ജീവിതഗതിയിൽ പലേ ശ്രേണികൾ ഉണ്ടു്. അവയെ പടിപ്പടിയായി, മുഖ്യമായും സ്വപ്രയത്നംകൊണ്ടു്, കയറുന്നതാണ് എളുപ്പവും അഭിമാനകരവും. ഉന്നതശ്രേണികളിൽ എത്തിച്ചേൎന്നവർ താണപടിയിൽ നില്ക്കുന്നവൎക്കു കയറിവരുവാൻ സൌഹാൎദ്ദപൂൎവ്വം കൈനീട്ടി സഹായിക്കയും, താണപടിയിൽ നില്ക്കുന്നവർ മുകളിലേയ്ക്കു കയറുവാൻ പ്രയത്നിക്കയും ചെയ്താൽ ആൎക്കും ക്ലേശമുണ്ടാകുന്നതല്ല. നേരെ മറിച്ചു്, ഉന്നതശ്രേണിയിൽ സ്ഥിതിചെയ്യുന്നവർ കൈകെട്ടിയിരുന്നു് സ്വസുഖം മാത്രം നോക്കി ജീവിക്കയും, താണപടിയിൽ നില്ക്കുന്നവരെ വെറുപ്പോടുകൂടെ വീക്ഷിക്കയും, അവർ മുന്നോട്ടു കയറുവാൻ ശ്രമിക്കുമ്പോൾ ചവുട്ടിത്താഴ്ത്തുകയും ചെയ്താൽ, അപ്പൊഴാണ് മത്സരത്തിനും വെറുപ്പിനും ഇടവരുന്നതു്. താണപടിയിൽ നില്ക്കുന്നവരും ഒരൊററക്കുതിപ്പിനു മുകളിലെത്തുവാൻ ശ്രമിച്ചാൽ, ചിലപ്പോൾ ഉന്നംതെററി നിലംപതിച്ചേക്കും; ഉന്നതശ്രേണിയിൽ സ്ഥിതിചെയ്യുന്നവരെ വലിച്ചു നിലംപതിപ്പിക്കാൻ സംഖ്യാബലംകൊണ്ടോ, മററു മൃഗീയശക്തികൊണ്ടോ അവൎക്കു സാധിച്ചാലുംകൂടെ, സംഖ്യാ

ബലത്തെക്കാളും മൃഗീയശക്തിയെക്കാളും പ്രബലമായ മററു ചില മഹച്ഛക്തികൾ ക്രമേണ മേൽപ്പറഞ്ഞവക്കു സഹായമായി ലഭിക്കാനിടയുണ്ടു്. ഈ ബലാബലപരീക്ഷകൾക്കു് ഒന്നിനും ഇടംകൊടുക്കാതെ അന്യോന്യം സഹായിച്ചും സഹകരിച്ചും ജീവിച്ചാൽ, ആശാപൂൎവ്വം ഭാവിയെ പ്രതീക്ഷിച്ചു ദിവസം കഴിക്കാം. ഇപ്രകാരമായിരുന്നു പരിവട്ടത്തുകാരുടെ ചിന്താഗതി പോയ്ക്കൊണ്ടിരുന്നതു്. കഷ്ടതകളും രോഗാരിഷ്ടങ്ങളും അവരിൽ പലരുടേയും ജീവിതാന്തരീക്ഷത്തെ തമോമയമാക്കിയെങ്കിലും, മേൽപ്പറഞ്ഞ മനസ്ഥിതിനിമിത്തം തമസ്സിന്നിടയിൽക്കൂടെ ചില പുഞ്ചിരിസ്സ്മരണങ്ങളേയും വീക്ഷിച്ചുകൊണ്ടു് അവർ സമാധാനപൂൎവ്വം ദിവസങ്ങൾ നയിക്കുന്നു. സ്വരാജ്യസ്നേഹം, അഥവാ സ്വഗ്രാമസ്നേഹം അവിടെയുള്ള ജനങ്ങളിൽ ആബാലവൃദ്ധം ജ്വലിച്ചുകൊണ്ടിരുന്നു. തങ്ങളുടെ ഗ്രാമത്തെ ദക്ഷിണഇന്ത്യയിലെ ഒരു മാതൃകാഗ്രാമമാക്കിത്തീക്കേണമെന്നായിരുന്നു പരിവട്ടത്തെ ജനങ്ങളുടെ ആഗ്രഹം. ഈ ആഗ്രഹസാദ്ധ്യത്തിന്നായി അവർ ത്രിവിധകരണങ്ങളെക്കൊണ്ടും അധ്വാനിച്ചുകൊണ്ടിരുന്നു.

മനുഷ്യജീവിതത്തിൽ സമാധാനം അവിച്ഛിന്നമായി എത്ര നാൾ നിലനില്ക്കും! സുഖദുഃഖങ്ങളേയും ഇഷ്ടാനിഷ്ടങ്ങളേയും ഒരേ നിലയിൽ വീക്ഷിച്ചു്, സൎവ്വാന്തൎയ്യാമിയായിരിക്കുന്ന ഒരു ദിവ്യശക്തിയിൽ മനസ്സു മുഴുവൻ അൎപ്പിച്ചു ജീവന്മുക്തരായിത്തീൎന്നിട്ടുള്ള യോഗികൾക്കല്ലാതെ മനശ്ശാന്തി ദീൎഘകാലം അനുഭവിക്കാൻ സാദ്ധ്യമല്ല. പരിവട്ടത്തുഗ്രാമക്കാർ ലൌകികജീവിതം വളരെ ക്ലേശംകൂടാതെ കഴിക്കണമെന്ന ഉദ്ദേശത്തോടുകൂടിയവരാണു്. അവരുടെ ദൃഷ്ടിയും മനസ്സും ഇഹത്തെ വെടിഞ്ഞു പരത്തിലേക്കു എത്തിയിട്ടില്ല. പരദ്രോഹം ചെയ്യാതേയും, പരാശ്രയം കൂടാതേയും കാലം കഴിക്കണമെന്നും, തങ്ങളേക്കാൾ എളിയവരെ സഹായിക്കയും, വലിയവരുമായി സഹകരിച്ചു തങ്ങളുടെ ഗ്രാമത്തിൽ ഐക്യവും അഭിവൃദ്ധിയും പരിപാലിക്കണമെന്നും ഉള്ള ആഗ്രഹമേ അവൎക്കു

ള്ളു. ഈ ആഗ്രഹസാദ്ധ്യത്തിന്നായിട്ടുള്ള അവരുടെ തീവ്രയത്നങ്ങൾ ഏതാണ്ടു ഫലപ്രാപ്തി അടയുവാൻ തുടങ്ങി. ഗ്രാമക്കാർ പുരോഗതിക്കുള്ള മാർഗ്ഗത്തിൽ എത്തിച്ചേർന്നു. ക്രമപ്രവൃദ്ധമായി മുന്നോട്ടു പോയ്ക്കൊണ്ടിരുന്നാൽ മതി എന്ന ഘട്ടത്തിൽ എത്തിയപ്പോൾ അവരുടെ ഗതിയെ തടയത്തക്ക ഒരു സംഭവം ഉണ്ടായി. സിംഹളദ്വീപിൽ പലവിധം പ്രവൃത്തികളിൽ ഏർപ്പെട്ടു കാലം കഴിച്ചുവന്ന ചില ആളുകളുടെ തിരിച്ചുവരവാണു് പരിവട്ടത്തുകാരുടെ പുരോഗമനപ്രവാഹത്തിനു പ്രതിബന്ധമായിത്തീർന്നതു്. വിദേശവാസം ചെയ്തു ജീവിതവൃത്തി നേടിവന്ന ഇവരിൽ പലരും സ്വദേശത്തു വിട്ടുപോയ തങ്ങളുടെ ബന്ധുക്കൾക്കും കുടുംബങ്ങൾക്കും ഗണ്യമായ ധനസഹായം ചെയ്തുവന്നിരുന്നു. കച്ചവടത്തിലും ചില്ലറ ഉദ്യോഗങ്ങളിലും ഏർപ്പെട്ടിരുന്ന മറ്റു ചിലർ സ്വകുടുംബങ്ങളെ സഹായിച്ചതിനു പുറമെ, സ്വഗ്രാമോദ്ധാരണത്തിനും ക്ലുപ്തമായ വരിസംഖ്യ മാസംതോറും അയച്ചുകൊടുത്തിരുന്നു. വെറും കൂലിപ്പണിക്കാരായിരുന്നവർ ഗ്രാമത്തിലെ തൊഴിലില്ലാതെ അലഞ്ഞുനടന്നിരുന്നവരുടെ സംഖ്യയെ കുറച്ചു്, സ്വജീവിതവൃത്തിയെങ്കിലും നേടിയിരുന്നു. എന്നാൽ കഷ്ടം കടഞ്ഞുകൊണ്ടുള്ള ഇവരുടെ തിരിച്ചുവരവു ഗ്രാമവാസികളുടെ എണ്ണം കൂട്ടുകയും തൊഴിലില്ലാസ്സംഘത്തിന്റെ സംഖ്യ വർദ്ധിപ്പിക്കയും ചെയ്തു. പോരേ വിഷമം!

ഭാരതമാതാവിന്റെ ഹൃദയവിശാലത ലോകത്തിന്നൊക്കെ മാതൃകയാണു്. ഏതു പരദേശി ഭാരതഖണ്ഡത്തിൽ വന്നാലും, ആ വിശ്വജനനി അവരെ സാദരം സല്ക്കരിച്ചു് അഭയം നൽകുന്നു. അവൎക്കു സുഖമായി ജീവിക്കുന്നതിന്നും, സൌകൎയ്യവും ഹിതവുമായ പ്രവൃത്തിയിൽ ഏർപ്പെടുന്നതിന്നും വേണ്ട ആനുകൂല്യങ്ങൾ നൽകുന്നു. തന്റെ സന്താനങ്ങളുടെ കുക്ഷിയിൽനിന്നു് ആഹാരം തട്ടിയെടുത്താലും, അവരെ പട്ടിണിക്കും നഗ്നതക്കും ഇരയാക്കിയാലും, മാതാവു് ആതിത്ഥ്യമൎയ്യാദയോൎത്തു മൌനം ദീക്ഷിക്കുന്നു. എന്നാൽ ഭാരതസന്താനങ്ങൾ

അന്യദിക്കുകളിൽ ചെന്നാൽ അവക്ക് അഭിമാനപൂർവ്വം ജീവിക്കുന്നതിന്നു യാതൊരാനുകൂല്യങ്ങളും ലഭിക്കുന്നില്ല. വെളുത്ത മനുഷ്യൻ കറുത്ത മനുഷ്യൻെറ നാട്ടിൽ വന്നാൽ നായകസ്ഥാനം ലഭിക്കണം; കറുത്ത മനുഷ്യൻ വെളുത്ത മനുഷ്യൻെറ നാട്ടിൽച്ചെന്നാൽ ഗളഹസ്തം ചെയ്യപ്പെടുന്നു, അല്ലെങ്കിൽ അടിമത്തത്തിൽ നികൃഷ്ടമായ ജീവിതത്തിന്നു തയ്യാറാകണം. ഇതു വെളുത്ത നിറത്തിൻെറ മാഹാത്മ്യമോ, വെളുത്ത തൊലിക്കുള്ളിൽ കളിഞ്ഞിരിക്കുന്ന കറുത്ത ഹൃദയത്തിൻെറ ലക്ഷണമോ? പാശ്ചാത്യനും പൌരസ്ത്യനും തമ്മിലുള്ള അന്തരം വർണ്ണം, ഭാഷ, മതം, കാലദേശാവസ്ഥ എന്നിവയെ അടിസ്ഥാനപ്പെടുത്തിയ മനോഭാവത്തെയാണാശ്രയിച്ചിരിക്കുന്നതു്. എന്നാൽ സമീപസ്ഥവും പൌരസ്ത്യവുമായ ബർമ്മ, മലയേഷ്യാ, സിംഹളദ്വീപു മുതലായ സ്ഥലങ്ങളിൽപ്പോലും ഭാരതസന്താനങ്ങൾക്കു പ്രാതികൂല്യങ്ങൾ നേരിടുന്നതല്ലേ അത്ഭുതം! അവിടെ കാലദേശാവസ്ഥകൾക്കാകട്ടെ, വർണ്ണം, മതം, ഭാഷ എന്നിവയിലാകട്ടെ വലിയ വ്യത്യാസങ്ങളില്ലെന്നു മാത്രമല്ല, ഭാരതമാതാവിൻെറ രക്തംതന്നെയാണ് ഈ രാജ്യവാസികളിൽ ചിലരുടെ സിരയിൽ പ്രവഹിച്ചുകൊണ്ടിരിക്കുന്നതും. ഇവരുമായുള്ള രാഷ്ട്രീയബന്ധത്തിനു് അല്പം അയവു വന്നപ്പോൾ സ്വസഹോദരങ്ങളെ അവിടെനിന്നും ബഹിഷ്കൃതരാക്കുന്നതല്ലേ ശോചനീയം! ഭാരതീയനു് എവിടെ ചെന്നാലും ഒരു നിലയും വിലയുമില്ലെന്നോ? ഈ വിഷമസ്ഥിതിയെ പരിഹരിക്കണമെങ്കിൽ 'പാശ്ചാത്യനു പാശ്ചാത്യരാജ്യം, ബർമ്മക്കാരനു ബർമ്മ, സിംഹളനു സിംഹളം' എന്ന നയംതന്നെ ഭാരതവും സ്വീകരിക്കണം. ഭാരതം ഭാരതീയൻെറതുമാത്രം എന്നു വന്നാൽ അന്യരുടെ പടിക്കൽച്ചെന്നു മുട്ടാതെ കാലം കഴിക്കാറാവും. 'സൌഹാർദ്ദമനോഭാവത്തെ പുലർത്തുവിൻ' 'മത്സരഭീഷണി കൂട്ടാതിരിക്കുവിൻ' എന്നൊക്കെ ഭാരതീയനേതാക്കന്മാർ ഉപദേശിക്കുന്നു. സൌഹാർദ്ദമനോഭാവം ഒരു വശത്തും, മാത്സര്യവും വെറുപ്പും മറുവശത്തും വന്നു

ചേൎന്നാൽ പ്രയോജനകരമായ ഫലം എങ്ങിനെ ഉണ്ടാകും? ഇങ്ങിനെയുള്ള ചോദ്യമാണു് ഇന്നത്തെ യുവഭാരതീയഹൃദയത്തിൽ മാറെറാലിക്കൊള്ളുന്നതു്.

സിംഹളദ്വീപിൽനിന്നു മടങ്ങിവന്ന പരിവട്ടത്തുകാർ അവിടത്തെ തൊഴിലില്ലാസ്സംഘത്തിൻെറ വണ്ണം വൎദ്ധിപ്പിച്ചു എന്നു നാം കണ്ടുവല്ലോ. ഇവരിൽ ചുരുക്കം ചിലർ മാത്രമേ പൈസക്കാരായിരുന്നുള്ളു; അനിശ്ചിതമായ ഒരു ഭാവി അവരെ നേരിട്ടിരിക്കകൊണ്ടു് അവർ മററുള്ളവൎക്കു ധനസഹായം ചെയ്വാൻ തെയ്യാറായിരുന്നില്ല. തങ്ങളുടെ ഇത്രനാളത്തെ ശ്രമം വിഫലമാകുമോ എന്ന വിചാരം പരിവട്ടത്തെ ഗ്രാമോദ്ധാരണസംഘക്കാരെ ഭഗ്നോത്സാഹരാക്കാൻ തുടങ്ങി. അവരുടെ സഭകളും സമിതികളും പല പ്രാവശ്യം കൂടുകയും പല ആലോചനകളും നടത്തുകയും ചെയ്തുവെങ്കിലും പ്രായോഗികമായി യാതൊന്നും ചെയ്വാൻ വഴി കാണാതെ കുഴങ്ങി. ഇങ്ങിനെ മാസം മൂന്നു വലിഞ്ഞുനീങ്ങി; വൎഷകാലവും, കൎക്കടകപ്പഞ്ഞവും, ദാരിദ്ര്യവും ക്രമേണ രോഗികളുടെ എണ്ണത്തെയും വൎദ്ധിപ്പിക്കാനുള്ള വട്ടമായി. ഗ്രാമസേവകസേവിനികളുടെ മുഖം നൈരാശ്യംകൊണ്ടു മങ്ങിത്തുടങ്ങി. ഈശ്വരസഹായം ശരിയായ സമയത്തേ കിട്ടുകയുള്ളു; വിഷമഘട്ടങ്ങൾ നേരിടും മുൻപു് ആ അനുഗ്രഹം ലഭിക്കുന്നപക്ഷം മനുഷ്യർ പ്രയത്നവിമുഖന്മാരോ, സ്വസഹായത്തിൽ വിശ്വാസമില്ലാത്തവരോ ആയിത്തീൎന്നേക്കാം; വൈഷമ്യങ്ങൾ മൂൎദ്ധന്യദശയിൽ എത്തുമ്പോൾ, മനുഷ്യരുടെ ക്ഷമ നൈരാശ്യത്തിൽ കലാശിക്കാതിരിക്കുവാൻവേണ്ടി പരമകാരുണികനായ ഈശ്വരൻ തൻെറ രക്ഷാഹസ്തം നീട്ടിക്കൊടുക്കുന്നു. ഇത്തരം ഒരു രക്ഷാഹസ്തം ഒരു സന്ന്യാസിവൈദ്യൻെറ രൂപത്തിൽ, ഈ ആപത്സന്ധിയിൽ പരിവട്ടത്താവിൎഭവിച്ചു.

അതിവൎഷത്താൽ പരിവട്ടത്തു പുഴയിൽ സാധാരണയിൽ കവിഞ്ഞു വെള്ളപ്പൊക്കമുണ്ടാകയും പുഴയ്ക്കു സമീപം പാൎത്തിരുന്ന പതിനഞ്ചോളം പുലക്കുടികൾ തകൎന്നുവീണു് ഒഴു

ക്കിൽപ്പെട്ടു നശിക്കയുംചെയ്തു. ഇവരിൽ ഏതാനും കുടിക്കാർക്കു കുന്നിൻചെരുവിൽ പാർത്തിരുന്ന അവരുടെ ബന്ധുക്കൾ തങ്ങളുടെ കുടിലുകളുടെ ഓരോ മൂല ഒഴിച്ചുകൊടുത്തു. ഗ്രാമവാസികളുടെ പരിശ്രമത്താൽ പിറേറന്നുതന്നെ അവിടെ ഒരു നെടുമ്പുര കെട്ടി മററു കുടിക്കാരെയും മഴയിൽ നിന്നും വെള്ളപ്പൊക്കത്തിൽനിന്നും രക്ഷിച്ചു. ജീവഹാനി ആർക്കും സംഭവിച്ചില്ലെങ്കിലും പലരുടേയും സാമാനങ്ങൾ വെള്ളത്തിൽ ഒലിച്ചുപോയി; ആഹാരത്തിനും ഈറൻ മാററാനുംകൂടെ നിവൃത്തിയില്ലാതെ സാധുക്കൾ കുഴങ്ങി. ഗ്രാമസേവകസേവിനികൾ കാററും മഴയും കൂട്ടാക്കാതെ, വീടുതോറും നടന്നു കഞ്ഞിയും ചോറും പഴയ വസ്ത്രങ്ങളും ശേഖരിച്ചു്, ഉച്ചതിരിയുംമുമ്പു വിശന്നും തണുത്തും വലഞ്ഞ സാധുക്കൾക്കു തല്ക്കാലാശ്വാസം നൽകി.

പകൽ അല്പം ശമിച്ചുനിന്ന കാററും മഴയും സന്ധ്യ സമീപിച്ചപ്പോൾ ഉഗ്രതയോടെ വീണ്ടും പുറപ്പെട്ടു. പുലയരെ കുടിലുകളിലും നെടുമ്പുരയിലും ആക്കി, അവക്കു് ആഹാരവും മാററുവാൻ വസ്ത്രങ്ങളും കൊടുത്തു്, മടങ്ങിവരുന്ന ദേശസേവകസംഘം അവരുടെ ആപ്പീസുകെട്ടിടത്തിൽ അഭയംപ്രാപിക്കേണ്ടിവന്നു. ഇന്നത്തെക്കഥ ഒരുവിധം കഴിഞ്ഞു, ഇനി നാളെത്തേതും നീളേത്തേതും എങ്ങിനെ എന്ന ചോദ്യം പലരുടെ മുഖത്തുനിന്നും പുറപ്പെട്ടു. അവർ തങ്ങളുടെ ഈറൻവസ്ത്രങ്ങളേയും വിശന്നുവലയുന്ന ഉദരത്തേയുംകൂടെ ഗണ്യമാക്കാതെ അക്കാര്യം ആലോചിക്കുവാനായി കൂടിയിരുന്നു.

ഒരാൾ—ആപത്തു വരുമ്പോൾ ഒന്നായിട്ടാണല്ലോ, ഇനി എന്താണീശ്വരാ ഗതി? മുന്നോട്ടു പോകുവാനുള്ള വഴി അടഞ്ഞു എന്നു മാത്രമല്ല, പിന്നോക്കം വലിയേണ്ടിയും വന്നല്ലോ.

രണ്ടാമൻ—പുലയസ്ത്രീകൾ വില്ക്കാൻ തെയ്യാറാക്കി വെച്ചിരുന്ന കൊട്ടകൾ, വട്ടികൾ, തലക്കുടകൾ, മുറങ്ങൾ മുതലായവ ഒഴുക്കിൽക്കൂടെ ഒലിച്ചുപോകുന്നതു കണ്ടു്, അവർ വയററത്തടിച്ചു നിലവിളിച്ച വിളി കേട്ടു സഹിക്കവയ്യാത്തതായിരുന്നു.

മൂന്നാമൻ—തയ്യാറാക്കിവെച്ചവ പോയ്പോയതു മാത്രമോ, കൈവേലയ്ക്കുള്ള ഉപകരണങ്ങളുംകൂടെ ഒഴുക്കിൽപ്പെട്ടുപോയല്ലോ. എത്ര ചക്രകൾ, കയറുപിരിക്കുന്ന റാട്ടുകൾ, പണിയായുധങ്ങൾ മുതലായവയാണ് ഒലിച്ചുപോയതു്! വല്ലതും പ്രവൃത്തി എടുക്കാൻപോലും അവക്കിനി ഉപകരണങ്ങൾ കൂടാതെ സാധിക്കുന്നതെങ്ങിനെ?

വെള്ളപ്പാൻകാലത്തു പുലക്കുടിലുകളിൽ വെള്ളം കയറിത്തുടങ്ങിയപ്പോൾ പുലയരുടെ നിലവിളി കേട്ടു ഗ്രാമവാസികൾ ഓടിയെത്തിയ കൂട്ടത്തിൽ, അട്ടിക്കിൽ അപരിചിതനായ, മധ്യവയസ്കനായ ഒരു സന്ന്യാസിയും, ചെറുപ്പക്കാരും അതിബലശാലികളുമായ അദ്ദേഹത്തിന്റെ രണ്ടു ശിഷ്യന്മാരും ഉണ്ടായിരുന്നു. ജലപ്രവാഹത്തിൽനിന്നും സ്ത്രീകളേയും കുട്ടികളേയും എടുത്തുകൊണ്ടുപോയി രക്ഷിക്കുന്നതിലും മററും ഇവർ ചെയ്ത സഹായം അത്ഭുതകരമായിരുന്നു. ഓരോതരം രക്ഷാപ്രവൃത്തികളിൽ എല്ലാവരും ഏർപ്പെട്ടിരുന്നതുകൊണ്ടു് ഇവരാരെന്നോ മററോ അന്വേഷിക്കാനോ, അവർ ചെയ്ത അതിരററ സഹായത്തിനു നന്ദിപറവാനോ ആക്കും സാധിച്ചില്ല. തങ്ങളുടെ ചങ്ങാതിമാരോടൊപ്പം അവരോടും ഓരോന്നു പറഞ്ഞു ചെയ്യിക്കയും, അവരുടെ ഉപദേശങ്ങളെ സ്വീകരിക്കയും തങ്ങളുടെ ജീവനെപ്പോലും കൂട്ടാക്കാത്ത അവരുടെ സാഹസപ്രവൃത്തികളെ മനസാ അഭിനന്ദിക്കയും ചെയ്കയേ ഉണ്ടായുള്ളു. ഘോരമാരിയിൽനിന്നു് ഒഴിഞ്ഞുനില്പാനായി അവർ മൂവരും ഈ സന്ദർഭത്തിൽ ആ കെട്ടിടത്തിന്റെ വരാന്തയെ അഭയംപ്രാപിച്ചിരുന്നു. ഉള്ളിലുണ്ടായിരുന്നവരുടെ സംസാരം കേട്ടു സന്ന്യാസിയുടെ യുവശിഷ്യരിലൊരാൾ വാതില്ക്കൽ വന്നുനിന്നു പറഞ്ഞു: "തെക്കേപ്പാലത്തിനു സമീപത്തുവെച്ചു് ഒലിച്ചുപോയ ചില സാമാനങ്ങളെ ഞാൻ വലിച്ചെടുത്തു അടുത്തുള്ള ചായപ്പീടികക്കാരനെ ഏല്പിച്ചിട്ടുണ്ടു്."

പലയംകൂടെ—ഉവ്വോ, അതെങ്ങിനെ സാധിച്ചു?

വേറെ ചിലർ—കഴക്കിൻെറ ഊക്കിൽ നില്ക്കാനുംകൂടെ സാധിച്ചിരുന്നില്ല.

ഒരാൾ—ഈ അത്യാപത്തിൽ സാധുപുലയരെ രക്ഷിക്കാൻ നിങ്ങൾ ചെയ്ത ശ്രമം വലിയ സഹായമായിരുന്നു.

നിങ്ങളുടെ കൂട്ടുകാരെവിടെ?

യുവാവു്—അവർ ഈ വരാന്തയിൽത്തന്നെ ഉണ്ടു്.

ഒരാൾ—അകത്തു വരരുതോ? ഞങ്ങൾ നിങ്ങൾക്കു പ്രത്യേകം നന്ദിപറയേണ്ടിയിരിക്കുന്നു. നമുക്കു് അവരെ അകത്തേയ്ക്കു വിളിക്കാം.

ഇങ്ങിനെ പറഞ്ഞതു കേട്ടു് ഉള്ളിലിരുന്ന പലരും വാതുക്കൽച്ചെന്നു സന്ന്യാസിയേയും കൂട്ടുകാരേയും അകത്തേയ്ക്കു ക്ഷണിച്ചു. "ഞങ്ങളുടെ വസ്ത്രങ്ങൾ നനഞ്ഞൊലിക്കുന്നു; ഉള്ളിൽ കടന്നുവന്നു മുറിയുംകൂടെ നനയ്ക്കുന്നതെന്തിനു്?

മൂന്നാമൻ—ഞങ്ങളുടെ സ്ഥിതിയും അതുതന്നെ; പിന്നെ നിങ്ങൾ മടിക്കുന്നതെന്തിനു്? ഇവിടെ നിന്നാൽ കാററിൻെറ ഊക്കു തടുക്കാൻവയ്യാ; മഴ അല്പം ശമിച്ചല്ലാതെ പോകാനും തരമില്ല.

ഒന്നാമൻ—നിങ്ങൾ എവിടെനിന്നാണെന്നും മററും അറിയുന്നില്ല. ആരായാലും ഈ ആപത്സന്ധിയിൽ ഞങ്ങൾക്കു് ഈശ്വരൻ അയച്ചുതന്ന രക്ഷാപുരുഷന്മാരായിട്ടാണു് നിങ്ങളെ ഞങ്ങൾ കരുതേണ്ടതു്.

സന്ന്യാസി—ഞങ്ങൾ ദേശാടനം ചെയ്യാൻ പുറപ്പെട്ടവർ; ഇന്നലെ രാത്രി ഇവിടെ എത്തി, ഒരു പീടികയുടെ കോലായിൽ കഴിച്ചുകൂട്ടി. പുലയരുടെ നിലവിളി കേട്ടു് അവിടെ എത്തി അല്പം ചില സഹായം ചെയ്യാൻ സാധിച്ചതിൽ ഞങ്ങൾക്കു സന്തോഷമുണ്ടു്.

ഒന്നാം ശിഷ്യൻ—ഞങ്ങൾക്കു് ഇവിടെ കുറച്ചു ദിവസം താമസിക്കേണമെന്നുണ്ടു്; ഒരു സ്ഥലം കിട്ടിയാൽ നന്നായിരുന്നു.

രണ്ടാം ശിഷ്യൻ—അന്യരെ ആശ്രയിച്ചുപജീവിക്കുന്നവരല്ലാ ഞങ്ങൾ. സാധുക്കൾക്കു ഞങ്ങളാൽ കഴിയുന്ന സഹായസേ

വനങ്ങൾ ചെയ്യാൻ എപ്പോഴും സന്നദ്ധതയോടുകൂടിയിരിക്കുന്നവരാണ്.

ഒന്നാമൻ—അപ്പോൾ എൻെറ അനുമാനം ശരിയായില്ലെ? ആപൽഘട്ടത്തിൽ സാധുസംരക്ഷണത്തിന്നായി എത്തീട്ടുള്ള രക്ഷാപുരുഷന്മാർതന്നെയാണ്.

സന്ന്യാസി—ഞങ്ങളും നിങ്ങളെപ്പോലെ സാധാരണമനുഷ്യർ. നിങ്ങളെ ആശ്രയിച്ചു ജീവിക്കുന്ന ആ സാധുപുലയരെ രക്ഷിക്കുന്നതിൽ നിങ്ങൾ സ്ത്രീപുരുഷന്മാർ ചേൎന്നു പ്രയത്നിക്കുന്നതു കണ്ടു് ഞാൻ പരമാനന്ദമനുഭവിക്കതന്നെ ചെയ്തു. മലയാളരാജ്യത്തിൽ അയിത്തോച്ചാടനം ഇത്രത്തോളം ഫലപ്രദമായിക്കണ്ടതിൽ എത്ര ചാരിതാൎത്ഥ്യമാണുണ്ടാകുന്നതു്! പാൎപ്പിടമില്ലാത്തതായിത്തീൎന്നിരിക്കുന്ന സാധുക്കൾക്കുവേണ്ടി നിങ്ങൾ എന്തു ചെയ്യാനാണുദ്ദേശിക്കുന്നതു്? ഞാനും എൻെറ ശിഷ്യന്മാരും ഞങ്ങളാൽ കഴിയുന്ന സഹായം ചെയ്യാൻ തെയ്യാറാണു്. ഞങ്ങൾക്കു പാൎക്കാൻ ഒരു ചെറിയ സ്ഥലം മാത്രം വേണം; അതിന്നു വാടകയും തരാം.

ഒരു മദ്ധ്യവയസ്കൻ—ഇവിടെ ഒരു സന്ന്യാസിമഠമുണ്ടു്. ചെറിയ സ്ഥലമാണു്; അതു മതിയാവുമെങ്കിൽ തരാം. വാടകയും മററും വേണ്ടാ. താക്കോൽ എൻെറ കൈവശമുണ്ടു്. ഇപ്പോൾത്തന്നെ തുറന്നു വൃത്തിയാക്കിത്തരാം.

വേറൊരു ഗ്രാമവാസി—ഞങ്ങൾ യുവാക്കന്മാർ പത്താൾ ചെയ്ത യത്നം നിങ്ങളിൽ ഓരോരുത്തരും ചെയ്തിട്ടുണ്ടു്; അങ്ങിനെയുള്ളവരിൽനിന്നു ഞങ്ങൾ സന്ന്യാസിമഠത്തിനു വാടക വാങ്ങുകയോ? സന്ന്യാസിമഠം വാടകയ്ക്കു കൊടുക്കാനുള്ളതുമല്ല. നിങ്ങൾക്കു യഥേഷ്ടം ഉപയോഗിക്കാം.

സ—ഞങ്ങൾ തരുന്ന വാടക നിങ്ങൾക്കു് ഈ കഷ്ടത്തിൽപ്പെട്ടിരിക്കുന്നവരെ സഹായിക്കുന്നതിനുപയോഗിക്കാമല്ലൊ. താക്കോൽ ഇന്നുതന്നെ കിട്ടിയാൽ വേണ്ടില്ല. ഞങ്ങളുടെ സാമാനങ്ങൾ ഒരു പീടികയിൽ വെച്ചിരിക്കുകയാണു്. പീടിക പൂട്ടുന്നതിനുമുമ്പു് എടുത്തുകൊണ്ടുവന്നു സൂക്ഷിക്കണം.

മ. വ—എന്നാൽ പുറപ്പെടാം. എന്നോടൊരുമിച്ചു വരിൻ. അടിച്ചുവാരി വൃത്തിയാക്കി ഉടൻ തരാം.

ശിഷ്യന്മാർ—വൃത്തിയാക്കൽ ഞങ്ങൾതന്നെ കഴിച്ചുകൊള്ളാം.

ഒന്നാംഗ്രാമവാസി—നിങ്ങൾ ആരാണെന്നും എവിടെനിന്നു വരുന്നു എന്നുംമററും അറിയേണമെന്നാഗ്രഹമുണ്ട്. നിങ്ങൾക്കു ഞങ്ങൾ വളരെ കടപ്പെട്ടുകഴിഞ്ഞു. മേലാലും ഞങ്ങളെ സഹായിക്കാമെന്നേററിരിക്കുന്ന ഉദാരമതികളായ നിങ്ങളെപ്പററി എന്തെങ്കിലും വിവരം ലഭിക്കണമെന്ന ന്യായമായ ആഗ്രഹം മാത്രമാണ് ചോദിക്കാൻ കാരണം. സാധാരണ സന്യാസിമാരെപ്പോലെ അല്ലെന്നു മാത്രമല്ലേ അറിഞ്ഞുള്ളു.

ശിഷ്യരിലൊരാൾ—മററുള്ളവരാൽ പൂജിച്ചാരാധിക്കപ്പെടേണ്ടവരല്ലാ, അഹോവൃത്തിക്കുവേണ്ടി കാഷായവസ്ത്രം ധരിച്ചവരുമല്ലാ ഞങ്ങൾ.

സ—ഞങ്ങൾ കേരളത്തോടു ബന്ധപ്പെട്ടവർതന്നെ. ഞങ്ങളുടെ ഇതേവരെയുള്ള ജീവിതകാലം മുക്കാലും പരദേശത്തിൽ പ്രവൃത്തി എടുത്തു കാലക്ഷേപം കഴിച്ചു. ഇപ്പോൾ കേരളത്തെ സേവിപ്പാനൊരുമ്പെട്ടു പുറപ്പെട്ടിരിക്കയാണ്. ജാതിമതവ്യത്യാസമില്ലെന്നു കാണിക്കുന്നതാണ് ഞങ്ങളുടെ കാഷായവസ്ത്രങ്ങൾ. സാധുസംരക്ഷണം, സഹജീവിസേവനം ഇവയാണ് ഞങ്ങളുടെ ഇപ്പോഴത്തെ ജീവിതോദ്ദേശം.

ഒന്നാംഗ്രാമവാസി—ഞങ്ങളുടെ ജിജ്ഞാസ ഇത്രയുംകൊണ്ടു തൃപ്തിപ്പെട്ടു. ജാതിമതവ്യത്യാസവും, അയിത്തം മുതലായ അനാചാരങ്ങളും ഞങ്ങളുടെ ഈ ഗ്രാമത്തിൽനിന്ന് ഒട്ടുമുക്കാലും ബഹിഷ്കരിച്ചുകഴിഞ്ഞിരിക്കുന്നു. തൊഴിലില്ലായ്മയും ദാരിദ്ര്യവും രോഗവുമാണ് ഇപ്പോൾ ഞങ്ങളെ വിഷമിപ്പിക്കുന്ന പ്രശ്നങ്ങൾ. അവയെ അകററുവാൻ വല്ലതും ഒരു വഴി കണ്ടുപിടിക്കുമ്പോൾ, മററു മാർഗ്ഗങ്ങളിൽക്കൂടെ അവ വദ്ധിക്കുന്നു. കണ്ടില്ലേ ഇന്നത്തെ വൈഷമ്യം! കുടിക്കാൻ കഞ്ഞിക്കുള്ള വകപോലും ഇല്ലാത്തവരുടെ പാർപ്പിടങ്ങളും പണി

ആയുധങ്ങളുംകൂടെ നശിച്ചു. പത്തുപതിനഞ്ചു കുടുംബങ്ങ ളെ ഏതുവിധത്തിൽ പുലത്തും? ഞങ്ങളുടെ കൂട്ടത്തിൽ കു ബേരന്മാരില്ല.

സന്യാസി—കുബേരന്മാരുടെ ഭണ്ഡാരത്തേക്കാൾ കുചേലന്മാ രുടെ ഭിക്ഷാപാത്രമാണു് സാധുസംരക്ഷണത്തിനു് എപ്പോ ഴും കരുക്കമുള്ളതു്.

മദ്ധ്യവയസ്കൻ—നേരം വൈകുന്നു. മഴയും അല്പം ശമിക്കുന്ന വട്ടമാണു് കാണുന്നതു്. നമുക്കിപ്പോൾ പോകാം. നാളത്തെ കഥ നാളെ ആലോചിക്കാം. ഈശ്വരൻ ഒരു വഴി കാണി ച്ചുതരും.

സ. ശി—നാളെ രാവിലെ ഞങ്ങൾ നെടുമ്പുരയിൽ എത്തി ക്കൊള്ളാം; ഒഴുക്കിൽനിന്നു പിടിച്ചെടുത്ത സാധനങ്ങൾ അപ്പോൾ കൊണ്ടുവരാം.

സ—യാത്ര പറയുമ്മുമ്പു ഞങ്ങൾക്കു് ഒരു കാര്യംകൂടെ ചെയ്യാ നുണ്ടു്: നിങ്ങളോടൊപ്പം ഇന്നു മുഴുവൻ പണിപ്പെട്ട ഈ കുമാരികളെ ഞങ്ങൾ ഭക്തിയോടുകൂടെ വണങ്ങുന്നു. അവ രുടെ സാന്നിദ്ധ്യവും പ്രവൃത്തികളും നമുക്കിന്നു അമൂല്യസ ഹായമായിരുന്നു. അവക്കു ഞങ്ങളുടെ വിനീതനമസ്കാര ങ്ങൾ.

ഇങ്ങിനെ പറഞ്ഞുകൊണ്ടു് അവിടെ ഒരു കോണിൽ ന നഞ്ഞൊലിച്ചു വിറച്ചുകൊണ്ടിരുന്ന സ്ത്രീകളെ നോക്കി അവർ പ്രണാമാപ്പണംചെയ്തു. സ്ത്രീകളും അവരെ കൈകൂപ്പി പ്രതി വന്ദനംചെയ്തു. സന്യാസിയുടെ നേത്രങ്ങൾ അവരിൽ ഒരാളാ യ ചന്ദ്രികയുടെ മേൽ പതിഞ്ഞപ്പോൾ, ആ കുമാരി എ ന്തോ ഒരത്ഭുതശക്തിയാൽ പ്രേരിതയായിട്ടെന്നപോലെ മു ന്നോട്ടു വന്നു്, അദ്ദേഹത്തിന്റെ പാദസ്പശം ചെയ്യാൻ കുമ്പി ട്ടു. അദ്ദേഹം തന്റെ ഇരുകരങ്ങളും പൊക്കി അവളെ അനു ഗ്രഹിച്ചു്, ശീഘ്രം ആ മുറിവിട്ടു പുറത്തിറങ്ങി.

തലേനാൾ പറഞ്ഞുറച്ചിരുന്നതനുസരിച്ചു നമ്മുടെ ര ക്ഷാസംഘം രാവിലെതന്നെ നെടുമ്പുരയിൽ എത്തി. മഴയുടെ

യും കാററിൻേറയും ശക്തി കുറഞ്ഞിരുന്നെങ്കിലും, രാത്രി മുഴുവൻ ചെറുമഴ പെയ്തുകൊണ്ടിരുന്നു. ബദ്ധപ്പാടിൽ നിർമ്മിച്ച പുര അവിടവിടെ ചോർന്നൊലിക്കുകൊണ്ടും, നിലം ഈറനായിരുന്നതുകൊണ്ടും അതിനുള്ളിൽ കഴിച്ചുകൂട്ടിയവരൊക്കെ തണുപ്പുനിമിത്തം അവശരായിത്തീർന്നിരുന്നു. വൃദ്ധകളും ശിശുക്കളും ആണു് അത്യധികം ക്ലേശിക്കേണ്ടിവന്നതു്. രക്ഷാസംഘത്തിലെ സ്ത്രീകൾ ഇവരെ ഉടൻതന്നെ ശിശുശുശ്രൂഷാമന്ദിരത്തിലേക്കു കൊണ്ടുപോയി വേണ്ട ശുശ്രൂഷകൾ ചെയ്തും, ചൂടുവസ്ത്രങ്ങൾകൊണ്ടു പുതപ്പിച്ചും, ചൂടുള്ള ആഹാരം കൊടുത്തും, ക്ലേശശമനം വരുത്തി. യുവാക്കന്മാർ ചിലർ ഓലച്ചൂട്ടുകളും ചിരട്ടയും കൊണ്ടുവന്നു തീക്കൂട്ടി നെടുമ്പുരയിലുണ്ടായിരുന്നവർക്കും ആശ്വാസം നൽകി. പുലയർ ചിലർ തങ്ങളുടെ പഴയ പാർപ്പിടങ്ങൾ പോയി നോക്കി 'കണ്ണുനീരും കൈയ്യു'മായി മടങ്ങി എത്തി. ഇതിലിടക്കു സന്ന്യാസിയും ഒരു ശിഷ്യനും കുറെ അരിയും സാമാനവും കൊണ്ടുവന്നു ചേർന്നു. ഇതു കണ്ടു് ചില യുവാക്കന്മാർ അടുത്തുള്ള ഭവനങ്ങളിൽ ചെന്നു വെപ്പുപാത്രങ്ങളും വിറകും കൊണ്ടുവന്നു. പുലയസ്ത്രീകളും പുരുഷന്മാരും ചേർന്നു ഭക്ഷണം തയ്യാറാക്കി.

മൂന്നു ദിവസം കാര്യങ്ങൾ ഇത്തരത്തിൽ കഴിഞ്ഞു. കഞ്ഞിക്കുള്ള അരിസാമാനങ്ങൾ സന്ന്യാസിയും ശിഷ്യന്മാരുമാണു് കൊണ്ടുവന്നതു്. മററുള്ളവർ കിടക്കുവാൻ പായകളും പലകകളും പഴയ വസ്ത്രങ്ങളും ഗ്രാമത്തിൽനിന്നു ശേഖരിച്ചു കൊണ്ടുവന്നു പങ്കിട്ടുകൊടുത്തു. നാലാംദിവസം മഴ തീരെ ശമിച്ചു. ഒരു ചെറിയ നെടുമ്പുരയിൽ പതിനൊന്നു കുടുംബക്കാർ, ഗ്രാമവാസികളുടെ ധർമ്മബോധത്തോടുകൂടിയ സഹായം ലഭിച്ചു്, ഏകകുടുംബമെന്നവണ്ണം തൃപ്തിയോടുകൂടെ വസിക്കുന്ന കാഴ്ച കാണ്മാൻ ആകാശത്തിൽ പ്രത്യക്ഷനായ ആദിത്യഭഗവാൻ പുരയ്ക്കുള്ളിലേയ്ക്കും തൻെറ പ്രകാശകിരണങ്ങളെ തുളച്ചുകയററി. അന്നു വൈകുന്നേരം ഭാവികാര്യനിർവ്വഹണത്തെപ്പററി ആലോചിപ്പാനായി സംഘമാഫീസിൽ ഗ്രാമ

വാസികളുടെ ഒരു സഭ കൂടി. രക്ഷാസംഘത്തോടൊപ്പം സന്ന്യാസിയും ശിഷ്യന്മാരും അവിടെ സന്നിഹിതരായിരുന്നു. അവർ പുഴയിൽനിന്നു വലിച്ചെടുത്ത സാമാനങ്ങളും പണിസാമഗ്രികളും അവിടെ കൊണ്ടുവന്ന് ഉടമസ്ഥക്ക് തിരിച്ചുകൊടുത്തു. വില്പനക്കു തയ്യാറാക്കിവെച്ചിരുന്ന കൊട്ടകൾ വട്ടികൾ മുതലായവ കുറേശ്ശെ കേടുവന്നു പോയിരുന്നു. പണിസാമഗ്രികളുടെ കൂട്ടത്തിൽ ലഭിച്ച ചക്രകൾ, റാട്ടുകൾ, മൺവെട്ടികൾ, മഴുക്കൾ, നുകങ്ങൾ, കലപ്പകൾ എന്നിവ ഉപയോഗയോഗ്യങ്ങളായിക്കണ്ട് ഇവയുടെ ഉടമസ്ഥക്ക് സന്തോഷമായി. എന്നാൽ അവയെ മേലാൽ സ്വകാര്യസാധനങ്ങളായി വെയ്ക്കുകയില്ലെന്നും, പൊതുസ്വത്തായി കരുതി ഉപയോഗിച്ചുകൊള്ളുന്നതാണെന്നും പുലയരുടെ പ്രതിനിധി യോഗത്തിൽവെച്ചു പറഞ്ഞു.

പുലയക്ക് ഭവനം നിർമ്മിക്കുന്ന കാര്യത്തെപ്പററിയാണ് സംഘം ആദ്യമായി ആലോചിച്ചത്. പഴയ ഭവനങ്ങൾ നിന്നിടത്ത് ചില ചുമരിൻശകലങ്ങളും, മേൽപുരയുടെ അവശിഷ്ടങ്ങളും ഏതാനും പൊളിഞ്ഞ വാതൽപ്പലകകളും ബാക്കിയുണ്ടായിരുന്നു. മൺചുമരുകളും, മുളയും വയ്ക്കോലുംകൊണ്ടുള്ള മേൽപുരകളും പണിയുവാൻ അവരെ സഹായിക്കയും, അത്യാവശ്യമായ ചില ഉപകരണങ്ങൾ വാങ്ങുകയോ ശേഖരിച്ചു കൊടുക്കുകയോ ചെയ്തു വേഗത്തിൽ പാർപ്പിടം തെയ്യാറാക്കാൻ ഏർപ്പാടു ചെയ്യുകയുമാണ് വേണ്ടതെന്നു പുരുഷന്മാർ ചിലർ അഭിപ്രായപ്പെട്ടു. ഇതു കേട്ടു ചന്ദ്രിക പറഞ്ഞു: "പുഴക്കു സമീപം മൺകുടിലുകൾ പഴയ രീതിയിൽ ഉണ്ടാക്കീട്ടു കാര്യമൊന്നുമില്ല; ഇനിയും വെള്ളപ്പൊക്കമുണ്ടാകുമ്പോൾ അവ മറിഞ്ഞുവീഴും. വീണ്ടും ആ സാധുക്കൾ കഷ്ടത്തിലാകും."

രണ്ടാമതൊരു സ്ത്രീ—അതു ശരിയാണ്; ഈ വെള്ളപ്പൊക്കം വരുത്തിവെച്ച നാശം പ്രകൃതി നമുക്കു തന്ന ഒരു മുന്നറിവായി കരുതണം. വെള്ളപ്പൊക്കം ബാധിക്കാത്ത സ്ഥലത്ത്,

കാററിനേയും മഴയേയും എതിക്കത്തക്ക ചെറുഭവനങ്ങൾ നിമ്മിച്ചുകൊടുക്കുവാനാണ് ശ്രമിക്കേണ്ടത്.

ഒരു യുവാവ്—വലിയ ചില പട്ടണങ്ങളിലും മററും സാധുക്കൾക്കു പാക്കാൻ നിമ്മിക്കുന്ന മാതൃകാചേരികളെപ്പററി കേട്ടിട്ടുണ്ട്; ആ രീതിയിൽ പണിതാൽ നന്ന്.

ഗ്രാമാധികാരി—വളരെ നല്ല അഭിപ്രായം; പക്ഷേ അതിന്നു വേണ്ടുന്ന പണമോ? വലിയ പട്ടണങ്ങളിൽ പണക്കാരായ പൌരന്മാർ, മുനിസിപ്പാലിററി, ഗവമ്മെണ്ട് ഇവരൊക്കെ ചേൎന്നു ധനസഹായം ചെയ്യും; ഇവിടയോ?

സന്ന്യാസി—സ്വസഹായം ചെയ്യുന്നവരെ സഹായിപ്പാൻ മുനിസിപ്പാലിററിയേക്കാളും ഗവമ്മേണ്ടിനേക്കാളും പ്രബലമായ ഒരു ശക്തിയുണ്ടാകും.

ഗ്രാ. അ—സ്വസഹായം എപ്പോഴും ആദശമായി കരുതിവരുന്നവരാണ് ഞങ്ങൾ; അതുനിമിത്തം ഞങ്ങളുടെ ഗ്രാമം ഏതാണ്ടു നല്ല നിലയിൽ എത്തുമ്പോഴേയ്ക്കും ഒരു പ്രബല ശക്തിതന്നെ വഴി തടഞ്ഞു.

സ—അതെങ്ങിനെ?

ഒരു യുവാവ്—സിംഹളദ്വീപിൽ പല വിധം പ്രവൃത്തിയിൽ ഇരുന്ന ഈ ഗ്രാമക്കാർ പലരുണ്ടായിരുന്നു; അവരൊക്കെ മടങ്ങിവന്നു. മിക്കവക്കും ഒരു നേരത്തെ ആഹാരത്തിന്നു പോലും വകയില്ല. ഇവിടെ തൊഴിലില്ലായ്മ കുറയ്ക്കുവാൻ ഞങ്ങൾ ശ്രമിച്ച് ഫലപ്രാപ്തി ഏതാണ്ടു സമീപിക്കയായിരുന്നു; ഇപ്പോൾ ഇതാ അതു വദ്ധിക്കയാണ് ചെയ്തിരിക്കുന്നതു.

സ—സിംഹളദ്വീപിൽ പാത്തുവരുന്ന ഇന്ത്യാക്കാക്കു പ്രതികൂലമായ ചില ആലോചനകൾ അവിടത്തെ ഗവമ്മേണ്ടു ചെയ്യുന്നുണ്ടെന്നു കുറേ മുൻപു ഞാൻ പത്രങ്ങളിൽ വായിച്ചു; അവയെ തടയുവാൻ നമ്മുടെ നായകന്മാർ ശ്രമിക്കുന്നുണ്ടെന്നും കേട്ടു. കാൎയ്യമൊന്നും തീച്ചപ്പെടുന്നതിനുമുൻപ് ഇവർ ചാടിപ്പുറപ്പെട്ടുകളഞ്ഞോ?

രണ്ടാംയുവാവ്—ബദ്ധപ്പെട്ടു മടങ്ങിയതു സാഹസമായിപ്പോയി എന്നാണ് എനിക്കും തോന്നിയത്. പക്ഷേ അവർ പറയുന്നതു് ഗവമ്മേണ്ടു് ഇന്ത്യാക്കാരോടു പ്രതികൂലനയം പ്രയോഗിക്കാൻ പോകുന്നു എന്നു കേൾക്കാത്ത താമസം, നാട്ടുകാരും ചില്ലറ മേലധികാരികളും ഇവരെ ദ്രോഹിക്കാനും അവമാനിക്കാനും തുടങ്ങിയത്രേ. പാശ്ചാത്യരാജ്യങ്ങളിൽ തുടങ്ങിയ ജൂതമദ്ദനംപോലെ വല്ലതും ഇവിടേയും തുടങ്ങിയേക്കുമോ എന്നു പലക്കും ഭയമായി; അതുകൊണ്ടാണ് അവർ സകലം വലിച്ചെറിഞ്ഞു് ഓടിപ്പോന്നതു്.

മൂന്നാംയുവാവ്—ഈ ഗ്രാമത്തിൽ ചില കൈത്തൊഴിലുകൾ പുതുതായി ആരംഭിക്കയും, കൃഷിയും മററു ഗ്രാമീണവ്യവസായങ്ങളും അഭിവൃദ്ധിപ്പെടുത്തുകയും ചെയ്തിട്ടുണ്ടെന്ന് അവർ അറിഞ്ഞിരുന്നു. നാട്ടിൽ ചെന്നാലും പണി എടുത്തു് ഉപജീവനം കഴിക്കാമല്ലോ എന്ന സമാധാനത്തോടുകൂടെയാണ് പലരും പുറപ്പെട്ടതു്. പരാശ്രയംകൊണ്ടു് ഉപജീവിക്കേണമെന്ന് അവക്കും ഉദ്ദേശമില്ല. പക്ഷേ, ഇവിടെ തൊഴിലില്ലാത്തവർ ഇനിയും ബാക്കിയുണ്ടു്; അവക്കും ഈ പുതിയ വരവുകാക്കും എന്തു പണിയാണ് കൊടുക്കുക?

ഗ്രാമാധികാരി—വന്നവരെ സഹായിക്കാതിരിക്കാനും തരമില്ല; അവരിൽ പലരും ഞങ്ങൾക്ക് ഉപകാരം ചെയ്തവരാണ്. പക്ഷേ എന്തു സഹായമാണ് അവക്കു ചെയ്യേണ്ടതെന്ന പ്രശ്നമാണ് ഞങ്ങളെ വിഷമിപ്പിക്കുന്നതു്. ഈ വൈഷമ്യഘട്ടത്തിൽ പുലയക്കു പാപ്പിടമുണ്ടാക്കിക്കൊടുക്കുകയും വേണം. ഇതെല്ലാംകൂടെ ഇപ്പോൾ എങ്ങിനെ സാധിക്കും? അതുകൊണ്ടു പുലയർ തല്ക്കാലം പഴയ കുടിലുകളെ നന്നാക്കി ഉപയോഗിക്കട്ടെ എന്നാണ് എന്റെ അഭിപ്രായം.

ചന്ദ്രിക—തല്ക്കാലം എന്നു പറഞ്ഞു് ആ പ്രവൃത്തി നീട്ടിവെച്ചാൽ ഒരു കാലത്തും നടക്കുകയില്ല. പുതിയ വൈഷമ്യങ്ങൾ ഒന്നു കഴിഞ്ഞാൽ മറെറാന്നായി ഉണ്ടായിക്കൊണ്ടുത

ന്നെ ഇരിക്കും. ഇവ തീരുന്ന കാലമുണ്ടാകുമോ എന്നാണു് സംശയം.

കൂട്ടുകാരി ഭാർഗ്ഗവി—പുലയരുടെ ഭവനം പരിഷ്കരിച്ചല്ലാതെ അവക്കു് ആരോഗ്യകരമായ ജീവിതം ലഭിക്കയില്ല. പശുത്തൊഴുത്തുകളേക്കാറം മോശമാണു് അവരുടെ കുടികൾ.

ചന്ദ്രിക—പുലയക്കുട്ടികളുടെ ആരോഗ്യം വദ്ധിപ്പിക്കുവാൻ വേണ്ടി ഞങ്ങൾ മഹിളാസമാജക്കാർ ചെയ്യുന്ന ശ്രമമൊക്കെ വ്യഥാവിലാകുന്നു. ശരീരവും വീടും പരിസരങ്ങളും വൃത്തിയായും വെടുപ്പായും വെയ്ക്കുവാനുള്ള മാർഗ്ഗങ്ങളൊക്കെ അവക്കു മനസ്സിലാക്കിക്കൊടുത്തു. പലക്കും അവ ഗ്രഹിക്കുവാനും സാധിച്ചിട്ടുണ്ടു്. പക്ഷേ അവരുടെ കുടികളുടെ സ്ഥിതി അതിന്നു തടസ്ഥമായിരിക്കുന്നു. മഴക്കാലത്തു് ഈറൻ നിലം, വേനൽക്കാലത്തു പൊടി; ഉള്ളിൽ ഒരൊററ മുറിയല്ലേ ഉള്ളു; അടുപ്പിലെ പുകയും ചാരവും സവ്വത്ര വ്യാപിക്കുന്നു. എങ്ങിനെ വൃത്തിയായി ജീവിക്കും? കുട്ടികൾക്കുവേണ്ടി ശിശുശുശ്രൂഷാമന്ദിരം എന്തുമാത്രം പ്രയത്നിക്കുന്നു! മന്ദിരം വിട്ടു സ്വന്തം കുടിലുകളിൽ ചെന്നാൽ പൂഴിയിലും, പുകയിലും, ചാരത്തിലും, ചളിയിലും ദിവസത്തിലെ അധികഭാഗവും കഴിച്ചുകൂട്ടേണ്ടിവരുന്ന ശിശുക്കൾക്കു് എങ്ങിനെ ആരോഗ്യമുണ്ടാകും? ഇവയ്ക്കൊക്കെ ഒരൊററ പരിഹാരമാർഗ്ഗം അവരുടെ പാപ്പിടങ്ങളെ പരിഷ്കരിക്കുകയാണു്. അവയെ പുഴവക്കിൽനിന്നു മാററി കുറേക്കൂടെ ഏകാന്ത ദിക്കിൽ പണിചെയ്യിക്കണം.

വേറൊരു കൂട്ടുകാരി ജാനകി—നിവൃത്തിയുള്ള പക്ഷം മൺചുമരും മുളമേൽക്കൂട്ടും കൂടാതെ, കൽച്ചുമരുകളും ഓടുമേഞ്ഞ മേൽപ്പുരയും ആക്കണം. ഇതു് ആദായകരമായിരിക്കും; അപ്പഴപ്പോൾ മാറേറണ്ടിവരുകയില്ലല്ലോ.

ഗ്രാമാധികാരി—നമ്മുടെ പലരുടേയും വീടുപോലും പുല്ലും ഓലയും മേഞ്ഞതു്. പുലയക്കു് ഓട്ടുപുര വേണമോ?

ചന്ദ്രിക—നമുക്ക് അവ ആണ്ടുതോറും മാററാൻ സാധിക്കും. അവക്കോ? അല്ലാതെ അവസ്ഥയ്ക്കുവേണ്ടി അല്ല. നമ്മൾ ചെയ്തുകൊടുക്കുന്നപക്ഷം നന്നായിത്തന്നെ ചെയ്തുകൊടുക്കണം.

ഗ്രാമാധികാരി—ആയിരക്കണക്കിന് ഉറുപ്പിക ചെലവുവരും, അതെവിടെനിന്നുണ്ടാകും? മഹിളാസമാജക്കാർ തരുമോ?

ചന്ദ്രിക—ഞങ്ങളുടെ കൈവശം ഉള്ളതു മുഴുവൻ ചെലവിടാൻ തയ്യാറാണ്; പക്ഷേ അതുകൊണ്ടൊന്നും മതിയാവില്ല. എന്തു ചെലവു വരുമെന്നുതന്നെ നിശ്ചയമില്ലല്ലോ.

സന്യാസി—നിങ്ങൾ ഇത്രനാളും ഗ്രാമോദ്ധാരണശ്രമങ്ങൾക്കു പുറമേനിന്നു സഹായത്തിന്നപേക്ഷിച്ചിട്ടില്ലാത്ത സ്ഥിതിക്ക് ഇപ്പോൾ അങ്ങിനെ ചെയ്യരുതോ?

ഒരു ശിഷ്യൻ—'അഖിലഭാരത ഹരിജൻഫണ്ട്' എന്നൊന്നുണ്ടല്ലോ; അതിൽനിന്നു വല്ലതും കിട്ടുകില്ലേ?

ഭാർഗ്ഗവി—അവിടെത്തന്നെ ശ്രമിച്ചുനോക്കണം. വല്ലതും കിട്ടുമെന്നാശ ലഭിച്ചാൽ ഞങ്ങളുടെ പക്കലുള്ളത് എടുത്ത് ഉടൻ പണിയാരംഭിക്കാം.

ഗ്രാമാധികാരി—ആകെ എന്തു ചെലവു വേണ്ടിവരുമെന്നും, എത്ര കൈയ്യിലുണ്ടെന്നും, പുറമേനിന്ന് എന്തു കിട്ടുമെന്നും മററും തിട്ടപ്പെടുത്താതെ ബദ്ധപ്പെട്ടു പണി തുടങ്ങി, വല്ലതും കൈയ്യിലുള്ളതു കല്ലിലും മണ്ണിലും വാരി ഇട്ട്, പണി പൂർത്തിയാക്കാൻ കഴിയാതെ നഷ്ടപ്പെട്ടാലോ? നല്ലവണ്ണം ആലോചിച്ചശേഷം ഈ സാഹസത്തിന്നു പുറപ്പെട്ടാൽ മതി.

ജാനകി—ഒരു പതിനഞ്ചു ചെറുകുടുംബങ്ങൾക്കു പാർക്കാൻ സൌകര്യം വേണം. ഓരോ കുടുംബത്തിനും ഓരോ അടുക്കളയും പ്രത്യേകം ഓരോ പാർപ്പുമുറിയും എല്ലാവർക്കും പൊതുവായി ഉപയോഗിപ്പാൻ സാമാന്യം വീതിയുള്ള കോലായയും, ഇവയെങ്കിലും വേണം.

അധികാരി—പെൺകിടാങ്ങളുടെ അത്യാഗ്രഹത്തിന്ന് അറ്റത്തിയില്ല. ഇതൊക്കെ ഇപ്പോൾ സ്വപ്നം കാണുകയേ ഉണ്ടാവുള്ളു.

ചന്ദ്രിക—ഞങ്ങൾ ഇത്തരം സ്വപ്നം കണ്ടുതുടങ്ങീട്ടു കാലം കുറേയായി; ഇനി അതു കാൎയ്യത്തിൽത്തന്നെ കലാശിക്കണം. പണി തുടങ്ങിയാൽ നിശ്ചയമായും അതു പൂൎത്തിയാവുകതന്നെ ചെയ്യും.

സന്ന്യാസി—കുമാരികളുടെ ആഗ്രഹവും മനക്കരുത്തും ഇത്രത്തോളം എത്തിയ സ്ഥിതിക്ക് അവരെ ഭഗ്നോത്സാഹരാക്കരുത്. ഞാനും ശിഷ്യരും ധനശേഖരത്തിന്നായി ഉടൻ പുറപ്പെടാം. സ്വന്തം നിലയിലും ഞങ്ങൾക്കു വല്ലതും ചെയ്വാൻ സാധിക്കും. അവർ പറഞ്ഞ രീതിയിലുള്ള ഒരു കെട്ടിടത്തിന്റെ പ്ലാൻ തയ്യാറാക്കാനും, അതിന്നു വേണ്ടിവരുന്ന ചെലവു മുൻകൂട്ടി തിട്ടപ്പെടുത്താനും ഇവിടെ ആരെങ്കിലുമുണ്ടോ?

ഒരു യുവാവ്—ഈ ഗ്രാമത്തിൽ ആരുമില്ല; സമീപത്തുള്ള രാമപുരത്തുനിന്ന് ഒരാളെ വരുത്തി അതു തയ്യാറാക്കി ശരിപ്പെടുത്താം.

ഗ്രാമാധികാരി—ആ കെട്ടിടം തയ്യാറാവാൻ താമസമുണ്ടാകുമല്ലോ, അതുവരെ പുലയർ എവിടെ പാൎക്കും?

രണ്ടാംയുവാവ്—അവർ നെടുമ്പുരയിൽത്തന്നെ ഒരുവിധം കഴിച്ചുകൂട്ടട്ടെ. മഴയില്ലെങ്കിൽ വല്ല വിധവും കഴിക്കാം. പലക്കും ഇനി അവരുടെ തൊഴിലിനു പോകാമല്ലോ. ചിങ്ങം പിറന്നാൽ കൊയിത്തുമായി; അതുകൊണ്ട് അവൎക്കിനി വലിയ ബുദ്ധിമുട്ടിന്നിടയില്ല.

ഗ്രാമാധികാരി—സിംഹളത്തുനിന്നു മടങ്ങിയവരുടെ കാൎയ്യമോ?

ഒന്നാംയുവാവ്—പുലയൎക്കുവേണ്ടിയുള്ള കെട്ടിടം പണി ആരംഭിക്കുമ്പോൾ ചിലൎക്കു കുറേ നാളേയ്ക്കു പണിയായി.

ഗ്രാ. അ—കെട്ടിടംപണിക്കു കല്ലു വെട്ടാനും, ചെത്താനും, മരപ്പണിക്കും മററും പ്രത്യേകം അഭ്യാസമുള്ളവർ വേണ്ടേ?

മറെറാരു യുവാവ്—വേറെ പണികളും ഉണ്ടാകുമല്ലൊ; അതു ചെയ്യാൻ മടി ഇല്ലാത്തവക്കു ദിവസക്കൂലി കിട്ടില്ലേ? ചായത്തോട്ടത്തിലും മററും കൂലിപ്പണി എടുത്തവരും കൂട്ടത്തിൽ ഉണ്ട്.

ചന്ദ്രിക—അത്തരം പണികൾക്കൊക്കെ കൂലി കൊടുക്കുവാൻ സാധിക്കുമോ? പുലയരാൽ കഴിവുള്ള പണികളൊക്കെ അവരെക്കൊണ്ടു കൂലികൂടാതെ ചെയ്യിക്കണം. തൊഴിലില്ലാത്തവക്കു ജീവിതമാർഗ്ഗം നേടുവാനുള്ള ഒരു വഴിയല്ലാ ഇതു്.

സ—അതു ശരിയാണു്; കൃഷിയോ വ്യവസായങ്ങളോ വദ്ധിപ്പിച്ചു വേണം തൊഴിലില്ലായ്മയ്ക്കു പരിഹാരം നേടേണ്ടതു്.

ഗ്രാ. അ—വ്യവസായം വദ്ധിപ്പിക്കണമെങ്കിൽ മൂലധനം കൂടുതൽ വേണം. അതിനെന്തു മാർഗ്ഗം?

ശിഷ്യരിലൊരാൾ—നാളികേരവ്യവസായത്തിൻെറ സ്ഥിതി എന്താണു്? അതു കുറെക്കൂടെ വിപുലമാക്കരുതോ?

ഒരു യുവാവ്—ഈ ഗ്രാമത്തിൽനിന്നു വാങ്ങുവാനുള്ള നാളികേരം മുഴുവനും ഞങ്ങൾ സംഭരിച്ചു വെളിച്ചെണ്ണ ആട്ടി എടുക്കുന്നു. അതിവിടെ ചെലവാകുന്നുമുണ്ടു്. ചക്കുകൾ നാലെണ്ണമേ ഇപ്പോൾ പണി നടത്തുവാൻ ഉപയോഗയോഗ്യമായിരിക്കുന്നുള്ളു.

സന്ന്യാസി—ചക്കുകൾ ഒന്നോ രണ്ടോ കൂടെ വാങ്ങിയാൽ പുറമേനിന്നും നാളികേരം ശേഖരിച്ചു വെളിച്ചെണ്ണ തയ്യാറാക്കരുതോ? വിററഴിക്കാൻ സാധിക്കില്ലെന്നു വരുമോ?

അധികാരി—അതു പരീക്ഷിച്ചുനോക്കണം. പട്ടണങ്ങളിൽ അയച്ചു വില്പന നടത്തേണ്ടിവരും.

രണ്ടാംയുവാവ്—കുടിൽവ്യവസായവിദഗ്ദ്ധൻ ഇവിടെ വന്നിരുന്നപ്പോൾ കളിമൺവ്യവസായത്തെപ്പററി പറകയുണ്ടായി. ഇവിടത്തെ രണ്ടാളുകൾ അതിൽ പ്രത്യേകപരിശീലനം നടത്തുകയും ചെയ്തിട്ടുണ്ടു്. മൂലധനം കൂടാതെ ഒന്നും

ചെയ്യാൻ നിവൃത്തിയില്ലാതെ അവർ വെറുതേ ഇരിക്കുന്നു.

സന്ന്യാസി—അങ്ങിനെയൊ? ആകട്ടെ, താമസിയാതെ അതിന്നും മാർഗ്ഗമുണ്ടാക്കാം. ഞാൻ നാളെ യാത്ര പുറപ്പെടുകയായി. പത്തു ദിവസത്തിനുള്ളിൽ മടങ്ങാൻ ശ്രമിക്കാം. ഹരിജനഫണ്ടിൽനിന്നു വല്ലതും കിട്ടുമോ എന്നും അന്വേഷിക്കാം. അതിലിടയ്ക്കു ഹരിജനമന്ദിരത്തിൻെറ പ്ലാനും ചെലവും കണക്കുകളും ഒക്കെ തയ്യാറാക്കുക.

ഒരു യുവാവു്—അതു നാലു ദിവസത്തിനുള്ളിൽ ഞാൻ സാധിക്കാം.

ഇങ്ങിനെ തീരുമാനിച്ചു് അന്നു സംഘം പിരിഞ്ഞു. സന്ന്യാസിയും ഒരു ശിഷ്യനും പിറേറന്നു പുറപ്പെട്ടു. മറെറയാൾ സന്ന്യാസിമഠത്തിൽത്തന്നെ താമസിക്കയും ദിവസവും നെടുമ്പുരയിൽ ചെന്നു് അവിടത്തെ പാർപ്പുകാർക്കു വേണ്ടിവന്ന അത്യാവശ്യസഹായങ്ങൾ രക്ഷാസംഘത്തോടു യോജിച്ചു നടത്തുകയും ചെയ്തു.

## അദ്ധ്യായം 21

### സന്ന്യാസി

എൽ. ടി. പരീക്ഷ കഴിഞ്ഞു മടങ്ങി രാമപുരത്തു ചെന്നു് അച്ഛനമ്മമാരോടുകൂടെ ഒരു മാസം പാർത്തശേഷം, പരിവട്ടത്തു ദീർഘകാലം താമസിക്കുന്നതിനുള്ള അനുമതിയോടുകൂടെ കമലം തൻെറ മുണ്ടുപെട്ടികളും പുസ്തകഭാണ്ഡങ്ങളുമായി പുതിയ പത്തായപ്പുരയിൽ എത്തി. പരിവട്ടത്തു് ഒരു 'ബാലവിഹാരമന്ദിരം' തുടങ്ങണമെന്നുള്ള ഉദ്ദേശത്തോടുകൂടെയാണല്ലോ കമലം അക്കൊല്ലം എൽ. ടി.ക്കു പഠിച്ചതു്. ശിശുമാനസികശാസ്ത്രം ഐച്ഛികവിഷയമായെടുത്തു്, അതിൽ ശാസ്ത്രീയമായും പ്രായോഗികമായും വൈദഗ്ദ്ധ്യം നേടുവാൻ ആ യുവതി തൻെറ സമയവും ശ്രദ്ധയും മുഴുവൻ വിനിയോഗിച്ചു. പ

ക്ഷേ തൻെറ പരിവട്ടത്തെ സഖിമാൎക്ക് അവർ വിചാരിച്ചിരുന്നപോലെ പുസ്തകപാരായണംകൊണ്ട് ആ വിഷയം പരിശീലിക്കുന്നതിനോ, മന്ദിരം തുടങ്ങുവാനുള്ള ഉപകരണങ്ങളും മററും തയ്യാറാക്കുന്നതിനോ കഴിഞ്ഞിരുന്നില്ല. ഹരിജനങ്ങൾക്കു പററിയ നഷ്ടത്തെ പരിഹരിച്ചുകൊടുക്കുന്നതിൽ അവർ നാനാപ്രകാരേണ ശ്രമിക്കേണ്ടതായി വന്നതുകൊണ്ട് തങ്ങളുടെ പഠനക്ലാസ് ക്രമമായി നടത്തുവാനോ, പുതിയ പുസ്തകങ്ങളോ മാസികകളോ വാങ്ങുന്നതിനു പണം ചെലവിടുവാനോ അവൎക്കു സാധിക്കാതേയും വന്നു. 'മന്ദിരം' തുടങ്ങുവാൻ താമസം നേരിടുമെന്നു കണ്ടപ്പോൾ കമലത്തിന്ന് അല്പം ഇച്ഛാഭംഗമുണ്ടായെങ്കിലും, സ്വല്പകാലത്തിനുള്ളിൽ അവിടെ പണിതുതീൎത്ത പുതിയ ഹരിജനമന്ദിരം കണ്ട് അവൾ ഏറെക്കുറെ സമാധാനപ്പെട്ടു. കമലം പരിവട്ടത്തെത്തിയ മൂന്നാം ദിവസം ഉച്ചഭക്ഷണം കഴിഞ്ഞു പുതിയ പത്തായപ്പുരയിലെ ഉമ്മറക്കോലായിൽ വല്യമ്മയും രണ്ടു പൌത്രിമാരുംകൂടെ വിശ്രമിച്ചുകൊണ്ടിരുന്നപ്പോൾ ഉണ്ടായ സംഭാഷണം ശ്രവിക്കുക:—

നാ. അ—വലിയ പട്ടണങ്ങളിൽപ്പോലും 'ബാലവിഹാരമന്ദിര'ങ്ങൾ എത്ര അപൂൎവ്വമായിട്ടേ നടത്തിക്കേൾക്കുന്നുള്ളൂ. അതിൽ ചേരുന്ന കുട്ടികളിൽനിന്നു വലിയ നിരക്കിലുള്ള ഫീസും വസൂൽചെയ്യുന്നു. അതോൎക്കുമ്പോൾ ഇവിടത്തെ കുട്ടികൾക്കുവേണ്ടി അങ്ങിനെയൊരു പാഠശാല നടത്തുവാൻ ഈയിടെയെങ്ങാനും സാധിക്കുമോ?

കമലം—വലിയ പട്ടണങ്ങളിലെ 'മന്ദിര'ങ്ങൾ വലിയ നിലയിൽ ജീവിക്കുന്ന കുട്ടികൾക്കുവേണ്ടി നടത്തുന്നു; അവരുടെ അച്ഛനമ്മമാൎക്കു വലിയ നിരക്കിലുള്ള ഫീസ് കൊടുക്കുവാനും സാധിക്കും. നമ്മുടെ ഗ്രാമക്കാർ മിക്കവരും എത്രയോ എളിയ നിലയിൽ ജീവിക്കുന്നവരാണ്; അത്തരം ജീവിതത്തിന്നനുസരിച്ച ശീലങ്ങളും വൃത്തികളും അവരുടെ കുട്ടികളും വശമാക്കിയാൽ മതിയല്ലോ. അതിന്നൊത്ത ഒരു 'മന്ദിര'മേ നമുക്കു നടത്തേണ്ടൂ. പട്ടണങ്ങളിലെ 'മന്ദിര'ങ്ങളെ

പ്പോലെ നമുക്കു വലിയ ചെലവു ചെയ്യേണ്ടതായി വരില്ല. നമ്മുടെ കുട്ടികൾക്കു പല്ലു തേക്കാൻ 'ബ്രഷും ടൂത്ത് പേസ്റ്റും വേണ്ടാ, ഉമിക്കരിയും ഈൎക്കിലും മതി; കുളിക്കുവാൻ 'ബാത്ത് ടബ്ബ്'കളും തുവാലകളും വേണ്ടാ, മൺതൊട്ടികളും ഒരണ വിലയ്ക്കുള്ള നാടൻതോൎത്തുകളും മതി. ഇങ്ങിനെ ഗ്രാമീണരീതിയിൽ ഒരു 'മന്ദിരം' നടത്തുവാനല്ലേ നമുക്കാഗ്രഹമുള്ളു.

ചന്ദ്രിക—അത്രയേ വേണ്ടൂ; അതു താമസിയാതെ നടപ്പിൽ വരുത്താനും സാധിക്കും. നോക്കു വല്യമ്മേ, ഹരിജനമന്ദിരത്തെപ്പററിയുള്ള ഞങ്ങളുടെ സ്വപ്നങ്ങൾ യഥാൎത്ഥമായിത്തീൎന്നില്ലേ? അതുപോലെതന്നെ ഇതും.

നാ. അ—അത് അലാവുദ്ദീൻ തൻെറ അത്ഭുതവിളക്കുകൊണ്ടു സാധിച്ച കാൎയ്യങ്ങളെപ്പോലെ ആശ്ചൎയ്യസംഭവമായി തോന്നുന്നു.

കമലം—ഗ്രാമക്കാർ എത്ര കഠിനമായി യത്നിച്ചു! അതുകൊണ്ടാണ് അക്കാൎയ്യം ഇത്രവേഗം സാധിച്ചത്. പുറമേനിന്നു വന്നുചേൎന്ന സന്ന്യാസിയുടെ സഹായം ഒരീശ്വരാനുഗ്രഹം പോലെ ഉപകരിച്ചു.

ചന്ദ്രിക—'ഹരിജനമന്ദിരം' 'ബാലവിഹാരമന്ദിരം' നടത്തുന്നതിനുള്ള പ്രഥമസോപാനമായിട്ടാണ് എനിക്കു തോന്നുന്നത്. ഹരിജനകുട്ടികൾക്കു മേലാൽ സ്വന്തം വീടുകളിൽ മടങ്ങി എത്തിയാലും, വൃത്തിയായും വെടിപ്പായും ഇരിക്കാൻ കഴിയുമല്ലോ. ചളിയിലും പൊടിയിലും കിടന്നുരുണ്ടു രോഗങ്ങൾ വൎദ്ധിപ്പിക്കാതിരിക്കാൻ കഴിയും.

നാ. അ—അതു ശരി. സന്ന്യാസിവൎയ്യൻെറ 'യോഗദണ്ഡ്' ഒന്നുകൂടെ പ്രയോഗിച്ചാൽ—

ച—അയ്യോ, ഇനിയും അദ്ദേഹത്തെ ബുദ്ധിമുട്ടിക്കുകയോ? ഒരിക്കലും പാടില്ല. മന്ദിരംപണിക്കു ഹരിജൻഫണ്ടിൽനിന്ന് ആയിരം ഉറുപ്പികയേ കിട്ടിയുള്ളു; ബാക്കി വേണ്ടിവന്ന ആയിരത്തിൽപ്പരം ഉറുപ്പിക അദ്ദേഹത്തിൻെറ കൈയ്യിൽ

നിന്നു് എടുത്തു എന്നാണു് കേൾക്കുന്നതു്. അതും കൂടാതെ എവിടെയൊക്കെപ്പോയി, ആരോടൊക്കെ യാചിച്ചു്, കാടായിട്ടും, മരമായിട്ടും, കല്ലായിട്ടും, കുമ്മായമായിട്ടും, എത്ര സാമാനങ്ങളാണു് ശിഷ്യന്മാർ ശേഖരിച്ചതന്നതു്! പോരെങ്കിൽ ഇപ്പോൾ ഇവിടത്തെ കുടിൽവ്യവസായപോഷണത്തിന്നായും ആലോചന നടക്കുന്നു. അതുകൊണ്ടു 'മന്ദിരം' നടത്തുന്ന കാര്യത്തിൽ കുറെക്കൂടെ ക്ഷമിച്ചിരുന്നാലും തരക്കേടില്ല.

നാ. അ—കമലക്കു് ഇവിടത്തെ പ്രാഥമികവിദ്യാലയത്തിൽ പോയി ചെറിയ കുട്ടികളെ പഠിപ്പിക്കേണ്ട രീതി അവിടത്തെ ഉപാദ്ധ്യായിനിമാക്കു പറഞ്ഞുകൊടുക്കാൻ വിരോധമുണ്ടോ?

ച—കമലേടത്തി കുറേ വിശ്രമിക്കട്ടെ വല്യമ്മേ; ഞങ്ങളുടെ പഠനക്ലാസ്സിലും സഹായിക്കാനുണ്ടല്ലോ.

ക—ഞാൻ എന്തു സഹായം ചെയ്യാനും തയ്യാർ. എനിക്കു വളരെ വിശ്രമമൊന്നും ആവശ്യമില്ല. സ്കൂളുകാക്കു വിരോധമില്ലെങ്കിൽ ദിവസേന ഒരു മണിക്കൂർ ഞാൻ അവിടെ ഒരു ക്ലാസ്സു് എടുക്കുകതന്നെ ചെയ്യാം.

നാ. അ—പ്രതിഫലം ചോദിക്കാതെയുള്ള പ്രവൃത്തിയായതുകൊണ്ടു് അവക്കു സന്തോഷമല്ലേ ഉണ്ടാവുള്ളു. നിങ്ങളുടെ മന്ദിരം നടപ്പിൽ വരുന്നതുവരെ കമല ഈ സഹായം സ്കൂളുകാക്കു ചെയ്തുകൊടുക്കട്ടെ. നാളെത്തന്നെ ഞാൻ സ്കൂളുകാരെ വരുത്തി കാര്യം പറയാം.

ക—അങ്ങിനെ ആകട്ടെ; ചന്ദ്രിക്കു വിസമ്മതമാണെങ്കിൽ 'മന്ദിര'ക്കാര്യം ആരേയും ഇപ്പോൾ അറിയിക്കുന്നില്ല, വിശേഷിച്ചു നമ്മുടെ അലാവുദ്ദീനെ—

ച—സന്യാസിയോടു കാര്യവശാൽ ഞാൻ അതിനെപ്പററി സംസാരിച്ചിട്ടുണ്ടു്; പക്ഷേ അതു് എൻെറ സ്വന്തകാര്യങ്ങളെപ്പററി പറഞ്ഞ കൂട്ടത്തിൽ.

ക—നമ്മുടെ ഈ ഉദ്യമത്തെപ്പററി ആരോടും ഒരു വാക്കും പറഞ്ഞുപോകരുതെന്നു താക്കീതു ചെയ്തശേഷം തന്നെത്താൻ കള്ളി പുറത്താക്കിയോ?

ച—കള്ളി പുറത്താക്കിയതല്ലാ, ഏട്ത്തി. എൻെറ ആഗ്രഹങ്ങളേയും ജീവിതാദൎശങ്ങളേയുംപററി ഒന്നു രണ്ടു പ്രാവശ്യം അദ്ദേഹവുമായി സംസാരിപ്പാനിടയായി. അപ്പോഠം ഇതും പറഞ്ഞുവെന്നേ ഉള്ളു. അദ്ദേഹം അതു പുറത്തുവിടുകയുമില്ല.

ക—ചന്ദ്രി അദ്ദേഹവുമായി അത്ര പരിചയമാണോ?

ച—അതേ ഏട്ത്തി, അദ്ദേഹത്തിൻെറ സമീപത്തിരുന്നു സംസാരിപ്പാനും, അദ്ദേഹത്തിൻെറ സംഭാഷണങ്ങഠം ശ്രവിപ്പാനും എനിക്കു വളരെ താല്പൎയ്യമാണ്. സാധാരണയായി അദ്ദേഹം ആരോടും സ്വാതന്ത്ര്യമായി പെരുമാറിക്കാണാറില്ല. സംസാരംതന്നെ വളരെ മിതമാണ്. സമ്മേളനങ്ങളിൽ ചിലപ്പോഠം ഹാജരായാൽപ്പോലും തൻെറ അഭിപ്രായമോ ഉപദേശമോ ആവശ്യപ്പെട്ടാൽ മാത്രമേ പറയാറുള്ളു. അദ്ദേഹത്തെപ്പററി വല്ലവരും വല്ലതും ചോദിച്ചാൽ ആരേയും മുഷിപ്പിക്കാത്ത വിധത്തിൽ ഒഴിഞ്ഞുമാറുകയാണ് പതിവ്. പക്ഷേ എന്നോടു വളരെ സ്വാതന്ത്ര്യത്തോടും സ്നേഹത്തോടും ബഹുമാനത്തോടുംകൂടെയാണ് പെരുമാറുന്നത്.

നാ. അ—അദ്ദേഹം ആരാണെന്നും മററും അറിവാൻ ഈ ഗ്രാമത്തിൽ പലക്കും ആഗ്രഹമുള്ളതുപോലെ എനിക്കുമുണ്ട്. ഞാൻ ഇതേവരെ കണ്ടിട്ടുപോലുമില്ല. ചന്ദ്രി പറഞ്ഞു കേട്ടിട്ടേ ഉള്ളു. കാണ്മാൻ ആഗ്രഹമുണ്ട്. പക്ഷേ അദ്ദേഹം ഒരു വീട്ടിലും ഇതേവരെ പോകാത്ത സ്ഥിതിക്ക് ഇവിടേക്കു ക്ഷണിക്കാൻ മടിയുണ്ട്. ഞാൻ പുറത്തിറങ്ങീട്ടും കുറേ നാളായല്ലോ.

ച—വല്യമ്മയെയും മംഗലത്തുകാരെയുംപററി അദ്ദേഹം എ

ന്നോട്ട ചോദിക്കാറുണ്ട്. ഇളയച്ഛനെപ്പററി പലതും ചോദിച്ചു. ഞാൻ ഒക്കെ പറകയും ചെയ്തു.

ക—തന്നെപ്പററി ഒന്നും പുറത്തുപറവാനിഷ്ടമില്ലാത്ത ആൾ മററുള്ളവരെപ്പററി ഇങ്ങിനെ ചോദിക്കുന്നതു മര്യാദയോ?

ച—മററുള്ളവരുടെ കൂട്ടത്തിലല്ല അദ്ദേഹം എന്നെ ഗണിച്ചിരിക്കുന്നത്. അതുകൊണ്ട് എൻെറ ആളുകളെപ്പററി ചോദിച്ചതാണ്.

ക—അദ്ദേഹം ആരാണെന്നും ജാതി എന്താണെന്നും മററും ചന്ദ്രി ചോദിക്കാറില്ലേ? അതിന്നദ്ദേഹം മറുപടി പറയാറുണ്ടോ?

ച—ഞാനും ഒരിക്കൽ ചോദിക്കുകയുണ്ടായി. കേരളത്തിൻെറ ഒരു മിത്രമാണെന്നു മാത്രമേ പറഞ്ഞുള്ളൂ. ജാതി ചോദിച്ചപ്പോൾ വിവേകാനന്ദസ്വാമി പറഞ്ഞ കാര്യം എന്നെ ഓർമ്മപ്പെടുത്തി ഒഴിഞ്ഞുമാറി. ഞാൻ അതു കേട്ടു തൃപ്തിപ്പെട്ടു.

ക—വേഷം കണ്ടാൽ തമിഴനാണെന്നാണ് തോന്നുക; തലക്കെട്ടും പാളത്താറും—നീണ്ട താടിയില്ലെങ്കിൽ ഒരു വിവേകാനന്ദച്ഛായ തോന്നിയേയ്ക്കാം; ആജാനുബാഹു. ഭാഷയെങ്ങിനെ? തമിഴ് ച്ചുവയുണ്ടോ?

ച—നല്ല ശുദ്ധമലയാളമാണ് എന്നോട്ട സംസാരിക്കുക. തമിഴും സംസാരിക്കുന്നതു കേട്ടിട്ടുണ്ട്. അതു ശുദ്ധമോ അബദ്ധമോ എന്നു പറവാൻ എനിക്കു തമിഴ് അത്രയ്ക്കൊന്നും അറിയില്ലല്ലോ. ഇംഗ്ലീഷുപുസ്തകങ്ങളും പത്രങ്ങളും മാസികകളും മഠത്തിൻെറ ഉമ്മറത്തുള്ള ആൽത്തറമേലിരുന്നു വായിക്കുന്നതു കണ്ടിട്ടുണ്ട്. അവിടെവെച്ചാണ് ഞാൻ ചില സായാഹ്നങ്ങളിൽ അദ്ദേഹത്തെക്കണ്ടു സംസാരിച്ചിരിക്കാറുള്ളത്. ചന്ദ്രനെപ്പററി കേൾപ്പാൻ അദ്ദേഹത്തിന്ന് എന്തു താല്പര്യമെന്നോ! കാണ്മാൻ കൊതിച്ചു ദിവസമെണ്ണിക്കൊണ്ടിരിക്കയാണ്.

ക—താൻ ആരാണെന്നും എവിടെനിന്നാണെന്നും മററും പറവാൻ മടിക്കുന്നതു കാണുമ്പോൾ തൻെറ ജീവിതത്തിൽ

എന്തോ രഹസ്യം മറച്ചുവെയ്ക്കാനുള്ളതുപോലെ തോന്നിപ്പോകുന്നു.

നാ. അ—ഇവിടുള്ളവൎക്കൊക്കെ അദ്ദേഹത്തോടെന്തു ബഹുമാനമാണെന്നോ? പൂജിക്കാൻപോലും ചിലർ തയ്യാറാണ്. ശിഷ്യന്മാർ സ്വാമി എന്നാണത്രെ വിളിക്കാറ്. ബ്രാഹ്മണനാണോ ആവോ?

ച—ബ്രാഹ്മണനായാലും ശരി, ചണ്ഡാലനായാലും ശരി; അദ്ദേഹത്തിൻെറ സമീപത്തിരിക്കുമ്പോൾ പരിശുദ്ധമായ ശാന്തിയും ആനന്ദവും തോന്നുന്നു. ജീവിതത്തിൽ രഹസ്യമുണ്ടെങ്കിൽത്തന്നെ അതു കളങ്കമായിരിക്കാൻ തരമില്ല. അദ്ദേഹത്തിൻെറ നോട്ടങ്ങളിൽ നിഷ്കളങ്കതയും ആൎജ്ജവവും തെളിഞ്ഞുകാണ്മാനുണ്ട്. മുൻപിൽനിന്ന് എഴുന്നേററുപോരുവാൻതന്നെ എനിക്കു ചിലപ്പോൾ മനസ്സുവരാറില്ല.

ക—ഒരു ദിവസം എന്നെക്കൂടെ അദ്ദേഹത്തിൻെറ അരികത്തു കൂട്ടിക്കൊണ്ടുപോകണേ ചന്ദ്രീ, ഇന്നലെ ദൂരത്തു നിന്നു കണ്ടതല്ലേ ഉള്ളൂ.

നാ. അ—എനിക്കും പോകണം. അല്പംകൂടെ കഴിയട്ടെ, ചന്ദ്രൻ വരട്ടെ.

ച—വല്യമ്മക്കു കാണണമെങ്കിൽ ഞാൻ പറഞ്ഞുനോക്കാം. ഒരുവേള വരാനും മതി. വല്യമ്മയെ എത്ര ബഹുമാനമാണദ്ദേഹത്തിന്.

നാ. അ—അതു വേണ്ടാ. ഞാൻ അങ്ങോട്ടുതന്നെ പോയിക്കണ്ടുകൊള്ളാം. ബദ്ധപ്പാടില്ല.

ച—അച്ഛനമ്മമാരില്ലാത്ത ഞങ്ങളെ വല്യമ്മയാണ് വളൎത്തിയതെന്നും, അവരില്ലാത്ത കുറവു ഞങ്ങളറിഞ്ഞിട്ടില്ല എന്നും പറഞ്ഞപ്പോൾ അദ്ദേഹം പറഞ്ഞതു്, "അങ്ങിനെയുള്ള വല്യമ്മയെ നിങ്ങൾ ആരാധിക്കതന്നെ വേണം, ഞാനും ആ മഹതിയെ സമാരാധിക്കുന്നു" എന്നാണ്.

സന്യാസിയും ശിഷ്യന്മാരും പരിവട്ടത്തു വന്നുചേൎന്നിട്ടു പത്തുമാസത്തിൽ കൂടുതലായി; അവിടത്തെ സന്യാസിമഠം

അവർ വാടകക്കെടുത്തു താമസമാണ്. ഹരിജനമന്ദിരം പണിക്കുവേണ്ടി പണവും സാമാനങ്ങളും ശേഖരിക്കുവാനായി സന്ന്യാസിയും ശിഷ്യരിലൊരാളും കൂടക്കൂടെ പുറംദിക്കിൽ സഞ്ചാരത്തിനു പോകേണ്ടിവന്നു. അപ്പോഴൊക്കെ മറേറ ശിഷ്യൻ മഠത്തിൽ താമസിക്കയായിരുന്നു പതിവ്. മഠവും പരിസരങ്ങളും അവർ വളരെ വെടിപ്പാക്കി വെച്ചിരുന്നു. അരിയും പച്ചക്കറിയും വിലയ്ക്കുവാങ്ങി സ്വയം പാകംചെയ്തു ഭക്ഷണം നടത്തി. ഭിക്ഷയോ സമ്മാനങ്ങളോ അവർ ആരിൽനിന്നും സ്വീകരിച്ചില്ല. മഹിളാസമാജംവക ഗോശാലയിൽനിന്നാണ് പാലും വെണ്ണയും വാങ്ങിയിരുന്നതു്. ഗോശാല സന്ദർശിക്കുവാൻ അവർ ഒരു ദിവസം പോകയും അവിടത്തെ പ്രവൎത്തനരീതിയും, വെടിപ്പും, വൃത്തിയും കണ്ടു ഭാരവാഹികളെ പ്രശംസിക്കയും, ഒരു പശുവിനെ വാങ്ങുവാൻ മുപ്പത്തഞ്ചുറുപ്പിക സംഭാവന നൽകുകയും ചെയ്തു. സന്ന്യാസി സഞ്ചാരത്തിനു പോയിരുന്ന അവസരത്തിൽ ഒരിക്കൽ ചന്ദ്രൻ നാട്ടിൽവന്ന് ഏതാനും ദിവസം പാൎത്തു; മടങ്ങിവരുംമുമ്പ് അത്യാവശ്യക്കാരണത്താൽ ചന്ദ്രനു മദിരാശിക്കു തിരിച്ചുപോകേണ്ടിവന്നതിനാൽ, അദ്ദേഹത്തിനു ചന്ദ്രനെക്കാണ്മാൻ തരമായില്ല. ഇതിൽ അദ്ദേഹം അനല്പമായി കുണ്ഠിതപ്പെടുകയും അടുത്ത പ്രാവശ്യം ചന്ദ്രൻ പരിവട്ടത്തു വരുന്ന സമയം തന്നെ മുൻകൂട്ടി അറിയിക്കേണമെന്നും തനിക്കു ചന്ദ്രനെക്കാണ്മാൻ അത്യാശയുണ്ടെന്നും ചന്ദ്രികയോടു പറകയുമുണ്ടായി. 'ചന്ദ്രനെക്കാണ്മാൻ ഇത്ര തിടുക്കമെന്താണെ'ന്ന് അവൾ ചോദിച്ചപ്പോൾ 'കുമാരിയുടെ സഹോദരനായതുകൊണ്ടുതന്നെ' എന്നാണദ്ദേഹം പറഞ്ഞതു്. അതുകൊണ്ടാണ് ചന്ദ്രനെക്കാണ്മാൻ അദ്ദേഹം ദിവസമെണ്ണിക്കൊണ്ടിരിക്കുന്നു എന്നു ചന്ദ്രിക കമലത്തിനോടു പറഞ്ഞതു്. ചന്ദ്രികയെ സന്ന്യാസി 'കുമാരി' എന്നു മാത്രമേ പറയാറും സംബോധനചെയ്യാറും ഉണ്ടായിരുന്നുള്ളൂ; ഒരിക്കലും പേർ പറഞ്ഞു വിളിച്ചിരുന്നില്ല.

ചന്ദ്രൻ ആയുൎവ്വേദപാഠശാലയിൽ ചേൎന്നിട്ടു രണ്ടുകൊ

ല്പം കഴിഞ്ഞു. അവിടത്തെ പഠിപ്പു പൂൎത്തിയാക്കാൻ ഇനി ഒരു കൊല്ലമേ വേണ്ടു. എന്നാൽ ആ യുവാവു പാഠശാലയിലെ പഠിപ്പുകൊണ്ടു മാത്രം തൃപ്തിപ്പെട്ടില്ല; അവിടെ ലഭിച്ചിരുന്ന പഠിപ്പിനു പുറമേ, ഇംഗ്ലീഷ് വൈദ്യശാസ്ത്രത്തിലും സാമാന്യമൊരു ജ്ഞാനം സമ്പാദിപ്പാൻ ശ്രമിച്ചുവന്നു. പട്ടണത്തിൽ അക്കാലത്തു ചികിത്സനടത്തി സ്വന്തം ആസ്പത്രിയും മരുന്നുഷാപ്പും സ്ഥാപിച്ചു പ്രസിദ്ധിനേടിയിരുന്ന ഡാക്ടർ അശ്വിനീദേവൻെറ സഹായത്തോടുകൂടെ ഇംഗ്ലീഷ് ചികിത്സയിൽ പ്രായോഗികമായ പരിശീലനം സമ്പാദിപ്പാൻ ചന്ദ്രൻ തൻെറ ഒഴിവുസമയം മുഴുവൻ വിനിയോഗിച്ചു; ഡാക്ടർ അശ്വിനീദേവൻ പേരുകേട്ട ഒരു ചികിത്സകനും ശസ്ത്രക്രിയയിൽ പ്രവീണനും ആയിരുന്നു. യുവാവായ ചന്ദ്രൻെറ ഉത്സാഹവും ചികിത്സയിലും രോഗശുശ്രൂഷയിലും ഉള്ള പ്രത്യേക അഭിരുചിയും കണ്ടു മനസ്സിലാക്കി അദ്ദേഹം അയാളെ തൻെറ പ്രത്യേകശിഷ്യനായി കൈക്കൊണ്ട് ഇംഗ്ലീഷ് ചികിത്സയേയും നാട്ടുചികിത്സയേയും കൂട്ടിയിണക്കി, സ്വന്തനാട്ടിൽ സുലഭമായിക്കിട്ടുന്ന അനേകം പച്ചമരുന്നുകളുടെ ഗുണദോഷങ്ങൾ കണ്ടുപിടിക്കുവാനും, അവയെ വേണ്ടവിധത്തിൽ ശുദ്ധിചെയ്തു ദോഷാംശങ്ങൾ നീക്കി സിദ്ധൌഷധങ്ങൾ തയ്യാറാക്കാനും, ഒരു ഗവേഷണപദ്ധതി രൂപീകരിച്ചു ഗുരുശിഷ്യന്മാർ പ്രവൃത്തി ആരംഭിച്ചിരുന്നു. അതിനാൽ പാഠശാല പൂട്ടിയിരുന്ന അവസരങ്ങളിലും ചന്ദ്രനു സ്വല്പദിവസം മാത്രമേ നാട്ടിൽ താമസിപ്പാൻ കഴിഞ്ഞിരുന്നുള്ളു.

മേമാസമദ്ധ്യത്തിൽ ചന്ദ്രൻ പരിവട്ടത്തെത്തി. അയാളുടെ വരവിനെപ്പററി ഇക്കുറി ചന്ദ്രിക മുൻകൂട്ടിത്തന്നെ സന്ന്യാസിയെ അറിയിച്ചിരുന്നു; അതിനാൽ അദ്ദേഹം ആ മാസത്തിലെ തൻെറ സഞ്ചാരപരിപാടി ഭേദപ്പെടുത്തി പരിവട്ടത്തുതന്നെ താമസിച്ചു. മെയിൽവണ്ടി പരിവട്ടത്തിനു സമീപത്തുള്ള ചെറിയ ആപ്പീസ്സിൽ നില്ക്കാറു പതിവില്ല; അതുകൊണ്ടു

ചന്ദ്രൻ സാധാരണയായി മദിരാശിയിൽനിന്നു നേരിട്ടല്ല നാട്ടിൽ മടങ്ങിയിരുന്നതു്. തനിക്കു കിട്ടിയിരുന്ന കൂട്ടുകാരുടെ സൌകൎയ്യമനുസരിച്ചു്, ഈറോഡു്, പോത്തനൂർ, രാമപുരം എന്നീ സ്ഥലങ്ങളിൽ എവിടെയെങ്കിലും ഇറങ്ങിത്താമസിച്ചു അടുത്ത പാസഞ്ചർവണ്ടിയിൽ നാട്ടിലെത്തുകയായിരുന്നു പതിവു്. വന്നെത്തുന്ന സമയം മുൻകൂട്ടി ക്ലുപ്തപ്പെടുത്തി അറിയിക്കാൻ സാദ്ധ്യമല്ലാതിരുന്നതിനാൽ, ആരും ഈയിടെയായി അയാളെ എതിരേല്ക്കാൻ ആപ്പീസിൽ പോയിരുന്നില്ല. എന്നിരിക്കിലും പ്രഭാതംമുതൽ വല്യമ്മയും ചന്ദ്രികയും ചന്ദ്രനെ പ്രതീക്ഷിച്ചു് കോലായിൽ കാവലിരിക്കും. പ്രസ്തുതദിവസം ചന്ദ്രൻ വന്നെത്തിയപ്പോൾ മദ്ധ്യാഹ്നം കഴിഞ്ഞിരുന്നു. വിശ്രമിച്ചും, പട്ടണത്തിലെ വിശേഷങ്ങൾ പറഞ്ഞും, നാട്ടുവൎത്തമാനങ്ങൾ കേട്ടും, തൻെറ പഠിപ്പിനേയും ഗവേഷണഫലത്തേയും പററിയുള്ള വിവരങ്ങൾ സഹോദരിയെ വിശദമായി വൎണ്ണിച്ചു കേൾപ്പിച്ചും, അന്നു മുഴുവൻ ചന്ദ്രൻ വീടുവിട്ടു പുറത്തിറങ്ങാതെ കഴിച്ചു. അത്താഴത്തിനിരുന്നപ്പോൾ സന്യാസിയുടെ കാൎയ്യമായിരുന്നു അവരുടെ സംഭാഷണവിഷയം.

നാ. അ.—ചന്ദ്രാ, ഇവിടെ വന്നു താമസിക്കുന്ന സന്യാസിയെ എനിയ്ക്കുമൊന്നു കാണണം. നീ വന്നിട്ടു പോകാമെന്നുറച്ചിരിക്കയായിരുന്നു. അദ്ദേഹത്തിനു നിന്നെക്കാണ്മാനും ബദ്ധപ്പാടായിരിക്കുന്നുപോൽ. നാളെ നമുക്കു മഠത്തിൽ പോകണം.

ചന്ദ്രൻ—വല്യമ്മ മഠത്തിൽ പോവുകയോ? അതിന്നു സാധിക്കുമോ? എന്തിനു ശ്രമപ്പെടുന്നു? അദ്ദേഹം ചന്ദ്രിയുടെ ഉററ ചങ്ങാതിയാണല്ലൊ. ഇവിടെക്കു ക്ഷണിച്ചാൽ വരുമായിരിക്കും. ക്ഷണിച്ചുനോക്കട്ടെ. വിരോധം പറഞ്ഞാൽ ഇനിയൊരു ദിവസം പോകാം.

നാ. അ.—അതു വേണ്ടാ, ക്ഷണിച്ചാൽ വരുകയോ വരാതിരിക്കയോ ചെയ്യും. പരീക്ഷിക്കേണ്ടാ. രാവിലെ ഒരു വണ്ടി കൊണ്ടുവരിച്ചു എന്നെ കൂട്ടിക്കൊണ്ടുപോകണം.

ചന്ദ്രി—എന്നെക്കൂടാതെയോ? ആരാണ് നിങ്ങളെ പരിചയപ്പെടുത്തുക.

നാ. അ—നീയും പോരുന്നെങ്കിൽ പോരുന്നോ. പരിചയപ്പെടുത്തുക എന്ന പാശ്ചാത്യ ചടങ്ങ് അദ്ദേഹത്തിൻെറ കാൎയ്യത്തിൽ ആവശ്യമുണ്ടോ?

കമലം—ഞാനുമുണ്ട് വല്യമ്മേ, എനിക്കും അടുത്തു കണ്ടു പരിചയിക്കണം.

ചന്ദ്രിക—നമുക്കു നാലാൾക്കും ഒന്നായി വണ്ടിയിൽ പോകാം. ഒരു വണ്ടി നിറയെ സന്ദൎശകരെക്കണ്ട് അദ്ദേഹം പരിഭ്രമിക്കുമോ എന്നു നോക്കാം.

ചന്ദ്രൻ—ചന്ദ്രിയുടെ കത്തുകളിലെ പ്രസ്താവനകൾകൊണ്ടു തന്നെ എനിക്ക് അദ്ദേഹം നല്ല പരിചിതനായിത്തീൎന്നിരിക്കുന്നു. ഞാൻ അദ്ദേഹത്തെ ഇന്നലെ രാത്രി ഈരോട്ടിൽ വെച്ച് കണ്ടു എന്നുകൂടെ സംശയിക്കുന്നു.

ക—നല്ല പരിചിതനായെങ്കിൽ പിന്നെ സംശയിക്കുവാനവകാശമില്ലല്ലോ.

ചന്ദ്രി—കണ്ടിരിക്കാനിടയില്ല. അദ്ദേഹം ഈയിടെയെങ്ങും എവിടേയും പോവുകയില്ലെന്ന് എന്നോട് ഉറപ്പു പറഞ്ഞിരുന്നു. കണ്ടു എന്ന സംശയം എങ്ങിനെയുണ്ടായി ചന്ദ്രാ?

ചന്ദ്രൻ—മുഖത്തിൻെറ വൎണ്ണനയും, പൊക്കവും, നടത്തവും, പെരുമാററവുമൊക്കെ ചന്ദ്രി എഴുത്തിൽ കാണിച്ചിരുന്ന മാതിരി ഒരാൾ. ഇരുനിറം, നീണ്ട താടി; പക്ഷേ ഉടുപ്പു മാത്രം വ്യത്യാസം. ചാരനിറത്തിലുള്ള ഒരു പുതപ്പു തലയിൽക്കൂടെ ഇട്ടു പുതച്ചിരുന്നു. തല അല്പം കാണാമായിരുന്നു; കഷണ്ടിപോലെ തോന്നി.

കമലം—അദ്ദേഹം എപ്പോഴും തലക്കെട്ടു ധരിക്കുമെന്നാണല്ലോ കേട്ടിട്ടുള്ളത്. പാളത്താറുണ്ടായിരുന്നുവോ?

ചന്ദ്രൻ—അത് ഞാനത്ര സൂക്ഷിച്ചില്ല; രാത്രിയല്ലെ? പുതപ്പു

കാലോളം എത്തിയുമിരുന്നു. ഒന്നോ രണ്ടോ മിററു നേരത്തേക്കേ കണ്ടതുമുള്ളൂ.

ചന്ദ്രി—ഏയ്, അദ്ദേഹമായിരിക്കയില്ല. താടിക്കാർ സന്യാസിമാർ തീവണ്ടിയിൽ വേറാരുമുണ്ടാവില്ലെന്നോ?

ചന്ദ്രൻ—എനിക്ക് അല്പമൊരു സംശയം തോന്നി എന്നേ പറഞ്ഞുള്ളുവല്ലോ. ഞാൻ കുട്ടികൃഷ്ണനൊന്നിച്ച് ഈരോട്ടിൽ ഇറങ്ങി; ആറുമുഖം നേരിട്ടു ഷൊർണ്ണൂക്കു പോരുകയായിരുന്നു. വണ്ടി നീങ്ങുന്നതുവരെ ഞങ്ങൾ വാതൽപ്പടിയിൽനിന്നു സംസാരിക്കയായിരുന്നു. വണ്ടി നീങ്ങാറായപ്പോൾ രണ്ടാളുകൾ ബദ്ധപ്പെട്ടുവന്നു മഃററ വാതലിൽകൂടെ ഉള്ളിൽ കടന്നിരുന്നു. എന്നെ സൂക്ഷിച്ചുനോക്കുന്നപോലെ തോന്നി. അപ്പോഴെക്കും രണ്ടാമത്തെ മണി അടിച്ചു. വണ്ടിയിളകിത്തുടങ്ങി. ഞാൻ പ്ലാററുഫോറത്തിലിറങ്ങി നില്ക്കുകയും ചെയ്തു.

കമലം—രണ്ടാളുകളിൽ മറേറയാളെങ്ങിനെ? നമ്മുടെ സന്യാസി ഒരു ശിഷ്യൻെറ അകമ്പടികൂടാതെ പുറത്തിറങ്ങാറില്ല. അപ്പോൾ അദ്ദേഹംതന്നെ ആയിരിക്കുമോ?

ചന്ദ്രൻ—മററെയാൾക്കു അത്രതന്നെ പൊക്കമില്ല, അതേ രീതിയിൽ പുതച്ചിട്ടുള്ളപോലെ തോന്നി. ഞാൻ അത്രയേ സൂക്ഷിച്ചുള്ളു. വണ്ടി നീങ്ങിയപ്പോൾ താടിക്കാരൻ ജനലിൽകൂടെ തലയിട്ടു നോക്കിയിരുന്നു. അപ്പോഴാണ് എനിക്കു സംശയം തോന്നിയതു്. ഒരു നിമിഷംകൊണ്ടു വണ്ടി കണ്മറഞ്ഞു.

ചന്ദ്രി—നിശ്ചയമായും അവരായിരിക്കയില്ല. ചന്ദ്രൻ ഇന്നെത്തുമെന്നു ഞാൻ പറഞ്ഞപ്പോൾ അദ്ദേഹം നമ്മെ കാത്തിരിക്കുമെന്നു എന്നോടു പറഞ്ഞു. ഞാൻ നാളെ കാണുമ്പോൾ ചോദിച്ചു തീർച്ചയറിയാം.

നാ. അ—അതേപ്പററി നിങ്ങൾ തക്കിക്കയും അനാവശ്യമായ ജിജ്ഞാസ പ്രദശിപ്പിക്കയും വേണ്ടാ.

ചന്ദ്രിക—അനാവശ്യമായ ജിജ്ഞാസയല്ലാ, വല്യമ്മേ. ഇന്നു ഏതുസമയത്തു ചന്ദ്രനെ കൂട്ടിക്കൊണ്ടുചെന്നാലും താൻ കാണ്മാൻ തയ്യാറായി കാത്തിരിക്കുമെന്നു വാഗ്ദത്തം ചെയ്തിരുന്നു. ഞാൻ ഇന്നുതന്നെ ചന്ദ്രനെ കൂട്ടിക്കൊണ്ടുപോകയും, അദ്ദേഹം അവിടെ ഇല്ലാതിരിക്കയും ചെയ്തിരുന്നെങ്കിൽ വാഗ്ദത്തലംഘനമാവുമായിരുന്നില്ലെ?

ക—അങ്ങിനെ വരണമെന്നുണ്ടോ? ഈറോഡിൽവെച്ചു കണ്ട ആൾ അദ്ദേഹമായിരുന്നാൽക്കൂടെ, ആ വണ്ടി തെക്കോട്ടല്ലേ പോന്നതു്? അപ്പോൾ ചന്ദ്രനോടൊപ്പമോ, ചന്ദ്രൻ എത്തുന്നതിനു മുമ്പോ തന്നെ അദ്ദേഹത്തിനു പരിവട്ടത്തു മടങ്ങാമല്ലോ.

നാ. അ—അല്ലെങ്കിലോ? നിനച്ചിരിയാത്ത വല്ല ആവശ്യവും നേരിട്ടാൽ പോകാതെ കഴിയുമോ? അങ്ങിനെ വന്നാൽ നീ അദ്ദേഹത്തോടു പരിഭവിക്കുമായിരുന്നോ, ചന്ദ്രീ?

ചന്ദ്രൻ—സന്ന്യാസിമാക്കു നിനച്ചിരിയാത്ത ആവശ്യങ്ങൾ ഒന്നും ഉണ്ടാവില്ലെന്നായിരിക്കാം ചന്ദ്രിയുടെ ധാരണ.

നാ. അ—അദ്ദേഹം അത്തരത്തിലുള്ള സന്ന്യാസി അല്ലല്ലോ; ആക്കും ആപൽബന്ധുവായ ഒരു മനുഷ്യസേവകനല്ലേ?

ചന്ദ്രി ഉത്തരമൊന്നും പറഞ്ഞില്ല; അദ്ദേഹം തന്റെ വാഗ്ദത്തം പരിപാലിച്ചില്ലെങ്കിൽ അവൾ പരിഭവിക്കുമായിരുന്നു എന്നു് അവളുടെ മുഖഭാവവും, ആ ദീഘമൌനവും സൂചിപ്പിച്ചു. മററുള്ളവർ ഇതുകണ്ടു പുഞ്ചിരിതൂകുക മാത്രം ചെയ്തു.

പിറെറന്നു രാവിലെ സന്ന്യാസി തന്റെ വസതിയുടെ ഉമ്മറത്തുള്ള മുററത്തു ചെറുവെയിലിൽ ചിന്താമഗ്നനായി ഉലാത്തുകയായിരുന്നു. ഒരു കുതിരവണ്ടി ആ സമയം മഠത്തിന്നെതിരെ മന്ദഗതിയിൽ വരുന്നതു് അദ്ദേഹത്തിന്റെ ശ്രദ്ധയെ ആകഷിച്ചു. അദ്ദേഹത്തെ കാണ്മാൻ വരുന്നവർ സാധാരണയായി കാൽനടയായിട്ടാണു് വരാറുള്ളതു്; വാഹനത്തിൽ കയറിയ സന്ദശ്കർ പരിവട്ടത്തു് ഇതേവരെ തനിക്കു ലഭിച്ചിട്ടില്ല. വണ്ടിയെ സൂക്ഷിച്ചുനോക്കിയപ്പോൾ അതിനുള്ളിൽ തന്നി

ക്കു പരിചയമുള്ള ഒന്നു രണ്ടു മുഖങ്ങൾ കണ്ടു. വണ്ടി മഠത്തിൻെറ പടിക്കൽ നില്പാൻ പോകുന്നു എന്നു മനസ്സിലായപ്പോൾ, സാധാരണ പതിവനുസരിച്ച് അതിഥികളെ അഭിവാദ്യം ചെയ്വാൻ മുന്നോട്ടു പോകാതെ അദ്ദേഹം ബദ്ധപ്പെട്ടു തളത്തിൽകടന്ന് ശിഷ്യന്മാരെ വിളിച്ച് എന്തോ പറഞ്ഞശേഷം മുറിയിലേക്കു പോവുകയാണുണ്ടായത്. അവിടെ ഉണ്ടായിരുന്ന ഒററ നാൽക്കാലിയും രണ്ടു ചെറിയ ജമുക്കാളവും അവർ തളത്തിൽ കൊണ്ടുവന്നിട്ടശേഷം പുറത്തുവന്നു വണ്ടിയിറങ്ങി പടികടന്നു വന്ന അതിഥികളെ വന്ദിച്ച്, ഉള്ളിലേയ്ക്കാനയിച്ച് അവിടെ ഇരിക്കുവാൻ അപേക്ഷിച്ചു. ആഗതർ ഏതാനും നിമിഷം അവിടെ കാത്തുനിന്നിട്ടും തങ്ങൾ ആരെ കാണ്മാൻ ഉൽക്കണ്ഠയോടെ വന്നുവോ ആ ആൾ പുറത്തുവന്നു കാണാത്തതിൽ അസ്വാസ്ഥരായി അത്ഭുതപ്പെട്ടു. കുറേക്കൂടെ കഴിഞ്ഞപ്പോൾ ശിഷ്യൻ വീണ്ടും അവരെ ആസനസ്ഥരാകുവാൻ തൊഴുതുകൊണ്ടപേക്ഷിച്ചു.

നാ. അ—ഇരിക്കുവാൻ ബദ്ധപ്പാടില്ല; നിങ്ങളുടെ സ്വാമി എവിടെ? ഞങ്ങൾ അദ്ദേഹത്തെ കാണ്മാൻ വന്നതാണ്.

ശിഷ്യൻ—അദ്ദേഹം ഉടൻ വരും.

ചന്ദ്രൻ—അദ്ദേഹം ഇവിടെ ഇല്ലേ?

കമലം—നമ്മൾ വരുമ്പോൾ പുറത്തു കണ്ടില്ലേ ചന്ദ്രാ?

ശി—അദ്ദേഹം ഇവിടെ ഉണ്ട്, ഇതാ എത്തിക്കഴിഞ്ഞു.

ഇങ്ങിനെ പറഞ്ഞു ശിഷ്യൻ മുറിക്കുള്ളിൽ പോയി. രണ്ടു നിമിഷത്തിനുള്ളിൽ നമ്രശിരസ്കനായി സന്ന്യാസി പുറത്തുവന്ന് അഭിവാദ്യസൂചകമായി കൈകൂപ്പിയശേഷം നേരെ നാരായണിഅമ്മയുടെ സമീപത്തുചെന്ന് അവരുടെ പാദസ്പർശം ചെയ്വാൻ കുനിഞ്ഞു. ആയമ്മ പിന്നോട്ടുവാങ്ങി തടഞ്ഞുകൊണ്ടു പറഞ്ഞു:—"അവിടുത്തെക്കണ്ടു വന്ദിച്ചു പാദരേണുക്കൾ അണിയുവാൻ വന്ന എന്നെ അവിടുന്നു നമിക്കുകയോ? അരുതേ! പൂജ്യനായ അവിടുന്ന് എന്നേയും എൻെറ കുട്ടികളേയും അനുഗ്രഹിക്കണേ!

സന്ന്യാസി—വന്ദ്യയായ മാതാവാണ് ഈയുള്ളവനെ അനുഗ്രഹിക്കേണ്ടതു്; ഞാൻ അവിടത്തെ വിനീതഭക്തൻ. അവിടുന്നു പോററി വളൎത്തുന്ന ഈ കുട്ടികൾക്ക് ഇതില്പരം അനുഗ്രഹം എന്താണ് വേണ്ടതു്? ജഗന്നിയന്താവിൻെറ കൃപ എല്ലാവരിലും വൎഷിക്കട്ടെ! മാതാവു് ഈ ആസനത്തിൽ ഇരിക്കണം.

നാ. അ—അവിടത്തെപ്പോലുള്ള ഒരു യോഗിവൎയ്യൻെറ മുമ്പിൽ ഇരിക്കാനുള്ള യോഗ്യത എനിക്കില്ല; ഞാൻ അങ്ങിനെ ചെയ്യുകയുമില്ല. അവിടുന്നു പീഠത്തിന്മേൽ ഇരിക്കണം.

സ—മാതാവേ, ഞാൻ ജ്ഞാനംകൊണ്ടോ, ഈശ്വരപൂജകൊണ്ടോ, യോഗാഭ്യാസംകൊണ്ടോ ആത്മോദ്ധാരണം സിദ്ധിച്ച ലോകത്തെ ത്യജിച്ചവനല്ല; ലോകസേവനത്തിന്നൊരുമ്പെട്ടിറങ്ങിയിരിക്കുന്നു എന്നു മാത്രമേ എൻെറ കാഷായവസ്ത്രങ്ങൾ സൂചിപ്പിക്കുന്നുള്ളു.

നാ. അ—ലോകസേവനത്തേക്കാൾ മഹത്തരമാണോ ഈശ്വരപൂജ എന്ന പേരിൽ ഇന്നു ലോകത്തിൽ നടത്തുന്ന ചടങ്ങുകൾ? കഷ്ടത്തിൽ പെട്ടുഴലുന്ന മനുഷ്യരുടെ സങ്കടനിവൃത്തി വരുത്തുവാൻ മനസാ, വാചാ, കൎമ്മണാ യത്നിക്കുന്നതുതന്നെയാണ് ശരിയായ ഈശ്വരപൂജ. അതിന്നായി സ്വന്തസുഖസൌകൎയ്യങ്ങളെ ബലി കഴിക്കുന്നവരാണ് സാക്ഷാൽ ത്യാഗികൾ. അത്തരത്തിൽ പൂജ്യനായിത്തീൎന്നിരിക്കുന്ന ഒരാളാണ് അവിടുന്നെന്നു ഞാൻ മനസ്സിലാക്കീട്ടുണ്ടു്.

സ—മാതാവേ, അവിടത്തെപ്പററിയും ചിലതൊക്കെ ഞാൻ ഈ കുമാരിയിൽനിന്നു കേട്ടിട്ടുണ്ടു്. ലോകസേവകൎക്കൊക്കെ അവിടുന്നൊരു മാതൃകയാണ്. അവിടത്തെ കണ്ടു വന്ദിക്കണമെന്നു കുറെ നാളായി ഞാൻ ആഗ്രഹിച്ചുകൊണ്ടിരിക്കുകയാണ്. കുമാരിയുടെ സഹോദരൻ വന്നെത്തിയശേഷം വീട്ടിൽ വന്നുകാണുമാൻ തീൎച്ചപ്പെടുത്തിയിരുന്നു.

ഇത്രനേരം കുനിഞ്ഞുനിന്നു് താണസ്വരത്തിൽ സംസാരിച്ചശേഷം അദ്ദേഹം തല ഉയത്തി എല്ലാവരേയും നോക്കി. നാരായണിഅമ്മ കഴികെ മററെല്ലാവരും ഇത്രനേരം മൌനം പൂണ്ടു നില്ക്കുകയായിരുന്നല്ലോ. അദ്ദേഹം തല ഉയത്തിയതു കണ്ടു് ചന്ദ്രിക മന്ദസ്മിതം ചെയ്തു മുന്നോട്ടുവന്നു് ചന്ദ്രനെ ചൂണ്ടിക്കാണിച്ചു പറഞ്ഞു:—"ഇതാണു് എന്റെ സഹോദരൻ ചന്ദ്രൻ. ഞാൻ ഏററിരുന്നപ്രകാരം ഇതാ കൂട്ടിക്കൊണ്ടു വന്നിരിക്കുന്നു.

സ—കുമാരിയുടെ സഹോദരനെ പരിചയപ്പെടുത്തേണ്ട ആവശ്യമില്ല; കണ്ടാൽതന്നെ തിരിച്ചറിയാമല്ലോ. (കമലത്തിനെ നോക്കിക്കൊണ്ടു്) ഈ കന്യക?

ചന്ദ്രിക—എന്റെ ഒരു സഹോദരിതന്നെ. ഏകോദരസഹോദരിയല്ലന്നേ ഉള്ളു. രണ്ടുമൂന്നു ദിവസം മുൻപു് എന്നോടൊരുമിച്ചുണ്ടായിരുന്നതു കണ്ടിരിക്കുമല്ലോ.

സ—ഉവ്വ്, ഉവ്വ്. ചന്ദ്രകുമാരൻ ഇന്നലെ എത്തി, ഇല്ലേ?

ചന്ദ്രിക—ചന്ദ്രനേയും ഞങ്ങളേയും ഒക്കെ അവിടുന്നു പേർ പറഞ്ഞു വിളിച്ചു കേൾപ്പാനാഗ്രഹമുണ്ടു്.

സ—അത്ര സ്വാതന്ത്ര്യം എനിക്കനുവദിക്കുമോ?

ചന്ദ്രൻ—നിശ്ചയമായും; അവിടുത്തെ ഞാൻ നേരിട്ടുകണ്ടു പരിചയിച്ചിട്ടില്ലെങ്കിലും, ചന്ദ്രികയുടെ കത്തുകളിൽ ഒന്നിലെങ്കിലും അവിടുത്തെപ്പററിയുള്ള കാൎയ്യങ്ങൾ എഴുതാതിരുന്നിട്ടില്ല. അതിനാൽ അവിടുന്നു് എനിക്കു സുപരിചിതനാണു്.

കമലം—അവിടുന്നു ചന്ദ്രനെ ഇതിനുമുൻപു കണ്ടിട്ടുണ്ടോ?

സ—(അല്പം വൈവൎണ്ണ്യത്തോടെ) കണ്ടിട്ടുണ്ടാവാം. ഞാൻ ദേശസഞ്ചാരിയല്ലേ? തീവണ്ടിയിലോ മറെറാവെച്ചു കണ്ടിരിക്കാം.

നാരായണിഅമ്മയ്ക്കു തലേന്നു രാത്രി കുട്ടികൾ തമ്മിലുണ്ടായ തൎക്കം ഓൎമ്മ വന്നു; വാദം തീൎക്കാൻ അവർ ഈ സംഭാഷണത്തെ തുടൎന്നേയ്ക്കുമെന്നും ശങ്കയായി. അനാവശ്യമായ ജി

ജ്ഞാസയെ തടയുവാൻവേണ്ടി അവർ ഇടയിൽ കടന്നു പറ ഞ്ഞു:—“നമ്മൾ തമ്മിൽ എന്തൊ ഒരു അവാച്യമായ ആകർഷണമുണ്ടെന്നു തോന്നിപ്പോകുന്നു. അവിടുത്തെ കാണ്മാൻ ഞാനും കുറെ നാളായി ആഗ്രഹിച്ചിരിക്കയായിരുന്നു. ചന്ദ്രൻ വന്നിട്ട് അവനോടുകൂടെ വരാമെന്നാണു തീച്ചപ്പെടുത്തിയിരുന്നതു്. അവിടുന്നും ചന്ദ്രൻെറ വരവും പാത്തിരിക്കയായിരുന്നു എന്നല്ലേ പറഞ്ഞതു്!”

സ—മാതാവിന്നു് എന്നെ കാണ്മാൻ ആഗ്രഹമുണ്ടെന്നു കുമാരി സ്വല്പമൊരു സൂചനയെങ്കിലും എനിക്കു തന്നിരുന്നുവെങ്കിൽ, ഞാൻ എപ്പോഴേ അവിടുത്തെ പുണ്യദശനം ലഭിച്ചു് അനുഗ്രഹീതനായേനേ. മാതാവു് ഈയിടെ പുറത്തിറങ്ങാറില്ലെന്നും ഞാൻ അറിഞ്ഞിരുന്നു. ദേഹാസ്വാസ്ഥ്യത്താൽ വലയുന്ന അവിടുത്തെ ഇങ്ങിനെ ബുദ്ധിമുട്ടിച്ചതിൽ അപരാധി ഞാനല്ലെന്നു വരുകിലും, ഞാൻ അന്വേഷിക്കേണ്ടതായിരുന്നു.

നാ. അ—ഇതിൽ അപരാധം ആക്കുമില്ല. വീട്ടിലേയ്ക്കു ക്ഷണിക്കാമെന്നു കുട്ടികൾ രണ്ടാളും പറയാഞ്ഞുയല്ല. എൻെറ നിബ്ബന്ധംമൂലമാണു് ഞാൻ ഇങ്ങടു വന്നതു്. ഇതിൽ ആരെങ്കിലും അപരാധിയാണെങ്കിൽ അതു ഞാൻതന്നെ.

സ—മേലാൽ ഇങ്ങിനെ വരാതെ സൂക്ഷിക്കാം. അവിടുന്നു നിന്നു ക്ഷീണിക്കുന്നല്ലോ. എനിക്കു സങ്കടമുണ്ടു്.

നാ. അ—സങ്കടം വേണ്ടാ; ഞങ്ങൾ പോവുകയായി. ഒന്നു കണ്ടു വന്ദിക്കണമെന്നേ ആഗ്രഹമുണ്ടായിരുന്നുള്ളു. അതു സാധിച്ചു. ഇനി മടങ്ങുവാൻ അനുവാദം തരണം.

സ—ഈ സന്ദശനത്തിന്നായി ഞാൻ അവിടുത്തോടും കുട്ടികളോടും കടപ്പെട്ടിരിക്കുന്നു. എൻെറ ആത്മാത്ഥമായ നന്ദിയെ പ്രകടിപ്പിക്കാൻ ഞാൻ അടുത്ത അവസരത്തെ ഉപയോഗപ്പെടുത്തിക്കൊള്ളാം.

ഇങ്ങിനെ പറഞ്ഞുകൊണ്ടു് അദ്ദേഹം അവരെ വന്ദിച്ചു യാത്രയാക്കി. ഇപ്രാവശ്യം അദ്ദേഹം പുറത്തു പടിക്കൽ വന്നു

വണ്ടി കൺമറവോളം നോക്കിനിന്നു; പിന്നെ അതിദൈന്യമായി നിശ്വസിച്ചുകൊണ്ടു് അകത്തേയ്ക്കു പോരുകയും ചെയ്തു.

വണ്ടിയിൽ കുറേനേരം ഇരുന്ന ദേഹമിളകിയതിനാലും, മഠത്തിൽ കഴിച്ചുകൂട്ടിയ സമയം മുഴുവൻ നിന്നതിനാലും, വീട്ടിലെത്തിയപ്പോൾ നാരായണിഅമ്മയ്ക്കു ഏറെ ക്ഷീണം തോന്നി. അവർ തൻെറ ശയനമുറിയിൽ ചെന്നു കിടന്നു് ഉച്ചവരെ വിശ്രമിച്ചു. ചന്ദ്രികാചന്ദ്രന്മാരും കമലവും അല്പനേരം അവിടെനിന്നു് അവൎക്ക വേണ്ട ശുശ്രൂഷ ചെയ്തശേഷം, അവരുടെ ആജ്ഞാനുസരണം നിത്യകൃത്യങ്ങൾക്കായി പുറത്തുപോന്നു. അവർ മൂവരും തനിയേയാണു് അന്നു് ഉച്ചഭക്ഷണം കഴിച്ചതു്. രാവിലത്തെ സന്ദശനത്തെപ്പററി അവർ അപ്പോൾ സംസാരിച്ചു.

ചന്ദ്രൻ—ചന്ദ്രീ, ഇദ്ദേഹത്തെതന്നെയാണു് ഞാൻ ഇന്നലെ ഈരോട്ടിൽവെച്ചു കണ്ടതു്, സംശയമില്ല.

കമലം—ഇതിന്നുമൻപു ചന്ദ്രനെ കണ്ടിട്ടുണ്ടോ എന്നു ഞാൻ ചോദിച്ചപ്പോൾ അദ്ദേഹം 'തൊട്ടു തൊട്ടില്ല' എന്നമട്ടിൽ ഉത്തരം പറഞ്ഞതു കേട്ടില്ലേ? സമ്മതിച്ചുമില്ല, നിഷേധിച്ചുമില്ല.

ചന്ദ്രി—ഞാൻ അതിനെപ്പററി സൂചിപ്പിക്കാൻ തുടങ്ങി; വല്യമ്മയ്ക്കു രസിക്കില്ലെന്നു ശങ്കിച്ചു മിണ്ടാതിരുന്നു. അദ്ദേഹത്തിൻെറ മട്ടും ഭാവവുമൊക്കെ ഇന്നല്പം വ്യത്യാസപ്പെട്ടിരിക്കുന്നു.

കമലം—മുഖത്തു വ്യാകുലത സ്പഷ്ടമായി കണ്ടിരുന്നു. നമ്മൾ ചെല്ലുന്നതു് അദ്ദേഹം കാണാതിരിക്കാൻ തരമില്ല; വെളിയിൽ നില്ക്കുന്നതു നമ്മൾ കണ്ടില്ലേ? കണ്ടുകൊണ്ടു് ഉള്ളിലേയ്ക്കു പോയ്ക്കളഞ്ഞതും, പുറത്തുവരാൻ താമസിച്ചതും മറ്റും ഒക്കെ ആലോചിച്ചാൽ എന്തൊ അസ്വാസ്ഥ്യത ഉള്ളതുപോലെ തോന്നുന്നു.

ചന്ദ്രൻ—എനിക്കും അങ്ങിനെതന്നെയാണു തോന്നിയതു്. എത്ര താണസ്വരത്തിലായിരുന്നു സംസാരം! കുറെ നേരത്തേ

സ്സ് ആരുടെ മുഖത്തും നേരിട്ടു നോക്കിയില്ല. സാധാരണ പെരുമാററം ഇങ്ങിനെയാണോ ചന്ദ്രീ?

ചന്ദ്രി—അല്ലേ, അല്ല; എന്നോട് എത്ര സ്വാതന്ത്ര്യമായിട്ടും സന്തോഷമായിട്ടുമാണ് സംസാരിക്കാറുള്ളത്! ഇന്ന് എന്തോ പന്തിയല്ല.

കമലം—ചന്ദ്രനെ കാണ്മാൻ ദിവസമെണ്ണിയിരിക്കുന്നു എന്നല്ലെ ചന്ദ്രി പറഞ്ഞത്; എന്നിട്ടെന്താ, ചന്ദ്രനോടു പ്രത്യേകിച്ചൊന്നും ചോദിക്കയോ സംസാരിക്കപോലുമോ ചെയ്തില്ലല്ലോ.

ചന്ദ്രി—അതു പക്ഷേ ഇനിയും ആകാമല്ലോ എന്നു കരുതിയായിരിക്കാം. വല്യമ്മ കൂടെ ഉണ്ടായിരുന്നതുകൊണ്ടാവാം സ്വാതന്ത്ര്യമായി സംസാരിക്കാഞ്ഞത്.

ചന്ദ്രൻ—അതാവാം. പോരെങ്കിൽ വല്യമ്മ ഇരുന്നതുംകൂടെയില്ല. വല്യമ്മയെ നേരിട്ടു നോക്കുവാൻതന്നെ മടിയുള്ള പോലെ തോന്നി.

കമലം—ചന്ദ്രീ, നീ എന്നോടു പിണങ്ങിയാലും ശരി, ഇദ്ദേഹത്തിൻെറ ജീവിതത്തിൽ എന്തോ ഒരു രഹസ്യം മറച്ചുവെയ്ക്കാനുണ്ടെന്ന് എനിക്കു പ്രബലമായ ശങ്കയുണ്ട്.

ചന്ദ്രൻ—ചന്ദ്രി പിണങ്ങുന്നതെന്തിന്? ആരുടെ ജീവിതത്തിലാണ് രഹസ്യങ്ങൾ മറഞ്ഞുകിടക്കാത്തത്? ചിലരുടേത് ഉന്നതങ്ങളും ചിലരുടേത് നീചങ്ങളും എന്ന വ്യത്യാസങ്ങളുണ്ടാവാം.

ചന്ദ്രി—നീചസങ്കലനം അദ്ദേഹത്തിൽ ഇല്ലെന്ന ഉറപ്പാണെനിക്കുള്ളത്.

ചന്ദ്രൻ—അദ്ദേഹത്തിൻെറ ജീവിതത്തെപ്പററി ന്യായാന്യായവിവേചനം ചെയ്കയോ ഒരു വിധി കല്പിക്കുകയൊ ചെയ്വാൻ നാം ആരാണ്? അദ്ദേഹം മഹാസമുദ്രത്തെപ്പോലെ വിശാലഹൃദയനാണെന്നു പരിവട്ടത്തെ ജീവിതം നമ്മെ ബോധ്യപ്പെടുത്തി. ആ മഹാസമുദ്രത്തിൻെറ സാമീപ്യമണയുവാൻ നമ്മുടെ യുവഹൃദയസരിത്തുകളെ പ്രേരിപ്പിക്കയാണു നാം ചെയ്യേണ്ടത്.

## അദ്ധ്യായം 22

### രഹസ്യം പുറത്തായെങ്കിലും പരസ്യമായില്ല

പ്ലാവറത്തെ കാരണവർ അപ്പുക്കുട്ടമേനോൻ അന്തരിച്ചു. ചന്ദ്രൻ മദിരാശിക്കു മടങ്ങുന്നതിന്നുമുമ്പായിട്ടാണു് ഈ സംഭവം നടന്നതു്. കാരണവർ ഒന്നുരണ്ടു മാസമായി കിടപ്പിലായിരുന്നു. ചെറുപ്പകാലത്തുതന്നെ അദ്ദേഹം വശമാക്കിയിരുന്ന മദ്യപാനാസക്തി നാരായണിഅമ്മ പ്ലാവറെനിന്നു പാപ്പുമാററി ഏറെക്കഴിയുംമുമ്പു തല പൊക്കിത്തുടങ്ങി. ഭാര്യയും സഹോദരിയും അദ്ദേഹത്തെ ഇതിൽനിന്നു പിന്തിരിപ്പാൻ ചെയ്ത യത്നങ്ങൾ യാതൊന്നും ഫലപ്പെട്ടില്ല. ഈ ദുശ്ശീലംനിമിത്തം മീനാക്ഷിഅമ്മ കഴിഞ്ഞ ഏതാനും കൊല്ലങ്ങളായി അനുഭവിച്ച കഷ്ടതകൾക്കു കണക്കും കൈയുമില്ല. പക്ഷേ നാരായണിഅമ്മയുടെ ശിഷ്യത്വത്തിൻെറ ഫലമായി അവർ സ്വാധീനമാക്കിയിരുന്ന ധൈര്യവും ക്ഷമാശീലവും ഇക്കാലങ്ങളിൽ അവൎക്കു സഹായമായിത്തീൎന്നു. ഭൎത്താവിൽനിന്നു തനിക്കു പലപ്പോഴും ലഭിക്കാറുണ്ടായിരുന്ന ആക്ഷേപങ്ങളും അപമാനങ്ങളും അവർ കരച്ചലോ പിറുപിറുപ്പോ കൂടാതെ സഹിക്കയും, ദേഹാസ്വാസ്ഥ്യത്താൽ പരവശയായിരുന്ന ഏടത്തിയോടുപോലും സങ്കടം പറയാതേയും, തൻെറ കുട്ടികളെ യഥാൎത്ഥസ്ഥിതി അറിയിക്കാതേയും കഴിച്ചുകൂട്ടുകയും ചെയ്തു.

ചന്ദ്രൻ പരിവട്ടത്തു തിരിച്ചെത്തിയ മൂന്നാം ദിവസം അമ്മാമനെക്കാണ്മാൻ അവിടെ ചെന്നിരുന്നപ്പോൾ നാരായണിഅമ്മയെപ്പററി കുറേ ശകാരം അദ്ദേഹം ചന്ദ്രൻെറ കാതിൽ വൎഷിച്ചു. "അവൾക്കു് എണീററു നടക്കാൻ വയ്യത്രേ! എത്ര നാളായി ഞാൻ കിടപ്പായിട്ടു്, ഒന്നു തിരിഞ്ഞുനോക്കിയോ? സന്ന്യാസിയെ കാണ്മാൻവേണ്ടി എത്ര ദൂരം പോയി!"

ചന്ദ്രൻ—അദ്ദേഹത്തെ കാണ്മാൻ ഞാനാണു് കൂട്ടിക്കൊണ്ടുപോയതു്, വണ്ടിയിൽ. അമ്മാമനു വല്യമ്മയെ കാണണമെന്നുണ്ടെങ്കിൽ ഞാൻ കൂട്ടിക്കൊണ്ടുവരാമല്ലോ.

മീ. അ---ഏട്ത്തി വന്നിട്ടില്ലെങ്കിലെന്താണ്? വേണ്ട അന്വേഷണങ്ങൾ നടത്തുന്നുണ്ട്. ഇവിടെ വന്ന് ഈ കാൎയ്യകണ്ടു സങ്കടപ്പെടേണ്ടെന്നു കരുതി ഞാൻ തടയുകയാണു ചെയ്യുന്നതു്.

അ. മേ—തടഞ്ഞോ, തടഞ്ഞോ, എനിക്കവളെ കാണുകയേ വേണ്ട. സന്ന്യാസിയോട്ട് ഉപദേശം വാങ്ങി തൃപ്തിപ്പെട്ടില്ലേ? ഒരു സന്ന്യാസിയും, ഹരിജനങ്ങളും! ഇവരൊക്കെ എവിടെനിന്നു വന്നു! തീണ്ടൽ പോയി! ശുദ്ധാശുദ്ധങ്ങളില്ല!

ച—അവയൊക്കെ നല്ല കാൎയ്യങ്ങളല്ലേ അമ്മാമാ? ഇക്കാൎയ്യങ്ങൾ സാധിച്ചുകാണ്മാൻ അമ്മാമനു ഭാഗ്യമുണ്ടായല്ലോ എന്നു സന്തോഷിക്കയല്ലേ വേണ്ടതു്?

അ. മേ—നല്ല കാൎയ്യങ്ങൾ—അതേ—ഈശ്വരകോപം ഉണ്ടായിട്ടും പഠിച്ചില്ലല്ലോ. പ്രളയം വന്ന് ഒക്കെ ഒഴുക്കിക്കൊണ്ടു പോയില്ലേ?

മീ. അ—അതിന്നു പകരം ഒഴുകിപ്പോകാത്ത സ്ഥലങ്ങൾ ഉണ്ടായല്ലോ.

അ. മേ—അതിന്മേൽ ഇടിത്തീവീണു നശിക്കാൻ പോകുന്നു!

ച—അമ്മാമൻ ഇങ്ങിനെ കോപിക്കാതേയും ശപിക്കാതേയും ഇരിക്കണം. വാൎദ്ധക്യകാലത്തു് ഈശ്വരനാമം ഉച്ചരിക്കേണ്ട നാവുകൊണ്ടു ശപിക്കയും ശകാരിക്കയും അരുതു്. സുഖക്കേടും ക്ഷീണവും വൎദ്ധിക്കും. സ്വസ്ഥമായി കിടക്കണം; ഞാൻ ഒരു മരുന്നു തയ്യാറാക്കിത്തരാം.

അ. മേ—എനിക്കു നിൻെറ മരുന്നും വേണ്ടാ, കിരുന്നും വേണ്ടാ. എനിക്കു വേണ്ടതു് ഈ രാക്ഷസി തരുകയുമില്ല. എന്നെ ചാകാൻ കിടത്തിയിരിക്കയാണ്.

മീ. അ—ചന്ദ്രാ, നീ ഇതൊന്നും കേട്ടു നില്ക്കേണ്ടാ. എന്താണു മരുന്ന്? ഞാൻ തയ്യാറാക്കാം, വരൂ.

മീനാക്ഷിഅമ്മ ചന്ദ്രനെ പുറത്തേക്കു കൂട്ടിക്കൊണ്ടുപോന്നു. മേനോൻെറ ഒടുവിലത്തെ വാക്കുകൾ കേട്ടപ്പോൾ അവരുടെ കണ്ണുകൾ ചുമന്ന് ചുടുബാഷ്പം പൊഴിക്കുവാൻ തുടങ്ങി.

ചന്ദ്രൻ അവരെ സമാധാനപ്പെടുത്തുവാൻ പലതും പറഞ്ഞ കൂട്ടത്തിൽ, എത്രതന്നെ കോപിച്ചാലും ശപിച്ചാലും മദ്യം കഴിക്കാൻ അനുവദിക്കരുതെന്നും അതു് ആപല്ക്കരമായിത്തീരേണ്ടമെന്നും അറിയിച്ചു.

ഈ സംഭവം കഴിഞ്ഞ നാലാം ദിവസം അപ്പുക്കുട്ടമേനോൻ മരിച്ചു. മരണം സമീപിച്ചിരുന്ന വിവരം ചന്ദ്രനിൽനിന്നു മനസ്സിലാക്കി അതിന്നു മുമ്പായിത്തന്നെ നാരായണിഅമ്മയും മററു ബന്ധുക്കളുമൊക്കെ പ്ലാവറെ എത്തി; പുല കഴിഞ്ഞശേഷമേ അവർ സ്വഭവനങ്ങളിലേക്കു തിരിച്ചുപോയുള്ളു. മീനാക്ഷിഅമ്മ ചിറക്കരെക്കു പുറപ്പെടാൻ വട്ടം കൂട്ടുന്നതു കണ്ടു് ബന്ധുക്കൾ ഏകകോപിച്ചു് അവരെ തടയുകയും, അത്രനാളും കഴിഞ്ഞപോലെ പ്ലാവറയിലെ നായികയായി കുട്ടികളോടുകൂടെ അവിടെത്തന്നെ പാക്കുവാൻ നിബ്ബന്ധിക്കയും ചെയ്തു. അടുത്ത കാരണവസ്ഥാനം പാറുക്കുട്ടിഅമ്മയുടെ മകൻ വേണുവിലാണു വന്നുചേൎന്നതെങ്കിലും, ആ യുവാവു് അച്ഛന്റെ കച്ചവടത്തിൽ സഹായിച്ചുകൊണ്ടു് രാമപുരത്തു താമസിപ്പാനേ ഇച്ഛിക്കുന്നുള്ളു എന്നു പറഞ്ഞു. മകന്റെ കച്ചവടത്തിലുള്ള അഭിരുചിയും, സാമത്ഥ്യവും യത്നവും അച്ഛനു വലിയ സഹായമായിരുന്നു; കച്ചവടം ഉത്തരോത്തരം അഭിവൃദ്ധി പ്രാപിക്കയും ചെയ്തിരുന്നു. അതിനാൽ വേണുവിന്റെ ആഗ്രഹത്തെ തടയുവാനും, അയാൾക്കു ഹിതമല്ലാത്ത ഒരു ജീവിതപന്ഥാവിലേക്കു മാമൂൽ പറഞ്ഞു തള്ളിവിടാനും ബന്ധുക്കൾ ഉദ്യമിച്ചില്ല. ഇളമുറക്കാർ ചന്ദ്രനും ശ്രീകുമാരനുമാണല്ലോ; അവർ വിദ്യാഭ്യാസത്തിനുവേണ്ടി പരിവട്ടം വിട്ടു പുറമേ താമസിക്കയുമാണു്. ഇങ്ങിനെ മീനാക്ഷിഅമ്മ നായികാസ്ഥാനത്തുനിന്നൊഴിയാതെ, പ്ലാവറത്തെ കാൎയ്യങ്ങൾ അന്വേഷിച്ചു താമസം തുടൎന്നു. മൂത്തമകൻ രാജു കുറേ നാളായി അച്ഛന്റെ അധികാരിപ്പണി ഏററുനടത്താൻ തുടങ്ങിയിരുന്നു; കൃഷിയും അയാൾക്കു ഹിതമായ പണിയായിരുന്നു. പരിവട്ടത്തു ലഭിച്ച വിദ്യാഭ്യാസാനന്തരം അയാൾ കൃഷിപ്പണി പരിശീലിച്ചു് അമ്മയെ

സഹായിച്ചുവന്നു. അച്ഛൻെറ അധികാരിപ്പണിയും പ്ലാവറത്തറ നായകസ്ഥാനവും ഇങ്ങിനെ രാജുവിനാണു ലഭിച്ചത്. ഇളയ മകൻ ഗോപി സ്കൂൾഫൈനൽ ജയിച്ച്, അദ്ധ്യാപകശിക്ഷണം കഴിച്ച്, പരിവട്ടത്തെ ഒരു പ്രാഥമികപാഠശാലയിൽ ഒരു കൊല്ലം അദ്ധ്യാപകവൃത്തിയിൽ ഇരുന്നശേഷം പ്രസ്തുതവർഷത്തിൽ വാർദ്ധാവിദ്യാഭ്യാസപദ്ധതിപരിശീലനത്തിനു തിരഞ്ഞെടുക്കപ്പെട്ടു. അതിനാൽ അയാളും തല്ക്കാലം പരിവട്ടത്തു താമസമുണ്ടായിരുന്നില്ല. ഇങ്ങിനെ പ്ലാവറെ ഗൃഹത്തിൽ മീനാക്ഷിഅമ്മയും രാജുവും മകൾ സരോജവും, പുതിയ പത്തായപ്പുരയിൽ വല്യമ്മയും ചന്ദ്രികയും കമലവും അന്യോന്യം സഹായിച്ചുകൊണ്ടു പാർത്തു.

അപ്പുക്കുട്ടമേനോൻെറ മരണശേഷം നാരായണിഅമ്മയുടെ ആരോഗ്യവും അതൃപ്തികരമായി ഭവിച്ചു. അക്കൊല്ലം മഴക്കാലത്ത് ഇടയ്ക്കിടെ അവൾക്ക് ഔഷധസഹായം വേണ്ടിവന്നു; തന്നിമിത്തം ചന്ദ്രൻ രണ്ടു പ്രാവശ്യം നാട്ടിൽവന്ന് ഏതാനും നാൾ താമസിച്ചു വല്യമ്മയെ ചികിത്സിക്കേണ്ടതായി വന്നു. ചന്ദ്രൻെറ ചികിത്സാപാടവം ആദ്യമായി സ്വന്തം മാതാമഹിയിൽതന്നെ പ്രയോഗപ്പെടുത്തുവാനിടയായി. വല്യമ്മയുടെ ദേഹാസ്വാസ്ഥ്യംനിമിത്തം ചന്ദ്രികക്കു മുമ്പത്തേപ്പോലെ തൻെറ വിവിധങ്ങളായ സാമുദായികസേവനപ്രവൃത്തികൾക്കായി വീടുവിട്ടു പുറത്തിറങ്ങാൻ സാദ്ധ്യമായില്ല. കുറേ ദിവസം തുടർന്നു കാണ്മാൻകഴിയാതായപ്പോൾ അവളുടെ ശ്രേയഃകാംക്ഷിയായ സന്ന്യാസി വിവരമറിവാനിടവരികയും, വല്യമ്മയെ പുതിയ പത്തായപ്പുരയിൽ ചെന്നു കാണുന്നതിന്നു അനുവാദം വാങ്ങി ഒന്നുരണ്ടു പ്രാവശ്യം ചന്ദ്രനവിടെ ഉണ്ടായിരുന്ന അവസരത്തിൽ അവിടെ പോയി വല്യമ്മയേയും പൌത്രിയേയും കണ്ടു പോരുകയും ചെയ്തു. മൂന്നാമത്തെ പ്രാവശ്യം പോയപ്പോൾ നാരായണിഅമ്മ മാളികയിലെ ഒരു മുറിയിലായിരുന്നു. കമലം സന്ന്യാസിയെ അവിടേക്കു കൂട്ടിക്കൊണ്ടുപോയി; അദ്ദേഹത്തെ അനുഗമിച്ചിരുന്ന ശിഷ്യൻ താഴെ നില്ക്കേണ്ടി

യുംവന്നു. കമലവും ചന്ദ്രികയും കാൎയ്യവശാൽ ചുവട്ടിലേക്കു
പോന്ന തക്കംപാൎത്തു സന്ന്യാസി തന്റെ തലക്കെട്ടും കണ്ണടയും
മാററി നാരായണിഅമ്മയുടെ സമീപത്തു ചെന്നു നിന്നു. അദ്ദേ
ഹത്തിന്റെ ഈ പ്രവൃത്തി നാരായണിഅമ്മയെ തെല്ലൊന്നു്
അമ്പരപ്പിച്ചു. അവർ അദ്ദേഹത്തിന്റെ മുഖത്തു് അല്പനേരം
അനിമേഷയായി നോക്കിയിരുന്നശേഷം "അല്ല, രാഘ......
..." അദ്ദേഹം വേഗത്തിൽ ആംഗ്യംകൊണ്ടു് അവർ ഉച്ചരി
ച്ച വാചകം പൂൎത്തിയാക്കാതിരിക്കാൻ അഭ്യൎത്ഥിച്ചുകൊണ്ടു് ത
ന്റെ പൂൎവ്വവേഷം സ്വീകരിച്ചു. അത്ഭുതപരവശയായ നാരാ
യണിഅമ്മയുടെ അംഗങ്ങൾ ചേഷ്ടാരഹിതങ്ങളായിരുന്നെ
ങ്കിലും അവരുടെ മനസ്സ് ഭൂതകാലസ്മരണകളിലേക്കു് ഊൎജ്ജി
തമായി പാഞ്ഞുകൊണ്ടിരുന്നു. അദ്ദേഹത്തോടു് ആയിരം ചോ
ദ്യങ്ങൾ ചോദിച്ചു് തന്റെ പല ജിജ്ഞാസകളേയും തൃപ്തിപ്പെ
ടുത്തുവാൻ അവർ ആഗ്രഹിച്ചു. എന്നാൽ അദ്ദേഹം മൌന
സൂചകമായി കാണിച്ച ആംഗ്യം അവരുടെ വായ മൂടി. എ
താനും നിമിഷം ഇങ്ങിനെ മൌനത്തിൽ കഴിഞ്ഞശേഷം അ
ദ്ദേഹം "ഞാൻ സ്വതന്ത്രനല്ല, ഈ രഹസ്യം അവിടുന്നു സൂ
ക്ഷിക്കണം" എന്നു മാത്രം പറഞ്ഞു്, വന്ദിച്ചു യാത്രപറഞ്ഞു
പിരിഞ്ഞു. കമലം വല്യമ്മയുടെ മുറിയിൽ മടങ്ങി എത്തിയ
പ്പോൾ അവർ "എനിക്കു കുറെ സ്വസ്ഥമായി കിടന്നുറങ്ങണ
മെന്നു തോന്നുന്നു, സംസാരിച്ചു് അല്പം ക്ഷീണിച്ചു; ഞാൻ ഉ
ണരുന്നതുവരെ ആരും ഇവിടെ വരേണ്ടാ" എന്നു പറഞ്ഞു ക
ണ്ണടച്ചു കിടന്നു.

ഈ സംഭവം നാരായണിഅമ്മയേക്കാൾ സന്ന്യാസിയെ
യാണു് അത്യധികം വേദനപ്പെടുത്തിയതു്. താൻ ആരുടെ അ
ധീനത്തിൽ പെട്ടിരിക്കുന്നുവോ അവരോടു ചെയ്തിരുന്ന വാഗ്ദ
ത്തം സ്വയം ലംഘനംചെയ്തു; തന്റെ ദൃഷ്ടിയിൽതന്നെ താൻ
മഹാ അപരാധിയായിത്തീൎന്നു. എങ്ങിനെയാണു് ഈ അപ
രാധത്തിന്നു പരിഹാരം നേടുന്നതു്? ഇത്തരം ചിന്തകളാൽ
ഏററവും അസ്വസ്ഥനായിത്തീൎന്ന അദ്ദേഹം രണ്ടുദിവസം ആ

ഹാരനിദ്രാദികളിൽക്കൂടെ ശ്രദ്ധയില്ലാതെ കഴിച്ചുകൂട്ടുന്നതു ശിഷ്യന്മാർ മനസ്സിലാക്കി അദ്ദേഹത്തെ ഈ സ്ഥിതിയിൽ ആക്കിയ കാരണം അന്വേഷിച്ചു.

സ—നിങ്ങളോടു ചെയ്ത വാഗ്ദത്തം ലംഘിച്ച് ഞാൻ ആരാണെന്ന് അമ്മായിയെ അറിയിച്ചു. നിങ്ങളേയും എന്നേയും ഞാൻ വഞ്ചിച്ചു. എന്നാൽ എന്റെ കുററത്തിന്നു തക്ക ശിക്ഷ ഏല്ക്കാൻ ഞാൻ തയ്യാറാണ്.

ശിഷ്യൻ—ഇവിടെ ഒരു കൊല്ലം പാർത്തിട്ടും വാസ്തവം മറച്ചുവെക്കാൻ സാധിക്കുന്നുവല്ലോ എന്നു വിചാരിച്ചു ഞങ്ങൾ അത്ഭുതപ്പെടാറുണ്ടായിരുന്നു. പക്ഷെ ഇപ്പോൾ ഇങ്ങിനെ ചെയ്വാനുണ്ടായ കാരണം കേൾക്കാനാഗ്രഹമുണ്ട്.

സ—അമ്മായിയുടെ അനാരോഗ്യംതന്നെയാണ്; അവർ അന്തരിക്കുന്നതിനുമുമ്പായി എന്റെ വസ്തുത അവരെമനസ്സിലാക്കണമെന്നു മാത്രമേ എനിക്കാഗ്രഹമുണ്ടായിരുന്നുള്ളു.

ശി—അവർ ഈ രഹസ്യത്തെ പുറത്തു വിടില്ലെന്നോ?

സ—ഇല്ലെന്നാണ് എന്റെ വിശ്വാസം. നിങ്ങൾ അനുവദിക്കുന്നപക്ഷം ഞാൻ ഒന്നുകൂടെ അവരെ കണ്ട് അപേക്ഷിക്കാം; എന്തുതന്നെ ആയാലും എന്റെ അപരാധത്തിനു തക്ക ശിക്ഷക്കു ഞാൻ വിധേയനാണ്.

ശി—സ്വാമിയെ ശിക്ഷിക്കുവാനല്ല ഞങ്ങൾക്കാഗ്രഹം, രക്ഷിക്കുവാനാണ്. ഞങ്ങൾ അവിടുത്തെ വിട്ടുപിരിഞ്ഞുപോകാം; അവിടുന്നു വാസ്തവം മററുള്ളവരേയും അറിയിച്ചു സ്വസ്ഥാനം കൈയേൽക്കുക.

സ—അങ്ങിനെയല്ലല്ലോ നാം തമ്മിലുണ്ടായ കരാറ്.

ശി—കരാർകാലം അവസാനിച്ചു; അജ്ഞാതവാസമായിട്ടും ഒരുകൊല്ലം കഴിഞ്ഞു. സ്വാമിയുടെ സന്താനങ്ങളും, അവരുടെ വല്യമ്മയും, നാട്ടുകാർ മുഴവനും ഞങ്ങളുടെ ആളുകളുടെ ഉന്നമനത്തിനുവേണ്ടി ചെയ്തിട്ടുള്ളതും, ഇപ്പോൾ ചെയ്തുപോരുന്നതുമായ യത്നം കണ്ട് ഞങ്ങൾ സന്തോഷിക്കുന്നു. ഞങ്ങളുടെ പിതാവിന്റെ ആത്മാവും തൃപ്തിഅടഞ്ഞിരിക്കു

മെന്നു ഞങ്ങൾ പൂൎണ്ണമായി വിശ്വസിക്കുന്നു. അവിടുന്നു് ഇന്നുമുതൽ സ്വതന്ത്രൻ. ഞങ്ങൾ പിരിഞ്ഞുപോകാൻ തയ്യാറാവാം.

സ—ഇരുപതു കൊല്ലത്തോളം കാലം നിങ്ങളുടെ സ്നേഹപൂൎവ്വമായ ശുശ്രൂഷകളേറ്റു് നിങ്ങളോടൊരുമിച്ചു കാലം കഴിച്ച എനിക്കു മേലാൽ നിങ്ങളെ പിരിഞ്ഞിരിപ്പാൻ സാദ്ധ്യമല്ല. ഞാൻ കുടുംബജീവിതം ഉപേക്ഷിച്ചു് സന്യാസവൃത്തിയിൽ എത്രയോ നാളായി കഴിയുന്നു. എന്റെ പരമാൎത്ഥം മററുള്ളവരെ ആരെയും അറിയിക്കാൻ ഞാൻ ഇഷ്ടപ്പെടുന്നില്ല. തറവാട്ടിൽ പല കുഴപ്പങ്ങൾക്കും കാരണമാകും. കാൎയ്യങ്ങൾ കുറേക്കൂടെ വിശദമായി അമ്മായിയെ അറിയിക്കണമെന്നു മാത്രം ആഗ്രഹമുണ്ടു്. അങ്ങിനെ ചെയ്തശേഷം ഈ ഗ്രാമം വിട്ടു നമുക്കു ദേശസഞ്ചാരത്തിനു പുറപ്പെടാം.

ശി—അപ്പോൾ മക്കളേയുംകൂടെ വസ്തുത അറിയിക്കേണ്ടതുന്നൊ?

സ—വേണ്ടാ, നമ്മുടെ ദൃഷ്ടിയും സ്നേഹവും അവരിൽ എപ്പോഴും ഉണ്ടായിരുന്നാൽ മതി. ഒരു വിദൂരഭാവിയിൽ—പക്ഷേ എന്റെ മരണശയ്യയിൽവെച്ചു്—അവൎക്കു ഞാൻ എന്റെ രഹസ്യം മനസ്സിലാക്കിക്കൊടുക്കും. അതു മതി.

ശി—ഞങ്ങൾക്കും സ്വാമിയെ പിരിഞ്ഞു താമസിക്കുന്ന കാൎയ്യം ദുസ്സഹമാണു്; എങ്കിലും അവിടുന്നു സ്വജനങ്ങളുമായി ചേൎന്നു സന്തോഷമായിരിക്കുന്നപക്ഷം ഞങ്ങൾ അതുകണ്ടു്... ...അല്ല കേട്ടു തൃപ്തിപ്പെട്ടുകൊള്ളാം. അവിടുത്തേപ്പററിയുള്ള രഹസ്യം പുറത്തായാൽ ഞങ്ങൾ അന്തൎദ്ധാനം ചെയ്യേണ്ടതത്യാവശ്യമാണല്ലൊ.

സ—നാം തമ്മിൽ ഈ സമയത്തു പിരിയേണ്ട ആവശ്യമില്ല. എന്റെ ഭാൎയ്യ മൃതിയടഞ്ഞു; സന്താനങ്ങൾ വളൎന്നു സ്വകാൎയ്യങ്ങൾ നോക്കാൻ പ്രാപ്തരുമായി. തറവാട്ടു് അനുജന്മാരുടേയും ഭാഗിനേയന്മാരുടേയും ഭരണത്തിൻകീഴിൽ ഒരു വിധം ക്ഷേമമായി കഴിയുന്നു. ഈ ഘട്ടത്തിൽ ഞാൻ, ശവകു

ടീരത്തിൽനിന്നു പുറത്തുവന്നപോലെ, വെളിപ്പെട്ടതുകൊണ്ടു് ആക്കും വലിയ പ്രയോജനമുണ്ടാകാനിടയില്ല. രണ്ടുമൂന്നു കൊല്ലമായി നാം കഴിക്കുന്ന രീതിയിലുള്ള ദേശാടനവും, ലോകസേവനവുംകൊണ്ടു മേലാലും നമുക്കു കാലം കഴിക്കരുതോ? കുറേക്കാലം അത്ധ്യാപനം ചെയ്തു് കാലക്ഷേപത്തിനുള്ള വക നാം സമ്പാദിച്ചുകഴിഞ്ഞു; അതിൽ എൻേറതും നിങ്ങളുടേതും ഞാൻ വേർതിരിച്ചു വെച്ചിട്ടുമില്ല, മേലാൽ വെയ്ക്കേണ്ട ആവശ്യവുമില്ല. പിന്നെ നമ്മുടെ ഈ സന്ന്യാസവൃത്തി തുടൎന്നാൽ പോരെ?

ശി—അവിടത്തെ ഞങ്ങൾ പിതൃശാസനം നിറവേററുവാനായി കുടുംബത്തിൽനിന്നു പിരിക്കേണ്ടിവന്നുവെങ്കിലും, ഈശ്വരനെപ്പോലെ വിചാരിച്ചു പൂജിച്ചാണു കഴിഞ്ഞതു്. വളരെ കഷ്ടപ്പെട്ടു ജീവിതം കഴിച്ച കാലത്തു് സ്വാമിയുടെ സാന്നിദ്ധ്യവും സഹവാസവും ഞങ്ങൾക്കു സ്വൎഗ്ഗസുഖം തന്നു. അവിടുന്നുമൂലം ലഭിച്ച വിദ്ധ്യാഭ്യാസം ഞങ്ങളെ സംസ്കൃതചിത്തരാക്കി. അവിടുത്തോടു ഞങ്ങൾക്കുള്ള കടപ്പാടു തീൎത്താൽ തീരാത്തതാണു്.

സ—നമ്മൾ ഒരു കുടുംബംപോലെ, പിതാവും പുത്രരുംപോലെ, ഇത്രനാളും കഴിച്ചു. അതു് ഈശ്വരവിധി. ഇപ്പോൾ പിരിയാൻ സാദ്ധ്യമല്ല. ഒന്നുരണ്ടാഴ്ചയ്ക്കുള്ളിൽ നമുക്കു് ഈ സ്ഥലം വിടണം. ഇവിടെ നാം ചെയ്യേണ്ടതു മിക്കതും ചെയ്തുകഴിഞ്ഞു. അമ്മായിയേയും ചന്ദ്രികയേയും ഒരു പ്രാവശ്യം കൂടെ കണ്ടു യാത്ര പറയണം.

ഭാഗ്യവശാൽ സന്ന്യാസിക്കു് ആ അവസാനസന്ദൎശനത്തിൽ നാരായണിഅമ്മയെ ഏകാകിയായി കാണ്മാൻ സാധിച്ചു. വല്യമ്മക്കു ദേഹാസ്വാസ്ഥ്യം കുറഞ്ഞിരുന്നതിനാൽ പൌത്രിമാൎക്കു പുറമേ പോകുവാൻ അവസരം ലഭിച്ചു. ഈ സന്ദൎശനാവസരത്തിൽ നാരായണിഅമ്മയും സന്ന്യാസിയും തമ്മിൽ ഒരു ദീൎഘസംഭാഷണം നടന്നു. തമ്മിൽ പിരിവാനിട

വന്നതു മുതലുണ്ടായ കാൎയ്യങ്ങൾ അവർ സംഗ്രഹമായി അ ന്യോന്യം പറഞ്ഞു കേൾപ്പിച്ചു.

നാ. അ—രാഘവാ, ദുർഗ്ഗ പിടിച്ച ആ ദിവസം നീ ശ്രീദേവി ക്കെഴുതിയ കത്തു ഞാൻ കാണ്മാനിടയായി. അവൾ അതു നശിപ്പിച്ചിരുന്നില്ല. ഒന്നുരണ്ടു കഷണങ്ങളായി കീറി പെ ട്ടിക്കുള്ളിൽ സൂക്ഷിച്ചിരുന്നു. എന്നാൽ അതിൽ പറഞ്ഞി രുന്ന കാൎയ്യങ്ങൾ അവൾ ആരേയും അറിയിച്ചില്ല. അവളു ടെ ആഭരണപ്പെട്ടിയിൽനിന്ന് ഇതിനിടെ എനിക്കു കി ട്ടുകയും ഞാൻ വായിക്കയും ചെയ്തു. പക്ഷേ കാൎയ്യങ്ങൾ ഒ ന്നും നേരെ മനസ്സിലായില്ല. ശ്രീദേവി ചെയ്തപോലെ ഞാ നും ആ രഹസ്യം മറച്ചുവെക്കുകയാണു ചെയ്തതു്.

സ—ആ രഹസ്യം രഹസ്യമായിത്തന്നെ ഇരിക്കട്ടെ. അതു അ മ്മായി അറിഞ്ഞതായി ഞാൻ മനസ്സിലാക്കിയിരുന്നെങ്കിൽ എന്റെ വസ്തുത ഇപ്പോൾ അറിയിക്കയില്ലായിരുന്നു. എ ന്റെ ജീവിതം മേലാൽ ഒരു സന്യാസിയുടേതു്, ലോകസേ വനം ചെയ്യുന്ന ഒരു രാജ്യഭക്തന്റെതായിട്ടുതന്നെ കഴി യും. അമ്മായി മാത്രം എന്റെ വസ്തുത അറിഞ്ഞു. അതു മതി.

നാ. അ—നിന്റെ ഇത്രനാളത്തെ ജീവിതം എവിടെ എങ്ങി നെ കഴിഞ്ഞുവെന്നും ഇങ്ങിനെ വരാനുള്ള കാരണം എന്താ ണെന്നുംകൂടെ എന്നോടു പറയരുതോ?

സ—കുളപ്പുരയിലെ ഇളനീർ കട്ട കേസ് അമ്മായി കേട്ടിരി ക്കുമല്ലോ. അതിൽ എന്റെ പേരിൽ അല്പം അപരാധമു ണ്ട്. ഞാനും എന്റെ ചില കൂട്ടുകാരുംകൂടെ രാമപുരത്തെ യോഗത്തിന്നു പോകുന്നതിന്നു മുമ്പായി അവിടെ കയറി, കൂട്ടുകാരിൽ ചിലർ ദാഹം തീൎക്കാൻ ഇളനീർ പറിച്ചു. കാ ൎയ്യം കഴിഞ്ഞ ശേഷമാണു ഞാൻ അറിഞ്ഞതും, അമ്മാമൻ പ്രത്യേകം പ്രീതിയോടെ നോക്കിവന്ന തെങ്ങിൽനിന്നും ഇളനീർ പറിക്കരുതെന്നു വിലക്കിയതും. ഞാൻ ഉടൻത ന്നെ അമ്മാമനെ കാൎയ്യം ധരിപ്പിച്ചിരുന്നുവെങ്കിൽ സാധു

ചാത്തൻ അദ്ദേഹത്തിൻെറ കോപത്തിന്നിരയാകയില്ലായിരുന്നു. സമയമില്ലാതിരുന്നതുകൊണ്ടു ഞങ്ങൾ ഉടൻ പുറപ്പെട്ടുപോയി. മടങ്ങി എത്തുമ്മുമ്പ് ചാത്തൻ തൻെറ ജീവൻതന്നെ രണ്ടിളനീരിനുവേണ്ടി ബലികഴിക്കേണ്ടിയും വന്നു.

നാ. അ—താൻ നിരപരാധിയാണെന്നു ചാത്തൻ മൂപ്പരോടു പറഞ്ഞില്ലേ? കഷ്ടം! കഷ്ടം! അറിയാത്തതും ചെയ്യാത്തതും ആയ കാൎയ്യത്തിന്നു് ആ സാധു........

സ—ഇനി അതേപ്പററി ആലോചിച്ചു് അമ്മായി സങ്കടപ്പെട്ടിട്ടു കാൎയ്യമില്ല. ആ പാപകൎമ്മത്തിൻെറ പരിഹാരം നമ്മളെല്ലാവരുംകൂടെ—അമ്മാമൻ, ശ്രീദേവി, ഞാൻ, അമ്മായി, എൻെറ കുട്ടികൾ —എല്ലാവരുംകൂടെ അനുഭവിച്ചു തീൎത്തു.

നാ. അ—ഇളനീർക്കാൎയ്യത്തിൽ നീ അപരാധിയാണെന്നു ചാത്തൻ എങ്ങിനെ അറിഞ്ഞു? നിന്നോടു് അവൻെറ കുട്ടികൾ ഇങ്ങിനെ പകവീട്ടുവാനിടയായതെങ്ങിനെ?

സ—ഞാനും കൂട്ടുകാരും കുളപ്പുരയിൽ ഇരിക്കുന്നതു ചാത്തൻ കണ്ടു. അവൻെറ പ്രാണസങ്കടത്തിൽ അവൻ കുട്ടികളോടു പ്രതികാരം ചെയ്യാൻ ആവശ്യപ്പെട്ടു. ചാത്തൻ മരിച്ചു് നിരാധാരരായിതീൎന്ന ആ കുടുംബം അവിടെനിന്നും ഭയപ്പെട്ടു് ഓടി ചില മിഷ്യനറിമാരുടെ സഹായത്താൽ കുറേനാൾ ജീവിച്ചു. അപ്പോൾ പുലയിയും മരിച്ചു. പിന്നെ ആ കുട്ടികൾ അനുഭവിച്ച കഷ്ടത അവർ പറഞ്ഞുകേട്ടു ഞാൻതന്നെ കണ്ണുനീർ തൂകിട്ടുണ്ടു്. കഷ്ടത അനുഭവിച്ചു് അവരുടെ ഹൃദയം മരവിച്ചുപോയി. അവരുടെ ഏകവിചാരം എന്നോടു പകവീട്ടണമെന്നായിതീൎന്നു. എങ്ങിനെയോ മലേഷ്യയിൽ എത്തിച്ചേൎന്നു. റബ്ബർതോട്ടത്തിൽ പണി എടുത്തു കാലം കഴിച്ചു. അങ്ങിനെ കുറേനാൾ കഴിഞ്ഞശേഷമാണു് എന്നെ തിരഞ്ഞുവന്നതും, ചതി പ്രയോഗിച്ചു പിടികൂടിക്കൊണ്ടുപോയതും.

നാ. അ—നിൻെറ കറാം എത്ര നിസ്സാരമാണെന്ന് അവരോട പറഞ്ഞില്ലേ?

സ—പറയാസ്സയല്ല. അതൊന്നും അപ്പോൾ അവരുടെ മനസ്സിൽ കടന്നില്ല. എന്നാലും എന്നെ ജീവാപായപ്പെടുത്തുവാനുള്ള വിചാരം മാററി, ശ്രീദേവിയെ ഞാൻ മരിച്ചിട്ടില്ലെന്നും മററുമുള്ള വിവരം അറിയിക്കുവാൻ സമ്മതിച്ചു. അവർ അച്ഛനില്ലാതെ അനാഥരായി ജീവിച്ചപോലെ എൻെറ വീട്ടുകാരും സന്താനങ്ങളും എൻെറ സഹായം കിട്ടാതെ കഷ്ടപ്പെടട്ടെ, എന്നാൽ തൃപ്തിപ്പെട്ടുകൊള്ളാമെന്നായിരുന്നു അവരുടെ വിചാരം.

നാ. അ—ചാത്തൻെറ മക്കളാണോ ഇപ്പോൾ കൂടെയുള്ള ഈ ശിഷ്യന്മാർ? അവരിലൊരാൾ പിരിയാതെ അകമ്പടിയായി നടക്കുന്നതിൻെറ രഹസ്യം ഇതാണോ? അവർ എത്ര സാത്വികന്മാരായിട്ടാണ് കാണപ്പെടുന്നത്!

സ—അതേ, അവർ തന്നെയാണ്. പക്ഷേ അന്നത്തെ കുട്ടികളല്ലാ, ഇന്നത്തെ സന്യാസിശിഷ്യർ. അവക്ക് വളരെ മാററം സംഭവിച്ചിട്ടുണ്ട്. അത് ഞങ്ങൾ തമ്മിൽ പത്തിരുപതു കൊല്ലം ഒരുമിച്ചു ജീവിച്ചതിൻെറ ഫലമാണ്.

നാ. അ—എവിടെയായിരുന്നു ഒരുമിച്ച് ജീവിച്ചതു്?

സ—മലേഷ്യയിൽതന്നെ. അവരുടെ താക്കീതുകൾക്കൊക്കെ ഞാൻ വഴങ്ങി; അവക്കൊരച്ഛനായിത്തന്നെ ഞാനും ജീവിച്ചു. റബ്ബർതോട്ടത്തിൽ ഞങ്ങൾ ഒന്നായി പണിയെടുത്തു് ഒരു കുടുംബംപോലെ കഴിച്ചു; വളരെ കഷ്ടതകളും അനുഭവിച്ചു. അതൊക്കെ കഴിഞ്ഞ കഥകൾ. രണ്ടുമൂന്നു കൊല്ലം മുമ്പുവരെ ഞങ്ങൾ മലേഷ്യയിൽതന്നെയായിരുന്നു.

നാ. അ—പിന്നെ അവിടം വിടാൻ ഉറച്ചതെങ്ങിനെ? ഇവിടെ വന്നിട്ട് ഒരു കൊല്ലമല്ലേ കഷ്ടിച്ചു കഴിയുന്നുള്ളു.

സ—കുറേനാൾ ഞങ്ങൾ വളരെ ബുദ്ധിമുട്ടി പണി എടുത്തു് ഒടുവിൽ വേണ്ട മൂലധനം സമ്പാദിച്ചു സ്വന്തം നിലക്കു ചില കച്ചവടവും കൺട്രാക്ററും മററും നടത്തി ധാരാളം പ

ണം സമ്പാദിച്ചു. ഇനി അവിടെക്കിടന്നു ബുദ്ധിമുട്ടീട്ടാവ ശ്യമില്ലെന്ന നിലയെത്തി. അതുകൊണ്ടു ഞങ്ങളുടെ സമ്പാ ദ്യം മുഴുവൻ സുരക്ഷിതമായി ബാങ്കിൽ ഇട്ട് രണ്ടുകൊല്ലം ദേശസഞ്ചാരം ചെയ്തു. പിന്നെ കേരളത്തിൽ മടങ്ങിവന്ന് അവരുടെ സമുദായത്തിൻെറ അഭ്യുന്നതിക്കു പ്രവൎത്തിക്കാ മെന്നു നിശ്ചയിച്ച് ഇങ്ങട്ടു പുറപ്പെട്ട് കേരളമൊട്ടുക്ക് ഒരു പരിശോധനക്കായി സഞ്ചരിച്ചു. തൃത്താലിപ്പുറത്തു മാത്രം പോയില്ല. എന്നെ സ്നേഹിതന്മാരോ ബന്ധുക്കളോ ആരെ ങ്കിലും കണ്ട് ആളാം മനസ്സിലാക്കുമോ എന്നു ഭയപ്പെട്ടി ട്ടാണ് പോകാത്തത്. എനിക്ക് എൻെറ കുട്ടികളെ ഒന്നു കാണണമെന്ന് ആഗ്രഹമുണ്ടെന്നു പറഞ്ഞപ്പോൾ ശിഷ്യ ന്മാർ ഇവിടേക്കു വരാൻ സമ്മതിച്ചു.

നാ. അ—കുട്ടികളെ കാണ്മാൻ സമ്മതിക്കത്തക്കവണ്ണം അവ ൎക്കും സഹാനുഭൂതി ഇപ്പോൾ ഉണ്ടായല്ലോ. ഞാൻ നിന്നെ ആളാം മനസ്സിലാക്കിയ കഥ അവർ അറിഞ്ഞുവോ?

സ—ഞാൻ പറഞ്ഞറിഞ്ഞു. അവരുടെ പകവീട്ടുവാനുള്ള ആഗ്രഹം ഫലിച്ചു, മേലാൽ എന്നെ അവരുടെ വലയിൽ നിന്നു വേർപെടുത്തി സ്വാതന്ത്ര്യം തരാനും അവർ ത യ്യാറായി.

നാ. അ—എന്നാൽ ഇനി ഈ പ്രച്ഛന്നവേഷമെന്തിന്? ഇ തൊക്കെ മാററി സ്വസ്ഥാനത്തു വരാമല്ലോ.

'സംഭാഷണം ഈ ഘട്ടത്തിൽ എത്തിയപ്പോൾ നാരായ ണിഅമ്മക്കു സന്തോഷം വൎദ്ധിച്ചുവെന്നു പറയേണ്ടതില്ലല്ലോ. പക്ഷേ ഭാവിയെപ്പററിയുള്ള തൻെറ നിശ്ചയം അപ്പോൾ അ റിയിച്ചാൽ പെട്ടെന്നുണ്ടാകുന്ന വികാരവ്യത്യാസം അവരെ അ വശയാക്കുമെന്നു സന്ന്യാസി ശങ്കിച്ചു. എന്താണ് വേണ്ടതെന്ന റിയാതെ കുറേ നേരം മൌനമവലംബിച്ചു. നാരായണിഅമ്മ യും മൌനിയായി കണ്ണുമടച്ചു കിടന്നു. അല്പനേരം ഇങ്ങിനെ കഴിഞ്ഞ ശേഷം നാരായണിഅമ്മ എന്തോ മറന്നകാൎയ്യം പെ ട്ടെന്നോൎമ്മിച്ചപോലെ എഴുന്നേററിരുന്ന് അദ്ദേഹത്തോടു ഇ

ത്താലിപ്പുരത്തും പരിവട്ടത്തും അവരെ രണ്ടാളേയും സംബന്ധിച്ചുണ്ടായ കാര്യങ്ങളും സംഭവങ്ങളും ചുരുക്കത്തിൽ രാഘവക്കുറുപ്പിനെ പറഞ്ഞു കേൾപ്പിച്ചു. ശ്രീദേവിയുടെ സുഖക്കേടിനേയും മരണത്തേയും പററിയുള്ള കാര്യങ്ങൾ അവർ ഏററവും ചുരുക്കമായിട്ടേ പറഞ്ഞുള്ളുവെങ്കിലും, ആ സമയം മുഴുവൻ കണ്ണും കരളും അലിഞ്ഞു രണ്ടാളും യഥേഷ്ടം ബാഷ്പവർഷം ചെയ്തുകൊണ്ടിരുന്നു. ഈ പ്രസ്പഷ്ടദുഃഖപ്രദർശനം ഇരുവർക്കും ഒടുവിൽ സമാധാനം നൽകി. കർമ്മഫലത്താലുണ്ടായ ആ വേർപാടും ക്ലേശങ്ങളും തല്ക്കാലം വേദനാജനകങ്ങളായിത്തീന്നുവെങ്കിലും അനന്തരഫലങ്ങൾ സമുദായത്തിനും, നാട്ടിനും തന്നെ, ഉപകാരപ്രദങ്ങളായിത്തീന്നതിൽ അവർ സംതൃപ്തരായി.

തദനന്തരം സന്യാസി തൻെറ ഭാവിജീവിതത്തെപ്പററിയുള്ള നിശ്ചയം നാരായണിഅമ്മയെ പറഞ്ഞു കേൾപ്പിച്ചു. ഇതു് അപ്പോഴുണ്ടായ അവരുടെ പ്രതീക്ഷകൾക്കു വിപരീതമായിരുന്നതിൽ ആശാഭംഗവും വ്യസനവും ഉണ്ടാക്കി എങ്കിലും അതിൻെറയും ഫലവും പരിണാമവും ശുഭപ്രദമായിത്തന്നെ തീരുമെന്നു് അദ്ദേഹം കാര്യകാരണസഹിതം പറഞ്ഞു ധരിപ്പിച്ചപ്പോൾ അവർ സമാധാനചിത്തയായിത്തീന്നു. പിന്നീടവർ പരിവട്ടത്തുണ്ടായിരിക്കുന്ന മാററത്തെപ്പററിയാണു് സംഭാഷണം നടത്തിയതു്.

സ—ശ്രീദേവി ഗർഭിണിയായിരുന്ന കാലത്തായിരുന്നു ഞങ്ങൾ ഒരുമിച്ചു് ഇവിടെ വന്നതു്. അന്നത്തെ സ്ഥിതി എന്തായിരുന്നു! അവൾ കയറിയിരുന്ന മേനാവു വഹിച്ചവർ കൂക്കിവിളിച്ചു്, താണ ജാതിക്കാരെ ഓടിച്ചതും, ഞങ്ങൾ തടഞ്ഞതും, മേനാവിറക്കിവെച്ചു തങ്ങൾ പോയ്ക്കളയുമെന്നു് അവർ ഭീഷണിപ്പെടുത്തിയതും—ഹാ, ആ ചിത്രവും ഈ ചിത്രവും തമ്മിലുള്ള അന്തരം!

നാ. അ—ഇരുപതു കൊല്ലം വേണ്ടിവന്നില്ലേ ഈ വ്യത്യാസത്തിനു്? അതു വലിയ അത്ഭുതമാണോ?

സ—ഇടക്കാലത്തെ സ്ഥിതിയൊന്നും കണ്ടിട്ടില്ലാത്തതുകൊണ്ടു് ഈ പരിവൎത്തനം എനിക്കു് ഒരു വിപ്ലവംപോലെ തോന്നുന്നു.

നാ. അ—ഇതു് ഒരു വിപ്ലവഫലമെന്നു പറവാൻ തരമില്ല; ക്രമപ്രവൃദ്ധമായ ഒരു പരിവൎത്തനം മാത്രം. വിപ്ലവത്തിൽ നിന്നുണ്ടാകുന്ന അനിഷ്ടസംഭവങ്ങൾ ഒന്നും ഇവിടെ ഉണ്ടായിട്ടില്ല. വലിയ കക്ഷിപിണക്കങ്ങളോ, കലഹങ്ങളോ, കശപിശയോ യാതൊന്നും ഞാൻ ഇവിടെ വന്നശേഷം സംഭവിച്ചറിഞ്ഞിട്ടില്ല. പോലീസുകാർ ഇടപെടുകയോ, ഗവൎമ്മെണ്ടു നിരോധിക്കയോ ചെയ്യത്തക്ക കാൎയ്യങ്ങൾ ഉണ്ടായിട്ടേ ഇല്ല. സമാധാനപരമായ അഭിവൃദ്ധിമാൎഗ്ഗങ്ങൾ ഗ്രാമക്കാർ സ്വമനസ്സാലെ നേടി.

സ—ഗ്രാമക്കാർ ഏകമനസ്സോടെ ഗവൎമ്മെണ്ടു് ഏൎപ്പെടുത്തിയതായി കേട്ടിട്ടുള്ള പുതിയ നിയമങ്ങളേയും പരിഷ്കാരങ്ങളേയും സ്വീകരിച്ചു എന്നാണോ പറയുന്നതു്?

നാ. അ—ഗവൎമ്മെണ്ടുനിയമങ്ങളും പുതിയ ഏൎപ്പാടുകളുമല്ലാ ഈ ഗ്രാമത്തെ സഹായിച്ചതു്. ഇവിടത്തുകാർ പണ്ടേ യോജിപ്പുള്ളവരായിരുന്നല്ലോ; ആ മനഃസ്ഥിതി അവർ ഇന്നും നിലനിൎത്തിപ്പോരുന്നു. പഠിപ്പും പാടവവുമുള്ള അവരുടെ സഹോദരന്മാരുടേയും സഹോദരിമാരുടേയും ആഗ്രഹത്തെ അവർ അനുഭാവത്തോടുകൂടെ സമ്മതിക്കയും, ഉപദേശങ്ങളെ സന്തോഷത്തോടെ സ്വീകരിക്കയും ചെയ്കയാണുണ്ടായതു്. കുണ്ടിലെ തവളകളെപ്പോലെ കിടക്കാൻ അവൎക്കിഷ്ടമില്ലാതായപ്പോൾ മററുള്ളവരേയും ആ നിലയിൽ കാണ്മാൻ അവർ തയ്യാറായിരുന്നില്ല. ഇങ്ങിനെ അവശസമുദായക്കാരും അല്ലാത്തവരും ഒത്തൊരുമിച്ചു് ഉന്നതിക്കായി യത്നിക്കയും ഫലപ്രാപ്തി അടയുകയും ചെയ്തു.

സ—പ്രതികൂലികളോടു മല്ലിടേണ്ടിവരുമ്പോഴാണല്ലോ നമ്മുടെ ശക്തി ക്ഷയിക്കുന്നതും മനസ്സു മടുക്കുന്നതും.

നാ. അ—പ്രതിക്കൂലികൾ തീരെ ഉണ്ടായിരുന്നില്ലെന്നു പറവാൻ തരമില്ല; പക്ഷേ അവരെ നിർബ്ബന്ധിച്ചു മനസ്സു മാററാൻ മററുള്ളവർ ഒരുങ്ങിയില്ല. തീണ്ടലും തൊടീലും ഇപ്പോഴും ആചരിച്ചുവരുന്നവർ ചിലരുണ്ടു്; അവരുടെ പ്രത്യേകസ്ഥലങ്ങളോ കുളങ്ങളോ കിണറുകളോ ഹരിജനങ്ങൾ മാത്രമല്ല മററാരുംതന്നെ കയ്യേററംചെയ്യാൻ തുനിയാറില്ല. തങ്ങളുടെ അത്യാവശ്യങ്ങൾ നിർവഹിപ്പാൻ മററു മാർഗ്ഗങ്ങളുള്ളപ്പോൾ, അനാവശ്യമായി അവകാശവാദങ്ങൾ പുറപ്പെടുവിച്ചു മററുള്ളവക്കു് ഇഷ്ടക്കേടും മനോവേദനയും ഉണ്ടാക്കുന്നതു് ഒരുതരം ബലപ്രയോഗമല്ലേ?

സ—അപ്പോൾ പുതിയ ഗവൎമ്മേണ്ടുനിയമങ്ങളും മററും എല്ലാവക്കും ഹിതമാകാറില്ലല്ലോ; അവയെ നടപ്പിൽ വരുത്തുന്നതും ഒരുവിധം ബലപ്രയോഗമല്ലേ?

നാ. അ—അതും ഒരുവക ബലപ്രയോഗംതന്നെയാണു്. ജനങ്ങൾക്കു മനസ്സു മാററം വന്നാൽ ശരി, അപ്പോൾ നിയമവിധേയരാകാൻ അവർ മടിക്കില്ല. പുതിയ നിയമങ്ങൾ വരുമ്പോൾ ചില പ്രതിഷേധങ്ങൾ ഉണ്ടായിക്കാണുന്നില്ലേ? അതു പ്രതിഷേധികൾക്കു് ഒന്നുകിൽ കാൎയ്യത്തിന്റെ യഥാൎത്ഥം മനസ്സിലാകാഞ്ഞിട്ടു്; അതായതു്, ആ നിയമങ്ങൾ കൊണ്ടുണ്ടാവാനിടയുള്ള ഗുണങ്ങൾ എന്തായിരിക്കുമെന്നു ഗ്രഹിക്കാൻ ശക്തിയില്ലാഞ്ഞിട്ടു്; അല്ലെങ്കിൽ അവ ചിലക്കു സ്വാൎത്ഥലാഭത്തിനു് തടസ്ഥമായിരിക്കുന്നതുകൊണ്ടാവാം. അപ്പോൾ എതിൎപ്പും പ്രതിഷേധവും, തുടൎന്നു് അഹിതസംഭവങ്ങളും ഉണ്ടാകും. 'ഭൂരിപക്ഷ ഭൂരിസുഖം' എന്ന പ്രമാണത്തെ ജനങ്ങൾ അനുസരിച്ചു പ്രവൎത്തിക്കുന്നിടത്തു് അത്തരം അഹിതസംഭവങ്ങൾ കുറയും. അങ്ങിനെയുള്ള മനോഭാവമാണു് പരിവട്ടത്തുകാക്കുള്ളതു്. അതുകൊണ്ടു ബാഹ്യശക്തിപ്രയോഗം വേണ്ടിവന്നില്ല. പക്ഷേ ഓരോ മാററങ്ങളും നടപ്പിൽ വരാൻ അല്പം കാലതാമസം നേരിട്ടിട്ടുണ്ടെന്നേയുള്ളു.

സ—കാലതാമസം വന്നുവെങ്കിലും ലക്ഷ്യവും രക്തം ചൊരിച്ചിലും കൂടാതെ ഫലം നേടിയല്ലോ. അതു വലിയ കാൎയ്യം തന്നെ. കേരളത്തിൽ പല ഗ്രാമങ്ങളേയും ഞാൻ ഇതിനിടയിൽ സന്ദൎശിച്ചുകണ്ടിരിക്കുന്നു. ഇവിടേയും സമീപത്തുള്ള ഒന്നുരണ്ടു ഗ്രാമങ്ങളിലും ഉണ്ടായിട്ടുള്ള കുടിൽവ്യവസായാഭിവൃദ്ധി മററുള്ള ഗ്രാമങ്ങളോടപേക്ഷിച്ച് എത്ര ഉന്നതനിലയിലാണ്! എന്നിട്ടും ദാരിദ്ര്യവും തൊഴിലില്ലായ്മയും തീരുന്നില്ലല്ലോ എന്നു വിചാരിച്ചു സങ്കടം തോന്നുന്നു.

നാ. അ—ജനസംഖ്യ നാൾക്കുനാൾ വൎദ്ധിക്കുന്ന തോതനുസരിച്ച് ഉല്പന്നങ്ങളും വ്യവസായവും വൎദ്ധിക്കുന്നുണ്ടോ? ഏതു കാൎയ്യവും പരിപൂൎണ്ണസ്ഥിതിയിൽ എത്തുക സാദ്ധ്യമാണോ? എന്തെങ്കിലും ഒരു അപൂൎണ്ണത എവിടെയെങ്കിലും കാണുക തന്നെ ചെയ്യും.

സ—എന്നാലും കൃഷിയും വ്യവസായവും ഇത്ര ഉന്നതി പ്രാപിച്ച സ്ഥിതിക്കു ദാരിദ്ര്യം കുറേക്കൂടെ കുറഞ്ഞുകാണേണ്ടതാണെന്ന് എനിക്കു തോന്നി.

നാ. അ—പുറംദിക്കിൽ പ്രവൃത്തിയെടുത്തു ജീവിച്ചിരുന്നവരൊക്കെ ഇപ്പോൾ വെറുംകയ്യോടെ മടങ്ങി എത്തി. അതു മാത്രമല്ലാ, ഇവിടത്തെ ദാരിദ്ര്യസ്ഥിതി എന്തായിരുന്നു എന്നു പുറമേ നിന്നൊരാൾക്കു മനസ്സിലാക്കുവാൻ സാധിക്കുന്ന നിലയിലായിരുന്നില്ല. ദരിദ്രർ, യാചകർ എന്നു ചിലരെ ഒരു പ്രത്യേകവൎഗ്ഗക്കാരായി തിരിച്ച് അവരെ മാത്രമേ പട്ടിണിക്കാരായി നാം ഗണിച്ചിരുന്നുള്ളു; അതിലാണ് നമുക്കു തെററിപ്പോയതു്. പാൎക്കാൻ ഒരു പൊളിഞ്ഞ വീടും, കുലമഹിമ എന്ന ഗൎവ്വും കൈവശമുണ്ടായിരുന്ന എത്രയെത്ര ജനങ്ങളാണ് അജ്ഞതയ്ക്കും, പട്ടിണിക്കും, രോഗത്തിനും ഇരയായിക്കിടന്നുഴന്നിരുന്നതു്! വാസ്തവം പറകയാണെങ്കിൽ ഞാനിവിടെ മടങ്ങിവന്ന കാലത്തു് ഇവിടത്തുകാർ നൂറുക്കു തൊണ്ണൂറും കഠിനദാരിദ്ര്യം അനുഭവിക്കുന്നവരാ

യിരുന്നു. അവരിൽ മിക്കവരും ആഭിജാത്യത്തിൻെറ മറവിലിരുന്നു കത്തിക്കാളുന്ന വയററിൻെറ രോദനത്തെ അമർത്തിക്കഴിച്ചുവന്നു. കുടിൽവ്യവസായം ഇതിന്നൊരു ശമനമുണ്ടാക്കുമെന്നു മനസ്സിലാക്കിയപ്പോഠം അത്തരക്കാരാണ് അതിന്നായി പരിശ്രമിച്ചത്. വിശപ്പിൻേറയും നഗ്നതയുടേയും ഫലമനുഭവിച്ച അവക്ക് വീടില്ലാതേയും, പട്ടിണികിടന്നും, യാചിച്ചും നടന്നവരിൽ കൂടുതൽ അനുകമ്പ ജനിച്ച് അവരേയും കഴിയുംവണ്ണം സഹായിപ്പാൻ ഒരുങ്ങി. അതാണ് കുടിൽവ്യവസായങ്ങഠം ഇത്ര വദ്ധനവിൽ എത്താൻ കാരണം. ഇവിടെ കുചേലന്മാരാണധികം, കുബേരന്മാരില്ലതന്നെ.

സ—അവരാണല്ലൊ അന്യോന്യം സഹായിക്കാൻ തയ്യാറുള്ളവർ; അവരല്ലേ ത്യാഗംചെയ്യാൻ മടിയില്ലാത്തവർ.

നാ. അ—അത്തരത്തിലുള്ള മനസ്ഥിതിയാണ് ഇവിടത്തെ ജനങ്ങളെ തമ്മിൽ യോജിപ്പിച്ചത്. അവരിൽ ദാരിദ്ര്യം സവ്വസാധാരണമായിരുന്നു. അതു ജാതിമതഭേദം കൂടാതെ എല്ലാവരേയും യോജിപ്പിച്ചു. ദാരിദ്ര്യപീഡയിൽനിന്ന് ഒഴിയാനുള്ള ഉദ്യമത്തിൽ സ്ത്രീപുരുഷന്മാർ ആബാലവൃദ്ധം യത്നിച്ചു. പരിവട്ടത്ത് ഇന്നു കാണുന്ന അഭിവൃദ്ധിയുടെ രഹസ്യം ഇതാണ്.

സ—ഈ സ്ഥിതി കുറേക്കൂടെ നന്നാവാൻ തരമില്ലേ?

നാ. അ—തരമില്ലാഞ്ഞയല്ല; ജനങ്ങളാരും പ്രവൃത്തിവിമുഖരല്ല. പക്ഷേ പുതിയ വ്യവസായം വല്ലതും തുടങ്ങേണമെങ്കിൽ മൂലധനം വേണം.

സ—കുറേ മൂലധനം ശേഖരിച്ചുകൊടുക്കാൻ ഞാനും ശിഷ്യരും യത്നിക്കാം.

നാ. അ—ഇവിടത്തെ കായ്യത്തിൽ ഇത്രയും ശ്രദ്ധ പതിപ്പിക്കുന്നുവല്ലൊ. മംഗലത്തെക്കായ്യം തീരെ വിസ്മരിച്ചുവോ? അവിടെയും ചില സഹായങ്ങഠം ചെയ്തുകൊടുക്കേണ്ടതല്ലെ?

സ—അവിടത്തെ സ്ഥിതി എനിക്ക കണ്ടറിവാൻ സാധിച്ചി

ട്ടില്ലല്ലൊ. താമസിയാതെ ശിഷ്യരെ അയയ്ക്കാം. അവരെ ആരും ആരും മനസ്സിലാക്കുകയില്ല. ചെറുപൈതങ്ങളായിരുന്നപ്പോൾ നാടു വിട്ടതല്ലെ?

നാ. അ—ബാഹ്യസ്ഥിതികൊണ്ടു് അവിടത്തെയും വാസ്തവം മനസ്സിലായില്ലെന്നു വരും. മംഗലത്തുകാരും അവരുടെ ആശ്രിതരും ഇപ്പോഴും സുഭിക്ഷത്തിൽ കഴിയുന്നു എന്നാണു് പലരുടേയും ധാരണ. എന്നാൽ പ്രധാന കാരണവരായ കരുണാകരൻപോലും പണ്ടത്തെ കാരണവന്മാരുടെ നിലയിൽ കഴിയുന്നില്ലെന്നെനിക്കറിയാം.

സ—പണ്ടത്തെ കാരണവന്മാൎക്ക് വേണ്ടതിലധികം കൈവശമുണ്ടായിരുന്നു; ആവശ്യത്തിൽ കവിഞ്ഞ സുഖാനുഭോഗങ്ങളും ലഭിച്ചിരുന്നു.

നാ. അ—എന്നാൽ കരുണാകരന്നു് അത്യാവശ്യങ്ങൾപോലും തൃപ്തിയായി നിറവേററാൻ സാധിക്കുന്നില്ലെന്നെനിക്കറിയാം.

സ—അങ്ങിനെയോ? ഒരു ശാഖക്കാരല്ലെ അവൻെറ കീഴിലുള്ളു.

നാ. അ—അത്രേയുള്ളു; എന്നാൽ ഭാഗം കഴിഞ്ഞശേഷം ആ ശാഖയിലെ എണ്ണം ഏറെ വൎദ്ധിച്ചിട്ടുണ്ടു്. പിന്നെ ഇക്കാലത്തെ പണക്കുറവും, കൃഷിനഷ്ടവും, ഉല്പന്നങ്ങൾക്കുള്ള വിലയിടിവും ഒക്കെക്കൊണ്ടു് ആ സാധു നന്നെ കഷ്ടത്തിലായിട്ടുണ്ടു്. സ്വന്തം കുടുംബമാണെങ്കിൽ അതും ആണ്ടുതോറും വൎദ്ധിക്കുന്നു. കരുണാകരൻ എൻെറ......നമ്മുടെ കുട്ടികളെ ഉള്ളഴിഞ്ഞു സ്നേഹിക്കയും പല പ്രകാരത്തിൽ സഹായിക്കയും ചെയ്തിട്ടുണ്ടു്. അതൊക്കെ ആപത്സന്ധിയിൽ ഈശ്വരാനുഗ്രഹംപോലെയായിരുന്നു. ഈ സന്ദൎഭത്തിൽ കുട്ടികളെക്കൊണ്ടു് അങ്ങോട്ടും വല്ലതും ചെയ്യിക്കണമെന്നു ഞാൻ ആഗ്രഹിച്ചിരിക്കയാണു്.

സ—കുട്ടികൾ അങ്ങിനെ ചെയ്യത്തക്ക നിലയിൽ എത്തീട്ടി

ല്ലല്ലോ. പിന്നെ കരുണാകരൻ അതു സ്വീകരിക്കുമോ? മംഗലത്തുകാരുടെ ദുരഭിമാനം അമ്മായിക്കറിയില്ലേ?

നാ. അ—ആ അഭിമാനത്തെ മുറിവേല്പിക്കാത്ത നിലയിൽ സഹായിക്കാമല്ലോ. ചന്ദ്രി ഒരു 'ബാലവിഹാരമന്ദിരം' തുടങ്ങാനാലോചിച്ചുവരുകയാണ്. അതു നടപ്പിൽ വന്നാൽ കരുണാകരന്റെ ചെറിയ മക്കളേയും മരുമക്കളേയും അതിലേയ്ക്കാകർഷിക്കാം.

സ—മന്ദിരം തുടങ്ങുവാനുള്ള ഉദ്യമത്തെപ്പററി കുമാരി എന്നോടും പറഞ്ഞു. അതിന്നു കാലതാമസം വേണ്ടിവരുമോ?

നാ. അ—അക്കാര്യം അവളോടുതന്നെ ചോദിച്ചു മനസ്സിലാക്കണം. പുറത്തു പറവാൻ മററാക്കും അവൾ സമ്മതം തന്നിട്ടില്ല.

സ—അവിടെയും മൂലധനംതന്നെയായിരിക്കണം വൈഷമ്യം; എന്റെ സ്വന്തം ദേഹാധ്വാനഫലത്തിന് അവൾക്ക് അവകാശമുണ്ടല്ലോ.

ഈ സംഭാഷണം വീണ്ടും ദീർഘിപ്പിക്കാൻ സാധിച്ചില്ല. കമലം അപ്പോൾ മടങ്ങി എത്തി; സന്ന്യാസി യാത്രപറവാൻ എഴുന്നേററു. ഇതു് ഒരുവേള അവരുടെ അവസാനസന്ദർശനമായിരിക്കുമെന്നു് ഇരുവക്കും ശങ്കയുണ്ടാവാതിരുന്നില്ല. അതിനാൽ പിരിഞ്ഞ ആ ഘട്ടം രണ്ടാൾക്കും ദുസ്സഹമായതായിരുന്നു. തങ്ങളുടെ വികാരങ്ങളെ പുറത്തു വിടാതിരിക്കാൻ അവർ നന്നെ വിഷമിച്ചു. ഒടുവിൽ നമ്രശിരസ്കരായി, കൂട്ടിമുട്ടാത്ത വീക്ഷണങ്ങളോടും, ഉച്ചരിക്കാത്ത യാത്രപറയലോടും അവർ പിരിഞ്ഞു.

സന്ന്യാസിയും ശിഷ്യരും താമസിയാതെ പരിവട്ടം വിടുമെന്നു ഗ്രാമക്കാരെ മനസ്സിലാക്കി. ഒരു കൊല്ലത്തോളം അവിടെ വസിച്ചു് അവരുമായി സഹവാസസംസർഗ്ഗങ്ങളാൽ ഇടപഴകുകയും, അവരുടെ അഭ്യുന്നതിക്കായുള്ള ശ്രമങ്ങളിൽ അനുഭാവത്തോടെ ഉപദേശങ്ങളും സഹായങ്ങളും നൽകുകയും,

അവരുടെ സ്നേഹബഹുമാനങ്ങളെ ആജ്ജിക്കയും, അവരിൽ ചിലക്ക് ആരാധനാമൂത്തിയായിപ്പോലും ഭവിക്കയും ചെയ്തിരുന്ന ആ യോഗിവയ്യൻെറ വിയോഗവത്തമാനം അവക്ക് അത്യന്തം ദുഃഖപ്രദമായിരുന്നു. അദ്ദേഹത്തെപ്പോലുള്ള ത്യാഗിയും പ്രയത്നനിരതനും ആയ ഒരു ലോകസേവകനെ ഒരു കുഗ്രാമത്തിൻെറ മുള്ളുവേലികൾക്കുള്ളിൽ തടഞ്ഞുവെയ്ക്കാൻ ശ്രമിക്കത്തക്ക സ്വാത്ഥം അവരെ ബാധിച്ചിട്ടില്ലാതിരുന്നതിനാൽ, വേദനയോടുകൂടെയെങ്കിലും സമ്മതത്തോടുകൂടെ യാത്രപറവാൻ അവർ തയ്യാറായിരുന്നു. എന്നാൽ ബാഹ്യപ്രകടനത്തിനൊന്നും അദ്ദേഹം വഴികൊടുക്കാതെ ഒരു പ്രഭാതത്തിൽ അവിടെനിന്നും യാത്രയായി. കള്ളസന്ന്യാസിമാരെപ്പോലെ അദ്ദേഹം ഒളിച്ചോടുകയല്ലാ ഉണ്ടായതു്. താൻ പുറപ്പെടുന്ന ദിവസവും സമയവും മുൻകൂട്ടി നിശ്ചയിച്ചതുമില്ല, ആരെയും അറിയിച്ചതുമില്ല എന്നു മാത്രം. ഒന്നുരണ്ടു പെട്ടികളും ഭാണ്ഡങ്ങളും അവയിൽ ഒതുങ്ങുന്ന സാമാനങ്ങളും മാത്രംകൊണ്ടു്, ഏററവും ചുരുങ്ങിയ നിലയിൽ ജീവിച്ചിരുന്നതിനാൽ അവക്കു യാത്രയ്ക്കു തയ്യാറാകുവാൻ വളരെ നേരം ചെലവിടേണ്ടിവന്നില്ല. സാമാനങ്ങൾ സ്വയം വഹിച്ചുകൊണ്ടു് ഒരു അരുണോദയവേളയിൽ തീവണ്ടിആപ്പീസിൽ എത്തി വണ്ടികയറി. വഴിയിൽവെച്ചു യദൃച്ഛയായിക്കണ്ട ഒന്നുരണ്ടാളുകൾ അവരെ ആപ്പീസോളം അനുഗമിച്ചു യാത്രയാക്കി. സ്ഥലം വിടുന്നതിൻെറ തലേദിവസം സന്ന്യാസിക്കു ചന്ദ്രികയേയും തനിയെ കാണ്മാൻ അവസരം ലഭിക്കുകയും അവളോടു യാത്രപറകയും ചെയ്തിരുന്നു.

ഏതാനുംദിവസം മുൻപു് അദ്ദേഹം കളിമൺവ്യവസായം പരിശീലിച്ചുവന്നു് തൊഴിൽ തുടങ്ങുവാൻ വഴികാണാതെ മൌഢ്യത്തോടിരുന്ന കേശവപ്പണിക്കരേയും അയാളുടെ രണ്ടു കൂട്ടുകാരേയും കണ്ടു് ചില ഉപദേശങ്ങൾ നൽകി. മൺപാത്രവ്യവസായം തുടങ്ങുവാനുള്ള മാഗ്ഗം താമസിയാതെ കാണുമെന്നും, വ്യവസായം ആരംഭിക്കുന്നതോടൊപ്പം ജനങ്ങളുടെ ഇട

യിൽ ഒരു പ്രചരണോദ്വേലക്കൂടെ നടത്തി സ്വദേശിവസ്ത്രവ്രതം പോലുള്ള ഒരു സ്വദേശിപ്പാത്രവ്രതവും ജനങ്ങളിൽ ഉളവാക്കുവാനും ഉള്ള ഭാരം അദ്ദേഹം അവരെ ഏല്പിച്ചു.

## അദ്ധ്യായം 23

### ചന്ദ്രികയുടെ ജീവിതാദർശം

അന്നു ഞായറാഴ്ചയും ഏകാദശിയും ചേൎന്ന ദിവസം. ഗുരുവായൂരേകാദശി ആയിരുന്നതുകൊണ്ടു വല്യമ്മക്കു വ്രതം വേണമെന്നു നിൎബ്ബന്ധിച്ചു. 'ഇന്നു വിശ്രമദിവസമല്ലെ, നമുക്കും ഒരിക്കലാക്കിയാലെന്താണ്' എന്നുള്ള കമലയുടെ അഭിപ്രായത്തോടു ചന്ദ്രികയും യോജിച്ചു. ഇങ്ങിനെ അന്നുച്ചക്കു പുതിയ പത്തായപ്പുരയിൽ വല്യമ്മയും പൌത്രിമാരും പാല്ക്കഞ്ഞിയും പുഴുക്കുമായി ഒരിക്കലിന്നിരുന്നു. കാത്ത്യായനി വല്യമ്മയുടെ ചെറുപ്പകാലത്തു മംഗലത്തുവെച്ചുണ്ടാകാറുള്ള ഏകാദശിവട്ടങ്ങളെ വൎണ്ണിച്ചുംകൊണ്ടു വിളമ്പുകയായിരുന്നു. പുറത്തേകോലായിൽ ആരോ വന്നു കയറുന്ന ശബ്ദം കേട്ട് കമലം എഴുന്നേല്ക്കുവാനാരംഭിച്ചപ്പോൾ, "കഞ്ഞികുടി മുഴുവനാക്കാതെ എണീററു പോവരുതേ, തിരിയേ വന്നിരുന്നു കഴിക്കാൻ പാടില്ല; വ്രതമല്ലേ? ഞാമ്പോയി നോക്കാം." എന്നു പറഞ്ഞു കാത്ത്യായനി പുറത്തുവന്നു നോക്കി മടങ്ങിവന്നു പറഞ്ഞു: "ആരോ ഒരു ചെറുപ്പക്കാരൻ, ഞാൻ കസേല നീക്കി ഇട്ടുകൊടുത്ത് ഇരിക്കാൻ പറഞ്ഞു. മെല്ലെ കഞ്ഞി കുടിക്കിൻ അവിടെ കാത്തിരിക്കാമെന്നു പറഞ്ഞു."

ച—ചെറുപ്പക്കാരനോ? ഇവിടെ സാധാരണ വരുന്ന ചെറുപ്പക്കാരാരെങ്കിലുമാണോ കാത്തമ്മേ?

കാ—എന്നാ ഞാമ്പറയുമായിരുന്നില്ലേ? ഒരു പുതുമോടിക്കാരൻ പട്ടിൽ മുങ്ങി വന്നിരിക്കുന്നു.

ക—പട്ടിൽ മുങ്ങിയ പുതുമോടിക്കാരൻ ആരായിരിക്കും ചന്ദ്രീ?

എനിക്കു കാണാൻ ബദ്ധപ്പാടായി. എൻെറ കഞ്ഞികുടി
കഴിഞ്ഞു; ഞാനെണീററു പൊയ്ക്കോട്ടെ കാത്തമ്മേ!

കാ—ഓഹോ, ചെറുപ്പക്കാരനെന്നു പറഞ്ഞപ്പം കുട്ടിക്ക് ഇരിപ്പുറക്കുന്നില്ല, അല്ലേ?

ച—ഞങ്ങൾ ചെറുപ്പക്കാരല്ലെ കാത്തമ്മേ? നിങ്ങൾക്കും ചെറുപ്പമായൊരു കാലം ഉണ്ടായിരുന്നില്ലെ?

കമലം ഈ സംഭാഷണം കേൾക്കാൻ നില്ക്കാതെ എണീററു പുറത്തേക്കു പോയി. ചന്ദ്രി ചിരിച്ചുകൊണ്ടിരുന്നു കഞ്ഞികുടി തുടൎന്നു. പുറത്തേക്കോലായിൽ എത്തി രണ്ടു നിമിഷം കഴിയുന്നതിനു മുമ്പു കമലം വിളിച്ചുപറഞ്ഞു:—"ചന്ദ്രീ, ചന്ദ്രീ, വേഗം വരു. വാസുവേട്ടനാണ് വന്നിരിക്കുന്നതു്." ഇതുകേട്ടു ഭക്ഷണം മതിയാക്കി ചന്ദ്രിയും എഴുന്നേററു. "വാസുവേട്ടനോ? ആരാതു്? ഓൎമ്മ തോന്നുന്നില്ലല്ലൊ" എന്നു നാരായണിഅമ്മ പറഞ്ഞപ്പോൾ ചന്ദ്രി "വല്യമ്മ അറിയുന്ന ആളാണ്, രാമപുരത്തെ ദാസേട്ടൻെറ അനന്തിരവൻ. വല്യമ്മ അവിടെവെച്ചു കണ്ടിട്ടുണ്ടു്; ഇവിടെയും വന്നിട്ടുണ്ടാവുമല്ലൊ." എന്നു പറഞ്ഞു.

നാ. അ—ഓഹോ, ശിന്നനോ? എന്നാൽ ഇങ്ങട്ടു വരാമല്ലോ.

ച—വല്യമ്മ ബദ്ധപ്പെടാതെ കഞ്ഞി കുടിക്കു, ഞാൻ ഇങ്ങട്ടു കൂട്ടിക്കൊണ്ടുവരാം.

കാ—ആരായാലെന്താണ്? ശനി വന്നു കയറി കുട്ടികളുടെ കഞ്ഞികുടി അമാന്തമാക്കി. ഇനി ഇന്നൊന്നും കഴിക്കയുമില്ല. അമ്മയെങ്കിലും തൈൎയ്യമായിരിക്കണം.

നാ. അ—അതിഥിയെ ചീത്ത പറയരുതു് കാത്തു; ഇന്നു നല്ല നാളും. ഒരു നേരത്തെ ആഹാരം മുടങ്ങിയാലെന്തു്? കുട്ടികൾ വിശപ്പു താങ്ങാൻ ശീലിച്ചവരല്ലെ?

ചന്ദ്രി ബദ്ധപ്പെട്ടു പുറത്തുവന്നു് ആഗതനെ യഥോചിതം അഭിവാദ്യംചെയ്തു ചോദിച്ചു. "വാസുവേട്ടൻ ആകാശത്തുനിന്നു കൊഴിഞ്ഞുവീണപോലെ തോന്നുന്നു; എന്തെ വരുന്നുണ്ടെന്നു് ഞങ്ങളെ അറിയിക്കാത്തതു്?"

വാ—മുന്നറിവുതരാതെ ഇവിടെ വരാൻ സ്വാതന്ത്ര്യമില്ലെന്നോ?

ക—സ്വാതന്ത്ര്യമില്ലായ്കയല്ല; പക്ഷേ ഇപ്രാവശ്യം അങ്ങിനെ ചെയ്യാത്തതിന് ഒരു ചെറിയ ശിക്ഷ അനുഭവിക്കേണ്ടിവരും.

വാ—അതിഥികളെ ശിക്ഷിക്കാൻ ഭാവമുണ്ടെങ്കിൽ ഞാനതനുഭവിക്കാൻ തയ്യാർ.

ച—സ്വാതന്ത്ര്യമുള്ള ദിക്കിൽ വരുന്നതു കേവലം അതിഥികളെപ്പോലെയല്ലല്ലോ. ഇന്ന് ഏകാദശി ആണ്; ഞങ്ങൾക്കൊക്കെ വ്രതവും. ഉണ്ണാൻ കാലമാകുന്നതുവരെ വാസുവേട്ടൻ വിശന്നിരിക്കേണ്ടിവരും.

വാ—അതാണോ ശിക്ഷ? എന്നാലതു കൂടാതെ കഴിക്കാം; ഞാൻ ഊണ് കഴിച്ചിരിക്കുന്നു.

ച—അതെങ്ങിനെ? ഇപ്പോൾ എവിടുന്നാണ് വരുന്നതു്? രാമപുരത്തുനിന്ന് നേരിട്ടിവിടേയ്ക്കല്ലേ?

വാ—ഇപ്പോൾ ഞാൻ പ്ലാവറെ നിന്നാണ് വരുന്നതു്. രാമപുരത്തുനിന്ന് ഇന്നലെ വൈകുന്നേരം എത്തി. രാജനോടു കൂടെ പ്ലാവറെക്കൂടി.

ക—പ്ലാവറെയോ? നേരെ ഇവിടേക്കു വരാത്തതെന്തായിരുന്നു?

വാ—ഇവിടെ നിങ്ങൾ സ്ത്രീകളല്ലേ ഉള്ളൂ. ചന്ദ്രനെ ഞാൻ മടിരാശിയിൽവെച്ചു കണ്ടു. രാജൻെറ അതിഥിയായി അവിടെ കയറി എന്നുമാത്രം. രാജനും ഞാനും വളരെ പഥ്യത്തിലാണ്.

ച—ഇന്നലെ എത്തീട്ട് ഇന്നുച്ചവരെ ഇവിടെ തിരിഞ്ഞുനോക്കിയില്ലല്ലോ.

ക—ഓഹോ, നാണംകുണുങ്ങികളായ ഗ്രാമീണസ്ത്രീകൾ തനിയെ ഉള്ളിടത്തു വാസുവേട്ടനു കടന്നുവരാൻ മടി! എന്നാൽ രാജൻ കൂട്ടുവരുമായിരുന്നില്ലേ?

വാ—ഞാൻ നേരിട്ടിവിടെ വരാത്തതിൽ ചന്ദ്രികക്കെന്നോടു പരിഭവമുണ്ടോ?

ശ്രീനിവാസൻ ചന്ദ്രികയെ അത്യൌൽസുക്യത്തോടെ നോക്കിക്കൊണ്ടാണ് ഈ ചോദ്യം ചോദിച്ചതു്; എന്നാൽ ആ യുവതിയുടെ മുഖത്തു സൌഹാർദ്ദപൂർവ്വമായ സന്തോഷമല്ലാതെ പരിഭവച്ഛായ അശേഷമുണ്ടായിരുന്നില്ല. ഇതു കണ്ടു് അയാളുടെ മുഖത്തു് അല്പമൊരിച്ഛാഭംഗം വ്യാപിച്ചതു കമലത്തിൻെറ ദൃഷ്ടിയിൽ പെട്ടു.

ച—പരിഭവമോ? കമലേടത്തിയുംകൂടെ ഇവിടെ ഉള്ളപ്പോൾ ഇവിടെ വരാനല്ലേ കൂടുതൻ സ്വാതന്ത്ര്യം?

വാ—വല്യമ്മക്കു നല്ല സുഖമില്ലാതിരിക്കെ ഇവിടെ വന്നു നിങ്ങളെ ബുദ്ധിമുട്ടിക്കുന്നതെന്തിനെന്നു വിചാരിച്ചു മടിച്ചു. എൻെറ സൌകൎയ്യം നോക്കാൻ നിങ്ങൾക്കു തരമായില്ലെങ്കിലോ? അല്ലാതെ നിങ്ങൾ നാണംകുണുങ്ങികളാണെന്നു വിചാരിച്ചിട്ടല്ല.

ക—ശരി! ഇപ്പോൾ ഉദ്യോഗസ്ഥനുമല്ലേ? അതു ഞാൻ മറന്നു. സുഖസൌകൎയ്യങ്ങൾ നോക്കിനില്ക്കാൻ ആളുവേണ്ടേ? അതുകൊണ്ടാണ് കുളിയും ഊണുമൊക്കെ കഴിഞ്ഞു്, സൌകൎയ്യമനുസരിച്ചു മെല്ലെ ഇങ്ങട്ടു് എഴുന്നെള്ളിയതു്.

വാ—കളിയാക്കാതിരിക്കു കമലം! അതൊന്നുമല്ല. എൻെറ ബാലചാപല്യം ഇപ്പോഴും വിട്ടിട്ടില്ല; അതാണ് ഇങ്ങട്ടു വരാൻ വൈകിയതു്. പ്ലാവറെ എത്തിയപ്പോൾ പണ്ടത്തെ നമ്മുടെ മീമ്പിടിത്തഭ്രാന്തിളകി; ഞാനും രാജനുംകൂടെ ഇന്നു നേരത്തെ ചൂണ്ടലുംകൊണ്ടു പുറപ്പെട്ടു. മടങ്ങി എത്തിയപ്പോൾ നേരം വൈകിയതിനാൽ, രാജൻെറ നിർബന്ധംകൊണ്ടു് ഊണു കഴിച്ചു. ഉൎവ്വശിശാപം ഉപകാരവുമായി. നിങ്ങളുടെ ശിക്ഷക്കു പാത്രമാകാതെ കഴിഞ്ഞല്ലോ.

ച—ശിവ! ശിവ! ഏകാദശിക്കു മത്സ്യം; നാളെ ദ്വാദശി പാരണക്കു് എന്താണ്? കൊക്കൊ, കുളക്കോഴിയോ?

വാ—കരൊററ നല്ല മത്സ്യം കിട്ടീട്ടു വേണ്ടേ ഏകാദശിക്കു ഭംഗം വരാൻ? വെറുതേ സമയം കളഞ്ഞു.

ച — വല്യമ്മയെ കാണണ്ടേ? അകത്തേക്ക പോകാം. നമ്മുടെ തൎക്കങ്ങൾ പിന്നെയാകാം.

ചന്ദ്രികയും കമലവും ശ്രീനിവാസനും കൂടെ ഭക്ഷണമുറിയിൽ ചെന്നു. നാരായണിഅമ്മ ശ്രീനിവാസനെ രാമപുരത്തുവെച്ചും പ്ലാവറെ വെച്ചും കണ്ട സ്മരണയെ എത്രതന്നെ പുനരാഹ്വാനം ചെയ്തിട്ടും ഇപ്പോൾ തന്റെ മുമ്പിൽ നില്ക്കുന്ന യുവാവിൽ അന്നത്തെ 'ശിന്ന'നെ കണ്ടറിവാൻ കഴിഞ്ഞില്ല. തലമുടിയും ചിന്നിച്ചിതറിയിട്ട്, ഒററ ഖദർമുണ്ടും ഉടുത്ത്, കുട്ടികളെ നുള്ളിയും തല്ലിയും ശുണ്ഠിപിടിപ്പിച്ചും ഓടിച്ചാടി നടന്ന ആ 'ശിന്ന'നെവിടെ, ചീകിമിനുക്കി ഒതുക്കിവെച്ച ചുരുളൻമുടിയും, നേരിയ മേൽമീശയും, വട്ടക്കണ്ണടയും, പാദംവരെ നീട്ടിയുടുത്ത മൽമുണ്ടും, മുട്ടുവരെ നീണ്ടുകിടന്ന പട്ടുഷർട്ടും, മടക്കനീത്താതെ ഒരു ഭാഗത്തു ഞാത്തിയിട്ടിരുന്ന പട്ടുവേഷ്ടിയും, സുഗന്ധംപാറുന്ന കൈയുറുമാലും,—ഇത്തരം വേഷവിധാനത്തോടുകൂടെ നില്ക്കുന്ന പട്ടണപ്പരിഷ്കാരി എവിടെ? പരിവട്ടത്തെ പരിതസ്ഥിതികൾക്ക തീരെ യോജിക്കാത്ത ഈ നാഗരികനെ കണ്ടപ്പോൾ, നാരായണിഅമ്മക്ക് അത്ഭുതമോ അനുകമ്പയോ, കോപമോ താപമോ എന്താണുണ്ടായതെന്ന് അവൎക്കുതന്നെ പറവാൻ സാധിക്കില്ല. എന്തുതന്നെയായാലും അവർ തന്റെ വികാരങ്ങളെ വെളിക്ക വിട്ടില്ല. ഔപചാരികമായ ചില കുശലപ്രശ്നങ്ങൾക്കശേഷം വിശ്രമത്തിന്നായി അവർ തന്റെ കിടപ്പുമുറിയിലേക്ക പോയി. ബന്ധുക്കളായ ആ സുഹൃത്തുക്കൾ പുറത്തേ കോലായിൽ എത്തിയപ്പോൾ രാജനും വന്നുചേൎന്നു; എല്ലാവരുമായി വിശേഷവൎത്തമാനങ്ങൾ പറഞ്ഞു സമയംപോയതറിയാതെ സായാഹ്നംവരെ കഴിച്ചുകൂട്ടി. അതിന്റെശേഷം കമലവും ശ്രീനിവാസനും ഒരു നടത്തത്തിന്നായി പുറപ്പെട്ടു.

കമലം — വാസുവേട്ടനെക്കണ്ടിട്ട് എത്ര നാളായി? ഇപ്പോൾ ഇങ്ങോട്ടാകഷിച്ചത് എന്തായിരിക്കും?

വാ—ശ്രീകൃഷ്ണൻ തന്നെയാണ് എന്നെ ഇപ്പോൾ ഇവിടെ വരാൻ പ്രേരിപ്പിച്ചതു്. അതു കമലത്തിന്നു് ഊഹിക്കരുതോ?

ക—എനിക്കു് ഊഹശക്തി വളരെ കുറവാണെന്നു പണ്ടേ വേണുഏട്ടനും നിങ്ങളുമൊക്കെ ചേൎന്നു് എന്നെ കുററപ്പെടുത്താറുള്ളതു മറന്നുപോയോ?

വാ—അതു് എത്രകൊല്ലം മുൻപു്! ഇപ്പോൾ കമലം വളൎന്നു വലുതായി, പഠിച്ചു മിടുക്കത്തിയായി, ഡിഗ്രികളും സമ്പാദിച്ചു കേമിയായില്ലേ?

ക—എന്നാൽ ഞാനൊരൂഹം പറയട്ടെ; ശരിയല്ലെങ്കിൽ കുററപ്പെടുത്തരുതേ! ചന്ദ്രിയാണു് ആകൎഷിച്ചതു്, ശരിയോ?

വാ—ശരി. കമലത്തിന്റെ ഊഹശക്തി പരിപുഷ്ടമായിരിക്കുന്നു എന്നുള്ളതിന്നു് ഒരു പ്രധാനതെളിവുമായി.

കുറേ നേരം മൌനമവലംബിച്ചു രണ്ടു പേരും നട തുടൎന്നു; മൌനത്തിനു ഭംഗം വരുത്തിയപ്പോഴും സംഭാഷണവിഷയം മാറിപ്പോയി. പുതിയ ഹരിജനമന്ദിരസമീപത്തിൽ എത്തിയതു കണ്ടു് അതിന്റെ ആവിർഭാവത്തെപ്പററി കമലം ഒരു ചെറുപ്രസംഗംതന്നെ നടത്തി. ശ്രീനിവാസൻ അങ്ങുമിങ്ങും ഓരോ ചോദ്യങ്ങൾ മനസ്സില്ലാമനസ്സോടെ ചോദിക്കമാത്രം ചെയ്തു. ഒടുവിൽ മുഷിഞ്ഞ ലക്ഷണങ്ങൾ കാണിച്ചുകൊണ്ടു ശ്രീനിവാസൻ ചോദിച്ചു:—"നാം തുടങ്ങിവെച്ച സംസാരകാൎയ്യം തീരെ വിട്ടുകളഞ്ഞതെന്തു്? കമലത്തിന്റെ ഊഹം ശരിയായി എന്നു ഞാൻ സമ്മതിച്ചതോടുകൂടെ മൌനം ദീക്ഷിച്ചുകളഞ്ഞു. ആ വിഷയം കമലത്തിനു രസിച്ചില്ലെന്നുണ്ടോ, അതോ പരിഭവമോ?

ക—രസിക്കായ്കയുമല്ല, പരിഭവവുമില്ല; വാസുവേട്ടനല്ലേ അതു തുടരേണ്ടിയിരുന്നതു്? പരിഭവമെന്നൂഹിച്ചതു് ആകൎഷണം ഞാനല്ലെന്നുള്ളതുകൊണ്ടെന്നോ? വാസുവേട്ടൻ എന്നാൽ ആകൎഷിതനായി എന്നെ തിരഞ്ഞുവരുമെന്നു ഞാൻ വിചാരിച്ചിട്ടുമില്ല, ആഗ്രഹിച്ചിട്ടുമില്ല. നാം പത്തുപന്ത്രണ്ടു

കൊല്ലം സോദരങ്ങളെപ്പോലെ ഒന്നിച്ചുകഴിഞ്ഞു; മേലാലും അങ്ങിനെ കഴിയാനെ തരമുള്ളു.

വാ—ചന്ദ്രിക്ക് എൻെറ നേക്കുള്ള മനോഭാവം എന്താണെന്നു കമലം മനസ്സിലാക്കീട്ടുണ്ടോ?

ക—എൻെറതിൽനിന്നു വ്യത്യസ്തമാണെന്ന് ഊഹിക്കാൻ വഴിയുണ്ടായിട്ടില്ല.

വാ—എനിക്കാശസ്സു വഴിയുണ്ടോ?

ക—അതും എനിക്കു പറവാൻ തരമില്ല. അതറിവാനല്ലേ വാസുവേട്ടൻ വന്നത്? വേണ്ടപ്പെട്ടവരോടാലോചിച്ചുനോക്കു. ചന്ദ്രിയോടുതന്നെ നേരിട്ടു ചോദിക്കാനെന്താണ് വിരോധം?

വാ—ഞാൻ കടലൂരിൽനിന്നു വരുന്ന വഴി മദിരാശിയിൽ ഇറങ്ങി ചന്ദ്രനെ കണ്ടിരുന്നു. ചന്ദ്രനോടു കാൎയ്യം പറകയും ചെയ്തു.

ക—എന്നിട്ടു ചന്ദ്രനെന്താണുപദേശിച്ചത്?

വാ—കമലം പറഞ്ഞപോലെതന്നെ. ചന്ദ്രനല്ലാതെ പിന്നെ വേണ്ടപ്പെട്ടവർ വല്യമ്മയല്ലേ? അവൎക്കെന്നെക്കണ്ടിട്ടു രസിച്ച മാതിരി തോന്നിയില്ല. അവരോടു സംസാരിക്കാൻ എനിക്കു ധൈൎയ്യം തോന്നുന്നില്ല. ചന്ദ്രിയോടും അങ്ങിനെ തന്നെ.

ക—"ധൈൎയ്യം പുരുഷലക്ഷണം", "ധീരന്മാരേ വരതരുണികളെ വരിച്ചീടുവാൻ യോഗ്യരാവൂ" എന്നും മറ്റും നാം പഠിച്ച പാഠമാല ഓൎക്കുന്നില്ലേ?

വാ—ഓഹോ, നല്ലവണ്ണം. ചന്ദ്രിയോടുതന്നെ നേരിട്ടു ചോദിക്കണം. നാളെ അതിന്നു സൌകൎയ്യം കിട്ടുമോ?

ക—കിട്ടും, കിട്ടും; നാളെ എനിക്കു ക്ലാസ്സുള്ള ദിവസമാണ്. അപ്പോൾ എത്തിക്കൊള്ളൂ. ഭാഗ്യം പരീക്ഷിക്കാം.

ശ്രീനിവാസനു പിറേറന്നുച്ചയ്ക്കു ചന്ദ്രികയെ ഏകാകിയായി കാണുവാനിടകിട്ടി. തനിക്ക് ആ കന്യകയെ അറിയിക്കുവാനുള്ള കാൎയ്യം ഭംഗിയായ ഒരവതാരികയോടുകൂടെ തുടങ്ങ

ന്നമെന്നുള്ള ആഗ്രഹംനിമിത്തം അയാൾ തലേന്നു രാത്രി മുഴുവൻ ഉറക്കമിളച്ചു് തലകാഞ്ഞാലോചിച്ചു ചില പ്രസംഗങ്ങളും പ്രബന്ധങ്ങളും തയ്യാറാക്കി ഉരുവിട്ടുകൊണ്ടിരുന്നു. എന്നാൽ ഇന്നവളുടെ സമീപത്തെത്തിയപ്പോൾ അവയൊക്കെ സൂര്യന്റെ തപ്തരശ്മികൾ തട്ടിയ നീർത്തുള്ളികളെപ്പോലെ അന്തർദ്ധാനം ചെയ്തു. "ചന്ദ്രികേ,......ഭവതി......" ഇങ്ങിനെ ചില പദങ്ങൾ അയാൾ അസ്സ്വാഭാവികമായ വിധത്തിൽ വിക്കി വിക്കിപ്പറഞ്ഞു വിരമിച്ചതു കണ്ടു് ചന്ദ്രി അമ്പരന്നു. അയാളുടെ ഉദ്ദേശമെന്തെന്നു് ഊഹിക്കപോലും ചെയ്യാൻ കഴിയാതെ അവൾ വിസ്മയത്തോടെ അയാളെ അല്പനേരം നോക്കിനിന്നശേഷം പൊട്ടിച്ചിരിച്ചുകൊണ്ടു ചോദിച്ചു. "എന്താ, വാസുവേട്ടൻ ആളൊന്നു മാറിയപോലെ തോന്നുന്നുവല്ലോ. ഉദ്യോഗസ്ഥനായാൽ സ്വന്തം ആളുകളോടും ഭാവം മാറേണമെന്നുണ്ടോ? രാമപുരത്തുവെച്ചു നമ്മളൊക്കെ സഹോദരങ്ങളെപ്പോലെ സന്തോഷമായും സ്വാതന്ത്ര്യമായും പെരുമാറിയിരുന്നു!"

വാ—അന്നത്തെപ്പോലെ കുട്ടികളല്ലല്ലോ ഇന്നു്; ഇപ്പോൾ കുട്ടിക്കാലത്തെ രീതിയിൽ പെരുമാറാൻ പാടുണ്ടോ?

ച—ബന്ധുക്കളായ നമ്മൾ സ്വാഭാവികമായ പെരുമാറ്റങ്ങൾ വിട്ടു് ഉപചാരങ്ങൾ ചെയ്യുന്നതു് അർത്ഥമില്ലാത്തതു തന്നെ.

വാ—എനിക്കു ചന്ദ്രികയോടു് ഒരു കാര്യം പറവാനുണ്ടു്; അന്നു പെരുമാറിയ രീതിയിൽ സ്വാതന്ത്ര്യമായി തുറന്നുപറവാൻ അനുവദിക്കുമോ? അതിന്നായിട്ടാണു് ഞാൻ ഇങ്ങട്ടു വന്നതു്.

ച—പറവാനുള്ളതു തുറന്നുപറയാതെ എന്നെ അറിയിക്കാൻ മാർഗ്ഗമുണ്ടോ?

വാ—മാർഗ്ഗമില്ലായ്കയില്ല, എഴുതി അറിയിക്കാമല്ലൊ. പക്ഷേ മറുപടിക്കും, അതിനുത്തരം വേണ്ടിവന്നാൽ അതിന്നുമൊക്കെ കാലതാമസം നേരിടും.

ച—വാസുവേട്ടൻ കാൎയ്യം പറയൂ; ഇത്രയൊന്നും വളച്ചുകെട്ടേണ്ടാ.

വാ—ചന്ദ്രികേ, ഞാനിപ്പോൾ വിവാഹപ്രായത്തിൽ എത്തിയിരിക്കുന്നു. ഒരുദ്യോഗവും, കുടുംബം രക്ഷിപ്പാനുള്ള മാൎഗ്ഗവും എനിക്കു കരസ്ഥമായി. എന്റെ സ്നേഹബഹുമാനങ്ങൾക്ക് ഒരു സ്ത്രീയും വിഷയമായിരിക്കുന്നു. ആ സ്ത്രീയുടെ മനസ്സറിഞ്ഞാൽ......അതിന്നു്, ചന്ദ്രിക......

ച—ആരാണാ ഭാഗ്യവതി? മനസ്സറിവാൻ ഞാൻ സഹായിക്കണമോ?

വാ—എന്റെ ആരാധ്യദേവത ചന്ദ്രികതന്നെയാണ്. ചന്ദ്രിക അനുകൂലിയാവുന്നപക്ഷം നമുക്കു വേണ്ടപ്പെട്ടവരെ അറിയിച്ചു വേഗം വിവാഹം നടത്താം.

ച—ഞാനോ? എന്റെ......നമ്മുടെ വിവാഹമോ? അതു സാധിക്കാത്ത കാൎയ്യമാണെന്നു ഞാൻ ആദ്യമേ പറഞ്ഞേക്കാം.

വാ—ചന്ദ്രീ, നമ്മൾ രാമപുരത്തു് ഒരുമിച്ചു പാൎത്തിരുന്ന കാലംമുതൽ എനിക്കു ചന്ദ്രിയോടുള്ള സ്നേഹം മററുള്ളവരുടെ നേൎക്കുണ്ടായിരുന്നപോലെ ആയിരുന്നില്ല. വിവാഹപ്രായമായാൽ ചന്ദ്രിയെ എന്റെ ഭാൎയ്യയാക്കേണമെന്നു് അന്നേ ഞാൻ ആഗ്രഹിച്ചിരുന്നു. ഗൌരവമായി ചിന്തിക്കാതെ, ഒരൊററ വാക്കുകൊണ്ടു് എന്റെ ആഗ്രഹത്തെ ചിന്നിച്ചിതറി, എന്നെ നിരാശയോടെ മടക്കി അയക്കരുതേ! എന്റെ മനോരഥത്തെ പെട്ടെന്നു തുറന്നുപറഞ്ഞു് ഞാൻ ചന്ദ്രിക്കു പരിഭ്രമമോ ആശ്ചൎയ്യമോ ഉണ്ടാക്കിയെങ്കിൽ ക്ഷമ യാചിക്കുന്നു. നല്ലവണ്ണം ആലോചിച്ചു് എനിക്കു മറുപടി തന്നാൽ മതി, അതുവരെ ഞാൻ കാത്തിരിക്കാം.

ച—കാലതാമസം കൂടാതെ കാൎയ്യമറിവാനല്ലേ വാസുവേട്ടൻ ഇവിടേയ്ക്കു വന്നതും കാൎയ്യം തുറന്നുപറഞ്ഞതും. എനിക്കിതിൽ പരിഭ്രമമുണ്ടായിട്ടില്ല; ഞാൻ തീരെ പ്രതീക്ഷിച്ചിരിക്കാത്ത കാൎയ്യമായതുകൊണ്ടു് അല്പം ആശ്ചൎയ്യമുണ്ടായില്ലെന്നില്ല. പക്ഷേ ഞാൻ വിവാഹജീവിതം നയിക്കാൻ ഉദ്ദേശി

ച്ചിട്ടില്ലാത്തതുകൊണ്ടു്, വാസുവേട്ടന്റെ ചോദ്യവിഷയത്തെപ്പററി ചിന്തിക്കയും, മറുപടിക്കു കാലതാമസം വരുത്തുകയും ചെയ്യേണ്ട ആവശ്യമില്ലല്ലോ.

വാ—ഒരു സ്ത്രീയായി ജനിച്ചിട്ടു്, വിശേഷിച്ചും ഒരു ഹിന്ദുസ്ത്രീയായിരിക്കെ, വിവാഹജീവിതം വേണ്ടെന്നു വെയ്ക്കുന്നതു സാധിക്കുന്ന കാര്യമാണോ? ഇതു് എന്റെ അപേക്ഷയെ നിരസിപ്പാൻവേണ്ടി മാത്രം പറഞ്ഞ ഒരു 'മുടന്തൻ' ഒഴികഴിവാണെന്നേ എനിക്കു തോന്നുന്നുള്ളു.

ച—എന്നാൽ വാസുവേട്ടന്റെ 'തോന്നൽ' തെററാണു്. എനിക്കു വാസുവേട്ടന്റെ ഭാര്യയായിരിക്കാൻ ഇഷ്ടമില്ലെങ്കിൽ അക്കാര്യം തുറന്നുപറവാൻ എന്തിനു മടിക്കണം?

വാ—പ്രകൃത്യാതന്നെ കുടുംബജീവിതത്തിനുവേണ്ടി സൃഷ്ടിക്കപ്പെട്ടിരിക്കുന്ന സ്ത്രീ ആ ജീവിതം നയിക്കാൻ ഉദ്ദേശിക്കുന്നില്ലെന്നു പറഞ്ഞാൽ ആക്കു വിശ്വസിക്കാൻ സാധിക്കും?

ച—ഈ ലോകത്തിലുള്ള സകലസ്ത്രീകളും വിവാഹജീവിതം നയിക്കുന്നവരായിട്ടാണോ കാണുന്നതു്? അവിവാഹിതകളായിട്ടാരും വാസുവേട്ടന്റെ കണ്ണിൽ പെട്ടിട്ടില്ലേ? കേൾക്കുകപോലുമുണ്ടായിട്ടില്ലേ?

വാ—ചിലരില്ലെന്നു ഞാൻ പറയുന്നില്ല; അവക്കതിന്നു യോഗമുണ്ടായിട്ടില്ലായിരിക്കാം.

ച—യോഗമെന്നു പറഞ്ഞതിന്റെ അത്ഥം എനിക്കു മനസ്സിലായില്ല.

വാ—അവരെ വിവാഹം കഴിക്കാൻ ആരും തയ്യാറായില്ലെന്നു വരാം; അല്ലെങ്കിൽ അവരുടെ മനസ്സിന്നിണങ്ങിയ ഒരു വരൻ അവക്കു ലഭിച്ചില്ലെന്നും വരാം. ചന്ദ്രിയുടെ കാര്യത്തിൽ അതു രണ്ടും വരാൻ തരമില്ലല്ലോ.

ച—ഞാൻ വെറും വാദത്തിനുവേണ്ടി പറകയാണേ! അപ്പോൾ എന്നെ വിവാഹം കഴിക്കാൻ വാസുവേട്ടൻ തയ്യാറുണ്ടു്; വാസുവേട്ടൻ എന്റെ മനസ്സിന്നിണങ്ങിയ വരൻ, എന്നും

സമൎത്ഥിക്കുകയല്ലേ? ഈ രണ്ടാമത്തെക്കാൎയ്യം എങ്ങിനെ തീൎച്ചപ്പെടുത്തി?

വാ—അങ്ങിനെ വരാതിരിക്കാനിടയില്ല. ജാതി, മതം, കുലം, പദവി എന്നിവയിൽ നാം യോജിക്കുന്നു. ചെറുപ്പകാലംമുതല്ക്കേ നാം പരിചിതരും യോജിപ്പോടും ഉല്ലാസത്തോടും ഒരേ ഭവനത്തിൽ കുറേ നാൾ വളൎന്നവരും; പോരെങ്കിൽ ബന്ധുക്കളുംകൂടെയാണ്. നമ്മുടെ വിവാഹത്തിനു ഗുരുജനങ്ങൾ അനുകൂലികളും ആയിരിക്കും.

ച—വധൂവരന്മാൎക്കു തമ്മിൽ ഹൃദയൈക്യം, ആത്മീയമായ ഒരാകൎഷണം, ഇല്ലെങ്കിൽ അവർ തമ്മിലുള്ള ബന്ധം പരിശുദ്ധദാമ്പത്യമായിരിക്കയില്ല. വാസുവേട്ടൻ പറഞ്ഞ ബാഹ്യങ്ങളായ കാൎയ്യങ്ങളുടെ യോജിപ്പിനെ അടിസ്ഥാനമാക്കി ഉത്ഭവിക്കുന്ന വിവാഹബന്ധങ്ങൾ പലപ്പോഴും ശിഥിലങ്ങളാകുന്നു. ആ ദമ്പതികൾ പാവനമായ ദാമ്പത്യസുഖം അനുഭവിക്കാനിടയാകാതെ അധന്യതയിൽ ആണ്ടു് ജീവിതം നശിപ്പിക്കുന്നു.

വാ—വിവാഹമുഹൂൎത്തംവരെ അന്യോന്യമുഖദൎശനംപോലും ലഭിക്കാതെ ഗുരുജനങ്ങൾ തീൎച്ചപ്പെടുത്തിയ വിവാഹത്തിൽ ഏൎപ്പെട്ടു് എത്ര സ്ത്രീപുരുഷന്മാർ സുഖമായി കാലം കഴിക്കുന്നു!

ച—നേരെ മറിച്ചും സംഭവിക്കുന്നില്ലേ?

വാ—തീരെ ഇല്ലെന്നു പറവാൻ ഞാൻ തയ്യാറില്ല. പക്ഷേ നമ്മുടെ കാൎയ്യത്തിൽ എനിക്കു ധൈൎയ്യം പറയാം. എനിക്കു ചന്ദ്രിയോടു്, മററാരോടും തോന്നാത്ത ഒരാകൎഷണം, ഒരു പരിശുദ്ധപ്രേമം, ഉത്ഭവിച്ചിട്ടുണ്ടു്.

ച—അതു പോരല്ലോ; എനിക്കങ്ങോട്ടും അപ്രകാരം തോന്നുണ്ടോ? അതില്ലാ എന്നു് എനിക്കും നിസ്സംശയം പറയാം.

ശ്രീനിവാസൻെറ മുഖം വിവൎണ്ണമായി; അയാൾക്കു് ഉത്തരം മുട്ടി. ചന്ദ്രികയുടെ ആത്മാൎത്ഥതയും സ്ഥിരചിത്തതയും അയാൾക്കു ചെറുപ്പന്നേ ബോദ്ധ്യപ്പെട്ടിട്ടുണ്ടു്. അവളുടെ

ഹൃദയം മററാരിലെങ്കിലും അൎപ്പിച്ചുപോയോ എന്നൊരു സംശയം ജനിച്ചു. പക്ഷേ അതു ചോദിച്ചറിവാൻ അയാൾക്കു ധൈൎയ്യമുണ്ടായില്ല. എന്നാലും തൻെറ കാൎയ്യത്തെപ്പററി കുറേക്കൂടെ വാദിക്കാൻതന്നെ ഉറച്ചു. ഏതാനും നിമിഷത്തേയ്ക്കുണ്ടായ മൌനം ഭഞ്ജിച്ചുകൊണ്ടു ചോദിച്ചു.

വാ—ചന്ദ്രിക്കു് എന്നോടു വെറുപ്പോ വിദ്വേഷമോ ഇല്ലല്ലൊ.

ച—എനിക്കു വാസുവേട്ടനോടു വെറുപ്പും വിദ്വേഷവും അശേഷമില്ല. ചന്ദ്രനോടും വേണുവേട്ടനോടും തോന്നുന്നപോലുള്ള ഭ്രാതൃസ്നേഹമാണുള്ളതു്.

വാ—എന്നോടു് ഏതു രീതിയിലെങ്കിലും സ്നേഹമുള്ള സ്ഥിതിക്കു്, വിവാഹശേഷമുണ്ടാകുന്ന നമ്മുടെ നിരന്തരസഹവാസം ചന്ദ്രിക്കു് എന്നിൽ ഭൎത്തൃപ്രണയത്തെ ജനിപ്പിക്കുവാനിടയില്ലേ? ചന്ദ്രിയുടെ സൎവ്വാഭീഷ്ടങ്ങളേയും സാധിച്ചു്, ഹിതപ്രകാരം നടക്കുവാൻ ഞാൻ സന്നദ്ധനാണു്. അതിനാൽ നമുക്കു ജീവിതാനന്ദം ലഭിക്കും.

ച—അതു തീൎച്ചപറവാൻ പാടില്ല. വാസുവേട്ടൻെറ ഹിതപ്രകാരം ജീവിക്കുവാൻ എനിക്കു സാദ്ധ്യമായില്ലെങ്കിലൊ? അപ്പോൾ പശ്ചാത്തപിക്കാനിടവരും; ദാമ്പത്യസുഖം നശിക്കും; പിന്നെ ജീവിതാനന്ദമെവിടെ?

വാ—ചന്ദ്രിയെ ഒരു ത്യാഗമൂൎത്തിയായിട്ടാണു് ഞാൻ ധരിച്ചിട്ടുള്ളതു്. ചന്ദ്രിയുടെ കണവനായിത്തീരുന്ന ഒരാൾക്കുവേണ്ടി ചില ത്യാഗങ്ങൾ ചെയ്വാൻ ഒരുക്കമുണ്ടാകയില്ലേ?

ച—എൻെറ ആത്മാവിന്നുതന്നെ ആകൎഷകനായിത്തീൎന്നിട്ടുള്ള ഒരു കണവനാണെങ്കിൽ, ഏതുതരം ത്യാഗവും ഒരാനന്ദമായിത്തന്നെ ഇരിക്കും. അല്ലാതെ ചെയ്യേണ്ടിവരുന്ന ത്യാഗം എൻെറ ആത്മനാശത്തിന്നിടയാക്കും. അതിന്നു ഞാൻ തയ്യാറാകണമൊ?

വാ—ചന്ദ്രി, ഇത്രയും പറഞ്ഞ സ്ഥിതിക്കു ഞാൻ ഒരു കാൎയ്യം കൂടെ ചോദിക്കുന്നതിൽ പരിഭവിക്കരുതേ! ചന്ദ്രിയുടെ ആ

ത്മാവിന്നു ആകർഷകനായി, ആദർശങ്ങൾക്കനുസരിച്ച ഒരാൾ ചന്ദ്രിയുടെ പ്രേമത്തിന്നു വിഷയമായിട്ടുണ്ടോ?

ച—ഇല്ല. ഇതു ചോദിച്ചതിൽ ഞാൻ പരിഭവിക്കേണ്ട ആവശ്യമില്ലല്ലോ. ഇത്രയൊക്കെ ഈ വിഷയത്തെ നീട്ടിക്കൊണ്ടു പോയതുതന്നെ വെറും ന്യായവാദത്തിനുവേണ്ടി; എൻെറ ജീവിതാദർശംതന്നെ വേറെയാണെന്നു ഞാൻ ആദ്യമേ സൂചിപ്പിച്ചുവല്ലോ. ഞാൻ ദാമ്പത്യജീവിതമേ ഇച്ഛിക്കുന്നില്ല.

വാ—ഒരു സ്ത്രീ ദാമ്പത്യത്തെ ഇച്ഛിക്കുന്നില്ലെന്നു പറയുന്നതു പ്രകൃതിവിരുദ്ധമാണെന്നു ഞാനും പറഞ്ഞുവല്ലോ. സ്ത്രീജന്മോദ്ദേശംതന്നെ ദാമ്പത്യജീവിതവും സന്തത്യുല്പാദനവുമാണ്.

ച—ദാമ്പത്യജീവിതവും സന്തത്യുല്പാദനവും സ്ത്രീയുടെ ജീവിതോദ്ദേശമാക്കിവെച്ചതു് കുടുംബവർദ്ധനക്കും തദ്വാരാ ലോകത്തിൽ ജനസമുദായവർദ്ധനക്കും വേണ്ടിയാണല്ലോ. ഇന്നത്തെ ലോകത്തിലെ സ്ഥിതി എന്താണ്? കുടുംബങ്ങളും ആളുകളും ഇതേനിലയിൽ ഇനിയും വർദ്ധിച്ചു്, പാക്കാനിടമില്ലാതേയും, വിശപ്പടക്കാൻ ആഹാരം കിട്ടാതേയും, തൊഴിലില്ലാതേയും അലഞ്ഞു കഷ്ടപ്പെട്ടു ലോകത്തിലെ നരകത്തെ ഇനിയും വിപുലമാക്കണമോ?

വാ—ഓഹോ, ഈ ലോകോത്തരമായ വിഷയത്തെ അടിസ്ഥാനമാക്കിയാണോ ചന്ദ്രി വിവാഹജീവിതം വേണ്ടെന്നുവെക്കാൻ തീർച്ചയാക്കിയതു്?

ച—വാസുവേട്ടൻ ഇത്ര പുച്ഛമായി സംസാരിക്കുന്നതെന്തിനു? ലോകത്തിൻെറ കാര്യം പോകട്ടെ; നമ്മുടെ മാതൃഭൂമിയായ ഭാരതത്തിൻെറ കാര്യംതന്നെ നോക്കുക. ദൈനംദിനം വളന്നുവരുന്ന ഇവിടത്തെ ദാരിദ്ര്യത്തിൻെറയും മററു കഷ്ടതകളുടെയും മൂലകാരണം എന്താണെന്നു് ആരാഞ്ഞറിഞ്ഞു്, നമ്മുടെ നായകന്മാർ അതിനെ നിവാരണംചെയ്വാൻ പലപ്രകാരത്തിൽ യത്നിക്കുന്നു. ഭാരതീയക്കു പുറനാടുകളിൽ പ്രവൃത്തി കിട്ടുന്നില്ല, പ്രവേശനംതന്നെ ഇല്ല. ഇവിടത്തെ

തൊഴിലില്ലായ്മക്കു പരിഹാരമായി കുടിൽവ്യവസായങ്ങൾ വദ്ധിപ്പിക്കുന്നു; എന്നിട്ടും വലിയ ഫലം കാണുന്നുണ്ടോ? ജനസംഖ്യ വദ്ധിക്കാതിരിക്കാനുള്ള മാർഗ്ഗമായി 'സന്താനനിയന്ത്രണം'പോലും അകൃത്രിമവും കൃത്രിമവുമായ സമ്പ്രദായങ്ങൾവഴി പ്രചാരപ്പെടുത്തുവാൻ തുടങ്ങിയിരിക്കുന്ന കാലമാണിതു്.

വാ—ഒരു കുഗ്രാമത്തിൻെറ മൂലയിൽ ഒരു സ്ത്രീ ദാമ്പത്യജീവിതം വേണ്ടെന്നുവെക്കുന്നതു സന്താനവദ്ധനവിനെ തടഞ്ഞു്, തൊഴിലില്ലായ്മ മുതലായ ലോകപ്രശ്നങ്ങൾക്കു പരിഹാരമായിത്തീരുമെന്നോ? ഇത്ര മഹത്തായ ഉദ്ദേശത്തോടുകൂടെയാണു് ചന്ദ്രി ദാമ്പത്യസുഖത്തെ ത്യാഗംചെയ്യുന്നതെന്നു ഞാനറിഞ്ഞിരുന്നില്ല.

ച—'വിവാഹനിയന്ത്രണം' 'സന്താനനിയന്ത്രണം'പോലെയൊ അതിൽ കൂടുതലായൊ ആ മഹദ്വിഷയത്തെ സഹായിക്കുന്ന കാര്യമാണെന്നാണു് എൻെറ, ഈ കുഗ്രാമകന്യകയുടെ, അഭിപ്രായം. വിവാഹബന്ധത്തിലേപ്പെട്ടു കഴിഞ്ഞവരെ സന്താനനിയന്ത്രണത്തിനു നിർബ്ബന്ധിതരാക്കുന്നതിനു പകരം, ആ ബന്ധംകൂടാതെ ജീവിതം നയിക്കുവാൻ കഴിയുന്നവരെ അതിന്നു പ്രോത്സാഹിപ്പിക്കുകയല്ലേ ഭേദം?

വാ—സ്ത്രീകളൊക്കെ അവിവാഹിതകളായിരിക്കുന്നപക്ഷം അവരെ സംരക്ഷിക്കുവാനാരാണു്? ഹിന്ദുസ്ത്രീകളുടെ കാര്യം നോക്കുകയാണെങ്കിൽ ശാസ്ത്രോക്തവും പാരമ്പര്യസിദ്ധവുമായ പ്രമാണം കുടുംബജീവിതമാണു്. ദാമ്പത്യജീവിതത്തെ ത്യജിക്കുവാൻ എത്രപേർ തയ്യാറുണ്ടാവും?

ച—'ആ ബന്ധം കൂടാതെ ജീവിതം നയിക്കുവാൻ കഴിയുന്നവർ' എന്നാണു് ഞാൻ പറയുന്നതു്. സ്വയം സംരക്ഷണം ചെയ്യാൻ, പരാശ്രയംകൂടാതെ ജീവിതം കഴിക്കുവാൻ, പ്രാപ്തിയുള്ളവർ ചിലരുണ്ടാവില്ലേ? പിന്നെ പാരമ്പര്യത്തെ പററി പറയുന്നപക്ഷം, എത്രയോ കാലമായി, തലമുറ

യായി, താങ്ങിത്താഴുകിവന്നിരുന്ന എത്ര എത്ര സമ്പ്രദായങ്ങളും ആചാരങ്ങളും ഇക്കാലത്തു ഭേദപ്പെടുത്തുകയും, ചിലവ തീരെ ഉപേക്ഷിക്കക്കൂടെയും ചെയ്യുന്നില്ലേ? ഉൽകൃഷ്ടകുടുംബങ്ങളിൽ ജനിച്ചു്, ദാരിദ്ര്യമോ ക്ലേശമോ എന്താണെന്നു സ്വപ്നത്തിൽപോലും അനുഭവിച്ചറിയാതെ സുഖഭോഗങ്ങൾ നിത്യേന ശീലിച്ചുപോന്ന എത്ര ഭാരതീയവനിതകളാണു് സകലസുഖങ്ങളും ത്യജിച്ചു് മാതൃഭൂമിസേവനത്തിനുവേണ്ടി പുറത്തിറങ്ങിട്ടുള്ളതു്! പെരുവഴികളിൽവെച്ചുപോലും മാനഹാനിക്കും ദേഹശിക്ഷകൾക്കും കീഴ്വഴങ്ങിയതു്! ഇരുമ്പഴിക്കൂടുകളിൽകിടന്നു് ആകാശംപോലും കാണാതെ നക്ഷത്രമെണ്ണിയതു്! ഇക്കഥകളൊക്കെ നമ്മൾ ഒരുമിച്ചിരുന്നു പത്രപങ്ക്തികളിൽ വായിച്ചു കണ്ണുനീർ വാർത്തിരുന്നതു വാസുവേട്ടൻ മറന്നോ? മാതൃഭൂസേവനം സമുദായസേവനം എന്നിവയെ ജീവിതാദർശങ്ങളായി കൈക്കൊള്ളുവാൻ നമ്മൾ അന്നു ശപഥംചെയ്തതോർക്കുന്നില്ലേ?

വാ—അന്നത്തെ ബാലിശങ്ങളായ പല ശപഥങ്ങളും ഇപ്പോൾ എനിക്കു് ഓർമ്മയില്ലായ്കയല്ല. ഒരു സ്ത്രീ വിവാഹിതയായി കുടുംബജീവിതം നയിക്കുന്നതു്—ഒരു ഭർത്താവിനെ ശുശ്രൂഷിച്ചു് സന്താനങ്ങളെ പോററിവളർത്തി, അവരെ ഉത്തമപൌരന്മാരാകാൻ പ്രേരിപ്പിക്കുന്നതു്—മാതൃഭൂമിസേവനമാകയില്ലെന്നുണ്ടോ? ഒരു ദേശീയഗവർമ്മേണ്ടിൻകീഴിൽ ഒരുദ്യോഗസ്ഥനായി സേവിക്കുന്നതു മാതൃഭൂമിസേവനമല്ലെന്നോ?

ച—തന്നെ; നിശ്ചയമായും തന്നെ. പക്ഷേ അത്തരം സേവനത്തിനു് ഇന്നു ലക്ഷക്കണക്കിനു് ആളുകളുണ്ടു്; ഞാൻ പറഞ്ഞവിധത്തിലുള്ള ത്യാഗപരമായ സേവനത്തിനാണു് ആളുകൾ കുറവു്. അക്കൂട്ടത്തിൽ ഒരാളാവണമെന്നാണു് എൻെറ ആഗ്രഹം.

വാ—എന്നാൽ ചന്ദ്രിയുടെ ആ മഹൽത്യാഗത്തെ ഞാൻ ശിരസ്സുനമിച്ചു് അഭിനന്ദിക്കേണ്ടിയിരിക്കുന്നു.

ച—വാസുവേട്ടൻെറ പൂൎണ്ണരസം നിറഞ്ഞുതുളുമ്പുന്ന ഈ അഭിനന്ദനത്തിൽ ഞാൻ പരിഭവിക്കുന്നില്ല; പക്ഷേ അഭിനന്ദനത്തിനു തക്ക ത്യാഗം ഞാൻ ചെയ്തിട്ടില്ല. വിവാഹജീവിതത്തെ ഇച്ഛിക്കയൊ, ഏതെങ്കിലുമൊരു വ്യക്തിയിൽ എൻെറ ഹൃദയം സമൎപ്പിക്കുകയൊ ചെയ്തിരുന്നു എങ്കിൽ ആ ഇച്ഛയെ ഉപേക്ഷിക്കുകയും, ആ സമൎപ്പണത്തെ പിൻവലിക്കുകയും ചെയ്യുന്നതു് ത്യാഗമായിരുന്നേനെ. എൻെറ കാൎയ്യത്തിൽ അങ്ങിനെ ഉണ്ടായിട്ടില്ല. എൻെറ മനസ്ഥിതിതന്നെ ഒരു വ്യത്യസ്തരീതിയിലായിപ്പോയി. എൻെറ ഹൃദയപൂൎവ്വമായ ആരാധനയും കൎമ്മവാക്കുകായങ്ങളാലുള്ള സേവനവും എല്ലാം എൻെറ മാതൃഭൂവിനു്.

വാ—ചന്ദ്രിയുടെ ഈ നിശ്ചയവും പ്രവൃത്തിയുംകൊണ്ടുണ്ടാവുന്ന ദോഷങ്ങളെപ്പററിക്കൂടെ ഒന്നു ചിന്തിക്കു. ചന്ദ്രികയെ ചിലർ ഇദ്ദിക്കിൽ മാതൃകയായിസ്വീകരിച്ചിട്ടുണ്ടെന്നു് എനിക്കറിയാം. ഈ ഗ്രാമത്തിലുള്ള കന്യകമാരൊക്കെ വിവാഹം വേണ്ടെന്നുപറഞ്ഞു്, നിങ്ങൾ ഒരു 'ഓം മണ്ഡലി' പോലുള്ള പ്രസ്ഥാനം തുടങ്ങുകയാണെങ്കിൽ ഈ ഗ്രാമക്കാൎക്കു് അതു് എത്രമേൽ രസിക്കും?

ച—ഞാൻ ഒരു മാതൃകാജീവിതം നയിക്കുന്നു എന്നു വിശ്വസിക്കുകയൊ അതിൽ ഗൎവ്വിഷ്ഠയാവുകയൊ ചെയ്യുന്നില്ല. എന്നാൽ എൻെറ മേൽപറഞ്ഞ ആദൎശത്തെ പിന്തുടരാൻ ചിലർ തയ്യാറായാൽ അതു നമ്മുടെ ഗ്രാമത്തിൻെറ ഭാഗ്യമായിത്തീരും. 'ഓം മണ്ഡലി'പോലുള്ള പ്രസ്ഥാനം തുടങ്ങി നാട്ടുകാരെ മിരട്ടുവാൻ ഞാൻ തയ്യാറാവുകയില്ല.

വാ—എന്നാൽ അതിലും ഉപരിയായ ഒരു പുതിയ പ്രസ്ഥാനത്തിന്നാണൊ ചന്ദ്രി അസ്തിവാരമിടുന്നതു്?

ച—ഇതിൽ പുതുമ എന്താണുള്ളതു്? ക്രിസ്ത്യാനികളുടെ കന്യകാമഠങ്ങളെപ്പററി വാസുവേട്ടൻ കേട്ടിട്ടില്ലേ?

വാ—അതു മതസംബന്ധമായ ഒരേൎപ്പാടല്ലേ? ഈശ്വരഭജന

ത്തിനുവേണ്ടി അവർ ജീവനെ അപ്പിക്കുന്നു. ലോകവുമായി അവക്ക് എന്തിടപാടാണുള്ളതു്?

ച—ഒന്നും ഇല്ലെന്നാണൊ ധരിച്ചിട്ടുള്ളതു്? ഈശ്വരഭജനവും തദനുസരണമായ ചടങ്ങുകളും പരിശുദ്ധജീവിതം നയിക്കുന്നതിന്നു് അവരെ സഹായിക്കുന്നു. എത്ര ലോകോപകാരപ്രദങ്ങളായ പ്രവൃത്തികളാണു് അവർ ചെയ്യുന്നതു്! എത്ര അനാഥക്കുട്ടികളെ സംരക്ഷിച്ചു പോററുന്നു! എത്ര ബാലികകളെ ചെറുതരം വ്യവസായങ്ങൾ പരിശീലിപ്പിച്ചു് ഉപജീവനം നേടാൻ പ്രാപ്തകളാക്കുന്നു! എത്ര പാഠശാലകൾ നടത്തുന്നു! അവരുടെ പുരുഷന്മാരും മതോപദേശികളായി, കുടുംബജീവിതം വെടിഞ്ഞു്, പാഠശാലകളും വ്യവസായസ്ഥാപനങ്ങളും നടത്തുന്നു.

വാ—അതൊക്കെ മതത്തിന്നുവേണ്ടി.

ച—മതത്തിൻെറ പേരിലായാലെന്തു്? മററു് എന്തിൻെറ പേരിലായാലെന്തു്? സാധുസേവനം സാധുസേവനംതന്നെ, അതുതന്നെ ലോകസേവനം.

വാ—നമ്മുടെ സ്ത്രീപുരുഷന്മാരും അവരെ അനുകരിക്കണമെന്നാണൊ ചന്ദ്രിയുടെ അഭിപ്രായം? എന്നാൽ കുടുംബങ്ങളും സമുദായവുംതന്നെ വേഗത്തിൽ നശിച്ചുകൊള്ളും.,

ച—ക്രിസ്ത്യാനികൾ മേൽപറഞ്ഞ ഏപ്പാടുകൾ എത്രയോ കാലമായി അനുഷ്ഠിച്ചുവരുന്നു! അവരുടെ കുടുംബങ്ങളും സമുദായവും നശിക്കുന്നുണ്ടൊ? കൃത്രിമമാഗ്ഗങ്ങൾ കൂടാതെ ജനസംഖ്യയുടെ വദ്ധനവിനെ നിയന്ത്രിക്കയും, ദാരിദ്ര്യത്തേയും തൊഴിലില്ലായ്മയേയും കുറയ്ക്കുകയും ചെയ്യാൻ ഇവർ ഏറെക്കുറെ സഹായിക്കയാണു് ചെയ്തിട്ടുള്ളതു്.

വാ—ചന്ദ്രി, ചന്ദ്രിയുടെ അഭിപ്രായത്തോടു ഞാനും ഏതാണ്ടു യോജിക്കാതിരിക്കയല്ലാ. എന്നാലും എൻെറ ഹൃദയം തകന്നു; ജീവിതം നൈരാശ്യത്താൽ ഇരുളടയുവാൻ തുടങ്ങുന്നു.

ച—അതിനു ഞാൻ ഉത്തരവാദിയല്ലെന്നു വ്യസനപൂവ്വം പറയേണ്ടിയിരിക്കുന്നു.

വാ—വിവാഹിതരായ എത്ര ആളുകൾ കുടുംബജീവിതത്തോടു ചേൻതന്നെ സമുദായസേവനവും നടത്തുന്നു! ചന്ദ്രിക്കും അതുകൊണ്ടു തൃപ്തിപ്പെട്ടുകൂടെ? ചന്ദ്രിയുടെ അഭീഷ്ടപ്രകാരം നടക്കാൻ ഞാൻ തയ്യാറായാൽ—

ച—വാസുവേട്ടൻ വീണ്ടും പഴയകാൎയ്യംതന്നെ കൊണ്ടുവരുന്നു. കുടുംബജീവിതത്തോടുകൂടിയ സമുദായസേവനം നടത്തുവാൻ എനിക്കു സാധ്യമല്ല. എൻെറ അഭീഷ്ടപ്രകാരം നടക്കാൻ തയ്യാറാണെങ്കിൽ വാസുവേട്ടൻ എന്നെ ഇക്കാൎയ്യത്തിൽ വീണ്ടും അലട്ടാതിരിക്കു. വാസുവേട്ടനു കുടുംബജീവിതമാണു യോജിച്ചതു്; എൻെറ മനസ്ഥിതിക്കതു യോജിച്ചതുമല്ലാ.

വാ—ചന്ദ്രിയുടെ മനസ്ഥിതി ഒരുകാലത്തു മാറാനിടയുണ്ടെങ്കിലൊ? അതുവരെ ഞാൻ കാത്തിരിക്കാൻ തയ്യാറാണ്.

ച—ഭാവിയെപ്പററി തീച്ചപറവാൻ എനിക്കു സാധ്യമല്ല; പക്ഷെ ഈ മനസ്ഥിതി മാറാതിരിക്കണേ എന്നാണ് എൻെറ ഹൃദയപൂൎവ്വമായ ആഗ്രഹവും പ്രാൎത്ഥനയും. ഒരുകാലത്തു മാറുന്നപക്ഷം അപ്പോഴാണ് ഞാൻ ത്യാഗമനുഷ്ഠിക്കേണ്ടിവരുന്നതു്; അതുവരെയുള്ള ജീവിതത്തെ തുടരുകതന്നെ ചെയ്യും; എനിക്ക് അധഃപതനം ഉണ്ടാവുകയില്ല.

വാ—സ്ത്രീകൾക്കു മാതൃഹൃദയമല്ലെ പ്രകൃതിദത്തം? ഒരു മാതാവാകാനും കുട്ടികളെ ലാളിച്ചുപോററുവാനും ഉള്ള ആഗ്രഹം അമത്താൻ സാധിക്കുമൊ? വിവാഹത്തിനു യോഗംലഭിക്കാത്ത ചില സ്ത്രീകൾ അന്യകുട്ടികളെ ദത്തെടുത്തും ചിലർ മൂകജന്തുക്കളിൽ തങ്ങളുടെ സ്നേഹത്തെ ചൊരിഞ്ഞും ആണ് മാതൃവാഞ്ഛയെ തൃപ്തിപ്പെടുത്തുന്നതു്.

ച—എല്ലാ സ്ത്രീകളേയുംപോലെ എനിക്കും ഒരു മാതൃഹൃദയം തന്നെയാണുള്ളതു്. ആ ഹൃദയസ്നേഹത്തെ ചൊരിയാൻ മൂകജന്തുക്കളേയും മററും പോറേറണ്ട ആവശ്യമില്ല. എന്നെപ്പോലെ മാതൃഹീനരായ എത്രയോ അനാഥക്കുട്ടികൾ ഇപ്പൊഴെ അവിടെ സ്ഥലം പിടിച്ചുകഴിഞ്ഞിട്ടുണ്ട്.

വാ—അന്യകുട്ടികളേക്കാൾ അവനവൻെറ കുട്ടികളോടല്ലെ അധികം സ്നേഹം തോന്നുക? അവർ ഇങ്ങോട്ടും അതേപ്രകാരം സ്നേഹിക്കും. മറേറതു പ്രതിഫലമില്ലാത്ത സ്നേഹം; ചിലപ്പോൾ അവരുടെ നന്ദികേടുംകൂടെ സഹിക്കേണ്ടിവരും.

ച—പ്രതിഫലത്തിനു വേണ്ടിയല്ലാ ഞാൻ അനാഥകുട്ടികളെ സ്നേഹിക്കുന്നതു്. അവക്കു് എൻെറ സ്നേഹം ആവശ്യമായിരിക്കുന്നു. സ്വന്തം കുട്ടികൾകൂടെ ഉണ്ടായാൽ ആദ്യം പറഞ്ഞവക്കു് എൻെറ ഹൃദയത്തിൽ അധികം സ്ഥലം ലഭിച്ചില്ലെന്നുവരാം. അവർ നന്ദികേടു കാണിച്ചാലും എൻെറ ഹൃദയം തകരുകയില്ല; അവരുടെ നേക്കുള്ള കടമ ഞാൻ നിവ്വഹിക്കതന്നെ ചെയ്യും. സ്വസന്താനങ്ങളിൽനിന്നുണ്ടാകുന്ന നിഷ്ഠുരുണമായ വിപ്രതിപത്തിയാണു് മാതാപിതാക്കളുടെ ഹൃദയത്തെ തകക്കുന്നതു്.

വാ—ഞാൻ എന്തു പറഞ്ഞാലും ചന്ദ്രിക്കു് കഴികഴിവും സമാധാനവുമുണ്ടു്. എൻെറ വാദം ഇനി ദീഘിപ്പിച്ചിട്ടു കായ്യവുമില്ല. എൻെറ തകന്ന ആശകളും പിളന്ന ഹൃദയവുംകൊണ്ടു ഞാൻ ചന്ദ്രിയോടു യാത്രപറയട്ടെ. എൻെറ ജീവിതം ഒരു മരുഭൂമിയെപ്പോലെ ശൂന്യമായി ഭവിച്ചു.

ച—വാസുവേട്ടാ, നിങ്ങളെ നിരാശനാക്കി അയക്കേണ്ടിവന്നതിൽ ഞാൻ നിവ്വ്യാജം വ്യസനിക്കുന്നു. ഒരിക്കലും ഒരു വിധത്തിലെങ്കിലും ഞാൻ നിങ്ങൾക്കു് ആശക്കു വഴിതന്നിരുന്നെങ്കിൽ ഇക്കായ്യത്തിൽ ഞാൻ കുററക്കാരിയായേനെ. നൈരാശ്യത്തെ ജയിപ്പാനും ഹൃദയത്തിൽ ഉന്നതാദശ്ങ്ങളും ഉത്തമവികാരങ്ങളും സ്ഥലം പിടിച്ചു്, ജീവിതം സദ്കൃത്യങ്ങളാൽ ശോഭനമായിത്തീരാനും ജഗദീശ്വരൻ കടാക്ഷിക്കട്ടെ!

വാ—ചന്ദ്രിയുടെ ഉത്തമാശംസകൾക്കു ഞാൻ നന്ദി പറയുന്നു. നമ്മൾ തമ്മിലുണ്ടായ സംഭാഷണത്തിലിടക്കു് അവിവേകമായി ഞാൻ വല്ലതും പറഞ്ഞു് ചന്ദ്രിയെ വേദനപ്പെടുത്തി

യെങ്കിൽ എനിക്കു മാപ്പു തരണേ! എന്നെ ചന്ദ്രിയുടെ ഹൃദയത്തിൽനിന്നു ബഹിഷ്കരിക്കാതിരിക്കണേ!

ച—ഞാൻ വാസുഃവട്ടനെ ഏതു കാലത്തും ഒരു സഹോദരനെപ്പോലെ സ്നേഹിച്ചാദരിക്കും. ഇച്ഛാഭംഗം നിമിത്തം ചിലതു പറഞ്ഞുപോയതൊക്കെ ഞാൻ പൊറുക്കുകയും മറക്കുകയും ചെയ്യാം.

വാ—ചന്ദ്രിയുടെ നേൎക്കുള്ള എൻെറ ഈ കത്തിക്കാളുന്ന പ്രേമം ഒരിക്കലും തണുക്കുകയില്ല; അതു് എന്നെ നശിപ്പിക്കാനാണെളുപ്പം.

ച—ഒരിക്കലുമില്ല, അതു പരിശുദ്ധമൈത്രീബന്ധമായി പരിണമിക്കും.

ചന്ദ്രി യാത്ര പറയാനെന്ന മട്ടിൽ കൈകൂപ്പി. ശ്രീനിവാസനു് ധൈൎയ്യമവലംബിച്ചു് അവളുടെ മുമ്പിൽ ഇനിയും നില്പാൻ സാദ്ധ്യമല്ലെന്നു ചന്ദ്രിക്കു മനസ്സിലായി. അതിനാൽ ദുഃഖപൎയ്യവസായിയായ ആ സന്ദൎശനരംഗം ദീൎഘിപ്പിക്കരുതെന്നു കരുതി, "വാസുവേട്ടൻ സ്ഥലം വിടുന്നതിനു മുമ്പായി കാണ്മാൻ സാധിച്ചാൽ നന്നു്; ഇല്ലെങ്കിൽ മേലിൽ നമ്മൾ കാണുമ്പോൾ പണ്ടത്തെപ്പോലെ സൌഹാൎദ്ദമായും സന്തോഷമായും കഴിയണം; അതിന്നു് ഈശ്വരൻ അനുഗ്രഹിക്കട്ടെ!" എന്നു പറഞ്ഞു. "കത്തിക്കാളുന്ന പ്രേമാഗ്നിയെ കെടുത്തുവാൻ സാദ്ധ്യമോ? അതു പരിശുദ്ധമൈത്രീബന്ധമായി തീരുമൊ?" ഇങ്ങിനെ ചിലതു് അസ്പഷ്ടവൎണ്ണങ്ങളാൽ ഉച്ചരിച്ചുകൊണ്ടു് ഏററവും പരവശനെപ്പോലെ സാവധാനത്തിൽ നടന്നു് ശ്രീനിവാസൻ അവിടം വിട്ടു.

## അദ്ധ്യായം 24

### അഭീഷ്ടസിദ്ധി

മംഗലത്തെ കരുണാകരക്കുറുപ്പിൻെറ പരിവട്ടസന്ദൎശനങ്ങൾ ഇടക്കാലങ്ങളിൽ കുറവായിത്തീൎന്നിരുന്നു. ചന്ദ്രികാചന്ദ്ര

ന്മാക്ക് അദ്ദേഹത്തിന്റെ സാന്നിദ്ധ്യവും സഹായവും അത്യാവശ്യമല്ലാതാകയും, അദ്ദേഹം കുടുംബഭരണക്ലേശങ്ങൾക്കു വശംവദനായിത്തീരുകയും ചെയ്കയാലാണ് അദ്ദേഹത്തിന്റെ വരവും നേരിട്ടുള്ള അന്വേഷണവും കുറഞ്ഞത്; എന്നിരുന്നാലും കുറുപ്പിന്റെ ഹൃദയത്തിൽ എപ്പോഴും അവൎക്കു വലിയൊരു സ്ഥാനംതന്നെയാണുണ്ടായിരുന്നത്. നാരായണിഅമ്മയോടുള്ള ആത്മാൎത്ഥമായ സ്നേഹവിശ്വാസങ്ങൾ നിമിത്തം അദ്ദേഹം തന്റെ സ്വകാൎയ്യക്ലേശങ്ങളെ സന്ദൎശനാവസരങ്ങളിൽ അവരോടു തുറന്നു പറകയും, അവരുടെ ഉപദേശങ്ങളെ സ്വീകരിക്കയും ചെയ്തിരുന്നു. എന്നാൽ ഈയിടെയായി കുറുപ്പിന്റെ പുതിയ പത്തായപ്പുരയിലേക്കുള്ള വരവ് ഇടക്കാലത്തേതിൽനിന്നു കൂടുതലായിട്ടുണ്ട്.

ചന്ദ്രിക എത്താനും കൊല്ലങ്ങളായി നടത്തുവാൻ ആഗ്രഹിച്ചും പ്രയത്നിച്ചുംകൊണ്ടിരുന്ന 'ബാലവിഹാരമന്ദിരം' പരിവട്ടത്തു സ്ഥാപിതമായി. അതിന്റെ ഉൽകൃഷ്ടനാമധേയത്തിന്നനുയോജിച്ച ഒരു കെട്ടിടമോ, വിദ്യാഭ്യാസപരമായ ലീലാസാമഗ്രികളോ ആവശ്യത്തിന്നനുസരിച്ചു ഉണ്ടായിരുന്നില്ലെങ്കിലും, അവിടെ ദിവസേന ഹാജരായി പഠിച്ചുവരുന്ന കുട്ടികളുടെ എണ്ണം ഇപ്പോൾ ഏഴുപതാണ്. ഇവരിൽ നാനാജാതിമതസ്ഥരായ കുട്ടികൾ ഉൾപ്പെട്ടിട്ടുണ്ട്; അധഃകൃതകുട്ടികളാണധികവും. മന്ദിരത്തിലെ കുട്ടികളിൽ പന്ത്രണ്ടുപേർ മാസത്തിൽ രണ്ടുറുപ്പികവീതം ഫീസ് കൊടുത്തിരുന്നു; ഇരുപതോളം കുട്ടികൾക്കു രണ്ടുനേരത്തെ ആഹാരം അവരുടെ അച്ഛനമ്മമാർ അയച്ചുകൊടുക്കയും ചെയ്തു. അധഃകൃതരുൾപ്പെടെയുള്ള മറ്റു കുട്ടികളുടെ ചെലവു മുഴുവൻ മന്ദിരഭാരവാഹികൾ കണ്ടുപിടിക്കേണ്ടതായും വന്നു. മഹിളാസമാജക്കാർ ഈ ചെലവിൽ അൎദ്ധഭാഗം നൽകി; ബാക്കി മന്ദിരഭാരവാഹികൾ വീടുതോറും ഇറങ്ങിക്കയറി സംഭാവനയായും സാമാനങ്ങളായും പിരിച്ചെടുത്തു. മന്ദിരം തുടങ്ങുവാനുണ്ടായ പ്രാരംഭച്ചെലവുകൾ മുഴുവനും ചന്ദ്രികയുടെ ആത്മമിത്രമായ ഒരു ശിശുപ്രേ

മിയിൽനിന്നു ദാനമായി ലഭിച്ചു. ഇങ്ങിനെ എളിയനിലയിലെങ്കിലും ബാലവിഹാരമന്ദിരം ക്രമമായി നടന്നുവരുന്നു. അതിൻെറ പ്രധാനഭാരവാഹിത്വം കമലംതന്നെയാണ് വഹിക്കുന്നതു്; ആ യുവതിയുടെ സഹായത്തിന്നായി മററു മൂന്നു യുവതികളും പകൽ മുഴുവൻ അവിടെ പണി എടുത്തു. നാരായണിഅമ്മയുടെ ശുശ്രൂഷയിലും മററു പലേ പ്രവൃത്തികളിലും ദിവസത്തിൻെറ അധികാംശവും വിനിയോഗിക്കേണ്ടിവന്നതിനാൽ തൻെറ ആഗ്രഹത്തിന്നനുസരിച്ചു പ്രവൃത്തി മുഴുവനും മന്ദിരത്തിൽ നടത്തുവാൻ സമയദൌർല്ലഭ്യം ചന്ദ്രികയെ അനുവദിച്ചില്ല; എന്നാലും ചുരുങ്ങിയതു നിത്യേന ഒരു മണിക്കൂറെങ്കിലും അവൾ അവിടെ പ്രവൃത്തി ചെയ്തുവന്നു.

കരുണാകരക്കുറുപ്പിൻെറ മക്കളും മരുമക്കളുമായി അഞ്ചു കുട്ടികൾ ഇപ്പോൾ പുതിയ പത്തായപ്പുരയിൽ താമസമാണ്; ഇവർ മന്ദിരത്തിൽ പഠിക്കുന്നവരാണ്. മൂന്നുമുതൽ ആറുവരെ വയസ്സു പ്രായമുണ്ടായിരുന്ന ഈ കുട്ടികളെ മാസത്തിൽ ഒരു പ്രാവശ്യം മംഗലത്തു കൊണ്ടുപോയി, രണ്ടുദിവസം മാതാപിതാക്കന്മാരൊന്നിച്ചു പാർപ്പിച്ചു തിരിച്ചു കൊണ്ടുവരികയും, സൌകര്യമനുസരിച്ച് ഒന്നോ രണ്ടോ പ്രാവശ്യം കുറുപ്പ് ഇവരെ പരിവട്ടത്തു വന്നു കാണുകയും ചെയ്തിരുന്നു. അച്ഛനമ്മമാരെ പിരിഞ്ഞു താമസിക്കുന്ന ഈ ചെറുപൈതങ്ങൾക്കു ചന്ദ്രിക ഒരു പോററമ്മയായി വീട്ടിൽ പെരുമാറി, അവരുടെ ശുശ്രൂഷ മിക്കതും സ്വയം ചെയ്കയും ചിലതു കാർത്ത്യായനിയെക്കൊണ്ടു ചെയ്യിക്കയും ചെയ്തു. ഇതു നാരായണിഅമ്മയുടെ പ്രത്യേകപ്രേരണയാൽ ചന്ദ്രിക ഏറെറടുത്ത പ്രവൃത്തിയാണെന്നു വിശേഷിച്ചു പറയേണ്ടതില്ലല്ലോ. ഈ പൈതങ്ങളുടെ ആവശ്യങ്ങളെല്ലാം കുറുപ്പിനെ ബുദ്ധിമുട്ടിക്കാതേയും അദ്ദേഹത്തിൻെറ അഭിമാനത്തെ ക്ഷതപ്പെടുത്താതേയും ചന്ദ്രിക നിർവ്വഹിച്ചു.

കുറുപ്പിനെ പരിവട്ടത്തേയ്ക്കാകർഷിക്കാൻ മറെറാരു കാരണവുമുണ്ടായി. ചന്ദ്രൻ വൈദ്യവിദ്യാഭ്യാസം കഴിഞ്ഞു മടങ്ങിവന്ന്, പരിവട്ടത്ത് ഒരു വൈദ്യശാലയും അതോടനുബന്ധി

ച്ച് ഒരു ചെറിയ ആസ്പത്രിയും സ്ഥാപിച്ചു. ഒരു കൊല്ലം കഴിഞ്ഞ് ഇവ അഭിവൃദ്ധി പ്രാപിച്ചതോടെ ഇവയുടെ ഒരു ശാഖ തൻെറ പിതാവിൻെറ സ്മാരകമായി തൃത്താലിപ്പുരത്തും സ്ഥാപിച്ച്, അതിൻെറ മേൽനോട്ടം പിതൃവ്യനെ ഏല്പിച്ചു. നാട്ടുവൈദ്യപരീക്ഷ ജയിച്ച് ചന്ദ്രൻെറ കീഴിൽ ഒരു കൊല്ലം പ്രവൃത്തിപരിശീലനംചെയ്ത ഒരു വൈദ്യനെ തൃത്താലിപ്പുരത്തെ വൈദ്യശാലയുടെയും ആസ്പത്രിയുടെയും നടത്തിപ്പിനായി നിയമിച്ചിരുന്നു; എങ്കിലും പണസ്സംബന്ധമായ സകല ഏർപ്പാടുകളിലും കരുണാകരക്കുറുപ്പിൻെറ മേൽനോട്ടമുണ്ടായിരുന്നു. കണക്കുകൾ തീർക്കുവാനും, ആവശ്യമായ മരുന്നുകൾ പ്രധാനവൈദ്യശാലയിൽനിന്ന് ഏററുവാങ്ങിക്കൊണ്ടുപോകുവാനും മററും കുറുപ്പു തന്നെയാണു മിക്കപ്പോഴും വന്നിരുന്നത്.

ചന്ദ്രൻെറ വൈദ്യശാലയുടേയും ആസ്പത്രിയുടേയും അഭിവൃദ്ധിക്കു മദിരാശിയിലെ ഡാക്ടർ അശ്വിനീദേവൻെറ ഉപദേശവും സഹായസഹകരണങ്ങളുമാണ് അത്യധികം ഉപകരിച്ചത്. ഈ ഡാക്ടരുടെ ഭാര്യ പരിവട്ടത്തുകാരിയാണെന്ന് ഈ കഥയിൽ മുമ്പൊരിടത്തു പ്രസ്താവിച്ചിട്ടുണ്ടല്ലോ. ഇക്കാരണത്താൽ അദ്ദേഹത്തിനു പരിവട്ടം ഗ്രാമത്തോടു പ്രത്യേക പ്രതിപത്തിയുണ്ടായിരുന്നു. വൈദ്യവിദ്യാഭ്യാസവും, അതേ സമയത്തുതന്നെ ഡാക്ടർ അശ്വിനീദേവൻെറ ശിഷ്യത്വത്താൽ ലഭിച്ച ചികിത്സാപരിശീലനവും നിമിത്തം ചന്ദ്രന് സാധാരണ നാട്ടുവൈദ്യന്മാരേക്കാൾ കൂടുതൽ അറിവും സാമത്ഥ്യവും ആർജ്ജിക്കുവാനിടയായി. നാട്ടുചികിത്സ കൂടാതെ ആംഗ്ലേയരീതിയിൽ അല്പം ചികിത്സയും ശസ്ത്രക്രിയാപാടവവും വശമാക്കിയിരുന്ന ചന്ദ്രൻ തൻെറ ചികിത്സയിൽ നാട്ടുമരുന്നുകളും ഇംഗ്ലീഷ്മരുന്നുകളും ഒരുപോലെ ഉപയോഗപ്പെടുത്തി. ചന്ദ്രനെ തൻെറ ശിഷ്യനും സഹായിയുമാക്കി നാട്ടുമരുന്നുകൾ രണ്ടാളും ഒത്തൊരുമിച്ചു തയ്യാറാക്കി പരിശോധിച്ച്, ചില രോഗങ്ങളെ എളുപ്പത്തിലും, ചെലവു കുറച്ചും, ചികിത്സിച്ചു ഭേദമാക്കുവാൻ നാട്ടുമരുന്നുകൾ ഏറെ ഉതകുമെന്നു ക

ണ്ട നാൾ മുതൽ, മദിരാശി ഡാക്ടരും ഇവയെ തന്റെ ചികി ത്സയിൽ ഉപയോഗിപ്പാൻ തുടങ്ങിയിരുന്നു. ചന്ദ്രൻ പരിവട്ട ത്തു വൈദ്യശാല സ്ഥാപിച്ചതു മുതൽ എല്ലാത്തരം നാട്ടുമരു ന്നുകളും തന്റെ പ്രത്യേക മേൽനോട്ടത്തിൽ അവിടെയാണ് തയ്യാറാക്കിയതു്. പരിവട്ടത്തേയ്ക്കാവശ്യമായ ഇംഗ്ലീഷ്മരുന്നു കൾ മുഴുവനും ഡാക്ടർ അശ്വിനീദേവൻ താൻ വാങ്ങിയ വി ലക്കു ചന്ദ്രന് അയച്ചുകൊടുക്കയും, തനിക്കാവശ്യപ്പെട്ട നാട്ടു മരുന്നുകൾ ചന്ദ്രന്റെ പക്കൽനിന്നും വാങ്ങുകയും ചെയ്തു. എ ന്നാൽ പട്ടണത്തിലെ രോഗികൾ ഒട്ടുമുക്കാലും പണക്കാരാക യാൽ, നാട്ടുമരുന്നുകൾ വിററു കിട്ടിയ ലാഭം മുഴുവൻ അദ്ദേ ഹം ചന്ദ്രനു കൊടുത്തു പരിവട്ടത്തെ ദരിദ്രരായ രോഗികളെ ചന്ദ്രൻ പ്രതിഫലം കൂടാതെ ചികിത്സിച്ചു; കഴിവുള്ളവരിൽ നിന്നു് അവരുടെ കഴിവനുസരിച്ച പ്രതിഫലം വാങ്ങി. ഇ ങ്ങിനെ നടത്തിവന്നതിനാൽ വൈദ്യശാലയേയും ആസ്പത്രി യേയും നഷ്ടം കൂടാതെ നിലനിൎത്തുവാൻ സാധിച്ചു; മദിരാശി യിലയച്ച വിററ മരുന്നുകൾവഴി ലഭിച്ച ലാഭം ലാഭമായും തീ ൎന്നു. എന്നാൽ ചന്ദ്രൻ ഈ ലാഭത്തെ സ്വകാൎയ്യലാഭമാക്കി സൂ ക്ഷിച്ചില്ല. തന്റെ കീഴിൽ പ്രവൃത്തിഎടുത്തവൎക്കു പ്രവൃത്തി ക്കനുസരിച്ച മാസ്സപ്പടി കൊടുക്കയും, ഏകനായി ജീവിതം നയി ച്ച തന്റെ ആവശ്യങ്ങൾക്കു മാത്രം വേണ്ടിവന്ന തുക എടു ക്കുകയും ചെയ്തു. ബാക്കി വന്നതിൽ അൎദ്ധഭാഗം പൊതുക്കാൎയ്യ സഹായത്തിന്നായും, ശേഷിച്ചതു് ആസ്പത്രിയുടെ അഭിവൃദ്ധി ക്കും വിനിയോഗിച്ചു. തൃത്താലിപ്പുരത്തു സ്ഥാപിച്ച ശാഖ ലാ ഭമോ നഷ്ടമോ കൂടാതെ നടന്നുപോകണമെന്നേ ചന്ദ്രന്നു് ഉ ദ്ദേശമുണ്ടായിരുന്നുള്ളു. ഇതു പിതൃവ്യന്റെ തീക്ഷ്ണമായ മേൽ നോട്ടവും ശ്രദ്ധയും നിമിത്തം സാധിക്കയും ചെയ്തു.

ഒരുനാൾ കരുണാകരക്കുറുപ്പ് പരിവട്ടത്തു് അമ്മായിയെ കാണ്മാൻ വന്നപ്പോൾ ഒരു പുതിയ വിശേഷവാൎത്ത അവ രോടു പറയുവാനുണ്ടായിരുന്നു.

ക. കു.— അമ്മായീ, ഞാനൊരു ധൎമ്മസങ്കടത്തിൽ പെട്ടിരിക്കു

ന്നു; ഇമ്പീരിയൽ ബാങ്കിൻെറ ബോംബേ ശാഖക്കാർ ഒരു നൂറുറുപ്പികയുടെ ചെക്ക് ഒരാഴ്ച മുമ്പ് എനിക്കയച്ചു തന്നിരിക്കുന്നു. അതയച്ച ആളിൻെറ കത്തു പിന്നാലെ വരുന്നുണ്ടെന്നും പറഞ്ഞിരുന്നു.

നാ. അ— (ആശ്ചര്യത്തോടെ) ബോംബെശാഖ! ഇപ്പോൾ ബോംബെയി.........

താൻ തുടങ്ങിയ വാചകം പൂർത്തിയാക്കാതെ അവർ പെട്ടെന്നു മൌനം പൂണ്ടതുകണ്ടു കുറുപ്പിന്നു് ആശ്ചര്യം തോന്നി. അദ്ദേഹം ഉൽക്കണ്ഠയോടെ ചോദിച്ചു. "ആളാരാണെന്നു് അമ്മായിക്കു് ഊഹിക്കാൻ കഴിഞ്ഞോ?"

നാ. അ—ഒരതെങ്ങിനെ? കത്തു കിട്ടിയില്ലേ? അതിൽനിന്നും മനസ്സിലാക്കാമായിരിക്കാം.

ക. കു—കത്തും കിട്ടി. അതിൽ ഒരു 'ക്ഷേമാശംസി' എന്നു മാത്രമേ എഴുതീട്ടുള്ളു.

നാ. അ—എന്താണു് കത്തിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ?

ക. കു—കത്തിൽ പ്രത്യേകിച്ചൊന്നും പറഞ്ഞിട്ടില്ല. സ്വകാര്യാവശ്യങ്ങൾക്കുപയോഗിക്കുവാൻ ഒരു ക്ഷേമാശംസി അയക്കുന്നതാണെന്നും, അതു സ്വീകരിക്കുന്നതിനാൽ അഭിമാനഭംഗം നേരിടുന്നതല്ലെന്നും, ഇക്കാര്യം ഗോപ്യമായി വെക്കണമെന്നും മാത്രം കാണിച്ചിട്ടുണ്ടു്. ഒപ്പും, പേരും, ഒന്നുമില്ല. അതും ബോംബെ ഇമ്പീരിയൽ ബാങ്കുകാർമുഖേന അയച്ചിരിക്കുന്നു.

നാ. അ—കൈയ്യക്ഷരം പരിചിതമായി തോന്നുന്നുണ്ടോ?

ക. കു—കത്തു് ഇംഗ്ലീഷിൽ ടൈപ്പുചെയ്തിരിക്കയാണു്.

നാ. അ—അങ്ങിനെയോ?

നാരായണിഅമ്മ പിന്നേയും കുറേനേരം മിണ്ടാതിരുന്നു. അവർ പലവിധചിന്തകൾക്കധീനയാണെന്നും, അവയെ മറയ്ക്കുവാൻവേണ്ടിയാണു് മൌനിയായിരിക്കുന്നതെന്നും കുറുപ്പിന്നു് ഊഹിക്കുവാൻ കഴിഞ്ഞു. അവരെ ഒരുവിധത്തിലും ശ

ല്ല്യപ്പെട്ടത്തരുതെന്നു കരുതി അദ്ദേഹവും കുറേ നേരത്തേക്ക് ഒന്നും സംസാരിച്ചില്ല. ഒടുവിൽ മൌനം ഭഞ്ജിച്ചതു നാരായണിഅമ്മതന്നെയായിരുന്നു.

നാ. അ—എന്താണിതിൽ ധമ്മസങ്കടം? സ്വകാര്യോപയോഗത്തിന്നാണെന്നു കത്തിൽ പ്രത്യേകിച്ചു പറഞ്ഞിട്ടുണ്ടല്ലോ.

ക. കു—ദാതാവാരാണെന്നറിയാതെ ഈ ദാനം ഞാൻ സ്വീകരിക്കുന്നതെങ്ങിനെ?

നാ. അ—ആരെങ്കിലുമാകട്ടെ, ക്ഷേമാശംസിയല്ലെ?

ക. കു—ഇത്രവലിയ ഒരു ദാനം സ്വീകരിക്കാൻ ഞാനെങ്ങിനെ അഹനായി? കുടുംബാവശ്യങ്ങൾക്കെന്നോ പൊതുകാര്യങ്ങൾക്കെന്നോ നിർദ്ദേശിച്ചിരുന്നു എങ്കിൽ തരക്കേടുണ്ടായിരുന്നില്ല. പലപ്രകാരത്തിൽ ആ സംഖ്യ ഉപയോഗിക്കാൻ വഴിയുണ്ട്.

നാ. അ—അഹനാണെന്നും, അത്യാവശ്യപ്പെടുന്നുണ്ടെന്നും അറിവുള്ളവർ ആരെങ്കിലും ആയിരിക്കാം അയച്ചുതന്നിരിക്കുന്നതു്.

ക. കു—എൻെറ അത്യാവശ്യങ്ങളും ബുദ്ധിമുട്ടുകളും പൂണ്ണമായി അറിയുന്നതു് അമ്മായി ഒരാൾ മാത്രം; അമ്മായിയിൽനിന്നോ ഈ വഴിക്കോ ആണ് ഇതു് ലഭിച്ചതെന്ന് അനുമാനിക്കുന്നതിൽ അബദ്ധമുണ്ടോ?

നാ. അ—എന്നിൽനിന്നോ? എന്നാൽ അതു ബോംബേവഴി ചുററിത്തിരിയണോ?

ദാതാവാരെന്നും, ഈ തുക കുറുപ്പിന്നയച്ചുകൊടുക്കാനുള്ള കാരണമെന്തെന്നും നാരായണിഅമ്മക്കു നിശ്ചയമുണ്ടല്ലോ; എന്നാൽ ഈ വസ്തുത വെളിപ്പെടുത്തുന്നതു് അവരുടെ വാഗ്ദത്തലംഘനത്തിന്നിടയാകും. കുറുപ്പിൻെറ മുഖത്തുനോക്കി സത്യം നിഷേധിക്കുവാനും അവക്ക് ധൈയ്യമുണ്ടായില്ല. അതിനാൽ ഭംഗിയായ വിധത്തിൽ ഒഴികഴിവുപറഞ്ഞു്, ചില കായ്യങ്ങൾ മറച്ചുവെച്ചിട്ടെങ്കിലും അയാളെ സമാധാനപ്പെടുത്തി ധമ്മസങ്കടത്തിൽനിന്നു രക്ഷിക്കുവാൻ തീച്ചപ്പെടുത്തി

അവർ പറഞ്ഞു: "മകനെ, നീ പലപ്രകാരത്തിൽ കഷ്ടതയിൽപ്പെട്ടുഴന്നവരെ സഹായിച്ചിട്ടുണ്ട്; അതിനൊന്നും പ്രതിഫലമിച്ഛിച്ചിട്ടില്ല. പക്ഷേ നിൻെറ ഇപ്പോഴത്തെ സ്ഥിതി ഞാൻ മാത്രമല്ലാ അറിയുന്നത്. സവ്വസാക്ഷിയായ ഒരു മഹച്ഛക്തിയും അതറികയില്ലേ? ആ ശക്തിയുടെ പ്രേരണയാൽ ഈ ദാനം വന്നുചേൎന്നു എന്നു സമാധാനപ്പെടണം. സമുദ്രത്തിൽനിന്നു പൊങ്ങിയുയരുന്ന ബാഷ്പകണങ്ങൾ വേറൊരു വഴി അതിലേയ്ക്കുതന്നെ എത്തിച്ചേരുന്നില്ലേ? അതുപോലെ കരുതു. ഈ തുക സ്വീകരിച്ചു സ്വന്തആവശ്യങ്ങൾക്കുപയോഗിക്കുവാൻ മടിക്കേണ്ട. മേലിലും ഇതുപോലുള്ള സഹായം ലഭിച്ചാൽ ആശ്ചയ്യപ്പെടാതെ കൈക്കൊൾകതന്നെ ചെയ്യണം."

ക. കു—അമ്മായി പറയുന്ന ഉപദേശങ്ങളെ ഞാൻ ഒരിക്കലും തെററിനടക്കാറില്ലല്ലൊ. ഇപ്പോഴും അതുപോലെ ചെയ്യാം. പക്ഷേ എൻെററ മനസ്സിൽ പലവിധസംശയങ്ങളും ജനിക്കുന്നു; അവയെ എങ്ങിനെ സമാധാനപ്പെടുത്തും?

നാ. അ—ഒരു കാലത്തു്, ഈശ്വരാനുഗ്രഹത്താൽ അവ നീങ്ങിക്കൊള്ളും; അതുവരെ ക്ഷമിച്ചിരിക്കു. ഇപ്പോൾ ഇതിലധികം പറവാൻ എനിക്കു സാധ്യമല്ല.

ഇത്രയുംകൊണ്ടു് കുറുപ്പിൻെറ സംശയങ്ങൾ ഏറെക്കുറെ നീങ്ങി. നാരായണിഅമ്മയ്ക്കു പുറത്തു പറഞ്ഞതിൽ കൂടുതൽ വിവരം അറിവുണ്ടെന്നു് അയാൾക്കു് അനുമാനിക്കുവാൻ കഴിഞ്ഞു. ഇനി തന്നെ ഇതേപ്പററി കൂടുതൽ പറവാൻ നിബ്ബന്ധിക്കരുതേ എന്ന അത്ഥത്തിലുള്ള അവരുടെ ഒടുവിലത്തെ വാക്കുകളും, അപേക്ഷാപൂവ്വമായ നോട്ടവും അയാളുടെ നാവു ബന്ധിച്ചു. സംസാരവിഷയം മാററി ഏറെത്താമസിയാതെ കുറുപ്പു് യാത്രപറഞ്ഞു പോകയുംചെയ്തു.

ചന്ദ്രിക ശ്രീനിവാസൻെറ അപേക്ഷയെ നിരസിച്ചതും അവിവാഹിതയായി ജീവിതം കഴിക്കുവാൻ തീച്ചപ്പെടുത്തിയിരിക്കുന്നു എന്നു പറഞ്ഞതും മററും കമലംമുഖേന നാരായണിഅമ്മ അറിവാനിടയായി. ഒരു ചെറുപുഞ്ചിരിയോടുകൂടെ

യാണ് അവർ ഈ വാർത്ത ശ്രവിച്ചത്. "അവരുടെ സമസൃഷ്ടങ്ങളായ അധഃകൃതരുടെ അവശതകളേയും സങ്കടങ്ങളേയും പരിഹരിക്കുന്നതിലുള്ള ഉദ്യമങ്ങളിൽ ഏർപ്പെട്ട്, അവരെ സ്നേഹിപ്പാനും സേവിപ്പാനും തങ്ങളുടെ ജീവിതത്തെ അർപ്പണം ചെയ്യേണമെന്നാണ് അവരുടെ പിതാവിൻെറ ആഗ്രഹമെന്ന് അവരെ അറിയിക്കണം" എന്ന് രാഘവക്കുറുപ്പിൻെറ ഗൂഢസന്ദേശത്തിൽ എഴുതിയിരുന്നതു നാരായണിഅമ്മ ഓർമ്മിച്ചു. പിതാവിൻെറ ഈ ആഗ്രഹത്തെപ്പററി അവർ മാതാവിൽനിന്നാകട്ടെ, മാതാമഹിയിൽനിന്നാകട്ടെ അറിവാനിടവന്നില്ലെങ്കിലും, വിയോഗം സംഭവിച്ച വിദൂരസ്ഥിതനായിത്തീർന്ന അദ്ദേഹത്തിൻെറ ഇച്ഛാശക്തി അവർക്ക് ആത്മപ്രേരണയായിത്തീർന്നിരിക്കണം. പിതൃശാസനം അവർ നിറവേററണമെന്നുള്ള മാതാവിൻെറ ആഗ്രഹവും, മാതാമഹിയുടെ പ്രാർത്ഥനാപൂർവ്വമായ അഭിവാഞ്ഛയും അവരെ വലയം ചെയ്തിരിക്കണം. ഇത്തരം അദൃശ്യശക്തികളുടെ പ്രവർത്തനവും, പരിതസ്ഥിതികളുടെ കാലോചിതമായ പരിവർത്തനവും, ആ സന്താനദ്വയത്തിൻെറ സമുദായസേവനത്തിന്നായുള്ള ജീവിതാർപ്പണത്തിന്നിടയാക്കിയതിൽ നാരായണിഅമ്മ സന്തോഷിക്കയും സംതൃപ്തി അടയുകയും ചെയ്തു.

ചന്ദ്രികാചന്ദ്രന്മാരുടെ ബ്രഹ്മചര്യവ്രതത്തെ അനുകരിക്കാൻ പരിവട്ടത്തു ചില യുവതീയുവാക്കന്മാർ തയ്യാറായി. കമലത്തിൻെറ വ്രതനിശ്ചയത്തിൽ ആർക്കും അത്ഭുതം ജനിച്ചില്ല. അവൾ പൌരുഷം തികഞ്ഞ ഒരു സ്ത്രീയായിരുന്നു; തൻെറ പൌരുഷത്തെ ഒരു പുരുഷപ്രേമത്തിനു ബലികഴിക്കയൊ, തൻെറ വ്യക്തിത്വത്തെ ഒരു പുരുഷപ്രേരണയ്ക്കു വിധേയമാക്കുകയൊ ചെയ്തിരുന്നെങ്കിൽ, അതു് അവളുടെ ബന്ധുമിത്രങ്ങൾക്ക് ആശ്ചര്യജനകമായിത്തീരുമായിരുന്നു. എന്നാൽ പരിവട്ടത്തെ മററുചില യുവതികളുടെ ബന്ധുമിത്രങ്ങൾ തങ്ങളുടെ പുത്രിമാരുടെ കന്യകാവ്രതോദ്യമത്തെ 'നന്ദിക്കാതേയും നിന്ദിക്കാതേയും' പുറമെ അലസഭാവം നടിച്ചുവെങ്കിലും, അവരുടെ

മനസ്സ് ഉൽക്കണ്ഠാസ്ഥിരയായിത്തീൎന്നു. ഇക്കൂട്ടത്തിൽ ഒരാളായ പ്ലാവറെ മീനാക്ഷിഅമ്മ നാരായണിഅമ്മയോട തന്റെ സങ്കടം തുറന്നു പറകതന്നെ ചെയ്തു. "ഏട്ടത്തി, എന്റെ സരോജത്തിന്റെ ഭാവിയെപ്പററി ചിന്തിച്ച ഞാൻ പലപ്പോഴും വ്യസനിക്കാറുണ്ട്. അവൾ ചന്ദ്രിയേയും കമലത്തേയുംപോലെ ബ്രഹ്മചൎയ്യം ദീക്ഷിക്കാൻ തുടങ്ങുമോ ആവൊ? വിവാഹത്തെപ്പററി എന്തെങ്കിലും അവളോട സംസാരിച്ചാൽ 'അമ്മ മിണ്ടാതിരിക്കു; വിവാഹം! വേറൊന്നും പറയാനില്ലേ അമ്മയ്ക്കു?' എന്നു പറഞ്ഞു പിന്തിരിഞ്ഞുപോകും. എന്റെ കാലം കഴിഞ്ഞാൽ അവളെ ആരാണ് സംരക്ഷിക്കുക? രാജനും ഗോപിയും ആ ഭാരം ഏല്ക്കുകയുണ്ടാവില്ല."

നാ. അ—സരോജം നാണം ജാസ്തിയുള്ള കൂട്ടത്തിലാണ്; അതുകൊണ്ടായിരിക്കണം വിവാഹകാൎയ്യം പറയുമ്പോൾ പിന്തിരിഞ്ഞോടുന്നതു്. വല്ല ആലോചനയും ഉണ്ടായിട്ടുണ്ടോ? എന്നാൽ ഞാനവളോട ചോദിക്കാം.

മീ. അ—ഇക്കാലത്തു് ഇങ്ങട്ടു വന്നാലോചിക്കുവാനാരാണ്? വല്ലവരേയും അന്വേഷിച്ചുപിടിക്കണം; അതിന്നാരാണെനിക്കുള്ളതു്? ഇന്നാളൊരിക്കൽ ഞാൻ രാജനോട് ഇതിനെപ്പററി പറഞ്ഞപ്പോൾ, 'അങ്ങാടിയിൽ കിട്ടുമെങ്കിൽ ഒന്നിനെ വാങ്ങാമായിരുന്നു', എന്നു പറഞ്ഞു് അവൻ കളിയാക്കി.

നാ. അ—സരോജത്തിനു പതിനെട്ടു വയസ്സു കഴിഞ്ഞതല്ലേ ഉള്ളു, ഇത്ര തിരക്കു കൂട്ടാനെന്താ? അവൾ നല്ല സൌഭാഗ്യമുള്ള കുട്ടി; ആരെങ്കിലും ആവശ്യപ്പെടും.

മീ. അ—നമ്മളൊക്കെ വയസ്സായി കുഴിക്കു കാലുംനീട്ടി ഇരിക്കുന്നു. നേരത്തെ വല്ലതും ചെയ്തുവെച്ചാൽ കുട്ടിക്കു നാഥനായി. എന്റെ തറവാട്ടിൽനിന്നു് ഒരു സഹായവും കിട്ടുമെന്നാശിക്കാനുമില്ല.

നാ. അ—മീനാക്ഷീ, നീ കുഴിക്കു കാലുനീട്ടാറും മററും ആയിട്ടില്ല. നിന്റെ തറവാടും എന്റെ തറവാടും ഒന്നുതന്നെ.

ഞാൻ പോയാലും എൻെറ കുട്ടികളില്ലേ? പിന്നെ ഭാവിയെപ്പററി ചിന്തിച്ച് നീ ഇപ്പോഴേ ക്ലേശിക്കുന്നതെന്തിന്?

മീ. അ—ആ കുട്ടികളുടെ പ്രേരണ സരോജത്തേയും അവരുടെ സംഘത്തിൽ കൂട്ടാനാണെങ്കിലോ?

നാ. അ—നീ കുണ്ഠിതപ്പെടേണ്ടാ, ഞാൻ കരുണാകരനോട് ആലോചിക്കട്ടെ. പ്ലാവറെയുമായുള്ള ബന്ധം മേലിലും തുടന്നുപോകണമെന്നാണ് മംഗലത്തുകാരുടെ ആഗ്രഹം. സരോജം പ്ലാവറത്തെ സന്തതിതന്നെയാണല്ലോ.

ഈ സമയത്തു കമലവും ചന്ദ്രികയും അവിടെ വന്നുകയറി. ഏടത്തിഅമ്മമാർ രണ്ടാളും എന്തൊ ഗൌരവസംഭാഷണത്തിൽ ഏർപ്പെട്ടിരിക്കുന്നു എന്നു കണ്ടു ചന്ദ്രി പറഞ്ഞു.

"അമ്മായിയും വല്യമ്മയും എന്തൊ ഗൂഢാലോചനയിൽ മുഴുകിയിരിക്കുന്നു എന്നു തോന്നുന്നു."

ക—അവക്കു പല രഹസ്യങ്ങളും സംസാരിപ്പാനുണ്ടാകും.

ച—എന്നാൽ നമുക്കു പോയ്ക്കളയാം.

മീ. അ—ഞങ്ങൾ രഹസ്യമൊന്നും പറകയല്ലാ ചന്ദ്രി, നിങ്ങൾ പോകേണ്ടാ.

നാ. അ—ഞങ്ങൾ സരോജത്തിൻെറ വിവാഹകാൎയ്യത്തെപ്പററി സംസാരിക്കയായിരുന്നു. അവളെ മംഗലത്തു പുടമുറി കഴിച്ചു കൊടുത്താലോ?

ക—നന്ന്, നന്ന്, വല്യമ്മേ! അവിടെ ദിവാകരക്കുറുപ്പുണ്ടല്ലോ, സരോജത്തിനു യോജിച്ച ആൾ!

ച—വല്യമ്മ ഇളയച്ഛനോടു ചോദിച്ചാൽ അദ്ദേഹം വേണ്ടപ്പെട്ട ആലോചന ചെയ്തുകൊള്ളും. പുറമേ രണ്ടാൾക്കും നല്ല ചേൎച്ചയുണ്ട്, മനസ്സും യോജിച്ചാൽ—

നാ അ—അങ്ങിനെയായാൽ നിനക്കു തൃപ്തിയാകുമോ മീനാക്ഷി?

മീ. അ—തൃപ്തിയോ ഏട്ത്തി? ഏട്ത്തിയുടെ അനുഗ്രഹത്താൽ അതു സാധിച്ചാൽ വലിയൊരു സുകൃതമായേനേ!

എനിക്കു ജീവിതത്തിൽ പിന്നെ യാതൊരാഗ്രഹങ്ങളും ബാക്കിയുണ്ടാവില്ല.

കമലം—അതു കളവല്ലെ അമ്മായി? സരോജത്തിന്നൊരു കുട്ടിയുണ്ടായി അതിനെ മടിയിലെടുത്തുവെച്ചു ലാളിക്കണമെന്നാശയുണ്ടാവില്ലേ? രാജനും ഗോപിയും വിവാഹം കഴിച്ചു രണ്ടു മരുമക്കളെ വീട്ടിൽ കൊണ്ടുവന്നു് അവരുടെ അമ്മായി ചമഞ്ഞിരിക്കണമെന്നില്ലേ?

മീ. അ—സരോജത്തിൻെറ വിവാഹം കഴിഞ്ഞാൽ എൻെറ മനസ്സു് സമാധാനമാകും. മററു കാൎയ്യങ്ങളെപ്പററി എനിക്കു യാതൊരുൽക്കണ്ഠയുമില്ല. അവ ഈശ്വരകല്പിതംപോലെ വരട്ടെ!

നാ. അ—ചന്ദ്രി, സരോജം നിൻെറ കന്യകാസ്ത്രീസംഘത്തിൽ ചേരുമോ എന്നാണു് അമ്മായിക്കു ഭയം.

ച—അങ്ങിനെ ഒരു സംഘമുണ്ടോ ഇവിടെ? ഞങ്ങൾ എതാനുംപേർ അവിവാഹിതകളായിരിക്കാൻ തീൎച്ചപ്പെടുത്തിയതുകൊണ്ടു് ഒരു സംഘം സ്ഥാപിച്ചുവെന്നോ!

മീ. അ—പരിവട്ടത്തു് എത്ര വീട്ടിൽ നിൻെറ സഖികൾ വിവാഹം വേണ്ടെന്നുറച്ചിരിക്കുന്നു! അതു കണ്ടു് ചിലർ അങ്ങിനെ വിചാരിക്കുന്നുണ്ടു്.

കമലം—ചിലൎക്കു തരത്തിനുള്ള ആൾ വന്നുചേൎന്നിട്ടില്ല; ചിലൎക്കു കുറേക്കഴിഞ്ഞുമതി വിവാഹം, എന്നൊക്കെയാണു്. ഇങ്ങിനെ പല കാരണങ്ങളാൽ എതാനും പേർ വിവാഹം കഴിയാതിരിക്കുന്നു എന്നുവെച്ചു്, ഞങ്ങൾ ഒരു സംഘം സ്ഥാപിച്ചു എന്നായോ?

മീ. അ—സംഘം എന്നു പേരു പറഞ്ഞൊന്നില്ലെങ്കിൽക്കൂടെ എന്തു്? നിങ്ങളെപ്പോലെയുള്ള ചിലരുടെ ദൃഷ്ടാന്തംതന്നെ മതിയല്ലോ, അതു പിന്തുടരാൻ ധാരാളം ആളുണ്ടാവാം.

ച—ഞങ്ങൾ സംഘം സ്ഥാപിക്കാനും, ഇക്കാൎയ്യത്തിൽ പ്രചരണംവേല ചെയ്യാനും ഒന്നും ഭാവിച്ചിട്ടില്ല; പക്ഷേ ഞങ്ങളുടെ ദൃഷ്ടാന്തം മററുള്ളവർ പകൎത്താൽ അതിൽ ഞങ്ങൾ സ

ന്തോഷിക്കയേ ഉള്ളു. നമ്മുടെ ഗ്രാമത്തിന്നൊരു ഭാഗ്യമാകും. ഒരൊററ ആളെയെങ്കിലും ഞങ്ങൾ മററു വിധത്തിൽ പ്രേരിപ്പിക്കാൻ തുനിയുകയില്ല.

മീ. അ—ശ്രീനിവാസന്റെ കാൎയ്യമോ ചന്ദ്രീ? കൊല്ലം മൂന്നു കഴിഞ്ഞില്ലേ? ഇനിയും അവൻ ഏകനായിട്ടല്ലേ കഴിയുന്നതു്?

ച—ഏകനായിരിക്കാൻ ഞാൻ പ്രേരിപ്പിച്ചിട്ടില്ലല്ലോ. ഞാൻ വാസുവേട്ടനെ വിവാഹം ചെയ്യാൻ തയ്യാറില്ലെന്നല്ലേ പറഞ്ഞുള്ളു. നമ്മുടെ നാട്ടിൽ വേറെ സ്ത്രീകളില്ലെന്നോ?

നാ. അ—ആ വിദ്വാനിപ്പോൾ എവിടെയാണു്? നിനക്കു കത്തു വരാറില്ലേ കമലം?

ക—ഇപ്പോൾ കുന്താപ്പൂരു പോസ്റ്റ്മാസ്റ്ററാണു്; എനിക്കു മറക്കു കത്തു കിട്ടാറുണ്ടു്. ആപ്പീസ് പണി കഴിഞ്ഞു വീട്ടിൽ വന്നു തനിയെ ഇരുന്നു മുഷിയുന്നു എന്നും മററും ആദ്യം എഴുതിയിരുന്നു. വിവാഹം കഴിച്ചു സുഖമായിരിക്കാൻ ഞാനുപദേശിച്ചു.

മീ. അ—എന്നിട്ടോ?

ക—ആ വിചാരം താൻ എന്നേക്കുമായി വിട്ടുകഴിഞ്ഞുവത്രേ! ഇപ്പോൾ ഹിന്ദി പഠിക്കുന്നു. അവിടെ ഒരു വയോജനവിദ്യാഭ്യാസക്ലാസു നടത്തുന്നതിലും താൻ സഹായിക്കാൻ തുടങ്ങീട്ടുണ്ടു്.

നാ. അ—അതു കൎണ്ണാടകജില്ലയിൽപ്പെട്ട സ്ഥലമല്ലേ? അവന്നു കൎണ്ണാടകം വശമുണ്ടോ?

ക—അല്ലാല്ലും; ഈ ക്ലാസ്സെടുക്കുന്നതുകൊണ്ടു തനിക്കും കൎണ്ണാടകം വേഗം പഠിക്കാൻ സഹായമായി എന്നു് ഈയിടെ എഴുതിയിരുന്നു.

ച—സൎക്കാർസേവനത്തിലിരുന്നാലും പൊതുജനസേവ ചെയ്യാൻ സാധിക്കും. വാസുവേട്ടൻ മററുള്ളവൎക്കും ഒരു ദൃഷ്ടാന്തമാകട്ടെ!

ക—സക്കാർ ഉദ്യോഗസ്ഥന്മാർ എത്രയോ ആളുകൾ എത്ര കാലമായി ഇത്തരം പ്രവൃത്തികൾ ചെയ്യുന്നു; വാസുവേട്ടൻ പ്രഥമദൃഷ്ടാന്തവും മററുമല്ല.

ച—ഇക്കാര്യത്തിൽ പ്രഥമദൃഷ്ടാന്തമല്ല, പക്ഷേ—

മീ. അ—വാചകം ഞാൻ മുഴുവനാക്കാം ചന്ദ്രി! വിവാഹം ചെയ്യാനിച്ഛിച്ചിരുന്ന കരാൾ അതു വേണ്ടെന്നുവെച്ചു പൊതുസേവനത്തിനു തൻെറ കഴിവുസമയവും കഴിഞ്ഞ ഹൃദയവും അൎപ്പിച്ചതിൽ ശ്രീനിവാസൻ പ്രഥമദൃഷ്ടാന്തമായിരിക്കാം.

ക—അമ്മായിയുടെ അറിവിൽ ഇക്കാര്യത്തിൽ വാസുവേട്ടൻ പ്രഥമദൃഷ്ടാന്തമായിരിക്കാം. ഇതുപോലെ എത്ര ആളുകൾ വിസ്തൃതലോകത്തിൽ ഉണ്ട്. ഇച്ഛാഭംഗങ്ങൾ തല്ക്കാലം ഹൃദയത്തെ വേദനപ്പെടുത്തിയാലും അവയിൽനിന്നൊഴിവാൻ ജനങ്ങൾ പ്രവൃത്തിനിരതരാകുന്നു. അനേകം ഉദാഹരണങ്ങൾ ഞാൻ പുസ്തകങ്ങളിൽ വായിച്ചിട്ടുണ്ട്. അവയൊക്കെ കെട്ടുകഥകളും മററുമല്ല.

മീ. അ—വെളിയിൽ ആരുടേയോ ശബ്ദം കേൾക്കുന്നല്ലോ. നമ്മുടെ സഭ പിരിക്കുമോ?

ചന്ദ്രി—ചന്ദ്രൻെറ മൂളിപ്പാട്ടല്ലേ അത്? ചന്ദ്രാ, ചന്ദ്രാ, ഞങ്ങൾ വല്യമ്മയുടെ അരികത്തുണ്ട്; ഇങ്ങട്ടു വരു.

ചന്ദ്രൻ മൂളിപ്പാട്ടു നിൎത്താതെ അകത്തു കടന്ന് മന്ദഹാസത്തോടെ ആ രംഗത്തെ നോക്കിപ്പറഞ്ഞു. "ഓ, ഇവിടെ ഒരു ഗൂഢയോഗം നടക്കുന്നപോലെ തോന്നുന്നുവല്ലോ; എനിക്കും അതിൽ പങ്കുകൊള്ളാൻ അനുവാദം തരുമോ?"

ക—നിശ്ചയമായും; ചന്ദ്രനില്ലാതെ ചന്ദ്രികയ്ക്കു പ്രഭ കുറയുന്നു; വരു. ഞങ്ങൾ വാസുവേട്ടനെപ്പററി സംസാരിക്കുകയായിരുന്നു. ആ മൂപ്പർ ഇപ്പോൾ ഉദ്യോഗത്തിനും പുറമേ പൊതുജനോപകാരപ്രദമായ ചില ഉദ്യമങ്ങളിൽ ഏൎപ്പെട്ടിരിക്കുന്നു. ചന്ദ്രൻ കേട്ടുവോ?

ച—കേട്ടു. എനിക്ക് അയാളുടെ കത്തുണ്ടായിരുന്നു. ബ്രഹ്മചൎയ്യം ദീക്ഷിക്കുവാൻ ഉറച്ചിരിക്കുന്നു എന്നാണ് പറഞ്ഞിരിക്കുന്നത്.

നാ. അ—ശിന്നനിൽ ഈ പരിവൎത്തനം ഉണ്ടായത് അത്ഭുതം തന്നെ; ഒരു വിടൻെറ നിലയാണ് അന്നിവിടെ വന്നപ്പോൾ അവനിൽ കണ്ടത്.

മീ. അ—അതാണ് ചന്ദ്രികയുടെ പ്രേരണാശക്തി എന്നു ഞാൻ പറഞ്ഞത്.

ചന്ദ്രൻ—ചന്ദ്രിയുടെ നേരിട്ടുള്ള പ്രേരണയല്ല; അവളോട് അയാൾക്കുണ്ടായിരുന്ന പരിശുദ്ധപ്രേമത്തിൻെറ പരിവൎത്തനമെന്നു പറയരുതോ?

മീ. അ—സാധുക്കുട്ടി! അവൻ ഒരഗ്നിപരീക്ഷയ്ക്കുതന്നെ വിധേയനായിത്തീൎന്നിരിക്കണം. അതല്ല, ആ പ്രേമവും ഇങ്ങിനെ പരിശുദ്ധമായി തീൎന്നത്. മനുഷ്യൎക്കു മറവി എന്ന ഒരു കാൎയ്യം പ്രകൃതി നൽകിയിരിക്കുന്നത് ഒരനുഗ്രഹംതന്നെ. അല്ലെങ്കിൽ നമുക്കുണ്ടാകുന്ന ദുഃഖങ്ങളും ഇച്ഛാഭംഗങ്ങളും സഹിച്ചുകൊണ്ടു ജീവിതം നീട്ടിക്കൊണ്ടുപോകാൻ സാധിക്കുന്നതാണോ?

ചന്ദ്രൻ—മറവി എന്നൊരു ശക്തി ഉണ്ടോ എന്ന് എനിക്കു സംശയമുണ്ട്. ജീവിതരണം അനവരതം നടന്നുകൊണ്ടിരിക്കുന്നു. അതിൻെറ സമ്മൎദ്ദംകൊണ്ടു ചില കാൎയ്യങ്ങൾ ഹൃദയത്തിനുള്ളിൽ ചില കാലം അമൎന്നിരിക്കുന്നു. അല്ലാതെ അവയെ എന്നെന്നേയ്ക്കുമായി മനസ്സിൽനിന്നു ബഹിഷ്കരിക്കുവാൻ—അതായത് തീരെ മറക്കുവാൻ സാധിക്കുന്നതാണോ?

നാ. അ—എൻെറ അഭിപ്രായവും, അനുഭവവും അതുതന്നെ. നമ്മുടെ ഖേദങ്ങളേയും ഹൃദയവേദനകളേയും മറക്കുവാൻ സാധിക്കില്ല; മറയ്ക്കുവാൻ സാധിക്കും. കാലക്രമംകൊണ്ട് അവയുടെ തീവ്രത കുറയുന്നു എന്നു പറയുന്നതുതന്നെ വാ

സ്സവത്തിൽ ശരിയല്ല. നമ്മുടെ നാവിന്നു രുചിക്കാത്ത ചില സാധനങ്ങൾ നിത്യപരിചയംകൊണ്ടു രുചികരങ്ങളല്ലെങ്കിലും അഹിതങ്ങളല്ലാതായിത്തീരുന്നില്ലേ? അതുപോലെ ദുഃഖങ്ങളും സഹിക്കത്തക്കവയായിത്തീരുന്നു.

മീ. അ—കഠിനമായ ദുഃഖങ്ങളും കഷ്ടങ്ങളും നമ്മുടെ ജീവിതത്തിൽ ചില പരിവത്തനങ്ങളുണ്ടാക്കാൻ ഇടയാക്കുന്നു. അതുകൊണ്ട് അവയെ പ്രകൃതിദത്തങ്ങളായ പ്രച്ഛന്നാനുഗ്രഹങ്ങളായിക്കരുതാം.

കമലം—പരിവത്തനങ്ങൾ ഉണ്ടാകുന്നതു ശരി. പക്ഷേ ചിലപ്പോൾ ഈ പരിവത്തനങ്ങൾ ഗുണകരങ്ങളും, ചിലപ്പോൾ ദോഷഫലത്തെ ഉണ്ടാക്കുന്നവയുമായിത്തീരുന്നു. ചിലയാളുകൾ മദ്യപന്മാരായിത്തീന്നതു് അവക്കു നേരിട്ട ചില കഷ്ടനഷ്ടങ്ങളെ മറക്കുവാനായി ചെയ്ത ശ്രമത്തിന്റെ ഫലമാണു്.

ചന്ദ്രിക—മറക്കുവാൻ ശ്രമിച്ചതാണു് അവിടെ തെറ്റു്. മനസ്സിൽ സദ്‌വിചാരങ്ങൾ നിറച്ചു്, എപ്പോഴും സൽപ്രവൃത്തികളിൽ ഏപ്പെട്ടിരിക്കുവാനായിരുന്നു ശ്രമിക്കേണ്ടിയിരുന്നതു്. വാസുവേട്ടൻ ഇപ്രകാരമാണു് ചെയ്തതു്. അദ്ദേഹത്തിനു് ആദ്യകാലത്തു് എന്നോടു തോന്നിയിരുന്ന കോപവും പരിഭവവുമൊക്കെ ഇപ്പോൾ തീരെ മാറിയെന്നും എന്റെ നേക്കു സൌഹാദ്ദവും സഹോദരസ്നേഹവുമാണുണ്ടായിരിക്കുന്നതെന്നും എന്നെ അറിയിച്ചിരിക്കുന്നു.

നാ. അ—ഈ ലോകത്തിൽ ദുഃഖങ്ങളും നഷ്ടങ്ങളും കൂടാതെ കഴിക്കുവാൻ ആക്കാണു് കഴിയുന്നതു്? നമ്മുടെ എല്ലാ ആഗ്രഹങ്ങളും അഭീഷ്ടങ്ങളും സാധിച്ചു എന്നു വരുന്നതല്ല. സങ്കടങ്ങളും ഇച്ഛാഭംഗങ്ങളും നേരിടുമ്പോൾ അവയെ നമ്മുടെ കമ്മഫലമാണെന്നോത്തു സഹിക്കാൻ ശ്രമിക്കണം. നമ്മുടെ ഖേദങ്ങളേയും വേദനകളേയും ഹൃദയത്തിന്റെ അഗാധ അറകളിൽ നിക്ഷേപിച്ചു്, ക്ഷമയും ധൈയ്യവുമാ

ക്കുന്ന ആവരണികകൊണ്ടു മറച്ചുവെക്കണം. എന്നാൽ മനശ്ശാന്തി ലഭിക്കും.

ഈ ഒടുവിലത്തെ വാക്കുകൾ ഉച്ചരിച്ചശേഷം നാരായണിഅമ്മ ദീൎഘമൌനമവലംബിച്ചു. അവരുടെ മുഖത്തു് അവർ പറഞ്ഞ മാതിരിയിലുള്ള ശാന്തിയാണു് സ്പഷ്ടമായിക്കണ്ടതു്. അവർ തന്റെ ഭൂതകാലസ്മരണകളെ പ്രത്യാഹ്വാനംചെയ്തുവെങ്കിലും യാതൊരു ചാപല്യലക്ഷണങ്ങളും പ്രദൎശിപ്പിച്ചില്ല. ആ കുടുംബസഭയിലും ശാന്തിമയമായ ഒരന്തരീക്ഷം ഉളവായി. സഭാംഗങ്ങൾ, ഒരു പരിശുദ്ധസന്നിധാനത്തിൽനിന്നു പിരിഞ്ഞുപോകുന്നപോലെ പരിപാവനവിചാരങ്ങളോടുകൂടെ നിശ്ശബ്ദരായി പുറത്തുപോന്നു.

*　　*　　*　　*

നാരായണിഅമ്മയുടെ ജീവിതസരിത്തു് അതിന്റെ അവസാനഘട്ടത്തെ പ്രാപിച്ചിരിക്കുന്നു. തന്റെ മൂലസ്ഥാനമായ ഗംഭീരസാഗരത്തോടടുക്കുംതോറും അതിന്റെ ഗതി പ്രശാന്തവും പ്രതിബന്ധരഹിതവുമായിത്തീൎന്നു. അവരുടെ മനസ്സ് ആ പരമപദമണയുവാൻ ആശിക്കയും, അവരുടെ അന്തൎന്നേത്രങ്ങൾ ആ പരാശക്തിയുടെ നേൎക്കു തിരിയുകയും ചെയ്തുവെങ്കിലും, അവരുടെ പാദങ്ങൾ ഭൂസ്പൎശം ചെയ്തുകൊണ്ടുതന്നെ ഇരിക്കുന്നു എന്ന വസ്തുത അവർ വിസ്മരിച്ചിട്ടില്ല. ഇപ്പോഴും സമീപവൎത്തികളിൽ തന്റെ അകൃത്രിമപ്രതിഭയെ പ്രതിഫലിപ്പിക്കതന്നെ ചെയ്യുന്നു.

*　　*　　*　　*

നാരായണിഅമ്മയുടെ ജീവിതപ്രതിഭ അത്യധികം ഫലപ്രദമായി പതിച്ചതു സഹോദരഭാൎയ്യയായ മീനാക്ഷിഅമ്മയിൽ ആയിരുന്നു. അവരുടെ പ്രേരണാശക്തിക്കു വഴങ്ങുന്നതിനുമുൻപു് മീനാക്ഷിഅമ്മ ഒരു 'ഗേഹബാധ'യായിരുന്നു. അവരുടെ ജീവിതം സ്വാൎത്ഥപരവും ശുഷ്കവും ആയിരുന്നു. തന്റെ സൽപ്രേരണയാൽ നേർവഴിക്കു തിരിച്ചു് ഒരു മാതൃകാ

ഗൃഹിണിയാക്കിത്തീൎത്ത ആ പ്രിയശിഷ്യയെ നാരായണിഅമ്മ ഇന്നും സഹോദരീനിൎവ്വിശേഷം സ്നേഹിക്കുന്നു. അവരുടെ ഏകപുത്രിയായ സരോജത്തെ പരിണീതയാക്കിത്തീൎത്ത് അവരെ സംതൃപ്തയാക്കേണമെന്നുള്ള തന്റെ ആഗ്രഹം നാരായണിഅമ്മ കരുണാകരക്കുറുപ്പിനെ അറിയിക്കുവാൻ മടിച്ചില്ല; ആ ആഗ്രഹത്തെ നിറവേററിക്കൊടുപ്പാൻ കുറുപ്പിനും പ്രയാസമുണ്ടായില്ല. തന്റെ കനിഷ്ഠസഹോദരനായ ദിവാകരനെക്കൊണ്ടു സരോജത്തിനെ വിവാഹം കഴിപ്പിച്ചു; ഇങ്ങിനെ മംഗലത്താരംഭിച്ച കഥ മംഗലത്തിൽതന്നെ അവസാനിച്ചു.

DC Library
*00001328*
T63.1 K13

T631
K13